# പട്ടാമ്പി ഗ്രാമപഞ്ചായത്ത്

# വികസന രേഖ - 1996

പട്ടാമ്പി ഗ്രാമപഞ്ചായത്ത്



99-6

# എന്റെ ജീവിതമാണ് എന്റെ സന്ദേശം





ഒഴിവുകഴിവുകളിൽ എനിക്ക് താല്പര്യമില്ല. കാര്യങ്ങൾ
ചെയ്തുകാണുന്നതാണ് എനിക്കിഷ്ടം

# മുൻ കാല സാരഥികൾ



ശ്രീ. കെ. എസ്. പരമേശ്വര
അയ്യർ



ശ്രീ. മോഴിക്കുന്നത്ത്
ബ്രഹ്മദത്തൻ നമ്പൂതിരി



ജഃ കെ. പി. തങ്ങൾ



ശ്രീ. ഇ. ആർ. ഗോപാല
മേനോൻ



ശ്രീ. പട്ടത്ത് കൃഷ്ണൻകുട്ടി
നായർ



കെ. ഇ. തങ്ങൾ



ശ്രീ. പി. കെ. വാരിജാക്ഷൻ



ശ്രീമതി. കെ. പി. ജമീല

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ : കെ. ഇ. തങ്ങൾ

സബ് എഡിറ്റർ : പി. സുബ്രഹ്മണ്യൻ

അംഗങ്ങൾ

കെ. വി. ജബ്ബാർ

റ്റി. പി. ഉസ്മാൻ

കെ. പി. നാരായണൻ നായർ

എ. പി. രവീന്ദ്രൻ

കെ. റ്റി. മുഹമ്മത് (മാനു)

റ്റി. പി. കണ്ണപ്പിഷാരോടി

എം. ബി. അജിത് കുമാർ

ഫോട്ടോഗ്രാഫി : മുരളി പട്ടാമ്പി

പ്രിൻറിംഗ് : ബിസ്മി ഓഫ്സെറ്റ് പട്ടാമ്പി

## ജില്ലാതല വിദഗ്ധസമിതി



Dr. കെ. എം. ഇസ്മയിൽ
കൺവീനർ,
റിട്ട. ഡെപ്യൂട്ടി ഡയറക്ടർ,
മൃഗസംരക്ഷണം



എം. വി. ഭാസ്കരവാരിയർ
റിട്ട. പ്രമറി പ്രധാനാധ്യാപകൻ



കെ. ആർ. അനന്തകൃഷ്ണൻ
ഹൈസ്കൂൾ അസിസ്റ്റൻറ്
പട്ടാമ്പി

പി. മുഹമ്മദ് മാസ്റ്റർ
റിട്ട. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ

Prof: വിജയരാജ്
ഗവ: സംസ്കൃത കോളേജ്
പട്ടാമ്പി.

# തിരിഞ്ഞു നോക്കുമ്പോൾ

## 1953 - 1996

**1953 - 1962**

കെ.പി.തങ്ങൾ,
പ്രസിഡണ്ട്.

കെ.എസ്.സുബ്രഹ്മണ്യയ്യർ,
വൈസ് പ്രസിഡണ്ട്.

എം.ഇ. അബ്ദുള്ള ഹാജി.
കെ.എ. സുബ്രഹ്മണ്യയ്യർ.
കെ.പി. അസ്സൈനാർ വൈദ്യർ.
കെ.പി. മാടമ്പി
പി. ബാലകൃഷ്ണൻ നായർ.
എ.ടി. കുട്ടികൃഷ്ണൻ നായർ.

**1964 - 1979**

ഇ.ആർ. ഗോപാലമേനോൻ,
പ്രസിഡണ്ട്.

പി മാധവമേനോൻ,
വൈസ് പ്രസിഡണ്ട്.
കെ.പി. അസ്സൈനാർ വൈദ്യർ.
കെ.പി. തങ്ങൾ.
കെ.പി. അബ്ദുള്ളക്കുട്ടി ഹാജി.
എം. കോത.
വി.പി. രാമദാസമേനോൻ.
എ. കല്ല്യാണിയമ്മ

**1979 - 1984**

പി. കൃഷ്ണൻകുട്ടി നായർ,
പ്രസിഡണ്ട്.

വി.പി. രാമദാസമേനോൻ,
വൈസ് പ്രസിഡണ്ട്.

കെ. പ്രഭാകരൻ എന്ന ശങ്കുണ്ണി.
കെ. മാലതി.
ടി.പി. മുഹമ്മദ് കുട്ടി
സി.എ.എം.എ. കരീം
സി. രാജൻ
പി.കെ. വാരിജാക്ഷൻ

**1988 - 1990**

കെ.ഇ.തങ്ങൾ,
പ്രസിഡണ്ട്.

പി.കെ. വിജയലക്ഷ്മി
വൈസ് പ്രസിഡണ്ട്.

പി.കെ. വാരിജാക്ഷൻ.
എം.വി. ഭാസ്കരവാരിയർ.
കെ.എസ്.ബി.എ. തങ്ങൾ
വി. കുഞ്ഞൻ
കെ.പി. ജമീല
കെ.എസ്. നാരായണൻ
കെ. അലി

**1990 - 1995**

പി.കെ. വാരിജാക്ഷൻ,
പ്രസിഡണ്ട്.

എം.വി. ഭാസ്കര വാരിയർ,
വൈസ് പ്രസിഡണ്ട്.

കെ.ഇ. തങ്ങൾ.
പി.കെ. വിജയലക്ഷ്മി.
കെ.എസ്.ബി.എ. തങ്ങൾ.
കെ.എസ്. നാരായണൻ.
കെ. അലി.
കെ.പി. ജമീല.

**5.10.1995 - 29.3.1996**

കെ.പി. ജമീല - പ്രസിഡണ്ട്

## പട്ടാമ്പി ഗ്രാമപഞ്ചായത്ത്

# ഭരണ സമിതി



വി. സേതുമാധവൻ
വൈസ് പ്രസിഡൻറ്



കെ. എസ്. ബി. എ. തങ്ങൾ
പ്രസിഡൻറ്



സി. എ. എം. എ. കരീം
സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ



കെ. ഇ. തങ്ങൾ
വാർഡ് 4



കെ. പി. ജമീല
വാർഡ് 5



ഇ. റ്റി. ഉമ്മർ
വാർഡ് 8



അഡ്വ : കെ. എം. ആര്യ
വാർഡ് 3



പി. സുബ്രഹ്മണ്യൻ
വാർഡ് 2



എ. വി. ജാനകി
വാർഡ് 7



പി. പി. പ്രേമവതി
വാർഡ് 9

# അണിയറ ശിൽപ്പികൾ

1. കൃഷി ജലസേചനം

വി. സേതുമാധവൻ - ചെയർമാൻ
കെ.ടി. മുഹമ്മദ് എന്ന മാനു - കൺവീനർ
വി.പി.രാമചന്ദ്രൻ
പി.കെ. കരുണാകരൻ
ടി.പി. കണ്ണപ്പിഷാരോടി

2. മൃഗസംരക്ഷണം, മത്സ്യബന്ധനം

പി.പി. പ്രേമാവതി - ചെയർപേഴ്സൻ
കെ.പി. നാരായണൻ നായർ - കൺവീനർ
വി. കുഞ്ഞികൃഷ്ണൻ
പി. മുഹമ്മദ് കുട്ടി
കെ.പി. മുഹമ്മദാലി

3. വിദ്യാഭ്യാസം

ഇ.ടി. ഉമ്മർ - ചെയർമാൻ
എ.പി. രവീന്ദ്രൻ - കൺവീനർ
എം. അപ്പു
പി.കെ. മീനാക്ഷിക്കുട്ടി
എസ്. ജയകുമാരി

4. വ്യവസായം

സി.എ.എം.എ. കരീം - ചെയർമാൻ
എ.എൻ. ഗോപാലനാചാരി - കൺവീനർ
കെ.ഭാസ്കരൻ നായർ
എം.പി. വിപിനൻ
എ.കെ. അക്ബർ

5. ഊർജ്ജം, ഗതാഗതം, മാർക്കറ്റ്, വാർത്താവിനിമയം

പി. സുബ്രഹ്മണ്യൻ - ചെയർമാൻ
ടി.പി. ഉസ്മാൻ - കൺവീനർ
കെ.പി. വേണുഗോപാലൻ
പി.കെ. അലി
എം.കെ. രാധ
എൻ. അഹമ്മദ് കുഞ്ഞി

6. പാർപ്പിടം, സാമൂഹ്യക്ഷേമം

എ.വി. ജാനകി - ചെയർ പേഴ്സൺ
കെ.പി. കരുണാകരക്കുറുപ്പ് - കൺവീനർ
സി. ജയരാജൻ
എം.കെ. മുഹമ്മദ് കുട്ടി
കെ.ആർ. നാരായണ സ്വാമി

7. ആരോഗ്യം, കുടിവെള്ളം, ശുചിത്വം

കെ.പി. ജമീല - ചെയർ പേഴ്സൺ
ഡോ. കെ.പി. മുഹമ്മദ് കുട്ടി - കൺവീനർ
പി. സൈതലവി
കെ.എസ്. മുരളി
എ. ദിനേഷ്

8. സംസ്കാരം, കായികരംഗം, വിനോദസഞ്ചാരം

കെ.ഇ. തങ്ങൾ - ചെയർമാൻ
എ. അബ്ദുൾ ജലീൽ - കൺവീനർ
വി. കുഞ്ഞൻ
എ. അഷ്റഫ്
വിശ്വനാഥൻ ഒടാട്ട്

## 9. വനിതാ ക്ഷേമം

അദ്ധ്യ : കെ. എം. ആര്യ, ചെയർപേഴ്സൺ
എം. ബി. അജിത്കുമാർ, കൺവീനർ
പി. കെ. കനകവല്ലി
പി. ശോഭന
നാരായണിക്കുട്ടി

## 10. സഹകരണമേഖല

കെ. എസ്. ബി. എ. തങ്ങൾ
ചെയർമാൻ
ടി. രാമകൃഷ്ണൻ
കൺവീനർ
പി. പൊന്നു.
എം. ശാന്തി
പി. ഉമ്മർ മാസ്റ്റർ

## 11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

കെ. വി. ജബ്ബാർ, ചെയർമാൻ
പി. മോഹൻബാബു, കൺവീനർ
കെ. ബാലൻ
കെ. വി. ഗീത
കെ. പി. അഹമ്മതുകുട്ടി

## 12. വിഭവസമാഹരണം

പി. കെ. വാരിജാക്ഷൻ, ചെയർമാൻ
കെ. എ. നാരായണൻ, കൺവീനർ
ഇ. പി. കുമാരൻ
പി. കെ. രാമകൃഷ്ണൻ
പി. പി. അമ്മുക്കുട്ടി ടീച്ചർ
കെ. കൃഷ്ണൻ നായർ

## ജില്ലാ പഞ്ചായത്ത് മെമ്പർമാർ



കെ. വി. വിജയദാസ്
പ്രസിഡൻറ്
ജില്ലാ പഞ്ചായത്ത്



കെ. വി. മരക്കാർ
ജില്ലാ പഞ്ചായത്ത് മെമ്പർ

## ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ



കെ. പി. കുഞ്ഞഹമ്മദ് റഷീദ്
(വാപ്പുട്ടി)



ഇ. കമ്മൂക്കുട്ടി ഹാജി



 റ്റി. പി. കമലാക്ഷി

# സമർപ്പണം



*പ്രിയമുള്ളവരേ,*

*ആസൂത്രണ പ്രക്രിയ അടിത്തട്ടിൽ നിന്ന് ആരംഭിക്കണമെന്നും, നിർവഹണാധികാരം വികേന്ദ്രീകൃതമാകണമെന്നുമുള്ള ആശയത്തിന് പ്രായോഗിക രൂപം നൽകാനുള്ള ശ്രമമാണ് ''ഒമ്പതാം പദ്ധതി ജനകീയ പദ്ധതി'' എന്ന ശീർഷകത്തിലൂടെ കേരള സർക്കാരും പ്ലാനിംഗ് ബോർഡും ആരംഭിച്ചിട്ടുള്ളത്. അടുത്ത അഞ്ചു വർഷങ്ങളിൽ ഓരോ ഗ്രാമത്തിലും, നഗരത്തിലും ഏതെല്ലാം വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തണമെന്ന് തീരുമാനിക്കാനുള്ള അവകാശവും, അവസരവും അതാതു പ്രദേശത്തെ ജനങ്ങൾക്കു ലഭിക്കുന്നു എന്നതാണ് ഈ രീതിയുടെ പ്രത്യേകത.*

*ലഭ്യമായ കണക്കുകളും, പരിമിതമായ പരിചയവും പ്രയോജനപ്പെടുത്തി നമ്മുടെ പഞ്ചായത്ത് രൂപം നൽകിയ ഈ വികസന രേഖയുടെ നിർമ്മിതിയിൽ അർപ്പണ ബോധത്തോടെ പങ്കാളിത്തം വഹിച്ചവരെ അഭിനന്ദിക്കാനും അവർക്ക് കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ അർപ്പിക്കാനും ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്.*

*നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചേടത്തോളം പ്രഥമ പരിഗണന ലഭിക്കേണ്ടതാണ് ശുദ്ധജല വിതരണ പദ്ധതിയും, തടയണയും, ബൈ പാസ് റോഡും.*

*വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാൻ എല്ലാവരുടേയും പങ്കാളിത്തം ഉറപ്പു വരുത്തണമെന്ന അഭ്യർത്ഥനയോടെ ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും മുമ്പിൽ സാദരം സമർപ്പിച്ചു കൊള്ളുന്നു.*

എന്ന്,

K.S.B.A. തങ്ങൾ,
പ്രസിഡണ്ട്,
പട്ടാമ്പി ഗ്രാമ പഞ്ചായത്ത്.

# പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | *പട്ടാമ്പി ഗ്രാമപഞ്ചായത്ത്.* |
| വില്ലേജുകൾ | : | *നേതിരിമംഗലം അംശം ദേശങ്ങളും, പട്ടാമ്പി പള്ളിപ്പുറം അംശം കിഴായൂർ ദേശവും, മരുതൂരംശത്തിലെ കൊടലൂർ ദേശവും.* |
| അതിരുകൾ | : | |
| വടക്ക് | - | *കൊപ്പം മുതുതല ഗ്രാമപഞ്ചായത്തുകൾ* |
| കിഴക്ക് | - | *ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്* |
| തെക്ക് | - | *ഭാരതപ്പുഴ, ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്* |
| പടിഞ്ഞാറ് | - | *മുതുതല ഗ്രാമപഞ്ചായത്ത്* |
| വിസ്തീർണ്ണം | : | *15.84 ച.കി.മീ.* |
| ബ്ലോക്ക് പഞ്ചായത്ത് | : | *പട്ടാമ്പി* |
| താലൂക്ക് | : | *ഒറ്റപ്പാലം* |
| ജില്ല | : | *പാലക്കാട്* |
| വാർഡുകൾ | : | *പത്ത്* |
| ജനസംഖ്യ | : | *പുരു. 11,792 സ്ത്രീ. - 12,708 = 24,500* |
| ജനസാന്ദ്രത | : | *1547* |
| സാക്ഷരർ | : | *പുരു. 9,309, സ്ത്രീ. 9,115 = 18,424* |

| | | |
|---|---|---|
| പ്രസിഡൻറ് | : | *കെ.എസ്.ബി.എ. തങ്ങൾ* |
| വൈസ് പ്രസിഡൻറ് | : | *വി. സേതുമാധവൻ* |
| സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | : | *സി.എ.എം.എ. കരീം* |
| സെക്രട്ടറി | : | *കെ.പി. ഖാലിദ്* |

# താളുകൾ മറിക്കുമ്പോൾ


| നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം, ഭരണചരിത്രം | 13 - 16 |
| 2 | സാമൂഹിക സാംസ്കാരിക പശ്ചാത്തലം | 17 - 21 |
| 3 | ഭൂപ്രകൃതിയും വിഭവങ്ങളും | 22 - 27 |
| 4 | വികസന മേഖലകൾ | |
| 1 | കൃഷി, ജലസേചനം | 28 -52 |
| 2 | മൃഗസംരക്ഷണം, മത്സ്യബന്ധനം | 53 - 69 |
| 3 | വ്യവസായം | 70 - 80 |
| 4 | വിദ്യാഭ്യാസം | 81 - 100 |
| 5 | ഊർജ്ജം, ഗതാഗതം, വാർത്താവിതരണം | 101 - 136 |
| 6 | പാർപ്പിടം, സാമൂഹ്യക്ഷേമം | 137 - 160 |
| 7 | ആരോഗ്യം, കുടിവെള്ളം, ശുചിത്വം | 161 - 196 |
| 8 | സംസ്കാരം, കായികരംഗം, വിനോദസഞ്ചാരം | 197 - 210 |
| 9 | വനിതാക്ഷേമം, ദാരിദ്ര്യനിർമ്മാർജ്ജനം | 211 - 218 |
| 10 | സഹകരണമേഖല | 219 - 224 |
| 11 | പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം | 225 - 235 |
| 12 | വിഭവസമാഹരണം | 236 - 244 |
| 5 | ഉപസംഹാരം | 245 |

# പാലക്കാട് ജില്ല/താലൂക്കുകൾ





പ്രസിഡൻറും സ്റ്റാഫ് അംഗങ്ങളും

ജില്ലാതല വിദഗ്ധസമിതി



Prof : വിജയരാജ്
ഗവ: സംസ്കൃത കോളേജ്
പട്ടാമ്പി



പി. മുഹമ്മദ് മാസ്റ്റർ
റിട്ട. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ

# ആമുഖം

1934 ഡിസംബർ 7-ാം തീയതി 38/36 നമ്പർ സർക്കാർ ഉത്തരവു പ്രകാരം മലബാർ മേഖലയിൽ രൂപീകൃതമായ പഞ്ചായത്തുകളിൽ പ്രധാനപ്പെട്ട ഒന്നാണ് പട്ടാമ്പി.

ആറുപതിറ്റാണ്ടുകൾ പിന്നിട്ട ജനകീയ ഭരണത്തിന് പല കാലങ്ങളിലായി നേതൃത്വം നൽകിയവരെ ഒരു നിമിഷം ഓർമ്മിക്കാൻ ഈ അവസരം ഉപയോഗിക്കാം. പ്രാരംഭഘട്ടത്തിൽ പ്രസിഡൻറ് പദം അലങ്കരിക്കുവാനുള്ള അവസരം ലഭിച്ചത് ശ്രീ. **കെ.എസ്. പരമേശ്വരയ്യർക്കാണ്.** നാട്ടുകാർ അദ്ദേഹത്തെ സ്നേഹാദരത്തോടു കൂടി വിളിച്ചിരുന്നത് ''അപ്പസ്വാമി'' എന്നാണ്.

ഏറെ താമസിയാതെ സ്വാതന്ത്ര്യസമരസേനാനിയും, സാമൂഹ്യപ്രവർത്തകനുമായിരുന്ന ശ്രീ. **മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരി** പഞ്ചായത്ത് പ്രസിഡൻറായി. അത്രയധികം വരുമാനമോ, ആവശ്യത്തിനുള്ള അധികാരമോ അന്ന് സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായിരുന്നില്ല. ആദ്യകാലത്ത് ശാരദാസമാജത്തിൻെറ കെട്ടിടത്തിലാണ് പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചിരുന്നത്.

1953-ൽ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ട **ജനാബ്. കെ.പി. തങ്ങൾ**, 10 വർഷത്തോളം ആ സ്ഥാനത്ത് തുടർന്നു. അദ്ദേഹത്തിൻെറ ഭരണകാലത്ത് പട്ടാമ്പിയുടെ സമഗ്ര വളർച്ച ലക്ഷ്യം വെച്ചുകൊണ്ടുള്ള ഒട്ടേറെ വികസനപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയുണ്ടായി. ഈ പഞ്ചായത്തിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നിരന്തരം യത്നിച്ചിരുന്ന പ്രസിഡൻറായിരുന്നു കെ.പി. തങ്ങൾ. പഞ്ചായത്തിൽ ഇന്നു കാണുന്ന സമഗ്രപുരോഗതികളും തൻെറ ദീർഘദൃഷ്ടിയിൽ വിഭാവനം ചെയ്ത, ആധുനിക പട്ടാമ്പിയുടെ വക്താവാണ് ഈ മാന്യദേഹം. 1988 ൽ പഞ്ചായത്തിൻെറ ഭരണസാരഥ്യം ഏറ്റെടുത്ത കെ.ഇ. തങ്ങളും, ഇപ്പോഴത്തെ പ്രസിഡൻറ് കെ.എസ്.ബി.എ. തങ്ങളും ഇദ്ദേഹത്തിൻെറ പുത്രന്മാരാണ്.

1964 മുതൽ പതിനഞ്ച് വർഷത്തോളം പഞ്ചായത്തിനെ നയിച്ചത് ശ്രീ. **ഇ.ആർ. ഗോപാല മേനോൻ** ആയിരുന്നു. അദ്ദേഹവും വികസനകാര്യത്തിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവെച്ചിട്ടുണ്ട്.

1979-ൽ ശ്രീ. **പട്ടത്ത് കൃഷ്ണൻകുട്ടി** നായരുടെ നേതൃത്വത്തിൽ അഞ്ചു വർഷത്തോളം ഭരണം നടത്തിയ സമിതി ഒരുപാട് നല്ലകാര്യങ്ങൾ ഈ പ്രദേശത്തിന് വേണ്ടി ചെയ്തിട്ടുണ്ട്.

1988-ൽ ശ്രീ. **കെ.ഇ.** തങ്ങൾ ഭരണം ഏറ്റെടുത്തതിനു ശേഷം പഞ്ചായത്തിൻെറ മുഖഛായ മാറ്റുവാനുള്ള നിരവധി നിർമ്മാണ സേവന പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. കറുത്ത റോഡുകളും, വെളുത്ത രാത്രികളും ആ കാലഘട്ടത്തിലെ പ്രധാനപ്രവർത്തനങ്ങളുടെ സംസാരിക്കുന്ന

തെളിവുകളാണ്. ഈ കാലഘട്ടത്തിലാണ് കേരളത്തിലെ ആയിരത്തോളം പഞ്ചായത്തുകളിൽ ആദ്യമായി പട്ടാമ്പി പഞ്ചായത്ത് ആംബുലൻസ് വാങ്ങിയതും .

1990 മുതൽ അഞ്ചുവർഷത്തോളം ഭരണത്തിനു ചുക്കാൻ പിടിച്ച ശ്രീ. വാരിജാക്ഷൻെറ കാലത്തും ധാരാളം വികസന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.

ഇത്രയേറെ റോഡുകളും, സോഡിയം വേപ്പർ ലാമ്പുകളും ഉള്ള പഞ്ചായത്ത് ഈ ജില്ലയിൽ കുറവാണ്.

1959 മുതൽക്കാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചിട്ടയോടു കൂടിയ ആസൂത്രണ പ്രവർത്തനങ്ങളിലൂടെ വികസന രംഗം സമ്പന്നമാക്കുവാൻ ആരംഭിച്ചത്. ഈ പഞ്ചായത്തിൻെറ വികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച വിശിഷ്ട വ്യക്തികളുടെ ലഭ്യമായ പേരുവിവരങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്.

ഇപ്പോഴത്തെ ഭരണസമിതി 1995 ഒക്ടോബർ അഞ്ചിനാണ് അധികാരം ഏറ്റത്. ആദ്യം പ്രസിഡൻറ് പദം ഏറ്റെടുത്തത് ശ്രീമതി. കെ.പി. ജമീലയായിരുന്നു. വ്യക്തിപരമായ കാരണങ്ങളാൽ അവർ സ്ഥാനം ഒഴിയുകയും 28.3.96 ന് ശ്രീ. കെ.എസ്.ബി.എ. തങ്ങൾ പ്രസിഡൻറാവുകയും, ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ഭരണഭാരം നിർവ്വഹിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

'' **അധികാരം ജനങ്ങളിലേക്ക്** '' എന്ന സങ്കൽപ്പത്തിൻെറ സാക്ഷാത്കാരത്തിനായി ഭരണഘടനയിൽ 73-ഉം 74-ഉം ഭേദഗതികൾ സർവ്വസമ്മതമായ അംഗീകരിക്കപ്പെടുകയും, കേരളത്തിൽ പഞ്ചായത്തീ രാജ് ആക്ട് നിലവിൽ വരികയും ചെയ്തതിൻെറ സ്വാഭാവിക പരിണാമമെന്ന നിലയിലാണ് കേരള സർക്കാർ പുതിയ പരീക്ഷണത്തിന് തുടക്കം കുറിച്ചത്. ഒമ്പതാം പദ്ധതി, ജനകീയ പദ്ധതിയായി ആവിഷ്കരിക്കണമെന്നും നടപ്പാക്കണമെന്നും ഉള്ള ഉറച്ച തീരുമാനത്തിൻെറ വെളിച്ചത്തിൽ ജാതി-മത-വർഗ്ഗ, രാഷ്ട്രീയ ഭിന്നതകൾ മറന്ന് വികസനമെന്ന വിശിഷ്ട മന്ത്രവുമായി എല്ലാവരും രംഗത്തിറങ്ങിയാൽ ഈ നാട്ടിൽ നമുക്ക് നേടാൻ കഴിയുന്ന നന്മകളുടെ, ആസ്തികളുടെ ആഴവും, പരപ്പും അളന്നു നിർണ്ണയിക്കുവാൻ സാദ്ധ്യമല്ലതന്നെ.

എട്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടും പ്രതീക്ഷിച്ചത്ര നേട്ടങ്ങൾ കൈവരിക്കുവാൻ നമ്മുടെ രാജ്യത്തിന് സാധിച്ചിട്ടില്ല. മുകളിൽ നിന്നുള്ള ആസൂത്രണവും, ഉദ്യോഗസ്ഥതലത്തിലുള്ള മേൽനോട്ടവും ഉദ്ദേശിച്ച ഫലം ലഭിക്കുവാൻ തടസ്സമായി വന്നിട്ടുണ്ട്. വേണ്ടത്ര ജനശ്രദ്ധ ഇല്ലാത്തതും പദ്ധതി നടത്തിപ്പിലെ പോരായ്മകൾക്ക് കാരണമായിട്ടുണ്ട്.

ഈ അനുഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള എല്ലാ മുൻകരുതലുകളും സ്വീകരിച്ചുകൊണ്ടാണ് ഒമ്പതാം പദ്ധതിയുടെ ആസൂത്രണം അടിത്തട്ടിൽ നിന്ന് ആരംഭിക്കുവാൻ സർക്കാർ തീരുമാനിച്ചത്.

ഒമ്പതാം പദ്ധതിയുടെ വിഹിതത്തിൽ നിന്ന് 40 ശതമാനത്തോളം പ്രാദേശികസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുകയും ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ ഭരണസമിതികൾ നേതൃത്വം നൽകുകയും ചെയ്താൽ വികസനരംഗത്ത് ഒരു കുതിച്ചുചാട്ടം നടത്താൻ കഴിയും എന്നാണ് നമ്മുടെ പ്രതീക്ഷ.

ജനകീയ ആസൂത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി 28.9.96 മുതൽ 6.10.96 വരെയുള്ള ഒരാഴ്ചക്കാലം നമ്മുടെ പഞ്ചായത്തിൽ പ്രത്യേക ഗ്രാമസഭകൾ ചേരുകയും വികസന മേഖലകളെപ്പറ്റി ചർച്ച ചെയ്തു ചില നിഗമനങ്ങളിൽ എത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭകളിലെ ശരാശരി ഹാജർ 175 ആയിരുന്നു.

ഒന്നാംഘട്ട പരിശീലനത്തിൽ 104 പേർ പങ്കെടുക്കുകയും വികസനപ്രവർത്തനങ്ങളുമായി സഹകരിക്കുവാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 20.9.96 നാണ് ഒന്നാം ഘട്ട പരിശീലനം നടന്നത്. വികസനരേഖ തയ്യാറാക്കാനാവശ്യമായ സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കാൻ ഒരു പ്രത്യേകസമിതിയെ നിയോഗിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ വികസന രേഖ തയ്യാറാക്കാൻ വേണ്ട നിർദ്ദേശങ്ങൾ 31.10.96-ാംനു നടത്തിയ രണ്ടാംഘട്ട പരിശീലന ക്ലാസ്സിൽ വെച്ച് നൽകുകയുമുണ്ടായി.

പഞ്ചായത്തിന്റെ ഭൂപ്രകൃതിയെപ്പറ്റി പഠിക്കാൻ ഒരു യാത്ര സംഘടിപ്പിക്കുവാനും തീരുമാനിച്ചിരുന്നു. 12.11.96-ാംനു നടത്തിയ പഠനയാത്രയിൽ പഞ്ചായത്ത് അംഗങ്ങളിൽ പലരും പങ്കെടുത്തിരുന്നു. അഞ്ചു ജില്ലാതല വിദഗ്ധരും സാമൂഹ്യപ്രവർത്തകരുമടക്കം ആകെ 17 പേരാണ് യാത്രയിൽ പങ്കുചേർന്നത്.

## പ്രവർത്തന സംഗ്രഹം.

ഒരു വർഷത്തിനിടക്ക് നമ്മുടെ പഞ്ചായത്ത് നടത്തിയ വിവിധ പ്രവർത്തനങ്ങൾ ചുരുക്കി വിവരിക്കുന്നു.

ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാൻ ഒരു ട്രാക്ടർ വാങ്ങി.

പഞ്ചായത്ത് ഓഫീസിന്റെ ഒന്നാംനിലയുടെ പണി പൂർത്തിയാക്കി, സൗകര്യം ഇരട്ടിയാക്കി, സൗകര്യപ്രദമായ കോൺഫറൻസ് ഹാൾ നിർമ്മിച്ചു.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇനിയും സോഡിയം വിളക്കുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

പത്തോളം റോഡുകളുടെ ടാറിങ്ങും, കോൺക്രീറ്റും നടന്നുകൊണ്ടിരിക്കുന്നു.
റോഡു മെറ്റലിങ്ങിനും, ടാറിങ്ങിനുമായി ഗണ്യമായ തുക വകയിരുത്തിയിട്ടുണ്ട്.

ഭാരതപ്പുഴ പാലം വൈദ്യുതീകരിക്കുവാനുള്ള നടപടി ആരംഭിച്ചു.

പുതിയ ബസ് സ്റ്റാൻറിന്റെ അവസാന മിനുക്കുപണികൾ നടന്നു വരികയാണ്. അടുത്തു തന്നെ തുറന്നു കൊടുക്കുവാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്.

മേലേ പട്ടാമ്പി ജംഗ്ഷൻ, ഗുരുവായൂർ റോഡ് ജംഗ്ഷൻ എന്നിവിടങ്ങളിൽ ബാരിക്കേഡ് നിർമ്മിച്ച് കാൽനടക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ നടപടികൾ ആരംഭിച്ചു.

താഴ്ന്ന വരുമാനക്കാരായ 100 പേർക്ക് കക്കൂസ് നിർമ്മാണത്തിന് സഹായം നൽകാൻ തീരുമാനിച്ചിരിക്കുന്നു.

മേലേ പട്ടാമ്പി ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുവാൻ വേണ്ടി ഓട്ടോറിക്ഷകളുടെ പാർക്കിങ്ങ് സ്ഥാനങ്ങൾ മാറ്റി നിശ്ചയിക്കുകയും, ആ രംഗത്ത് ചില പരിഷ്കാരങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്.

400 ചതുരശ്ര അടിയിൽ കുറവുള്ള ഓടിട്ട വീടുകളെ കെട്ടിടനികുതിയൽ നിന്നും ഒഴിവാക്കുവാനുള്ള അനുമതിക്ക് വേണ്ടി സർക്കാരിനെ സമീപിച്ചിട്ടുണ്ട്.

ഒരു ബൃഹുത്തായ ജലവിതരണശുചീകരണ പദ്ധതി തയ്യാറാക്കി നെതർലാൻറ് സർക്കാരിൻെറ പരിഗണനക്കും സഹായത്തിനും വേണ്ടി സമർപ്പിച്ചിട്ടുണ്ട്.

ഓട്ടോറിക്ഷാ, ടാക്സി സ്റ്റാൻറു നിർമ്മിക്കൽ, ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, പുതിയ മാർക്കറ്റ്, അറവുശാല, മാലിന്യ സംസ്കരണ കേന്ദ്രം എന്നിവയും പഞ്ചായത്തിൻെറ സജീവ പരിഗണനയിൽ ഉൾപ്പെടുന്ന കാര്യങ്ങളാണ്.

ഓരോ വാർഡിലും ഓരോ വായനശാലയും, ഓരോ ഗ്രന്ഥശാലയും സ്ഥാപിക്കുവാൻ തീരുമാനിക്കുകയും - 4,5 വാർഡുകളിൽ ഈ സാമ്പത്തിക വർഷം തന്നെ അവ സ്ഥാപിക്കുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ചുരുങ്ങിയ കാലയളവിൽ ഇത്രയധികം വികസനപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുവാൻ സാധിച്ചു എന്ന വസ്തുത ഒരു ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചേടത്തോളം അഭിമാനകരമാണ്.

വെള്ളം, വെളിച്ചം, റോഡ് എന്നിവയിൽ മാത്രം ഒതുങ്ങി നിൽക്കുന്ന വികസനം ഉല്പാദന സാമ്പത്തിക മേഖലകളുടെ വളർച്ച മുരടിപ്പിക്കുമെന്ന വസ്തുത ചൂണ്ടിക്കാണിക്കാനും, പാകപ്പിഴകൾ പരമാവധി ഒഴിവാക്കുവാനുള്ള ആഗ്രഹമാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി തയ്യാറാക്കുന്ന ഈ സമഗ്രരേഖയിലൂടെ പ്രകടിപ്പിക്കുവാനുദ്ദേശിക്കുന്നത്.

**'' അധികാരം ജനങ്ങളിലേക്ക്**
**ജനങ്ങൾ അധികാരത്തിലേക്ക് ''**

# 2. സാമൂഹിക സാംസ്കാരിക പശ്ചാത്തലം

നേതിരിമംഗലം അംശവും, വള്ളൂർ, ശങ്കരമംഗലം ദേശങ്ങളും, പട്ടാമ്പി പള്ളിപ്പുറം അംശത്തിലായിരുന്ന കിഴായൂർ ദേശവും, മരുതൂരംശത്തിൽ നിന്നു വിരുന്നു വന്ന കൊടലൂർ ദേശവും ഉൾപ്പെടുന്ന സ്ഥലം **പട്ടാമ്പി** എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയതിന്റെ ചരിത്രപരമായ കാരണങ്ങളെക്കുറിച്ചും ഐതിഹ്യങ്ങളെക്കുറിച്ചും ജനങ്ങൾക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങൾ നിലവിലുണ്ട്. പഴമക്കാർ പാടി രസിച്ചിരുന്ന ഒരു ഗാനശകലത്തിന്റെ ഏതാനും ചില വരികൾ താഴെ കുറിക്കുന്നു.

" ഞാനൊരു പട്ടരാണേ
പട്ടാമ്പിക്കാരനാണേ
പട്ടു വിൽക്കാൻ വന്നതാണേ
രാം, രാം, രാം "

പട്ടു കച്ചവടത്തിന്ന് വന്ന തമിഴ് ബ്രാഹ്മണർ ഈ പ്രദേശവുമായി ആത്മബന്ധം സ്ഥാപിച്ച് എടുക്കുവാനുള്ള വ്യഗ്രതയിൽ സ്വയം ഉരുവിട്ട വാ മൊഴികൾ രൂപമാറ്റത്തോടുകൂടി ഒരു പുതിയ പേരിന്ന് ജന്മം നൽകി എന്ന വാദഗതി ഇന്നും നിലവിലുണ്ട്. പടയോട്ടക്കാലത്ത് ടിപ്പു സുൽത്താന്റെ പട്ടാളക്കാർ ഈ സ്ഥലത്ത് എത്തുകയും, അവിചാരിതമായി തടയപ്പെടുകയും, പരാജയപ്പെടുകയും *പറ്റെ തോറ്റമ്പി* തിരിഞ്ഞോടുകയും ചെയ്തുവത്രെ. പലരും ഈ ഓർമ്മയിൽ *പട്ടാമ്പി* എന്നു പറയുവാൻ തുടങ്ങി എന്നും ചിലർക്ക് അഭിപ്രായമുണ്ട്. വ്യാപാര കാര്യങ്ങൾക്ക് നിരന്തരം ഈ പ്രദേശവുമായി ബന്ധപ്പെട്ടിരുന്ന പട്ടാണികളാണ് ഈ പേരിന്റെ ഉടമസ്ഥന്മാർ എന്നും പറഞ്ഞു കേട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തുവാനും യുക്തമായ നിഗമനത്തിൽ എത്തുവാനുമുള്ള അവകാശം ഗവേഷണ വിദ്യാർത്ഥികൾക്ക് വിട്ടു കൊടുത്തു കൊണ്ട് നമുക്ക് മറ്റു കാര്യങ്ങളിലേക്ക് കടക്കാം.

പട്ടാമ്പി എന്നു കേൾക്കുമ്പോൾ ആദ്യം ഓർമ്മയിൽ വരുന്ന മഹാ സംഭവമാണ്, വിജ്ഞാപനം ചെയ്ത ആഘോഷമായി പ്രഖ്യാപിച്ചിരിക്കുന്ന പട്ടാമ്പി "നേർച്ച". ആഘോഷ വർഷങ്ങളുടെ കണക്കിന് ഒപ്പം ആനകളുടെ എണ്ണവും കൂട്ടാൻ ഈ ദേശീയോത്സവത്തിന്റെ നടത്തിപ്പുകാർ ശ്രമിക്കാറുണ്ട്.

ടിപ്പു സുൽത്താന്റെ പട്ടാളം രാമഗിരി കോട്ട വിട്ട് പോയപ്പോൾ, അതിൽ അവശരും അംഗഭംഗം വന്നവരുമായ കുറെ പേർ ഇവിടെ അവശേഷിക്കുകയും ചെയ്തു. ആലംബഹീനരായ ഇവരെ ആശ്വസിപ്പിക്കുവാൻ ഓടി എത്തിയ ആലൂർ വലിയ പൂക്കോയ തങ്ങളെ ആദരപൂർവ്വം സ്വീകരിക്കുവാനും, രക്ഷകനായി അംഗീകരിക്കുവാനും സന്നദ്ധരായ പടയാളികളുടെ

പിൻ തലമുറക്കാർ ആണത്രെ മരുതൂരിലെ ഒരു വിഭാഗം ജനങ്ങൾ. അവരെ ആപത്തിൽ നിന്ന് രക്ഷിക്കുവാൻ മാത്രമല്ല, തൊഴിലും മുതലും നൽകി കുടിയിരുത്താനും തങ്ങൾ മുൻകൈ എടുത്തു എന്നാണ് പറഞ്ഞുകേട്ടിട്ടുള്ളത്.

പിന്നീട് വർഷത്തിൽ ഒരിക്കൽ വലിയ തങ്ങളുടെ സമാധി സ്ഥലമായ ''ജാറ''ത്തിലേക്ക് തീർത്ഥയാത്ര നടത്തുന്ന പതിവും ഇവർ തുടങ്ങിവെച്ചു. മെല്ലെ മെല്ലെ ഇത് ദേശീയ ഉത്സവമായി ഉയർന്നു. അവരാണ് ആഘോഷ പരിപാടികൾക്ക് നേതൃത്വം നൽകുന്നത്. ആനയും അമ്പാരിയുമായി വരുന്ന ഘോഷയാത്രയെ സ്വീകരിച്ച് ആനയിക്കുവാൻ സ്നേഹവായ്പോടെ നഗരമദ്ധ്യത്തിൽ എത്തുന്ന ആലൂർ തങ്ങളുടെ അനന്തിരവന്മാർ ജനങ്ങളുടെ ആശയും ആവേശവുമായി മാറുന്ന കാഴ്ച ഇന്നും നേർച്ചയുടെ പ്രധാന ആകർഷണ ബിന്ദുവാണ്.

കൂട്ടായ്മയുടെ നേട്ടങ്ങളെപ്പറ്റി തിരിച്ചറിവും ലക്ഷ്യബോധവും ഉള്ളവരായിരുന്നു നമ്മുടെ മുൻഗാമികൾ. ഭാരതപ്പുഴക്ക് പട്ടാമ്പിയിൽ ഒരു പാലം വേണമെന്ന ആവശ്യവുമായി എ.എസ്.കെ. രാമയ്യർ പ്രസിഡൻറും, ഹാജി. കെ.പി. അസ്സൈനാർ വൈദ്യർ സെക്രട്ടറിയും പ്രമുഖരായ മറ്റു ചിലർ അംഗങ്ങളുമായി 1936 ൽ ഒരു ജനകീയ കമ്മറ്റി രൂപീകരിച്ച് പ്രവർത്തനം തുടങ്ങുകയുണ്ടായി. പാലം തൽക്കാലം കുറ്റിപ്പുറത്തേക്ക് നീങ്ങിയെങ്കിലും കമ്മറ്റിക്കാർ നിരാശരായില്ല. പ്രമേയങ്ങളും, നിവേദനങ്ങളുമായി കമ്മറ്റി പ്രവർത്തനം തുടർന്നുകൊണ്ടിരുന്നു. പിന്നീട് പട്ടാമ്പിയിലെ കോസ്‌വേ നിർമ്മിക്കപ്പെട്ടതിൻെറ പിന്നിലും ജനകീയ കമ്മറ്റികളുടെ നിരന്തര നിവേദനങ്ങൾ കാണാവുന്നതാണ്.

ഈ അനുഭവ പാഠം ഉൾക്കൊണ്ടുകൊണ്ട് പട്ടാമ്പിയുടെ സമഗ്ര വികസനം എന്ന വിശാല ലക്ഷ്യം ഉയർത്തിപ്പിടിച്ച് വിവിധ കേന്ദ്രങ്ങളിൽ നിവേദനങ്ങളുമായെത്തുന്ന ഒരു കമ്മറ്റി ഇന്നും നിലവിലുണ്ട്. മുൻ ജയിൽ ഐ.ജി. ശ്രീ. പി. ഗോപാലമേനോനും, ഡോക്ടർ ശ്രീ. കെ.പി. മുഹമ്മദ്കുട്ടിയും ആണ് ഈ വികസന സമിതിയുടെ ജീവനാഡികൾ. സ്വാതന്ത്ര്യസമര സേനാനിയും മുൻ എം.എൽ.എ.യുമായ ശ്രീ. ഇ.പി. ഗോപാലൻെറ കരസ്പർശം ഏൽക്കാത്ത ഒരു വികസന മേഖലയും നമ്മുടെ പഞ്ചായത്തിൽ ഇല്ലെന്നുള്ള വസ്തുതയും ഇത്തരുണത്തിൽ സ്മരണീയമാണ്.

പുന്നശ്ശേരി നമ്പി, കവിയും കഥാകാരനും നാടകകൃത്തുമായിരുന്ന പ്രൊഫസർ ചെറുകാട്, വാഗ്മിയും നിരൂപകനുമായിരുന്ന ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ, പണ്ഡിതനും എഴുത്തുകാരനുമായിരുന്ന കെ.എൻ. എഴുത്തച്ഛൻ, മഹാകവി. പി. കുഞ്ഞിരാമൻ നായർ എന്നിവർ ജന്മം കൊണ്ടല്ലെങ്കിൽ കർമ്മം കൊണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൻെറ സാംസ്കാരിക രംഗം സമ്പന്നമാക്കാൻ സഹായിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യസമര സേനാനിയും, മുൻ എം.എൽ.എ.യുമായിരുന്ന ശ്രീ. ഇ.പി. ഗോപാലൻ. 1967 ൽ പട്ടാമ്പി നിയോജകമണ്ഡലത്തിൽ നിന്ന് കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും

സംസ്ഥാന ഭരണത്തിൻെറ നേതൃത്വം ഏറ്റെടുക്കുകയും ചെയ്ത ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് , മൂന്നു തവണ നമ്മെ പ്രതിനിധീകരിച്ച് പാർലിമെൻറിലെത്തുകയും, മന്ത്രി പദത്തിലേക്കുയരുകയും, ചെയ്ത ഇന്നത്തെ ഉപരാഷ്ട്രപതി ശ്രീമാൻ. കെ.ആർ. നാരായണൻ എന്നിവർ നമ്മുടെ പഞ്ചായത്തിൻെറ സാമൂഹ്യചരിത്രത്തിലെ വീരനായകന്മാരാണ്.

മുൻ മന്ത്രി. ശ്രീ. എം.പി. ഗംഗാധരൻ നമ്മുടെ പഞ്ചായത്തിൻെറ നന്മക്കുവേണ്ടി പല കാര്യങ്ങളും ചെയ്തിട്ടുണ്ട്.

നമ്മുടെ പ്രതിനിധിയും ബഹു: കേരള റവന്യൂ വകുപ്പു മന്ത്രിയുമായ ശ്രീ. കെ.ഇ. ഇസ്മയിൽ ഈ പഞ്ചായത്തിൻെറ എല്ലാ പ്രശ്നങ്ങളിലും ഫലപ്രദമായി ഇടപെട്ടുവരുന്ന മാന്യദേഹമാണ്.

സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ മേഖലയിൽ നേതൃത്വപരമായ പങ്കു വഹിക്കുകയും, മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച വെക്കുകയും ചെയ്തവരാണ് മുൻ എം.എൽ.എ. ലീലാ ദാമോദര മേനോൻ, കെ.പി. തങ്ങൾ, എ.കെ. വാരിയർ, പി.പി. പിള്ള, അമ്മംകുന്നത്തു കുഞ്ഞിരാമ മേനോൻ, കെ.പി. മാടമ്പി, കെ.എസ്. രാമൻ, എം.ഇ. അബ്ദുള്ള ഹാജി, ഹാജി കെ.പി. അസ്സൈനാർ വൈദ്യർ, ടി.പി. മുഹമ്മദ് കുട്ടി, എ.എൻ. അഷറഫലി (മൗലാന) പൂക്കാട്ടിരി രാജഗോപാലൻ തുടങ്ങിയ മഹദ്വ്യക്തികൾ.

പോയ തലമുറയുടെ കാൽപാടുകൾ പിൻതുടർന്നുകൊണ്ട് സമകാലീന രാഷ്ട്രീയത്തെയും സാമൂഹ്യ സന്തുലിതാവസ്ഥയേയും നിയന്ത്രിക്കുന്ന പല പ്രമുഖ വ്യക്തികളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തന നിരതരായി വർത്തിക്കുന്നുണ്ട്.

അന്താരാഷ്ട്ര പ്രശസ്തി നേടിയ മദ്ധ്യമേഖലാ കാർഷിക ഗവേഷണ കേന്ദ്രം, വിദ്യാഭ്യാസ വിഷയത്തിൽ വിശിഷ്ട കേന്ദ്രം എന്ന ബഹുമതി നേടിയ പട്ടാമ്പി സംസ്കൃത കോളേജ് എന്നിവ ഈ പഞ്ചായത്തിലെ പ്രമുഖ സ്ഥാപനങ്ങളാണ്.

## പൊതു സ്ഥാപനങ്ങൾ

1. *മുൻസിഫ് മജിസ്ട്രേട്ട് കോടതി*
2. *സബ് ട്രഷറി*
3. *പോലീസ് സ്റ്റേഷൻ*
4. *ടെലിഫോൺ എക്സ്ചേഞ്ച്*
5. *കെ.എസ്.ഇ,ബി. മേജർ സെക്ഷൻ ഓഫീസ്*
6. *വാട്ടർ അതോറിട്ടി സെക്ഷൻ ഓഫീസ്*
7. *മണ്ണുപരിശോധനാ കേന്ദ്രം*
8. *ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസ്*

9. എക്സൈസ് റെയ്ഞ്ച് ഓഫീസ്
10. റെയിൽവേ സ്റ്റേഷൻ
11. സബ് രജിസ്ട്രാർ ഓഫീസ്
12. സബ് റീജ്യനൽ ട്രാൻസ്പോർട്ട് ഓഫീസ്
13. സർവ്വെ ലാൻറ് റിക്കാർഡ് ഓഫീസ്
14. അസി. വിദ്യാഭ്യാസ ഓഫീസറുടെ ഓഫീസ്.
15. വില്ലേജ് ഓഫീസ്
16. ഫെർട്ടിലൈസേഴ്സ് ക്വാളിറ്റി കൺട്രോൾ ഓഫീസ്
17. കൃഷി വിജ്ഞാന കേന്ദ്രം
18. മേഖലാ നെല്ലു ഗവേഷണ കേന്ദ്രം
19. സെൻട്രൽ ഓർച്ചാർഡ്
20. പട്ടാമ്പി, മേലേ പട്ടാമ്പി സബ് പോസ്റ്റ് ഓഫീസുകൾ
21. ശങ്കരമംഗലം, കിഴായൂർ ബ്രാഞ്ച് പോസ്റ്റ് ഓഫീസുകൾ
22. പോസ്റ്റൽ ഇൻസ്പെക്ടർ ഓഫീസ്
23. ഫുഡ് ഇൻസ്പെക്ടർ ഓഫീസ്
24. റവന്യൂ ഇൻസ്പെക്ടർ ഓഫീസ്
25. P.W.D. ലോക്കൽ വർക്ക്സ്- ബിൽഡിംഗ് സെക്ഷൻ ഓഫീസ്
26. കൃഷിഭവൻ ഓഫീസ്
27. കൃഷി അസി. ഡയരക്ടർ ഓഫീസ്
28. സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ് - ഓഫീസ്
29. മൈനർ ഇറിഗേഷൻ ഓഫീസ്
30. റബ്ബർ ബോർഡ് ഓഫീസ്
31. ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്
32. K.S.F.E. ശാഖാ ഓഫീസ്
33. ജൂനിയർ എഞ്ചിനീയർ ഓഫീസ്. ടെലികോം.
34. മിൽമ ചില്ലിങ്ങ് പ്ലാൻറ് -
35. ഇ.പി. അച്ചുതൻ നായർ സ്മാരക സർക്കാർ ആശുപത്രി

അടിയന്തിരമായി താഴെ പറയുന്ന സ്ഥാപനങ്ങൾ കൂടി ഈ പഞ്ചായത്തിൽ ആരംഭിക്കേണ്ടതുണ്ട്.

1. ടെലികോം സെൻറർ
2. എംപ്ലോയ്മെൻറ് എക്സ്ചേഞ്ച്
3. L.I.C. ബ്രാഞ്ച് ഓഫീസ്
4. പോലീസ് സ്റ്റേഷനിൽ വനിതാ സെൽ

പേരിലും പ്രശസ്തിയിലും ഒട്ടും പിന്നിലല്ലാത്ത നമ്മുടെ പ്രദേശം ഇന്ന് അനുഭവിക്കുന്ന ദുരിതങ്ങൾ ശാശ്വതമായി പരിഹരിക്കുവാൻ ആവശ്യമായ ചില അടിയന്തിര പദ്ധതികളിലേക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുവാൻ ഈ അവസരം ഉപയോഗിക്കുന്നു.

## ആവശ്യങ്ങൾ

1. പട്ടാമ്പി താലൂക്ക്
2. പട്ടാമ്പി പഞ്ചായത്തിൽ സമഗ്ര ശുദ്ധജല വിതരണ പദ്ധതി
3. ബൈപാസ് റോഡ്
4. റെയിൽവെ സബ്:വെ
5. ഭാരതപ്പുഴയിൽ തടയണ
6. സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ

# 3. ഭൂപ്രകൃതിയും വിഭവങ്ങളും

## ഭൂപ്രകൃതി

നിളയുടെ വടക്കേ തീരത്ത് സ്ഥിതി ചെയ്യുന്ന പട്ടാമ്പി പഞ്ചായത്ത് വള്ളൂർ, ശങ്കരമങ്കലം,കൊടലൂർ, കിഴായൂർ, നേതിരിമംഗലം എന്നീ പ്രദേശങ്ങൾ ചേർന്നതാണ്. പഞ്ചായത്തിന്റെ വടക്കുകിഴക്ക് ഭാഗത്തായി കല്ലേക്കാട് കുന്നും, പെരുമ്പ്രകോട്ടയും, കളപ്പാറ കുന്നും, തവഗിരി കോട്ടയുടെ ഭാഗമായ കാറ്റാടിക്കുന്നിന്റെ ഒരു ഭാഗവും, തെക്കുപടിഞ്ഞാറു ഭാഗത്ത് കോഴിക്കുന്നും, മദ്ധ്യഭാഗത്തായി ആക്കുന്നും, ഉമിക്കുന്നും, തെക്കേ അറ്റത്തുള്ള തെക്കഞ്ചേരി കുന്നും പഞ്ചായത്തിലെ താരതമ്യേന ഉയർന്ന പ്രദേശങ്ങളാണ്. പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 15.84 ചതുരശ്ര കിലോ മീറ്റർ ആണ്. മുതുതല, കൊപ്പം, ഓങ്ങല്ലൂർ എന്നീ മൂന്നു പഞ്ചായത്തുകളും, സുമാർ 4 കിലോമീറ്റർ ഭാരതപ്പുഴയും ഈ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ അതിരുകളാണ്.

ഭൂപ്രകൃതി അനുസരിച്ച് പട്ടാമ്പി പഞ്ചായത്തിനെ ആറ് മേഖലകളായി തിരിക്കാം.

1. ഉയർന്ന സമതലം
2. കുന്നിൻചെരിവുകൾ
3. ചെറിയ ചെരിവുകൾ
4. സമതലം
5. താഴ്ന്ന പ്രദേശം
6. ജലാശയങ്ങൾ.

**ഭൂപ്രകൃതി മേഖലകളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക - 1 ൽ ചേർത്തിരിക്കുന്നു.**

പട്ടിക - 1.

| ക്രമ നമ്പർ | ഭൂപ്രകൃതി മേഖലകൾ | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1. | ഉയർന്ന സമതലം | 193.92 | 12 |
| 2. | കുന്നിൻ ചെരിവുകൾ | 129.28 | 8 |
| 3. | ചെറിയ ചെരിവുകൾ | 258.56 | 16 |
| 4. | സമതലം | 783.76 | 48.5 |
| 5. | താഴ്ന്ന പ്രദേശം | 226.24 | 14 |
| 6. | ജലാശയങ്ങൾ | 24.24 | 1.5 |
| | ആകെ | 1616 | 100 |

(വിഭവ ഭൂപടങ്ങൾ, റവന്യൂ രേഖകൾ, പഠനപര്യടനം ഇവ അടിസ്ഥാനമാക്കി തയ്യാറാക്കിയത്)

നിമ്നോന്നതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിനെ മൂന്ന് വിഭാഗത്തിൽ പെട്ട പ്രദേശങ്ങളായി തിരിക്കാം. 10 മീറ്ററിനും താഴെ, 10 മീറ്ററിനും 25 മീറ്ററിനും ഇടയിൽ, 25 മീറ്ററിനു മുകളിൽ. ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട കുന്നിൻപ്രദേശങ്ങൾ കളപ്പാറക്കുന്ന്, കല്ലേക്കാട് കുന്ന്, തെക്കഞ്ചേരിക്കുന്ന്, ഉമിക്കുന്ന്, ആക്കുന്ന് ഇവയാണ്. സമുദ്രനിരപ്പിൽ നിന്ന് ഏറ്റവും ഉയരം കൂടിയ പ്രദേശം കളപ്പാറക്കുന്നാണ്. ഉയരം സുമാർ 55 മീറ്റർ. നെൽവയലുകളും, പുഴ യോരവും 10 മീറ്ററിൽ താഴെ സ്ഥിതി ചെയ്യുന്നു. കുന്നിൻപ്രദേശങ്ങൾ എല്ലാം കൂടി 193.92 ഹെക്ടർ വരും. ഇത് പഞ്ചായത്തിലെ മൊത്തം പ്രദേശത്തിൻെറ 12 ശതമാനമാണ്. പഞ്ചാ യത്തിൻെറ വടക്കുപടിഞ്ഞാറു ഭാഗവും, തെക്ക് പുഴയോര പ്രദേശങ്ങളും, മദ്ധ്യഭാഗം സമതലങ്ങളുമാണ്. മൊത്തത്തിൽ വടക്കു നിന്നും തെക്കോട്ടു ചെരിഞ്ഞാണ് ഈ പ്രദേശങ്ങൾ സ്ഥിതി ചെയ്യുന്നത്. അതിനാൽ ഈ പ്രദേശത്തേക്ക് നീർവാർച്ച കൂടുതലാണ്. നിമ്നോന്നത പ്രദേശങ്ങളുടെ വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ പട്ടിക 2 ൽ ചേർത്തിരിക്കുന്നു.

### പട്ടിക 2
### ഭൂപ്രകൃതി നിമ്നോന്നത മേഖലകൾ

| ക്രമ നമ്പർ | നിമ്നോന്നത മേഖലകൾ | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1. | 10 മീറ്ററിൽ താഴെ | 1034.2 | 64 |
| 2. | 10 - 20 മീറ്ററിന് ഇടയിൽ | 387.84 | 24 |
| 3. | 20 മീറ്ററിനു മുകളിൽ | 193.92 | 12 |
| | ആകെ | 1616.00 | 100 |

(വിഭവഭൂപടങ്ങൾ റവന്യൂ രേഖകൾ, പഠനപര്യടനം ഇവ അടിസ്ഥാനമാക്കി തയ്യാറാക്കിയത്)

പട്ടാമ്പി പഞ്ചായത്തിൻെറ 37.24 ശതമാനം വരുന്ന സമതലങ്ങളിൽ ചുവന്ന പശിമരാശി മണ്ണും, 35.71 ശതമാനം വരുന്ന ഉയർന്നതും ചെരിവുള്ളതുമായ പ്രദേശങ്ങളിൽ ചരൽ കലർന്ന ചെമ്മണ്ണും, 25.26 ശതമാനം മണൽ കലർന്ന കളിമണ്ണും, പാടശേഖരങ്ങളിലും, പുഴയോടു ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ കളിമണ്ണും കാണപ്പെടുന്നു. ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ പട്ടിക 3 ൽ കൊടുത്തിരിക്കുന്നു.

### പട്ടിക 3
### മൺതരങ്ങൾ

| ക്രമ നമ്പർ | ഉപരിതല മൺതരങ്ങൾ | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1. | പുഴയോര കളിമണ്ണ് | 4.75 | 0.3 |
| 2. | പാടങ്ങളിൽ മണൽ കലർന്ന കളിമണ്ണ് | 408.16 | 25.26 |
| 3. | സമതലങ്ങളിൽ ചുവന്ന പശിമരാശി മണ്ണ് | 601.84 | 37.24 |
| 4. | ഉയർന്ന തലങ്ങളിൽ ചരൽ കലർന്ന ചുവന്ന മണ്ണ് | 577.01 | 35.71 |
| 5. | ജലാശയങ്ങൾ (കുളങ്ങൾ, തോടുകൾ) | 24.24 | 1.5 |
| | **ആകെ** | **1616.00** | **100.00** |

(വിഭവഭൂപടത്തിൻെറയും പഠനപര്യടനത്തിൻെറയും അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)

## ജനപ്രകൃതി

1991 ലെ സെൻസസ് കണക്കുകൾ പ്രകാരം പട്ടാമ്പി പഞ്ചായത്തിലെ ജനസംഖ്യ 22108 ആയിരുന്നു. ഇതിൽ 10641 പുരുഷന്മാരും, 11467 സ്ത്രീകളുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് 826 സ്ത്രീകൾ കൂടുതലാണ്. ആകെ വീടുകൾ 3520 ആയിരുന്നു. ഇത് ശരാശരി വീടൊന്നിന് 6.28 ആളുകൾ വീതമായിരുന്നു. 6 വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 3628. ഇതിൽ ആൺകുട്ടികൾ 1835, പെൺകുട്ടികൾ 1793. പട്ടികജാതി ജനസംഖ്യ 1454 പുരുഷന്മാരും 1557 സ്ത്രീകളും. പട്ടികവർഗ്ഗ ജനസംഖ്യ ഒരു പുരുഷനും രണ്ട് സ്ത്രീകളും. ആകെ ജനസംഖ്യ യിൽ 16,777 പേർ സാക്ഷരർ ആണ്. ഇതിൽ 8,322 പുരുഷന്മാരും, 8,455 സ്ത്രീകളുമാണ്. നിരക്ഷരരായവർ 24.11 ശതമാനമാണ്. എന്നാൽ സാക്ഷരതാ പ്രവർത്തനത്തിന് ശേഷം ഇവരിൽ 90 ശതമാനം പേരെയും സാക്ഷരരാക്കാൻ കഴിഞ്ഞിട്ടുണ്ട്.

1996 ൽ തിട്ടപ്പെടുത്തിയ കണക്കുകൾ പ്രകാരം (2.5 ശതമാനം വർദ്ധനാനിരക്കനുസരിച്ച്) പഞ്ചായത്തിലെ ജനസംഖ്യ 24,500 ആണ്. ഇതിൽ 11,792 പേർ പുരുഷന്മാരും, 12,708 പേർ സ്ത്രീകളുമാണ്. വിശദവിവരങ്ങൾ പട്ടിക 1 ൽ.

വിദ്യാഭ്യാസ രംഗത്ത് പാലക്കാട് ജില്ലയിൽ താരതമ്യേന മെച്ചപ്പെട്ട നില കൈവരിച്ച പ്രദേശമാണ് ഇത് എങ്കിലും, വിദ്യാസമ്പന്നരുടെ എണ്ണത്തിലും, പൊതുനിലവാരത്തിലും ഇന്നുള്ള സ്ഥിതി തീരെ തൃപ്തികരമല്ല. ആകെ ജനസംഖ്യയിൽ 18,424 പേർ സാക്ഷരരാണ്. ഇത് 90 ശതമാനം വരും. പഠനസൗകര്യങ്ങൾ ധാരാളമുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസം നേടിയവരുടെ എണ്ണം പ്രതീക്ഷിച്ചത്ര വർദ്ധിച്ചിട്ടില്ല. പഠിച്ചവർ തന്നെ തൊഴിൽ ലഭിക്കാതെ വിഷമിക്കുന്ന സ്ഥിതി ഉണ്ട്. മെച്ചപ്പെട്ട സാങ്കേതിക - തൊഴിൽ വിദ്യാഭ്യാസം ലഭിക്കാനുള്ള സാഹചര്യം തീരെ കുറവാണ്.

കാർഷിക മേഖലയിൽ തൊഴിൽ ചെയ്തിരുന്നവർ കെട്ടിടനിർമ്മാണ രംഗത്തേക്ക് മാറി പ്പോകുന്നത് വളരെ പ്രകടമായിട്ടുണ്ട്. ഗൾഫ് പണത്തിന്റെ സാന്നിദ്ധ്യമാണ് ഈ പഞ്ചായത്തിന്റെ സമ്പദ്ഘടനയെ വലിയൊരളവു വരെ ശക്തിപ്പെടുത്തുന്നത്. പരമ്പരാഗത കൈത്തറി, നെയ്ത്തു വ്യവസായം, കുട്ട-വട്ടി നെയ്ത്ത്, ബീഡി തെറുപ്പ് തുടങ്ങിയവ അപ്രത്യക്ഷമായി ക്കൊണ്ടിരിക്കുന്നു.

ഒരുകാലത്ത് മരവ്യവസായത്തിന്റേയും, തീപ്പെട്ടി വ്യവസായത്തിന്റേയും, മലഞ്ചരക്കി ന്റേയും കയറ്റുമതിയുടെ സിരാകേന്ദ്രമായിരുന്നു ഈ പഞ്ചായത്ത്. റെയിൽവെ സ്റ്റേഷനിൽ മരം കയറ്റാനുള്ള വാഗണുകൾ നിരന്നു നിന്നിരുന്ന ഒരു കാലവും നമ്മുടെ ഓർമ്മയിൽ ഉണ്ട്. ഇപ്പോൾ സ്ഥിതിഗതികൾ ആകെ മാറിയിരിക്കുന്നു. ഈ വ്യവസായങ്ങളെല്ലാം ഇന്ന് പ്രതി സന്ധിയിലാണ്.

## പഞ്ചായത്തിലെ ജനസംഖ്യാ വിവരങ്ങൾ 1991 ലെ സെൻസസ് പ്രകാരം

### ജനപ്രകൃതി - പട്ടിക 1

| വർഷം | | 1991 | 1996 |
|---|---|---|---|
| ആകെ ജനസംഖ്യ | | 22108 | 24500 |
| | പുരുഷന്മാർ | 10641 | 11792 |
| | സ്ത്രീകൾ | 11467 | 12708 |
| ആറു വയസ്സിനു താഴയുള്ളവർ | ആകെ | 3628 | 4021 |
| | ആൺ | 1835 | 2034 |
| | പെൺ | 1793 | 1987 |
| പട്ടികജാതി ജനസംഖ്യ | ആകെ | 3011 | 3342 |
| | പുരുഷൻ | 1454 | 1617 |
| | സ്ത്രീ | 1557 | 1725 |
| പട്ടികവർഗ്ഗം | ആകെ | 3 | 3 |
| | പുരുഷൻ | 1 | 1 |
| | സ്ത്രീ | 2 | 2 |
| സാക്ഷരർ | പുരുഷൻ | 8322 | 9309 |
| | സ്ത്രീ | 8455 | 9115 |

ഇല്ലങ്ങളുടേയും, മനകളുടേയും നാടായ പട്ടാമ്പിയിലും ജാതീയമായ അസമത്വങ്ങൾ ശക്തമായി അനുഭവപ്പെട്ടിരുന്നു എങ്കിലും സ്വാതന്ത്ര്യസമരത്തിൻെറ ഭാഗകമായും മറ്റും നടന്ന സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളിലൂടെ അനാചാരങ്ങൾ ഒരു പരിധി വരെ അവസാനി പ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 1930 ൽ കേളപ്പജിയുടെ അറിവോടും അനുമതിയോടും കൂടി പന്തക്കൽ പറമ്പിലെ ഒരു വീട്ടിൽ പതിവായി മിശ്രഭോജനം നടത്തുകയും, അയിത്തത്തിനെതി രായ പോരാട്ടം സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൊടലൂരിലെ പാണ്ടൻകുളത്തിൽ ഉയർന്ന ജാതിയിലുള്ളവരുടെ പ്രതിഷേധം വകവെക്കാതെ അന്നത്തെ താഴ്ന്ന ജാതിക്കാരെ കുളിക്കാൻ ഇറക്കിയ സംഭവവും ഉണ്ടായിട്ടുണ്ട്. ഇന്ന് പട്ടാമ്പിയിലെ ജനങ്ങൾ വളരെയധികം രാഷ്ട്രീയ പ്രബുദ്ധതയുള്ളവരും, സമാധാനപ്രേമികളും, മത നിരപേക്ഷതയിൽ ഉറച്ചു വിശ്വസിക്കുന്നവരുമാണ്.

## ജലപ്രകൃതി

നിളാനദിയുടെ പരിലാളനയേറ്റ് സ്ഥിതി ചെയ്യുന്ന പട്ടാമ്പി പഞ്ചായത്തിൻെറ ജലപ്രകൃതി പരിശോധിക്കുമ്പോൾ ലഭിക്കുന്ന വിവരങ്ങൾ ഇവയാണ്. ഈ പ്രദേശത്ത് കൊല്ലത്തിൽ ശരാശരി 2518 മി.മീ. മഴ ലഭിക്കുന്നുണ്ട്. ജൂൺ ജൂലായ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. പഞ്ചായത്തിൻെറ തെക്കുഭാഗത്ത് മുച്ചിരിത്തോടും, ഭാരതപ്പുഴയും, മദ്ധ്യഭാഗത്ത് കണ്ടൻതോടും, വടക്കുഭാഗത്ത് പൊലിയില തോടും, വള്ളൂർ തോടും സ്ഥിതി ചെയ്യുന്നു. ഭാരതപ്പുഴ 4 കിലോ മീറ്ററും, തോടുകൾ ഒട്ടാകെ 8.5 കിലോ മീറ്ററും ആണ്. ഇതിനു പുറമെ വലുതും ചെറുതുമായ പതിനഞ്ചോളം കുളങ്ങളും ഉണ്ട്. പ്രധാന തോടുകളേയും കുളങ്ങളേയും സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**ജലാശയങ്ങൾ സംബന്ധിച്ച വിവരങ്ങൾ**

| ക്രമനമ്പർ | പേര് - പുഴകൾ /തോടുകൾ | വാർഡ് | നീളം |
|---|---|---|---|
| 1. | ഭാരതപ്പുഴ | 5,9 | 4 കി.മീ |
| 2. | കണ്ടൻതോട് | 3,5,6,7,10 | 3 കി.മീ |
| 3. | പൊലിയില തോട് | 2,3,5 | 1.5 കി.മീ |
| 4. | വള്ളൂർ തോട് | 1 | 2 കി.മീ |
| 5. | മുച്ചിരിത്തോട് | 8,9 | 1 കി.മീ |
| 6. | പാമ്പാടി തോട് | 8,9 | 1 കി.മീ |
| | **കുളങ്ങൾ** | **വാർഡ്** | **വിസ്തൃതി - ഏക്ര** |
| 1. | മേലേക്കുളം | 1 | 0.60 |
| 2. | പെരുനാരക്കുളം | 1 | 0.10 |
| 3. | ഇരട്ടക്കുളം | 2 | 0.75 |
| 4. | ഓണങ്ങോട്ടു കുളം | 2 | 0.05 |
| 5. | പുത്തൻ വീട്ടു കുളം | 2 | 0.05 |
| 6. | ചോലക്കുളം | 4 | 0.12 |
| 7. | പണ്ടാരത്തിൽ കുളം | 5 | 0.10 |
| 8. | പെരിക്കാട്ടു കുളം | 6 | 0.75 |
| 9. | മഠത്തിൽ കുളം | 6 | 0.10 |
| 10. | കൈതക്കുളം | 6 | 0.12 |
| 11. | പാണ്ടൻ കുളം | 7 | 1.00 |
| 12. | ആനങ്ങാട്ടു കുളം | 8 | 1.00 |
| 13. | വെള്ളിലപ്പെട്ടി ക്ഷേത്രക്കുളം | 9 | 0.50 |
| 14. | പുതുക്കുളം | 2 | 0.30 |
| 15. | വള്ളൂർ അമ്പലക്കുളം | 1 | 1.00 |
| 16. | കൊക്കർണിക്കുളം | 8 | 0.05 |

ഭൂമിയുടെ കിടപ്പും നീരൊഴുക്കിൻെറ ഗതിയും ഈ പഞ്ചായത്തിനെ ഒരു ജലദൗർലഭ്യമുള്ള പ്രദേശമാക്കി മാറ്റിയിട്ടുണ്ട്. ഭാരതപ്പുഴയിൽ നിന്നും അനിയന്ത്രിതമായ മണൽ വാരൽ ഈ പ്രശ്നത്തെ രൂക്ഷമാക്കുന്നുണ്ട്. താരതമ്യേന എല്ലാ പ്രദേശങ്ങളിലും, വർൾച്ച മാസങ്ങളിൽ ഒഴികെ കിണറുകളിൽ ശുദ്ധജലം ലഭ്യമാണ്. ജനുവരി മാസം മുതൽ മെയ് വരെയുള്ള മാസങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണിത്. ശങ്കരമംഗലം, കൊടലൂർ, മേലേ പട്ടാമ്പി, കിഴായൂർ, ഉമിക്കുന്ന് കോഴിക്കുന്ന് പ്രദേശങ്ങളിൽ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ജലക്ഷാമം കൂടുതലാണ്.



*പാഴായി പോകുന്ന ജലസമ്പത്ത് .....*

# വികസന മേഖലകൾ

## കാർഷികമേഖല

കാർഷികമേഖലയുടെ വികസനം എന്നതുകൊണ്ടുദ്ദേശിക്കുന്നത്, കൃഷി, മൃഗസംരക്ഷണം, മത്സ്യം വളർത്തൽ തുടങ്ങിയ പരസ്പരം ബന്ധപ്പെട്ട തുറകളിൽ ഉല്പാദന വർദ്ധനവ് കൈവരിക്കലും അതു വഴി ജനങ്ങളുടെ ജീവിത നിലവാരത്തിൻെറ പടിപടിയായുള്ള ഉയർച്ചയുമാണ്. ഈ ലക്ഷ്യം കൈവരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ, പഴയ കാലഘട്ടത്തിൽ നിലനിന്നിരുന്ന സാഹചര്യങ്ങളും, രീതികളും, അതു വഴി കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തേണ്ടതുണ്ട്. കൂടാതെ, ഈ കാലഘട്ടത്തിൽ അവശേഷിക്കുന്ന വിഭവങ്ങളും, സൗകര്യങ്ങളും സംരക്ഷിക്കാനും പരമാവധി പ്രയോജനപ്പെടുത്താനുമുള്ള വഴികൾ ആരായേണ്ടതുണ്ട്. അടിസ്ഥാന ഘടകങ്ങളുടേയും സാഹചര്യങ്ങളുടേയും പോരായ്മ നികത്തി, നൂതനരീതികൾ ഫലവത്തായി പ്രയോഗിക്കാനുള്ള സാദ്ധ്യതകൾ കണ്ടെത്തേണ്ടതുണ്ട്.

കേരളത്തിൽ മൊത്തത്തിൽ വികസനത്തിനു വിഘാതമായി നിൽക്കുന്ന ഒട്ടേറെ പ്രശ്നങ്ങൾ പട്ടാമ്പി പ്രദേശത്തിനും ബാധകമാണ്. എന്നാൽ ഈ പ്രദേശത്തെ സംബന്ധിച്ചേടത്തോളം ഇവിടെ കഴിഞ്ഞ 70 വർഷമായി കാർഷിക ഗവേഷണ രംഗത്ത് പ്രവർത്തിച്ചു വരുന്ന മദ്ധ്യമേഖലാ കാർഷിക ഗവേഷണ കേന്ദ്രത്തിൻെറ സാമീപ്യം കാർഷിക മേഖലയുടെ വികസനത്തിന് ആക്കം കൂട്ടുന്ന ഒരു പ്രത്യേക അനുകൂല ഘടകമാണ്. ഈ കേന്ദ്രം പുറത്തിറക്കിയിട്ടുള്ള നെൽവിത്തിനങ്ങളെല്ലാം പട്ടാമ്പിയുടെ പേരിലാണ് അറിയപ്പെടുന്നത്. ഈ ഗവേഷണ കേന്ദ്രത്തിൻെറ ആഗോള പ്രശസ്തി കാരണം, പട്ടാമ്പിയുടെ പേര് കാർഷികമേഖലയുമായി ബന്ധപ്പെട്ട പുറംലോകം മുഴുവൻ അറിയപ്പെടുന്നു.

ഇങ്ങനെയൊരു പ്രശസ്ത കേന്ദ്രം പട്ടാമ്പിയിൽ സ്ഥിതി ചെയ്തിട്ടും അതിൻെറ ഗവേഷണ കണ്ടെത്തലുകളും അറിവുകളും ഈ പ്രദേശത്തെ കൃഷി - മൃഗസംരക്ഷണ രംഗത്തെ രീതികളിൽ പ്രതിഫലിപ്പിക്കാൻ തക്കവണ്ണം മുതലെടുക്കാൻ ആരും ശ്രമിച്ചിട്ടില്ല എന്നത് ഒരു വസ്തുതയാണ്. അതിനുള്ള ഒരു പ്രേരണ തദ്ദേശവാസികളിൽ നിന്നോ, അധികൃതരിൽ നിന്നോ ഇനിയും ഉണ്ടാവാത്തത് കൊണ്ടാവാം. ഗവേഷണ കേന്ദ്രവും പട്ടാമ്പിയിലെ കാർഷിക മേഖലയും തമ്മിൽ ഒരു അന്യത നിർഭാഗ്യവശാൽ ഇന്നും നിലനിൽക്കുന്നു. അതിനാൽ പട്ടാമ്പി പഞ്ചായത്തിൻെറ കാർഷിക വികസന യത്നത്തിൽ ഈ മഹൽ സ്ഥാപനത്തിൻെറ പങ്കിന് പ്രാമുഖ്യം നൽകേണ്ടതാണ്. ജനകീയാസൂത്രണത്തെ പറ്റി സാധാരണ ജനങ്ങളും യുവാക്കളും ഗൗരവമായി ചിന്തിക്കുകയും അതിൻെറ വിജയം പ്രത്യാശയോടെ ഉറ്റുനോക്കുകയും ചെയ്യുന്ന ഈ

കാലഘട്ടത്തിൽ കഴിഞ്ഞ കാലത്തെ പാളിച്ചകൾ തിരുത്തിക്കുറിച്ചുകൊണ്ട് മുന്നേറേണ്ടിയിരിക്കുന്നു. ശ്രദ്ധാപൂർവ്വമായ ആസൂത്രണം കൊണ്ട് പട്ടാമ്പി പഞ്ചായത്തിനെ കാർഷിക - മൃഗസംരക്ഷണ മേഖലയിലെ ആധുനിക രീതികളുടെ വിജയം ഉൽഘോഷിക്കുന്ന ഒരു മാതൃകാ കാർഷിക പ്രദേശമായും, കാർഷിക - മൃഗസംരക്ഷണ ഉല്പന്നങ്ങളുടേയും, ഉപകരണങ്ങളുടേയും സ്വയം സമ്പൂർണ്ണമായ ഒരു വൻകിട വിപണിയായും മാറ്റിയെടുക്കുക എന്നതായിരിക്കണം ലക്ഷ്യം. അതിന്നനുസൃതമായ ദീർഘവീക്ഷണമുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കാർഷിക ഗവേഷണ കേന്ദ്രത്തിൻേറയും, സർക്കാർ വകുപ്പുകളുടേയും സഹകരണവും സേവനവും പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഈ യജ്ഞത്തിൽ, പട്ടാമ്പി പഞ്ചായത്തിലെ ബഹുജനങ്ങളോടൊപ്പം തോളോട് തോളുരുമ്മി നിൽക്കാമെന്ന അവരുടെ വാഗ്ദാനം ആശാവഹമാണ്. അതോടൊപ്പം ഈ പ്രദേശത്തെ കർഷകരുടേയും, ബഹുജനങ്ങളുടേയും മുഴുവൻ സഹകരണവും പങ്കാളിത്തവും സമാഹരിക്കാനുള്ള തീവ്രശ്രമങ്ങളും നടത്തേണ്ടതുണ്ട്. യുക്തവും ഫലപ്രദവുമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനു വേണ്ട അടിസ്ഥാന വിവരങ്ങളുടെ ഒരു ചെറിയ ഭാഗമെങ്കിലും ഒരുക്കികൊടുക്കുക മാത്രമാണ് ഈ റിപ്പോർട്ട് കൊണ്ട് ഉദ്ദേശിക്കുന്നത്.

പട്ടിക 1

ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ

| നമ്പർ | ഇനം | വിസ്തീർണ്ണം (ഏക്കറിൽ) |
|---|---|---|
| 1. | നിലം | 1000.00 |
| 2. | പുരയിടം | 568.51 |
| 3. | പുറമ്പോക്ക് | 626.02 |
| 4. | കൃഷിയോഗ്യമായ തരിശ് | 681.25 |
| 5. | കൃഷിയോഗ്യമല്ലാത്ത തരിശ് | 1034.22 |
| | ആകെ | 3960.00 |

പട്ടിക 2

പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ

| വില്ലേജിൻെറ പേര് | വിസ്തീർണ്ണം (ഏക്കറിൽ) | | | | | | |
|---|---|---|---|---|---|---|---|
| | റോഡ് | തോട് | കുളം | പുഴ | റെയിൽ | റവന്യൂ | വനം |
| പട്ടാമ്പി | 28.55 | ....... | ...... | 199.96 | 44.09 | .......... | ........... |

## കൃഷി - ജലസേചനം

**കഴിഞ്ഞകാലത്തെ അവസ്ഥ** : ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽ സ്വാതന്ത്ര്യലബ്ധി വരെയുള്ള കാലഘട്ടത്തിൽ നില നിന്നിരുന്ന കാർഷികമേഖലയുടെ ചിത്രം പഴയ മലബാർ പ്രദേശത്തുടനീളം ഏതാണ്ടൊരുപോലെയായിരുന്നു. കാർഷികവൃത്തികൾ കൈകാര്യം ചെയ്തിരുന്നത് ജന്മി-കുടിയാൻ-കർഷകത്തൊഴിലാളി ശൃംഘലയായിരുന്നു. ജന്മിമാർ നേരിട്ട് കൃഷി നടത്തുന്ന രീതി ഇല്ലായിരുന്നു എന്നു തന്നെ പറയാം. പട്ടാമ്പി പ്രദേശത്തെ ഭൂമി മുഴുവനും പത്തോളം നമ്പൂതിരി ഭവനങ്ങളുടേയും അഞ്ചു ദേവസ്വങ്ങളുടേയും ഉടമസ്ഥതയിലായിരുന്നു. കൃഷിക്കാരായ കുടിയാന്മാർ ഇവരിൽ നിന്നും ഭൂമി പാട്ടത്തിനെടുത്ത് സ്വന്തമായും, തൊഴിലാളികളെ ഉപയോഗിച്ചും കൃഷി നടത്തുകയായിരുന്നു. പാട്ടത്തിനെടുത്തവർ, നേരിട്ട് കൃഷി നടത്താതെ മറിച്ച് പാട്ടത്തിനു കൊടുത്ത് ലാഭമുണ്ടാക്കുന്ന പതിവുമുണ്ടായിരുന്നു. കുടിയാന്മാർ മൂന്ന് തരക്കാരായിരുന്നു.

1) 12 കൊല്ലത്തേക്ക് കാണം ചാർത്തി വാങ്ങുന്ന കാണക്കുടിയാന്മാർ
2) ഒരു കൊല്ലത്തെ പാട്ട ശീട്ട് പ്രകാരമുള്ളവർ.
3) വാക്കാൽ പാട്ടത്തിന് എടുക്കുന്നവർ.

കൃഷിപ്പണിയിലേർപ്പെട്ടിരുന്ന തൊഴിലാളികൾ മുഖ്യമായും പട്ടികജാതി വർഗ്ഗക്കാരായിരുന്നു. ഓരോ കൃഷിക്കാരും ആവശ്യമുള്ളത്ര സ്ത്രീ-പുരുഷ തൊഴിലാളികളെ വീടും സ്ഥലവും കൊടുത്ത് പാർപ്പിക്കുന്ന പതിവുണ്ടായിരുന്നു. തൊഴിലാളികൾക്ക് ഓണത്തിനും വിഷുവിനും കെട്ടും തുണിയും കൊടുത്ത് അവരുടെ സേവനം ഉറപ്പാക്കുകയും, എല്ലാ കൊല്ലവും ഈ ധാരണ പുതുക്കുകയും ചെയ്തിരുന്നു. ഈ കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്ന കൂലിനിരക്ക്, പുരുഷന് 5 നാഴി നെല്ലും, സ്ത്രീക്ക് 4 നാഴി നെല്ലുമായിരുന്നു. ഭൂവിനിമയം ഏക്കർ സെന്റ് കണക്കിലായിരുന്നില്ല. ഇത്ര വടിപ്പൻ നെല്ല് പാട്ടം കിട്ടുന്ന സ്ഥലം എന്നതായിരുന്നു മാനദണ്ഡം.

പാട്ടവ്യവസ്ഥക്ക് പുറമെ കുടിയാനിൽ നിന്നും വാരം ഊട്ട്, കാഴ്ചക്കുലകൾ, നെല്ല്, വൈക്കോൽ എന്നിവയും ജന്മിമാർ നിർബന്ധപൂർവ്വം വാങ്ങിയിരുന്നു. ഇവർക്കിടയിൽ അയിത്താചാരവും നിലനിന്നിരുന്നു.

നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ, ചേന, ചേമ്പ് പച്ചക്കറികൾ, ഇഞ്ചി, കടല, എള്ള് എന്നിവയായിരുന്നു അന്നത്തെ മുഖ്യവിളകൾ. പരമാവധി സ്ഥലങ്ങളിൽ രണ്ടു വിളയും, മൂന്നാം വിളയായി പച്ചക്കറി എള്ള്, മുതിര, ഉഴുന്ന്, ചാമ എന്നിവയും കിഴായൂർ, വള്ളൂർ, കൊടലൂർ എന്നിവിടങ്ങളിൽ കൃഷി ചെയ്തിരുന്നു. ഈ പാടങ്ങളിൽ വേനൽക്കാല പച്ചക്കറി കൃഷിയും വ്യാപകമായി ചെയ്തിരുന്നു. പട്ടാമ്പിയിലെ പുഴയോരവും പച്ചക്കറി കൃഷിയുടെ ഒരു കേന്ദ്രമായിരുന്നു.

അക്കാലത്ത് പട്ടാമ്പിയിൽ മുടങ്ങാതെ നടന്നിരുന്ന ചൊവ്വാഴ്ച ചന്തയിലേക്ക് ഈ പ്രദേശങ്ങളിൽ നിന്നും വില്പനക്കുള്ള പച്ചക്കറി ചുമടുകൾ നീങ്ങിയിരുന്ന കാഴ്ച പഴമക്കാർ ഇപ്പോഴും ഓർക്കുന്നു. നെൽകൃഷിയിൽ നിന്നും 30 മുതൽ 40 മേനി വരെ വിളവ് ലഭിക്കുന്ന നെൽപാടങ്ങളുണ്ടായിരുന്നു. മറ്റു കൃഷികളിൽ നിന്നുള്ള വിളവും ഇപ്പോഴത്തേതിൻെറ രണ്ടു മുതൽ മൂന്ന് ഇരട്ടി വരെയുണ്ടായിരുന്നു. അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്ന പ്രധാന നെൽവിത്തിനങ്ങൾ ആര്യൻ, പൊന്നാര്യൻ, വെളുത്തരി കഴമ, ചെങ്കഴമ, വെളുത്തവട്ടൻ, തവളക്കണ്ണൻ, മുണ്ടൻകുട്ടി, കറുത്ത വട്ടൻ, നവര ചിറ്റേനി, വെളുത്ത ചീര, ചുവന്ന ചീര, വൃശ്ചിക പാണ്ടി, കട്ടമോടൻ എന്നിവയായിരുന്നു പ്രധാന വാഴ ഇനങ്ങൾ. നേന്ത്ര, കാളിപടലി, മൈസൂർ പൂവൻ, കുന്നൻ, നെയ്വണ്ണൻ, നാട്ടു പൂവൻ തുടങ്ങിയവയായിരുന്നു. പട്ടാമ്പി പ്രദേശത്തെ നെൽപാടങ്ങളിലും മറ്റു കൃഷി സ്ഥലങ്ങളിലും നിലവിലുണ്ടായിരുന്ന ജലസേചന കുളങ്ങളും കിണറുകളും യഥാകാലം സംരക്ഷിച്ചു വന്നിരുന്നു. തോടുകളിലൂടെ ഒഴുകി പോവുന്ന വെള്ളം കൈത, മടൽ, ഓല, വൃക്ഷക്കൊമ്പുകൾ എന്നിവ ഉപയോഗിച്ച് ചിലവു കുറഞ്ഞ രീതിയിൽ ചിറകെട്ടി തടുത്തു നിർത്തി ആവശ്യാനുസരണം ഉപയോഗിച്ചിരുന്നു. കൂടുതൽ ആളുകൾക്ക് കൃഷിയിൽ ശ്രദ്ധയുണ്ടായിരുന്നതിനാൽ ഇക്കാര്യങ്ങൾ കൂട്ടായി ചെയ്യാൻ കഴിയുമായിരുന്നു. ഉഴവിൻെറ ആവശ്യത്തിലേക്ക് എല്ലാ കർഷക ഗൃഹങ്ങളിലും ഉഴവു മാടുകളേയും, നാടൻ പശുക്കളേയും വളർത്തിയിരുന്നതിനാൽ കാലിവളം സുലഭമായിരുന്നു. വൃക്ഷങ്ങളും മറ്റു സസ്യജാലങ്ങളും ധാരാളമുണ്ടായിരുന്നതിനാൽ വൻതോതിൽ ജൈവ വളം ഉപയോഗിക്കാൻ കഴിഞ്ഞിരുന്നു. രാസവളപ്രയോഗം പ്രചാരത്തിലുണ്ടായിരുന്നില്ലാത്തതിനാൽ മണ്ണിൻെറ സമതുലിതാവസ്ഥ നിലനിർത്താൻ കഴിയുമായിരുന്നു. വെള്ളം തേവാനായി തേക്കുകൊട്ട, കാളത്തേക്ക്, കയറ്റുകൊട്ട എന്നിവയായിരുന്നു ഈ പ്രദേശത്ത് ഉപയോഗത്തിലുണ്ടായിരുന്നത്. വിളരോഗങ്ങൾ പൊതുവെ വലിയ പ്രശ്നമായി നിലനിന്നിരുന്നില്ല. വലവീശി പിടിക്കൽ, നായ്ക്കരിമ്പിൻ ഓല കൊണ്ട് വീശിപ്പിടിക്കൽ, നായ്ക്കുരണപ്പൊടി, കോഴിവളം, ചാണകം, പുകയിലക്കഷായം തുടങ്ങിയവയുടെ പ്രയോഗം എന്നീ രോഗനിയന്ത്രണ രീതികളാണ് നിലവിലുണ്ടായിരുന്നത്. ഒരേ ഉടമസ്ഥതയിലുള്ള ഏക്കർ കണക്കിലുള്ള കൃഷിസ്ഥലങ്ങൾ ഒന്നിച്ചു കിടന്നതിനാലും, എല്ലാവരുടേയും വിത്തുകളും കൃഷി രീതികളും ഏതാണ്ട് ഒരു പോലെയായതിനാലും, വിവിധ കൃഷിമുറകൾക്ക് ഐകരൂപ്യവും കൂടുതൽ കൂട്ടായ്മയും ഉണ്ടായിരുന്നു എന്നതാണ് പഴയ കൃഷികാരണവന്മാർ അയവിറക്കുന്ന മധുരസ്വപ്നം. 1927 ൽ പട്ടാമ്പിയിൽ 'പാഡി ബ്രീഡിംഗ് സ്റ്റേഷൻ' എന്ന പേരിൽ സ്ഥാപിതമായ കൃഷിഫോറത്തിൻെറ സ്വാധീനവും അല്പ സ്വല്പം ഈ പ്രദേശത്തുണ്ടായിരുന്നു. ഇതു കാരണം എല്ലാ കൃഷിയുടേയും ഉല്പാദന ക്ഷമതയും മൊത്തം ഉത്പാദനവും ഇന്നത്തെക്കാൾ ഇരട്ടിയിൽ ഒട്ടും കുറവായിരുന്നില്ല.

അന്നത്തെ അവസ്ഥക്കനുസരിച്ച് ഉല്പാദന രംഗം സുരക്ഷിതമായിരുന്നുവെങ്കിലും, തൊഴിൽ ബന്ധങ്ങളിൽ ഒരു അടിമത്ത സ്വഭാവം നിലനിന്നിരുന്നു. കുടിയാനിൽ നിന്നും എപ്പോൾ വേണമെങ്കിലും കൃഷിഭൂമി തിരിച്ചുപിടിക്കാനുള്ള പരമാധികാരം ജന്മിയിൽ നിക്ഷിപ്തമായിരുന്നു. തൊഴിലാളികൾ അസംഘടിതരും അസ്വതന്ത്രരും ആയിരുന്നതിനാൽ പരമാവധി ചൂഷണങ്ങൾക്കിരയായിരുന്നു.

വർഷങ്ങളായി നിലനിന്നിരുന്ന തൊഴിൽ ബന്ധങ്ങളിൽ ക്രമേണ അസംതൃപ്തിയും അരക്ഷിതാ ബോധവും വളർന്നു. ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പട്ടാമ്പിയിലും പരിസരപ്രദേശങ്ങളിലുമുണ്ടായി. വള്ളുവനാട്ടിൽ പൊതുവെ ഉണ്ടായ സംഘടിത നീക്കങ്ങളുടെ അലകൾ ഈ പ്രദേശത്തേക്കും വീശാൻ തുടങ്ങിയപ്പോൾ നിലവിലുള്ള വ്യവസ്ഥിതിക്കെതിരെയുള്ള പ്രതിഷേധ സ്വരങ്ങൾക്ക് ശക്തി കൂടി. കുടിയാന്മാരുടെ സംരക്ഷണാർത്ഥം അക്കാലത്ത് നടപ്പാക്കിയ മലബാർ കുടിയായ്മ നിയമം മൂലം ഉദ്ദേശിച്ച ഫലം മുഴുവനും ലഭിച്ചില്ല. ഈ അവസ്ഥ വർഷങ്ങളോളം തുടർന്നു. കാർഷിക ബന്ധങ്ങളിൽ സമൂലമായ ഒരു മാറ്റത്തിനു വേണ്ടിയുള്ള ശ്രമങ്ങളാരംഭിച്ചത് കേരളസംസ്ഥാന രൂപീകരത്തിനു ശേഷം 1957 ൽ ആദ്യത്തെ കേരള സർക്കാർ നിലവിൽ വന്നപ്പോഴാണ്. ഇതിനെത്തുടർന്ന് ഉണ്ടാക്കിയ കേരള ഭൂപരിഷ്കരണ നിയമം, നിയമ നിർമ്മാണത്തിൻെറ വിവിധ ഘട്ടങ്ങൾ താണ്ടി നടപ്പിലായത് 1970 ജനുവരിയിലാണ്.

**നിലവിലുള്ള അവസ്ഥ** : പുതിയ നിയമ നിർമ്മാണങ്ങളിലൂടെ കാർഷിക ബന്ധങ്ങൾക്ക് മാറ്റം വരികയും, കൃഷിയിൽ ഏർപ്പെടുന്നവരുടെ താൽപര്യസംരക്ഷണം ഉറപ്പാവുകയും ചെയ്തുവെങ്കിലും, കാർഷിക ഉത്പാദന രംഗം മറ്റു പല കാരണങ്ങളാലും താളം തെറ്റുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. എല്ലാ വിളകളുടേയും ഉത്പാദനക്ഷമതയും, മൊത്തം ഉത്പാദനവും ക്രമേണ കുറഞ്ഞുകൊണ്ടേയിരുന്നു. ഈ അവസ്ഥ ഏറ്റക്കുറച്ചിലുകളോടെ മറ്റു സംസ്ഥാനങ്ങളിലും നിലനിന്നുവെങ്കിലും, കേരളത്തിൽ സംഭവിച്ചേടത്തോളം കാർഷിക മുരടിപ്പ് മറ്റെങ്ങും ഉണ്ടായില്ല.

കേരളത്തിലെ തൊഴിൽ മേഖലയിലും, സാമ്പത്തിക രംഗത്തും രൂപം കൊണ്ട അനിശ്ചിതാവസ്ഥയും അസന്തുലിതാവസ്ഥയും ഈ സ്ഥിതിവിശേഷത്തിനു കാരണങ്ങളാണ്.

### പട്ടിക 3
### ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിന്ന്) | | | | | ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ | 1-10സെ. | 10-25സെ. | 25-50സെ. | 50-100സെ. | 1-2ഏ. | 2-5ഏ | 5ഏ മുകളിൽ |
| 1165.62 | 1000 | 626.02 | 1034.22 | 3925.86 | 1532 | 912 | 908 | 719 | 641 | 289 | 261 |

ഭൂപരിഷ്കരണ നിയമം നടപ്പാലിലാക്കിയതിനെത്തുടർന്ന് പരസഹസ്രം കർഷകർ ചെറിയ ചെറിയ തുണ്ടു ഭൂമികളുടെ ഉടമകളായി മാറി. ഗൾഫ് പണത്തിൻെറ വരവ് തുടങ്ങിയപ്പോൾ വ്യാപകമായ തോതിൽ ഭൂവിനിമയങ്ങൾ നടന്നു. പട്ടാമ്പിയിലും പരിസരപ്രദേശങ്ങളിലും പ്രത്യ ല്പാദനപരമല്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ അനിയന്ത്രിതമായി വർദ്ധിച്ചു. കൃഷിയിലും കൃഷിപ്പണിയിലും ഏർപ്പെട്ടിരുന്ന ധാരാളം ആളുകൾ ഈ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവിധ തൊഴിലുകളിലേക്ക് ചേക്കേറി. കൃത്രിമമായ കൂലി വർദ്ധനവും ദ്രുത വരുമാന മാർഗ്ഗമുള്ള കാർഷികേതര തൊഴിലുകളും വിലക്കയറ്റവും എല്ലാമായിരുന്നു ഇതിൻെറ അനന്തരഫലങ്ങൾ. കൃഷി ലാഭകരമല്ലാതായ സാഹചര്യത്തിൽ പലരും അതിൽ നിന്നും പിന്തിരിയുകയും കൃഷിയുക്തമായ ഭൂമി തരിശിടുകയോ, മറ്റാവശ്യങ്ങൾക്കു വേണ്ടി വിനിയോഗിക്കുകയോ ചെയ്തു. പട്ടാമ്പി പഞ്ചായത്തിൽ ഇപ്രകാരം പത്ത് ശതമാനത്തോളം കൃഷിഭൂമി കൃഷി ചെയ്യാതെ മാറ്റിയിടപ്പെട്ടിട്ടുണ്ട്. ബാക്കി കൃഷിഭൂമികളിൽ തന്നെ സിംഹഭാഗവും ഒന്നാം വിളയിൽ ഒതുക്കി നിർത്തുന്നു. അടിസ്ഥാന ഘടകങ്ങളുടേയും സൗകര്യങ്ങളുടേയും അഭാവത്തിൽ എല്ലാ കൃഷിയുടേയും ഉല്പാദനക്ഷമത മൊത്തത്തിൽ അമ്പത് ശതമാനത്തോളം കുറഞ്ഞു. ജലസേചന സൗകര്യങ്ങൾ സംരക്ഷിക്കുന്നതിൽ ശ്രദ്ധയില്ലായ്മയും അതിനുള്ള സർക്കാർ പദ്ധതികൾ അപര്യാപ്തമാവുകയും ചെയ്തു. പഞ്ചായത്തിൻെറ പലഭാഗത്തും നിലവിലുണ്ടായിരുന്ന കുറെ കുളങ്ങൾ തുടർന്ന് ഇല്ലാതാവുകയോ ഉപയോഗശൂന്യമാവുകയോ ചെയ്തിട്ടുണ്ട്. തോടുകളുടെ പാർശ്വഭിത്തികൾ സംരക്ഷിക്കാത്തതു മൂലം വർഷക്കാലത്ത് വെള്ളം പാഴായി പോവുകയും കൃഷിനാശം വരുത്തുകയും ചെയ്യുന്നു. മൊത്തം ഉല്പാദനത്തിൽ സംഭവിച്ച കുറവു നികത്താൻ നൂതനമാർഗ്ഗങ്ങളുപയോഗിച്ച് ഉല്പാദന ക്ഷമത വർദ്ധിപ്പിക്കാനുള്ള ബോധപൂർവ്വമായ ഒരു ശ്രമവും വിജയകരമായി നടക്കുന്നില്ല. കൃഷിയിൽ തന്നെ പിടിച്ചു നിൽക്കുന്ന കർഷകർ അവരുടെ പ്രശ്നങ്ങൾ പരിഹരിച്ചു കിട്ടാൻ സർക്കാരിലേക്ക് കണ്ണും നട്ട് കാത്തിരിക്കുന്നു. കാത്തിരിപ്പ് വൃഥാവിലാണെന്ന് തോന്നുന്നവർ കൃഷിയെയും വ്യവസ്ഥിതിയെയും പഴിച്ചു കൊണ്ട് മറ്റു ദ്രുതവരുമാനമുണ്ടാക്കുന്ന തൊഴിലുകൾ തേടി പോവുന്നു. ഈ ദുരവസ്ഥ ഒരു വെല്ലുവിളിയായി സ്വീകരിച്ച് വൈകിയെത്തിയ വിവേകം ഉപയോഗിച്ച് അതിനെ നേരിടാനുള്ള വഴികൾ ആരായാനുള്ള അവസരമാണിത്. കൂട്ടായ പ്രയത്നത്തിലൂടെ ഈ അവസരം ഉപയോഗപ്പെടുത്തിക്കൊണ്ട് കാർഷിക രംഗത്ത് നിലനിൽക്കുന്ന മുരടിപ്പിനെ അതിജീവിക്കാൻ കഴിയണം.

## പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും

**1. ജലസേചന സൗകര്യങ്ങൾ** : നെൽകൃഷിയേയും മറ്റെല്ലാ കൃഷികളേയും പ്രതികൂലമായി ബാധിച്ചിട്ടുള്ള ഒരു പ്രധാന ഘടകമാണ് ജലസേചന സൗകര്യങ്ങളുടെ അഭാവം. പട്ടാമ്പി പഞ്ചായത്തിൽ മൊത്തം 1000 ഏക്കർ കൃഷിനിലങ്ങൾ ഉള്ളതിൻെറ മുഖ്യഭാഗം നെൽകൃഷിക്കാണ് ഉപയോഗിക്കുന്നത്. പൊതുജലസേചന സൗകര്യങ്ങൾ ഏറ്റവും അത്യാവശ്യമായിട്ടുള്ളത്.

നെൽകൃഷി പാടങ്ങളിലാണ്. ഇതിനുപയോഗിക്കാവുന്ന ഏറ്റവും വലിയ സ്രോതസ്സ് ഭാരതപ്പുഴയാണ്. ഭാരതപ്പുഴയിലെ വെള്ളം പല കാരണങ്ങളാലും മുഴുവനായും ഇപ്പോൾ ഉപയോഗപ്പെടത്താൻ കഴിയുന്നില്ല. വർഷക്കാലത്തും മറ്റു കാലങ്ങളിലും പുഴയിലൂടെ ഒഴുകിപ്പോവുന്ന വെള്ളം തടുത്തു നിർത്തി ആവശ്യാനുസരണം പ്രയോജനപ്പെടുത്താനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. കൂടാതെ അനിയന്ത്രിതമായ മണൽ വാരൽ കാരണം പുഴയുടെ തീരങ്ങൾ ഇടിഞ്ഞുകൊണ്ടിരിക്കുകയും, അവിടവിടെയായി ഗർത്തങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. ഇതിനാൽ വെള്ളത്തിൻെറ ഒഴുക്ക് കരയെക്കാൾ വളരെ താഴ്ന്നുകൊണ്ടിരിക്കുകയും ഒഴുക്കിന് പ്രത്യേക ദിശയില്ലാതിരിക്കുകയും ചെയ്യുന്നു. ഇത് പരിഹരിക്കാനായി മണൽ വാരൽ കർശനമായി നിയന്ത്രിക്കുകയും, പഞ്ചായത്തിന് മൊത്തം പ്രയോജനപ്പെടുന്ന സ്ഥലത്ത് ഒരു തടയണ നിർമ്മിക്കുകയുമാണ് വേണ്ടത്. എന്നാൽ സമീപപ്രദേശത്തെ കുളങ്ങളിലും, കിണറുകളിലും, തോടുകളിലും ഒരു നിശ്ചിത അളവിൽ എല്ലാ കാലത്തും വെള്ളം ഉണ്ടാവുന്നതാണ്.

ഭാരതപ്പുഴയിലെ വെള്ളം ഉപയോഗപ്പെടുത്തി പട്ടാമ്പിയിൽ നിലവിലുള്ള ഒരേയൊരു പദ്ധതി കിഴായൂർ ലിഫ്ട് ഇറിഗേഷനാണ്. എന്നാൽ എല്ലാ മോട്ടോറുകളും പ്രവർത്തനക്ഷമമാക്കാൻ തക്കവണ്ണം വെള്ളം വർഷക്കാലത്ത് മാത്രമേ ലഭിക്കുന്നുള്ളൂ. മറ്റു കാലങ്ങളിൽ വെള്ളത്തിൻെറ ഒഴുക്ക് മറുകരയിലൂടെ മാത്രമാവുന്നതിനാൽ, ഭാരിച്ച ചിലവിൽ ചാലുകൾ നിർമ്മിച്ച് വെള്ളം പമ്പ് ഹൗസിന്നടുത്തേക്ക് കൊണ്ടുവരുന്ന പാഴ്‌വേലയാണ് ഇപ്പോൾ നടക്കുന്നത്.

പട്ടിക 4

പഞ്ചായത്തിലെ തോടുകൾ

| നമ്പർ | തോടിൻെറ പേര് | ഉദ്ദേശം നീളം | ഏത് വാർഡുകൾക്ക് പ്രയോജനപ്പെടുന്നു. | മറ്റു വിവരണം |
|---|---|---|---|---|
| 1. | കണ്ടംതോട് | 3 കി.മീ. | 3,5,6,7,10 | കൊടലൂർ നിന്നാരംഭിക്കുന്നു |
| 2. | പൊലീല തോട് | .5 കി.മീ. | 2,3,5 | വള്ളൂർ പ്രദേശത്ത് |
| 3. | മുച്ചിരിത്തോട് | 1 കി. മീ. | 8, 9 | കിഴായൂർ ആര്യമ്പാടം |
| 4. | പാമ്പാടി തോട് | 1 കി. മീ. | 8, 9 | കിഴായൂർ |
| 5. | വള്ളൂർ തോട് | 2 ക.മീ. | 1 | വള്ളൂർ |

## പട്ടിക 5
## പഞ്ചായത്തിലെ കുളങ്ങൾ

| നമ്പർ | കുളത്തിൻെറ പേര് | വിസ്തൃതി | ഏത് വാർഡിൽ |
|---|---|---|---|
| 1. | മേലെ കുളം | 60 സെൻറ് | 1 |
| 2. | പെരുനാര കുളം | 10 സെൻറ് | 1 |
| 3. | ഇരട്ടകുളം | 75 സെൻറ് | 2 |
| 4. | ഓണംകോട് കുളം | 3 സെൻറ് | 2 |
| 5. | പുത്തൻവീട് കുളം | 5 സെൻറ് | 2 |
| 6. | ചോലക്കുളം | 12 സെൻറ് | 4 |
| 7. | പണ്ടാരത്തിൽ കുളം | 10 സെൻറ് | 5 |
| 8. | പെരിക്കാട്ടു കുളം | 75 സെൻറ് | 6 |
| 9. | മഠത്തിൽ കുളം | 10 സെൻറ് | 6 |
| 10. | കൈക്കുളം | 12 സെൻറ് | 6 |
| 11. | പാണ്ടം കുളം | 1 ഏക്ര | 7 |
| 12. | ആനങ്ങാട്ട് കുളം | 1 ഏ. 8 സെ. | 8 |
| 13. | വെള്ളിലപ്പെട്ടി ക്ഷേത്രക്കുളം | 50 സെൻറ് | 9 |

ഭാരതപ്പുഴക്ക് തടയണ കെട്ടുകയും, മറ്റു സംവിധാനങ്ങളുണ്ടാക്കുകയും ചെയ്താൽ ഈ ബുദ്ധിമുട്ട് ഒഴിവാക്കാം. മുഴുവൻ മോട്ടോറുകളും പ്രവർത്തനക്ഷമമാവുകയാണെങ്കിൽ ഈ പദ്ധതിയുടെ ആയക്കെട്ട് വിസ്തൃതിയായ 200 ഏക്കർ നെൽപാടങ്ങളിൽ നിന്നും ഇപ്പോൾ ലഭിക്കുന്നതിനേക്കാൾ 20,000 പറ നെല്ല് കൂടുതൽ വിളയിപ്പിക്കാൻ കഴിയും.

പഞ്ചായത്തിലെ ഏറ്റവും നീളം കൂടിയ കണ്ടംതോട് പത്താം വാർഡിൽ നിന്നാരംഭിച്ച് കാർഷിക ഗവേഷണ കേന്ദ്രത്തിലൂടെ ഒഴുകി നെരവത്ത് പാടശേഖരം വഴി അഞ്ചാം വാർഡിൽ വെച്ച് ഭാരതപ്പുഴയിൽ ചേരുന്നു. ഗവേഷണ കേന്ദ്രത്തിലൂടെ കടന്നു വരുന്ന ഭാഗത്തെ തോടിൻെറ പാർശ്വഭിത്തികൾ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. തുടർന്ന് പെരിന്തൽമണ്ണ റോഡ് ഭാഗം മുതൽ കുതിരാമ്പി പാടം വഴി നെരവത്ത് പാടശേഖരം മുഴുവൻ ഭാഗങ്ങളിലൂടെ ഒഴുകുന്ന തോടിൻെറ പാർശ്വഭിത്തികൾ പലഭാഗങ്ങളിലും സംരക്ഷിക്കേണ്ടതുണ്ട്. ഈ തോടിൻെറ സംരക്ഷണക്കുറവു മൂലം, മുന്നൂറ് ഏക്രയോളം വിസ്തൃതിയുള്ള നെരവത്ത് പാടത്തിൻെറ മൂന്നിൽ ഒരു ഭാഗത്ത് ഇപ്പോൾ കൃഷി നടത്താൻ കഴിയുന്നില്ല. ഈ തോട് യഥാവിധി സംരക്ഷിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ ചിറകെട്ടുകയും ചെയ്താൽ മുഴുവൻ കൃഷിനിലവും കരഭാഗങ്ങളിലെ മറ്റു കൃഷിയിടങ്ങളും ഉപയുക്തമാക്കാൻ കഴിയും. കൂടാതെ അഞ്ചാം വാർഡിലെ തോട്ടുകണ്ടത്തിൽ ചിറ കെട്ടി നെരവത്ത് പാടത്ത് ഒരു ലിഫ്ട് ഇറിഗേഷൻ ഏർപ്പെടുത്താവുന്നതാണ്.

രണ്ടാം വാർഡിലെ പ്രധാന തോടായ പൊലീല തോട് സംരക്ഷണക്കുറവു മൂലം പല ഭാഗങ്ങളിലും ജലസേചനസൗകര്യത്തിന് ഉപയുക്തമാക്കാൻ കഴിയുന്നില്ല. ഇരുന്നൂറ് ഏക്രയോളം വരുന്ന ശങ്കരമംഗലം പാടശേഖരം മുഴുവനായും ഇത് കാരണം കൃഷിയുക്തമാക്കാനാവുന്നില്ല. പൊലീല തോടിൻെറ ഉദ്ദേശം ഒന്നര കിലോമീറ്റർ ദൂരത്തിൽ പാർശ്വഭിത്തികൾ കെട്ടി സംരക്ഷിക്കുകയും വീമ്പ് ചിറ കെട്ടി ജലം സംഭരിക്കുകയും ചെയ്യണം. പൊലീല തോടിൽ കൊറ്റൊള്ളിക്ക് താഴെയായി ഒരു പുതിയ ചിറ നിർമ്മിക്കുന്നത് മൂലം വിളവ് ഇരട്ടിയായി വർദ്ധിപ്പിക്കാൻ കഴിയും.

ഒന്നാം വാർഡിലെ വള്ളൂർ തോട് പാർശ്വഭിത്തികൾ കെട്ടി സംരക്ഷിക്കുകയും, വാരാം കോട്, പൊറ്റെക്കാട്ട്, പെരുമ്പിലാവിൽ പടി എന്നിവിടങ്ങളിൽ പുതിയ ചിറകൾ നിർമ്മിക്കുകയും ചെയ്താൽ, വള്ളൂർ പാടശേഖരത്തിലെ കൂടുതൽ നിലങ്ങൾ കൃഷിക്കായുപയോഗിക്കാവുന്നതാണ്. ഈ തോട്ടിലെ ഗുരുതിയൻകാവ് ചിറ സംരക്ഷണക്കുറവ് മൂലം നാശമായി കിടക്കുകയാണ്. അടിയന്തിരമായി ഈ ചിറ അറ്റകുറ്റപ്പണികൾ ചെയ്ത് കൂടുതൽ നാശം ഒഴിവാക്കേണ്ടതാണ്.

ശങ്കരമംഗലം ഭാഗത്തെ കൃഷി നിലങ്ങൾക്ക് ഉപകാരപ്പെടുത്താവുന്ന മാമ്പുഴ തോടിൻെറ പാർശ്വഭിത്തികളും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. എട്ടാം വാർഡിലൂടെ ഒഴുകുന്ന മുച്ചിരി തോട്, പറാക്ക തോട് മറ്റു രണ്ടു ചെറുതോടുകളും ഭിത്തികൾ കെട്ടി സംരക്ഷിക്കുകയാണെങ്കിൽ ആര്യമ്പാടം മുഴുവനും കൃഷിയുക്തമാക്കാൻ കഴിയും. ഒമ്പതാം വാർഡിലെ പാമ്പാടി തോടിന്നും സംരക്ഷണം അത്യാവശ്യമാണ്.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഒട്ടേറെ കുളങ്ങൾ സംരക്ഷണക്കുറവു മൂലം ആഴം തൂർന്ന് പോവുകയും ഉപയോഗശൂന്യമായി കിടക്കുകയും ചെയ്യുന്നുണ്ട്. ഇവയുടെ സംരക്ഷണം മൂലം ജലസേചനത്തിനും, കുടി വെള്ളത്തിനും, മത്സ്യം വളർത്താനും ഉപയോഗപ്പെടുത്താവുന്നതാണ്. താഴെ പറയുന്ന കുളങ്ങൾ അടിയന്തിരമായും ആഴവും വിസ്തൃതിയും കൂട്ടി പാർശ്വങ്ങൾ കെട്ടി സംരക്ഷിക്കുകയാണെങ്കിൽ പഞ്ചായത്തിലെ മൊത്തം കാർഷിക ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിയും.

വാർഡ് 1 മേലെ കുളം, പെരുനാര കുളം.
വാർഡ് 2 പുതുകുളം, ഇരട്ടക്കുളം, പുത്തൻവീട്ടുകുളം.
വാർഡ് 7 ഓണംകോട് കുളം.
വാർഡ് 5 പണ്ടാരത്തിൽ കുളം.
വാർഡ് 6 പെരിക്കാട്ടുകുളം (പുതുകുളം) മഠത്തിൽ കുളം, കൈതക്കുളം.
വാർഡ് 7 പാണ്ടം കുളം
വാർഡ് 8 ആനങ്ങാട്ടു കുളം, വെള്ളിലപ്പെട്ടി ക്ഷേത്രക്കുളം, കൊക്കറണി കുളം.

രണ്ടാം വാർഡിലെ ശങ്കരമംഗലം പാടശേഖരത്തിൽ ഒരു കുളം നിർമ്മിക്കാനുള്ള സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. അവിടെ ഉടനടി കുളത്തിന്റെ നിർമ്മാണം തുടങ്ങാനാവശ്യമായ നടപടികളും ഉണ്ടാവേണ്ടതാണ്. മൂന്നാം വാർഡിൽ ഒരു പൊതു കുളം നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. നാലാം വാർഡിൽ കൃഷി നിലങ്ങൾ കുറവാണ്. കിഴായൂരിലെ കനാൽ ഇവിടേക്ക് ദീർഘിപ്പിക്കുകയാണെങ്കിൽ കൂടുതൽ സ്ഥലങ്ങൾ കൃഷിയുക്തമാക്കാൻ കഴിയും. അഞ്ചാം വാർഡിൽ നെരവത്ത് പാടത്ത് കൂടുതൽ കനാലുകൾ നിർമ്മിക്കുന്നത് പ്രയോജനകരമാണ്. ഏഴാം വാർഡിൽ കാരിക്കൽ പള്ളിയാലിൽ മുമ്പ് കുളമുണ്ടായിരുന്ന സ്ഥാനത്ത് ഒരു പുതിയ കുളം നിർമ്മിച്ചാൽ കൂടുതൽ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യാൻ കഴിയും.

ഇതുപോലെ പുരയിടങ്ങളിലും പറമ്പുകളിലുമുള്ള സ്വകാര്യ കുളങ്ങളും കിണറുകൾ സംരക്ഷിക്കാനുള്ള ധനസഹായം കൂടുതൽ ലഭ്യമാക്കുകയാണെങ്കിൽ തെങ്ങ്, കവുങ്ങ്, വാഴ, ഫലവൃക്ഷങ്ങൾ, ഇടവിളകൾ പച്ചക്കറി തുടങ്ങി മറ്റെല്ലാ കൃഷികളുടേയും ഉല്പാദനം വർദ്ധിപ്പിക്കാവുന്നതാണ്.

**പട്ടിക 6**

**വിള വിസ്തീർണ്ണവും ഉല്പാദനവും**

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദന ക്ഷമത ഹെക്ടർ |
|---|---|---|---|
| നെല്ല് ഒന്നാംവിള | 300 ഹെക്ടർ | 100 മെ. ടൺ | 3000-3500കി./ഹെക്ടർ |
| നെല്ല് രണ്ടാംവിള | 252.8 ഹെക്ടർ | 850 മെ. ടൺ | |
| നെല്ല് മൂന്നാംവിള | ...................... | ...................... | |
| പയർ | 30 ഹെക്ടർ | 150 മെ. ടൺ | |
| എള്ള് | 2 ഹെക്ടർ | ...................... | |
| പച്ചക്കറികൾ | 40 ഏക്കർ | 160 മെ. ടൺ | |
| തെങ്ങ് | 300 ഹെക്ടർ | 1.632 ലക്ഷം | |
| വാഴ | 30 ഹെക്ടർ | 400 മെ. ടൺ | |
| മരച്ചീനി | 20 ഹെക്ടർ | 350 മെ. ടൺ | |
| കുരുമുളക് | 20 ഹെക്ടർ | 25 മെ. ടൺ | |
| പ്ലാവ് | ...................... | ...................... | |
| കശുമാവ് | 20 ഹെക്ടർ | 100 മെ. ടൺ | |
| മാവ് | ...................... | ...................... | |
| റബ്ബർ | 40 ഹെക്ടർ | 25 മെ. ടൺ | |
| കവുങ്ങ് | 18 ഹെക്ടർ | 36 ലക്ഷം | |
| ഇഞ്ചി | 5 ഹെക്ടർ | 20 മെ. ടൺ | |

## പട്ടിക 7
## തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | തെങ്ങ്കൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 55 | 1925 | 7700 | 9625 | .... | 10 | 4 | .... | .... | .... |
| 2 | 60 | 2100 | 8400 | 10500 | .... | 20 | 6 | 2 | .... | .... |
| 3 | 20 | 700 | 2800 | 3500 | .... | .... | 3 | 3 | .... | .... |
| 4 | 15 | 525 | 2100 | 2625 | .... | 4 | 2 | .... | .... | .... |
| 5 | 30 | 1050 | 4200 | 5250 | .... | 10 | 3 | 2 | .... | .... |
| 6 | 35 | 1225 | 4900 | 6125 | .... | 20 | 4 | 4 | .... | .... |
| 7 | 50 | 1750 | 7000 | 8750 | .... | 30 | 5 | 2 | .... | .... |
| 8 | 40 | 1400 | 5600 | 7000 | .... | 15 | 2 | .... | .... | .... |
| 9 | 60 | 2100 | 8400 | 10500 | .... | 25 | 6 | 4 | .... | .... |
| 10 | 50 | 1750 | 7000 | 8750 | .... | 18 | 5 | 2 | .... | .... |

നെല്ല് കഴിഞ്ഞാൽ ഈ പഞ്ചായത്ത് പ്രദേശത്ത് കൂടുതലുള്ളത് തെങ്ങുകൃഷിയാണ്. ജലസേചന സൗകര്യത്തിന്റെ കുറവു മൂലം ഉല്പാദനം കുറഞ്ഞിട്ടുള്ള മറ്റൊരു കൃഷിയാണ് തെങ്ങുകൃഷി. എല്ലാ വാർഡുകളിലും, പുരയിടങ്ങളിലും, വള്ളൂർ, ശങ്കരമംഗലം, കൊടലൂർ, കിഴായൂർ പുഴയോരങ്ങൾ എന്നിവിടങ്ങളിൽ തെങ്ങിൻതോട്ടങ്ങൾ നിലവിലുണ്ട്. ജലസേചന സൗകര്യമുള്ള സ്ഥലങ്ങളിൽ ഭേദപ്പെട്ട വിളവ് ലഭിക്കുന്നുണ്ട്. എന്നാൽ മൊത്തത്തിൽ ഉല്പാദനക്ഷമത പണ്ടത്തെക്കാൾ പത്തിൽ ഒന്നായി കുറഞ്ഞിട്ടുണ്ട്. ജലസേചനക്കുറവിനു പുറമെ രോഗങ്ങൾ (കൂമ്പ് ചീയൽ, മഞ്ഞളിപ്പ്, ചെള്ള് കുത്ത് തുടങ്ങിയവ) വളപ്രയോഗത്തിന്റെ കുറവ് എന്നിവയും കാരണങ്ങളാണ്. നല്ല ഇനം തെങ്ങിൻ തൈകളുടെ ലഭ്യതക്കുറവും, വിലവർദ്ധനവും ബുദ്ധിമുട്ടിക്കുന്ന കാര്യങ്ങളാണ്. തെങ്ങു കൃഷിയുടെ അഭിവൃദ്ധിക്കു വേണ്ടി പ്രവർത്തിക്കുന്ന ഒരു റജിസ്റ്റർ ചെയ്ത സംഘമാണ് കേരവികസന സമിതി. സമിതിയിൽ ഇപ്പോൾ 400 അംഗങ്ങളുണ്ട്. കവുങ്ങ് വ്യാപകമായ തോതിൽ കൃഷി ചെയ്യുന്നില്ല. തെങ്ങിനേക്കാൾ വെള്ളം കൂടുതൽ ആവശ്യമുള്ള കൃഷിയാണിത്. കൂടാതെ മാഹാളി രോഗവും നിലനിൽക്കുന്ന പ്രശ്നമാണ്.

കുരുമുളക് കൃഷി സാമാന്യം കൂടുതൽ ഉള്ള പ്രദേശങ്ങൾ ശങ്കരമംഗലം, വള്ളൂർ, കിഴായൂർ, കൊടലൂർ എന്നിവിടങ്ങളാണ്. എന്നാൽ വേണ്ടത്ര ശ്രദ്ധ ഈ കൃഷിയിൽ ഉണ്ടാവാത്ത കാരണം, ഉല്പാദനം വളരെ കുറവാണ്. പഞ്ചായത്തിലെ പുഴയോരപ്രദേശങ്ങൾ വാഴക്കൃഷിക്കനുയോജ്യമാണ്. ഈ സാദ്ധ്യത വേണ്ടവിധം മുതലാക്കിയിട്ടില്ല.

പട്ടാമ്പി പ്രദേശത്തെ സംബന്ധിച്ചിടത്തോളം വളരെയേറെ വികസന സാദ്ധ്യതയുള്ള മറ്റൊരു കൃഷിയാണ് പച്ചക്കറി കൃഷി. ഏറ്റവും കൂടുതൽ പച്ചക്കറി കൃഷി ചെയ്യുന്നത് കൊടലൂരും കിഴായൂരുമാണ്. മറ്റു സ്ഥലങ്ങളിൽ വീട്ടാവശ്യത്തിനു മാത്രമുള്ള കൃഷിയായി ചുരുങ്ങിയിട്ടുണ്ട്. വാണിജ്യാടിസ്ഥാനത്തിൽ നിലവിലുള്ള പച്ചക്കറി കൃഷി വികസിക്കാനാവശ്യമായ വിത്ത് നടീൽ വസ്തുക്കൾ, വളം, കീടനാശിനി എന്നിവ സൗജന്യമായി കർഷകർക്ക് നൽകേണ്ടതാണ്. ഒരു പച്ചക്കറി വിപണനകേന്ദ്രം പട്ടാമ്പി പഞ്ചായത്തിൻെറ കേന്ദ്ര സ്ഥാനത്ത് തുടങ്ങുന്നത് പ്രയോജനകരമായിരിക്കും.

### പട്ടിക 8
### പട്ടാമ്പി പഞ്ചായത്തിൽ കൃഷിഭവൻ മുഖേന വിതരണം ചെയ്ത ഫലവൃക്ഷങ്ങളുടെ എണ്ണം

| ഉല്പാദിപ്പിച്ച തൈയുടെ ഇനം | വിതരണം നടത്തിയതിൻെറ എണ്ണം | | | | |
|---|---|---|---|---|---|
| | 1991 | 1992 | 1993 | 1994 | 1995 |
| തെങ്ങ് | 200 | | | 140 | 200 |
| മാവ് | | 1565 | | | |
| പ്ലാവ് | | 3000 | | | |
| മട്ടി | | 1505 | | | |
| കശുമാവ് | | 1405 | | | |
| ഞാവൽ | | 550 | | | |
| ബദാം | | 540 | | | |
| മാഞ്ചിയം | | | | | 1050 |
| മംഗള (കവുങ്ങ്) | | | | | 500 |
| തേക്ക് | | | | | 250 |

## പട്ടിക 9

## പട്ടാമ്പി പഞ്ചായത്ത് കൃഷി ദുരിതാശ്വാസ വിതരണം

| | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം ഹെക്ടർ | | | | | |
|---|---|---|---|---|---|---|
| വർഷം | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഇടിമിന്നൽ | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
| 1994-95 | 15-898 | | | | 46 | 11,765 |
| 1995-96 | | | | | | |
| 1. | | | | 20-91 ഒക്ടോ. | 2 | 3345 |
| 2. | 18.7881 | | | | 48 | 850 കി. വിത്ത് |

ഇഞ്ചി, മഞ്ഞൾ, ചേമ്പ്, ചേന, കൂവ തുടങ്ങിയ ഇടവിളകളായി എല്ലാ വാർഡുകളിലും കൃഷി ചെയ്യുന്നുണ്ട്. ഇവയുടെ പ്രോത്സാഹനാർത്ഥം ആനുകൂല്യങ്ങൾ നൽകേണ്ടതാണ്.

റബ്ബർ, കശുവണ്ടി എന്നീ കൃഷികൾ പഞ്ചായത്തിന്റെ വടക്കേ അതിർത്തി വാർഡുകളിലെ ജലസേചനസൗകര്യം കുറഞ്ഞ സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നുണ്ട്. പഞ്ചായത്തിലെ മൊത്തം കൃഷി നാൽപ്പതു ഹെക്ടറിലേറെയുണ്ട്. കശുമാവ് കൃഷി ഉദ്ദേശം ഇരുപത് ഹെക്ടറോളമുണ്ട്. ഈ കൃഷികൾ പഞ്ചായത്തിലെ മറ്റു ഉയർന്ന പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കാവുന്നതാണ്.

പൂള, ചക്കരകിഴങ്ങ് മുതലായ കൃഷികൾ കുറഞ്ഞുകൊണ്ടിരിക്കയാണ്. മൂന്നാം വിളയായും, പള്ളിയാൽ കൃഷിയായും ചെയ്തു വന്നിരുന്ന ചാമ, മുതിര, എള്ള്, ഉഴുന്ന് എന്നിവ വ്യാപകമായ തോതിൽ കൃഷി ചെയ്യുന്നില്ല. നൂതന കൃഷി സംരംഭമായ ഔഷധച്ചെടി കൃഷി, വനഔഷധികൾ, കുറ്റിമുല്ല കൃഷി, പുഷ്പ കൃഷി, കൂൺ കൃഷി, പപ്പായ കൃഷി തുടങ്ങിയവയെക്കുറിച്ച് ശരിയായ അറിവില്ലാത്തതിനാൽ ഈ പ്രദേശത്ത് പ്രചാരത്തിലായിട്ടില്ല. വനവൃക്ഷങ്ങൾ നിബിഡമായ പ്രദേശങ്ങളായിരുന്നു കൊടലൂർ, വള്ളൂർ, കിഴായൂർ എന്നിവിടങ്ങൾ. എന്നാൽ റബ്ബർ വെക്കാനും മറ്റാവശ്യങ്ങൾക്കുമായി വൃക്ഷങ്ങൾ വെട്ടി മാറ്റിയതും പകരം നട്ടു വളർത്താത്തതും, സാമൂഹ്യ വനവൽക്കരണ പദ്ധതി വേണ്ട വിധം വിജയിക്കാത്തതും കാരണം ഈ വൃക്ഷങ്ങൾ നാമാവശേഷമായി കൊണ്ടിരിക്കയാണ്.

മാവ്, പ്ലാവ്, പുളി തുടങ്ങിയ ഫലവൃക്ഷങ്ങൾ വെട്ടിമാറ്റുന്നതിനനുസരിച്ച് പുതിയവ ഉണ്ടാകുന്നില്ല. മേൽപറഞ്ഞ കൃഷികളെല്ലാം ജലസേചന സൗകര്യം യഥേഷ്ടം ലഭ്യമാവുന്ന പക്ഷം കൂടുതൽ

സ്ഥലങ്ങളിലേക്ക് കൂടുതൽ ഉല്പാദനത്തോടെ പഞ്ചായത്തിൻെറ അനുയോജ്യമായ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിപ്പിക്കാവുന്നതാണ്.

പട്ടിക 10

നടീൽ വസ്തുക്കളുടെ വിതരണം

| ഇനം | 1993 - 94 | 1994 - 95 | 1995 - 96 |
|---|---|---|---|
| തെങ്ങ് | 670 | 565 | 864 |
| കശുമാവ് | 700 | 160 | ..... |
| കുരുമുളക് | ..... | ..... | ..... |
| കവുങ്ങ് | ..... | 100 | ..... |
| ഒട്ടുമാവ് | 127 | 140 | 48 |
| പേര | 40 | ..... | ..... |
| നെൽവിത്ത് | 3400 | 1460 | 3100 |
| പച്ചക്കറി വിത്ത് | 500 | 700 | 400 |
| ജാതിക്ക | ..... | ..... | 160 |
| പൈനാപ്പിൾ | ..... | 40 | 118 |
| ഗ്രാമ്പൂ | ..... | ..... | 150 |
| പയർ | ..... | 120 | 168 |

## വിത്തുകൾ നടീൽ വസ്തുക്കൾ

കാർഷികോൽപാദനം വർദ്ധിപ്പിക്കാനുള്ള അടിസ്ഥാന ഘടകം മേത്തരം വിത്തുകളും നടീൽ വസ്തുക്കളുമാണ്. അത്യുല്പാദന ശേഷിയും രോഗപ്രതിരോധ ശക്തിയുമുള്ള ധാരാളം വിത്തിനങ്ങൾ പുറത്തിറക്കിയ ഗവേഷണ സ്ഥാപനം പട്ടാമ്പിയിൽ തന്നെയുള്ളത് വളരെ സൗകര്യ പ്രദമാണ്, എന്നാൽ പരക്കെ അംഗീകരിക്കപ്പെടുകയും ഉപയോഗിക്കുകയും ചെയ്തു വരുന്ന ഈ വിത്തിനങ്ങൾ പട്ടാമ്പി പ്രദേശത്ത് വേണ്ടത്ര പ്രചാരത്തിലായിട്ടില്ല എന്നാണ് കാണുന്നത്. നെൽവിത്തിനങ്ങൾക്കു പുറമെ മേത്തരം പച്ചക്കറി വിത്തുകളും ഈ കേന്ദ്രത്തിൽ നിന്നും ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നുണ്ട്. സാധാരണ കർഷകർക്ക് ഇതിനെക്കുറിച്ച് വേണ്ടത്ര ബോധമില്ലാത്തതും, കൃഷി നടത്താനാവശ്യമായ കൃത്യതയുള്ള വളം ചേർക്കൽ, സമയാ സമയങ്ങളിലുള്ള മരുന്നു പ്രയോഗം തുടങ്ങിയവ സസൂക്ഷ്മം ചെയ്യാൻ സൗകര്യപ്പെടാത്തതും കാരണം ഈ സൗകര്യം ഉപയോഗപ്പെടുന്നില്ല. ഗവേഷണ കേന്ദ്രത്തിൽ ഉല്പാദിപ്പിക്കുന്ന ജ്യോതി, നീരജ തുടങ്ങിയ നെൽ വിത്തുകൾക്കും, ഉല്പാദനശേഷി കൂടിയ പച്ചക്കറി വിത്തു കൾക്കും ആവശ്യക്കാർ കൂടുതലാണ്. കേന്ദ്രത്തിൻെറ മേൽനോട്ടത്തിൽ ഈ വിത്തുകളുടെ ഉല്പാദനം ഈ പ്രദേശത്തെ താല്പര്യമുള്ള കർഷകരെ ഏൽപ്പിക്കാവുന്നതാണ്.

പാടശേഖരക്കമ്മറ്റികൾ മുഖേന ഉല്പാദനവും വിതരണവും നടത്താനുള്ള സാദ്ധ്യതയും ആരായേണ്ടതാണ്.

മേത്തരം വാഴക്കന്നുകൾ, അലങ്കാര ചെടികൾ, പുഷ്പ വിത്തുകൾ, ഔഷധച്ചെടികൾ എന്നിവയുടെ ഉല്പാദനം, കൃഷിവിജ്ഞാന കേന്ദ്രത്തിൻെറ സാങ്കേതിക സഹായത്തോടെ നടത്തി വിപണനം നടത്തുന്നതും ഇവിടെ സാദ്ധ്യതയുള്ള ഒരു തൊഴിൽ തുറയാണ്.

വളപ്രയോഗം

ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനും മണ്ണിൻെറ സമതുലിതാവസ്ഥ നിലനിർത്താനും ശ്രദ്ധാപൂർവ്വമായ വളപ്രയോഗം ആവശ്യമാണ്. പഴയ കാലങ്ങളിൽ ജൈവവളം മാത്രം ഉപയോഗിച്ചിരുന്നതിനാൽ വളത്തിൻെറ ഏറ്റക്കുറച്ചിലുകൾ മണ്ണിനെ കാര്യമായി ബാധിച്ചിരുന്നില്ല. എന്നാൽ രാസവളപ്രയോഗം നടപ്പിൽ വന്നതോടെ ഉല്പാദനം വർദ്ധിപ്പിക്കുവാനുള്ള ഒരു കുറുക്കുവഴി എന്ന രീതിയിൽ തികച്ചും അശാസ്ത്രീയമായ രീതിയിലുള്ള രാസവളപ്രയോഗമാണ് പലരും സ്വീകരിച്ചത്. ഈ പ്രവണത ഉല്പാദനത്തിൽ ഒരു താൽക്കാലിക കുതിച്ചു കയറ്റം ഉണ്ടാക്കി. തുടർന്നുള്ള മുൻകരുതൽ നടപടികളുടെ അഭാവത്തിൽ കീടബാധയും, രോഗബാധയും വർദ്ധിക്കുകയും, മണ്ണിൻെറ ഘടന താളം തെറ്റുകയും ചെയ്യുന്നതായി പിന്നീട് മനസ്സിലായി. ജൈവവളങ്ങളുടെ ഉപയോഗം ഗണ്യമായി കുറഞ്ഞതും, രാസവളങ്ങളുടെ അമിതമായ ഉപയോഗങ്ങളും സംരക്ഷണ മുറകളുടെ അപര്യാപ്തതയും എല്ലാം കൂടി ആയപ്പോൾ എല്ലാ കൃഷിയുടെയും ഉല്പാദനക്ഷമത കുറയുകയാണുണ്ടായത്. ഇതു കാരണം രാസവള പ്രയോഗത്തിനോട് വ്യാപകമായ ഒരു എതൃപ്പ് രൂപം കൊള്ളാൻ കാരണമായി. രാസവളം തീർത്തും ഒഴിവാക്കി കൊണ്ടുള്ള കൃഷി രീതിക്കനുകൂലമായ ഒരു പ്രസ്ഥാനം തന്നെ വളർന്നു വരുന്നതായി കാണാൻ കഴിയും. എന്നാൽ, ആവശ്യത്തിന് ജൈവവളം ഉല്പാദിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഈ നിഗമനം ശരിയല്ലെന്നാണ് കൃഷിഗവേഷണ കേന്ദ്രത്തിലെ വിദഗ്ദരുടെ കണ്ടെത്തൽ. ജൈവവളവും രാസവളവും ആവശ്യമായ അളവിൽ സമമായി പ്രയോഗിക്കുകയും, മറ്റു സംരക്ഷണമുറകൾ പാലിക്കുകയും ചെയ്താൽ മറ്റേതൊരു രീതിയെക്കാളും കൂടുതൽ ഉല്പാദനം ഉണ്ടാവുമെന്നാണ് അവരുടെ വിദഗ്ധോപദേശം. ഈ ഉപദേശത്തിന് പ്രചാരം നൽകാൻ തക്കവണ്ണമുള്ള പ്രദർശനതോട്ടങ്ങൾ ഗവേഷണ കേന്ദ്രത്തിൻെറ സഹായത്തോടെ ഈ പ്രദേശത്ത് ധാരാളമായി തുടങ്ങുവാൻ കഴിയും. പട്ടാമ്പിയിൽ സർക്കാരിൻെറ ഒരു മണ്ണുപരിശോധനാ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ഇതിൻെറ പ്രവർത്തന മേഖല പാലക്കാട് ജില്ല മുഴുവനുമാണ്. എന്നാൽ ഈ കേന്ദ്രത്തിൻെറ സേവനങ്ങൾ പ്രാദേശികമായി വളരെയധികം ഉപയോഗപ്പെടുന്നില്ല.

രോഗങ്ങളും മരുന്നുകളും.

രാസവളപ്രയോഗവും കീടബാധയും തമ്മിൽ വളരെ ബന്ധമുള്ളതായിട്ടാണ് ഈ പ്രദേശത്തെ കർഷകരുടെ അനുഭവം. രാസവളം പ്രയോഗിക്കാൻ തുടങ്ങിയതോടെയാണ് കീടബാധ വർദ്ധിച്ചതും, പുതിയ രോഗങ്ങൾ പ്രത്യക്ഷപ്പെട്ടതും എന്നതാണ് പ്രാദേശിക കൃഷി കാരണവന്മാരുടെ നിഗമനം.

രാസവളത്തോടുള്ള സാധാരണക്കാരൻെറ എതൃപ്പിന് ഇതും ഒരു കാരണമാണ്. ഏതു രീതിയിലുള്ള വളപ്രയോഗമാണെങ്കിലും, ജലസേചന സൗകര്യവും സമയാസമയങ്ങളിലുള്ള മരുന്ന് പ്രയോഗവും ഇന്ന് ഒരത്യാവശ്യ കാര്യമായി തീർന്നിരിക്കുന്നു. എന്നാൽ ഇപ്പോഴത്തെ അവസ്ഥയിൽ ഇതു രണ്ടും യഥാസമയത്ത് ലഭ്യമാവുമെന്ന ഉറപ്പ് കർഷകനില്ല. അതിനാൽ ഒന്നുകിൽ കൃഷി ഉപേക്ഷിക്കുകയോ, നഷ്ടം സഹിച്ചും കൃഷി ചെയ്യുകയോ ചെയ്യുന്ന പതിവാണുള്ളത്. ഈ ഗൗരവമേറിയ പ്രശ്നം പരിഹരിക്കാൻ, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം ആവശ്യമുള്ള മരുന്നുകളുടെ മര്യാദവിലക്കുള്ള ലഭ്യത ഉറപ്പാക്കുകയും അവ പ്രയോഗിക്കാനുള്ള പ്രായോഗിക പരിശീലനങ്ങൾ നൽകുകയുമാണ് വേണ്ടത്. കർഷകർക്ക് പരിശീലനം നൽകുന്ന പദ്ധതി കൃഷി വകുപ്പും കാർഷിക ഗവേഷണ കേന്ദ്രവും അനുസ്യൂതം നടത്തി വരുന്നുണ്ട്. ഇതിൻെറ പ്രയോജനം താൽപ്പര്യമുള്ള കുറച്ചു പേർക്കു മാത്രമേ ഇപ്പോൾ ഈ പ്രദേശത്ത് ലഭിക്കുന്നുള്ളൂ. പാടശേഖര കമ്മറ്റികളും സേവന സ്ഥാപങ്ങളും കർഷകരെ സംഘടിപ്പിച്ച് എല്ലാവർക്കും പ്രായോഗിക പരിശീലനം ലഭിക്കാനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. പട്ടാമ്പിയിൽ സഹകരണ ബാങ്കിൻെറ ആഭിമുഖ്യത്തിൽ ഒരു രാസവള-കീടനാശിനി വില്പന കേന്ദ്രവും, രണ്ടു സ്വകാര്യ ഏജൻസികളുടെ കേന്ദ്രങ്ങളും ഉണ്ട്.

### യന്ത്രോപകരണങ്ങൾ

കൂലി വർദ്ധനവും, തൊഴിലാളികളുടെ ദൗർലഭ്യം, കൃഷി മുറകൾ ലഘൂകരിക്കാനുതകുന്ന യന്ത്രോപകരണങ്ങളുടെ ആവശ്യകത വർദ്ധിപ്പിക്കുന്നു. ഉഴവു മാടുകളെ ഉപയോഗിക്കുന്ന രീതി ഇല്ലാതായിട്ടുണ്ടെന്ന് തന്നെ പറയാം. അതിനാൽ ഉഴവിന് വേണ്ടി ട്രാക്ടറിനെ തന്നെ ആശ്രയിക്കേണ്ടി വരുന്നു. എന്നാൽ ആവശ്യത്തിനുള്ള എണ്ണം ട്രാക്ടർ ഈ പ്രദേശത്തില്ല. ശങ്കരമംഗലം പാടശേഖര കമ്മറ്റിക്ക് മാത്രമാണ് ഒരു പൊതു ട്രാക്ടർ ഉള്ളത്. വള്ളൂരിലും, കിഴായൂരിലും ഓരോ സ്വകാര്യ ട്രാക്ടറുകളുമുണ്ട്. പട്ടാമ്പി പ്രദേശത്തെ മിക്ക സ്ഥലത്തേയും ഉഴവു നടക്കുന്നത് ഈ ട്രാക്ടറുകളും, സമീപപ്രദേശങ്ങളിലേയും ട്രാക്ടർ ഉപയോഗിച്ചാണ്. ട്രാക്ടറിൻെറ ഭാരിച്ച വില കാരണം സാധാരണക്കാരനു വാങ്ങാൻ കഴിയുന്നില്ല. വർഷം മുഴുവൻ വരുമാനമില്ലാത്തതിനാൽ ട്രാക്ടർ വാങ്ങുന്നവർക്ക് ലാഭമില്ലാത്ത അവസ്ഥയാണ്. ഇതുപോലെത്തന്നെ കൊയ്ത്ത് യന്ത്രം, മെതിയന്ത്രം, നടീൽ യന്ത്രം എന്നിവയുടെ വിലയും സാധാരണക്കാരനു താങ്ങാൻ പറ്റാത്തതാണ്. ഈ യന്ത്രോപകരണങ്ങൾ ഓരോ പാടശേഖര കമ്മറ്റിക്കും നേരിട്ടു വാങ്ങാനുള്ള നടപടി ക്രമങ്ങളുടെ സങ്കീർണ്ണത നീക്കി ആവശ്യാനുസരണം ലഭ്യമാക്കേണ്ടതാണ്. പട്ടാമ്പി പ്രദേശം കാർഷിക ഗവേഷണകേന്ദ്രത്തിൻെറ ആസ്ഥാനം എന്ന നിലയിൽ ശ്രദ്ധേയമായതിനാൽ ഗവേഷണകേന്ദ്രത്തിലെ വിത്തുകളോടൊപ്പം തന്നെ, കാർഷിക യന്ത്രോപകരണങ്ങൾക്കും വിപണന സാദ്ധ്യതയുണ്ട്. ഈ വക യന്ത്രങ്ങൾ നിർമ്മിക്കാനുള്ള ചെറുകിട വ്യവസായ യൂനിറ്റുകൾ തുടങ്ങുന്നത് ഈ പ്രദേശത്തിൻെറ വികസനത്തിന് സഹായകരമാണ്.

## പട്ടിക 11
## രാസവളങ്ങളുടേയും കീടനാശിനികളുടേയും വിൽപ്പന

| കൊല്ലം | രാസവളം | കീടനാശിനി |
|---|---|---|
| സഹകരണ ബാങ്ക് പട്ടാമ്പി | | |
| 1993 - 94 | 439005 - 10 | 49333 - 60 |
| 1994 - 95 | 435156 - 65 | 47654 - 10 |
| 1995 - 96 | 466758 - 75 | 54303 - 35 |

## പട്ടിക 12
## കാർഷികോപകരണങ്ങൾ

| വാർഡ് നമ്പർ | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങു കയറ്റ യന്ത്രം | പോർട്ടബ്ൾ പമ്പു സെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രെയർ | നാപ്സ്റ്റാക്ക് സ്പ്രെയർ | മറ്റുള്ളവ | | | |
| 1 | 2 | 1 | 10 | 1 | 5 | .... | .... | .... | .... |
| 2 | 1 | .... | 20 | .... | 12 | .... | .... | .... | .... |
| 3 | .... | .... | 6 | .... | 3 | .... | .... | .... | .... |
| 4 | .... | .... | .... | .... | .... | .... | .... | .... | .... |
| 5 | .... | .... | 5 | .... | 5 | .... | .... | .... | .... |
| 6 | .... | .... | 4 | .... | 3 | *1* | .... | .... | .... |
| 7 | .... | .... | 6 | .... | 4 | .... | .... | .... | .... |
| 8 | .... | 3 | 4 | .... | 6 | .... | 1 | .... | .... |
| 9 | 1 | 1 | 4 | .... | 6 | .... | .... | .... | .... |
| 10 | .... | .... | .... | .... | .... | .... | .... | .... | .... |

*പവർ സ്പ്രെയർ*

## വായ്പാ സൗകര്യങ്ങൾ

പട്ടാമ്പി പ്രദേശത്ത് രണ്ട് ദേശസാൽകൃത ബേങ്കുകളും, മൂന്ന് ഷെഡ്യൂൾഡ് ബേങ്കും, മൂന്ന് സഹകരണ ബേങ്കുകളും ഒരു കാർഷിക വായ്പാ ബേങ്കും പ്രവർത്തിക്കുന്നുണ്ട്. നിയമവിധേയമായതും, അല്ലാത്തതുമായ അനവധി മറ്റു വായ്പാ കേന്ദ്രങ്ങളും നിലവിലുണ്ട്. ബാങ്കുകളിൽ നിന്നും വായ്പ ലഭിക്കാനുള്ള വ്യവസ്ഥകൾ പാലിക്കാൻ കഴിയാതെ വരുന്നതു കൊണ്ടും കാലതാമസം കണക്കിലെടുത്തുമാണ് സാധാരണക്കാർ അമിത പലിശ ഈടാക്കുന്ന മറ്റു മാർഗ്ഗങ്ങൾ തേടുന്നത്. വായ്പാ പദ്ധതികളെ ഭയപ്പെട്ട് അർഹതപ്പെട്ട ആനുകൂല്യങ്ങൾ കൈപ്പറ്റാൻ മുന്നോട്ടു വരാതെ മാറി നിൽക്കുന്ന യഥാർത്ഥ ഗുണഭോക്താക്കളുടെ നല്ലൊരു വിഭാഗം ഇപ്പോഴും നിലവിലുണ്ട്. അർഹതയുള്ളവരെ കണ്ടെത്തി അവരുടെ യഥാർത്ഥ ആവശ്യങ്ങൾ കണ്ടെത്തി അവർക്കാവശ്യമുള്ള പദ്ധതികൾ മാത്രം അനുവദിച്ചു കൊടുക്കുകയും, ബാങ്കിൻെറ വായ്പാ നിബന്ധനകൾ ലഘൂകരിക്കുകയും ചെയ്താൽ ഇപ്പോൾ ദുരുപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒട്ടനവധി പദ്ധതികൾ വിജയിപ്പിക്കാൻ കഴിയും.

## സാങ്കേതിക സഹായങ്ങൾ

കൃഷിമേഖലയെ സംബന്ധിച്ച് വിദഗ്ദ സാങ്കേതിക ഉപദേശങ്ങൾക്കും, സഹായസഹകരണങ്ങൾക്കും വളരെയേറെ ലഭ്യതയുള്ള പ്രദേശമാണ് പട്ടാമ്പി. മദ്ധ്യമേഖലാ കാർഷിക ഗവേഷണ കേന്ദ്രം, കൃഷി വിജ്ഞാന കേന്ദ്രം (കൃഷി ഭവൻ), സെൻട്രൽ ഓർച്ചാർഡ്, മണ്ണു പരിശോധനാ കേന്ദ്രം, കൂൺ വിത്തുൽപ്പാദന കേന്ദ്രം, എന്നിവയുടെ ആസ്ഥാനം പട്ടാമ്പി പഞ്ചായത്തിലാണ്. ഈ സ്ഥാപനങ്ങളുടെ സേവനം ഈ പ്രദേശത്തെ കർഷകർക്ക് വേണ്ടത്ര ലഭ്യമാകുന്നില്ലെന്ന പരാതി നിലവിലുണ്ട്. അവയുടെ പ്രവർത്തന രീതിയിലെ അപാകതകൾ പരിഹരിച്ച്, കർഷകർക്കും പൊതുജനങ്ങൾക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ പ്രവർത്തിക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കേണ്ടതാണ്.

**മദ്ധ്യമേഖലാ കാർഷിക ഗവേഷണ കേന്ദ്രം** : ഈ സ്ഥാപനം പട്ടാമ്പിയിലെ ഏഴ്, പത്ത് എന്നീ വാർഡുകളിലായി 63.64 ഹെക്ടർ സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. 1927 ലാണ് ഇത് സ്ഥാപിതമായത്. കാർഷിക സർവ്വകലാശാലയുടെ ഒരു മുഖ്യ ഗവേഷണകേന്ദ്രമായും, ബിരുദാനന്തര പഠനകേന്ദ്രമായും ഇത് പ്രവർത്തിക്കുന്നു. ഈ കേന്ദ്രത്തിൽ നിന്നും 1934 ൽ പുറത്തിറക്കിയ ആര്യൻ (പി.ടി.ബി. 1) മുതൽ 1993 ൽ പുറത്തിറക്കിയ ഐശ്വര്യ (പി.ടി.ബി. 52) വരെ 52 അത്യുല്പാദന ശേഷിയുള്ള നെൽവിത്തിനങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. ഇവയിൽ ഈ പ്രദേശത്തെ കാലാവസ്ഥക്കനുയോജ്യമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് ജ്യോതി, ത്രിവേണി, ശബരി, ഭാരതി, നിള, നീരജ, കൈരളി, കാഞ്ചന, ഐശ്വര്യ, ആരതി എന്നിവയാണ്. ഇങ്ങനെയൊക്കെയാണെങ്കിലും ഇത്തരം ഗവേഷണ പഠനങ്ങളുടെ പ്രയോജനമോ, ആവശ്യകതയോ ഈ പ്രദേശത്തേയും പരിസരത്തേയും കർഷകരെ ബോദ്ധ്യപ്പെടുത്താൻ ഈ സ്ഥാപനത്തിനോ,

സർക്കാർ വകുപ്പുകൾക്കോ ഇതു വരെ കഴിഞ്ഞിട്ടില്ല എന്നത് ഒരു പോരായ്മയായി നിലനിൽക്കുന്നു. ഗവേഷണ പഠനങ്ങളും, പരീക്ഷണങ്ങളും ഗവേഷണ കേന്ദ്രത്തിൻെറ പുറത്തേക്കു കൂടി വ്യാപിപ്പിച്ച്, പൊതു ജനങ്ങൾക്കും, കർഷകർക്കും നേരിട്ട് ബന്ധപ്പെടാനുള്ള സൗകര്യം ഉണ്ടാക്കുവാനും, ഇതിനെതിരായി നിലനിൽക്കുന്ന നിബന്ധനകളും, പരിമിതികളും യുക്തമായ അധികാരകേന്ദ്രങ്ങളിലുള്ള ഇടപാടുകളും സമ്മർദ്ദങ്ങളും മുഖേന മറികടക്കേണ്ടതാണ്.

ഇതിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന മറ്റൊരു സ്ഥാപനമാണ് കൃഷി വിജ്ഞാന കേന്ദ്രം. ഇവിടെ കൃഷി, മൃഗസംരക്ഷണം, മത്സ്യം വളർത്തൽ, ഗാർഹിക ഭരണം തുടങ്ങിയ വിഷയങ്ങളിൽ കർഷകർക്ക് പരിശീലനം നൽകി വരുന്നു. കൂടാതെ നെൽവിത്തിനങ്ങൾ, പച്ചക്കറി വിത്തുകൾ, അലങ്കാര ചെടികൾ എന്നിവ ഉല്പാദിപ്പിച്ച് ആവശ്യക്കാർക്ക് വിതരണം നടത്തി വരുന്നു. കൃഷി, മൃഗസംരക്ഷണം എന്നീ മേഖലകൾ നൂതനവൽക്കരിക്കാനുള്ള ശാസ്ത്ര സാങ്കേതിക വിദ്യ കർഷകരെ പഠിപ്പിക്കാനുള്ള സംവിധാനം പട്ടാമ്പിയിൽ തന്നെ നിലവിലുണ്ടായിരിക്കെ, ഇതു വേണ്ടവിധം പ്രയോജനപ്പെടുത്താതെ നഷ്ടക്കണക്കിൻെറ കഥകൾ മാത്രം പറഞ്ഞ് സമയം നഷ്ടപ്പെടുത്തുന്നത് കുറ്റകരമായ അനാസ്ഥയാണ്. കർഷകരും ബഹുജന സംഘടനകളും അവസരത്തിനൊത്തുയർന്ന് പ്രവർത്തിച്ച് ഈ അനുകൂല സാഹചര്യം പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്.

**വിപണനം - സഹകരണം** : കാർഷിക ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം വളരെ ചെറിയ തോതിലേ ഈ പ്രദേശത്തു നടക്കുന്നുള്ളു. പുരയിടങ്ങളിൽ ചെറിയ തോതിൽ പച്ചക്കറിയോ വാഴയോ കൃഷി ചെയ്യുന്ന കർഷകത്തൊഴിലാളികൾ ഉല്പന്നങ്ങൾ നേരിട്ട് പട്ടാമ്പി അങ്ങാടിയിലെത്തിച്ച് കിട്ടുന്ന വിലക്ക് വില്ക്കുന്ന പതിവാണുള്ളത്. എന്നാൽ വലിയൊരു ഭാഗം ഉല്പന്നങ്ങൾ ഇടത്തട്ടു കച്ചവടക്കാർ കുറഞ്ഞ വിലക്കു വാങ്ങി ലാഭത്തിൻെറ സിംഹഭാഗം കൈപ്പറ്റുന്നു. കൈനനയാതെ മീൻ പിടിക്കുന്നതു പോലുള്ള ഈ തൊഴിൽ മേഖലയിലേക്ക് ധാരാളം പുതിയ കച്ചവടക്കാർ ചേർന്നു കൊണ്ടിരിക്കുന്നു. ഇവിടെയും കർഷകരുടെ കൂട്ടായ്മ ഇല്ലാത്തതാണ് പ്രകടമാവുന്നത്. അദ്ധ്വാനിച്ച് ഉല്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് മര്യാദ വില ലഭിക്കണമെങ്കിൽ ഇന്നത്തെ സാഹചര്യത്തിൽ ഓരോരുത്തർ വിചാരിച്ചാൽ കഴിയില്ല. സഹകരണസംഘങ്ങൾ രൂപീകരിക്കൽ മാത്രമാണ് പോംവഴി. പാടശേഖരസമിതികൾക്ക് ഇതിനുള്ള മുൻകൈ എടുക്കാം. ഇത്തരം സഹകരണസംഘങ്ങൾ കൊണ്ട് വിപണനം മാത്രമല്ല ഉദ്ദേശിക്കുന്നത്. വിത്ത് വളം കീടനാശിനികളുടെ ലഭ്യത, യന്ത്രോപകരണങ്ങളുടെ ലഭ്യത, സർക്കാർ ആനുകൂല്യങ്ങളുടെ ലഭ്യത, പൊതു സൗകര്യങ്ങൾ, സർക്കാർ സഹായം കൂടാതെ തന്നെ നടപ്പാക്കാനുതകുന്ന പൊതുജന പങ്കാളിത്തം, തൊഴിലാളികളുടേയോ ഇടതട്ടുകച്ചവടക്കാരുടേയോ, അധികൃതരുടേയോ ചൂഷണം തടയൽ തുടങ്ങിയ കാര്യങ്ങളെല്ലാം കർഷകരുടെ ഈ കൂട്ടായ്മയിലൂടെ നേടിയെടുക്കാൻ കഴിയുന്നു. ഇതിന്നനുകൂലമായ ഫലവത്തായ ബോധവൽക്കരണം കൃഷിക്കാർക്കിടയിൽ നടത്തി അവരുടെ നിരാശാബോധം മാറ്റിയെടുക്കാൻ കഴിയണം.

**ഗതാഗത സൗകര്യങ്ങൾ** : പട്ടാമ്പി പ്രദേശത്ത് എല്ലാ പാടശേഖരങ്ങളും കൃഷിയിടങ്ങളും ഗതാഗതയോഗ്യമായ റോഡുകളാൽ ബന്ധിതമല്ല. വള്ളൂർ പ്രദേശം ഇതിന്നൊരുദാഹരണമാണ്. കൊടലൂരിലും ഈ ന്യൂനത നിലനിൽക്കുന്നു. സർക്കാർ പദ്ധതികളിൽ ഗ്രാമീണ റോഡ് നിർമ്മാണം കൃഷിമേഖലകളെ ബന്ധപ്പെടുത്താനാണുദ്ദേശിച്ചിട്ടുള്ളത്. എന്നാൽ കൃഷിയിടങ്ങൾ കുറഞ്ഞുവരുന്ന ഇന്നത്തെ ചുറ്റുപാടിൽ ഈ അടിസ്ഥാനത്തിന് പ്രസക്തിയില്ലാതായി വരുന്ന കാരണത്താൽ കൃഷിയിടങ്ങൾ സജീവമായാൽ മാത്രമെ ഗ്രാമീണ റോഡുകളുടെ ആവശ്യത്തിന് ശക്തി കിട്ടുകയുള്ളൂ. പുതിയ റോഡുകളും തോട്ടുപാലങ്ങളും ട്രാക്റ്ററിറങ്ങാനുള്ള പടികളും നിർമ്മിക്കാനുള്ള പദ്ധതികൾ അവസരോചിതമാണ്.

**കൃഷി വകുപ്പ് പദ്ധതികൾ** : കൃഷി വകുപ്പിന്റെ കീഴിൽ കൃഷി ഭവൻ, മണ്ണു പരിശോധനാ കേന്ദ്രം, സെൻട്രൽ ഓർച്ചാർഡ്, കൂൺവിത്തുല്പാദന കേന്ദ്രം എന്നിവയാണ് പട്ടാമ്പിയിലുള്ളത്. ഇവയിലൂടെ നടപ്പാക്കുന്ന പദ്ധതികൾ മുഴുവനായും ഫലപ്രദമാവുന്നില്ല. പൊതുജന പങ്കാളിത്തക്കുറവ്, സർക്കാർ നടപടിക്രമങ്ങളുടെ സങ്കീർണ്ണത, പ്രാദേശിക ഉദ്യോഗസ്ഥരുടെ അധികാര പരിമിതികൾ, നപ്പാക്കുന്ന പദ്ധതികളുടെ പുനർപരിശോധനയുടെയും പുനരവലോകനത്തിന്റെയും അഭാവം എന്നിവയാണ് കാരണങ്ങൾ. മണ്ണു പരിശോധനാ കേന്ദ്രം, സെൻട്രൽ ഓർച്ചാർഡ്, കൂൺ വിത്തുല്പാദന കേന്ദ്രം എന്നിവയുടെ സാമീപ്യം പരമാവധി പ്രയോജനപ്പെടുത്താൻ ശക്തിയായ പൊതുജന ബോധവൽക്കരണം ആവശ്യമാണ്.

**ജലസേചന വകുപ്പ് പദ്ധതികൾ** : ഈ പ്രദേശത്തിന്റെ ജലസേചന പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളുമെല്ലാം സർക്കാർ ഓഫീസിലെ ഫയലുകളിലുണ്ടെങ്കിലും, അവ പ്രാവർത്തികമാകുന്നില്ല. സർക്കാരിന്റെ സാമ്പത്തിക ഞെരുക്കമാണ് പ്രധാന പ്രശ്നം. ലഭ്യമാവുന്ന സർക്കാർ ഫണ്ടുകൾ മുഴുവൻ മുൻഗണന കൊടുക്കേണ്ട പദ്ധതികൾക്കും നടപ്പാക്കിയ പദ്ധതികളുടെ സംരക്ഷണത്തിനുമായി നീക്കി വെക്കേണ്ടതാണ്. ഈ പ്രദേശത്തെ കർഷകരുടേയും ബഹുജനങ്ങളുടേയും മനുഷ്യശക്തിയും ധനശക്തിയും ബുദ്ധിശക്തിയും ഉപയോഗിച്ചുള്ള സന്നദ്ധപ്രവർത്തനത്തിലൂടെ മാത്രമേ നിലവിലുള്ള സാമ്പത്തിക ഞെരുക്കം മറികടക്കാൻ കഴിയുകയുള്ളൂ. കാർഷികമേഖലയുടെ ഉല്പാദന മാന്ദ്യത്തിന് ഹേതുഭൂതമായി അപരിഹാര്യമായി കണക്കാക്കപ്പെട്ടിട്ടുള്ള പ്രശ്നങ്ങൾ ശക്തിയായ ബഹുജനമുന്നേറ്റത്തിലൂടെയും ഇടപെടലിലൂടെയും, തകർത്തു തരിപ്പണമാക്കുമെന്ന ഒരു പ്രതിജ്ഞ എടുക്കേണ്ടിയിരിക്കുന്നു. ഈ പ്രദേശത്തെ ബുദ്ധിജീവികളും, ദേശസ്നേഹികളും അതിന്ന് നേതൃത്വം കൊടുക്കാൻ മുന്നിട്ടിറങ്ങേണ്ടിയിരിക്കുന്നു.

**കർഷക സംരംഭങ്ങൾ** : പാടശേഖര സമിതികൾ, കേര വികസന സമിതി, കാർഷിക ഉപദേശക സമിതി എന്നിവ ഈ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നു. എല്ലാ സമിതികളും വേണ്ടത്ര സജീവമായി പ്രവർത്തിക്കുന്നില്ല. മറ്റു പല സ്ഥലങ്ങളിലും ഇത്തരം സമിതികൾ വളരെ ഉപയോഗപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സമിതികളുടെ പ്രവർത്തന മേഖലകളുടെ

വൈപുല്യം വിജയകരമായി പ്രവർത്തിക്കുന്ന മറ്റു സ്ഥലങ്ങളിലെ സമിതികളുടെ പ്രവർത്തനത്തിൽ നിന്നും മനസ്സിലാക്കാനുള്ള ശ്രമം നടത്തണം. ആവശ്യമായ ഘടനാ മാറ്റമോ, പ്രവർത്തന ശൈലി മാറ്റമോ വരുത്തി ഈ പ്രദേശത്തെ സമിതികൾ കുറെക്കൂടി ഫലവത്തായി പ്രവർത്തിക്കാനുള്ള വഴികൾ ആരായേണ്ടതാണ്. കർഷകർക്ക് മാർഗ്ഗ നിർദ്ദേശം കൊടുക്കാനും നയിക്കാനും കഴിവുള്ളവരെ അവർക്കിടയിൽ നിന്നു തന്നെ കണ്ടെത്തി മുൻ നിരയിലേക്ക് കൊണ്ടുവരണം.

പട്ടിക 13

പാടശേഖര സമിതികളുടെ വിവരങ്ങൾ

| നമ്പർ | പാടശേഖരസമിതിയുടെ പേർ | കൃഷിക്കാർ | കൃഷിയുടെ സ്ഥിതി | | |
|---|---|---|---|---|---|
| | | | ഒന്നാംവിള | രണ്ടാംവിള | മൂന്നാംവിള |
| 1. | വള്ളൂർ പാടശേഖര സമിതി | 98 | 36 ഹെ. | 36 ഹെ. | .............. |
| 2. | ശങ്കരമംഗലം പാടശേഖര സമിതി | 92 | 62 ഹെ. | 60 ഹെ. | .............. |
| 3. | കൊടലൂർപാടശേഖര സമിതി | 64 | 34 ഹെ. | 32 ഹെ. | പച്ചക്കറി 6 ഹെ. |
| 4. | ആര്യൻപാടം പാടശേഖര സമിതി | 96 | 58 ഹെ. | 56 ഹെ. | പച്ചക്കറി 4 ഹെ. |
| 5. | കിഴായൂർപാടശേഖര സമിതി | 126 | 96 ഹെ. | 92 ഹെ. | പച്ചക്കറി 10 ഹെ. |
| 6. | നെരവത്ത് പാടശേഖര സമിതി | 44 | 24 ഹെ. | 24 ഹെ. | .............. |
| | ആകെ | 520 | 310 ഹെ. | 300 ഹെ. | 20 ഹെ. |

# ഗ്രാമസഭാ നിർദ്ദേശങ്ങൾ

## ജലസേചന സൗകര്യങ്ങൾ

1. ഒന്നാം വാർഡിൽ വള്ളൂർ തോടിന് അറ്റകുറ്റപ്പണികൾ ചെയ്ത് സംരക്ഷിക്കുകയും വാരാംകോട്ട് പൊറ്റെക്കാട്, പെരുമ്പിലാവിൽ പടി എന്നിവിടങ്ങളിൽ പുതിയ ചിറകൾ നിർമ്മിക്കുകയും ചെയ്യുക.

2. ഒന്നാം വാർഡിലെ വള്ളൂർ തോടിലെ ഗുരുതിയൻകാവ് ചിറ അടിയന്തിരമായി അറ്റകുറ്റപ്പണികൾ ചെയ്ത് സംരക്ഷിക്കുക.

3. ഒന്നാം വാർഡിലെ മേലെകുളം, പെരുനാരകുളം എന്നിവ ആഴവും വിസ്തൃതിയും കൂട്ടി കൃഷിക്ക് കൂടുതൽ ഉപയുക്തമാക്കുക.

4. ഒന്നാം വാർഡിൽ കിണർ, കുളം എന്നിവ കുഴിക്കുന്നതിനും പമ്പ്സെറ്റ് വാങ്ങുന്നതിനും ധനസഹായം ലഭ്യമാക്കുക.

5. രണ്ടാം വാർഡിൽ പൊലീല തോടിന് വീമ്പ് ചിറ കെട്ടി വെള്ളം ഉപയുക്തമാക്കുക.

6. രണ്ടാം വാർഡിൽ പൊലീല തോടിന് കൊറ്റൊള്ളിക്ക് താഴെ പുതിയ ചിറ കെട്ടുക.

7. രണ്ടാം വാർഡിൽ മാമ്പുഴ തോടിൻെറ പാർശ്വഭിത്തികൾ കെട്ടി സംരക്ഷിക്കുക.

8. രണ്ടാം വാർഡിൽ പുതുകുളം, ഇരട്ടക്കുളം, പുത്തൻവീട്ടു കുളം, ഓണാംകോട് കിണർ എന്നീ കുളങ്ങൾ ആഴവും വിസ്തൃതിയും കൂട്ടുക.

9. രണ്ടാം വാർഡിൽ ചോലയിൽ ഭാഗത്ത് ഒരു പുതിയ കുളവും (കൈതക്കുളം), പാടശേഖരത്തിൻെറ മദ്ധ്യത്തിലായി മറ്റൊരു കുളവും നിർമ്മിക്കുക.

10. മൂന്നാം വാർഡിൽ ഉള്ള രണ്ടു തോടുകളുടെ (കണ്ടംതോട്, പൊലീല തോട്) പാർശ്വഭിത്തികൾ കെട്ടി സംരക്ഷിക്കുകയും നാല് ചിറകൾ കെട്ടുകയും ചെയ്യുക.

11. മൂന്നാം വാർഡിൽ നിലവിലുള്ള കുളങ്ങൾ ആഴവും വിസ്തൃതിയും കൂട്ടുകയും, ഒരു പുതിയ കുളം നിർമ്മിക്കുകയും ചെയ്യുക. പമ്പുസെറ്റുകൾ സ്ഥാപിക്കുക.

12. നാലാം വാർഡിൽ കൃഷിനിലങ്ങളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കാനായി, കിഴയൂരിലവസാനിക്കുന്ന കനാൽ നാലാം വാർഡിലേക്ക് ദീർഘിപ്പിക്കുക.

13. അഞ്ചാം വാർഡിൽ ഭാരതപ്പുഴയുടെ വടക്കെ കരയിൽ നിലവിലുള്ള ഭിത്തി ഉയർത്തി കെട്ടുകയും കണ്ടംതോടു വരെ പുതിയ ഭിത്തി കെട്ടുകയും ചെയ്യുക.

14. അഞ്ചാം വാർഡിൽ കണ്ടംതോടിനു തോട്ടുകണ്ടത്തിൽ ചിറകെട്ടി, നെരവത്ത് പാടത്ത് ലിഫ്ട് ഇറിഗേഷൻ ഏർപ്പെടുത്തുക. ചിറകെട്ടുന്നതിൻെറ മേൽഭാഗത്ത് കണ്ടംതോടിൻെറ ഭിത്തികൾ സംരക്ഷിക്കുക.

15. അഞ്ചാം വാർഡിൽ ഭാരതപ്പുഴക്ക് തടയണ നിർമ്മിക്കുക.

16. അഞ്ചാം വാർഡിൽ നെരവത്ത് പാടത്ത് കനാലുകൾ നിർമ്മിക്കുക. പണ്ടാരത്തിൽ കുളം സംരക്ഷിക്കുക.

17. ആറാം വാർഡിൽ പെരിക്കാട്ടുകുളം ആഴവും വിസ്തൃതിയും കൂട്ടുകയും, രണ്ട് മെയിൻ കനാലുകളും സബ് കനാലുകളും നിർമ്മിക്കുക, പമ്പുസെറ്റുകൾ വാങ്ങാൻ സഹായമനുവദിക്കുക.

18. ആറാം വാർഡിൽ കൈതക്കുളം,മഠത്തിൽ കുളം എന്നിവ ആഴവും വിസ്തൃതിയും കൂട്ടി ബണ്ടു കെട്ടുകയും, മേൽ കനാലുകളുമായി ബന്ധപ്പെടുത്തുകയും ചെയ്യുക.

19. ഏഴാം വാർഡിലെ പാണ്ടംകുളം ആഴവും വിസ്തൃതിയും കൂട്ടുകയും, കാരിക്കൻ പള്ള്യാലിൽ തൂർന്നുപോയ കുളം വീണ്ടും നിർമ്മിക്കുകയും ചെയ്യുക.

20. ഏഴാം വാർഡിൽ കാർഷിക ഗവേഷണ കേന്ദ്രത്തിൻെറ അധീനതയിലുള്ള പുത്തൻ കുളത്തിലെ വെള്ളം പൊതുജനങ്ങൾക്കു കൂടി ലഭ്യമാക്കുക.

21. എട്ടാം വാർഡിലൂടെ ഒഴുകുന്ന മുച്ചിരിത്തോട് പാറക്കാതോട് എന്നിവയും മറ്റു രണ്ടു ചെറുതോടുകളും ഭിത്തികൾ കെട്ടി സംരക്ഷിക്കുക. കൊക്കർണി കുളം നന്നാക്കുക.

22. എട്ടാം വാർഡിൽ ആനങ്ങാട്ടുകുളവും, വെള്ളിലപ്പട്ടി ക്ഷേത്രക്കുളവും ആഴം കൂട്ടുക.

23. ഒമ്പതാം വാർഡിലെ ലിഫ്ട് ഇറിഗേഷൻ സംവിധാനം ആവശ്യമായ മാറ്റങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തി ഉടൻ പ്രവർത്തനക്ഷമമാക്കുക. പാമ്പാടി തോട് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുക.

24. ഒമ്പതാം വാർഡിൽ ഭാതരപ്പുഴക്ക് തടയണ നിർമ്മിക്കുക.

25. ഒമ്പതാം വാർഡിൽ മണൽ വാരൽ നിരോധിക്കുക.

26. പത്താം വാർഡിലൂടെ ഒഴുകുന്ന കണ്ടംതോടിൻെറ ഭാഗം പാർശ്വഭിത്തികൾ കെട്ടി സംരക്ഷിക്കുക.

## നെൽകൃഷി വികസനം

1. മേത്തരം നെൽവിത്തുകൾ, വളം, കീടനാശിനി, പച്ചില വളവിത്ത് എന്നിവ സൗജന്യമായി ലഭ്യമാക്കുക.
2. ട്രാക്റ്റർ പാടത്തിറക്കുവാൻ ആവശ്യമായ റോഡുകളും പടികളും നിർമ്മിക്കുക.
3. ട്രാക്റ്റർ, കൊയ്ത്തു യന്ത്രം, നടീൽ യന്ത്രം, സ്പെയർ, മറ്റു യന്ത്രോപകരണങ്ങൾ എന്നിവ കുറഞ്ഞ വാടകക്ക് ലഭ്യമാക്കുക.
4. കാർഷിക ഗവേഷണ കേന്ദ്രത്തിന്റെയും, കൃഷിഭവന്റേയും സേവനം നെൽപാടങ്ങളിൽ ലഭ്യമാക്കുക.
5. ഉല്പാദന ബോണസ്സ് - കാർഷിക പെൻഷൻ വർദ്ധിപ്പിക്കുക.
6. മണ്ണു പരിശോധന, കമ്പോസ്റ്റ് വള നിർമ്മാണം എന്നിവ പ്രോത്സാഹിപ്പിക്കുക.

## മറ്റു കൃഷികളുടെ വികസനം

1. തെങ്ങുകൃഷിയുടെ വികസനത്തിനായി പ്രത്യേക ശ്രദ്ധ ചെലുത്തുകയും, രോഗങ്ങൾ നിയന്ത്രിക്കാനും, ശാസ്ത്രീയ പരിപാലന മുറകൾ ചെയ്യാനും കർഷകരെ പഠിപ്പിച്ച് ഉല്പാദനം വർദ്ധിപ്പിക്കുക.
2. കവുങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുക.
3. വാഴ, കുരുമുളക്, മരച്ചീനി, റബ്ബർ, കശുവണ്ടി എന്നീ കൃഷികൾക്ക് ധനസഹായം നൽകുക.
4. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാൻ കൊടലൂരിലും, വള്ളൂരിലും, കിഴായൂരും കേന്ദ്രീകരിച്ച് പദ്ധതി ആവിഷ്കരിക്കുക.
5. ഔഷധ ചെടി കൃഷി, കുറ്റിമുല്ല, മറ്റു അലങ്കാര ചെടികൾ, പപ്പായ എന്നിവയുടെ കൃഷി കാർഷിക ഗവേഷണ കേന്ദ്രത്തോടു തൊട്ടു കിടക്കുന്ന കൊടലൂരിലും മറ്റു അനുയോജ്യ സ്ഥലങ്ങളിലും വൻ തോതിൽ തുടങ്ങുക.

## മറ്റു കാര്യങ്ങൾ

പാടശേഖരങ്ങളിലേക്ക് വൈദ്യുതി ലൈൻ നീട്ടുക.

അടുക്കളത്തോട്ടങ്ങൾ, വിദ്യാലയതോട്ടങ്ങൾ, പൊതുസ്ഥലങ്ങളിലെ കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക.

ഫലവൃക്ഷങ്ങൾ, വനൗഷധികൾ, വനവൃക്ഷങ്ങൾ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

കർഷക സമിതികൾ ഫലപ്രദമായി പ്രവർത്തിക്കുക.

എല്ലാ പാടശേഖരങ്ങളിലും ഗ്രൂപ്പ് ഫാമിംഗ് നടപ്പാക്കുക.

കാർഷികോല്പാദന രംഗത്ത് മത്സരബുദ്ധി വളർത്താൻ പഞ്ചായത്ത് തലത്തിൽ അംഗീകാരവും പുരസ്കാരങ്ങളും ഏർപ്പെടുത്തുക.

ജനപങ്കാളിത്തവും സഹകരണ മനോഭാവവും ജനങ്ങളിൽ ഉണ്ടാക്കാനുതകുന്ന ബോധവൽക്കരണം പ്രചരണ പദ്ധതികൾ നടപ്പാക്കുക.



ഈ കാഴ്ചകൾ മാഞ്ഞു പോകാതിരിക്കട്ടെ !!

# മൃഗസംരക്ഷണം

**ആമുഖം :** വികസനം മുരടിച്ചു നിൽക്കുന്ന മറ്റൊരു തൊഴിൽ മേഖലയാണ് മൃഗസംരക്ഷണം. വികസനത്തിന് തടസ്സമായി നിൽക്കുന്ന ഒട്ടേറെ പൊതുപ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും നിലവിലുള്ള അനുകൂല സാഹചര്യങ്ങൾ മുഴുവനും പ്രയോജനപ്പെടുത്താനുള്ള ഒരു ശ്രമം ഇന്നേവരെ ഉണ്ടായിട്ടില്ല. കാലാകാലങ്ങളിൽ സർക്കാർ പദ്ധതികൾ അനുസ്യൂതം നടപ്പാക്കിയപ്പോൾ ഉണ്ടായിട്ടുള്ള സ്വാഭാവിക പുരോഗതി മൃഗസംരക്ഷണ രംഗത്തെ ചില പ്രത്യേക തുറകളിൽ മാത്രം ഒതുങ്ങി നിന്നു. സങ്കരവർഗ്ഗ പശുക്കളുടെ എണ്ണവും പാലുല്പാദനവും വർദ്ധിച്ചതാണ് വളരെ പ്രകടമായ ഒരു മാറ്റം. പോരായ്മകൾ ഏറെയുണ്ടെങ്കിലും മൃഗചികിത്സാ കാര്യങ്ങളിലുണ്ടായ അധിക സൗകര്യങ്ങളും ശ്രദ്ധേയമാണ്. മാറ്റങ്ങൾ ദൃശ്യമായ മറ്റൊരു തൊഴിൽ തുറ കോഴിവളർത്തലാണ്. എന്നാൽ ഈ മൂന്നു തുറകളും ഇന്ന് കേരളത്തിന്റേതായ പ്രത്യേക സാഹചര്യങ്ങളാൽ മുരടിപ്പിനെ അതിജീവിക്കാനാവാതെ വീർപ്പു മുട്ടുന്ന കാഴ്ചയാണുള്ളത്. അയൽ സംസ്ഥാനങ്ങൾ ഈ തുറകളിൽ വമ്പിച്ച മുന്നേറ്റം നടത്തിയതിനാൽ കേരളത്തിലെ ശോചനീയാവസ്ഥ മുതലെടുത്തുകൊണ്ട്, ഇവിടം അവരുടെ ഉൽപന്നങ്ങളുടെ ഒരു പ്രധാന വിപണി ആക്കിയിരിക്കയാണവർ. സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് മറ്റ് ഉൽപ്പാദന തൊഴിൽ തുറകളായ ആടു വളർത്തൽ, പന്നി വളർത്തൽ, മാംസാവശ്യത്തിനുള്ള കാളക്കുട്ടി വളർത്തൽ എന്നിവയിലും ഈ പ്രദേശത്ത് ഒട്ടും പുരോഗതി ഉണ്ടായിട്ടില്ല.

ഉൽപ്പാദനവും അതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കലുമായി ബന്ധപ്പെട്ട മറ്റു ഒട്ടനവധി തുറകൾ ഈ മേഖലയിലുണ്ട്.

1) മാംസോൽപ്പാദനം :

*ആടുവളർത്തൽ.*
*ഇറച്ചിക്കോഴി വളർത്തൽ.*
*പന്നി വളർത്തൽ.*
*കാളക്കുട്ടി വളർത്തൽ.*
*മുയൽ - കാട വളർത്തൽ.*
*ആധുനിക അറവുശാല.*
*അറവുശാല ഉല്പന്നങ്ങളായ.എല്ല്, തുകൽ, രക്തം, തൂവൽ.*
*എന്നിവയുടെ സംസ്കരണം, മാംസ വിപണനം.*
*താറാവ്-ടർക്കി-ഗിനി വളർത്തൽ*
*ഉഴവുമാടു വളർത്തൽ*
*ബയോഗ്യാസ് നിർമ്മാണം*
*കന്നുകാലി - കോഴി ഇൻഷൂറൻസ്*

*പാൽ ഉല്പന്ന നിർമ്മാണം*
*മുട്ട ഉല്പന്ന നിർമ്മാണം*
*പാൽ - മുട്ട സംസ്കരണം*
*യന്ത്രങ്ങളുടേയും സാധനസാമഗ്രികളുടേയും*
*ഉപകരണങ്ങളുടേയും നിർമ്മാണ വ്യവസായങ്ങൾ*
*കന്നുകാലി ചന്ത*
*ഉല്പന്ന - യന്ത്രോപകരണ വിപണന മാർക്കറ്റ്*

മൃഗസംരക്ഷണ പരിപാടികൾ എന്ന് പറഞ്ഞാൽ കന്ന്കാലി വളർത്തലും കോഴി വളർത്തലും മാത്രമല്ലെന്നും അനുബന്ധമായി ചെയ്യാവുന്ന ഒട്ടനവധി തുറകളുണ്ടെന്നും മനസ്സിലാക്കേണ്ടതുണ്ട്. നിലവിലുള്ള സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയും ലഭ്യമായ വിഭവങ്ങൾ സമാഹരിച്ചും ഈ പ്രദേശത്തിന് അനുയോജ്യമായ തൊഴിൽ തുറകൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. മൃഗസംരക്ഷണ രംഗത്തെ ആധുനിക പ്രവണതകളും രീതികളും കണ്ടെത്തുകയും ലോകത്തിൻെറ മറ്റു ഭാഗങ്ങളിൽ നിന്നു പോലും തേടിപിടിക്കുകയും ചെയ്ത് നാട്ടുകാരിലെത്തിക്കാൻ നിയുക്തമായ കാർഷിക സർവ്വകലാശാലയുടെ ഒരു കേന്ദ്രം പട്ടാമ്പിയിൽ പ്രവർത്തിക്കുന്നത് തികച്ചും പ്രയോജനപ്പെടുത്താം.

**പഴയ അവസ്ഥ** : നാലഞ്ചു ദശാബ്ദങ്ങൾക്കു മുമ്പ് വരെ നിലനിന്നിരുന്ന അവസ്ഥയും വളർച്ചയും വിശകലനം ചെയ്യുന്നത് ഉചിതമായിരിക്കും. ഉദ്ദേശം 50 കൊല്ലം മുമ്പ്, കന്നുകാലി വളർത്തൽ കൃഷിക്കുവേണ്ടിയുള്ള ഒരനുബന്ധ മേഖലയായി മാത്രമാണ് ഗണിച്ചു വന്നത്. ഉഴവിന്നും, പൂട്ടി വലിക്കാനുമുള്ള ആവശ്യത്തിന് പൂട്ടു കന്നുകളെയും ചാണകത്തിൻെറ ആവശ്യത്തിന്നും പാലിൻെറ ഗാർഹിക ആവശ്യത്തിനുമായി നാടൻ പശുക്കളെയും എല്ലാ കർഷക ഗൃഹങ്ങളിലും വ്യാപകമായി വളർത്തിയിരുന്നു. വരുമാനം കുറഞ്ഞ കർഷക ഗൃഹങ്ങളിലും കർഷകത്തൊഴിലാളികൾക്കിടയിലും ആടുകളേയും കോഴികളേയും വളർത്തൽ വ്യാപകമായ തോതിൽ ഉണ്ടായിരുന്നു. സമ്പന്ന ഗൃഹങ്ങളുടെ മുൻഭാഗത്ത് പ്രൌഢിയുടെ പ്രതീകമായി വലിയ തൊഴുത്തുകൾ കെട്ടി ഉയർത്തിയിരുന്നു. വില കൂടിയ ഊർച്ചക്കന്നുകളെ ഭാരിച്ച ചിലവിൽ സംരക്ഷിച്ചു നിർത്തുന്നവർ ഉണ്ടായിരുന്നു.

ഇക്കാലത്ത് വളരെ ദുർല്ലഭമായി ചില സ്ഥലങ്ങളിൽ നിലനിൽക്കുന്ന കാളപൂട്ട് അഥവാ ഊർച്ച, മുമ്പ് കാലത്ത് ഈ പ്രദേശത്ത് മുഖ്യ ഗ്രാമീണ വിനോദമായിരുന്നു. പശുക്കളുടെ ശരാശരി പാലുല്പാദനം 4-5 നാഴിയായിരുന്നു. സംരക്ഷണച്ചിലവുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ഉല്പാദനം ഇന്നത്തെക്കാൾ ലാഭകരമായിരുന്നുവെന്നാണ് മനസ്സിലാവുന്നത്. കന്നുകാലി രോഗങ്ങൾ ചികിത്സിച്ചിരുന്നത് നാടൻ വൈദ്യന്മാരായിരുന്നു. ഈ പ്രദേശത്തിന് ഏറ്റവും അടുത്ത മൃഗാശുപത്രി ആദ്യമായി നിലവിൽ വന്നത് പാലക്കാട്ടും പിന്നീട് പെരിന്തൽമണ്ണയിലുമാണ്.

1927 ൽ പട്ടാമ്പി കൃഷിഫാറം സ്ഥാപിതമായപ്പോൾ അവിടെ ഉഴവിനു വേണ്ടി കാങ്കയം വർഗ്ഗത്തിൽപ്പെട്ട കാളകളേയും, പാലിനു വേണ്ടി സിന്ധി പശുക്കളേയും മുറാ എരുമകളെയും വളർത്തിയിരുന്നു. പശുക്കളുടെയും എരുമകളുടേയും ഗർഭധാരണത്തിനായി സിന്ധി വിത്തു കാളകളേയും മുറാ വിത്തു പോത്തിനെയും വളർത്തിയിരുന്നു. എന്നാൽ അവയുടെ ഉപയോഗം പൊതുജനങ്ങൾക്ക് ലഭിച്ചിരുന്നില്ല.

ഈ പ്രദേശത്ത് നിലനിന്ന അവസ്ഥക്ക് ഒരു മാറ്റമുണ്ടായത് 1958 ൽ പട്ടാമ്പി NES ബ്ലോക്ക് നിലവിൽ വന്നതിനു ശേഷമാണ്. അതിനോടനുബന്ധിച്ച് ഒരു മൃഗഡോക്ടറുടെ സേവനവും ലഭ്യമായി. ഈ കാലഘട്ടം യഥാർത്ഥത്തിൽ ജനങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാ മേഖലയിലും ഒരു നവോന്മേഷത്തിൻെറ കാലമായിരുന്നു. ബ്ലോക്കുകൾ തുടങ്ങിയ കാലഘട്ടത്തിൽ ഉദ്യോഗസ്ഥർ നാട്ടുകാരിലേക്കിറങ്ങിച്ചെന്ന് അവരുടെ പ്രശ്നങ്ങൾ പഠിച്ച് അവരിലൊരാളാവാൻ ശ്രമിക്കുന്ന ഒരു രീതി അന്നു നിലനിന്നിരുന്നു.

ഈ പ്രദേശത്തെ ആദ്യകാല മൃഗഡോക്ടർ ശ്രീ. കെ.പി. നാരായണപിള്ളയായിരുന്നു. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട നൂതനാശയങ്ങൾ ഈ പ്രദേശത്തുകാർക്ക് പകർന്നു കിട്ടിയത് അദ്ദേഹത്തിലൂടെയായിരുന്നുവെന്ന് പലരും ഓർക്കുന്നു. ആദ്യമായി കൃത്രിമ ബീജ സങ്കലന പ്രവർത്തനങ്ങൾ തുടങ്ങിയതും അക്കാലത്താണ്. ബേങ്കളൂരിൽ നിന്നും ശീതീകരിച്ച ജഴ്സി ബീജം വരുത്തിയാണ് അന്ന് പ്രവർത്തനം നടത്തിയിരുന്നത്. ബ്ലോക്കിലൂടെയുള്ള മൃഗസംരക്ഷണ പദ്ധതികൾ പട്ടാമ്പിയിലും പരിസര പഞ്ചായത്തുകളിലും നടപ്പാക്കിയതോടെയാണ്, മെച്ചപ്പെട്ട കന്നുകാലികൾ, കോഴികൾ, മാതൃകാ കാലിത്തൊഴുത്തുകൾ, ഡീപ്‌ലിറ്റർ കോഴിക്കൂടുകൾ എന്നിവ ഈ പ്രദേശത്ത് പ്രത്യക്ഷപ്പെടാൻ തുടങ്ങിയത്. 1967 ൽ മരുതൂരിൽ നിർമ്മിച്ച സ്ഥിരം കെട്ടിടത്തിലേക്ക് മൃഗാശുപത്രി മാറ്റി സ്ഥാപിച്ചു. ആസ്പത്രിയോടനുബന്ധിച്ച് 1970 ൽ കീ വില്ലേജ് ബ്ലോക്ക് തുടങ്ങിയപ്പോൾ ബീജശേഖരണത്തിനുള്ള സിന്ധി വിത്തുകാളകളെയും മുറാ - സൂർത്തി വിത്തു പോത്തുകളെയും ആസ്പത്രിയിൽ തന്നെ വളർത്താൻ തുടങ്ങി. ഇവിടെ നിന്നും ശേഖരിക്കുന്ന ബീജം പഴയ ഒറ്റപ്പാലം താലൂക്ക് മുഴുവനും, തലപ്പിള്ളി താലൂക്കിൻെറ ഒരു ഭാഗത്തും വിതരണം ചെയ്തിരുന്നു. അക്കാലത്തെ ഈ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചതും പലരും ഇന്ന് ഓർമ്മയിൽ സൂക്ഷിക്കുന്നതുമായ ഒരു പേരാണ് ഡോ. സി.ടി. ജോസിൻേറത്. കീ വില്ലേജ് ബ്ലോക്കിനു പകരം ഊർജ്ജിത കന്നുകാലി വികസന പദ്ധതി 1973 ൽ നിലവിൽ വന്നപ്പോഴും പട്ടാമ്പി അതിൻെറ ഒരു കേന്ദ്രമായി നിലനിന്നു. സിന്ധിക്കാളകൾക്ക് പകരം ആസ്ത്രേലിയൻ ജഴ്സി കാളകളെ ബീജശേഖരണത്തിനായി ഉപയോഗിച്ചു. ഈ പ്രദേശത്ത് പിന്നീട് പ്രത്യക്ഷപ്പെട്ട സുനന്ദിനി പശുക്കളുടെ ഒന്നിലേറെ തലമുറകളുടെ പിതൃത്വം ഈ കാളകൾക്കാണ്. 1975 ൽ കേരളത്തിലെ മൊത്തം ബീജവിതരണം മാട്ടുപ്പെട്ടിയിലെ ഇന്തോ-സ്വിസ് പ്രോജക്ട് ഏറ്റെടുത്തതോടെ ആസ്പത്രികളിൽ കാളകളെ വളർത്തുന്ന രീതി ഇല്ലാതായി. ധാരാളം സങ്കരവർഗ്ഗ പശുക്കളും, വൈറ്റ് ലഗോൺ കോഴികളും, മലബാറി സങ്കരവർഗ്ഗ

ആടുകളും വർദ്ധിക്കുകയും അവയുടെ ഉല്പാദനത്തിൽ പ്രകടമായ വർദ്ധനവ് ഉണ്ടാവുകയും ചെയ്തു.

ഒരു സുവർണ്ണകാലഘട്ടമായി ആളുകൾ അക്കാലത്തെ ഓർക്കുന്നു. എന്നാൽ മറ്റെല്ലാ ഉല്പാദന മേഖലകളേയും ബാധിച്ച മാന്ദ്യതയും, തിരിച്ചടിയും ഈ രംഗത്തേയും ബാധിക്കുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. അതു വരെ മൃഗസംരക്ഷണ തൊഴിലുകളിൽ ഏർപ്പെട്ടവരിലും കർഷകരിലും ഉണ്ടാക്കാൻ കഴിഞ്ഞ പ്രത്യാശ മങ്ങിത്തുടങ്ങി. വിലവർദ്ധന, കൂലി വർദ്ധന, കാർഷികോല്പാദന രംഗത്തെ മാന്ദ്യത, സർക്കാർ സേവനങ്ങളുടെ അപര്യാപ്തത എന്നീ കാരണങ്ങളാലെല്ലാം ഈ മേഖല ഇപ്പോൾ തകർച്ചയുടെ വക്കിലാണ്. സങ്കര വർഗ്ഗ പശുക്കളുടെ എണ്ണം കൂടി വന്നുവെങ്കിലും സംരക്ഷണമുറകൾ പാലിക്കാൻ കഴിയാത്ത കാരണം ഉല്പാദന വർദ്ധനവ് നിലനിർത്താൻ കഴിയുന്നില്ല. പകർച്ച വ്യാധികൾ ഫലപ്രദമായി തടയാൻ കഴിയാത്തതിനാൽ, ചെറുകിട കോഴിവളർത്തലിൽ നിന്നു വീട്ടമ്മമാർ പോലും പിന്തിരിയുന്നു. മേച്ചിൽ സ്ഥലങ്ങൾ കുറഞ്ഞതിനാൽ ആടു വളർത്തൽ അസാദ്ധ്യമായി. സമീപകാലത്ത് വളരെയധികം പ്രചരിച്ച ഇറച്ചിക്കോഴി വളർത്തൽ, ഭാരിച്ച ഉല്പാദനച്ചിലവും, തമിഴ്നാട്ടിൽ നിന്നുള്ള ഉല്പന്നങ്ങളുടെ മത്സരവും കാരണം ഇപ്പോൾ തിരിച്ചടിയിലാണ്. ഈ തിരിച്ചടികളെ ഫലപ്രദമായി നേരിടാൻ സർക്കാർ പദ്ധതികൾക്കോ, മൃഗചികിത്സാ സേവനങ്ങൾക്കോ കഴിയുന്നില്ല. ബ്ലോക്കുകൾ സജീവമായി പ്രവർത്തിച്ചിരുന്ന പഴയ കാലവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇപ്പോഴത്തെ പദ്ധതി നടത്തിപ്പിൻേറയും സർക്കാർ സേവനങ്ങളുടേയും ഗുണമേന്മ അനിയന്ത്രിതമായി താഴോട്ടു പോകുന്നു. സാധാരണക്കാരിൽ വളർന്നു വന്നിട്ടുള്ള അലംഭാവവും ഏത് അവിഹിതമാർഗ്ഗമുപയോഗിച്ചും സ്വന്തം കാര്യം നേടാനുള്ള ത്വരയും പൊതു പ്രവർത്തകരുടെ പ്രതികരണ ശേഷി നഷ്ടപ്പെട്ടതുമാണ് കാര്യങ്ങൾ ഇത്രത്തോളമെത്തിക്കാൻ പ്രധാനമായും കാരണമായിട്ടുള്ളത്.

കാര്യങ്ങൾ ഇങ്ങനെയൊക്കെയായിട്ടും കുറെ ആളുകൾ ഈ തൊഴിൽ മേഖല കൈവിടാതിരിക്കാൻ കാരണം, പാരമ്പര്യ ശീലങ്ങളോടുള്ള ആഭിമുഖ്യവും സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കാനും വേണ്ടിയാണെന്ന് വേണം അനുമാനിക്കാൻ.

## നിലവിലുള്ള പ്രധാന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

**ക്ഷീരോൽപാദന രംഗം** : പട്ടാമ്പി പ്രദേശത്ത് 286 കറവ പശുക്കളും 11 കറവ എരുമകളും ഉള്ളതായിട്ടാണ് കണക്കുകൾ കാണിക്കുന്നത്. ഇവയിൽ തന്നെ നഷ്ടത്തിൽ കലാശിക്കാത്തതോ അല്പം ലാഭത്തിൽ നടക്കുന്നതോ ആയി ഒരു ചെറിയ ശതമാനം മാത്രമാണുള്ളത്. പശു വളർത്തൽ മുഖ്യ തൊഴിലാക്കിയവർ ആരുമില്ല. കാര്യമായി സ്ത്രീകളും മറ്റു തൊഴിലുകൾക്ക് പറ്റാത്തവരുമായ കുറെ ആളുകൾ ഒന്നോ രണ്ടോ പശുക്കളെ വീതം നഷ്ടം വരാതെ വളർത്താൻ

## പട്ടിക

## പട്ടാമ്പി പഞ്ചായത്തിലെ സങ്കരവർഗ്ഗ പശു - കാള എന്നിവയുടെ കണക്ക്

| വാർഡ് നമ്പർ | കാളകൾ | | | പശുക്കൾ | | | | | കറവ എരുമ-കൾ |
|---|---|---|---|---|---|---|---|---|---|
| | രണ്ടര വയസ്സിനു താഴെ | രണ്ടര വയസ്സിനു മുകളിൽ | | ഒരു വയസ്സിനു താഴെ | ഒന്ന് - ഒന്നര വയസ്സ് | രണ്ടര വയസ്സിനു മുകളിൽ | | | |
| | | ഉഴവിനുള്ളത് | ചവിട്ടിക്കാൻ | | | കറവ | കറവ വറ്റിയത് | പ്രസവിക്കാത്തവ | |
| 1 | 10 | 4 | 2 | 21 | 32 | 47 | 30 | 4 | 2 |
| 2 | 7 | 8 | ... | 12 | 6 | 25 | 4 | 2 | 1 |
| 3 | 4 | 2 | ... | 17 | 6 | 21 | 11 | 1 | 1 |
| 4 | 15 | 6 | ... | 12 | 6 | 21 | 2 | 1 | ... |
| 5 | 5 | ... | ... | 12 | 5 | 19 | 20 | 2 | ... |
| 6 | 5 | 3 | ... | 17 | 6 | 20 | 1 | 6 | 3 |
| 7 | 1 | 2 | ... | 19 | 21 | 32 | 12 | 7 | 1 |
| 8 | 10 | 1 | 2 | 4 | 6 | 23 | 19 | 3 | 2 |
| 9 | ... | ... | 3 | 52 | 63 | 67 | 47 | ... | ... |
| 10 | 13 | 4 | ... | 30 | 7 | 11 | 11 | 5 | 1 |
| ആകെ | 70 | 30 | 7 | 196 | 159 | 286 | 157 | 31 | 11 |

## പട്ടിക

## പഞ്ചായത്തിലെ ആടുകളുടെ കണക്ക്

| വാർഡ് നമ്പർ | ആണാടുകൾ | | പിടയാടുകൾ | | | |
|---|---|---|---|---|---|---|
| | ഒരു വയസ്സിനു താഴെ | ഒരു വയസ്സിനു മുകളിൽ | ഒരു വയസ്സിനു താഴെ | ഒരു വയസ്സിനു മുകളിൽ | | |
| | | | | കറവയുള്ളത് | കറവയില്ലാത്തത് | മറ്റുള്ളവ |
| 1 | 8 | 1 | 12 | 13 | 31 | 6 |
| 2 | 10 | 5 | 29 | 29 | 5 | ... |
| 3 | 1 | ... | 10 | 10 | 6 | ... |
| 4 | 4 | 10 | 5 | 6 | ... | ... |
| 5 | 5 | ... | 3 | 10 | 7 | ... |
| 6 | 51 | 144 | 166 | 148 | 66 | 2 |
| 7 | 3 | 2 | 6 | 5 | 19 | ... |
| 8 | 3 | 4 | 8 | 23 | 6 | ... |
| 9 | 6 | 7 | 17 | 10 | 14 | ... |
| 10 | 118 | 28 | 62 | 113 | 36 | ... |

പാടുപെടുന്ന ഒരു രംഗമാണ് പശുവളർത്തലിനെക്കുറിച്ച് പറയുമ്പോൾ സാധാരണക്കാരൻ ഓർക്കുന്നത്. തീറ്റയുടെ ഭാരിച്ച വില, ഗുണമേന്മ കുറഞ്ഞ തീറ്റയുടെ അനിയന്ത്രിതമായ വിപണനം, ചികിത്സാ സാങ്കേതിക സേവനങ്ങളുടെ അപര്യാപ്തത, അസംഘടിതമായ പാൽ വിതരണ രീതി മൂലമുള്ള പാലിൻെറ വിലക്കുറവ്, മേച്ചിൽ സ്ഥലങ്ങളുടെ ദൗർലഭ്യം, തീറ്റപ്പുല്ല് കൃഷി ചെയ്യുന്നതിലുള്ള അലംഭാവം, നല്ല ഇനം പശുക്കളുടെ ലഭ്യതക്കുറവ്, പശുക്കളെ വാങ്ങുമ്പോഴും വിൽക്കുമ്പോഴുമുള്ള ഇടത്തട്ടു കച്ചവടക്കാരുടെ കബളിപ്പിക്കൽ, പരിപാലന മുറകളെ സംബന്ധിച്ച പ്രായോഗിക പരിശീലനക്കുറവ്, സർക്കാർ പദ്ധതി നടത്തിപ്പിലെ അപാകതകൾ, ഈ തൊഴിലിൽ ഏർപ്പെട്ടവരുടെ അസംഘടിതാവസ്ഥ ഇവയെല്ലാം ക്ഷീരോല്പാദന തൊഴിൽ മേഖലയെ തളർത്തുന്ന ഘടകങ്ങളാണ്. ഇവയുടെയെല്ലാം സിംഹഭാഗം പരിഹരിക്കാനുള്ള ഒരു ഒറ്റമൂലി കൂട്ടായ്മ മാത്രമാണ്. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന രണ്ട് സ്വകാര്യ മിൽമാ ബൂത്തുകളിലൂടെ ദിവസേന 700 മുതൽ 800 ലിറ്റർ വരെ പാലും, 50 ലിറ്റർ തൈരും, 5 കിലോഗ്രാം നെയ്യും ചിലവാകുന്നുണ്ട്. ഈ പ്രദേശത്തെ ആവശ്യം മുഴുവനും നിവൃത്തിക്കാൻ ഇവക്ക് കഴിയുന്നില്ല. നാട്ടിൽ ഉല്പാദിപ്പിക്കുന്ന ശുദ്ധമായ പാലിന്ന് ഇപ്പോഴും ആവശ്യക്കാർ ധാരാളമുണ്ട്. പുറമെ പട്ടാമ്പിയിൽ പുതുതായി പ്രവർത്തിച്ചു തുടങ്ങിയിട്ടുള്ള മിൽമാ പാൽ ശീതീകരണ കേന്ദ്രം പ്രവർത്തനക്ഷമമാക്കാൻ ഈ പ്രദേശത്ത് കൂടുതൽ പാൽ ഉല്പാദനം ഉണ്ടാവണം. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച്, പാൽ ഉല്പാദന തൊഴിൽ മേഖലക്ക് പട്ടാമ്പി പ്രദേശത്ത് വമ്പിച്ച സാദ്ധ്യതകളാണുള്ളത്. ഈ സാദ്ധ്യതകൾ മുതലാക്കാൻ താഴെ പറയുന്ന പരിഹാര നിർദ്ദേശങ്ങൾ പ്രയോജനകരമായിരിക്കും.

കറവമാടുകളേയും, കറവ ആടുകളേയും വളർത്തുന്നവരെയും ഈ തൊഴിലിൽ ഏർപ്പെടാൻ താൽപര്യവും സൗകര്യമുള്ളവരെയും കണ്ടെത്തി അവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയാണ് ആദ്യം വേണ്ടത്. സങ്കരവർഗ്ഗ കറവ മാടുകളേയും മൊത്തം ആടുകളേയും പരിപാലിക്കുന്ന ശാസ്ത്രീയ മാർഗ്ഗങ്ങൾ കണ്ടു പഠിക്കാവുന്ന പ്രായോഗിക പരിശീലനം നൽകി ഇവരെ സജ്ജമാക്കണം. ലാഭകരമായി വളർത്താവുന്ന നല്ല ജനുസ്സിൽ പെട്ട ഉരുക്കളെ മര്യാദ വിലക്ക് ആവശ്യക്കാർക്ക് ലഭിക്കാനും, ഉപയോഗമില്ലാത്തതും ആവശ്യത്തിലധികമുള്ളതുമായ ഉരുക്കളെ പരമാവധി വിലക്ക് വില്ക്കാനും ഉള്ള സംവിധാനം സന്നദ്ധസംഘടനകളുടേയും സർക്കാർ വകുപ്പുകളുടേയും സഹകരണത്തോടെ നിലവിൽ വരണം. ചിലവു കുറഞ്ഞ ശാസ്ത്രീയ കന്നുകാലി തൊഴുത്ത് നിർമ്മിക്കാനുള്ള സൗകര്യമൊരുക്കണം. ഗുണമേന്മയുള്ള കാലി തീറ്റ ഏറ്റവും ചിലവു കുറഞ്ഞ രീതിയിൽ പ്രാദേശികമായി നിർമ്മിക്കാൻ ഏർപ്പാടുണ്ടാവണം. മൃഗചികിത്സയും ഗർഭധാരണ കുത്തിവെപ്പും ഏറ്റവും ചിലവു കുറഞ്ഞ രീതിയിൽ വിദഗ്ദമായും ആവശ്യാനുസരണവും ലഭിക്കാനുള്ള സംവിധാനവും, ക്രമീകരണവും മൃഗാശുപത്രികളിൽ സജ്ജമാക്കണം. കന്നുകാലി തീറ്റപ്പുല്ല്, പയറു വർഗ്ഗങ്ങൾ, ചെടികൾ എന്നിവ സഹകരണാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കാൻ സൗകര്യം കണ്ടെത്തണം.

ഉല്പാദിപ്പിക്കുന്ന പാലിന് പരമാവധി വില ലഭിക്കാൻ സങ്കടിതമായ വിപണന സംവിധാനം വേണം. പാൽ ഉല്പന്നങ്ങളും ഉപോൽപ്പന്നങ്ങളും നിർമ്മിക്കാനുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തണം. സർക്കാർ പദ്ധതികളുടേയും, കന്നുകാലി ഇൻഷൂറൻസിൻേറയും ആനുകൂല്യങ്ങൾ മുഴുവനായും അർഹരായവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. കന്നുകാലികളുടേയും, ഉല്പന്നങ്ങളുടേയും, യന്ത്രോപകരണസാമഗ്രികളുടേയും നേരിട്ടുള്ള വിൽക്കൽ, വാങ്ങൽ വിപണി സൗകര്യാനുസരണം ഇടക്കിടെ സംഘടിപ്പിക്കാനുള്ള സംവിധാനം പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഉണ്ടാവണം.

**മുട്ടക്കോഴി വളർത്തൽ** : പഞ്ചായത്തിലുള്ള കോഴികളുടെ കണക്കനുസരിച്ച് മുട്ടയുൽപ്പാദിപ്പിക്കുന്ന മൊത്തം കോഴികളിൽ 85 ശതമാനത്തോളം നാടനും, 15 ശതമാനം മാത്രം സങ്കരവർഗ്ഗവും ആണ്. ഈ പ്രദേശത്തിലെ മുട്ടയുൽപ്പാദനത്തിലെ ശോചനീയാവസ്ഥയാണ് ഇത് കാണിക്കുന്നത്. കോഴി വളർത്തലിൽ സാധാരണക്കാർക്ക് താൽപ്പര്യം കുറയാനുള്ള പ്രധാന കാരണം കോഴിവസന്ത എന്ന പകർച്ച വ്യാധി ഫലപ്രദമായി തടുക്കാൻ കഴിയാത്തതാണ്. നല്ല ഇനം കോഴികളുടെ ലഭ്യതക്കുറവും ഒരു പ്രശ്നമാണ്. ശാസ്ത്രീയ വളർത്തൽ രീതികളെക്കുറിച്ചുള്ള പരിശീലനക്കുറവും ഒരു കാരണമാണ്. മുട്ടക്കോഴി വളർത്തൽ, ഡീപ് ലിറ്റർ കേജ് എന്നീ രീതികളുപയോഗിച്ച് വലിയ തോതിലും, നാടൻ രീതി അനുസരിച്ച് ചെറിയ തോതിലും ചെയ്യാവുന്നതാണ്. പട്ടാമ്പിയിൽ നിലവിലുള്ള സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ നാടൻ രീതിയിലുള്ള അടുക്കള മുറ്റത്തെ കോഴിവളർത്തൽ രീതി വീട്ടമ്മമാരെയും, മറ്റു താൽപ്പര്യമുള്ളവരെയും കേന്ദ്രീകരിച്ച് ചെയ്യാനുള്ള എല്ലാ പ്രോത്സാഹനവും നൽകുകയാണ് ചെയ്യേണ്ടത്. ഈ രീതി ഫലപ്രദമായി നടപ്പാക്കുകയാണെങ്കിൽ മുട്ടയുല്പാദനത്തിൽ ഗണ്യമായ നേട്ടം ഈ പ്രദേശത്തിന് കൈവരിക്കാൻ കഴിയും. അങ്കനവാടികൾ, മഹിളാസമാജങ്ങൾ, വിദ്യാലയങ്ങൾ എന്നിവയിലൂടെ താൽപ്പര്യമുള്ളവർക്ക് ഫലവത്തായ പ്രായോഗിക പരിശീലനം നൽകുകയാണ് ആദ്യം ചെയ്യേണ്ടത്. കൂടുണ്ടാക്കുന്ന വിധം, തീറ്റ മിശ്രിതമുണ്ടാക്കുന്ന വിധം, തീറ്റക്രമം, കുത്തിവെപ്പ് എന്നിവയിൽ താൽപ്പര്യമുള്ളവരെ മാത്രം പങ്കെടുപ്പിച്ചു കൊണ്ടുള്ള പ്രായോഗിക പരിശീലനമാണാവശ്യം. ഇതിന് മൃഗസംരക്ഷണ വകുപ്പിലേയും, പട്ടാമ്പി കൃഷി വിജ്ഞാന കേന്ദ്രത്തിലേയും വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്താം. കോഴി വളർത്തലിൽ ഏർപ്പെട്ടിട്ടുള്ളവർക്കു വേണ്ടി മാത്രമുള്ള സംഘടനയിലൂടെയോ, അവർ ബന്ധപ്പെട്ടിട്ടുള്ള മറ്റു സംഘടനകളിലൂടെയോ മുട്ടയുടെ വിപണനം നല്ല കോഴികളേയും, തീറ്റയും, കുത്തിവെപ്പു മരുന്നുകളും ലഭ്യമാക്കാൻ പരിശീലനം തുടങ്ങിയ എല്ലാ കാര്യങ്ങളും നിർവ്വഹിക്കാവുന്നതാണ്. നല്ലയിനം മുട്ടക്കോഴി കുഞ്ഞുങ്ങളെ ആവശ്യാനുസരണം ലഭിക്കാത്തത് നിലവിലുള്ള ഒരു പ്രശ്നമാണ്. സർക്കാർ പദ്ധതിയിലൂടെ അടുത്ത കാലത്ത് വിതരണം ചെയ്ത കോഴിക്കുഞ്ഞുങ്ങൾ ഗുണമേന്മയും, ആരോഗ്യവും കുറവായിരുന്നതിനാൽ അധികവും ചത്തൊടുങ്ങിയതായിട്ടാണറിയുന്നത്.

റോഡരികിൽ വാങ്ങാൻ കിട്ടുന്ന കോഴിക്കുഞ്ഞുങ്ങളുടെ ഗുണനിലവാരമോ, ലിംഗഭേദമോ ഉറപ്പില്ലാത്തതാണ്. പ്രാദേശികമായി മേൽത്തരം കോഴിക്കുഞ്ഞുങ്ങളെ ലഭിക്കാനുള്ള സംവി ധാനം ഏർപ്പെടുത്തണം. മൃഗസംരക്ഷണ വകുപ്പിൻെറ പദ്ധതി പ്രകാരം ഓരോ ബ്ലോക്കിലും ഒന്നു വീതം മുട്ടക്കോഴി കുഞ്ഞുങ്ങളെ വളർത്തി വിതരണം ചെയ്യുന്ന നഴ്സറികൾ ആരംഭിച്ചി ട്ടുണ്ടായിരുന്നു. പട്ടാമ്പി ബ്ലോക്കിലെ നഴ്സറി ഓങ്ങല്ലൂർ പഞ്ചായത്തിലെ പുവ്വക്കോടാണ് പ്രവർത്തിച്ചിരുന്നത്. ഈ കേന്ദ്രം, കോഴിക്കുഞ്ഞുകൾക്ക് ചിലവു കുറഞ്ഞതു കാരണമാണെന്നു പറയപ്പെടുന്നു, ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇത്തരം നഴ്സറികൾ പഞ്ചായത്തു തലത്തിൽ ഫലപ്രദമായി പ്രവർത്തിക്കാൻ പദ്ധതിയുണ്ടാവണം. സ്കൂൾ വിദ്യാർഥികൾ മുഖേന നടപ്പാ ക്കുന്ന കോഴി വളർത്തൽ പദ്ധതി എല്ലാ വിദ്യാലയങ്ങളിലേയും താൽപ്പര്യമുള്ള വിദ്യാർഥിക ളേയും, അധ്യാപകരേയും, രക്ഷിതാക്കളേയും ബന്ധപ്പെടുത്തി വിപുലമാക്കുകയും, സാങ്കേതിക ഉപ ദേശങ്ങളും, സഹായങ്ങളും നിരന്തരമായി നൽകാനുള്ള സംവിധാനം മൃഗസംരക്ഷണ വകുപ്പ് ഏർ പ്പെടുത്തുകയും വേണം. താൽപ്പര്യമില്ലാത്തവരെ ഈ പദ്ധതി അടിച്ചേൽപ്പിക്കുന്ന ഇപ്പോഴത്തെ രീതി ആശാസ്യമല്ല.

**ഇറച്ചിക്കോഴി വളർത്തൽ** : മാംസാവശ്യത്തിനു വേണ്ടി മാത്രമായി കൂടുതൽ എണ്ണം കോഴി കളെ കൂടുകളിൽ വളർത്തുന്ന ബ്രോയിലർ ഫാമിങ്ങ്, പട്ടാമ്പി പ്രദേശത്ത് പ്രചാരത്തിലായിട്ട് 15 വർഷത്തോളമായി. മുട്ടക്കോഴി വളർത്തലിനെ അപേക്ഷിച്ച് രണ്ടു മാസത്തിനുള്ളിൽ തന്നെ ലാഭം ലഭിക്കുന്നു എന്നതാണ് ഈ തൊഴിലിൻെറ ആകർഷകത. ഇതു കാരണം തുടക്കത്തിൽ കുറെയേറെപ്പേർ ഈ തൊഴിലിൽ ഏർപ്പെട്ടു. പട്ടാമ്പി പ്രദേശത്ത് ചെറുതും, വലുതുമായി ഉ ദ്ദേശം പത്ത് ബ്രോയിലർ യൂനിറ്റുകൾ ഉണ്ടായിരുന്നു. ശരിയായ വളർത്തൽ മുറകൾ പാലി ക്കാത്തതും, വില കയറ്റവും, തമിഴ്നാടു കോഴികളുടെ ഇറക്കുമതിയും കാരണം പലർക്കും ലാ ഭമില്ലാതാവുകയും, നഷ്ടത്തിൽ കലാശിക്കുകയും ചെയ്തു. ഇപ്പോൾ ഈ പ്രദേശത്ത് മൂന്ന് ബ്രോയിലർ യൂനിറ്റുകളാണുള്ളത്. എന്നാൽ തമിഴ്നാട്ടിൽ നിന്നും വരുന്ന കോഴികളുടെ വി ലയുമായി മത്സരിക്കാൻ പറ്റാത്തതിനാൽ അവയുടെ നിലനില്പും ഭീഷണിയിലാണ്. പട്ടാമ്പി യിൽ ഇപ്പോൾ ദിവസേന 300 - 400 കിലോഗ്രാം കോഴിയിറച്ചി വിപണനം നടക്കുന്നുണ്ട്. ഇതി ൻെറ 90 ശതമാനവും തമിഴ്നാട്ടിൽ നിന്നുള്ള കോഴി ഇറക്കുമതി ഉപയോഗിച്ചാണ് ചെയ്യുന്നത്. വളരെ ശ്രദ്ധാപൂർവ്വം വിപണന സാദ്ധ്യതയും, വിലനിലവാരവും പഠിച്ച ശേഷം, ശാസ്ത്രീയമാ യി ഈ തൊഴിലിൽ ഏർപ്പെട്ട ദുർലഭം പേർക്ക് ഈ രംഗത്ത് പിടിച്ചു നിൽക്കാൻ കഴിയുന്നുണ്ട്. ഇവർ പട്ടാമ്പി പഞ്ചായത്തിനു പുറത്താണെങ്കിലും അവരുടെയും വിപണി പട്ടാമ്പിയിലാണ്. ഇറച്ചിക്കോഴി വളർത്തലിലെ പ്രധാന പ്രശ്നം കോഴിക്കുഞ്ഞുങ്ങളുടേയും, തീറ്റയുടേയും, മരുന്നുകളുടേയും വില വർദ്ധന, ശാസ്ത്രീയ വളർത്തൽ രീതിയെക്കുറിച്ചുള്ള അജ്ഞത, തൊ ഴിലിൽ ഏർപ്പെട്ടവരുടെ അസംഘടിതാവസ്ഥ, തമിഴ് നാട്ടിൽ നിന്നുള്ള അനിയന്ത്രിതമായ ഇറക്കുമതി ഇവയാണ്. ഈ തൊഴിൽ മേഖലയെ രക്ഷിക്കാൻ വളരെ ജാഗ്രതയോടെ കാര്യ ങ്ങൾ നിർവ്വഹിക്കേണ്ടിയിരിക്കുന്നു.

ഇറച്ചിക്കോഴി വളർത്തലിലെ അടിസ്ഥാന തത്വങ്ങളും, നൂതന പ്രവണതകളും, താൽപ്പര്യമുള്ളവരെ കണ്ടെത്തി അവരിലേക്ക് പകരാനുള്ള സംവിധാനം കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ നടപ്പിൽ വരുത്തണം. പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കളുപയോഗിച്ച് ചിലവു കുറഞ്ഞ രീതിയിൽ കോഴിത്തീറ്റ നിർമ്മിക്കാനുള്ള സാങ്കേതിക വിദ്യയും, സംരംഭകരെയും കണ്ടെത്തണം.

മേത്തരം കോഴിക്കുഞ്ഞുങ്ങളെ പ്രാദേശികമായി ലഭിക്കുമാറുള്ള ഹാച്ചറികൾ ബ്ലോക്കടിസ്ഥാനത്തിലെങ്കിലും തുടങ്ങണം. കോഴിക്കുഞ്ഞുങ്ങൾ, തീറ്റ, യന്ത്രോപകരണങ്ങൾ, മരുന്നുകൾ എന്നിവ വാങ്ങാനും കോഴിയിറച്ചി വിപണനം ചെയ്യാനുമുള്ള സംഘടിതമായ വിപണന സംവിധാനം ഏർപ്പെടുത്തണം.

കോഴിയിറച്ചി അടിസ്ഥാനമാക്കിയുള്ള ഫാസ്റ്റ് ഫുഡ് വിൽപ്പന ശാലകൾ, ശീതീകരിച്ച മാംസോത്പാദന കേന്ദ്രം, ഉപോൽപന്നങ്ങളുടെ സംസ്കരണ ശാലകൾ എന്നിവ തുടങ്ങാനുള്ള സാദ്ധ്യത ആരായണം.

അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള ഇറച്ചിക്കോഴി ഇറക്കുമതിക്ക് നിയന്ത്രണം ഏർപ്പെടുത്തണം. പ്രാദേശിക ഉല്പന്നങ്ങൾക്ക് വിപണന സാദ്ധ്യത ഉറപ്പാക്കാനുമുള്ള നിയമനിർമ്മാണത്തിനു വേണ്ടി അധികൃത കേന്ദ്രങ്ങളിൽ സമ്മർദ്ദം ചെലുത്തണം.

**ആടു വളർത്തൽ** : മേച്ചിൽ സ്ഥലങ്ങളുടെ കുറവു കാരണം വേരറ്റുകൊണ്ടിരിക്കുന്ന ഒരു തൊഴിൽ തുറയാണ് ആടുവളർത്തൽ. പാവപ്പെട്ടവന്റെ പശു എന്ന നിലയിൽ മറ്റേതൊരു തൊഴിലിനേക്കാളും വളരെ ലാഭകരമായി വളരെയധികം പേർ ചെയ്തു വന്നിരുന്ന ഒരു തൊഴിലാണിത്. ഇത് സത്രീകളുടെ ഒരു കുത്തകത്തൊഴിലാണെന്ന് പറയാം. വലിയ തോതിലുള്ള ആടു വളർത്തൽ കേന്ദ്രങ്ങൾക്ക് പട്ടാമ്പിയിൽ സാദ്ധ്യത കുറവാണ്. മുട്ടക്കോഴി വളർത്തൽ പോലെ വീട്ടമ്മമാരെയും മറ്റു തൊഴിലിനു അനുയോജ്യമല്ലാത്തവരെയും കേന്ദ്രീകരിച്ച് അവരുടെ പ്രധാന തൊഴിൽ എന്ന നിലയിൽ പ്രചാരത്തിലാക്കാവുന്ന ഒരു തൊഴിലാണിത്. മേച്ചിൽ സ്ഥലങ്ങളും സസ്യജാലങ്ങളും ആവശ്യത്തിനു ലഭ്യമായ സ്ഥലങ്ങളിൽ 5 മുതൽ 10 ആടുകളെ വരെ ലാഭകരമായി വളർത്താം. കിഴായൂർ, കൊടലൂർ, ശങ്കരമംഗലം, വള്ളൂർ എന്നിവിടങ്ങൾ ഇതിന്നനുയോജ്യമാണ്.

ഒരുപതൊഴിൽ എന്ന നിലയിൽ മറ്റു പ്രദേശത്തും സൗകര്യമനുസരിച്ച് ഒന്നോ രണ്ടോ ആടുകളിൽ ഒതുക്കി നിർത്തിയുള്ള വളർത്തൽ രീതി പ്രചരിപ്പിക്കാവുന്നതാണ്. മേത്തരം ആടുകളുടെ ലഭ്യതക്കുറവ്, പുറത്തേക്കു വിട്ടു തീറ്റാനുള്ള സ്ഥല പരിമിതി, രോഗങ്ങൾ ഇവയാണ് ആടുവളർത്തലിലെ പ്രശ്നങ്ങൾ.

ആട്ടിറച്ചിയുടെ വില വർദ്ധനവും, ആട്ടിൻ പാലിന്റെ ഔഷധഗുണവും, പ്രിയവും കണക്കിലെടുത്ത് സൗകര്യവും, താൽപ്പര്യവുമുള്ളവരെ കേന്ദ്രീകരിച്ച് പ്രോത്സാഹനാനുകൂല്യങ്ങളോടെ നടപ്പിലാക്കുകയാണെങ്കിൽ കുറേയേറെ സ്ത്രീകൾക്കും, മറ്റുള്ളവർക്കും വരുമാന മാർഗ്ഗമൊരുക്കാൻ കഴിയും. നല്ല ഇനം മലബാറി ആടുകൾക്ക് വംശനാശം സംഭവിച്ചു കൊണ്ടിരിക്കുകയാണെങ്കിലും പൊന്നാനി താലൂക്കിലും, ചന്തകളിലും അവ ലഭ്യമാണ്. ഇത്തരം ആടുകളെ ലഭ്യമായ സ്ഥലങ്ങളിൽ നിന്നെല്ലാം ഗുണമേന്മ നോക്കി വാങ്ങി ആവശ്യക്കാർക്ക് പ്രാദേശികമായി ലഭിക്കാൻ സംവിധാനം ഏർപ്പെടുത്താം. നാടൻ ആടുകളുടെ വർഗ്ഗോദ്ധാരണത്തിനാവശ്യമായതും കാർഷിക സർവ്വകലാശാലാ ഫാമുകളിൽ ലഭ്യമാവുന്നതുമായ സാനൻ, ജംനാപാരി, മലബാറി മേത്തരം തുടങ്ങിയ ഇനം മുട്ടനാടുകളെ ആവശ്യാനുസരണം വളർത്താൻ പ്രോത്സാഹനം നൽകണം. വീട്ടു വളപ്പുകളിൽ തീറ്റക്കാവശ്യമായ പുൽച്ചെടികൾ, ഫലവൃക്ഷങ്ങൾ എന്നിവ വളർത്തുന്നത് പ്രോത്സാഹിപ്പിക്കാൻ കൃഷി വകുപ്പിൻേറയും വനം വകുപ്പിൻേറയും പദ്ധതികൾ പ്രയോജനപ്പെടുത്തണം. ആടുകളെ വിൽക്കൽ വാങ്ങലിനും മറ്റു പ്രക്രിയകൾക്കും സംഘടിത സ്വഭാവം ഉറപ്പാക്കണം.

**മാംസോൽപാദനം** : മാംസാവശ്യത്തിനു വേണ്ടിയുള്ള കന്നുകാലികൾ, കോഴി, താറാവ് എന്നിവ വളർത്തലും അവയുടെ മാംസ സംസ്കരണവും വിതരണവും ധാരാളം തൊഴിൽ സാദ്ധ്യതയുള്ള ഒരു മേഖലയാണ്. ലാഭകരമായ രീതിയിൽ സംസ്കരിച്ചു വിതരണം നടത്തുകയും ചെയ്താൽ പ്രാദേശികമായി തന്നെ വിപണന സാദ്ധ്യത വളരെ കൂടുതലാണ്.

ഈ വ്യവസായത്തിൽ മാംസ വിൽപ്പന പ്രധാനമായും നടക്കുന്നത് പട്ടാമ്പി മാർക്കറ്റിലാണ്. ദിവസേന ശരാശരി 500 കിലോഗ്രാം മാട്ടിറച്ചിയും 400 കിലോഗ്രാം ആട്ടിറച്ചിയും ഇവിടെ വിപണനം നടത്തുന്നു. കശാപ്പു നടത്താൻ അംഗീകൃത കശാപ്പു ശാലയില്ല. നമ്പ്രം റോഡരുകിൽ പുഴയോരത്തെ പുറമ്പോക്ക് സ്ഥലത്ത് അനധികൃതമായാണ് ഇപ്പോൾ ഇത് നടക്കുന്നത്. കശാപ്പിനു ശേഷം വിസർജ്ജ്യ വസ്തുക്കൾ അവിടെത്തന്നെ നിക്ഷേപിച്ച്, മാംസം വണ്ടികളിൽ മാർക്കറ്റിലെത്തിക്കുന്നു. കശാപ്പു മൃഗങ്ങളിൽ അധികവും ദൂരസ്ഥലങ്ങളിൽ നിന്നു കൊണ്ടുവരുന്ന തമിഴ്നാടൻ തരങ്ങളാണ്. ഇവയിലധികവും മറ്റു ആവശ്യങ്ങൾക്ക് പറ്റാത്തതും ആരോഗ്യം ക്ഷയിച്ചതുമാണ്. കശാപ്പിനു മുമ്പ് ഇവയുടെ ആരോഗ്യപരിശോധനയോ, കശാപ്പിനു ശേഷം മാംസത്തിന്റെ ആഹാരയോഗ്യതയോ പരിശോധിക്കാൻ ഇപ്പോൾ സംവിധാനമില്ല. മാർക്കറ്റിൽ നിന്നു ലഭിക്കുന്ന മാംസത്തിൻേറയും മത്സ്യത്തിൻേറയും ആഹാരയോഗ്യത ഉപഭോക്താവു തന്നെ തീരുമാനിക്കേണ്ട അവസ്ഥയാണുള്ളത്. പഴക്കവും കേടുപാടുകളും ചില പ്രത്യേക പ്രയോഗത്തിലൂടെ മൂടിവെക്കാൻ കഴിയുന്നതു മൂലം ഉപഭോക്താവ് പലപ്പോഴും കബളിക്കപ്പെടുന്നു. ഈ പ്രദേശത്ത് നിലവിലുള്ള രോഗങ്ങളുടേയും, ചില പ്രത്യേക അവസരങ്ങളിൽ പൊട്ടിപുറപ്പെടാറുള്ള പകർച്ച വ്യാധിയുടെയും ഉറവിടം മത്സ്യ-മാംസ മാർക്കറ്റാണെന്നാണ് ആരോഗ്യ അധികൃതരുടെ നിഗമനം.

ഈ കുത്തഴിഞ്ഞ രീതി മൂലമുള്ള പൊതുജനാരോഗ്യ പ്രശ്നം ഗൗരവപൂർവ്വം കൈകാര്യം ചെയ്യേണ്ട താണ്. പഞ്ചായത്തിൽ ആധുനിക കശാപ്പുശാലയും മാംസപരിശോധന നടത്താനുള്ള സംവി ധാനവും ഏർപ്പെടുത്തണം. കശാപ്പിനു വേണ്ടിയുള്ള കാളക്കുട്ടി വളർത്തൽ പരിപാടി ലാഭ കരമാണ്. താൽപ്പര്യവും സൗകര്യവുമുള്ള കർഷകർക്ക് എല്ലാ പ്രോത്സാഹനങ്ങളും നൽ കേണ്ടതാണ്.

ശുദ്ധമായ മാംസം പേക്കറ്റിലാക്കി വിപണനം നടത്തുന്ന രീതി നഗരങ്ങളിൽ വിജയകരമായി ചെയ്യുന്നുണ്ട്. കശാപ്പു ജോലിയിൽ ഏർപ്പെട്ടവരെ കൂടി ഉൾപ്പെടുത്തി, സഹകരണാടിസ്ഥാ നത്തിൽ ഈ തൊഴിൽ തുടങ്ങാനുള്ള സാദ്ധ്യത ആരായേണ്ടതാണ്.

**പേവിഷബാധ നിർമ്മാർജ്ജനം** : പൊതുജനാരോഗ്യവും, മൃഗ ഉല്പന്നങ്ങളുമായി ബന്ധ പ്പെട്ട കാര്യമായതിനാൽ ഇതിനു പ്രത്യേകം പ്രാധാന്യം നൽകേണ്ടതാണ്. വളർത്തുമൃഗങ്ങളി ലൂടെ വ്യാപകമായി പകരാനുള്ള സാദ്ധ്യതയും, ഇതിനെക്കുറിച്ചുള്ള ഭീതിയും, വിഭ്രാന്തിയും വർഷങ്ങളായി നിലനിൽക്കുന്നതാണ്. ഈ പകർച്ച വ്യാധിയെ പ്രതിരോധിക്കാനുള്ള സർക്കാ രിന്റെ പരിപാടികൾ പരിമിതമായതിനാൽ ഫലവത്തല്ല. സാമ്പത്തിക പരാധീനതകളും പൊ തുജന സഹകരണത്തിന്റെ അഭാവവുമാണ് പ്രധാന തടസ്ഥങ്ങൾ. വളർത്തു നായ്ക്കളെ നൂറു ശതമാനവും പ്രതിരോധ കുത്തിവെപ്പിന് വിധേയമാക്കുകയും, തെരുവ് നായ്ക്കളെ നശിപ്പിക്കു കയും, ശക്തിയായ പൊതുജന ബോധവൽക്കരണവുമാണ് ചെയ്യേണ്ട കാര്യങ്ങൾ. പഞ്ചാ യത്തിൻേറയും മൃഗസംരക്ഷണ വകുപ്പിൻേറയും, സന്നദ്ധ സംഘടനകളുടേയും കൂട്ടായ ശ്രമത്തി ലൂടെ ഇത് സാദ്ധ്യമാകുന്നതാണ്.

**മുയൽ വളർത്തൽ - കാട വളർത്തൽ** : പട്ടാമ്പി ടൗണിൽ ഒന്നാംകിട ഹോട്ടലുകളുടെ എണ്ണം വർദ്ധിച്ചു വരുന്ന കാര്യം പരിഗണിക്കുമ്പോൾ മിതമായ തോതിൽ സാദ്ധ്യതയുള്ള ഒരു തൊ ഴിൽ തുറയാണിത്. പ്രാദേശിക ആവശ്യം മാത്രം കണക്കിലെടുത്തു കൊണ്ട് താൽപ്പര്യവും സൗ കര്യവും ഉള്ളവരെ കണ്ടെത്തി ഈ തൊഴിലിൽ ഏർപ്പെടാൻ ആവശ്യമായ സാങ്കേതിക- സാമ്പത്തിക ആനുകൂല്യങ്ങൾ നൽകേണ്ടതാണ്.

**മൃഗചികിത്സാ സൗകര്യങ്ങൾ** : പുതിയ ചികിത്സാ കേന്ദ്രങ്ങൾ വർഷം തോറും കൂടി വരുന്നു ണ്ടെങ്കിലും, നിലവിലുള്ളവയുടെ അവസ്ഥ ഒട്ടും തൃപ്തികരമല്ല. മൃഗസംരക്ഷണ പരിപാടി കൾ പ്രാമുഖ്യമുള്ളതാണെന്ന് പരക്കെ അംഗീകരിക്കപ്പെടുന്നുണ്ടെങ്കിലും, അവയുടെ അടി സ്ഥാന സൗകര്യമായ ആരോഗ്യപരിപാലനത്തിന് വേണ്ടത്ര പ്രാധാന്യം നൽകിക്കാണുന്നില്ല. പട്ടാമ്പിയിലെ മൃഗചികിത്സാ സേവനങ്ങൾ നിർവ്വഹിക്കുന്നത് മരുതൂരിൽ പ്രവർത്തിക്കുന്ന പട്ടാമ്പി മൃഗാസ്പത്രിയാണ്. ഈ സ്ഥാപനം സ്ഥിതി ചെയ്യുന്നത് ഓങ്ങല്ലൂർ പഞ്ചായത്തിലാണ്. പട്ടാമ്പി പഞ്ചായത്തിലേക്ക് പുതുതായി അനുവദിച്ച മൃഗാസ്പത്രി വള്ളൂരിൽ പ്രവർത്തിക്കാ നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. പഞ്ചായത്തിൻേറയും നാട്ടുകാരുടേയും സമ്മർദ്ദമില്ലാത്ത

പക്ഷം ഈ ആസ്പത്രി ഉടനെ പ്രവർത്തനക്ഷമമാവാനുള്ള സാദ്ധ്യത കാണുന്നില്ല. അതോടൊപ്പം ആസ്പത്രി പ്രവർത്തിക്കാൻ സൗകര്യമുള്ള കെട്ടിടവും, സാമഗ്രികളിൽ കുറെ ഭാഗവും പഞ്ചായത്തും നാട്ടുകാരും ഒത്തു ചേർന്ന് ലഭ്യമാക്കുകയാണെങ്കിൽ സർക്കാർ നടപടികൾക്ക് വേഗതയേറും. മൃഗാസ്പത്രികൾ ആധുനികവൽക്കരിക്കേണ്ടതുണ്ട്. ഉത്പാദനത്തെ ബാധിക്കാത്ത രീതിയിലുള്ള വിദഗ്ധ ചികിത്സയാണ് ലഭ്യമാക്കേണ്ടത്. വൈദഗ്ധ്യത്തിൻേറയും മരുന്നുകളുടേയും ലഭ്യതക്കുറവും കൊണ്ട്, ഇപ്പോൾ കർഷകന് ലഭിക്കുന്ന സേവനം തൃപ്തികരമല്ലെന്നാണ് പൊതുജനാഭിപ്രായം. ഫലപ്രദവും ചിലവു കുറഞ്ഞതുമായ ചികിത്സാ സൗകര്യം കർഷകൻെറ ഗൃഹപരിസരത്ത് ലഭിക്കത്തക്കവണ്ണമുള്ള സംവിധാനം മൃഗാസ്പത്രിയിലുണ്ടാവണം. അതിന്നനുസരിച്ച തസ്തികാ മാറ്റമോ, ജോലി ക്രമീകരണമോ ചെയ്യാൻ പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്. ആധുനിക ഉപകരണങ്ങൾ വാങ്ങാനും, അവ ഉപയോഗിക്കാനുമുള്ള പരിശീലനം ജീവനക്കാർക്ക് ലഭിക്കാനും ഏർപ്പാടുണ്ടാവണം. കൃത്രിമ ബീജസങ്കലന സൗകര്യങ്ങൾ കൂടുതൽ കുറ്റമറ്റതാക്കേണ്ടതുണ്ട്. വള്ളൂരിൽ പുതിയ മൃഗാസ്പത്രി അനുവദിച്ച സാഹചര്യത്തിൽ അവിടെ ഇപ്പോൾ പ്രവർത്തിക്കുന്ന ബീജ സങ്കലന ഉപ കേന്ദ്രം അഞ്ചാം വാർഡിൽ പെരുമുടിയൂർ അതിർത്തിയിലേക്കു മാറ്റി സ്ഥാപിക്കാവുന്നതാണ്. കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിലവിലുള്ള ബീജസങ്കലന സൗകര്യം, പൊതുജനങ്ങൾക്കു കൂടി സൗകര്യപ്പെടുമാറ് കൊടലൂർ ഭാഗത്തേക്ക് മാറ്റാനുള്ള ആവശ്യം പൊതുജനങ്ങളുടെ ഭാഗത്ത് നിന്നും ഉണ്ടാവേണ്ടതാണ്.

## മൃഗസംരക്ഷണ രംഗത്തെ സാദ്ധ്യതകളുടെ സംക്ഷിപ്തം

ഗ്രാമസഭാ നിർദ്ദേശങ്ങളുടെയും, നിലവിലുള്ള സൗകര്യങ്ങളുടേയും അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്.

**1) ക്ഷീരോൽപാദനം :** ക്ഷീരോൽപാദക സഹകരണ സംഘം രൂപീകരിക്കൽ.

പ്രായോഗിക പരിശീലന സംവിധാനം ഏർപ്പെടുത്തൽ.

ഉരുക്കളെയും, സാധനസാമഗ്രികളും വാങ്ങാനും വിൽക്കാനുമുള്ള വിപണി.

മൃഗാശുപത്രി ആധുനികവൽക്കരിക്കലും, വിദഗ്ധ ചികിത്സയും, സേവനവും ആവശ്യാനുസരണം സൗകര്യമായി ലഭ്യമാക്കലും.

കാലിതീറ്റാ മിശ്രണ / നിർമ്മാണ യൂണിറ്റ്.

തീറ്റപ്പുല്ല് വളർത്താൻ ആനുകൂല്യങ്ങൾ.

2. **മുട്ടക്കോഴി വളർത്തൽ** : സഹകരണസംഘം രൂപീകരണം.
മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ നഴ്സറി തുടങ്ങൽ.
തീറ്റ മിശ്രണ യൂണിറ്റ തുടങ്ങൽ.
പ്രായോഗിക പരിശീലന സംവിധാനം.
വനിതകളെ പ്രോത്സാഹിപ്പിക്കാൻ പദ്ധതി.
സ്കൂൾ കോഴിവളർത്തൽ പദ്ധതി ഭേദഗതിപ്പെടുത്തൽ.
മുട്ട - കോഴി വിപണന കേന്ദ്രം.

3. **ഇറച്ചിക്കോഴി വളർത്തൽ** : പരിശീലനം നൽകാനുള്ള സംവിധാനം.
സഹകരണസംഘം രൂപീകരണം.
തീറ്റ മിശ്രണയൂണിറ്റ് തുടങ്ങൽ.
സംഘടിത വിപണന സംവിധാനം.
ഇറച്ചി ഉൽപന്നങ്ങളും, ഉപോൽപന്നങ്ങളും സംസ്കരിച്ച്
വിപണനം നടത്താൻ സംവിധാനം.

4. **ആടു വളർത്തൽ** : പരിശീലനം നൽകാൻ സംവിധാനം
സഹകരണസംഘം രൂപീകരണം.
മേത്തരം ആടുകളെ വിതരണം ചെയ്യൽ.
തീറ്റ മിശ്രണ യൂണിറ്റ്.
തീറ്റപ്പുല്ല് ചെടികൾ വളർത്താൻ പ്രോത്സാഹനം.

5. **മാംസോല്പാദനം** : കാളക്കുട്ടി വളർത്തൽ പ്രോത്സാഹനം.
കാട - മുയൽ വളർത്തൽ പ്രോത്സാഹനം.
ആധുനിക അറവു ശാല.
സംഘടിത വിപണന സംവിധാനം.
കശാപ്പുകാർക്ക് പരിശീലനം.

6. **മൃഗചികിത്സാ- സേവന സൗകര്യങ്ങൾ** : വള്ളൂരിലെ മൃഗാസ്പത്രി സുസജ്ജമാക്കൽ.
കിഴായൂർ, പട്ടാമ്പി ടൗൺ (അഞ്ചാം വാർഡ്) എന്നിവിടങ്ങളിൽ
ഉപകേന്ദ്രങ്ങൾ തുടങ്ങൽ.
മരുതൂർ മൃഗാസ്പത്രി കേന്ദ്രമാക്കി ഒരു സഞ്ചരിക്കുന്ന
മൃഗാസ്പത്രി തുടങ്ങൽ.

7. **മറ്റു കാര്യങ്ങൾ** : കന്നുകാലി - കോഴി ഇൻഷൂറൻസ് വ്യാപകമാക്കുക.
പേവിഷബാധാ നിർമ്മാർജ്ജനം
ബയോ ഗ്യാസ് നിർമ്മാണം.
മൃഗസംരക്ഷണ തൊഴിൽ രംഗത്തുള്ളവരുടെ പ്രോത്സാഹനാർത്ഥം
അംഗീകാരങ്ങളും, പുരസ്കാരങ്ങളും നൽകൽ. മറ്റും മറ്റും ..

# മത്സ്യം വളർത്തൽ

മത്സ്യ വിപണനം പട്ടാമ്പിയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു തൊഴിൽ മേഖലയാണ്. അടുത്തും അകലെയുമുള്ള കടലോരപ്രദേശങ്ങളിൽ നിന്നും ടൺ കണക്കിൽ വിവിധ തരം മത്സ്യങ്ങൾ ദിവസേന പട്ടാമ്പി മാർക്കറ്റിലെത്തുകയും, അവിടെ നിന്നും ചെറുകിട കച്ചവടക്കാർ മുഖേന പഞ്ചായത്തിലും പരിസരത്തുമുള്ള എല്ലാ ഉൾപ്രദേശങ്ങളിലും എത്തിച്ചു വിപണനം നടത്തുകയും ചെയ്യുന്നു. വിവിധ ഭാഗങ്ങളിലായി ഉദ്ദേശം മുന്നൂറോളം പേർ ഈ തൊഴിലുമായി ബന്ധപ്പെട്ട് ഉപജീവനം കഴിക്കുന്നു. അവരെ ഇങ്ങനെ തരം തിരിക്കാം.

| | | | |
|---|---|---|---|
| മൊത്തക്കച്ചവടക്കാർ | 3 | ചില്ലറകച്ചവടക്കാർ | 150 |
| ഇടത്തരം കച്ചവടക്കാർ | 45 | നേരിട്ടുള്ള തൊഴിലാളികൾ | 70 |
| വാഹന തൊഴിലാളികൾ | 30 | ഉണക്കമത്സ്യ വ്യാപാരികൾ | 12 |

പട്ടാമ്പി പഞ്ചായത്തിൽ ദിവസേന ഒരു ലക്ഷം മുതൽ ഒന്നര ലക്ഷം വരെ രൂപക്കുള്ള മത്സ്യ വ്യാപാരം നടക്കുന്നതായി കണക്കാക്കപ്പെടുന്നു. മഖ്യ വിപണന കേന്ദ്രം പട്ടാമ്പി മാർക്കറ്റാണെങ്കിലും മറ്റു ചില അനധികൃത ചില്ലറ വിപണന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. വിപണനം ചെയ്യുന്ന മത്സ്യത്തിൻെറ ഗുണനിലവാരമോ, വിലയോ നിയന്ത്രിക്കാൻ നിലവിൽ സംവിധാനമില്ല.

മുമ്പുകാലത്ത് പുഴയിലേയും, കുളങ്ങളിലേയും മത്സ്യം പിടിച്ച് നേരിട്ട് വിപണനം നടത്തി ജീവിച്ചിരുന്ന കുറെ പേരുണ്ടായിരുന്നു. വാള, കണ്ണൻ, (വരാൽ) പരൽ എന്നിവയായിരുന്നു ലഭ്യമായിരുന്ന മുഖ്യ ഇനം മത്സ്യങ്ങൾ. ആ കാലഘട്ടത്തിലും മത്സ്യം വളർത്തൽ എന്ന ഒരു രീതി ഉണ്ടായിരുന്നില്ല. ലഭ്യമായിരുന്ന മത്സ്യം പിടിച്ച് വിൽക്കുക മാത്രമായിരുന്നു ചെയ്തിരുന്നത്. വർഷക്കാലത്ത് പുഴയിലൂടെ ഒഴുകി വരുന്ന മത്സ്യങ്ങളും, വേനൽക്കാലത്ത് പുഴയിൽ രൂപം കൊള്ളുന്ന കയങ്ങളിലെ മത്സ്യങ്ങളും, കുളങ്ങളിൽ സ്വമേധയാ പെറ്റു പെരുകുന്ന മത്സ്യങ്ങളും ആയിരുന്നു പ്രധാന മത്സ്യശേഖരങ്ങൾ. അങ്ങനെ വർഷക്കാലത്ത് സുലഭമായും, മറ്റു കാലങ്ങളിൽ ഭാഗികമായും ശുദ്ധജല മത്സ്യം ഇവിടെ ലഭ്യമായിരുന്നു. അമ്പലക്കുളങ്ങളിലേയും, സ്വകാര്യ കുളങ്ങളിലേയും, കയങ്ങളിലേയും മത്സ്യം വിലക്കെടുത്ത് പിടിച്ചു വിൽക്കുന്ന രീതിയായിരുന്നു ഉണ്ടായിരുന്നത്. മത്സ്യം പിടിക്കാൻ വല, തോട്ട, ചൂണ്ട, ഒറ്റൽ എന്നിവ ഉപയോഗിച്ചിരുന്നു. ഒറ്റക്കൊറ്റക്കും സംഘമായും മത്സ്യം പിടിക്കുന്ന ജോലിയിൽ ഏർപ്പെടുകയായിരുന്നു പതിവ്. മത്സ്യം പിടിക്കലിൽ പാരമ്പര്യമായി ഏർപ്പെട്ടവർ ഇല്ലായിരുന്നുവെങ്കിലും, പ്രത്യേക പരിചയം ആവശ്യമുള്ള മേഖലയായതിനാൽ, ഈ തൊഴിലിൽ ഏർപ്പെട്ടിരുന്നവരുടെ എണ്ണം കൂടിയില്ല.

**ഇപ്പോഴത്തെ സ്ഥിതി** : ശുദ്ധജല മത്സ്യം ഈ പ്രദേശത്ത് ഒരപൂർവ്വ വസ്തുവായി മാറിയിരിക്കയാണ്. മീങ്കര പ്രോജക്ടിൽ നിന്നും മറ്റു അണക്കെട്ടു പ്രദേശങ്ങളിൽ നിന്നും കൊണ്ടുവരുന്ന കട്ല, തിലോപ്പിയ .... തുടങ്ങിയ മത്സ്യങ്ങൾ വല്ലപ്പോഴും മാർക്കറ്റിലെത്തുന്നത് മാത്രമാണ് ഇപ്പോൾ ഈ ഇനത്തിൽ ലഭ്യമാവുന്നത്. പ്രാദേശികമായി മത്സ്യ ഉല്പാദനമോ വിപണനമോ ഇപ്പോൾ നടക്കുന്നില്ലെന്നു തന്നെ പറയാം. ഈ സ്ഥിതി വിശേഷം ഉണ്ടാവാൻ കാരണങ്ങൾ പലതാണ്.

1. ശുദ്ധജല മത്സ്യത്തിൻെറ പ്രധാന ഉറവിടമായിരുന്ന പുഴയിലെ കയങ്ങൾ ഇല്ലാതായി. പുഴ കൊല്ലത്തിൽ അധിക മാസവും വറ്റി വരണ്ടു കിടക്കുന്നു.

2. സംരക്ഷണക്കുറവു മൂലം നിലവിലുണ്ടായിരുന്ന വലിയ കുളങ്ങൾ ആഴം കുറഞ്ഞു പോവുകയും, ജലക്ഷാമം കാരണം അധിക കാലം വറ്റിക്കിടക്കുകയും ചെയ്തു.

3. കൃഷിയിടങ്ങളിൽ വ്യാപകമായി കീടനാശിനി പ്രയോഗം, അശാസ്ത്രീയമായി തുടർന്നു വന്ന മത്സ്യം പിടിക്കൽ രീതി, മത്സ്യരോഗം എന്നിവ മൂലം പഴയ മത്സ്യ ഉറവിടങ്ങൾ നശിച്ചു.

4. ആധുനിക മത്സ്യം വളർത്തൽ രീതികളെ സംബന്ധിച്ചും, തൊഴിൽ സാദ്ധ്യതകളെക്കുറിച്ചും വേണ്ടത്ര ബോധവൽക്കരണവും പ്രചരണവും ഈ പ്രദേശത്ത് ലഭിച്ചില്ല.

5. കടൽ മത്സ്യ വിപണന മേഖലയുടെ വളർച്ച കാരണം ശുദ്ധജല മത്സ്യം ഒരാർഭാട വസ്തുവായി മാറുകയും, അതിനാൽ അതിൻെറ ഉല്പാദനം ഒരത്യാവശ്യമല്ലാതാവുകയും ചെയ്തു.

കൃഷി,മൃഗസംരക്ഷണ മേഖലകളെപ്പോലെ വളരെ വ്യാപകമായ സാദ്ധ്യതകളില്ലെങ്കിലും, അവയോടൊപ്പം ഒരുപതൊഴിൽ ശാഖയായി സൗകര്യമുള്ള കുറെപ്പേർക്കെങ്കിലും ശുദ്ധജല മത്സ്യം വളർത്തലിൽ ഏർപ്പെടാവുന്നതാണ്. സൗകര്യപ്രദമായ ജലാശയങ്ങളുടെ ദൗർലഭ്യമാണ് ഈ പ്രദേശത്ത് ഇതിനുള്ള സാദ്ധ്യത കുറക്കുന്നത്. എങ്കിലും നിലവിലുള്ള പൊതുവായതും, സ്വകാര്യവ്യക്തികളുടേതുമായ കുളങ്ങൾ ജലസേചനാവശ്യാർത്ഥം വികസിപ്പിക്കുമ്പോൾ അവയിൽ മത്സ്യം വളർത്താനുള്ള അനുയോജ്യത കൂടി കണക്കിലെടുക്കാവുന്നതാണ്. ഈ പ്രദേശത്ത് ഒരു ഏക്കറിലധികം വിസ്തൃതിയുള്ള മൂന്ന് കുളങ്ങളും, 10 മുതൽ 50 സെൻറ് വരെ വിസ്തൃതിയുള്ള പത്ത് കുളങ്ങളും, ഒട്ടനവധി ചെറിയ കുളങ്ങളുമുണ്ട്.

പട്ടാമ്പി പഞ്ചായത്തിൻെറ നിലവിലുള്ള സൗകര്യങ്ങളും സാഹചര്യങ്ങളും കണക്കിലെടുക്കുമ്പോൾ താഴെ പറയുന്ന മത്സ്യോല്പാദന സംരംഭങ്ങൾ തുടങ്ങാവുന്നതാണ്.

**1. വീട്ടുകുളം പദ്ധതി** : വീട്ടു വളപ്പിൽ കാണുന്ന ചെറുകുളങ്ങൾ മത്സ്യകൃഷിക്കുപയോഗിക്കാവുന്ന രീതിയിൽ വിസ്തൃതിയും ആഴവും കൂട്ടേണ്ടതുണ്ട്. മത്സ്യം വളർത്തൽ സംബന്ധമായ എല്ലാ സാങ്കേതിക സഹായങ്ങളും, ഉപദേശങ്ങളും പട്ടാമ്പി കൃഷി വിജ്ഞാന കേന്ദ്രത്തിൽ മത്സ്യശാസ്ത്ര വിദഗ്ധരുമായും, മത്സ്യ വകുപ്പ് വിദഗ്ധരുമായും സഹകരിച്ച് ലഭ്യമാക്കാവുന്നതാണ്. അടുക്കളയിൽ നിന്നുള്ള അവശിഷ്ടങ്ങൾ വീട്ടു കുളത്തിലെത്തിച്ചു ഈ കൃഷി പോഷിപ്പിക്കുവാനാകും. വീടുകളിലുണ്ടാവുന്ന വിസർജ്ജ്യ വസ്തുക്കളും, അഴുക്കു ജലങ്ങളും, ജൈവ സംസ്കരണ പ്രക്രിയക്ക് വിധേയമാക്കുന്ന ഒരു പദ്ധതി കൂടിയാണിത്.

**2. നാട്ടിൻ കുളം** : വിശാലമായ കുളങ്ങൾ തൊഴിലില്ലാത്ത വനിതകൾക്കും, ചെറുപ്പക്കാർക്കും, സഹകരണ അടിസ്ഥാനത്തിലോ, വ്യക്തികൾക്കോ ഏൽപ്പിച്ചു കൊടുക്കുന്ന പദ്ധതിയാണിത്. കുളങ്ങൾ സംരക്ഷിച്ചു നിർത്തുന്നതോടൊപ്പം, അത് നാട്ടുകാർക്ക് പ്രയോജനപ്പെടുത്തവാനും ഇതുപകരിക്കും. ശരിയായ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ചെയ്യുകയാണെങ്കിൽ ലാഭം കൊയ്യാവുന്ന ഒരു തൊഴിൽ മേഖലയാണിത്.

**3. മത്സ്യ വിത്തുൽപാദന കേന്ദ്രം** : മത്സ്യം വളർത്താനാവശ്യമായതും, ഈ പ്രദേശത്തേക്ക് അനുയോജ്യവുമായ കാർഡ് മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വളർത്തി ആവശ്യക്കാർക്ക് വിതരണം ചെയ്യുന്ന ഒരു പദ്ധതിയാണിത്. മത്സ്യോൽപാദനം വർദ്ധിക്കുന്നതിനനുസരിച്ച് ഈ പദ്ധതിയുടെ സാദ്ധ്യത കൂടി വരുന്നു. ഈ പദ്ധതി നടപ്പാക്കാൻ എല്ലാ കാലത്തും ആവശ്യത്തിനു ജലം ആവശ്യമാണ്. ഭാരതപ്പുഴയിൽ ജലലഭ്യത ഉറപ്പാക്കാനുള്ള സംവിധാനമുണ്ടാവുകയാണെങ്കിൽ തീര പ്രദേശങ്ങളിലെ കുളങ്ങളിലും, പുതിയ കുളങ്ങളിലും ഈ പദ്ധതി നടപ്പാക്കാവുന്നതാണ്.

**4. അലങ്കാര മത്സ്യകൃഷി** : ഗൃഹാലങ്കാരങ്ങളോട് ആഭിമുഖ്യം വളർന്നു വരുന്ന ഇക്കാലത്ത് സാദ്ധ്യത വർദ്ധിച്ചു വരുന്ന മറ്റൊരു തൊഴിൽ ശാഖയാണ് അലങ്കാര മത്സ്യകൃഷി. വിദഗ്ദോപദേശവും ആനുകൂല്യങ്ങളും ലഭ്യമാക്കിയുള്ള പദ്ധതി ആവിഷ്കരിക്കാവുന്നതാണ്.

**5. മത്സ്യവള നിർമ്മാണം** : ആഹാരാവശ്യാർത്ഥം വിപണനം നടത്താൻ യുക്തമല്ലാത്തതോ, ബാക്കി വരുന്നതോ ആയ മത്സ്യവും, മറ്റു പാഴ്വസ്തുക്കളും, കൃഷിക്കുപയോഗിക്കാവുന്ന മത്സ്യവളമായി മാറ്റുന്ന പദ്ധതിയാണിത്. ജൈവ വളം ഉല്പാദനത്തെ സഹായിക്കുന്ന ഈ പദ്ധതിക്ക് കൂടുതൽ സാദ്ധ്യതയുള്ള കാലഘട്ടമാണിത്.

**മത്സ്യമാർക്കറ്റ്** : നിലവിലുള്ള മത്സ്യ മാംസ മാർക്കറ്റ് വളരെ അസൗകര്യങ്ങൾ നിറഞ്ഞതു, പാഴ്ജലവും, വസ്തുക്കളും നീക്കം ചെയ്യാൻ ബുദ്ധിമുട്ടുള്ളതുമാണ്. മാത്രമല്ല മാർക്കറ്റ് സ്ഥിതി ചെയ്യുന്നത് ജന സാന്ദ്രത കൂടിയ പാർപ്പിട പ്രദേശത്താണ്. മാർക്കറ്റ് മാറ്റി സ്ഥാപിക്കാൻ അനുയോജ്യമായ ഒരു സ്ഥലം ലഭ്യമാക്കിക്കഴിഞ്ഞിട്ടുണ്ട്. ലഭ്യമായ എല്ലാ സ്രോതസ്സുകളിൽ നിന്നു

മുള്ള പണവും, സഹായസഹകരണങ്ങളും, സ്വരൂപിച്ച് ഒരു ആധുനിക മാർക്കറ്റ് കോംപ്ലക്സ് ഉടനടി നിർമ്മിക്കാനുള്ള പരിപാടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

ഒട്ടും പ്രയോജനപ്പെടുത്താത്ത ഈ മേഖലയിലെ പരിമിത സൗകര്യങ്ങൾ ഉപയോഗിച്ച് സാധാരണക്കാരന്റെ വരുമാന മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാനുള്ള സാദ്ധ്യത ഉപയോഗപ്പെടുത്തേണ്ടതാണ്.

## സമാപനം

കൃഷി, മൃഗസംരക്ഷണം, മത്സ്യം വളർത്തൽ എന്നിവ അടങ്ങുന്ന കാർഷിക മേഖലയിൽ നിലവിലുള്ള പ്രശ്നങ്ങളും അസൗകര്യങ്ങളും പരിഹരിച്ചു കിട്ടാൻ സർക്കാരിനേയോ മറ്റു സംവിധാനങ്ങളേയോ മാത്രം കണക്കാക്കി കാത്തിരിക്കാതെ, പൊതുജന പങ്കാളിത്തത്തിലൂടെയും, സന്നദ്ധ പ്രവർത്തനങ്ങളിലൂടെയും, ലഭ്യമായ എല്ലാ ധനാഗമന മാർഗ്ഗങ്ങളുമുപയോഗിച്ച് വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കേണ്ടതാണ്. കർമ്മ നിരതരും സേവന തൽപ്പരരുമായ യുവാക്കളും, ദേശസ്നേഹികളും ഈ യജ്ഞത്തിന്റെ വിജയത്തിൽ ആത്മാർത്ഥമായി പങ്കാളികളാവേണ്ടതാണ്. പഞ്ചായത്തിനെ സംബന്ധിച്ച വിശദമായ പഠനത്തിന് സമഗ്രവും സൂക്ഷ്മവുമായ ഒരു സാമൂഹ്യ-സാമ്പത്തിക സർവ്വെ നടത്തുന്നതിനുള്ള നടപടികളും ഇതോടു കൂടി തന്നെ ആരംഭിക്കേണ്ടതാണ്. എങ്കിൽ മാത്രമേ, ഈ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് ആധാരമായ ഒരു മാസ്റ്റർ പ്ലാൻ തയാറാക്കാൻ സാദ്ധ്യമാവുകയുള്ളു.



നിന്നു തിരിയാനിടമില്ലാത്ത മീൻ മാർക്കറ്റ് ...

# വ്യവസായം

പാലക്കാട് ജില്ലയിലെ പ്രമുഖ വ്യാപാരകേന്ദ്രമായ പട്ടാമ്പി വ്യാവസായികമായി വളരെയധികം പിന്നിലാണ്. ഏതാനും തീപ്പെട്ടി കമ്പനികളും, മരമില്ലുകളും, ഇഷ്ടിക കമ്പനികളും മാത്രമാണ് പട്ടാമ്പിയിലെ വ്യാവസായിക മേഖല നിയന്ത്രിക്കുന്നത്. അഞ്ഞൂറിൽ താഴെ ആളുകൾ മാത്രമാണ് ഈ രംഗത്ത് ജോലിക്കാരായുള്ളത്. ഒരു താലൂക്ക് കേന്ദ്രമാകുവാൻ ഒരുങ്ങി നിൽക്കുന്ന പട്ടണം എന്ന നിലക്ക് ഒട്ടും തൃപ്തികരമല്ലാത്ത അവസ്ഥാവിശേഷമാണ് ഈ നില.

പൊതുമേഖലയിലും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്ന ധാരാളം സാമ്പത്തിക സ്ഥാപനങ്ങൾ നമുക്കുണ്ട്. മൂലധനം സ്വരൂപിക്കുന്ന കാര്യത്തിൽ ഈ സ്ഥാപനങ്ങളുടെ സഹകരണം പ്രതീക്ഷിക്കാവുന്നതാണ്.

ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനു വേണ്ട സാങ്കേതിക സഹായങ്ങളും, നിർദ്ദേശങ്ങളും ബ്ലോക്ക് ഓഫീസിലുള്ള ഉദ്യോഗസ്ഥനിൽ നിന്ന് ലഭ്യമാണ്. പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്ന കാര്യത്തിൽ പഞ്ചായത്തിന് പലതും ചെയ്യുവാൻ സാധിക്കും.

### അവലോകനം

ഏതാണ്ട് 20 കൊല്ലം മുൻപ് ഈ പഞ്ചായത്തിൽ പതിനെട്ടോളം തീപ്പെട്ടി കമ്പനികൾ ഉണ്ടായിരുന്നു. കൊള്ളിയും, പെട്ടിയും നിർമ്മിച്ച് തമിഴ് നാട്ടിലേക്ക് കയറ്റി അയക്കുന്ന കാര്യത്തിൽ ആരോഗ്യകരമായ മത്സരം ഈ രംഗത്തുണ്ടായിരുന്നു. അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറയുകയും തമിഴ്നാടിന്റെ ആവശ്യങ്ങൾ കുറഞ്ഞുവരുകയും ചെയ്തപ്പോൾ ഈ വ്യവസായം നാശത്തിലേക്ക് നീങ്ങുവാൻ തുടങ്ങി. കൂലി കുറവായിരുന്നെങ്കിലും ധാരാളം പേർ ഈ മേഖലയിൽ ജീവിതം കണ്ടെത്തിയിരുന്നു.

കോഴിക്കോട് സർവ്വോദയ സംഘത്തിന്റെ കീഴിൽ വർഷങ്ങൾക്ക് മുൻപ് പ്രവർത്തനം ആരംഭിച്ച ഖാദി നെയ്ത്തു കേന്ദ്രം ഇപ്പോൾ വിഷമിച്ചാണ് നിലനിൽക്കുന്നത്. നൂൽ ഉണ്ടാക്കൽ വേണ്ടെന്നു വെക്കുകയും നെയ്ത്ത് ജോലി മാത്രം തുടരുകയുമാണിപ്പോൾ. നൂറിലധികം പേർ ജോലി ചെയ്തിരുന്ന ഈ സ്ഥാപനം ഇപ്പോൾ വളരെ കുറച്ചു പേർക്കു മാത്രമെ അഭയം നൽകുന്നുള്ളൂ.

ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിതമായിട്ടുണ്ടെങ്കിലും വേണ്ടത്ര യൂണിറ്റുകൾ അവിടെ പ്രവർത്തിക്കുന്നില്ല. ഏതാനും യൂണിറ്റുകളുടെ പേരു വിവരം ഇവിടെ ചേർക്കുന്നു.

1. സ്റ്റീൽ ഫർണീച്ചർ യൂനിറ്റ്.
2 ആയുർവേദ ഔഷധ നിർമ്മാണ യൂനിറ്റ്
3. പേപ്പർ പ്ലാസ്റ്റിക് കവർ നിർമ്മാണം
4. റെഡിമെയ്ഡ് വസ്ത്രങ്ങൾ
5. എഞ്ചിനീയറിംഗ് വർക്ക്
6. മോട്ടോർ വർക്ക് ഷോപ്പ്

ഓയിൽ മില്ലുകൾ, ഐസ് ഫാക്ടറി, നെല്ലുകുത്താനും ധാന്യം പൊടിക്കാനുമുള്ള മില്ലുകൾ എന്നിവ നല്ലനിലയിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായങ്ങളാണ്. പരമ്പരാഗത വ്യവസായങ്ങളായ പപ്പട നിർമ്മാണം, കൊല്ലപ്പണി, ആഭരണ നിർമ്മാണം, ചെരുപ്പ് നിർമ്മാണം, കരിങ്കൽ പ്രതിമകളും ഗൃഹോപകരണങ്ങളും ഉണ്ടാക്കൽ എന്നിവ നല്ല നിലയിൽ നടന്നുവരുന്നുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഫർണീച്ചർ നിർമ്മാണം വ്യാവസായിക അടിസ്ഥാനത്തിൽ നടക്കുന്നുണ്ട്. കോഴിവളർത്തൽ, സോഡ ഉണ്ടാക്കൽ എന്നീ വ്യവസായങ്ങളും ചെറിയ തോതിൽ നടന്നു വരുന്നുണ്ട്.

മോട്ടോർ വർക്ക്ഷോപ്പുകൾ, വെൽഡിങ്ങ് ഷെഡ്ഡുകൾ, ബാഗ് നിർമ്മാണ യൂണിറ്റുകൾ എന്നിവയും കുറച്ചുപേർക്ക് തൊഴിൽ നൽകുന്നുണ്ട്.

ഒരു കാലത്ത് നൂറുകണക്കിന് ആളുകൾ ജോലി ചെയ്തിരുന്ന ബീഡി വ്യവസായം ഇപ്പോൾ പേരിന്നു മാത്രമേ കാണുന്നുള്ളൂ.

## നിലവിലുള്ള വ്യവസായങ്ങൾ.

**1. തീപ്പെട്ടി കമ്പനികൾ** :- സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന 2,3,5 വാർഡുകളിലായി സ്ഥിതി ചെയ്യുന്നു. ഫാക്ടറി നിയമത്തിന്റെ പരിധിയിൽ വരുന്നതാണ് ഈ വ്യവസായം. മറ്റു മേഖലകളെ അപേക്ഷിച്ച് കൂലി നിരക്ക് കുറവാണ്. സുമാർ, പുരുഷന് അറുപത് രൂപയും, സ്ത്രീക്ക് ഇരുപതു രൂപയും ആണ് കിട്ടിക്കൊണ്ടിരിക്കുന്നത്. 80 ഓളം പേർ ഈ മേഖലയിൽ ജോലിചെയ്യുന്നു.

പൊതുവെ തൊഴിലാളികൾ ഈ രംഗത്ത് ജോലി ചെയ്യുവാൻ മടി കാണിക്കുന്നുണ്ട്. ഈ വ്യവസായത്തിന് ആവശ്യമായ മരങ്ങൾ കിട്ടുവാനുള്ള വിഷമവും മാർക്കറ്റിങ്ങിൽ അനുഭവപ്പെടുന്ന അസ്ഥിരതയും ഈ വ്യവസായത്തെ ശ്വാസം മുട്ടിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ അടുത്ത കാലത്തായി ഈ വ്യവസായത്തിന് വളരുവാൻ പറ്റിയ സാഹചര്യങ്ങൾ ദൃശ്യമാവുന്നുണ്ട്.

**2. മരമില്ല്** :- ആകെയുള്ള 12 ഓളം മില്ലുകളിലായി സുമാർ 70 പേർ ജോലി ചെയ്യുന്നു. കൂലി നിരക്ക് താരതമ്യേന ഉയർന്നതാണ്.

**3. ഹോളോ ബ്രിക്സ്** :- വളർന്നു വരുന്ന ഒരു ചെറുകിട വ്യവസായമാണ് ഹോളോബ്രിക്സ് നിർമ്മാണം. പഞ്ചായത്തിലെ രണ്ടു കമ്പനികളിലായി പത്തോളം പേർ ജോലി ചെയ്യുന്നു.

**4. റെഡിമെയ്ഡ് വസ്ത്രങ്ങൾ** :- പഞ്ചായത്തിൽ ഒരു ജെട്ടി കമ്പനിയും, രണ്ടു വസ്ത്രനിർമ്മാണ യൂനിറ്റുകളും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. 15 പുരുഷന്മാർക്കും 20 സ്ത്രീകൾക്കും ജോലി ലഭിക്കുന്നു. വിപണനരംഗത്ത് കടുത്ത മത്സരം അനുഭവപ്പെടുന്നു.

5. **റൈസ് മില്ല്** :- നെല്ല് കുത്താനും ധാന്യങ്ങൾ പൊടിക്കുന്നതിനുമായി പത്തിലധികം മില്ലുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഉടമസ്ഥർ തന്നെ ജോലി ചെയ്യുന്ന മില്ലുകളാണ് കൂടുതലും. പത്തിൽ താഴെ ആളുകളാണ് ഈ മില്ലുകളിൽ ജോലി ചെയ്യുന്നത്.

6. **ബീഡി** :- ചെറുകിട വ്യവസായമായി നടത്തിയിരുന്ന ബീഡി നിർമ്മാണം ഇപ്പോൾ അല്പം ചിലർ വീട്ടിൽ വെച്ച് ചെയ്യുന്ന പ്രവൃത്തിയായി മാറിയിരിക്കുന്നു.

7. **ഇഷ്ടിക കമ്പനി** : - പഞ്ചായത്തിൽ രണ്ട് ചുടുകട്ട നിർമ്മാണ യൂനിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ധാരാളം വിപണന സാദ്ധ്യതകൾ ഉള്ള മേഘലയിലേക്ക് കടന്നു വരുവാൻ താത്പര്യം കാണിക്കുന്നുണ്ട്. നിലവിൽ മുപ്പതോളം പേർക്കാണ് കരാറടിസ്ഥാനത്തിൽ ജോലി ലഭിക്കുന്നത്.

8. **ഫർണീച്ചർ നിർമ്മാണം** :- മരം കൊണ്ടും ലോഹങ്ങൾ കൊണ്ടും ഫർണീച്ചർ നിർമ്മിക്കുന്നഏഴോളം യൂനിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. നല്ല മരം കിട്ടാനുള്ള വിഷമവും വിലക്കൂടുതലുമാണ് ഈ രംഗത്തെ സങ്കീർണ്ണ പ്രശ്നങ്ങൾ.

9. **കരിങ്കൽ നിർമ്മാണം** :- ഗൃഹോപകരണങ്ങളും, പ്രതിമകളും നിർമ്മിക്കുന്ന നാല് യൂനിറ്റുകളും, വീട്ടിൽ വെച്ച് ജോലി ചെയ്യുന്ന വ്യക്തികളും പഞ്ചായത്തിൽ ഉണ്ട്. ഏഴാം വാർഡിലാണ് ഈ തൊഴിൽ ചെയ്യുന്നവർ കൂടുതൽ ഉള്ളത്.

10. **ഖാദി - നെയ്ത്ത്** :- ഖാദി തുണികൾ നിർമ്മിക്കുന്ന യൂനിറ്റിൽ ഇരുപത്തിയഞ്ചിൽ താഴെ സ്ത്രീകൾ ജോലി ചെയ്യുന്നു.

11. **മെറ്റൽ ഇൻഡസ്ട്രീസ്** :- ഗെയിറ്റ്, ഗ്രിൽ, ഷട്ടർ എന്നിവ ഉണ്ടാക്കുന്ന ആറിലധികം യൂനിറ്റുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

12. **ഓട്ടോ മൊബൈൽ വർക് ഷോപ്പ്** :- കാർ, ജീപ്പ്, ലോറി, ബസ് തുടങ്ങിയ വലിയ വാഹനങ്ങൾ കേടുപാടു തീർക്കുന്ന പത്തോളം വർക്ക് ഷോപ്പുകളിൽ അമ്പതിൽ അധികം പേർ ജോലി ചെയ്യുന്നു. വാഹനങ്ങളുമായി ബന്ധപ്പെട്ടു നടക്കുന്ന ഇലക്ട്രിക്കൽ പ്രവർത്തനങ്ങൾ, പെയിൻറിംഗ്, അപ്പോളിസ്റ്ററി നിർമ്മാണം എന്നിവയും ചെയ്തു കൊടുക്കുന്ന യൂനിറ്റുകളും, മൂന്ന് സർവ്വീസ് സ്റ്റേഷനുകളും പ്രവർത്തിക്കുന്നുണ്ട് കൂടാതെ മൂന്നു പെട്രോൾ പമ്പുകളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

13. **പപ്പട നിർമ്മാണം** : - കുടിൽ വ്യവസായമായി പപ്പടം നിർമ്മിക്കുന്ന ആറോളം യൂനിറ്റുകളുണ്ട്.

14. **ഓയിൽ മിൽ** :- പഞ്ചായത്തിൽ മൂന്ന് ഓയിൽ മില്ലുകൾ പ്രവർത്തിക്കുന്നുണ്ട്. ഒരു വലിയ മില്ലും, രണ്ട് ചെറിയ മില്ലും.

**15. കൊല്ലപ്പണി** :- ഏഴ് യൂനിറ്റുകളുണ്ട്.

**16. സ്വർണ്ണപ്പണി** :- സ്വർണ്ണം, വെള്ളി ആഭരണങ്ങൾ നിർമ്മിക്കുന്ന പത്ത് പരമ്പരാഗത യൂനിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ടൗണിലെ നാൽപ്പതോളം സ്വർണ്ണക്കടകൾക്കു വേണ്ടി ജോലി ചെയ്യുന്നവരാണ് അധികം പേരും.

**17. ഐസ് ഫാക്ടറി** :- രണ്ടാം വാർഡിൽ സ്വകാര്യമേഖലയിൽ ഒരു ഐസ് ഫാക്ടറിയുണ്ട്. മൂന്ന് സോഡാ ഫാക്ടറികളും പ്രവർത്തിച്ചു വരുന്നു.

**18. സോപ്പു നിർമ്മാണം** :- എട്ടാം വാർഡിൽ ഒരു സോപ്പു നിർമ്മാണ ഫാക്ടറി ഉണ്ട്.

**19. പ്ലാസ്റ്റിക് വ്യവസായം** :- ചെയർ, ബാഗുകൾ എന്നിവ നിർമ്മിക്കുന്ന മൂന്നു യൂനിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

**20. തുകൽ വ്യവസായം** :- ചെരിപ്പ്, പെട്ടി തുടങ്ങിയവ ഉണ്ടാക്കുന്ന അഞ്ചിലധികം സ്ഥാപനങ്ങൾ ഉണ്ട്.

**21. ഡെക്കറേഷൻ ലൈറ്റ് & സൗണ്ട്** :- പന്തൽ വിധാനം, സ്റ്റേജ്, പാത്രങ്ങൾ, ഇരിപ്പിട സൗകര്യങ്ങൾ, ലൈറ്റ് & സൗണ്ട് എന്നിവയുമായി ബന്ധപ്പെട്ട് അഞ്ചോളം യൂനിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

**22. വാച്ച് റിപ്പെയർ & ഇലക്ട്രോണിക് ജോലികൾ** :- വാച്ച് റിപ്പെയർ ചെയ്യുന്ന ഏഴ് യൂനിറ്റുകളും, ഇലക്ട്രോണിക് ഉപകരണങ്ങൾ നന്നാക്കുന്ന പത്ത് യൂനിറ്റുകളും ഈ പഞ്ചായത്തിൽ ഉണ്ട്.

**23. കോഴി വ്യവസായം** :- വ്യാവസായികാടിസ്ഥാനത്തിൽ ധാരാളം സംരംഭങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

**24. അച്ചടി ശാലകൾ** :- ആധുനിക രീതിയിലുള്ള ഓഫ്സെറ്റ് പ്രിൻറിംഗ് പ്രസ്സും, അഞ്ചു സാധാരണ അച്ചടിശാലകളും ഉണ്ട്.

**25. ഔഷധ നിർമ്മാണം** :- ആയുർവേദ മരുന്നുകൾ നിർമ്മിക്കുന്ന മൂന്നു സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

**26. പരമ്പ് വ്യവസായം** :- ഈറ്റ, മുള എന്നിവ ഉപയോഗിച്ച് കൊട്ട, മുറം, പരമ്പ് എന്നിവ നിർമ്മിക്കുന്ന പരമ്പരാഗത വ്യവസായ യൂനിറ്റുകൾ ഈ പഞ്ചായത്തിൽ ഉണ്ട്. സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയാണെങ്കിൽ ഈ മേഖല വളരുവാനുള്ള സാദ്ധ്യതകൾ ധാരാളമാണ്.

നമ്മുടെ പഞ്ചായത്തിലെ വ്യാവസായിക നില വരച്ചുകാട്ടുന്ന ഏതാനം പട്ടികകൾ താഴെ കൊടുക്കുന്നു.

പട്ടിക 1-1 കൂലിനിരക്ക്

| ക്രമ നമ്പർ | ഇനം | കൂലി നിരക്ക് | | റിമാർക്ക്സ് |
|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | |
| 1. | മരപ്പണി | 100 | .... | |
| 2. | ഫർണീച്ചർ നിർമ്മാണം | 140 | .... | |
| 3. | പ്ലൈവുഡ് | 80 | 40 | |
| 4. | കരിങ്കൽ പണി | 130 | .... | |
| 5. | പപ്പടം | 100 | 40 | |
| 6. | കൊല്ലപ്പണി | 100 | .... | |
| 7. | സ്വർണ്ണപ്പണി | 130 | .... | |
| 8. | ചെരിപ്പ് - ബാഗ് | 120 | .... | |
| 9. | തീപ്പെട്ടിക്കമ്പനി | 80 | 35 | |
| 10. | ഹോളോ ബ്രിക്സ് | 100 | 50 | |
| 11. | റൈസ് മിൽ | 60 | .... | |
| 12. | റെഡിമെയ്ഡ് വസ്ത്രം | 100 | 40 | |
| 13. | തുണി നെയ്ത്ത് | 60 | 30 | |
| 14. | ഇഷ്ടിക | 90 | 60 | |
| 15. | വെൽഡിംഗ് | 100 | .... | |
| 16. | ഓട്ടോമൊബൈൽ വർക്ഷോപ്പ് | 120 | .... | |
| 17. | ഓയിൽ മിൽ | 70 | .... | |
| 18. | ഐസ് ഫാക്ടറി | 70 | .... | |
| 19. | സോഡാ ഫാക്ടറി | 60 | 40 | |
| 20. | സോപ്പ് | 70 | .... | |
| 21 | പ്ലാസ്റ്റിക് ചെയർ | 100 | 50 | |
| 22. | ലെയ്ത്ത് വർക് | 80 | .... | |
| 23. | കോഴിവളർത്തൽ | 75 | 40 | |
| 24. | അച്ചടി | 70 | 40 | |
| 25. | കെട്ടിടനിർമ്മാണം | 125 | 70 | |
| 26. | കൃഷിപ്പണി | 110 | 60 | |
| 27. | വീട്ടുജോലികൾ | 50 | 25 | |
| 28. | ആയുർവേദ മരുന്ന് | 80 | 50 | |
| 29. | ലൈറ്റ് & സൗണ്ട് | 100 | .... | |
| 30. | ഹെൽപ്പർമാർ | 50 | .... | |

## വ്യാപാരസ്ഥാപനങ്ങൾ

പട്ടിക 1-2

| വാർഡ് | സ്ഥാപനങ്ങൾ | | | റിമാർക്സ് |
|---|---|---|---|---|
| | ഹോട്ടലുകൾ | കടകൾ | മറ്റുള്ളവ | |
| 1. | 2 | 3 | 2 | |
| 2. | 6 | 20 | 3 | |
| 3. | 8 | 49 | 6 | |
| 4. | 10. | 108 | 7 | |
| 5. | 12 | 160 | 8 | |
| 6. | 2 | 32 | 3 | |
| 7. | 3 | 24 | 4 | |
| 8. | 5 | 9 | 5 | |
| 9. | 4 | 9 | 4 | |
| 10. | 6 | 65 | 2 | |
| ആകെ | 58 | 479 | 44 | |

## ഗ്രാമസഭാനിർദ്ദേശങ്ങൾ

**വാർഡ് 1.**

1. സഹകരണാടിസ്ഥാനത്തിൽ സ്ത്രീകൾക്ക് റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂനിറ്റ്.
2. ഫർണീച്ചർ വ്യവസായം
3. തുന്നൽ പരിശീലന കേന്ദ്രം
4. സോപ്പ് നിർമ്മാണ യൂനിറ്റ്

വാർഡ് 2

1. കാർഷികോപകരണ നിർമ്മാണ മെറ്റൽ വ്യവസായം
2. ആയുർവേദ ഔഷധ നിർമ്മാണ യൂനിറ്റ്
3. പള്ളിപ്പാട് കോളനിയിൽ പ്ലാസ്റ്റിക് വ്യവസായ യൂനിറ്റ്
4. കാലിതീറ്റ - കോഴിതീറ്റ ഫാക്ടറി
5. അഞ്ചു സെൻറ് കോളനിയിൽ ഐസ്ക്രീം സോഫ്ട് ഡ്രിങ്ക്സ് നിർമ്മാണ യൂനിറ്റ്
6. സോഡാ കമ്പനി
7. പപ്പട നിർമ്മാണ യൂനിറ്റ് വിപുലീകരണം

വാർഡ് 3

1. പൗൾട്രി ഫാം
2. ഫർണീച്ചർ യൂനിറ്റ് വിപുലീകരണം
3. കാർഷിക യൂനിവേഴ്സിറ്റിയിലെ കര കൗശല വ്യവസായം (സായൂജ്യ) സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ഈ വാർഡിൽ സ്ഥാപിക്കുക.
4. വെൽഡിങ്ങ് യൂനിറ്റ്
5. സഹകരണ ചെരിപ്പ് നിർമ്മാണ യൂനിറ്റ്
6. തേനീച്ച വളർത്തൽ, കറി പൗഡർ നിർമ്മാണം, ചുക്കുവെള്ളപ്പൊടി ഉണ്ടാക്കൽ എന്നിവക്കായി ഓരോ യൂനിറ്റുകൾ.
7. രാസവള എല്ലുപൊടി നിർമ്മാണ യൂനിറ്റ്.
8. കെൽട്രോണിൻെറ ഒരു കമ്പ്യൂട്ടർ സോഫ്ട്വെയർ നിർമ്മാണ യൂനിറ്റ്.

വാർഡ് 4

1. വെൽഡിങ്ങ് - ഓട്ടോ പെയിൻറിംഗ് യൂനിറ്റ്.
2. ഇരുചക്ര വാഹന വർക്ക് ഷോപ്പ്.
3. ലെയ്ത്ത് വർക്ക് നടത്തുന്ന സ്ഥലങ്ങൾ.
4. സ്റ്റെപ്പ് അപ്പ് - സ്റ്റെബിലൈസർ, ട്രാൻസ്ഫോർമർ സ്വിച്ച് ബോർഡുകൾ എന്നിവ നിർമ്മിക്കുന്ന യൂനിറ്റ്.
5. നോട്ടുബുക്കു നിർമ്മാണം. ബുക്ക് ബൈൻഡിംഗ് യൂനിറ്റ്.
6. ചെരിപ്പ് നിർമ്മാണ യൂനിറ്റ്.
7. പ്ലാസ്റ്റിക് വ്യവസായ യൂനിറ്റ്.
8. കാലിതീറ്റ - കോഴിതീറ്റ ഫാക്ടറി.
9. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂനിറ്റ്.
10. കറിപൗഡർ നിർമ്മാണ യൂനിറ്റ്.

വാർഡ് 5

1. പഴം, പച്ചക്കറി സംസ്കരണ ഫാക്ടറി.
2. ബലൂൺ, റബ്ബർ ബാൻറ്, കളിക്കോപ്പുകൾ എന്നിവ നിർമ്മിക്കുന്ന റബ്ബർ അധിഷ്ഠിത വ്യവസായം.

3. തോൽ, റെക്സിൻ എന്നിവ ഉപയോഗിച്ചുള്ള ബാഗ് നിർമ്മാണം.
4. തുന്നൽ പരിശീലന കേന്ദ്രം.

### വാർഡ് 6

1. സഹകരണാടിസ്ഥാനത്തിൽ കരിങ്കല്ല് ക്രഷർ യൂനിറ്റും ഒരു സ്പിന്നിംഗ് മില്ലും.
2. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂനിറ്റ്.
3. കാർഷികോപകരണങ്ങൾ നിർമ്മിക്കുന്ന ലോഹ വ്യവസായം.
4. പഴം, പച്ചക്കറി സംസ്കരണ യൂനിറ്റ്.
5. തുന്നൽ പരിശീലന കേന്ദ്രം.

### വാർഡ് 7

1. ടൈലറിങ്ങും, വസ്ത്ര നിർമ്മാണവും (റെഡിമെയ്ഡ്)
2. ലെയ്ത്ത് വർക്ക് യൂനിറ്റ്.
3. പപ്പടം, അച്ചാർ.
4. ഫർണീച്ചർ യൂനിറ്റ്.
5. തുന്നൽ പരിശീലനം.
6. ലേബർ കോൺട്രാക്റ്റ് യൂനിറ്റ്.
7. ലെയ്ത്ത് വർക്ക്.
8. കരിങ്കൽ വ്യവസായ യൂനിറ്റ്.
9. പരമ്പരാഗത് കൈത്തറി യൂനിറ്റ്.

### വാർഡ് 8

1. മെഴുകുതിരി നിർമ്മാണ യൂനിറ്റ്.
2. കളിമൺ വ്യവസായം.
3. ചന്ദനത്തിരി നിർമ്മാണം.
4. കാലിത്തീറ്റ - കോഴിത്തീറ്റ നിർമ്മാണം.
5. കളിക്കോപ്പ് നിർമ്മാണം.
6. സ്റ്റീൽ ഫാക്ടറി.
7. ചൂരൽ, പ്ലാസ്റ്റിക് നിർമ്മാണം.
8. കാർഷികോപകരണ യൂനിറ്റ്.
9. തുന്നൽ പരിശീലനം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം.

### വാർഡ് 9.

1. ഇഷ്ടിക വ്യവസായം.
2. കോഴിവളർത്തൽ.
3. പായ നെയ്ത്ത്.
4. ചൂരൽ, പ്ലാസ്റ്റിക് നിർമ്മാണം.
5. നെല്ല്കുത്ത് മില്ല്.

വാർഡ് 10

1. പട്ടികജാതി വനിതകൾക്കായി ഈറ്റ, മുള എന്നിവ കൊണ്ട് കൊട്ട, പരമ്പ്, തട്ടിക, മുറം എന്നിവ നിർമ്മിക്കുന്ന വ്യവസായ യൂനിറ്റ്.
2. മിനി എസ്റ്റേറ്റിൽ ബാംബൂ പ്ലൈ യൂനിറ്റ്.
3. ഓഫ്സെറ്റ് പ്രിൻറിംഗ് പ്രസ്.
4. കറി പൗഡർ യൂനിറ്റ്.
5. കാർഷികോപകരണ യൂനിറ്റ്.
6. ഓഫീസ് ഓട്ടോമേഷൻ, സെക്രട്ടറിയൽ പ്രാക്ടീസ്, മാനേജ്മെൻറ് ട്രെയിനിംഗ് എന്നിവ പഠിപ്പിക്കുന്ന സ്ഥാപനം.

---

ട്രൈസം പദ്ധതിയിൽ പരിശീലനം ലഭിച്ച മൂന്ന് ഇലക്ട്രിക്കൽ റിപ്പേർ ജോലിക്കാരും, ഓട്ടോ മെക്കാനിസത്തിൽ വിദഗ്ദ പരിശീലനം ലഭിച്ച 11 പേരും, നെയ്ത്ത് പരിശീലനം ലഭിച്ച ഒരാളും മറ്റു ജോലികളിൽ ഏർപ്പെട്ട നാലു പേരുമടക്കം 19 പേർ ഈ പഞ്ചായത്തിലുണ്ട്.

### പദ്ധതി അവലോകനം

എട്ടാം പദ്ധതിയിൽ പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമത്തിന്നായി വ്യവസായവകുപ്പ് പട്ടാമ്പി ഗ്രാമപഞ്ചായത്തിൽ തൊണ്ണൂറ്റി മുവ്വായിരം ഉറുപ്പിക അനുവദിച്ചിരുന്നു.

### നിലവിലുള്ള പദ്ധതികൾ

1. വ്യവസായ സംരംഭങ്ങൾക്ക് അമ്പതായിരം ഉറുപ്പിക വരെ വായ്പ.
2. സഹകരണ സംഘങ്ങൾ സ്ഥാപിക്കുവാൻ 1=10 എന്ന തോതിൽ ഷെയർ വീതവും ലോണും
3. വനിതാസംഘങ്ങൾക്ക് 1=6 എന്ന തോതിൽ ഷെയർ ലോൺ.
4. മറ്റു സംഘങ്ങൾക്ക് 1=4 എന്ന തോതിൽ ഷെയർ ലോൺ.

### പുതിയ വ്യവസായ സംരംഭകർക്ക് പ്രോത്സാഹനങ്ങൾ

1. വനിതാ വ്യവസായ SSI യൂനിറ്റുകൾക്ക് 50 ശതമാനം സബ്സിഡി.
2. മറ്റ് SSI യൂനിറ്റുകൾക്ക് 15 ശതമാനം സബ്സിഡി.
3. ഏഴ് വർഷത്തേക്ക് വില്പനനികുതി ഒഴിവ്.
4. വൈദ്യുതി നിരക്കിൽ കിഴിവ്.
5. PMRY ലോൺ പദ്ധതി.

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് വ്യവസായങ്ങൾ ആരംഭിക്കുവാൻ സർക്കാർ പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ അർഹതപ്പെട്ടവർക്ക് സഹായം എത്തിക്കുന്ന കാര്യത്തിൽ വേണ്ടത്ര താൽപ്പര്യം കാണുന്നില്ല.

ബന്ധപ്പെട്ടവർ ഈ വിഷയത്തിൽ ശ്രദ്ധ പതിപ്പിക്കുകയും ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്.

## പ്രശ്നങ്ങൾ

1. വൈദ്യുതിയുടെ ലഭ്യത കുറവാണ് വ്യവസായ മേഖലയെ തളർത്തുന്നത്.
2. വ്യവസായവകുപ്പിൻെറ സമയോചിതമായ സഹായങ്ങൾക്ക് വേണ്ടത്ര പ്രചരണം ലഭിക്കുന്നില്ല.
3. ഇപ്പോൾ നല്കുന്ന സബ്സിഡി തീരെ അപര്യാപ്തമാണ്.
4. വിദഗ്ദ തൊഴിലാളികളുടെ ലഭ്യത കുറവ്.
5. മൂലധനം സ്വരൂപിക്കാനുള്ള വിഷമം.
6. വിപണന സൗകര്യങ്ങളുടെ കുറവ്.
7. അസംസ്കൃത വസ്തുക്കൾ ലഭിക്കുവാനുള്ള പ്രയാസം.
8. ചെറുകിട കുടിൽ വ്യവസായങ്ങൾ നേരിടുന്ന മാനേജ്മെൻറ് പ്രശ്നങ്ങൾ.
9. തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ കുറവ്.
10. വ്യവസായ വകുപ്പിൻെറ സ്കീമുകളെക്കുറിച്ച് വിവരം ഇല്ലായ്മ.
11. പശ്ചാത്തല സൗകര്യങ്ങളുടെ പരിമിതികൾ.
12. പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന മത്സരം.
13. ധനകാര്യ സ്ഥാപനങ്ങളുടെ പ്രോത്സാഹനക്കുറവും നടപടി ക്രമങ്ങളിലെ സങ്കീർണതയും
14. സ്ഥിതിവിവര കണക്കുകളുടെ അപര്യാപ്തത.
15. ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ സഹകരണക്കുറവ്.
16. തൊഴിലാളികളുടെ കൂലിക്കൂടുതൽ.

## സാധ്യതകൾ

1. ദീർഘവീക്ഷണത്തോട് കൂടിയ വൈദ്യുത പദ്ധതികൾ സ്ഥാപിക്കുക.
2. പഞ്ചായത്തു തലത്തിൽ തൊഴിൽ സംരംഭകരുടേയും, തൊഴിലില്ലാത്തവരുടേയും ഒരു ലിസ്റ്റ് സൂക്ഷിക്കാവുന്നതാണ്.
3. പഞ്ചായത്തും, വികസനവകുപ്പും, ബാങ്കുകളും സംയുക്തമായി പദ്ധതികളുടെ രൂപരേഖ തയ്യാറാക്കി പൊതു അറിവിന്നായി വിതരണം ചെയ്യണം.
4. പരിശീലന പരിപാടികൾ സംഘടിപ്പിക്കണം.
5. പ്രചരണത്തിൻെറ പ്രാധാന്യം മനസ്സിലാക്കി മാധ്യമങ്ങളുടെ സഹകരണം തേടണം.
6. ബ്ലോക്കുതലത്തിൽ വിപണന മേളകളും, പഞ്ചായത്ത് തലത്തിൽ വായ്പാ മേളകളും സംഘടിപ്പിക്കുക.
7. ധനകാര്യ സ്ഥാപനങ്ങളെ വായ്പ നൽകുന്ന കാര്യത്തിൽ കൂടുതൽ സഹകരിപ്പിക്കണം.
8. അസംസ്കൃത വസ്തുക്കളുടെ ലഭ്യത വർദ്ധിപ്പിക്കണം.
9. പഞ്ചായത്ത്, പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി കൊടുക്കണം.
10. കൂലിപ്രശ്നത്തിൽ സർവ്വസമ്മതമായ സമീപനത്തിന് ബന്ധപ്പെട്ടവർ മുൻകൈ എടുക്കണം.

ഈ പഞ്ചായത്തിൽ പൊതുമേഖലാ പാചകവാതക വിതരണ ഏജൻസിയായി പട്ടാമ്പി പഞ്ചായത്തിനെ അംഗീകരിച്ച് ഉപഭോക്താക്കൾ ഇന്ന് അനുഭവിക്കുന്ന വിഷമങ്ങൾ പരമാവധി കുറക്കണം. ഇക്കാര്യത്തിൽ പഞ്ചായത്ത് ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിലെ 2,4,5,6,7,8,9 എന്നീ വാർഡുകളിൽ ഗൾഫ് വരുമാനത്തിന്റെ സ്വാധീനം താരതമ്യേന കൂടുതലാണ്. ഈ സാധ്യത വ്യാവസായിക മേഖലയുടെ വളർച്ചക്ക് വേണ്ടി ഉപയോഗിക്കുവാൻ സംഘടിതശ്രമം ആവശ്യമാണ്.

വ്യാവസായിക വളർച്ചയിലൂടെയല്ലാതെ തൊഴിലില്ലായ്മ പരിഹരിക്കുവാനും സമ്പദ് വ്യവസ്ഥ ദൃഢപ്പെടുത്തുവാനും സാധ്യമല്ല.

നമ്മുടെ പഞ്ചായത്തിൽ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതാണ്.

പൊതുമേഖലയോടൊപ്പം സ്വകാര്യമേഖലയും വളരേണ്ടിയിരിക്കുന്നു. സ്വകാര്യസംരംഭകരെ ചെറുകിട-ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കാൻ ആവശ്യമായ പ്രേരണ പഞ്ചായത്തു ഭരണസമിതിയുടെ ഭാഗത്ത് നിന്നുണ്ടാകണം. അതുപോലെ ഒരു പുതിയ തൊഴിൽ സംസ്കാരം രൂപപ്പെടുത്തുവാനുള്ള പരിശ്രമം ജനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ വ്യാപാരമേഖല നിയന്ത്രിക്കുന്നവർ വ്യാവസായിക രംഗത്തെക്കു കൂടി കടന്നുവന്നാൽ ഇന്നത്തെ നിലയിൽ നിന്ന വളരെ വേഗത്തിൽ പുരോഗതിയിലേക്ക് നീങ്ങുവാൻ സാധ്യതകൾ കാണുന്നുണ്ട്.

'' വ്യവസായവത്കരണം അല്ലെങ്കിൽ സർവ്വനാശം '' എന്ന തത്വം പ്രാവർത്തികമാക്കുവാൻ ഒത്തൊരുമിച്ച് പ്രയത്നിക്കാനുള്ള സാമൂഹികബോധം വളർത്തിയെടുക്കുന്ന കാര്യത്തിൽ നമ്മുടെ കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തുക. ഒരു നല്ല നാളെക്കു വേണ്ടി അല്പം ത്യാഗം ചെയ്യുവാൻ സന്നദ്ധരാവുക.

# വിദ്യാഭ്യാസം

സമൂഹത്തിന്റെ സർവതോമുഖമായ പുരോഗതിക്കു വേണ്ടി യത്നിക്കാൻ കെൽപുള്ള അറിവും, ആത്മാർത്ഥതയും, ഉദ്ദേശശുദ്ധിയും, ലക്ഷ്യബോധവും, അർപ്പണ മനോഭാവവും ഉള്ള യുവതലമുറയെ സൃഷ്ടിക്കലാണ് വിദ്യാഭ്യാസത്തിലൂടെ സമൂഹം പ്രതീക്ഷിക്കുന്ന പ്രധാന ലക്ഷ്യം. ഈ ദിശയിൽ ബഹുദൂരം സഞ്ചരിക്കുവാൻ സാധിച്ച സംസ്ഥാനമാണ് നമ്മുടെ കൊച്ചു കേരളം. എന്നാൽ നേട്ടങ്ങളോടൊപ്പം ഒട്ടേറെ കോട്ടങ്ങളും ഈ മേഖലയിൽ ദൃശ്യമാകുന്നുണ്ട്.

വിദ്യാഭ്യാസപരമായി ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന വികസിത രാഷ്ട്രങ്ങളുടെ ഏതാണ്ട് ഒപ്പമെത്തി നിൽക്കുന്ന നമ്മുടെ സംസ്ഥാനവും വളരെ പിന്നിൽ കിടക്കുന്ന ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളും തമ്മിൽ ഒരു താരതമ്യ പഠനം നടത്തുന്നത് അനാവശ്യമായ ഒരു പ്രവർത്തനമായി മാറുമെന്നതാണ് വസ്തുത.

''വിദ്യാധനം സർവ്വധനാൽ പ്രധാനം'' എന്ന ആപ്ത വാക്യത്തിന്റെ ആന്തരാർത്ഥം ഉൾക്കൊണ്ടവരാണ് കേരളീയർ. കൊടുക്കുംതോറും ഏറുന്ന, ചോരന്മാർ കൊണ്ടുപോകാത്ത, ഒരിക്കലും നശിക്കാത്ത അമൂല്യ സമ്പത്താണ് ''വിദ്യ' എന്ന തിരിച്ചറിവ് കാലാകാലങ്ങളായി നമ്മെ നേർവഴിക്കു നടക്കുവാൻ പ്രേരിപ്പിച്ചിട്ടുണ്ട്.

എന്തെങ്കിലും നല്ല കാര്യം ചെയ്യണമെന്ന ആഗ്രഹത്തോടെ സ്വന്തം സ്ഥലത്ത് കെട്ടിടം കെട്ടി, അത്യാവശ്യം ഇരിപ്പിട സൗകര്യമൊരുക്കി പഠിപ്പിക്കാൻ പറ്റിയവരെ തേടിപ്പിടിച്ച് താമസ ഭക്ഷണ സൗകര്യങ്ങൾ നൽകി കുടിയിരുത്തി പാഠശാലകൾ സ്ഥാപിച്ച എത്രയോ മഹാന്മാർ നമ്മുടെ ഗ്രാമങ്ങളിലുണ്ടായിരുന്നു.

പഴയകാലത്തെ തണ്ണീർ പന്തലുകളും, ഊട്ടുപുരകളും, അത്താണികളും വ്യക്തികളുടെ സന്മനോഭാവത്തിന്റെ സൃഷ്ടികളായിരുന്നു.

ഗുരുകുല വിദ്യാഭ്യാസത്തിന്റേയും, കുടിപള്ളിക്കൂടങ്ങളുടേയും, എഴുത്താശ്ശാന്മാരുടേയും ഒറ്റപ്പെട്ട പ്രവർത്തനങ്ങൾക്ക് കുറെക്കൂടി വിപുലവും വിശാലവുമായ അടിത്തറ പാകാൻ പാഠശാലാ സമ്പ്രദായത്തിന് സാധിച്ചു എന്ന കാര്യം ഒരു വലിയ നേട്ടമായി കാണേണ്ടതുണ്ട്.

എന്നാൽ അടിത്തട്ടിൽ കിടക്കുന്ന അവശവിഭാഗങ്ങളെ അകറ്റി നിർത്താനുള്ള ബോധപൂർവ്വമായ ശ്രമവും സമൂഹത്തിലെ ഒരു വിഭാഗം ഉന്നതകുലജാതരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. അത്തരക്കാർക്ക് വേണമെങ്കിൽ സർക്കാർ സൗകര്യമുണ്ടാക്കി കൊള്ളുമെന്ന ധാരണയും വ്യാപകമായി ഉണ്ടായിരുന്നു. ഇതിന്റെ ഒക്കെ അനിവാര്യ ഫലമെന്നോണം നിലവിൽ വന്ന പ്രത്യേക സംവിധാനങ്ങളാണ് പഞ്ചമ സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളിലൂടെ പ്രവർത്തനമാരംഭിച്ചത്.

ഇന്നത്തെ സ്ഥിതിയോ ? വിദ്യാഭ്യാസം ഒരു വില്പനച്ചരക്കായി മാറിക്കൊണ്ടിരിക്കുന്നു; വിദ്യാലയങ്ങൾ തൊഴിൽ സ്ഥാപനങ്ങളുടെ രൂപഭാവങ്ങൾ പ്രകടമാക്കുന്നു. പണപരമായ കാര്യങ്ങൾ ഗുണപരമായ പ്രവർത്തനങ്ങൾക്ക് വിലങ്ങുതടിയായി നിലകൊള്ളുന്ന ചിത്രങ്ങളും നാം നിത്യേന കണ്ടുവരുന്നു. ആസൂത്രണം ജനകീയ രീതിയിലേക്ക് മാറുമ്പോൾ ആലോചിക്കപ്പെടേണ്ട ചില വസ്തുതകളിലേക്ക് വിരൽ ചൂണ്ടുക മാത്രമാണ് ഈ വരികളിലൂടെ ചെയ്യുവാൻ ഉദ്ദേശിക്കുന്നത്.

## ചരിത്രവും വർത്തമാനകാല സ്ഥിതിയും

19-ാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ പരിമിത വിഭവങ്ങളോടെ പ്രവർത്തനമാരംഭിച്ച ''ബോർഡ് സ്കൂൾ'' ആണ് ഈ പ്രദേശത്തെ ആദ്യത്തെ അംഗീകൃത പഠനകേന്ദ്രം. പട്ടാമ്പിയിലും പരിസര പ്രദേശങ്ങളിലും നിവസിക്കുന്ന നിരവധി പേർക്ക് അറിവിന്റെ ആദ്യപാഠങ്ങൾ ചൊല്ലിക്കൊടുത്ത ഈ കേന്ദ്രം നൂറിൽ താഴെ കുട്ടികളും, മൂന്ന് അദ്ധ്യാപകരുമുള്ള ഒരു ചെറിയ സ്ഥാപനമായിരുന്നു. എന്നാൽ പത്ത് കിലോമീറ്റർ ചുറ്റളവിലുള്ള എല്ലാ കുട്ടികളേയും ഉൾക്കൊള്ളാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിരുന്നു. അന്ന് പഠിക്കേണ്ടവർ അഥവാ പഠിപ്പിക്കാൻ കഴിവുള്ളവർ കുറവായിരുന്നു എന്നതാണ് ഇതിൽ നിന്നു വ്യക്തമാവുന്ന വസ്തുത.

ആവി വണ്ടിയുടെ ആർത്തനാദങ്ങളും, പാതയോരത്തെ പതിഞ്ഞ സംസാരവും തുറന്ന മനസ്സോടെ ഉള്ളിലൊതുക്കിയ നിളയുടെ നിശ്ശബ്ദ തീരങ്ങളിൽ നിറഞ്ഞു നിൽക്കുന്ന ഈ സ്ഥാപനം ഇപ്പോൾ ആയിരത്തിലധികം പഠിതാക്കളുടെ ആശാ കേന്ദ്രമാണ്.

ആദ്യം താലൂക്ക് ബോർഡും, പിന്നീട് ജില്ലാ ബോർഡും ഭരിച്ച ഈ സ്ഥാപനം സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണിപ്പോൾ. എന്നാൽ ബോർഡ് സ്കൂൾ എന്ന ഓമനപ്പേര് ഇപ്പോഴും നിലനില്ക്കുന്നുണ്ട്. സാഹിത്യ നിരൂപകനും, അദ്ധ്യാപകനുമായിരുന്ന ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ, സ്വാതന്ത്ര്യസമര സേനാനിയും മുൻ എം.എൽ.എ. യുമായ ശ്രീ. ഇ.പി. ഗോപാലൻ തുടങ്ങിയ നിരവധി പ്രഗത്ഭർ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ്.

1905 ൽ സെഷൻ സ്കൂൾ എന്ന പേരിൽ പ്രവർത്തനം തുടങ്ങിയ വിദ്യാലയം ഇപ്പോൾ പട്ടാമ്പി ഗവ: മാപ്പിള എൽ.പി. സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്നു.

പണ്ഡിതരാജൻ പുന്നശ്ശേരി നമ്പി ശ്രീ നീലകണ്ഠ ശർമ്മ സ്വന്തം കഴിവും അറിവും അനുഭവസമ്പത്തും ആവശ്യക്കാർക്ക് പകർന്നു കൊടുക്കാൻ സന്നദ്ധനായി മുന്നോട്ടു വന്നപ്പോൾ ഈ പ്രദേശത്ത് സംസ്കൃത സ്കൂൾ എന്ന സ്ഥാപനം ജന്മമെടുത്തു. സംസ്കൃതം, മലയാളം എന്നീ ഭാഷകളിൽ ഉന്നത ബിരുദങ്ങളും വൈദ്യം, ജ്യോതിഷം തുടങ്ങിയ പൌരാണിക ശാസ്ത്ര ശാഖകളിൽ നൈപുണ്യം നേടാനുള്ള മലബാറിലെ ഒരു പ്രധാന കേന്ദ്രമായി ഈ സ്ഥാപനം

വളർന്നു. ശ്രീലങ്കയിൽ നിന്നു പോലും പഠിതാക്കൾ പട്ടാമ്പിയിൽ വന്നിരുന്നു എന്നാണ് ഈ വിദ്യാലയത്തിലെ പഴയ രേഖകൾ വ്യക്തമാക്കുന്നത്.

1911 ൽ പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനം 1957 ൽ ജില്ലാ ബോർഡും, തുടർന്ന് കേരള സർക്കാറും ഏറ്റെടുത്തു. കേരളത്തിലെ ഒരു ഉന്നത കലാലയമായി വളർന്ന ഈ സ്ഥാപനം സെൻറർ ഓഫ് എക്സലൻസ് അഥവാ 'വിശിഷ്ട കേന്ദ്രം' എന്ന ബഹുമതി നേടിയിരിക്കുന്നു. കോളേജിലെ സംസ്കൃത വിഭാഗം കാലിക്കറ്റ് യൂനിവേഴ്സിറ്റിയുടെ അംഗീകൃത ഗവേഷണ കേന്ദ്രം കൂടിയാണ്. പട്ടാമ്പി കോളേജിന് സ്ഥലം കിട്ടാനുള്ള പ്രവർത്തനത്തിൽ സജീവമായി സഹകരിച്ച സമിതിയുടെ പ്രസിഡൻറ് എ.എസ്.കെ. രാമയ്യരും, സെക്രട്ടറി അഡ്വ. എം.പി. ഉദയവർമ്മൻ, ഖജാൻജി കെ.എസ്. രാമൻ . ഹാജി. അസ്സൈനാർ വൈദ്യർ എന്നിവരായിരുന്നു

ആറ് പി.ജി. കോഴ്സുകളും, ഏഴ് ഗ്രാജ്വേറ്റ് വിഭാഗങ്ങളും ആറു ഗ്രൂപ്പുകളിലായി പത്ത് ബാച്ച് പ്രീഡിഗ്രി ക്ലാസ്സുകളും ഈ സ്ഥാപനത്തിൽ നടത്തി വരുന്നുണ്ട്.

പുന്നശ്ശേരി കോളേജിൽ നിന്ന് ലഭിച്ച 2500 പുസ്തകങ്ങളും 300 ഓളം താളിയോല ഗ്രന്ഥങ്ങളുമടങ്ങിയ ഒരു വലിയ ഗ്രന്ഥശാലയാണ് ഈ കോളേജിലുള്ളത്. ഒരു നല്ല ലൈബ്രറി കെട്ടിടം ഇല്ലെന്നുള്ള കാര്യം പ്രത്യേക ശ്രദ്ധ ആവശ്യപ്പെടുന്നുണ്ട്. ഫർണീച്ചറിൻെറ സ്ഥിതി യും തൃപ്തികരമല്ല.

85 ലക്ഷം രൂപ മതിപ്പു ചെലവിൽ നിർമ്മിക്കാൻ പോകുന്ന സയൻസ് ബ്ലോക്ക് കെട്ടിടവും കൂടി പണി തീർന്നാൽ സ്ഥല സൗകര്യത്തിൻെറ കാര്യം പരിഹരിക്കപ്പെടുമെന്ന് പറയാം.

ആൺകുട്ടികൾക്ക് ഒരു ഹോസ്റ്റലും, കോളേജിൽ ഒരു ഭക്ഷണശാലയും നിർമ്മിക്കുകയും, ഏതാനും പഠനോപകരണങ്ങൾ ലഭ്യമാവുകയും ചെയ്താൽ ഈ സ്ഥാപനത്തിൻെറ സ്ഥിതി സാമാന്യം മെച്ചപ്പെടുമെന്ന് പറയാം.

എന്നാൽ 1992 മുതൽ 96 കൂടിയുള്ള കാലത്തെ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങാൻ അനുവദിച്ച തുകയിൽ നല്ലൊരു ഭാഗം ചെലവാക്കാൻ സാധിച്ചിട്ടില്ലെന്ന സത്യം ബന്ധപ്പെട്ടവരു ടെ ശ്രദ്ധയിൽ പെടുത്താൻ ഉദ്ദേശിക്കുകയാണ്.

1924 ൽ മരുതൂർ ഭാഗത്ത് സ്ഥാപിതമായ എൽ.പി. സ്കൂൾ ആ പ്രദേശത്തെ വിദ്യാഭ്യാസ കാര്യത്തിൽ സ്വാധീനം ചെലുത്തുവാൻ ആരംഭിച്ചു.

1940 ൽ അമ്മംകുന്നത്ത് കുഞ്ഞിരാമ മേനോൻ, ഹാജി. കെ.പി. അസ്സൈനാർ വൈദ്യർ, പുവ്വത്തിങ്ങൽ മൊയ്തീൻ കുട്ടി മാസ്റ്റർ എന്നിവരടങ്ങിയ മൂവർ സംഘം കയില്യാട് എന്ന സ്ഥലത്തു പോയി സി.ഇ. നായർ എന്ന വ്യക്തിയെ കാണുകയും പട്ടാമ്പിയുടെ

വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ ബോദ്ധ്യപ്പെടുത്തുകയും ചെയ്തതിൻെറ ഫലമായാണ് ഈ പ്രദേശത്ത് ആദ്യമായി ഒരു ഹൈസ്കൂൾ പ്രവർത്തനം തുടങ്ങിയത്.(വിധി വൈപരീത്യമെന്നു പറയട്ടെ, ജാതകർമ്മം നടത്തിയ കൈകൾ തന്നെ ഉദകക്രിയയും ചെയ്യുന്നത് കാണേണ്ടി വന്നവരാണ് പട്ടാമ്പിയിലെ പലരും) ഈ സ്ഥാപനം 1955 ൽ ജില്ലാ ബോർഡ് ഏറ്റെടുക്കുകയും, 1957 ൽ സർക്കാറിൽ ലയിക്കുകയുമാണ് ഉണ്ടായത്. പൊതു മേഖലയിൽ പ്രവർത്തിക്കുന്ന പട്ടാമ്പിയിലെ ഏക ഹൈസ്കൂളാണ് ഇത്. 3000 ത്തിലധികം കുട്ടികളും, നൂറോളം അദ്ധ്യാപകരുമുള്ള ഈ വിദ്യാലയത്തിൽ ആകെ ആവശ്യമുള്ള 63 ക്ലാസ്സ് മുറികളുടെ സ്ഥാനത്ത് 30 എണ്ണം മാത്രമാണുള്ളത്. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത പഠനകാര്യങ്ങളെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന് താഴെ പറയുന്ന സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നു. പി.ടി.എ. ഒരു പുതിയ കെട്ടിടം നിർമ്മിക്കാനുള്ള പരിശ്രമത്തിന് തുടക്കം കുറിച്ചിട്ടുണ്ട്.

പട്ടിക E.1

S.S.L.C. **വിജയശതമാനം**

| സ്കൂൾ | വിജയശതമാനം | | | | |
|---|---|---|---|---|---|
| | 1992 | 1993 | 1994 | 1995 | 1996 |
| ഗവ: ഹൈസ്കൂൾ, പട്ടാമ്പി | 20 % | 20.5% | 20% | 19.5 % | 16 % |
| M.E.S. ഇംഗ്ലീഷ് മീഡിയം, പട്ടാമ്പി (AISSE) | | | | 100 % | 100 % |

1940 മുതൽ 1955 വരെയുള്ള കാലഘട്ടത്തിലാണ് കൊടലൂർ-ശങ്കരമംഗലം-വള്ളൂർ-കിഴായൂർ എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാലയങ്ങൾ സ്ഥാപിതമായത്.

1978 ൽ നിലവിൽ വന്ന M.E.S. ഇംഗ്ലീഷ് മീഡിയം സ്കൂൾ ഇപ്പോൾ സീനിയർ സെക്കണ്ടറി സ്കൂളായി ഉയർന്നു കഴിഞ്ഞ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനമാണ്. 1990ന് ശേഷമാണ് മറ്റൊരു അൺ എയ്ഡഡ് സ്കൂൾ സെൻറ് പോൾസ് എന്ന പേരിൽ പ്രവർത്തനം തുടങ്ങിയത്. M.E.S. സ്കൂളിൽ 1995 - 96 ൽ എല്ലാ കുട്ടികളും First Class ൽ S.S.L.C. പാസ്സായെന്ന കാര്യം എടുത്തു പറയേണ്ടതാണ്.

ചിട്ടയായ പഠനക്രമങ്ങളും, ഉയർന്ന ബോധന നിലവാരവും വാഗ്ദാനം ചെയ്യുന്ന ഈ സ്വകാര്യസ്ഥാപനങ്ങൾ കൂടുതൽ കൂടുതൽ കുട്ടികളെ ആകർഷിക്കുന്നുണ്ടെന്നുള്ള വസ്തുത, സാധാരണ വിദ്യാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതിൻെറ ആവശ്യകത വിളിച്ചു പറയുകയാണെന്ന കാര്യം നാം ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു.

രാജ്യത്തെ 15 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് സൗജന്യവും സാർവ്വത്രികവുമായ നിർബന്ധ വിദ്യാഭ്യാസം നൽകണമെന്ന ഭരണഘടനാ ബാദ്ധ്യത ഏറെക്കുറെ നിർവ്വഹിച്ചവരാണ് നമ്മൾ. 60 ലക്ഷം കുട്ടികളും, 2 ലക്ഷം അദ്ധ്യാപകരും, 20 ലക്ഷം രക്ഷിതാക്കളും അടങ്ങുന്ന ബൃഹത്തായ ഈ സേവനമേഖല സംസ്ഥാന റവന്യൂ വരുമാനത്തിന്റെ 30 ശതമാനത്തിലധികം അനുഭവിക്കുമ്പോൾ അതിന്റേതായ ഗുണഫലങ്ങൾ ആ രംഗത്ത് കണ്ടേ തീരൂ. എന്നാൽ അടുത്ത കാലത്ത് നടത്തിയ ചില സാമ്പിൾ സർവ്വേയുടെ റിപ്പോർട്ടുകൾ പരിശോധിച്ചാൽ മനുഷ്യമന:സാക്ഷിയെ മരവിപ്പിക്കുന്ന വിവരങ്ങളാണ് നമുക്ക് കാണാൻ കഴിയുന്നത്. അക്ഷരത്തിന്റേയൊ, അക്കത്തിന്റെയോ അടുത്തു പോലും എത്താത്ത 30 ശതമാനത്തിലധികം വിദ്യാർത്ഥികൾ നമ്മുടെ വിദ്യാലയങ്ങളിലെ നാല് ചുവരുകൾക്കുള്ളിൽ ഉണ്ടെന്നു പറഞ്ഞാൽ അതിൽ അതിശയോക്തി ഇല്ലെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ജനകീയാസൂത്രണത്തിന്റെ സന്ദേശവാഹകർ ഈ സ്ഥിതി വിശേഷത്തെ നേരിടാനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കാൻ ഇനി ഒട്ടും വൈകിച്ചുകൂടാ.

പഞ്ചായത്തിന്റെ വടക്കുകിഴക്കൻ മേഖലകളിൽ താമസിക്കുന്ന കുട്ടികൾക്ക് അപ്പർ പ്രൈമറി സ്കൂളിലെത്തണമെങ്കിൽ നാല് കിലോമീറ്ററിലധികം ദൂരംനടക്കേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. പ്രധാന വിദ്യാലയങ്ങളെല്ലാം നഗരത്തിൽ കേന്ദ്രീകരിച്ചതാണ് ഈ വിഷമത്തിന് കാരണം. പിന്നോക്ക പ്രദേശമായ കൊടലൂർ ഭാഗത്ത് ഒരു ഹൈസ്കൂൾ സ്ഥാപിച്ച് ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. (പട്ടിക E. 6) ഏതാനും വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണാനുണ്ട്. ഇതിന്റെ കാരണവും പരിശോധിക്കപ്പെടേണ്ടതാണ്. (പട്ടിക E. 7) പഠന നിലവാരത്തിന്റെ കാര്യത്തിൽ 15 ശതമാനത്തിലധികം കുട്ടികൾ 20 ശതമാനത്തിൽ കുറഞ്ഞ മാർക്ക് വാങ്ങുന്നതായി കാണുന്നുണ്ട്. എന്നാൽ 50 ശതമാനത്തിലും മാർക്ക് കൂടിയ 75 ശതമാനത്തിലധികം കുട്ടികളാണ് അൺ എയ്ഡഡ് വിദ്യാലയത്തിലുള്ളത്. ഈ പഞ്ചായത്തിൽ സമാന്തര വിദ്യാഭ്യാസം നടത്തുന്ന പത്തോളം സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ടൈപ്പ്റൈറ്റിംഗ് പഠിപ്പിക്കുന്ന മൂന്ന് സ്ഥാപനങ്ങളു, മൂന്ന് കമ്പ്യൂട്ടർ പഠന കേന്ദ്രങ്ങളും, ഒന്നിലധികം ഡ്രൈവിംഗ് സ്കൂളുകളും ശില്പ ചിത്ര എന്ന പേരിൽ ചിത്ര കലാ പഠനകേന്ദ്രവും നിലവിലുണ്ട്. 21 അങ്കണവാടികൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പഞ്ചായത്തിന്റെ സഹായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. കെട്ടിടം, കളിക്കോപ്പുകൾ എന്നിവയുടെ കാര്യത്തിൽ അങ്കണവാടികൾക്ക് ഇല്ലായ്മയുടെ കഥ മാത്രമേ പറയാനുള്ളൂ. പത്തോളം വായനശാലകൾ അനൗപചാരിക വിദ്യാഭ്യാസത്തിന്റെ സാദ്ധ്യതകൾ സമർത്ഥമായും ഉപയോഗിക്കുന്നുണ്ട്. നിലവിലുള്ള ഈ വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. അനൗപചാരിക വിദ്യാഭ്യാസ മേഖലയിൽ കേരള ഗ്രന്ഥശാലാ സംഘം വഹിച്ച പങ്ക് വർണ്ണനാതീതമാണ്.

*നമ്മുടെ പഞ്ചായത്തിലെ വിദ്യാലയ സൗകര്യങ്ങളും പോരായ്മകളും കാണിക്കുന്ന ഏതാനും പട്ടികകൾ ഈ അദ്ധ്യായത്തിന്റെ അവസാനത്തിൽ കൊടുക്കുന്നു.*

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

വിദ്യാഭ്യാസ വികസനവുമായി ബന്ധപ്പെട്ട് ഗ്രാമസഭയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ ഏതാണ്ടിങ്ങനെ സംഗ്രഹിക്കാം.

1. വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താതെ വിദ്യയുടെ പേരിൽ നടത്തുന്ന അഭ്യാസങ്ങൾ വ്യർത്ഥമാണെന്നാണ് അനുഭവം പഠിപ്പിക്കുന്നത്. അദ്ധ്യാപകരെ അന്യജോലികൾക്ക് നിയോഗിച്ച് അവരുടെ ആത്മവീര്യം ഇല്ലാതാക്കുന്ന രീതി ശരിയല്ല. സമൂഹത്തിന് കൈമോശം വന്ന അർപ്പണ ബോധവും ആത്മാർത്ഥതയും അദ്ധ്യാപകർക്കും നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അത് അംഗീകരിക്കാൻ സാദ്ധ്യമല്ല. ഒരദ്ധ്യാപകൻ നൂറുകണക്കിനു കുട്ടികളുടെ പഠന കാര്യങ്ങൾ ഒരേ സമയത്ത് നോക്കി നടത്തണമെന്ന സ്ഥിതി ഒട്ടും ആശ്വാസ്യമല്ല. രക്ഷിതാക്കളുടെ അവസരോചിതമായ ഇടപെടലുകളും മേൽനോട്ടവും ഈ രംഗത്ത് നല്ല ഫലം ഉളവാക്കാനിടയുണ്ട്. വായനശാലകൾ, ഗ്രന്ഥശാലകൾ, കലാ സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവ ഔപചാരിക വിദ്യാഭ്യാസത്തിന് സഹായകമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ മുന്നോട്ട് വരണം.

ഏഴാം വാർഡിലെ B.K.M.L.P. സ്കൂൾ ഒരു യു.പി. സ്കൂൾ ആക്കി ഉയർത്തേണ്ടതാണ്. പഞ്ചായത്തിന് ഒട്ടാകെ ഒരു വിദ്യാഭ്യാസ വികസന സമിതിയും, വാർഡുതോറും വിദ്യാലയ സമിതികളും രൂപീകരിച്ച് പി.ടി.എ.യുമായി സഹകരിച്ച് പ്രവർത്തിച്ചാൽ കുറെ നല്ല കാര്യങ്ങൾ ചെയ്യാൻ സാധിക്കും. വള്ളൂർ, കിഴായൂർ എന്നിവിടങ്ങളിലെ സർക്കാർ സ്കൂളുകൾ സ്വന്തം സ്ഥലമോ, കെട്ടിടമോ ഇല്ലാത്തവയാണ്. ഡി.പി., ഇ.പി. പദ്ധതിയുടെ സാമ്പത്തിക സഹായത്തോടെ ഈ വിദ്യാലയങ്ങൾ ഏറ്റെടുക്കാനുള്ള സാദ്ധ്യത പഞ്ചായത്തിന് ആരായാവുന്നതാണ്. അദ്ധ്യാപക പരിശീലനം, പാഠപുസ്തകങ്ങളുടെ ലഭ്യത, ഉച്ച ഭക്ഷണ വിതരണ പദ്ധതിയുടെ നടത്തിപ്പ് എന്നിവയിൽ സർക്കാരും പഞ്ചായത്തീരാജ് സ്ഥാപനങ്ങളും കൂടുതൽ ശ്രദ്ധ പതിപ്പിക്കണം. സിനിമാ ശാലകളും, ടി.വി. പരിപാടികളും കുട്ടികളുടെ പഠനത്തെ തടസ്സപ്പെടുത്തുന്നുണ്ടോ എന്ന കാര്യം പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്ന കാര്യം സഗൗരവം പരിഗണിക്കേണ്ടതാണ്.

## സ്കൂൾ കോംപ്ലക്സ്

പഞ്ചായത്തിലെ അഞ്ച് എൽ.പി. സ്കൂളുകളും, രണ്ട് യു.പി. സ്കൂളുകളും, പട്ടാമ്പി ഹൈസ്കൂളിന്റെ നിയന്ത്രണത്തിൽ വിദ്യാഭ്യാസ കാര്യങ്ങളെ സംബന്ധിച്ച് ആലോചിക്കുവാനും, വികസന തന്ത്രങ്ങൾ ആവിഷ്കരിക്കുവാനുമായി ഒരു സംഘമായി പ്രവർത്തിക്കുവാൻ ഏർപ്പെടുത്തിയ സംവിധാനമാണ് പട്ടാമ്പി ഹൈസ്കൂൾ കോംപ്ലക്സ്.

കോത്താരി കമ്മീഷന്റെ ശ്രദ്ധേയമായ ഒരു നിർദ്ദേശമായിരുന്നു വിദ്യാലയ കോംപ്ലക്സുകൾ സ്ഥാപിക്കുവാൻ പ്രേരിപ്പിച്ച നിർണ്ണായ ഘടകം. കമ്മീഷന്റെ പ്രയോജനകരമായ നിർദ്ദേശങ്ങൾ മാറ്റി വെച്ചു കൊണ്ട് പ്രയാസം കുറഞ്ഞ പരിപാടികൾ നടത്തുവാനുള്ള നിർദ്ദേശത്തോടെ ഈ സമ്പ്രദായം ഒരിക്കൽ പരീക്ഷിച്ച് പരാജയപ്പെട്ടിരുന്നു എന്ന കാര്യം സന്ദർഭോചിതമായി സൂചിപ്പിക്കുകയാണ്. ഈ ദു:സ്ഥിതി ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകളോടെ പ്രാദേശിക ഭരണകൂടങ്ങൾക്ക് പ്രാതിനിധ്യം നല്കി കൊണ്ട് കോംപ്ലക്സ് സമ്പ്രദായം വീണ്ടും പ്രവർത്തനത്തിൽ വന്നിട്ടുണ്ട്.

വിദ്യാലയങ്ങളുടെ ആവശ്യങ്ങളും, പോരായ്മകളും, പരസ്പര വിശ്വാസത്തോടെ പരിശോധിക്കുവാനും, പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താനുമുള്ള തീവ്രയത്നമായി കോംപ്ലക്സ് പ്രവർത്തനം രൂപപ്പെടുത്തിയാൽ മാത്രമേ ഈ പദ്ധതി കൊണ്ടുള്ള പ്രയോജനം വിദ്യാലയങ്ങൾക്കും സമൂഹത്തിനും ലഭിക്കുകയുള്ളൂ.

ഹൈസ്കൂളിലെ ലൈബ്രറി, ലാബോറട്ടറി തുടങ്ങിയ സൗകര്യങ്ങൾ പ്രാഥമിക വിദ്യാലയങ്ങൾക്കും പ്രയോജനപ്പെടണമെന്ന ലക്ഷ്യവും ഈ സംവിധാനത്തിനുണ്ട്. അദ്ധ്യാപകർക്ക് പഠന വിഷയങ്ങളിൽ കാലോചിതമായ പരിഷ്കരണങ്ങളിലൂടെ നൈപുണ്യം സിദ്ധിക്കുവാനുള്ള പരിശീലനവും കോംപ്ലക്സ് തലത്തിൽ നടത്താവുന്നതാണ്. പഠനകാര്യങ്ങളോടൊപ്പം പാഠ്യേതര വിഷയങ്ങളും പരസ്പര സഹായാടിസ്ഥാനത്തിൽ കൈമാറുന്ന രീതിയും പരീക്ഷിച്ചു നോക്കാവുന്നതാണ്.

കലാവേദികളും, കളിസ്ഥലങ്ങളും, സാങ്കേതിക സേവനങ്ങളും പങ്കിടാനുള്ള സൗകര്യം വിദ്യാലയങ്ങൾക്ക് ഉണ്ടാവേണ്ടതാണ്. വലിപ്പ ചെറുപ്പ ഭേദമില്ലാതെ എല്ലാ വിദ്യാലയങ്ങളും ഒരൊറ്റ ഘടകമായി പ്രവർത്തിക്കുകയാണെങ്കിൽ വിദ്യാഭ്യാസ നിലവാരം അല്പമെങ്കിലും ഉയർത്തിക്കൊണ്ടുവരാൻ സാധിക്കുന്നതാണ്.

കോംപ്ലക്സ് പ്രവർത്തനങ്ങൾ വീക്ഷിക്കാനും, അവസരോചിതമായ നിർദ്ദേശങ്ങളിലൂടെ കുറ്റമറ്റതാക്കാനും രക്ഷിതാക്കളും - സർക്കാറും സഹായിക്കേണ്ടതുണ്ട്.

## സാക്ഷരതാ പ്രവർത്തനം

സാക്ഷരതാ പ്രസ്ഥാനത്തിന്റെ വിവിധ ഘട്ടങ്ങളിൽ പ്രോജക്ട് ഓഫീസർമാരായിരുന്ന പ്രൊഫ: സി.പി. ചിത്ര, കെ.ആർ. അനന്തകൃഷ്ണൻ, മുഖ്യ പരിശീലകനായിരുന്ന സി.എ. വാസു മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങളാണ് നമ്മുടെ പഞ്ചായത്തിനെ ഈ പ്രോജക്ടിലെ മുൻ നിരയിൽ നില്ക്കുന്ന യൂണിറ്റുകളിൽ ഒന്നാക്കി വളർത്തിയത്. അവരോടൊപ്പം പ്രവർത്തിച്ചിരുന്ന അസി. പ്രോജക്ട് ഓഫീസർമാരായിരുന്നു ടി. മുഹമ്മദാലി, ടി.എം.എ. റഹ്മാൻ, എം. മൊയ്തുട്ടി എന്നീ വിശിഷ്ട വ്യക്തികൾ.

വാർഡ് കൺവീനർമാരായിരുന്ന കെ.പി. കരുണാകരക്കുറുപ്പ് (കിഴായൂർ), ടി. രാമകൃഷ്ണൻ (കൊടലൂർ), എ.പി. രവീന്ദ്രൻ (ശങ്കരമംഗലം) എന്നിവരുടെ സംഘടനാപാടവ നിസ്വാർത്ഥ സേവനം നടത്തിയിരുന്ന നിരവധി പരിശീലകരെ രംഗത്തിറക്കാൻ സഹായിച്ചിട്ടുണ്ട്.

അന്നത്തെ പഞ്ചായത്ത് ഭരണസമിതി അംഗമായിരുന്ന എം.വി. ഭാസ്കര വാരിയർ ജോയന്റ് കൺവീനർ എന്ന നിലയിൽ പ്രസ്ഥാനത്തിന്റെ വിജയകരമായ പുരോഗതിക്കു വേണ്ടി പ്രയത്നിച്ചിട്ടുണ്ട്.

## പി.ടി.എ. പ്രവർത്തനം

എല്ലാ വിദ്യാലയങ്ങളിലും നല്ല നിലയിൽ പ്രവർത്തിക്കുന്ന പി.ടി.എ. കളുണ്ട്. അവയിൽ പട്ടാമ്പി ഗവ: ഹൈസ്കൂൾ, യു.പി. സ്കൂൾ, കൊടലൂർ ബി.കെ.എം.എൽ.പി. സ്കൂൾ എന്നീ സ്ഥാപനങ്ങളിലെ പി.ടി.എ. പ്രവർത്തനം പ്രത്യേക പ്രശംസ അർഹിക്കുന്നുണ്ട്.

പട്ടാമ്പി ഉപജില്ല വിദ്യാഭ്യാസ ഓഫീസറും, ഹൈസ്കൂൾ ഹെഡ് മാസ്റ്ററുമായിരുന്ന ഗംഗാധരൻ നായ്ക്കത്ത് ഒരു കവിയും സഹൃദയനുമാണ്. അദ്ദേഹം സമാന്തര സ്ഥാപനത്തിലൂടെയാണെങ്കിലും ഈ രംഗത്ത് ഇന്നും സജീവ സാന്നിദ്ധ്യം നില നിർത്തുന്നുണ്ട്.

പട്ടാമ്പി ഗവ: യു.പി. സ്കൂൾ പ്രധാനാദ്ധ്യാപകനായിരുന്ന കുറുവാന്തൊടി ബാലചന്ദ്രൻ കവിയും, വാഗ്മിയും, സാമൂഹ്യപ്രവർത്തകനുമാണ്.

## പ്രശ്നങ്ങൾ

ഗ്രാമസഭാ ചർച്ചകളും സ്ഥിതിവിവര കണക്കുകളും വ്യക്തമാക്കുന്ന ചില പ്രശ്നങ്ങളാണ് താഴെ കൊടുക്കുന്നത്.

1. പട്ടാമ്പി ഹൈസ്കൂൾ കുട്ടികളുടെ ആധിക്യം കൊണ്ടും സൗകര്യങ്ങളുടെ കുറവു കൊണ്ടും വീർപ്പു മുട്ടുകയാണ്. ഈ സാഹചര്യം പഠന നിലവാരത്തെ സാരമായി ബാധിക്കുന്നു. പി.ടി.എ. യുടെ വക ഒരു കെട്ടിടം പണിയാനുദ്ദേശിക്കുന്നുണ്ട്. ഫർണീച്ചർ കൂടുതൽ ആവശ്യമാണ്.

2. വള്ളൂർ, കിഴായൂർ എന്നീ സ്ഥലങ്ങളിലെ സർക്കാർ വിദ്യാലയങ്ങൾ ആരാന്റെ ഔദാര്യത്തിലാണ് നില നിൽക്കുന്നത്.

3. അദ്ധ്യാപകർക്ക് മറ്റു ജോലികൾ ചെയ്യേണ്ടി വരുന്നതു കൊണ്ട് അദ്ധ്യയന കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധിക്കുവാൻ കഴിയുന്നില്ല.

4. മിക്ക വിദ്യാലയങ്ങളിലും ഭൗതിക സാഹചര്യങ്ങൾ തീരെ അപര്യാപ്തമാണ്.

5. അദ്ധ്യാപകരുടെ പരിശീലനം, പാഠപുസ്തക വിതരണം, അധ്യാപക - വിദ്യാർത്ഥി അനുപാതം, പ്രൊമോഷൻ സമ്പ്രദായം, പരിശോധനാ രീതികൾ തുടങ്ങിയ അക്കാദമിക് കാര്യങ്ങളിൽ വിദ്യാഭ്യാസ വകുപ്പിൻേറയും സർക്കാറിൻേറയും ശ്രദ്ധ വേണ്ടത്ര പതിയുന്നില്ല.

6. സ്കൂൾ കോംപ്ലക്സുകൾ ശരിയായ രീതിയിൽ സംഘടിപ്പിക്കപ്പെട്ടിട്ടില്ല.

7. പി.ടി.എ. യോഗങ്ങൾ, മാതൃ സംഗമ പരിപാടി എന്നിവയിൽ വേണ്ടത്ര പങ്കാളിത്തം ഉറപ്പു വരുത്താൻ രക്ഷിതാക്കൾ ഔത്സുക്യം കാണിക്കുന്നില്ല.

8. ഉച്ചഭക്ഷണ വിതരണ പരിപാടി കുറ്റമറ്റതാക്കാനുള്ള താൽപര്യം സർക്കാറിൻെറയോ ഗുണഭോക്താക്കളുടേയോ ഭാഗത്ത് പലപ്പോഴും കാണാറില്ല.

9. കളിസ്ഥലങ്ങൾ മിക്ക വിദ്യാലയങ്ങളിലും ഇല്ല.

10. കലാ - കായിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളോ, വിദഗ്ധ സേവനമോ മിക്ക വിദ്യാലയങ്ങൾക്കും ലഭിക്കുന്നില്ല.

11. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ താരതമ്യേന കുറവാണ്.

12. മെച്ചപ്പെട്ട ഗുരു-ശിഷ്യ ബന്ധം, കുട്ടികളുടെ അച്ചടക്കം എന്നീ വിഷയങ്ങൾ സമൂഹത്തിൻെറ ബാധ്യതയാക്കി മാറ്റാനും, ജനകീയ ഇടപെടലുകൾക്ക് നിയമ സാധ്യത ഉറപ്പു വരുത്താനും സാധിച്ചിട്ടില്ല.

13. വിറകിൻെറ വില കൂടുതലും, ലഭ്യത കുറവു മൂലവും ഉച്ചഭക്ഷണ പരിപാടി തുടർന്ന് നടത്തുവാൻ ബുദ്ധിമുട്ടുണ്ട്.

## സാധ്യതകൾ

1. സ്വന്തമായി സ്ഥലമോ, കെട്ടിടമോ ഇല്ലാത്ത സർക്കാർ വിദ്യാലയങ്ങൾ ഏറ്റെടുക്കാനും, ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താനും പഞ്ചായത്തുകൾക്ക് പ്രത്യേക ഫണ്ട് അനുവദിക്കേണ്ടതാണ്.

2. പട്ടാമ്പി ഹൈസ്കൂൾ വിഭജിക്കുകയും പെൺകുട്ടികൾക്ക് മാത്രമായി മറ്റൊരു ഹൈസ്കൂൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്. തൊഴിൽ പരിശീലനത്തിന് പ്രാമുഖ്യം നൽകുന്ന വി.എച്ച്. എസ്സ്. എസ്സ്. ആയി പട്ടാമ്പി ഹൈസ്കൂൾ ഉയർത്തേണ്ടതാണ്. കോളേജിൽ നിന്ന് പി.ഡി.സി. വിഭാഗം വേർപെടുത്തുമ്പോൾ ഹയർ സെക്കൻററി സ്കൂളായി ഉയരുവാനുള്ള അർഹത ഈ വിദ്യാലയം നേടിയെടുക്കേണ്ടതാണ്.

3. അധ്യാപകർക്ക് പകരം, തൊഴിലില്ലാത്ത അഭ്യസ്ഥ വിദ്യരെ കണക്കെടുപ്പ് ജോലികൾക്ക് ന യോഗിക്കാവുന്നതാണ്. വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രൈമറി തലം ക ഞ്ഞാൽ ലഭ്യമാക്കേണ്ടതാണ്.

4. സ്ഥലം, കെട്ടിടം, ഫർണീച്ചർ, കളിസ്ഥലം, ശുചീകരണ സൗകര്യങ്ങൾ, ശുദ്ധജല ലഭ്യ തുടങ്ങി അത്യാവശ്യം വേണ്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിൽ സർക്കാറു പഞ്ചായത്തീരാജ് സ്ഥാപനങ്ങളും, സന്നദ്ധ സംഘടനകളും, ബഹുജനങ്ങളും താൽപര്യം ക ണിക്കേണ്ടതാണ്.

5. പി.ടി.എ. പുറമെ വിദ്യാലയ സമിതികളും, പഞ്ചായത്ത് കമ്മറ്റികളും രൂപീകരിച്ച് പ്രവർത്ത ക്കുവാൻ പഞ്ചായത്തിന്റെ മുൻകൈയോടെ സംവിധാനമുണ്ടാക്കേണ്ടതാണ്.

6. അധ്യാപക - വിദ്യാർത്ഥി അനുപാതം, പരീക്ഷാ സമ്പ്രദായം തുടങ്ങിയ അക്കാദമിക് കാര്യ ങ്ങളിൽ കാലോചിതമായ മാറ്റം വരുത്തേണ്ടതാണ്.

7. ഉച്ചഭക്ഷണ പരിപാടിക്ക് പി.ടി.എ.യുടെ സഹായത്തോടെ വായു ദ്വാരങ്ങളോടു കൂടിയ കുഴി അടു പ്പുകൾ നിർമ്മിച്ച് കൊടുത്ത് ഇന്ധനച്ചിലവ് കുറക്കുവാൻ പഞ്ചായത്ത് ധനസഹായം ചെ യ്യേണ്ടതാണ്. ഇത്തരം അടുപ്പുകൾക്ക് രൂക്ഷത കൂടുമെന്നും പരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ട്.

8. സ്കൂൾ കോംപ്ലക്സ് പ്രവർത്തനം ഫലപ്രദമാക്കുവാനുള്ള പദ്ധതി ജനകീയ സഹകരണത്തോടെ ആവിഷ്കരിക്കുവാൻ മുൻകൈ എടുക്കേണ്ടതാണ്.

9. സഹായകരമായതും, സംഹാരപരമല്ലാത്തതും, സമയോചിതവുമായ ജനകീയ ഇടപെടലു കൾക്ക് നിയമ സാധുത നൽകാൻ സർക്കാർ സന്നദ്ധമാവേണ്ടതാണ്.

10. പഞ്ചായത്തിന്റെ തെക്കു പടിഞ്ഞാറേ അറ്റത്തായി സ്ഥിതി ചെയ്യുന്ന യു.പി.സ്കൂൾ, ഹൈസ്കൂൾ എന്നിവിടങ്ങളിൽ എത്തിച്ചേരാൻ കൊടലൂർ, കിഴായൂർ, വള്ളൂർ വടക്കു കിഴക്കൻ മേഖലയിലെ കുട്ടികൾക്ക് നാലു കിലോ മീറ്ററിലധികം നടക്കേണ്ടി വരുന്ന വിഷമ സ്ഥിതി അവസാനിപ്പിച്ചേ തീരൂ. ഈ പ്രശ്നത്തിന്റെ ശാശ്വത പരിഹാരം എന്ന നിലയിൽ ആറാം വാർ ഡിൽ അഞ്ചു മുതൽ പത്തു ക്ലാസ്സുകളുള്ള ഒരു ഹൈസ്കൂൾ സ്ഥാപിക്കേണ്ട കാര്യം അടിയന്തി രമായി പരിഗണിക്കേണ്ടതാണ്. ഓങ്ങല്ലൂർ, കൊപ്പം, മുതുതല തുടങ്ങിയ സമീപ പഞ്ചായത്തു കളിലെ നൂറുകണക്കിനു കുട്ടികൾക്ക് ഈ സൗകര്യം ഉപയോഗപ്പെടുത്താൻ സാധിക്കും. പട്ടാമ്പി ഹൈസ്കൂളിലെ തിരക്കു കുറക്കുവാനും, സീനിയർ സെക്കണ്ടറി സ്കൂൾ സ്ഥാപിക്കുമ്പോൾ ഉണ്ടായേക്കാവുന്ന സ്ഥല സൗകര്യക്കുറവ് ഇല്ലാതാക്കുവാനും ഈ പുതിയ സ്ഥാപനം സഹായിക്കും.

11. അങ്കണവാടികൾക്ക് കെട്ടിടവും കളിസ്ഥലവും ഉണ്ടാക്കുകയും, കളിക്കോപ്പുകൾ വാങ്ങി കൊടുക്കുകയും, സാമൂഹ്യക്ഷേമ വകുപ്പും, ഗ്രാമപഞ്ചായത്തും മുഖേന നടപ്പാക്കേണ്ടതാണ്.

12. പട്ടാമ്പി കോളേജിന് പതിനഞ്ച് ലക്ഷം രൂപ ചിലവിൽ ആധുനിക സൗകര്യങ്ങളുള്ള ഒരു ലൈബ്രറി കെട്ടിടവും, ഭക്ഷണ വിശ്രമശാലയും പഠന ഗവേഷണ ഉപകരണങ്ങളും ലഭ്യമാക്കേണ്ട ചുമതല ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതാണ്.

13. ആറാം വാർഡിൽ ഒരു ഐ.ടി.ഐ സ്ഥാപിച്ച് ഇലക്ട്രോണിക് എഞ്ചിനീയറിംഗ് ശാഖകളുള്ള തൊഴിൽ പരിശീലന സൗകര്യങ്ങൾ ഉണ്ടാക്കണം. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളോടൊപ്പം അല്പം കൂടി കെട്ടുറപ്പുള്ള ഒരു സമാന്തര ശിക്ഷണമേഖലയും ശക്തി പ്രാപിച്ചു വരുന്നത് കാലത്തിന്റെ ആവശ്യമായി കണക്കാക്കേണ്ടതാണ്. കാരണം സംസ്ഥാന സർക്കാറനോ, പ്രാദേശിക ഭരണകൂടങ്ങൾക്കോ കൂടുതൽ സംഖ്യ ഈ മേഖലക്കു വേണ്ടി മാറ്റി വെക്കാൻ സാധിക്കാത്ത സ്ഥിതിയാണ് നിലവിലുള്ളത്. പാരലൽ കോളേജുകളുടേയും, അൺ എയ്ഡഡ് സ്ഥാപനങ്ങളുടേയും പ്രസക്തി ബോദ്ധ്യപ്പെടുത്തുന്ന തരത്തിലാണ് നമ്മുടെ സമൂഹം വളർന്നു കൊണ്ടിരിക്കുന്നത്. എല്ലാ മേഖലകൾക്കും നമ്മുടെ നാട്ടിലെ വിദ്യാർത്ഥികളെ പഠനകാര്യത്തിലും സ്വഭാവ രൂപീകരണ കാര്യത്തിലും ഗുണപരമായ രീതിയിൽ സഹായിക്കുന്നുണ്ട് എന്നുള്ള വസ്തുത നാം മറന്നു കൂടാ. പൊതുമേഖലയോടൊപ്പം ഈ വിഭാഗത്തിനും ശക്തി പകരുവാൻ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് സാധിക്കണം. എന്നാൽ ജനസംഖ്യയുടെ ഒരു വലിയ വിഭാഗത്തെ ഉൾക്കൊള്ളുവാൻ ഈ മേഖലക്ക് കഴിഞ്ഞെന്നു വരില്ല. പൊതുമേഖലയിലെ ദൗർലഭ്യങ്ങളും, പോരായ്മകളും കണ്ടറിയാനുള്ള ആഹ്വാനമായിക്കൂടി ഈ സ്ഥിതി വിശേഷം പ്രേരകമാവേണ്ടതുണ്ട്.

ഒരു പ്രദേശത്തിന്റെ ഭൗതിക വളർച്ചയെ പരോക്ഷമായും, പ്രത്യക്ഷമായും ത്വരിതപ്പെടുത്തുവാൻ അറിവും, ആത്മാർത്ഥതയും ഉള്ള യുവ തലമുറ മുന്നോട്ടു വന്നേ തീരൂ. വളർച്ചയുടേതായ ആ പ്രക്രിയ അനുസ്യൂതം തുടർന്ന് കൊണ്ടിരിക്കുകയും വേണം. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ജനപ്രതിനിധികളും, സന്നദ്ധ സംഘടനകളും, കലാ-സാംസ്കാരിക സമിതികളും, വ്യക്തികളും, രക്ഷിതാക്കളും, വിദ്യാർത്ഥി സമൂഹവും തയ്യാറായാൽ അവരെ സഹായിക്കുവാൻ സർക്കാരും സന്മനസ്സു കാണിക്കാതിരിക്കില്ല. വിഭാഗീയ താൽപ്പര്യങ്ങൾ മാറ്റി വെച്ചു കൊണ്ട് സംശുദ്ധമായ ഒരു വിദ്യാഭ്യാസ രംഗം വളർത്തിക്കൊണ്ടു വരുന്നതിൽ നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ പരമാവധി സഹകരിക്കുമെന്നും നമുക്കു പ്രതീക്ഷിക്കാം.

നൂറു പൂക്കൾ വിരിയണമെന്നും, അവയെല്ലാം നിറം കൊണ്ടും, മണം കൊണ്ടും, ഗുണം കൊണ്ടും ആകർഷകങ്ങളായിരിക്കണമെന്നുള്ള ഉദാത്ത സങ്കൽപ്പം നമ്മുടെ കുട്ടികളെ നേർവഴിക്ക് നയിക്കാൻ സഹായിക്കുമെന്ന് വിശ്വസിക്കുക.

## വിദ്യാലയ സൗകര്യങ്ങൾ, പട്ടിക E.2

| വാർഡ് | സ്കൂൾ | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലാബറട്ടറി | ലൈബ്രറി പുസ്തകങ്ങൾ | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | വള്ളൂർ G.L.P.S. | 0.51 | ഇല്ല | ഇല്ല | ഇല്ല | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 2. | ശങ്കരമംഗലം A.M.L.P.S. | 0.23 | ഉണ്ട് | ഇല്ല | ഇല്ല | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| 3. | പട്ടാമ്പി ഹൈസ്കൂൾ | 8.00 | ഉണ്ട് | ഉണ്ട് | ഉണ്ട് | | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4. | പട്ടാമ്പി G.M.L.P.S. | 0.50 | ഉണ്ട് | ഇല്ല | ഇല്ല | | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 5. | സെൻറ്പോൾസ് U.P.S. | 3.00 | ഉണ്ട് | ഉണ്ട് | ഇല്ല | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6. | പട്ടാമ്പി G.U.P.S. | 0.99 | ഉണ്ട് | ഉണ്ട് | ഇല്ല | 260 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് |
| 7. | M.E.S. E.M.S. പട്ടാമ്പി | 3.75 | ഉണ്ട് | ഉണ്ട് | ഉണ്ട് | 2500 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 8. | കൊടലൂർ B.K.M.L.P.S. | 0.60 | ഉണ്ട് | ഇല്ല | ഇല്ല | 125 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 9. | കിഴായൂർ G.U.P.S. | 0.32 | ഇല്ല | ഇല്ല | ഇല്ല | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| 10. | മരുതൂർ A.M.L.P.S. | 0.30 | ഉണ്ട് | ഇല്ല | ഇല്ല | | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |

## അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ, പട്ടിക E.3

| സ്കൂളുകൾ | | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മറ്റു സൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കെട്ടിടം | | ഫർണീച്ചർ | |
| പേര് | എണ്ണം | ആ | പെ | ആകെ | ആ | പെ | ആകെ | വേണ്ടത്ര ഉള്ളവ | ഇല്ലാത്തവ | വേണ്ടത്ര ഉള്ളവ | ഇല്ലാത്തവ |
| ഹൈസ്കൂൾ | 2 | 33 | 91 | 124 | 1815 | 1724 | 3539 | 1 | 1 | 1 | 1 |
| യു.പി.സ്കൂൾ | 3 | 15 | 45 | 60 | 1115 | 1058 | 2173 | 2 | 1 | 2 | 1 |
| എൽ.പി. സ്കൂൾ | 5 | 11 | 25 | 36 | 603 | 523 | 1126 | 3 | 2 | 3 | 2 |
| പ്രീ പ്രൈമറി സ്കൂൾ (അങ്കൺണവാടി) | 21 | .... | 21 | 21 | 174 | 160 | 334 | .... | 21 | .... | 21 |
| ആകെ | | 59 | 182 | 241 | 3707 | 3465 | 7172 | 6 | 25 | 6 | 25 |

## പട്ടിക E. 4
## വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| സ്കൂളുകളുടെ എണ്ണം | | വാർഡ് | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | |
| ഹൈസ്കൂൾ | സർക്കാർ | .. | .. | 1 | .. | .. | .. | .. | .. | .. | .. | 1 |
| | എയ്ഡഡ് | .. | .. | .. | .. | .. | .. | .. | .. | .. | .. | .. |
| | അൺ എയ്ഡഡ് | .. | .. | .. | .. | 1 | .. | .. | .. | .. | .. | 1 |
| | ആകെ | .. | .. | 1 | .. | 1 | .. | .. | .. | .. | .. | 2 |
| യു.പി.സ്കൂൾ | സർക്കാർ | .. | .. | .. | .. | 1 | .. | .. | .. | 1 | .. | 2 |
| | എയ്ഡഡ് | .. | .. | .. | .. | .. | .. | .. | .. | .. | .. | .. |
| | അൺ എയ്ഡഡ് | .. | .. | .. | 1 | .. | .. | .. | .. | .. | .. | 1 |
| | ആകെ | .. | .. | .. | 1 | 1 | .. | .. | .. | 1 | .. | 3 |
| എൽ.പി. സ്കൂൾ | സർക്കാർ | 1 | .. | .. | 1 | .. | .. | .. | .. | .. | .. | 2 |
| | എയ്ഡഡ് | .. | 1 | .. | .. | .. | 1 | 1 | .. | .. | .. | 3 |
| | അൺ എയ്ഡഡ് | .. | .. | .. | .. | .. | .. | .. | .. | .. | .. | .. |
| | ആകെ | 1 | 1 | .. | 1 | .. | 1 | 1 | .. | .. | .. | 5 |
| നഴ്സറി / അങ്കണവാടി | സർക്കാർ | 3 | 3 | 2 | 2 | 2 | 1 | 1 | 3 | 3 | 1 | 21 |
| | എയ്ഡഡ് | .. | .. | .. | .. | .. | .. | .. | .. | .. | .. | .. |
| | സ്വകാര്യം | .. | .. | .. | .. | .. | .. | .. | .. | .. | .. | .. |
| | ആകെ | 3 | 3 | 2 | 2 | 2 | 1 | 1 | 3 | 3 | 1 | 21 |
| സാങ്കേതിക വിദ്യാലയം | സർക്കാർ | .. | .. | .. | .. | .. | .. | .. | .. | .. | .. | .. |
| | സ്വകാര്യം | .. | .. | .. | .. | .. | .. | .. | .. | .. | .. | .. |
| കോളേജുകൾ | സർക്കാർ | .. | .. | .. | .. | .. | .. | .. | .. | .. | 1 | 1 |
| | എയ്ഡഡ് | .. | .. | .. | .. | .. | .. | .. | .. | .. | .. | .. |
| | ആകെ | .. | .. | .. | .. | .. | .. | .. | .. | .. | .. | .. |
| പാരലൽ കോളേജുകൾ | സ്കൂൾ ലവൽ | .. | .. | .. | .. | .. | .. | .. | .. | .. | 1 | 1 |
| | കോളേജ് ലവൽ | .. | .. | .. | .. | .. | .. | .. | .. | .. | .. | .. |
| | രണ്ടുംകൂടി | .. | .. | .. | 2 | 1 | .. | 1 | .. | .. | 4 | 8 |
| | ആകെ | .. | .. | .. | 2 | 1 | .. | 1 | .. | .. | 5 | 9 |

ആവശ്യത്തിനു സ്ഥലമുള്ള മൂന്ന് വിദ്യാലയങ്ങൾ മാത്രമാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. കളിസ്ഥലം പല വിദ്യാലയങ്ങൾക്കും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. വൈദ്യുതിയുടെ കാര്യത്തിൽ പല വിദ്യാലയങ്ങൾക്കും പ്രതീക്ഷ തന്നെയില്ല. വൃത്തിയുള്ള മൂത്രപ്പുരകളോ, ഉപയോഗയോഗ്യമായ കക്കൂസ്സുകളോ മിക്ക വിദ്യാലയങ്ങളിലും ഇല്ല. സ്റ്റാഫ് റൂം ഇല്ലാത്ത വിദ്യാലയങ്ങൾ ആറെണ്ണം നിലവിലുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പരിശ്രമത്തിൽ സർക്കാരും ജനങ്ങളും ഒരുമിച്ചു നിൽക്കേണ്ടതിൻെറ ആവശ്യകത വ്യക്തമാക്കുന്നതാണ് ഈ പട്ടിക.

പട്ടിക E. 5

ശരാശരി ദൂരം

| സ്കൂൾ | ശരാശരി ദൂരം | പരമാവധി ദൂരം |
|---|---|---|
| എൽ.പി. | 1 കി.മീ. | 2 കി.മീ. |
| യു.പി. | 3.5 കി.മീ. | 3.5 കി.മീ. |
| ഹൈസ്കൂൾ | 3 കി.മീ. | 4 കി.മീ. |

പട്ടിക E. 6

വിദ്യാർത്ഥികളുടെ എണ്ണം

| സ്കൂൾ | എണ്ണം | | |
|---|---|---|---|
| | 1989-90 | 1992-93 | 1996-97 |
| കൊടലൂർ B.K.M.L.P.S. | 342 | 341 | 276 |
| പട്ടാമ്പി G.M.L.P.S. | 452 | 330 | 150 |
| മരുതൂർ A.M.L.P.S. | 247 | 259 | 258 |
| ശങ്കരമംഗലം A.M.L.P.S. | 319 | 334 | 329 |
| പട്ടാമ്പി G.U.P.S. | 976 | 997 | 1030 |

## പട്ടിക E.7
## പഠന നിലവാരം

| സ്കൂൾ | 20% താഴെ | 20-30 | 30-40 | 40-50 | 50-60 | 60% മേൽ |
|---|---|---|---|---|---|---|
| 1. സെൻറ്പോൾസ് U.P.S. | .... | .... | 5% | 20% | 50% | 25% |
| 2. M.E.S. E.M. സ്കൂൾ | .... | 1% | 8% | 16% | 21% | 54% |
| 3. B.K.M.L.P.S. കൊടലൂർ | 15% | .... | 20% | 16% | 4% | 45% |
| 4. പട്ടാമ്പി G.M.L.P.S. | 12% | .... | .... | 33% | 30% | 25% |
| 5. ശങ്കരമംഗലം A.M.L.P.S. | 9% | 14% | .... | 46% | .... | 31% |
| 6. പട്ടാമ്പി G.U.P.S. | 12% | .... | .... | 33% | 30% | 25% |

## പട്ടിക E.8
## മത്സരവിജയങ്ങൾ, റാങ്കുകൾ, തുടങ്ങിയവ

| സ്കൂൾ | സമ്മാന വിവരങ്ങൾ | തലങ്ങൾ | |
|---|---|---|---|
| | | ജില്ല | സംസ്ഥാനം |
| ജി.എച്ച്.എസ്. പട്ടാമ്പി | കാർട്ടൂൺ രചനാ മത്സരം<br>പി.എം. റോജൻ | .... | സംസ്ഥാന<br>തലം |
| ഗവ: കോളേജ് പട്ടാമ്പി | പി. നൗഫൽ<br>ബി.എ. എക്കണോമിക്സ് | .... | കാലിക്കറ്റ്<br>യൂനിവേഴ്സിറ്റി |
| ഗവ: കോളേജ് പട്ടാമ്പി | ലീന സി.പി.<br>എം.എ, സംസ്കൃതം | .... | ഫസ്റ്റ്<br>റാങ്ക് |
| ഗവ: കോളേജ് പട്ടാമ്പി | കെ.എച്ച്. പ്രേമ<br>ബി.എസ്.സി-എം.എസ്.സി കെമിസ്ട്രി | .... | ഫസ്റ്റ്<br>റാങ്ക് |

## പട്ടിക E.9

## കുട്ടികളുടെ എണ്ണം 1996 - 1997

| | | ആകെ കുട്ടികൾ | | | |
|---|---|---|---|---|---|
| S.No. | SCHOOL | B | G | Total | Stds. |
| 1. | ഗവ: ഹൈസ്കൂൾ, പട്ടാമ്പി | 1525 | 1487 | 3012 | 5 - 10 |
| 2. | ഗവ: യു.പി.സ്കൂൾ, പട്ടാമ്പി | 575 | 455 | 1030 | 1 - 7 |
| 3. | ഗവ: യു.പി. സ്കൂൾ, കിഴായൂർ | 423 | 385 | 808 | 1 - 7 |
| 4. | സെൻറ്പോൾസ് യു.പി. പട്ടാമ്പി | 117 | 218 | 335 | 1 - 6 |
| 5. | എ.എം.എൽ.പി. ശങ്കരമംഗലം | 176 | 153 | 329 | 1 - 4 |
| 6. | എ.എം.എൽ.പി. മരുതൂർ | 137 | 121 | 258 | 1 - 4 |
| 7. | ബി.കെ.എം.എൽ.പി. കൊടലൂർ | 141 | 135 | 276 | 1 - 4 |
| 8. | എം.ഇ.എസ്. സ്കൂൾ, പട്ടാമ്പി | 290 | 237 | 527 | 1 - 12 |
| 9. | ഗവ: മാപ്പിള എൽ.പി. പട്ടാമ്പി | 80 | 69 | 149 | 1 - 4 |
| 10. | ഗവ: എൽ.പി. സ്കൂൾ, വള്ളൂർ | 69 | 45 | 114 | 1 - 4 |
| | ആകെ | 3,533 | 3,308 | 6,838 | |
| | ഗവ: സംസ്കൃത കോളേജ്, പട്ടാമ്പി | | | 2,600 | |
| | | | | 9,438 | |

പട്ടിക E.10

## സ്കോളർഷിപ്പ് വിവരങ്ങൾ 1996 - 97

| സ്കൂൾ | SC. ST | മുസ്ലിം പെൺകുട്ടികൾ | വികലാംഗർ | മെറിറ്റ് | മറ്റുള്ളവ | |
|---|---|---|---|---|---|---|
| | | | | | എൽ.എസ്. എസ്. | യു.എസ്. എസ്. |
| ഗവ: ഹൈസ്കൂൾ, പട്ടാമ്പി | 421 | 420 | 18 | .... | 5 | 6 |
| ഗവ: യു.പി. പട്ടാമ്പി | 92 | 65 | 5 | 2 | .... | .... |
| ഗവ: യു.പി. കിഴായൂർ | 167 | 82 | 12 | 7 | .... | .... |
| എം.ഇ.എസ്. ഇംഗ്ലീഷ് മീഡിയം , പട്ടാമ്പി | 5 | .... | .... | .... | .... | .... |
| സെൻറ്പോൾസ്. യു.പി. പട്ടാമ്പി. | 16 | .... | .... | .... | .... | .... |
| എ.എം.എൽ.പി. ശങ്കരമംഗലം | 64 | .... | 2 | .... | .... | .... |
| ബി.കെ.എം.എൽ.പി. കൊടലൂർ | 23 | .... | .... | .... | .... | .... |
| ഗവ: എൽ.പി. സ്കൂൾ | 26 | .... | .... | .... | .... | .... |
| ഗവ. മാപ്പിള എൽ.പി. പട്ടാമ്പി | 24 | ... | .... | .... | .... | .... |
| എ.എം.എൽ.പി. മരുതൂർ | 2 | .... | .... | .... | .... | .... |
| ആകെ | 840 | 567 | 37 | 9 | 5 | 6 |

## പട്ടിക E.11

## അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത

| സ്കൂൾ | പോസ്റ്റ് ഗ്രാജ്വേറ്റ് | ഗ്രാജ്വേറ്റ് | ടി.ടി.സി. | ഭാഷ | സ്പെഷലിസ്റ്റ്. |
|---|---|---|---|---|---|
| കൊടലൂർ B.K.M.L.P.S. | .... | 1 | 5 | 1 | .... |
| ശങ്കരമംഗലം A.M.L.P.S. | 2 | 0 | 6 | 2 | .... |
| പട്ടാമ്പി G.M.L.P.S. | .... | .... | 4 | 1 | .... |
| വള്ളൂർ G.L.P.S. | .... | .... | 4 | 1 | .... |
| മരുതൂർ A.M.L.P.S. | 2 | .... | 7 | 1 | .... |
| പട്ടാമ്പി G.U.P.S. | 2 | 3 | 26 | 2 | .... |
| കിഴായൂർ G.U.P.S. | ... | 4 | 12 | 4 | .... |
| ഗവ: ഹൈസ്കൂൾ, പട്ടാമ്പി | 10 | 34 | 20 | 21 | 5 |
| എം.ഇ.എസ് E.M.S. | 13 | 15 | .... | 5 | 3 |
| സെൻറ്പോൾസ് E.M.S. | .... | 4 | 5 | 1 | .... |
| | 29 | 51 | 89 | 39 | 8 |

## പട്ടിക E.12

## പട്ടാമ്പി ഗവ: സംസ്കൃതകോളേജിൽ നിലവിലുള്ള പഠന വിഭാഗങ്ങൾ

| പ്രീഡിഗ്രി | ഡിഗ്രി | പി.ജി. |
|---|---|---|
| ഗ്രൂപ്പ് 1 - ഫിസിക്സ്, കെമിസ്ട്രി മാത്തമാറ്റിക്സ് | ബി.എസ്.സി. കെമിസ്ട്രി | എം.എസ്.സി. കെമിസ്ട്രി<br>എം.എസ്.സി. ബോട്ടണി |
| ഗ്രൂപ്പ് 2 - ഫിസിക്സ്, കെമിസ്ട്രി ബയോളജി | ബി.എസ്.സി. സുവോളജി<br>ബി.എസ്.സി. ബോട്ടണി | എം.എ. മലയാളം<br>എം.എ. സംസ്കൃതം |
| ഗ്രൂപ്പ് 3 - ഹിസ്റ്ററി , എക്കണോമിക്സ് | ബി.എ. സംസ്കൃതം | എം.എ. എക്കണോമിക്സ് |
| ഗ്രൂപ്പ് 4 - സംസ്കൃതം | ബി.എ. മലയാളം | |
| ഗ്രൂപ്പ് 5 - മലയാളം | ബി.എ. എക്കണോമിക്സ് | |
| ഗ്രൂപ്പ് 6 - കോമേഴ്സ് | ബി.കോം. കോമേഴ്സ്. | |

കുറിപ്പ് : *മലയാളം, സംസ്കൃതം എന്നീ വിഷയങ്ങളിൽ യൂനിവേഴ്സിറ്റി അംഗീകരിച്ച ഗവേഷണ കേന്ദ്രങ്ങളാണ്.*

## പട്ടിക E.13

## പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പട്ടിക

| ക്രമനമ്പർ | സ്കൂളിൻെറ പേര് | വിദ്യാർത്ഥികൾ | | |
|---|---|---|---|---|
| | | ആൺ | പെൺ | ആകെ |
| 1. | A.M.L.P. സ്കൂൾ, ശങ്കരമംഗലം | 25 | 36 | 61 |
| 2. | സെൻറ് പോൾസ് സ്കൂൾ | 6 | 10 | 16 |
| 3. | G.L.P. സ്കൂൾ, വള്ളൂർ | 20 | 6 | 26 |
| 4. | B.K..M.L.P. സ്കൂൾ, കൊടലൂർ | 12 | 11 | 23 |
| 5. | ഗവ: യു.പി. സ്കൂൾ, കിഴായൂർ | 88 | 79 | 167 |
| 6. | G.M.L.P. സ്കൂൾ, പട്ടാമ്പി | 16 | 8 | 24 |
| 7. | ഗവ: യു.പി. സ്കൂൾ, പട്ടാമ്പി | 55 | 38 | 93 |
| 8. | ഗവ: ഹൈസ്കൂൾ, പട്ടാമ്പി | 212 | 209 | 421 |
| 9. | M.E.S. സ്കൂൾ പട്ടാമ്പി | 2 | 3 | 5 |
| 10. | A.M.L.P. സ്കൂൾ, മരുതൂർ | 1 | 1 | 2 |
| | ആകെ | 437 | 401 | 838 |

## പട്ടിക E.15

## ഭൗതിക സൗകര്യങ്ങൾ - പ്രൈമറി സ്കൂൾ

| സംസ്ഥാനം | കെട്ടിട സൗകര്യം | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|
| | ആകെ സ്കൂൾ | തുറന്ന സ്ഥലം | കെട്ടിടം | ആകെ അദ്ധ്യാപകർ | പരിശീലനം ലഭിക്കാത്തവർ | അദ്ധ്യാപകർ ഇല്ലാത്ത സ്കൂൾ |
| കേരളം | 6096 | ...... | 4256 | 50196 | 2286 | ...... |
| ബീഹാർ | 51377 | 9163 | 17010 | 110862 | 8571 | 757 |
| രാജസ്ഥാൻ | 28103 | 2124 | 21972 | 62879 | 11439 | 52 |

## പട്ടിക E. 14

## കുട്ടികളുടെ എണ്ണം 1996 - 97

| ക്ലാസ് | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| എം.ഇ.എസ് | ആ | 42 | 30 | 46 | 30 | 33 | 26 | 17 | 22 | 24 | 8 | 8 | 4 | 290 |
| സ്കൂൾ | പെ | 20 | 40 | 37 | 23 | 17 | 18 | 16 | 17 | 17 | 11 | 11 | 10 | 237 |
| പട്ടാമ്പി | ആകെ | 62 | 70 | 83 | 53 | 50 | 44 | 33 | 39 | 41 | 19 | 19 | 14 | 527 |
| ഗവ: ഹൈസ്കൂൾ | ആ | ... | ... | ... | ... | 128 | 152 | 163 | 450 | 377 | 255 | ... | ... | 1525 |
| പട്ടാമ്പി | പെ | ... | ... | ... | ... | 118 | 148 | 162 | 369 | 392 | 298 | ... | ... | 1487 |
| | ആകെ | ... | ... | ... | ... | 246 | 300 | 325 | 819 | 769 | 553 | ... | ... | 3012 |
| ഗവ: യു.പി. | ആ | 63 | 64 | 68 | 75 | 108 | 95 | 102 | ... | ... | ... | ... | ... | 575 |
| സ്കൂൾ | പെ | 46 | 53 | 51 | 54 | 78 | 78 | 95 | ... | ... | ... | ... | ... | 455 |
| പട്ടാമ്പി | ആകെ | 109 | 117 | 119 | 129 | 186 | 173 | 197 | ... | ... | ... | ... | ... | 1030 |
| ഗവ: യു.പി. | ആ | 53 | 56 | 44 | 50 | 77 | 76 | 67 | ... | ... | ... | ... | ... | 423 |
| സ്കൂൾ | പെ | 53 | 40 | 38 | 43 | 48 | 72 | 91 | ... | ... | ... | ... | ... | 385 |
| കിഴായൂർ | ആകെ | 106 | 96 | 82 | 93 | 125 | 148 | 158 | ... | ... | ... | ... | ... | 808 |
| ഗവ: മാപ്പിള | ആ | 18 | 19 | 17 | 26 | ... | ... | ... | ... | ... | ... | ... | ... | 80 |
| എൽ.പി. | പെ | 16 | 23 | 16 | 14 | ... | ... | .... | ... | ... | ... | ... | ... | 69 |
| പട്ടാമ്പി | ആകെ | 34 | 42 | 33 | 40 | ... | ... | ... | ... | ... | ... | ... | ... | 149 |
| ഗവ: എൽ.പി. | ആ | 13 | 16 | 20 | 20 | ... | .... | ... | ... | ... | ... | ... | ... | 69 |
| സ്കൂൾ | പെ | 11 | 12 | 12 | 10 | ... | ... | ... | ... | ... | ... | ... | ... | 45 |
| വള്ളൂർ | ആകെ | 24 | 28 | 32 | 30 | ... | ... | ... | ... | ... | ... | ... | ... | 114 |
| എ.എം.എൽ.പി. | ആ | 46 | 35 | 43 | 52 | ... | ... | ... | ... | ... | ... | ... | ... | 176 |
| സ്കൂൾ | പെ | 40 | 43 | 34 | 36 | ... | ... | ... | ... | ... | ... | ... | ... | 143 |
| ശങ്കരമംഗലം | ആകെ | 86 | 78 | 77 | 88 | ... | ... | ... | ... | ... | ... | ... | ... | 329 |
| ബി.കെ.എം.എൽ.പി. | ആ | 37 | 29 | 30 | 45 | ... | ... | ... | ... | ... | ... | ... | ... | 141 |
| സ്കൂൾ | പെ | 31 | 36 | 34 | 34 | ... | ... | ... | ... | ... | ... | ... | ... | 135 |
| കൊടലൂർ | ആകെ | 68 | 65 | 64 | 79 | ... | ... | ... | ... | ... | ... | ... | ... | 276 |
| എ.എം.എൽ.പി. | ആ | 41 | 35 | 30 | 31 | ... | ... | ... | ... | ... | ... | ... | ... | 137 |
| സ്കൂൾ | പെ | 22 | 38 | 30 | 31 | ... | ... | ... | ... | ... | ... | ... | ... | 121 |
| മരുതൂർ | ആകെ | 63 | 73 | 60 | 62 | ... | ... | ... | ... | ... | ... | ... | ... | 258 |
| സെൻറ്പോൾസ് | ആ | 34 | 20 | 31 | 14 | 11 | 7 | ... | ... | ... | ... | ... | ... | 117 |
| യു.പി.സ്കൂൾ | പെ | 44 | 48 | 39 | 39 | 34 | 14 | ... | ... | ... | ... | ... | ... | 218 |
| പട്ടാമ്പി | ആകെ | 78 | 68 | 70 | 53 | 45 | 21 | ... | ... | ... | ... | ... | ... | 335 |

# ഊർജ്ജം

ഊർജ്ജം എന്ന് പറയുമ്പോൾ വൈദ്യുതി ഉത്പാദനവും വിതരണവും എന്നാണ് പൊതുധാരണ. വിറക്, ചണകവരളി, ചപ്പുചവറുകൾ, മററ് ജൈവ ദ്രവ്യങ്ങൾ, ജൈവവാതകം, മണ്ണെണ്ണ, പാചകവാതകം, പെട്രോൾ, മുതലായ പെട്രോളിയം ഉത്പന്നങ്ങൾ, കൽക്കരി, പ്രകൃതി വാതകം തുടങ്ങിയ വിവിധ ഊർജ്ജ സ്രോതസ്സുകളെ നാം ഉപയോഗപ്പെടുത്തുന്നുണ്ട്. സൂര്യനിൽ നിന്നും കിട്ടുന്ന ചൂടും നാം വ്യാപകമായി ഉപയോഗപ്പെടുത്തുന്നുണ്ട്. മണ്ണെണ്ണയിലേക്കും ഗ്യാസിലേക്കും ഉള്ളമാററം ഈ പ്രദേശത്ത് ശക്തി പ്രാപിക്കുന്നുണ്ടെങ്കിലും വിറകടുപ്പുകളുടെ സ്ഥാനം ഇന്നും മുന്നിൽ തന്നെയാണ്. ഇപ്പോഴും വൈദ്യുതി ചെന്നെത്തിയിട്ടില്ലാത്ത നൂറുകണക്കിന് വിടുകളിൽ വെളിച്ചത്തിന്ന് മണ്ണെണ്ണ വിളക്കിന് അശ്രയിക്കുന്നു. അതിനാൽ ഇവയുടെ ഉപയോഗം മെച്ചപ്പെടുത്താനും ലാഭകരമാക്കാനും ജീവിതനിലവാരം ഉയർത്താനും ഉതകുന്ന സമഗ്ര ഊർജ്ജാസൂത്രണം അനിവാര്യമാണ്. എന്നാൽ മുൻ കാലങ്ങളിൽ ഈ രംഗത്തെ ആസൂത്രണത്തിൽനിന്നും പഞ്ചായത്തുപോലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഒഴിച്ചുനിർത്തികൊണ്ട് വേണ്ടത്ര ജനപങ്കാളിത്തമില്ലാതെ നടപ്പിലാക്കിയ പദ്ധതികൾ മിക്കതും ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെടുകയായിരുന്നു എന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ഊർജ്ജ ഉപയോഗം പ്രധാനമായും നാലു തരത്തിലാണ്. ഗാർഹികം, വ്യവസായികം, കാർഷികം, വ്യാപാരം പ്രധാന ഊർജ്ജ സ്രോതസ്സായി നാം ആശ്രയിക്കുന്നത് വൈദ്യുതിയെതന്നെയാണ്. കുളപ്പുള്ളി, കുററനാട്, കൊപ്പം സബ്ബ് സ്റ്റേഷനുകളിൽ നിന്നാണ് പഞ്ചായത്തിലേക്ക് ആവശ്യമായ വൈദ്യുതി ലഭിക്കുന്നത്. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്നത്. 28 ഓളം L.T. ട്രാൻസ്ഫോർമറുകൾ വഴിയാണ്. 4502 ഓളം വൈദ്യുതി ഉപഭോക്താക്കളിൽ 3171 ഗാർഹിക ഉപഭോക്താക്കളും 850 വ്യാപാര ഉപഭോക്താക്കളും 66 വ്യവസായിക ഉപഭോക്താക്കളും 415 കാർഷിക ഉപഭോക്താക്കളുമാണ്. പഞ്ചായത്തിലെ 60 ശതമാനം വീടുകൾ മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ. ഇനിയും 2204 കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. 21-ാം നൂററാണ്ടിലേക്ക് പ്രവേശിക്കാൻ പോകുന്ന നമുക്ക് ഇത്രയധികം കുടുംബങ്ങൾക്ക് വൈദ്യുതിയുടെ പ്രാഥമിക പ്രയോജനം ഇനിയും ലഭ്യമാക്കിയിട്ടില്ല എന്നത് ഈ മേഖലയിലെ വികസന രംഗത്ത് നാം വളരെ പിന്നിലാണെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു.

ഒൻപതാം പദ്ധതി പൂർണ്ണമാകുമ്പോഴേക്കും എല്ലാ കുടുംബങ്ങൾക്കും വൈദ്യുതി എത്തിക്കുക എന്നത് മുന്തിയ പരിഗണന അർഹിക്കുന്ന വികസന ആവശ്യമായി നാം അംഗീകരിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്ത് പരിധിയിൽ തെരുവു വിളക്കുകളായി 407 ബൾബുകളും 188 സോഡിയം വേപ്പർ ലാംബുകളും ഉണ്ട്. തെരുവു വിളക്കുകൾക്കു വേണ്ടി പ്രതിമാസം വൈദ്യുതി ചാർജ്ജിനത്തിൽ പഞ്ചായത്ത് 12470 രൂപയോളം ചിലവഴിക്കുന്നു. എങ്കിലും യഥാസമയങ്ങളിൽ ഇലക്ട്രിസിററി ബോർഡ് മെയിന്റനൻസ് നടത്തുന്നതുകൊണ്ട് ഇതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നില്ല. ഇനിയും പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും വേണ്ടത്ര തെരുവു വിളക്കുകൾ എത്തിക്കുവാൻ കഴിഞ്ഞിട്ടില്ല. ഗ്രാമസഭകളിൽ എന്നും പൊതുവെയുള്ള പരാതികൾ രൂക്ഷമായ വോൾട്ടേജ് ക്ഷാമത്തെ കുറിച്ചും നിരന്തരം ഉണ്ടാകുന്ന വൈദ്യുതി തകരാറുമാണ് യാതൊരു നിയന്ത്രണവുമില്ലാതെ സ്റ്റെപ്പപ്പുകൾ ഉപയോഗിക്കുന്നത് വോൾട്ടേജ് ക്ഷാമം വർദ്ധിപ്പിക്കാൻ കാരണമാകുന്നു. ഇതുമൂലം സാധാരണ കുടുംബങ്ങളിലെ വൈദ്യുതി ഉപഭോക്താക്കൾക്ക് കുറഞ്ഞ വോൾട്ടേജിലെ വൈദ്യുതി മാത്രമേ ലഭ്യമാകുന്നുള്ളൂ. വൈദ്യുത ലൈനുകളിൽ മുട്ടി നിൽക്കുന്ന മരച്ചില്ലകൾ യഥാസമയങ്ങളിൽ മുറിച്ചു മാററാത്തതുകൊണ്ട് നിരന്തരം വൈദ്യുതി തകരാറ് വരുന്നു. പ്രേക്ഷണ വിതരണ രംഗങ്ങളിൽ വരുന്ന തകരാറുകളും വൈദ്യുതി നഷ്ടത്തിന് കാരണമാവുന്നുണ്ട്.

പഞ്ചായത്തിലെ മുഴുവൻ ഭാഗങ്ങളിലേക്കും വൈദ്യുതി എത്തിക്കാൻ ഏകദേശം കിലോമീററർ KV ലൈനുകളും കിലോമീററർ 3 ഫേസ് ലൈനുകളും കിലോമീറററോളം സിംഗിൾ ഫേസ് ലൈനുകളും വലിക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഇനിയും പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതും നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ അററകുററ പണിയും ശേഷി കൂട്ടുകയും ചെയ്യേണ്ടതാകുന്നു. വൈദ്യുതി കണക്ഷന് അപേക്ഷിച്ചു കഴിഞ്ഞാൽ കണക്ഷൻ ലഭിക്കുന്നതിനുള്ള നീണ്ട കാലതാമസം പൊതുജനങ്ങളിൽ പരാതി ഉയർന്നു വരുന്നുണ്ട്. കെ. എസ്. ഇ. ബി. ജീവനക്കാരുടെ സേവനം വേണ്ടത്ര തൃപ്തികരമല്ല.

പഞ്ചായത്തിലെ ഗ്രാമീണ മേഖലയിൽ 90% വീടുകളും പാചക ആവശ്യത്തിന് ഇന്ധനമായി ഉപയോഗിക്കുന്നത് വിറകാണ്. ബാക്കി 10% മററു ഇന്ധനങ്ങളെ ആശ്രയിക്കുന്നു. ടൗൺ പ്രദേശങ്ങളിൽ 60% കുടുംബങ്ങളും ഗാർഹിക ആവശ്യത്തിന് ഇന്ധനമായി മണ്ണെണ്ണ, ഗ്യാസ്, വൈദ്യുതി തുടങ്ങിയവ ഉപയോഗിക്കുന്നു. ബാക്കിയുള്ള 40% പൂർണ്ണമായോ, ഭാഗികമായോ ഇന്ധനമായി വിറക് ഉപയോഗിക്കുന്നു. ഹോട്ടലുകളിൽ അധികവും വിറകും ഗ്യാസും സമ്മിശ്രമായി ഉപയോഗിക്കുന്നുണ്ട്. എങ്കിലും കൂടുതലായി വിറകിനെ ആശ്രയിക്കുന്നു. വ്യാപാര സ്ഥലങ്ങളിൽ ഇന്ധനമായി മുഖ്യമായും വൈദ്യുതിയെ ആശ്രയിക്കുന്നു. പാചക ആവശ്യത്തിനായി ഇന്ന് നിലവിൽ പൊതു ഗ്യാസ് ഏജൻസികൾ പഞ്ചായത്തതിർത്തിയിൽ ഇല്ല. പാചക ആവശ്യത്തിന് പൊന്നാനി, ഷൊർണ്ണൂർ, പെരിന്തൽമണ്ണ എന്നിവിടങ്ങളിലെ ഗ്യാസ്

ഏജൻസികളെയാണ് പ്രധാനമായും ആശ്രയിക്കേണ്ടി വരുന്നത്. പൊതുമേഖല സ്ഥാപനങ്ങളുടെ ഒരു വിതരണ ഏജൻസി പട്ടാമ്പിയിൽ അത്യാവശ്യമാണ്. ഈ ആവശ്യത്തിനുള്ള ലൈസൻസ് പട്ടാമ്പി ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതാണ്.

രൂക്ഷത കൂടിയ പുകയില്ലാത്ത അടുപ്പുകൾക്ക് വേണ്ടത്ര പ്രചരണം ലഭിച്ചിട്ടില്ല. ഇത് ഇന്ധനത്തിന്റെ പാഴ്ചിലവിന് ഇടവരുത്തുന്നു. കന്നുകാലികളെ വളർത്തുന്ന വീടുകളിൽ ഗോബർ ഗ്യാസ് പ്ലാന്റുകൾ വളരെ അപൂർവ്വമായി മാത്രമേ സ്ഥാപിച്ചിട്ടുള്ളു. പഞ്ചായത്തിൽ തന്നെ ഏകദേശം അഞ്ചോളം വീടുകളിൽ മാത്രമേ ഗോബർ ഗ്യാസ് പ്ലാന്റുകളുള്ളൂ. വമ്പിച്ച സാമ്പത്തിക ചിലവ് വരുന്നതുകൊണ്ട് ആളുകൾക്ക് പൊതുവെ താൽപര്യം കുറഞ്ഞുവരുവാൻ കാരണമാവുന്നു. പാചക ആവശ്യത്തിനും കാർഷിക ആവശ്യത്തിനും ഇപ്പോൾ ലഭിക്കുന്ന മണ്ണെണ്ണയുടെ അളവ് വളരെ കുറവാണ്. പെർമിററുള്ള മണ്ണെണ്ണയുടെ 80% മാത്രമേ ഇപ്പോൾ ലഭിക്കുന്നുള്ളൂ. ഇന്ന് നൽകി വരുന്ന മണ്ണെണ്ണയുടെ അളവ് വളരെ അപര്യാപ്തമാണ്. വിറകിന്റെ ദൗർലഭ്യവും അമിതമായ വിലക്കയററവും രൂക്ഷമായ വൈദ്യുതി ക്ഷാമം ജീവിത ഭാരം താങ്ങാൻ കഴിയാത്ത ഈ പഞ്ചായത്തിലെ ഭൂരിഭാഗം സാധാരണക്കാരായ കുടുംബങ്ങൾക്ക് ഒരു പരിധി വരെ ആശ്വാസം ലഭിക്കുന്നതിന് മണ്ണെണ്ണയുടെ അളവ് നേരെ ഇരട്ടിയായി വർദ്ധിപ്പിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ 40 ശതമാനം വീടുകളും വൈദ്യുതികരിച്ചിട്ടില്ല.
2. പഞ്ചായത്തിലെ മിക്കപ്രദേശങ്ങളിലും രൂക്ഷമായ വോൾട്ടേജ് ക്ഷാമമുണ്ട്.
3. പഞ്ചായത്തിൽ ഭൂരിഭാഗം വാർഡുകളിലും വേണ്ടത്ര തെരുവുവിളക്കുകൾ. എത്തിയിട്ടില്ല ഉള്ളവതന്നെ കാര്യമായി കത്തുന്നില്ല.
4. പഞ്ചായത്തിൽചിലവാർഡുകളിൽ വൈദ്യുതലൈൻഇനിയുംഎത്തിയിട്ടില്ല. വൈദ്യുതലൈനുകളിൽ മുട്ടികിടക്കുന്ന മരച്ചില്ലകൾ യഥാസമയംമുറിച്ചു മാററത്തതുകാരണം നിരന്തരം വൈദ്യുത തടസ്സം ഉണ്ടാവുന്നു.
5. വോൾട്ടേജ് കുറവുള്ള പ്രദേശങ്ങളിൽ സ്റ്റെപ്പപ്പുകൾ നിയന്ത്രണമില്ലാതെ ഉപയോഗിക്കുന്നതുമൂലം മററ് ഭൂരിഭാഗം ഉപഭോക്താക്കൾക്കും തീരെ കുറഞ്ഞതോതിലേ വൈദ്യുതി വോൾട്ടേജ് ലഭിക്കുന്നുള്ളു.
6. വൈദ്യുതി ഓഫിസ്സിലെ ജിവനക്കാരുടെ സേവനം യഥാസമയങ്ങളിൽ കാര്യക്ഷമമായി ലഭിക്കുന്നില്ല.
7. മീററർ റീഡീംങ് യഥാസമയങ്ങളിൽ കൃത്യമായിനടത്താറില്ല.
8. സ്ഥാപിച്ച ചില ട്രാൻസുഫോമറുകൾ മാസങ്ങളോളമായിചാർജ്ജ്ചെയ്ത്തിട്ടില്ല.

9. വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിച്ചാൽ കണക്ഷൻ ലഭിക്കാൻ കാലതാമസം വരുന്നു.
10. പ്രധാന പാചക ഇന്ധനമായ വിറക് വേണ്ടത്ര ലഭിക്കുന്നില്ല.
11. രൂക്ഷത കൂടിയ അടുപ്പുകൾക്ക് വേണ്ടത്ര പ്രചരണം ലഭിച്ചിട്ടില്ല.
12. പൊതുമേഖല ഗ്യാസ് ഏജൻസികൾ ഇല്ലാത്തതിൽ സ്വകാര്യ ഗ്യാസ് ഏജൻസികളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്.
13. ചിലവു കുടിയതിനാൽ വൈദ്യുതിയുടെ ഉപയോഗം കുറയുന്നതിന് സഹായിക്കുന്ന ഫ്ളോറസെന്റ് ലാമ്പുകളും കോമ്പാററ് ഫ്ളോറസെന്റ് ലാമ്പുകളും വീടുകളിൽ അപൂർവ്വമായേ ഉപയോഗിക്കുന്നുള്ളു.
14. കാർഷിക ആവശ്യത്തിനും പാചക ആവശ്യത്തിനും വേണ്ടത്ര മണ്ണെണ്ണ ലഭിക്കുന്നില്ല.
15. പുതിയ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ആവശ്യമായ സാമഗ്രികൾ കെ. എസ്. ഇ. ബി. യഥാസമയം മേജർ സെക്ഷൻ ഓഫിസിലേക്ക് എത്തിക്കുന്നില്ല.
16. ന്യായമായ വിലയ്ക്ക് പരമ്പരാഗത ഊർജ്ജസ്രോതസ്സായ വിറക് ലഭ്യമാക്കുന്നതിനുള്ള സംവിധാനമില്ല.
17. ആർഭാടങ്ങൾക്ക് അധികം വൈദ്യുതി ഉപയോഗിക്കുന്നു.
18. തെരുവുവിളക്കുകൾ ഭൂരിഭാഗവും കത്തുന്നില്ല.
19. യഥാസമയങ്ങളിൽ കത്താത്ത ബൾബുകൾ മാററാത്തതുകൊണ്ടും ആവശ്യമായ അററകുററപണികൾ നടത്താത്തതുകൊണ്ടും ഇതിന്റെ പ്രയോജനം ജനങ്ങൾക്ക് വേണ്ടത്ര ലഭിക്കുന്നില്ല.
20. കൃത്യമായ സമയങ്ങളിൽ സ്ട്രീററ് ലൈററുകൾ ഓൺചെയ്യുകയോ ഓഫാക്കുകയോ ചെയ്യുന്നില്ല.
21. സ്ട്രീററ് ലൈററുകൾക്കായി പ്രത്യേകം മീററർ വേണം.
22. പൊതുമേഖലയിലുള്ള ഒരു ഗ്യാസ് ഏജൻസി യുടെ വിതരണ ഏജൻസി, പട്ടാമ്പി ഗ്രാമ പഞ്ചായത്ത് ലൈസൻസ് വാങ്ങി വിതരണം നടത്തേണ്ടതാണ്.
23. മണ്ണെണ്ണ പെർമിററുകൾ ആവശ്യമായവർക്ക് പരിശോധിച്ച് വേണ്ടത്ര ലഭ്യമാക്കുക.
24, വൈദ്യുതി കണക്ഷന് അപേക്ഷിച്ചാൽ യഥാസമയങ്ങളിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന്ന് ആവശ്യമായ സാമഗ്രികൾ K.S.E.B. ലഭ്യമാക്കേണ്ടതാണ്.
25. ആർഭാടമായി വൈദ്യുതി ഉപയോഗിക്കുന്നവരെ കണ്ടെത്തി കർശനനടപടികൾ കൈകൊള്ളുക. പഞ്ചായത്ത് മേഖലയിലുള്ള വൈദ്യുതി വിതരണത്തിന്റെ ചുമതലയുള്ള ഓഫീസ്സിന്റെ പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്തിന് കൂടി നിയന്ത്രണമുണ്ടായിരിക്കുക. വൈദ്യുതി ഉപഭോഗം വർദ്ധിച്ചുവരുന്ന പ്രദേശങ്ങളിൽ നിലവിലുള്ള സിംഗിൾ ഫേസിന്റെ സ്ഥാനത്ത് 3 ഫേസ് ലൈനുകൾ സ്ഥാപിക്കുക.

26. തെരുവുവിളക്കുകൾ കത്തിക്കുന്നതിനു വേണ്ടി പഞ്ചായത്ത് പ്രതിമാസം 12470 രൂപ ചിലവഴിക്കുന്നുണ്ടെങ്കിലും മുഴുവൻ ബൾബുകളും, ട്യൂബുകളും കത്തുന്നില്ല. അനർട്ടിന്റെ സബ്സിഡിയോടുകൂടിയുള്ള സൗരോർജ്ജം ഉപയോഗപദ്ധതികൾ നമ്മുടെ പഞ്ചായത്തിലും വ്യാപകമായി പ്രചരിപ്പിക്കുന്നതിന് നടപടി കൈകൊള്ളേണ്ടതാണ്.
27. പഞ്ചായത്തിൽനിന്നും സൗജന്യമായി വയറിംഗ് ചെയ്തുകൊടുത്ത മുഴുവൻ കുടുംബങ്ങൾക്കും കണക്ഷൻ ഉടനെ നല്കേണ്ടതാണ്.
28. ദാരിദ്ര്യരേഖക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും സൗജന്യമായി പോസ്റ്റിട്ട് കണക്ഷൻ കൊടുക്കേണ്ടതാണ്.

## സാദ്ധ്യതകൾ

1. വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട മിക്കപ്രശ്നങ്ങളും പരിഹരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് തലത്തിലും കെ.എസ്.ഇ.ബി. തലത്തിലും യുദ്ധകാലാടി സ്ഥാനത്തിൽ നടപടികൾ എടുക്കേണ്ടിയിരിക്കുന്നു.
2. ചെറുകിടവൈദ്യുത ഉല്പാദനനിലയങ്ങൾ ജില്ലകൾ കേന്ദ്രീകരിച്ച് ജില്ലാപഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ സ്ഥാപിച്ച് വൈദ്യുതി ഉല്പാദനം ത്വരിതപെടുത്തുകയും ഈ മേഖലകളിലെ കമ്മി നികത്തുന്നതിന് സഹായിക്കുകയും ചെയ്യുക.
3. വൈദ്യുതി പ്രസരണത്തിലെ നഷ്ടം ഒഴിവാക്കുന്നതിന്, പ്രസരണവിതരണ മേഖലയിൽ ആധുനിക സംവിധാനം ഏർപ്പെടുത്തുക.
4. വൈദ്യുതി ഉപയോഗ രംഗത്തെ എല്ലാവിധത്തിലുള്ള ചോരണം തടയുന്നതിന്ന് ഇലക്ട്രിസിററി ഇൻസ്പെക്ട്രേറ്റിന്റെയും വിജിലൻസിന്റെയും പ്രവർത്തനം കാര്യക്ഷമമാക്കുക.
5. വൈദ്യുതലൈനുകളിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ മുറിച്ചു മാറ്റുന്ന പ്രവർത്തി യഥാസമയം നടത്തി വൈദ്യുതി വിതരണത്തിലെ തടസ്സവും നഷ്ടവും ഒഴിവാക്കണം. ഈ ആവശ്യത്തിന് വാർഡ്തല സന്നദ്ധസേവന സംഘങ്ങളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.
6. യഥാസമയങ്ങളിൽ മീറ്റർ റീഡിംങ്ങ് നടത്തുകയും, മീറ്റർ തകരാറു വന്നവ ഉടനെ മാറ്റിസ്ഥാപിച്ച് വൈദ്യുതി വിതരണത്തിലെ നഷ്ട്ടം ഒഴിവാക്കാവുന്നതുമാണ്.
7. വീടുകളിൽ വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിന്ന് കുറഞ്ഞ അളവിൽ **വൈദ്യുതി മാത്രം വേണ്ടിവരുന്ന ഫ്ളോറസന്റ് ലാമ്പുകളും കോമ്പാക്റ്റ് ഫ്ളോറസന്റ്** ലാമ്പുകളും വ്യാപകമായി ഉപയോഗിച്ച് വൈദ്യുതി ലാഭിക്കാവുന്നതാണ്. ഇതിന് ആവശ്യമായ പ്രചരണവും ബോധവൽക്കരണവും പൊതുജനത്തിന് പഞ്ചായത്ത്

തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

8. ഇനിയും വൈദ്യുതീകരിച്ചിട്ടില്ലാത്ത 40 ശതമാനം വീടുകൾക്കും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനാവശ്യമായ സമഗ്രപദ്ധതിക്ക് രൂപം നൽക്കുക.
9. സ്ഥാപിച്ച മുഴുവൻ ട്രാൻസ്ഫോർമറുകളും ഉടനെ ചാർജ്ജ് ചെയ്യേണ്ടതാണ്.
10. വൈദ്യുതികണക്ഷന് അപേക്ഷ സമർപ്പിച്ചാൽ നീണ്ടകാലതാമസം ഒഴിവാക്കുന്നതിന്ന് വൈദ്യുതി കണക്ഷനു അപേക്ഷ നൽകി നിയമവ്യവസ്ഥകൾ പാലിക്കുന്ന മുഴുവൻ അപേക്ഷകർക്കും കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ സംവിധാനം ഉണ്ടാക്കുക.
11. വൈദ്യുതി ചാർജ്ജ് അടക്കുന്നതിന് ഇന്ന് നിലവിലുള്ള സ്ലാബ് സമ്പ്രദായം ഒഴിവാക്കി ഉപയോഗിക്കുന്ന വൈദ്യുതിക്കു മാത്രം ചാർജ്ജ് ഈടാക്കുന്ന സംവിധാനം ഏർപ്പെടുത്തുക.
12. കെ. എസ്. ഇ. ബി. തെരുവുവിളക്കുകൾ മാററുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തിന് നൽകുക.
13. തെരുവുവിളക്കുകൾ പ്രവൃത്തിപ്പിക്കുന്നതിനുള്ള അധികാരം പഞ്ചായത്തിന് നൽകുക.
14. ദക്ഷത കൂടിയ വിറക് അടുപ്പുകൾക്ക് എല്ലാവീടുകളിലും സ്ഥാപിക്കുന്നതിന് സമഗ്രപദ്ധതി ആവിഷ്കരിക്കുക.
15. ഊർജ്ജക്ഷമതകൂടിയ പാചക ഉപകരണങ്ങളായ പ്രഷർകുക്കറും, കച്ചിപ്പെട്ടിയും വ്യാപമായി ഉപയോഗിക്കേണ്ട ആവശ്യകത പ്രചരിപ്പിക്കുക.
16. ദക്ഷത കൂടിയ മണ്ണെണ്ണ സ്റ്റൌവുകൾ ലഭ്യമാക്കുക.
17. വൈദ്യുത ഉപയോഗം കുറക്കുന്നതിന് കുറഞ്ഞവോൾട്ടേജിൽ പോലും കത്തുന്ന ഫ്ളോറസന്റ് ലാമ്പുകളും, കോമ്പാക്റ്റ് ഫ്ളോറസന്റ് ലാമ്പുകളും ഉപയോഗിക്കുന്നത് വ്യാപകമാക്കുക.
18. സൗരോർജ്ജ വിളക്കുകളുടെ ഉപയോഗം പ്രചരിപ്പിക്കുക.
19. കുടിൽജ്യോതി പദ്ധതി പഞ്ചായത്തു മുഖാന്തിരം നടപ്പാക്കുക.
20. സാമൂഹ്യ വനവല്ക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഒഴിഞ്ഞപ്രദേശങ്ങളിലും പുറംമ്പോക്കുകളിലും റോഡിന്റെ ഇരുവശങ്ങളിലും മരങ്ങൾ വെച്ച് പിടിപ്പിച്ച് വിറക് ക്ഷാമം പരിഹരിക്കാവുന്നതാണ്.
21. വിറക് ഇന്ധനമായി ഉപയോഗിക്കുന്ന എല്ലാ വീടുകളിലും ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിക്കുന്നതിന് ഒരു തീവ്രയത്ന പരിപാടി സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നടപ്പിലാക്കാവുന്നതാണ്.

പുറംമ്പോക്കുകളിലും റോഡിന്റെ ഇരുവശങ്ങളിലും മരങ്ങൾ വെച്ച് പിടിപ്പിച്ച് വിറക് ക്ഷാമം പരിഹരിക്കാവുന്നതാണ്.

21. വിറക് ഇന്ധനമായി ഉപയോഗിക്കുന്ന എല്ലാവീടുകളാലും ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിക്കുന്നതിന് ഒരു തീവ്രയത്നപരിപ്പാടി സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നടപ്പിലാക്കാവുന്നതാണ്.

## പട്ടാമ്പിഗ്രാമപഞ്ചായത്തിലെ വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1.നിലവിലുള്ള ഗുണഭോക്താക്കൾ

| | | |
|---|---|---|
| 1.ഗാർഹികം | – | 3171 |
| 2.വ്യാപാരം | – | 850 |
| 3.വ്യാവസായികം | – | 66 |
| 4.കാർഷികം | | 415 |
| ആകെ | | 4502 |

2. വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള അപേക്ഷകരുടെ എണ്ണം

| | | |
|---|---|---|
| Ordinary | - | 167 |
| OT P | - | 32 |
| OYEC | - | 29 |

ഓർഡിനറി കണക്ഷനിൽ 1-10-91 വരെയുള്ള അപേക്ഷകർക്കും OTP യിൽ 6-10-91 വരെയുള്ള അപേക്ഷകർക്കം OYEC യിൽ 26-2-1996 വരെയുള്ള അപേക്ഷകർക്കം കണക്ഷൻ ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തിൽ 15 ഓർഡിനറി കണക്ഷനും, 2 OTP കണക്ഷനും 97 OYEC കണക്ഷനും നൽകിയിട്ടുണ്ട്.

**പട്ടാമ്പിഗ്രാമപഞ്ചായത്തിലെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ 5 ആണ്.**

## പട്ടാമ്പിഗ്രാമപഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന L.T. ട്രാൻസ്ഫോർമറുകളുടെ കപ്പാസിററിയും പേരും

| ക്രമനമ്പർ | കപ്പാസിററി | പേര് |
|---|---|---|
| 1 | 50 KVA | അച്ചുത |
| 2 | 100 KVA | ബിസ്മില്ല വുഡ് |
| 3 | 100 KVA | കെയർ |
| 4 | 160 KVA | കോളേജ് |
| 5 | 160 KVA | എഡിബിൾ |
| 6 | 100 KVA | കിഴായൂർ V. I. |
| 7 | 160 KVA | കിഴായൂർ V. I. |
| 8 | 100 KVA | കൊടലൂർ പുതകുളം |
| 9 | 160 KVA | കുളപ്പുറംപാറ |
| 10 | 250 KVA | മിനിഇൻഡസ്ട്രീസ് |
| 11 | 100 KVA | പന്തക്കൽ |
| 12 | 160 KVA | പെരിന്തൽമണ്ണറോഡ് |
| 13 | 63 KVA | പെരുമുടിയൂർ |
| 14 | 250 KVA | പോലീസ് സറ്റേഷൻ |
| 15 | 100 KVA | R/R സ്റ്റേഷൻ |
| 16 | 160 KVA | R/R സ്റ്റേഷൻ |
| 17 | 100 KVA | സായിസോഫ്റ്റ് ട്രിങ്ക്സ് |
| 18 | 100 KVA | ശങ്കരമംഗലം |
| 19 | 63 KVA | സീതാദേവി |
| 20 | 100 KVA | ഷാജിവുഡ് |
| 21 | 160 KVA | ടൗൺ |
| 22 | 100 KVA | വള്ളൂർ |
| 23 | 250 KVA | ടൗൺവാട്ടർസപ്ലൈ |
| 24 | 63 KVA | കൊടലൂർ V.I |
| 25 | 100 KVA | വടക്ക്മുറി |
| 26 | 100 KVA | പൂവ്വത്തിങ്കൽ ബ്രിക്സ് |
| 27 | 100 KVA | മൂർക്കാട്ടു പറമ്പ് |
| 28 | 100 KVA | പെരുമുടിയൂർ വാട്ടർസപ്ലൈ |

പട്ടിക 2

## തെരുവു വിളക്കുകളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | നിലവിലുള്ള സോഡിയം വേപ്പർ ലാംപ് | പുതുതായി സ്ഥാപിക്കേണ്ട സോഡിയം വേപ്പർലാംപ് | പുതുതായി ബൾബുകളുടെ ആവശ്യം | ട്യൂബ് ലൈറ്റ് ആവശ്യം |
|---|---|---|---|---|
| 1 | 14 | 25 | 100 | |
| 2 | 13 | 30 | 100 | |
| 3 | 13 | 25 | 100 | |
| 4 | 31 | 30 | 25 | |
| 5 | 31 | 25 | 50 | |
| 6 | 14 | 40 | 100 | |
| 7 | 17 | 30 | 50 | |
| 8 | 15 | 36 | 80 | |
| 9 | 15 | 20 | 100 | |
| 10 | 25 | 30 | 50 | |
| | 188 | 291 | 755 | |

ആകെ സോഡിയം വേപ്പർ ലാംബുകൾ :188

## പട്ടാമ്പി ഗ്രാമ പഞ്ചായത്തിൽ പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

| വാർഡ് | ട്രാൻസ്ഫോമറുകൾ സ്ഥാപിക്കേണ്ടസ്ഥലം | കപ്പാസിറ്റി | Remarks |
|---|---|---|---|
| I | 2–ാം മൈയിലിന് സമീപം | 60KVA | |
| | ഗുരുതിയൻകാവ് | 60 KVA | |
| II | പള്ളിപ്പാട്, കോളനിയ്ക്ക് സമീപം | 100 KVA | |
| | കുന്നക്കാട് പറമ്പ്, | 100 KVA | |
| | കല്ലുപറമ്പ് തീപ്പെട്ടി കമ്പനിയ്ക്ക് സമീപം. | 60 KVA | |
| III | വീരമണി കോളനി | 60 KVA | |
| IV | ഉമിക്കുന്ന് | 100 KVA | |
| | പഞ്ചായത്ത് ഓഫീസ്ന് മുൻവശം | 60 KVA | |
| V | കോഴിക്കുന്ന് | 100KVA | |
| | രജിസ്റ്റർ ഓഫീസിന് മുൻവശം | 60 KVA | |
| VI | കൊടലൂർ.സെന്ററിൽ | 100 KVA | |
| VII | കൊടലൂർ BKM സ്ക്കൂളിന് സമീപമുള്ള പാടം | 100 KVA | |
| VIII | ഹിദായത്ത് നഗർ | 100 KVA | |
| | കൊണ്ടൂർക്കര റേഷൻകടക്ക് സമീപം | 60 KVA | |
| | ആന്തൂർപള്ള്യാലിൽ | 60 KVA | |
| IX | കിഴായൂർ നമ്പ്രം പ്രദേശം | 100 KVA | |
| | ലിഫ്റ്റ് ഇറിഗേഷൻഭാഗത്ത് | 100 KVA | |
| X | മേലെ പട്ടാമ്പി മദ്രസ്സയ്ക്ക് സമീപം | 100 KVA | |
| | അലക്സ് തിയ്യറ്ററിനു സമീപം. | 100 KVA | |

## പട്ടമ്പി ഗ്രാമപഞ്ചായത്ത് നടപ്പുപദ്ധതിയുടെ വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | മുർക്കാട്ട് പറമ്പ് വോൾട്ടേജ് ഇംപ്രൂവ്മെന്റ് | - | 63KVA ട്രാൻസ്ഫോർമർ I പണി കഴിഞ്ഞ്. LT 3 ഫേസ് ലൈൻ 150 MT സിംഗിൾ ഫേസ് സ്ഥാപിക്കാൻ 300 m Rs 75286 (പണിബാക്കി) |
| 2. | പള്ളിപ്പാട്ടു IHDP കോളനി | - | 1 KM 3 ഫേസ് ലൈൻ 0-9 KM സിംഗിൾഫേസ് ലൈൻ സ്ട്രീറ്റ് ലൈറ്റ് 25 കണക്ഷൻ -17 ചിലവ്. Rs. 229020/- |

## പുതിയതായി ഉദേശിക്കുന്ന സ്കീമുകൾ

| | | മതിപ്പ് ചിലവ് |
|---|---|---|
| 1. | കാർഷികാവശ്യത്തിന് ശങ്കരമംഗലത്ത് 350 മീറ്റർ LT സിംഗിൾഫേസ് ലൈൻ 3 ഫേസ് ആക്കാൻ | Rs.11510/- |
| 2. | കാർഷികാവശ്യത്തിന് 250 mt 3 ഫേസ് ലൈൻ നിർമ്മിക്കാൻ (ശങ്കരമംഗലം) | Rs.17875/- |
| 3. | വോൾട്ടേജ് കൂട്ടുന്നതിന് പട്ടാമ്പി നെല്ലുഗവേഷണ കേന്ദ്രം | Rs.68400/- |
| 4. | -do- കോഴിക്കുന്ന് | Rs.157060/- |
| 5. | -do- ചോലക്കുന്ന് | Rs.14520/- |
| 6. | വള്ളൂർ 2-ാം മൈൽ ലൈൻ സന്ധിപ്പിക്കൽ | Rs.19820/- |
| 7. | ശങ്കരമംഗലം 2-ാം മൈൽ | Rs.23850/- |
| 8. | പട്ടാമ്പി ടൗൺ | Rs.153815/- |
| 9. | പട്ടാമ്പി റയിൽവേസ്റ്റേഷൻ | Rs.159800/- |
| 10. | മേലേ പട്ടാമ്പി | Rs.184800/- |
| 11. | പട്ടാമ്പി കിഴായൂർ ലൈൻ സന്ധിപ്പിക്കൽ | Rs.209100/- |
| 12. | രജിസ്റ്റർ ആഫീസിന് സമീപം | Rs.321605/- |
| 13. | ഗുരുപതിയൻകാവ് | Rs.336200/- |
| 14. | കിഴായൂർ 8-ാം വാർഡ് | Rs.33680/- |
| 15. | തോട്ടുങ്ങൽ ഹരിജൻകോളനി | Rs.114210/- |
| 16. | ഗുരുപതിയൻകാവ് | Rs.45925/- |

| | 8-ാം പദ്ധതി കാലത്തു പൂർത്തീകരിച്ച സ്ക്കീമുകൾ | വർക്കും ചെലവഴിച്ച തുകയും |
|---|---|---|
| 1. | ബിസ്മില്ലാ വുഡ് ഇൻഡസ്ട്രീസിന് വ്യവസായിക ആവശ്യത്തിന് സപ്ലൈ കൊടുക്കുന്ന സ്ക്കീം ശങ്കരമംഗലം | 11 KV ലൈൻ150 mt 100KVA ട്രാൻസ് ഫോമറുകൾ Rs.100315/- |
| 2. | സായി സോഫ്ട് ഡ്രിംഗ്സ് കൊടലൂർ | 100KVA ട്രാൻസ്ഫോർമർRs.67000/- |
| 3. | ഷാജി ടിംബർ വ്യവസായികാവശ്യം മേലെ പട്ടാമ്പി | 111KVA ലൈൻ 225 മീറ്റർ 100KVA ട്രാൻസ്ഫോർമർ I Rs.74500/- |
| 4. | പട്ടാമ്പി വാട്ടർ സപ്ലൈ വോൾട്ടേജ് കൂട്ടുന്നതിന് | 11KV ലൈൻ 160mt 100KVA ട്രാൻസ്ഫോർമർ I Rs.61750/- |
| 5. | പട്ടാമ്പി ടൗൺ -do- | 160KVA-250KVA യുടെ ട്രാൻസ്ഫോർമർ Rs.40000/- |
| 6. | കൊളപ്രം പാറ -do- | 11KV ലൈൻ 50 mt 100KV ട്രാൻസ്ഫോർമർ 160 ആക്കി 300mt 3 ലൈൻ Rs.192800/- |
| 7. | വള്ളൂർ -do- | 63KVA Transformer 100KVA ആക്കി മാറ്റി Rs.43800/- |
| 8. | വടക്കുമുറി -do- | 11 KV ലൈൻ 250 mt 100KVA ട്രാൻസ്ഫോർമർ I Rs.72325/- |
| 9. | കൊപ്പം സബ്ബ് സ്റ്റേഷനിൽനിന്നും പട്ടാമ്പി ക്കായിട്ടുള്ള 11KV ലൈൻ | 6KM 11KV ലൈൻ Rs.756600/- |
| 10. | കൊടലൂർ വോൾട്ടേജ് ഇംപ്രൂവ്മെന്റ് | 63KVA Transformer 100KVA ആക്കിമാറ്റി Rs.43800/- |
| 11. | തളിക്ഷേത്ര പരിസരം -do- | 200 mts 3ഫേസാക്കാൻ Rs.8500/- |
| 12. | കൊടലൂർജുമാമസ്ജിദ് -do- | 250 mt LT 5 ലൈൻ 38 ആക്കി മാറ്റി Rs.12041/- |
| 13. | പൂവ്വത്തിങ്കൽ ബ്രിക്സിന് വ്യവസായികാ വശ്യത്തിന് സപ്ലൈകൊടുക്കുന്ന സ്ക്കീം. | 11KVലൈൻ-100KVA ട്രാൻസ് ഫോർമർ I Rs.157060/- |
| 14. | കൊടലൂർ വോൾട്ടേജ് ഇംപ്രൂവ്മെന്റ് | 63 KVA ട്രാൻസ്ഫോർമർ, I LT 3ഫേസ് ലൈൻ 200mt സിംഗിൾഫേസ് 3 ഫേസ് ആക്കാൻ 1km Rs.136945/- |

| വാർഡ് | ക്ര.ന | നിലവിലുള്ള സിംഗിൾലൈൻ 3 ഫേസ് ലൈൻ ആക്കേണ്ടത് | മീറ്റർ | വാർഡ് | ക്ര.ന | പുതിയലൈൻവലിച്ച് 3ഫേസ് ലൈൻആക്കേണ്ടത് | മീറ്റർ |
|---|---|---|---|---|---|---|---|
| I | 1. | ഇല്ല | | I | 1. | ആമയൂർസ്ക്കൂൾ മുതൽ ഗുരുതിയൻകാവ്ക്ഷേത്രം വഴി പറക്കാട് റോഡ് വരെ. | 1500 |
| | | | | | 2. | വാരിയത്ത് പടിമുതൽ പോസ്റ്റോഫീസ് ജംഗ്ഷൻവരെ. | 500 |
| | | | | | 3. | E.P ഗെയ്റ്റുമുതൽ വിഷ്ണുക്ഷേത്രം വരെ. | 500 |
| | | | | | 4. | ശങ്കരമംഗലം കിഴക്കേപ്പാട്ട് പടിമുതൽ പറക്കാട് മെയിൻറോഡ് വരെ. | 2000 |
| | | | | | 5. | കാവിൽപടിപള്ളിക്ക് സമീപം കൊഴിക്കോട്ടിരി അതിർത്തിവരെ. | 500 |
| | | | | | 6. | അകത്തൊടി പടി. | 200 |
| II | 1. | കൊളവളപ്പിൽ വീരാൻകുട്ടി വീടുമുതൽ M.LA റോഡ് വഴി പള്ളിപ്പാട് കോളനി റോഡ് വരെ (വാസുവീട്വരെ | 1100 | II | 1. | പള്ളിപ്പാട് അംഗൻ വാടിമുതൽ MLA റോഡ് വഴി പഞ്ചായത്ത് അതിർത്തി വരെ. | 420 |
| | 2. | അമ്മുംകുന്നത്ത് പടിക്കുന്നക്കാട്ടു പറമ്പ് റോഡ് 2-ാം വാർഡ് അതിർത്തിവരെ | 1440 | | 2. | പള്ളിപ്പാട് കോളനി റോഡിൽ നിന്നും (വാസു വീടുമുതൽ) നെല്ലിപ്പറമ്പ് വഴി MLA റോഡ് വരെ. | 676 |
| | 3. | അമ്മും കുന്നത്ത് പടിറോഡിൽ നിന്നും ലക്ഷം വീടു കോളനി റോഡ് വരെ | 380 | | 3. | MLA റോഡിൽ നിന്നും കാശാവ്കുന്ന് 5 സെന്റ് കോളനി വഴി വള്ളൂർ റോഡ് വരെ. | 560 |
| | 4. | തോട്ടുങ്ങൽ സിറ്റിമുതൽ മഞ്ഞം കുഴി യൂസഫ് വീടുവരെ | 460 | | 4. | MLA റോഡിൽ നിന്നും വള്ളൂർ പറക്കാട് റോഡുവരെ (മനേക്കതൊടി അബു വീടു വരെ. | 200 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 5. | ശങ്കരമംഗലം സെന്ററിൽ നിന്ന് MLA റോഡുവഴി കൊളവളപ്പിൽ വീരാൻ കുട്ടിവരെ. | 900 | | 5. | PWD റോഡിൽ നിന്നും കഴായ് റോഡുവഴി വാരിയത്ത് പടി റോഡ് വരെ. | 920 |
| | 6. | തെക്കുമുറി സെന്ററിൽ നിന്നും കള്ളിക്കാട് കോളനി വരെ. | 670 | | 6. | പെരിന്തൽമണ്ണ റോഡിൽ നിന്നും രണ്ടാംമൈൽ പൊതു കിണർ വഴി കൊമ്മത്തോട് അയ്യപ്പൻ വരെ. | 420 |
| | 7. | വള്ളൂർ പറക്കാട് റോഡിൽ നിന്നും മഞ്ഞംകുഴി അബ്ദു വീടുവഴി മനേക്കതൊടി വീരാൻ വീടുവരെ. | 600 | | 7. | PWD റോഡിൽ നിന്നും വള്ളുർ പറക്കാട് സെന്ററിലേക്ക് (മുതൂർ പറമ്പ് ചാത്ത വീട് വഴി) | 900 |
| | 8. | തെക്കുമുറി മദ്രസ്സ മുതൽ കള്ളിക്കാട് കോളനി വരെ. | 380 | | 8. | പെരിന്തൽമണ്ണ റോഡിൽ നിന്നും പഞ്ചായത്ത് സ്റ്റേഡിയം വരെ. | 050 |
| III | 1 | ഇല്ല | | III | 1. | ഇടിയത്ത് അർജ്ജുനന്റെ വീടു മുതൽ മേനോത്ത് വളപ്പിൽ അബുവിന്റെ വീടു വരെ. | 60 |
| | | | | | 2. | മമ്മു പടിമുതൽ വടക്കുമുറി റോഡ് വിക്കരൊത്ത് പടിവരെ | 200 |
| | | | | | 3. | കുളപുറം തോട്ടം Tap മുതൽ പട്ടിക ജാതി കോളനിവരെ | 200 |
| | | | | | 4. | വീക്കരൊത്ത് പടിയിൽ നിന്നും എക്സൈസ്സ് വിജയൻ വീടുവരെ. | 50 |
| IV | 1. | കീഴായൂർ റോഡിൽനിന്നും ചോലപറമ്പുവരെ | 500 | IV | 1. | KSEB മുതൽ കിഴായൂർ റോഡ് വരെ. | 600 |
| | 2. | മാർക്കറ്റ് പന്തക്കൽ റോഡിൽ | 6000 | | 2. | പാലക്കാട് റോഡിൽ നിന്നും ചോലപറമ്പ് പട്ടിക ജാതി കോളനിവരെ. | 750 |
| V | 1. | ഇല്ല. | | V | 1. | ഇല്ല. | |

| | | | | | | | |
|---|---|---|---|---|---|---|---|
| VI | 1. | ഹെൽത്ത് സെന്റർ മുതൽ കളപാറ വരെ. | 1000 | VI | 1. | C.K.M കോളനി ജംഗ്ഷൻ മുതൽ MLA റോഡുമായി ചോരകുന്ന് കയറ്റത്തിലുള്ള ത്രീഫേസ് ലൈൻ വരെ | 200 |
| | 2. | പനംകുറ്റിപടി സ്ക്കൂൾപടി. | 500 | | 2. | MLA റോഡിൽ നാരായണൻ പീടികമുതൽ (നെടിയൻകുന്ന് റോഡ്) MLA റോഡിലൂടെ സ്വയബി പടി അബ്ദുവിന്റെ വീട്വരെ. | 400 |
| | 3. | MLA റോഡിൽ സ്വയബി പടി മുതൽ റേഷൻ ഷാപ്പ് വരെ. | 600 | | 3. | റേഷൻ ഷാപ്പ് മുതൽ കൊരട്ടി പടി കുഴി റേഷൻ ഷാപ്പ് വരെ. | 1100 |
| | | | | | 4. | MLA റോഡിൽനിന്നും വാരിയത്ത് പടി പട്ടിക ജാതി കോളനി വഴി കൊട്ടാരംപടി റോഡു വരെ. | 400 |
| | | | | | 5. | സ്വയബിപടി പുവ്വത്തോട് റോഡ് | 1500 |
| | | | | | 6. | പള്ളിറോഡ് ജംഗ്ഷൻ മുതൽ കളപ്പാറ വരെ. | 500 |
| | | | | | 7. | MLA റോഡിൽ നിന്നും പതിയിൽകോളനി വരെ | 400 |
| | | | | | 8. | കൊട്ടാരം പടി മുതൽ തങ്ങൾപടി റോഡ് വരെ. | 300 |
| VII | 1. | ഫാം ഗയിറ്റുമുതൽ ചേതനവരെ. | 200 | VII | | | |
| | 2. | ഏന്തീൻ പീടിക മുതൽ ചോരകുന്നിലേക്ക് | 200 | | | | |
| | 3. | പാറകുത്ത് റോഡ് | 1100 | | | | |
| | 4. | കൂമ്പൻകല്ല് മുതൽകൊടലൂർ സ്ക്കൂൾവരെ. | 1800 | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| VIII | 1. | ഹിദായത്തുനഗറിൽനിന്നം കൊരട്ടിപടി റോഡ് വരെ. | 1000 | VIII | 1. | കുമാരി കയറ്റം മുതൽ മഹിളാസമാജം വരെ. | |
| | 2. | ആളൂർപള്ള്യാൽ മുതൽ റേഷൻകടവരെ. | 2500 | | 2. | കിഴായൂർ റേഷൻകടമുതൽ ആനങ്ങാട്ടുകുളം വരെ. | 1000 |
| | 3. | ഗോപിമേനോൻ പടിമുതൽ മൊരികചെറുവരെയുള്ള ലിങ്ക് റോഡിൽ | 750 | | 3. | ആ കുന്ന് മുതൽ ശങ്കരൻ പടിവരെ. | 1000 |
| | 4. | റേഷൻകടമുതൽ മൂണ്ടത്ത് ഹംസ വീടുവരെ (ലിങ്ക് റോഡിൽ) | 350 | | 4. | ചാത്തേത്ത് നബീസമുതൽ പട്ടികജാതി കോളനി വരെ. | 250 |
| | 5. | കുയിലങ്ങാട്ടുപടിറോഡിൽ. | 1000 | | 5. | കുമാരി കയറ്റംമുതൽ കോളാർ കുന്ന് പട്ടിക ജാതി കോളനി വഴി ആനങ്ങാട്ടുകുളം വരെ. | 1000 |
| | 6. | ചെറുളിപറമ്പിൽ മേലേ പട്ടാമ്പി റോഡിൽ | 250 | | 6. | ആനങ്ങാട്ടുകുളം മുതൽ കൊരട്ടി പടി റോഡ്. | 150 |
| | | | | | 7. | ഹിദായത്ത് നഗർ മുതൽ കുമാരി കയറ്റം വരെ. (ലിങ്ക് റോഡിൽ) | 300 |
| IX | 1. | കിഴായൂർ നമ്പ്രം ഭാഗത്തുള്ള വൈദ്യുതി ലൈൻ വലിച്ച് വോൾട്ടേജ്ക്ഷാമം പരിഹരിക്കുക. (കാർഷികാവശ്യം) | | IX | 1. | നമ്പ്രം തീരദേശറോഡ് | 2000 |
| | | | | | 2. | സുബ്രഹ്മണ്യൻ കോവിൽ റോഡ് | 500 |
| | | | | | 3. | ആശാരികോളനി റോഡ്. | 1500 |
| | | | | | 4. | ഹെൽത്ത് സെന്റർറോഡ് | 500 |
| | | | | | 5. | പട്ടത്ത് പടി റോഡ്. | 500 |
| X | 1. | പെരിന്തൽമണ്ണറോഡിൽ നിന്നും കൈത്തളി ശിവക്ഷേത്രം ഭാഗത്തേക്ക്. | 900 | X | | | |
| | 2. | കല്പക സ്ട്രീറ്റ് | 400 | | | | |

# ഗതാഗതം

മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് തരക്കേടില്ലാത്ത റെയിൽ, റോഡ് ശൃംഖലയാൽ അനുഗ്രഹീതമാണ് പട്ടാമ്പി ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിൽ മൊത്തം 91.49 കിലോമീറ്റർ റോഡ് ഉണ്ട്. കേരളത്തിലെ ആദ്യത്തെ റെയിൽപാത കടന്നുപോകുന്നത് പട്ടാമ്പി പഞ്ചായത്തിലൂടെയാണ്. ബ്രിട്ടീഷ് ഭരണകാലത്ത് നിലവിൽവന്ന പാതയ്ക്ക് കാര്യമായതൊരു വികസനവും ഉണ്ടായിട്ടില്ലെന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. വണ്ടികളുടെ എണ്ണവും യാത്രക്കാരുടെ എണ്ണവും വളരെയധികം വർദ്ധിച്ചിട്ടുണ്ടെങ്കിലും പാത ഇരട്ടിപ്പിക്കലും വൈദ്യുതീകരിക്കലും ഇതുവരെയും നടന്നിട്ടില്ല. ദിനം പ്രതി ശരാശരി 2000 യാത്രക്കാർ പട്ടാമ്പി റെയിൽവേ സ്റ്റേഷൻ യാത്രാ സൗകര്യം ഉപയോഗിക്കുന്നവരായുണ്ട്. ഇതിലേറെയും ഉത്തരേന്ത്യയിൽ നിന്നും തമിഴ്നാട്ടിൽ നിന്നും ദക്ഷിണേന്ത്യയിലെ പേരുകേട്ട ക്ഷേത്രമായ ഗുരുവായൂരിലേക്ക് വരുന്നവരാണ്. ഇവർ പട്ടാമ്പിയിൽ നിന്നും ഗുരുവായൂരിലേക്ക് പോകുവാൻ റോഡുഗതാഗതത്തെ ആശ്രയിക്കുന്നു. ഇവരുടെയെല്ലാം ചിരകാലാഭിലാഷമായ പട്ടാമ്പി ഗുരുവായൂർ തീവണ്ടിപാത ഇന്നും ഒരു വിദൂരസ്വപ്നമായി അവശേഷിക്കുന്നു. കുറ്റിപ്പുറം-ഗുരുവായൂർ തീവണ്ടിപ്പാതയേക്കാൾ എന്തുകൊണ്ടും പ്രാധാന്യം അർഹിക്കുന്ന ഈ പാതയ്ക്ക് വേണ്ടി നാം ഒന്നിച്ച് ശബ്ദമുയർത്തേണ്ടിയിരിക്കുന്നു. റോഡ് ഗതാഗതത്തിൽ ഈ പഞ്ചായത്തിന് അനുഗ്രഹമായിരിക്കുന്നതും മറ്റ് പട്ടണ പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്നതുമായ സ്റ്റേറ്റ്ഹൈവേ ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നുണ്ട്. ഈ ഇനത്തിൽ പട്ടാമ്പി പെരിന്തൽമണ്ണ റോഡും, പട്ടാമ്പി പാലക്കാട് റോഡും, പട്ടാമ്പി ഗുരുവായൂർ റോഡുമാണ്. വളരെയധികം ഗതാഗതം ഈ റോഡുകളിൽകൂടി ദിനം പ്രതി നടക്കുന്നു. പട്ടാമ്പി പഞ്ചായത്തിന്റെ വികസനത്തിൽ ഈ റോഡുകൾ നിർണ്ണായക പങ്കു വഹിക്കുന്നുണ്ട്. അതുപോലെതന്നെ പട്ടാമ്പിയിൽനിന്നും ചെർപ്പുളശ്ശേരിക്കും, പട്ടാമ്പിയിൽനിന്ന് പള്ളിപ്പുറത്തേക്കും താരതമ്യേന മെച്ചപ്പെട്ട റോഡ് സൗകര്യം ഈ പഞ്ചായത്തിന് ഉണ്ട്. പഞ്ചായത്തിൽ വാഹനഗതാഗതയോഗ്യമായ 91.492 കിലോമീറ്റർ റോഡ് ഉണ്ട്. ഒരു ചതുരശ്ര കി.മീറ്റർ വിസ്തീർണ്ണത്തിന് ശരാശരി 5.74 കിലോമീറ്റർ റോഡ് സൗകര്യം ഉള്ളത് സംസ്ഥാന ശരാശരിയായ 3.2 കി.മീറ്ററുമായി തട്ടിച്ചു നോക്കുമ്പോൾ റോഡുകളുടെ കാര്യത്തിൽ ഈ പഞ്ചായത്ത് എറെ മുന്നിലാണെന്ന് കാണാം. ആകെയുള്ള 91.492 കി.മീറ്റർ റോഡിൽ 33 കിലോമീറ്റർ റോഡ് മാത്രമാണ് ടാർ ചെയ്തിട്ടുള്ളവ. 10.500 കിലോമീറ്റർ PWD റോഡാണ്. കഴിഞ്ഞ 5 വർഷം കൊണ്ട് പുതിയതായി 3 കിലോമീറ്റർ റോഡ് വെട്ടിയിട്ടുണ്ട്. ഈ കാലയളവിൽ 3 കിലോമീറ്റർ റോഡ് പുതുതായി ടാർ ചെയ്തിട്ടുണ്ട്. കഴിഞ്ഞ 5 വർഷ കാലയളവിൽ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് 38, 40, 684 രൂപ ചിലവഴിച്ചിട്ടുണ്ട്.

പട്ടാമ്പിപഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ സംബന്ധിച്ച വിവരങ്ങൾ പട്ടിക 1 ൽ ചേർക്കുന്നു.

## പട്ടിക I

## പട്ടാമ്പിപഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ സംബന്ധിച്ച വിവരങ്ങൾ

| റോഡിന്റെപൊതു സ്വഭാവം | | | | | | | |
|---|---|---|---|---|---|---|---|
| കച്ച | പക്ക | മെറ്റൽ | പഞ്ചായത്ത് | PWD | NH | മറ്റുള്ളവ | ആകെ |
| 10.289Km | 43.788Km | 4.800Km | 22.500Km | 10.500Km | ഇല്ല | 0.415Km | 91.492Km |

ടാർ ചെയ്തതും ടാർ ചെയ്യാത്തതുമായ റോഡുകളുടെ വാർഡ് തിരിച്ചുള്ള വിവരങ്ങൾ താഴെ പട്ടിക–2 ൽ ചേർത്തിരിക്കുന്നു.

## പട്ടിക–2

## പട്ടാമ്പി ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള റോഡുകളുടെ വാർഡ് തിരിച്ചുള്ള വിവരം

| Ward No. | ടാറിടാത്തത് | ടാറിട്ടത് | PWD | Total |
|---|---|---|---|---|
| 1 | 6.00 കി.മീ | 1.500 കി.മീ | 0.500 കി.മീ | 8.00 കി.മീ |
| 2. | 5.100 കി.മീ | 0.600 കി.മീ | 2.000 കി.മീ | 7.700 കി.മീ |
| 3. | 3.500 കി.മീ | 2.00 കി.മീ | ജ.200 കി.മീ | 5.700 കി.മീ |
| 4. | 500 കി.മീ | 5.00 കി.മീ | 1.000 കി.മീ | 6.500 കി.മീ |
| 5. | 1.00 കി.മീ. | 2.000 കി.മീ. | 1.00 കി.മീ | 4.00 കി.മീ |
| 6. | 10.00 കി.മീ | 3.00 കി.മീ | 2000 കി.മീ | 15 കി.മീ |
| 7. | 4.000 കി.മീ | 5000 കി.മീ | 1.220 കി.മീ | 10 കി.മീ |
| 8. | 6.00 കി.മീ | 500 കി.മീ | — | 11.00 കി.മീ |
| 9. | 5.500 കി.മീ | 3.00 കി.മീ | — | 8.500 കി.മീ |
| 10 | 5.500 കി.മീ | 2.500 കി.മീ | 2.00 കി.മീ | 10.000 കി.മീ |
| | **46.600 കി.മീ** | **29.600 കി.മീ** | **10.400 കി.മീ** | **77600 കി.മീ.** |

മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് സാമാന്യം മെച്ചപ്പെട്ട റോഡ് ശൃംഗലയുണ്ടെങ്കിലും വാഹനങ്ങളുടെ ബാഹുല്യം നിമിത്തം തിരക്കേറിയതായി മാറികൊണ്ടിരിക്കുന്ന പട്ടാമ്പിക്ക് കാലാനുസൃതമായി ഗതാഗത സൗകര്യങ്ങളിൽ പുരോഗതിയില്ലാത്തതും നിരന്തരമുണ്ടാകുന്ന ഗതാഗതക്കുരുക്കിന് കാരണമാകുന്നു. മറ്റ് ടൗണുകൾ വൺവേ സമ്പ്രദായം വഴി ഗതാഗത കുരുക്ക് ഒഴിവാക്കാൻ ശ്രമിക്കുമ്പോൾ ഇവിടേയും വൺവേ എർപ്പെടുത്തുന്ന കാര്യം ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ 50 വർഷമായി നിലവിലുള്ള PWD റോഡ് തന്നെയാണ് കാര്യമായ ഒരു മാറ്റവും കൂടാതെ നാം ഉപയോഗിക്കുന്നത്. ഗതാഗതം തിരിച്ചുവിടുവാൻ മറ്റൊരു റോഡ് ഇല്ലത്തതാണ് പ്രധാനപ്രശ്നം.

പട്ടാമ്പി ടൗണിൽ നിന്നും വിട്ടുകിടക്കുന്ന വാർഡുകളെ പട്ടാമ്പി ടൗണുമായി ബന്ധിപ്പിക്കുന്നതിന് ഇനിയും കൂടുതൽ റോഡ് സൗകര്യങ്ങൾ ആവശ്യമാണ്. നിലവിലുള്ള റോഡുകളുടെ സ്ഥിതി വളരെ മോശമാണ്. ടൗണിലെ PWD റോഡുകൾക്കൊഴികെ മറ്റ് റോഡുകൾക്കൊന്നും ഓവുചാലുകളോ വേണ്ടിടത്ത് കൾവർട്ടറുകളോ ഇല്ല. ടൗണിലെ ഓവുചാലുകൾതന്നെ വേണ്ടത്ര പരിപാലനമില്ലാത്തതിനാൽ അടയുന്നതുകൊണ്ട് മഴക്കാലത്ത് ശരിയായി മലിനജലം ഒഴുകിപോകാതെ റോഡിലേയ്ക്ക് പ്രവഹിക്കുന്നതു നിമിത്തം നിലവിലുള്ള റോഡുകൾ തകരുകയും വാഹനഗതാഗതം തടസ്സപ്പെടുകയും ചെയ്യുന്നുണ്ട്. ടൗണിലെ റോഡിന്റെ വീതി കൂട്ടി ശരിയായ രീതിയിൽ അറ്റകുറ്റപ്പണികൾ നടത്തേണ്ടിയിരിക്കുന്നു. ഉൾപ്രദേശങ്ങളിൽ ആവശ്യമുള്ളേടത്ത് പുതിയറോഡ്വെട്ടുകയും നിലവിലുള്ള റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യണം. അറ്റകുറ്റപ്പണികളും റീടാറിംഗും വേണ്ടിടത്ത് യഥാസമയം നടത്താത്തതുകൊണ്ട് നിലവിലുള്ള ഗ്രാമീണ റോഡുകൾ തന്നെ ഉപയോഗിക്കാൻകഴിയാത്തസ്ഥിതി പലയിടത്തും ഉണ്ട്. വർഷങ്ങളായി അറ്റകുറ്റ പ്പണികൾ നടത്താത്ത പഞ്ചായത്ത് റോഡുകളും നിലവിലുള്ളതായി ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. മറ്റ് വാർഡുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ടൗണിൽ നിന്നും അകന്നു കിടക്കുന്ന 1, 2, വാർഡുകളിൽ റോഡ് സൗകര്യങ്ങൾ മെച്ചപ്പെട്ടതല്ല.

പട്ടാമ്പി ഗ്രാമപഞ്ചായത്തിലെ 3, 4, 5 വാർഡുകളിലെ ജനങ്ങൾക്കും, മുതുതല പഞ്ചായത്തിലെ ആലിക്കപറമ്പ്, പെരുമുടിയൂർ പ്രദേശങ്ങളിലെ ജനങ്ങൾക്കും സ്ക്കൂൾ കുട്ടികൾക്കും പട്ടാമ്പി റെയിൽവേലൈൻ മുറിച്ചു കടന്നു വേണം പട്ടാമ്പി ബസ്സ് സ്റ്റാന്റിലും ഗവ: യു.പി. സ്ക്കൂളിലും എത്താൻ. അതു പോലെതന്നെ പട്ടാമ്പി ഗവ: ആശുപത്രി, ബ്ലോക്ക് ഓഫീസ്, സബ് രജിസ്ട്രാർ ഓഫീസ്, വില്ലേജ് ഓഫീസ്, സർവേ ഓഫീസ്, ഗ്രാമപഞ്ചായത്ത് ഓഫീസ്, PWD ബിൽഡിംഗ്സ്/റോഡ്സ്അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസ്, ഫുഡ് ഇൻസ്പെക്ടർ ഓഫീസ്, കൃഷിഭവൻ ഓഫീസ്, പോസ്റ്റ്ഓഫീസ്, മത്സ്യ-മാംസ മാർക്കറ്റ് തുടങ്ങിയ സ്ഥാപനങ്ങൾ റെയിൽവേലൈനിന് വടക്ക് ഭാഗത്തായാണ് സ്ഥിതിചെയ്യുന്നത്.

ഇവിടങ്ങളിലേയ്ക്ക് ആയിരക്കണക്കിന് ജനങ്ങളും രോഗികളും റെയിൽവേ ലൈൻ മുറിച്ചുകടന്നു വേണം എത്തുവാൻ. പട്ടാമ്പി ഗവ: ആശുപത്രി റോഡും പട്ടാമ്പി ബസ്സ് സ്റ്റാന്റുമായി ബന്ധിപ്പിക്കുന്ന ഒരു അണ്ടർ ബ്രിഡ്ജ് നിർമ്മിക്കുക എന്നത് അടിയന്തിര പ്രാധാന്യം അർഹിക്കുന്ന വികസനാവശ്യമാണ്. വാഹനങ്ങൾക്ക് കൂടി കടന്നുപോകത്തക്ക വീതിയുള്ള അണ്ടർ ബ്രിഡ്ജ് നിർമ്മിച്ചാൽ വാഹനഗതാഗതം ഇതിലൂടെ തിരിച്ചുവിട്ട് ടൗണിലെ മണിക്കൂറുകളോളം നിലനിൽക്കുന്ന ഗതാഗത ക്കുരുക്ക് ഒഴിവാക്കനാകും. മാർക്കറ്റ് റോഡിൽ കാലത്ത് 6 മണിമുതൽ 10 മണിവരെ മത്സ്യ വണ്ടികൾ ഗതാഗത തടസ്സം സൃഷ്ടിക്കുന്നു. പട്ടാമ്പി ഗവ: ആശുപത്രിയിലേക്ക് വരുന്നരോഗികൾ മണിക്കുറുകളോളം ഈ വാഹനകുരുക്കിൽപ്പെട്ട് ആശുപത്രിയിൽ എത്താൻ കഴിയാതെ വിഷമിക്കുന്നുണ്ട്. ഇതിന് പരിഹാരമാർഗ്ഗവും മേൽപ്പറഞ്ഞ റെയിൽവേ അണ്ടർബ്രിഡ്ജ് തന്നെയാണ്. വാഹന ഗതാഗത സൗകര്യത്തോടുകൂടിയ അണ്ടർബ്രിഡ്ജ് പണി റെയിൽവേയുമായി ബന്ധപ്പെട്ട് യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കിയാലേ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയൂ.

**ടാറിടേണ്ട റോഡുകൾ**

ഈ പഞ്ചായത്തിൽ 43.790 കിലാ മീറ്റർ റോഡ് പുതുതായി ടാറിടേണ്ടതും 31.500 km റോഡ് പുതുതായി നിർമ്മിച്ച് ടാറിട്ട് ഗതാഗത സൗകര്യം വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. പട്ടാമ്പി പഞ്ചായത്തിൽ ടാറിടേണ്ടതും പുതുതായി നിർമ്മിച്ച് ടാറിടേണ്ടതുമായ റോഡുകളുടെ വാർഡു തിരിച്ചുള്ള സംക്ഷിപ്ത വിവരങ്ങൾ പട്ടിക 3-ൽ ചേർത്തിരിക്കുന്നു.

**പട്ടിക -3**

**പട്ടാമ്പി ഗ്രാമപഞ്ചായത്തിൽ ടാറിടേണ്ടതും പുതുതായി നിർമ്മിച്ച് ടാറിടേണ്ടതുമായ റോഡുകളുടെ നീളങ്ങളുടെ സംക്ഷിപ്ത വിവരം**

| Ward No. | ടാറിടേണ്ടറോഡിൻെറ നീളം | പുതുതായി റോഡ് നിർമ്മിച്ച് ടാറിടേണ്ടത് |
|---|---|---|
| I | 5200 മീ. | 7150 മീ. |
| II | 6590 മീ. | 5560 മീ. |
| III | 5450 മീ. | 3550 മീ. |
| IV | 1100 മീ. | 500 മീ. |
| V | 900 മീ. | 1500 മീ. |
| VI | 7400 മീ. | 2700 മീ. |
| VII | 2500 മീ. | 2160 മീ. |
| VIII | 6350 മീ. | 5500 മീ. |
| IX | 6600 മീ. | 2080 മീ. |
| X | 1800 മീ. | 300 മീ. |
| Total | 43890 മീ. | 31500 മീ. |

പട്ടാമ്പി ഗ്രാമ പഞ്ചായത്തിലെ 10 വാർഡുകളിലെ ഗ്രാമസഭകളിൽ ഉയർന്നുവന്ന റോഡുകൾ സംബന്ധിച്ച വികസനാവശ്യം വളരെ വലുതാണ്. ഗ്രാമീണ ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിൽ റോഡുകൾ വലിയ പങ്ക് വഹിക്കുന്നു എന്നത് ജനങ്ങൾ ഇതിനകം പൂർണമായും മനസ്സിലാക്കി കഴിഞ്ഞിരിക്കുന്നു. ഗ്രാമസഭകളിൽ എറ്റവും മുന്തിയ പരിഗണന നൽകിയ വിഷയങ്ങളിൽ കുടിവെള്ളം, കിണർ, റോഡ് സൗകര്യങ്ങൾക്കാണ് മുൻതൂക്കം. ഈ പഞ്ചായത്തിലെ 1മുതൽ 10 വരെയുള്ള വാർഡുകളിൽ നിലവിലുള്ള റോഡുകൾ ടാറിടേണ്ടതും, പുതിയവ നിർമ്മിച്ച് ടാറിടേണ്ടതും സംബന്ധിച്ച് മുൻഗണനാക്രമത്തിൽ വാർഡടിസ്ഥാനത്തിൽ വിശദമായി താഴെ പട്ടിക 4ലും, 5ലും ചേർക്കുന്നു.

## പട്ടിക 4

## പട്ടാമ്പി ഗ്രാമപഞ്ചായത്തിൽ ടാറിടേണ്ട റോഡുകളുടെ വാർഡ് തിരിച്ചുള്ള വിവരം

| വാർഡ് | ക്രമ നമ്പർ | നിലവിലുള്ളറോഡുകളുടെ പേര് | ടാറി ടേണ്ടവ | റീടാറി ടേണ്ടവ | നിളം മീറ്ററിൽ | മുൻഗണനാക്രമം | അഭിപ്രായകുറിപ്പ് |
|---|---|---|---|---|---|---|---|
| I | 1. | ആമയൂർ സ്ക്കൂൾ- ഗുരുതിയൻ കാവ് | | | 1500 | | |
| | 2. | മന്നത്ത് പുറം - വാരിയത്ത് പടി | | | 700 | | |
| | 3. | വള്ളൂർ ഞാഴിത്തോട്ടിരി | | | 500 | | |
| | 4. | വള്ളൂർ മൃഗാശുപത്രി-മുതുതല | | | 300 | | |
| | 5. | വിഷ്ണുക്ഷേത്രം-മൃഗാശുപത്രി | | | 300 | | |
| | 6. | വേലൂർതൊടി-കാവിൽപടി | | | 400 | | |
| | 7. | ഗുരുതിയൻകാവ്-നുകപടി | | | 500 | | |
| | 8. | വള്ളുർ ക്വാറി വഴി-ശങ്കരമംഗലം | | | 500 | | |
| | 9. | വള്ളൂർപള്ളിയുടെ തെക്കുഭാഗം | | | 200 | | |
| | 10. | ഉള്ളാട്ടുപടി മന്നത്തുപുരം | | | 300 | | |
| | | ആകെ | | | 5200 | | |

| വാർഡ് | ക്രമ നമ്പർ | നിലവിലുള്ളറോഡുകളുടെ പേര് | ടാറി ടേണ്ടവ | റീടാറി ടേണ്ടവ | നിളം മീറ്ററിൽ | മുൻഗണനാക്രമം | അഭിപ്രായകുറിപ്പ് |
|---|---|---|---|---|---|---|---|
| II | 1. | അമ്മും കുന്നത്ത് പടി-കുന്നക്കാട്ട് പറമ്പ് | | | 1440 | | |
| | 2. | തെക്കുമുറി-കള്ളിക്കാട് കോളനിറോഡ് | | | 670 | | |
| | 3. | കാശാപ്പ് കുന്ന് 5സെന്റ് കോളനിറോഡ് | | | 410 | | |
| | 4. | പള്ളിപ്പാട് കോളനിറോഡ് | | | 680 | | |
| | 5. | ശങ്കരമംഗലം AMLP സ്ക്കൂൾ റോഡ് | | | 410 | | |
| | 6. | തെക്കുമുറി മദ്രസ്സ-കള്ളിക്കാട് | | | 400 | | |
| | 7. | ലക്ഷം വീട് കോളനി റോഡ് | | | 360 | | |
| | 8. | ശങ്കരമംഗലം കോഴിക്കോട്ടിരി MLA റോഡിൽ നിന്നും ക്വാറി വഴി വള്ളൂർ റോഡ് | | | 500 | | |
| | 9. | ഹെൽത്ത് സെന്റർ റോഡ് ജംഗ്ഷനിൽ നിന്നു ചോലയിൽറോഡ് | | | 600 | | |
| | 10. | എൻ.ടി ആലിക്കുട്ടി വീടു വഴി കിളായ് റോഡ് | | | 400 | | |
| | 11. | പട്ടാമ്പി പെരിന്തൽമണ്ണ PWD റോഡിൽനിന്നും സ്റ്റേഡിയം റോഡ് | | | 50 | | |
| | 12. | വാരിയത്ത് പടി റോഡ് | | | 250 | | |
| | 13. | രണ്ടാം മൈൽ പഞ്ചായത്ത് കിണർ വഴി കൊപ്പംക്കോട് അയ്യപ്പൻ വീട് റോഡ് | | | 420 | | |
| | | ആകെ | | | 6590 | | |
| III | 1. | വടക്കുമുറി-വിക്കരാത്ത് പടി തെക്കുമുറി | | | 1100 | | |
| | 2. | പന്തക്കൽ പറമ്പ്- മൂർക്കാട്ട് പറമ്പ് | | | 450 | | |
| | 3. | ബാലഗോപാലൻപടി റോഡ് | | | 150 | | |
| | 4. | ഞാണുമ്പത്തൊടി പട്ടിക ജാതി കോളനി റോഡ് | | | 500 | | |
| | 5. | വടക്കുമുറി- വിക്കരാത്ത് പടിശല്ലിയിൽ മന പടി വഴി കളത്തിൽതൊടി റിങ്ങ് റോഡ് | | | 1000 | | |
| | 6. | മേലേപട്ടാമ്പി-കുളപ്പുറംവട്ടക്കാവ്ശാഖറോഡ് | | | 500 | | |

| വാർഡ് | ക്രമ നമ്പർ | നിലവിലുള്ളറോഡുകളുടെ പേര് | ടാറി ടേണ്ടവ | റീടാറി ടേണ്ടവ | നിളം മീറ്ററിൽ | മുൻഗണനാക്രമം | അഭിപ്രായകുറിപ്പ് |
|---|---|---|---|---|---|---|---|
| III | 7. | പന്തക്കൽ പറമ്പ് ശങ്കരനാരായണൻ മാസ്റ്റർ വീട് റോഡ് | | | 150 | | |
| | 8. | മേലേപട്ടാമ്പി പന്തക്കൽപറമ്പ് കുളപ്പുറം റോഡ് | | | 1500 | | |
| | 9. | വടക്കുമുറി-തെക്കുമുറി റോഡിൽ നിന്നും പാടത്തേക്കുള്ള റോഡ് കുണ്ടുതൊടി പടി വഴി | | | 100 | | |
| | | ആകെ | | | 5450 | | |
| IV | 1. | ചോലപറമ്പ് റോഡ് | | | 500 | | |
| | 2. | K S E B ഓഫീസ് മുതൽ കിഴായൂർ റോഡ് വരെ | | | 600 | | |
| | | ആകെ | | | 1100 | | |
| V | 1. | തോട്ടം കോളനിറോഡ് | | | 400 | | |
| | 2. | കോഴിക്കുന്ന് റോഡിൽ നിന്നും നിരവത്ത് പാടം റോഡ് | | | 500 | | |
| | | ആകെ | | | 900 | | |
| VI | 1. | കൊടലൂർ റേഷൻഷാപ്പ് സ്വയബിപടി റോഡ് | | | 1100 | | |
| | 2. | കൊട്ടാരം പടി തങ്ങൾ പടി റോഡ് | | | 600 | | |
| | 3. | സ്വയബിപടി-കളപ്പാറ റോഡ് | | | 1000 | | |
| | 4. | കൊടലൂർ പള്ളിറോഡ് ജംഗ്ഷൻ പൂവ്വത്തോട് | | | 1500 | | |
| | 5. | പെരിക്കാട്ടുകുളം കളപ്പാറ റോഡ് | | | 800 | | |
| | 6. | ഹെൽത്ത് സെന്റർ ഉണ്ണിഭ്രാന്തൻകാവ് റോഡ് ബാക്കിഭാഗം | | | 250 | | |

| വാർഡ് | ക്രമ നമ്പർ | നിലവിലുള്ളറോഡുകളുടെ പേര് | ടാറി ടേണ്ടവ | റീടാറി ടേണ്ടവ | നിളം മീറ്ററിൽ | മുൻഗണനാക്രമം | അഭിപ്രായകുറിപ്പ് |
|---|---|---|---|---|---|---|---|
| VI | 7. | ഹെൽത്ത്സെന്റർനെടിയൻകുന്ന് വഴി MLA Road | | | 700 | | |
| | 8. | MLA റോഡ് കൊട്ടരം പടി (വിജയന്റെവീടിന് സമീപം) | | | 300 | | |
| | 9. | MLA റോഡ് CKM കോളനിവഴി MLA റോഡ് റീടാറിംഗ് | | | 400 | | |
| | 10. | ശങ്കരമംഗലം മെയിൻറോഡ്–പനംകുറ്റിപ്പടി റോഡ് | | | 200 | | |
| | 11. | CKM കോളനി നെടിയൻകുന്ന് കോളനി | | | 150 | | |
| | 12. | MLA റോഡ് വാരിയത്ത് പടി SL കോളനി വഴി സ്വയബി | | | 400 | | |
| | | ആകെ. | | | 7400 | | |
| VII | 1. | പാങ്കുത്ത് റോഡ് | | | 1100 | | |
| | 2. | കൊടലൂർ കൃഷിഫാം വടക്കേഗേറ്റ് വരെ | | | 150 | | |
| | 3. | പടനായകത്ത് പടി മുല്ലയ്ക്കൽക്ഷേത്രം | | | 500 | | |
| | 4. | പാണ്ടകുളം MLA റോഡ് | | | 250 | | |
| | 5. | മരുതൂർ A M L P പാക്കുത്ത് ലിംങ്ക് റോഡ് | | | 500 | | |
| | | ആകെ | | | 2500 | | |
| VIII | 1. | കുയിലങ്ങാട്ടുപടി റോഡ്–ലിങ്ക്റോഡ് | | | 1000 | | |
| | 2. | കൊരട്ടിപടി കൊണ്ടൂർക്കര വാണിയാർകുന്ന്വഴി | | | 600 | | |
| | 3. | ആക്കുന്ന് കോളനിറോഡ് | | | 550 | | |
| | 4. | ഹിദായത്ത് പടി–കൊരട്ടിപ്പടി | | | 850 | | |
| | 5. | ചെറുളിപ്പപ്പറമ്പ്റോഡ് | | | 300 | | |

| വാർഡ് | ക്രമ നമ്പർ | നിലവിലുള്ളറോഡുകളുടെ പേര് | ടാറി ടേണ്ടവ | റീടാറി ടേണ്ടവ | നിളം മീറ്ററിൽ | മുൻഗണനാക്രമം | അഭിപ്രായകുറിപ്പ് |
|---|---|---|---|---|---|---|---|
| VIII | 6. | മേലേ പട്ടാമ്പി കണ്ണക്കരറോഡ് റീടാറിംഗ് | | | 800 | | |
| | 7. | ഗോപിമേനോൻ പടി റോഡ് | | | 750 | | |
| | 8. | ആന്തൂർപള്ളിയാൽ ബാലവാടി റീടാറിംഗ് | | | 750 | | |
| | 9. | ശ്രീകൃഷ്ണ റൈസ്മില്ല് ചരളിപ്പറമ്പ് റോഡ് | | | 600 | | |
| | 10. | ഹിദായത്ത് നഗർ–കുമാരി കയറ്റം | | | 400 | | |
| | | ആകെ | | | 6600 | | |
| IX | 1. | നമ്പ്രം പട്ടികജാതി കോളനിറോഡ് | | | 2000 | | |
| | 2. | കിഴായൂർസ്ക്കൂൾ ആനങ്ങാട്ടു പള്ളിയാൽ (സ്ക്കൂൾറോഡ്) | | | 1500 | | |
| | 3. | സുബ്രഹ്മണ്യൻകോവിൽറോഡ് | | | 500 | | |
| | 4. | ആശാരികോളനിറോഡ് | | | 1500 | | |
| | 5. | ഹെൽത്ത്സെന്റർറോഡ് | | | 500 | | |
| | 6. | വട്ടത്തൊടി പടി റോഡ് | | | 500 | | |
| | | ആകെ | | | 6500 | | |
| X | 1. | അലക്സ് തീയ്യറ്റർ കൈത്തളിക്ഷേത്രം വഴി പെരിന്തൽമണ്ണറോഡ് | | | 1000 | | |
| | 2. | സക്കീനാകോളനിറോഡ് | | | 250 | | |
| | 3. | അഡ്വക്കേറ്റ് കരുണാകരൻറോഡ് | | | 150 | | |
| | 4. | മേലേപട്ടാമ്പി പള്ളിക്ക് വടക്കുവശം റോഡ് | | | 250 | | |
| | 5. | കല്പക സ്ട്രീറ്റ് കോളേജ്റോഡ് | | | 150 | | |
| | | ആകെ | | | 1800 | | |

## പട്ടിക 5

## പട്ടാമ്പി ഗ്രാമപഞ്ചായത്തിൽ പുതുതായി നിർമ്മിച്ച് ടാറിടേണ്ട റോഡുകൾ സംബന്ധിച്ച വാർഡ് തിരിച്ചുള്ള വിവരം

| വാർഡ് | ക്രമ നമ്പർ | നിലവിലുള്ളറോഡുകളുടെ പേര് | നിളം മീറ്ററിൽ | മുൻഗണനാക്രമം | അഭിപ്രായ കുറിപ്പ് |
|---|---|---|---|---|---|
| I | 1. | വള്ളൂർ കോവിൽ-മുതുതല | 100 | | |
| | 2. | ആമയൂർതോൽക്കമ്പനി പട്ടികജാതി കോളനി വഴി ഗുരുതിയൻകാവ് | 1300 | | |
| | 3. | കരുവത്തൊടി വഴി വിഷ്ണുക്ഷേത്രം | 500 | | |
| | 4. | ഗുരുതിയൻകാവ്-പൊറ്റക്കാട് | 500 | | |
| | 5. | വിഷ്ണുക്ഷേത്രം കാവിൽപടി | 500 | | |
| | 6. | മന്നത്തുപുറം ഇടപ്പുള്ളി വഴി ശിവക്ഷേത്രം | 750 | | |
| | 7. | ഗുരുതിയൻകാവ് ചെറുത്തിപ്പറമ്പ് പറക്കാട് | 1000 | | |
| | 8. | കൊപ്പംറോഡ് ചക്കുംതൊടി വഴി ഗുരുതിയൻ കാവ് | 1000 | | |
| | 9. | രണ്ടാംമൈൽ നാണുനായർ | 200 | | |
| | 10. | മന്നത്തുപുറം പൊറ്റക്കാട്ടുചിറ | 500 | | |
| | 11. | വാരിയത്തുപടി മൃഗാശുപത്രി | 500 | | |
| | 12. | വിഷ്ണുക്ഷേത്രം കഢ്രാമത്ത്പടി | 300 | | |
| | | ആകെ | 7150 | | |
| II | 1. | പള്ളിപ്പാട് കോളനിയുടെ ബാക്കിഭാഗം നെല്ലിപ്പറമ്പ് വഴി ശങ്കരമംഗലം കൊഴിക്കാട്ടിരി MLA റോഡ് വരെ | 610 | | |
| | 2. | കശാവ്കുന്ന് കോളനിയിൽനിന്നും വള്ളൂർ റോഡിലേയ്ക്ക് ബന്ധിപ്പിക്കുന്ന ലിങ്ക്റോഡ് | 200 | | |
| | 3. | പെരിന്തൽമണ്ണ റോഡിൽ നിന്നും രണ്ടാംമൈൽ മുതിരപ്പറമ്പിൽ ചാത്തവീട് വഴി വള്ളൂർപറക്കാട് റോഡുമായി ബന്ധിപ്പിക്കുന്ന | 1000 | | |
| | 4. | വാരിയത്ത് പടി റോഡിനേയും കിളായ്റോഡിനേയും ബന്ധിപ്പിക്കുന്നറോഡ് | 400 | | |
| | 5. | ശങ്കരമംഗലം കോഴിക്കോട്ടിരി MLAറോഡിനെയും വള്ളൂർ പറക്കാട് റോഡിനെയും ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് | 200 | | |
| | 6. | പള്ളിപ്പാട് കോളനിറോഡിനെയും അമ്മുകുന്നത്തുപടി കുന്നക്കാട്ടു പറമ്പ് റോഡിനേയും ബന്ധിപ്പിക്കുന്ന ലിങ്ക്റോഡ് | 100 | | |
| | 7. | വള്ളൂർ പാടത്ത് റോഡിൽ നിന്നും മനക്കത്തൊടി വീരാൻവീടുവരെ | 400 | | |
| | 8. | പെരിന്തൽമണ്ണ റോഡിൽനിന്നും (ഹോളോബ്രിക്സ്ന് സമീപം) കോട്ടപ്പടി കുഞ്ഞുമുഹമദ് വീടുവരെ | 300 | | |
| | 9. | കുന്നക്കുാട്ട് പറമ്പ് റോഡിൽനിന്നും ശ്രീവിലാസം വീടുവരെ | 200 | | |
| | 10. | MLA റോഡിൽനിന്നും പള്ളിപ്പാട് കോളനിറോഡിനെ ബന്ധിപ്പിക്കുന്ന നടവഴി കല്ലുപതിച്ച് കോൺക്രീറ്റ്ചെയ്യുക | 200 | | |
| | 11. | ശങ്കരമംഗലം MLA റോഡിൽ നിന്നും ഇരട്ടക്കുളത്തിലേക്ക് ഇറങ്ങുന്നറോഡ് | 150 | | |

| വാർഡ് | ക്രമ നമ്പർ | നിലവിലുള്ളറോഡുകളുടെ പേര് | നിളം മീറ്ററിൽ | മുൻഗണ നാക്രമം | അഭിപ്രായ കുറിപ്പ് |
|---|---|---|---|---|---|
| II | 12. | പള്ളിപ്പാട് കോളനിറേഡിൽനിന്നും രാമൻകുഴി കുഞ്ഞൻ വീടുവരെ | 150 | | |
| | 13. | കൊപ്പംകോട് കോളനിനടവഴി കല്ലുപതിച്ചത് കോൺക്രീറ്റ്ചെയ്യുക. | 150 | | |
| | 14. | പെരിന്തൽമണ്ണ റോഡിൽനിന്നും കുട്ടിച്ചിവീട് വഴി പാടത്തേ്യക്ക് ഇറങ്ങുന്നവഴി വീതി കൂട്ടി റോഡാക്കുക. | 300 | | |
| | 15. | ശങ്കരമംഗലം പോസ്റ്റോഫീസ് സമീപത്തു നിന്നും താഴ ത്തേതിൽ മുഹമദാലി വീടുവഴി പാടത്തേക്കുഇറങ്ങുന്നവഴി | 300 | | |
| | 16. | i ¦ cawK e w AMLPസ്ക്കൂൾ റോഡിൽനിന്നും പഞ്ചായത്ത് സ്റ്റേഡിയം വരെ | 200 | | |
| | 17. | തെക്കുമുറി സെന്ററിൽനിന്നും വടക്കുമുറി റോഡുമായി ബന്ധിക്കുന്ന ഇടവഴി വീതി കൂട്ടി റോഡാക്കുക | 300 | | |
| | 18. | ശങ്കരമംഗലം കോഴിക്കോട്ടിരി MLA റോഡിൽ നിന്നും പള്ളിപ്പാട് ചാമി വീടുവരെ | 200 | | |
| | 19. | MLAറോഡിൽ നിന്നും വേലായുധൻ റോഡു വഴി പള്ളി പ്പാട് കോളനിറോഡുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുക. | 200 | | |
| | | ആകെ | 5560 | | |
| III | 1. | വടക്കമുറി കുണ്ടുതൊടി പടിമുതൽ ഹൈസ്ക്കൂൾ ഗ്രൗണ്ട് വരെ | 800 | | |
| | 2. | ഫാർമസി സട്രീറ്റ് കൊട്ടിൽ വീട് | 250 | | |
| | 3. | ഫാർമസി സട്രീറ്റ് പുത്തൻ മഠം വടക്കുമുറി | 1000 | | |
| | 4. | കുളപ്പുറം പട്ടികജാതി കോളനി | 500 | | |
| | 5. | പന്തക്കൽ പറമ്പ് കുളപ്പുറം റോഡിൽനിന്നും ഞാണുമ്പത്തൊടി പട്ടിക ജാതി കോളനി | 200 | | |
| | 6. | മേലേപട്ടാമ്പി കുളപ്പുറം റോഡിൽ നിന്നും വട്ടക്കക്കാട് ശാഖ റോഡ് വരെ | 400 | | |
| | 7. | വടക്കുമുറി കുമ്പാളപറമ്പ് പട്ടികജാതി കോളനി | 200 | | |
| | 8. | വീരമണി കോളനി | 200 | | |
| | | ആകെ | 3550 | | |
| IV | 1. | ഉമിക്കുന്നിൽനിന്നും ചോലക്കുളം ഭാഗത്തേക്ക് | 500 | | |
| | | ആകെ | 500 | | |
| V | 1. | കോഴിക്കുന്ന് മുതൽ ചെന്നക്കൊടിറോഡ് | 500 | | |
| | 2. | കോഴിക്കുന്ന് ലക്ഷംവീടുകോളനി കീഴേടത്ത് പട്ടികജാതി കോളനി ലിബർട്ടിസ്ട്രീറ്റ് | 500 | | |
| | 3. | PAK കോളനി ചെന്നക്കൊടി | 500 | | |
| | | ആകെ | 1500 | | |
| VI | 1. | MLA റോഡ് കൊടുവായിക്കൽപടി വഴി MLA റോഡ് വരെ | 850 | | |
| | 2. | പെരിക്കാട്ടുകുളം പടിഞ്ഞാറുഭാഗം | 500 | | |

| വാർഡ് | ക്രമ നമ്പർ | നിലവിലുള്ളറോഡുകളുടെ പേര് | നിളം മീറ്ററിൽ | മുൻഗണനാക്രമം | അഭിപ്രായ കുറിപ്പ് |
|---|---|---|---|---|---|
| VI | 3. | നെടിയൻ കുന്ന് കളപ്പാറ റോഡ് പള്ളിവഴി | 400 | | |
| | 4. | MLAറോഡ് മുതൽ ചക്കുംതൊടി വരെയുള്ള നടപ്പാത കോൺക്രീറ്റ് ചെയ്യണം | 150 | | |
| | 5. | കൊടലൂർ പള്ളി പെരിക്കാട്ടുകുളം റോഡ് കല്ലേക്കാട്ടിൽ ചേക്കുട്ടിപ്പറമ്പ് | 800 | | |
| | | ആകെ | 2700 | | |
| VII | 1. | തെക്കേതിൽപടി ചോരക്കുന്ന് | 160 | | |
| | 2. | മനക്കൽപടി ശിവക്ഷേത്രം | 200 | | |
| | 3. | ചികാനിപ്പാറ പ്രഭാകരൻ വീട്-പാടം | 100 | | |
| | 4. | പടനായകന്ന് പടി മുല്ലത്തൽ റോഡ് | 500 | | |
| | 5. | പാണ്ടൻകുളം കോളേജ് റോഡ് | 1200 | | |
| | | ആകെ | 2160 | | |
| VIII | 1. | കൊരട്ടി ആനങ്ങാട്ടുകുളംവഴി കൊണ്ടൂർക്കര റേഷൻകട | 1400 | | |
| | 2. | ചാത്തേത്ത് നബീസ ഇടവഴി വീതികൂട്ടി റോഡാക്കുക | 400 | | |
| | 3. | കുളോർകുന്ന് കോളനി വഴി കുമാരികയറ്റം | 800 | | |
| | 4. | കൃഷിസ്ഥലത്തേയ്ക്ക് ട്രാക്ടർ ഇറങ്ങുന്ന റോഡ് നിർമ്മാണം. | 200 | | |
| | 5. | ആക്കുന്നിന്റെ മുകളിലേക്ക് പുതിയറോഡ് ഇതിന്റെ ലിങ്ക് റോഡ് ശങ്കരൻ പടി വഴി വട്ടപ്പടി വഴി ലിങ്ക് ചെയ്യണം. | 1400 | | |
| | 6. | ആക്കുന്ന് ആന്തൂർപള്ളിയാൽ | 900 | | |
| | 7. | ഉണ്ണികൃഷ്ണൻആശാരി-ബാംവാടിലിങ്ക് | 400 | | |
| | | ആകെ | 5500 | | |
| IX | 1. | ഏട്ടുംമ്പടി-കുയിലങ്ങാട്ട് പടി ലിങ്ക്റോഡ് | 200 | | |
| | 2. | ഏട്ടും മ്പടി തോട്ടുങ്ങൽ കോളനിലിങ്ക് | 200 | | |
| | 3. | നമ്പ്രം പട്ടികജാതി കോളനി-ടോട്ടുങ്ങൽകോളനി | 500 | | |
| | 4. | കിഴായൂർ ഏട്ടുമ്പടി മുതൽ മനപ്പടി | 1000 | | |
| | 5. | തെക്കഞ്ചേരി IHDP കോളനിറോഡ് | 180 | | |
| | | ആകെ | 2080 | | |
| X | 1. | കല്പകാസ്ട്രീറ്റ് റോഡ് വസാനിക്കുന്നിടത്ത് നിന്നും പാടത്തുകൂടി AMLPS മരുതൂരിന്റെ മുൻവശത്തു കൂടിയുള്ള റോഡുമായി ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് | 300 | | |
| | | ആകെ | 300 | | |
| | | Grand Total | 31500 | | |

പഞ്ചായത്തിൽ ഒട്ടാകെ 31.500 കിലോമീറ്റർറോഡ് പുതുതായി നിർമ്മിക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1. നിലവിലുള്ള റോഡുകൾക്ക് ഓടകൾ നിർമ്മിക്കാത്തതിനാൽ മഴക്കാലത്ത് റോഡിൽ വെള്ളം കെട്ടി നിൽക്കുന്ന സ്ഥിതി വിശേഷം ഉണ്ട്.
2. പട്ടാമ്പി പഞ്ചായത്തിൽ നിരവധി പ്രദേശങ്ങളിൽ റോഡ് സൗകര്യം ഇനിയും ലഭ്യമായിട്ടില്ല. ഈയിനത്തിൽ 30 km പുതിയ റോഡിന്റെ കുറവുണ്ട്.
3. നിലവിലുള്ള 44 കിലോമീറ്റർ റോഡ് ഇനിയും ടാറിട്ട് ബലപ്പെടുത്താത്തവയുണ്ട്.
4. പട്ടാമ്പി ഗവ: ആശുപത്രിയിലേക്കും റെയിൽവേസ്റ്റേഷനു വടക്കു വശത്ത് സ്ഥിതിചെയ്യുന്ന വിവിധ സർക്കാർ സ്ഥാപനങ്ങളിലേക്കും വരുന്ന പൊതുജനങ്ങൾക്കും 3, 4, 5, വാർഡുകളിൽ നിന്ന് ഗവ: യു.പി.സ്ക്കൂളിലേയ്ക്ക് വരുന്ന കുട്ടികൾക്കും, ഗവ: ആശുപത്രി റോഡും പട്ടാമ്പി ബസ്സ്റ്റാന്റും തമ്മിൽ ബന്ധിപ്പിക്കുന്ന റെയിൽവേ അണ്ടർബ്രിഡ്ജ് ഇല്ലാത്തതിനാൽ റയിൽ മുറിച്ച് കടക്കേണ്ട ഗുരുതരമായ സ്ഥിതി വിശേഷമുണ്ട്.
5. പട്ടാമ്പിയിൽ വൺവേ സൗകര്യം ഇല്ലാത്തതിനാൽ ടൗണിൽ നിരന്തരം ഗതാഗതകുരുക്ക് ഉണ്ടാകുന്നത് പൊതുജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു.
6. PWD റോഡുകൾക്ക് ടൗണിൽ ഫുട്ട്പാത്ത് സൗകര്യം ഇല്ലാത്തതിനാൽ കാൽ നടക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.
7. ടൗണിലെ PWD റോഡുകളുടെ ഓടകൾ സ്ലാബിട്ട് മൂടാത്തതിനാൽ കടകളിൽ നിന്നും മാലിന്യങ്ങൾ വീണ് ഓടയിൽ തടസ്സം ഉണ്ടാകുന്നത് നിമിത്തം അഴുക്ക് വെള്ളം കെട്ടി നിൽക്കുന്നത് ആരോഗ്യ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
8. മേലേ പട്ടാമ്പിയിൽ പാലക്കാട് റോഡിലും പെരിന്തൽമണ്ണ റോഡിലും വെയിറ്റിംഗ്ഷെഡ് സൗകര്യം ഇല്ലാത്തത് യാത്രക്കാർക്ക് പ്രയാസമുണ്ടാക്കുന്നു.
9. പഞ്ചായത്തിൽ നിലവിലുള്ള ബസ് വെയ്റ്റിംഗ് ഷെഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നൽകാത്തതിനാൽ ചോർന്നൊലിക്കുന്നത് യാത്രക്കാർക്കും ദുരിതം സമ്മാനിക്കുന്നു.
10. വർഷം തോറും റോഡുകൾക്ക് അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യാത്തതിനാൽ നിലവിലുള്ള റോഡുകൾ കുഴിവീണ് തകർന്ന് റോഡ് ഗതാഗതം ദുരിതപൂർണ്ണമാക്കുന്നുണ്ട്.
11. നിലവിൽ വേണ്ടത്ര പാർക്കിംഗ് സൗകര്യങ്ങളോടുകൂടിയ ഓട്ടോ-ടാക്സി, മിനിലോറി-ലോറി സ്റ്റാന്റില്ല. ഇതുമൂലം ടൗണിൽ പലപ്പോഴും ഗതാഗതത്തിന് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്.
12. ഉൾപ്രദേശങ്ങളിലെ പഞ്ചായത്ത് റോഡുകൾക്കൊന്നും ഓടകളില്ല.

## സാദ്ധ്യതകൾ

1. നിലവിലുള്ള 44 കിലോമീറ്ററുകളോളം റോഡ് ടാർ ഇട്ട് ബലപ്പെടുത്തി ഗതാഗത സൗകര്യം മെച്ചപ്പെടുത്താവുന്നതാണ്.
2. പുതായതായി 31.320 കിലോമീറ്റർ റോഡ് 10 വാർഡുകളിലായി പഞ്ചായത്തിൽ നിർമ്മിച്ച് ടാർ ചെയ്ത റോഡ് സൗകര്യം ലഭ്യമല്ലാത്ത പ്രദേശങ്ങളെ വികസനത്തിലേക്ക് നയിക്കാൻ ആവശ്യമായ സമഗ്ര പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുക.
3. പുതിയ റോഡുകൾ നിർമ്മിക്കുന്നതിന്റെ ആകെ ചെലവിന്റെ 20 ശതമാനം വരെ സന്നദ്ധപ്രവർത്തനം വഴി വാർഡ് തലത്തിൽ മനുഷ്യാദ്ധ്വാനം സമാഹരിച്ച് ഈ പദ്ധതി വിജയിപ്പിക്കാവുന്നതാണ്. ഗ്രാമസഭാ തലത്തിൽ ജനങ്ങൾ വ്യപകമായ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.
4. നിലവിലുള്ള റോഡുകളിൽ 90% ത്തിനും അറ്റകുറ്റപ്പണികൾ നടത്തണം.
5. നീർക്കെട്ടുകൾ ഒഴിവാക്കി റോഡിന്റെ ബലം സുരക്ഷിക്കുന്നതിനാവശ്യമായ സ്ഥലങ്ങളിൽ കൾവർട്ടുകൾ നിർമ്മിക്കാൻ പദ്ധതി ആസൂത്രണം ചെയ്യണം.
6. ഗവ: ആശുപത്രി റോഡിനെ പട്ടാമ്പി ബസ്സ്റ്റാന്റുമായി ബന്ധിപ്പിക്കുന്നതിന് റെയിൽവേ അണ്ടർ ബ്രിഡ്ജ് നിർമ്മിക്കുക. ടൗണിലെ വാഹന ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിന് വൺവേ ട്രാഫിക്ക് എർപ്പെടുത്തുന്നതിനും ഇത് ഉപകരിക്കും.
7. പട്ടാമ്പി തെക്കുമുറിയിൽ നിന്ന് ആരംഭിച്ച് വടക്കുമുറി വഴി ആശുപത്രിക്ക് മുൻവശം എത്തുന്ന റോഡ് മുകളിൽപ്പറഞ്ഞ അണ്ടർ ബ്രിഡ്ജുമായി കൂട്ടിയിണക്കിയാൽ ഒരു ബൈപാസ്സ് റോഡായി ഉപയോഗപ്പെടുത്താൻ കഴിയും. ഇത് ടൗണിന്റെയും പഞ്ചായത്തിൽ പൊതുവിലും വികസനത്തിന് ആക്കം കൂട്ടും.
8. വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെയും യാത്രക്കരുടെയും എണ്ണം കണക്കിലെടുക്കുമ്പോൾ പുതിയ ബസ്സ്റ്റാന്റ് മുഴുവൻ ബസുകളേയും ഉൾക്കൊള്ളാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ ഗുരുവായൂർ ഭാഗത്തേയ്ക്കുള്ള ബസ്സുകളും പാലക്കാട് പെരിന്തൽമണ്ണ ഭാഗങ്ങളിലേക്കുള്ള ബസ്സുകളും പുതിയ ബസ്സ്റ്റാന്റിലും ചെർപ്പുളശ്ശേരി, പള്ളിപ്പുറം,തൃത്താല ഭാഗങ്ങളിലേയ്ക്ക് പോകുന്ന ബസ്സുകൾക്ക് നിലവിലുള്ള പഴയബസ്സ്റ്റാന്റ് മച്ചെപ്പെടുത്തി നിലനിർത്തി ഉപയോഗിക്കണം.
9. രണ്ടാം വാർഡിൽ തെക്കുമുറിയിൽ പുതിയ ബസ്സ് വെയിറ്റിംഗ് ഷെഡ് പണിയേണ്ടതാണ്. കാർഷിക-നെല്ല് ഗവേഷണത്തിലെ ജീവനക്കാരും പട്ടാമ്പി ഗ്രാമപഞ്ചായത്തിന്റെ തെക്കുമുറി ആറാം വാർഡിലെയും 7-ാം വാർഡിലേയും പൊതുജനങ്ങളും വിദ്യാർത്ഥികളും ഈ ജംഗ്ഷനിൽ നിന്നാണ് ബസ്സ് കയറി പോകുന്നത്. ഇവരുടെ സൗകര്യാർത്ഥം ഒരു വെയ്റ്റിംഗ് ഷെഡ് പണിയുന്നതിന് റോഡ് സൈഡിൽ സ്ഥലം ലഭ്യമാണ്.

10. പെരിന്തൽമണ്ണ നിന്നും പട്ടാമ്പിക്ക് വരുന്ന ഏതാനും ഓർഡിനറി ബസ്സുകൾ ശങ്കരമംഗലത്തുനിന്നും തിരിച്ചുവിട്ട് ശങ്കരമംഗലം MLA റോഡ് കൊടലൂർ കൂമ്പൻകല്ല് കേളേജ് വഴി പട്ടാമ്പി ടൗണിലേക്കും, ചെർപ്പുളശ്ശേരി നിന്നും പട്ടാമ്പിക്ക് വരുന്ന ഏതാനും ബസ്സുകൾ കൂമ്പൻകല്ല് കൊടലൂർ MLA റോഡ് വഴി ശങ്കരമംഗലത്ത് എത്തി പട്ടാമ്പി ടൗണിലേയ്ക്ക് വരുന്ന രീതിയിലും തിരിച്ചുവിടുകയും 6, 7, 10 വാർഡുകളിലെ ബഹുഭൂരിപക്ഷം ആളുകൾക്കും പട്ടാമ്പി ടൗണിൽ എത്താൻ യാത്രാ സൗകര്യം ലഭ്യമാക്കുകയും ചെയ്യണം.
11. പള്ളിപ്പുറം, മുതുതല, ബസ്സ് ശങ്കരമംഗലം കൊടലൂർ വഴി ചെർപ്പുളശ്ശേരിയിലേയ്ക്കും തിരിച്ചും ബസ്സ് സർവ്വീസ് എർപ്പെടുത്തുക.
12. ഗതാഗത തിരക്കുള്ള പട്ടാമ്പി ബസ്സ്റ്റാന്റ് മുതൽ മേലേ പട്ടാമ്പി വരെയുള്ള റോഡിന് ഫുട്പാത്ത് പണിത് വഴിയാത്രക്കാർക്കും സ്ക്കൂൾ കുട്ടികൾക്കും ആവശ്യമായ സുരക്ഷിതത്വം ഉറപ്പുവരുത്തണം.
13. മേലേ പട്ടാമ്പിയിൽ പെരിന്തൽമണ്ണ റോഡിലും പാലക്കാട് റോഡിലും ഓരോ ബസ് വെയ്റ്റിംഗ് ഷെഡ് പണിയുക.
14. ഓട്ടോ റിക്ഷകൾക്കും ടാക്സികൾക്കും മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടി പ്രത്യേകം പാർക്കക്കിംഗ് സ്റ്റാന്റുകൾ പണിയുകയും ഗതാഗതം നിയന്ത്രിക്കുകയും ചെയ്യുക.

9 -ാം പഞ്ചവത്സര പദ്ധതി പൂർത്തിയാവുന്നതോടുകൂടി പട്ടാമ്പി ഗ്രാമപഞ്ചായത്തിൽ റോഡ് ഗതാഗത സൗകര്യം ഇല്ലാത്ത ഒരു പ്രദേശവും ഉണ്ടാവാൻപാടില്ല എന്നതാണ് ഈ മേഖലയിലെ നമ്മുടെ അത്യന്തികമായ വികസനലക്ഷ്യം.

# മാർക്കറ്റ്

പാലക്കാട് ജില്ലയിലെ പ്രധാനപ്പെട്ട മാർക്കറ്റുകളിൽ ഒന്നാണ് പഞ്ചായത്തിലെ 4-ാം വാർഡിലുള്ള മത്സ്യ-മാംസ ഹോൾസെയിൽ മാർക്കറ്റ്. പഴയകാലത്ത് ഇത് ആഴ്ച ചന്തയായിരുന്നു. പിന്നീടത് ദിവസചന്തയായി മാറുകയായിരുന്നു. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും സംസ്ഥാനത്തിനു പുറത്തുനിന്നുമായി നിത്യവും നൂറുകണക്കിന് വാഹനങ്ങളിൽ ഇവിടെ മത്സ്യം വന്നുകൊണ്ടിരിക്കുന്നു. ഇവിടെ നൂറോളം തൊഴിലാളികളുണ്ട് ഇവിടെ വരുന്ന മത്സ്യം നൂറുകണക്കിനു കച്ചവടക്കാർ സൈക്കിളിലും, ഗുഡ്സ് ഓട്ടോറിക്ഷകളിലും, ടെംബോകളിലുമായി വിവിധഭാഗങ്ങളിലേക്ക് കൊണ്ടുപോകുന്നു. ഇത്രയും കാര്യങ്ങൾക്ക് മാർറ്റിൽ സ്ഥലമില്ലാത്തതുകൊണ്ട് ടി.ബി.റോഡ് മുഴുവനും വാഹനങ്ങളേയും കച്ചവടക്കരേയും കൊണ്ട് നിറയുന്നു. ഇതുകാരണം ഗവ: ഹോസ്പിറ്റൽ,

പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, PWD ഓഫീസ്, ബ്ലോക്ക് ഓഫീസ്, രജിസ്റ്റർ ഓഫീസ്, കൃഷിഭവൻ M.E.S സ്ക്കൂൾ തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് പോകേണ്ടുന്ന രോഗികൾ ഉദ്യോഗസ്ഥന്മാർ, വിദ്യാർത്ഥികൾ, പൊതു ജനങ്ങൾ എന്നിവർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുകയും ഗതാഗത തടസ്സംഉണ്ടാവുകയും ചെയ്യുന്നു.

ഇതിനുപുറമേ ജനസാന്ദ്രതയേറിയ ഒരു സ്ഥലത്ത് മാർക്കറ്റ് സ്ഥിതി ചെയ്യുന്നതുകൊണ്ട് ചുറ്റുപാടുമുള്ള ജനങ്ങൾക്ക് പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. മാർക്കറ്റിൽ നിന്നുമുള്ള മലിനജലം ഇപ്പോൾ ഭാരതപുഴയിലേക്കാണ് ഒഴുകുന്നത്. ഈ അഴുക്കുവെള്ളം കൂടി അടങ്ങിയതാണ് വാട്ടർ അതോറിറ്റി കുടിവെള്ളമായി പഞ്ചായത്തിൽ വിതരണം ചെയ്യുന്നത്. ഇതിനെതിരെയുള്ള പ്രതിഷേധം ജനങ്ങളും പഞ്ചായത്തും വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്തിൽ സ്ലോട്ടർ ഹൗസ് ഇല്ലാത്തതുകാരണം ഇവിടെ നിന്ന് അറവിന് ലൈസൻസ് കൊടുക്കുന്നില്ല. മാംസ കച്ചവടത്തിന് ലൈസൻസ് നൽകുന്നുണ്ട്. എന്നാൽ അനധികൃതമായി അറവു നടക്കുന്നുണ്ട്. ഇതുകാരണം അറക്കുന്ന മൃഗങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നില്ല. മാർക്കറ്റിൽ കോൾഡ് സ്റ്റോറേജ് ഇല്ലാത്തതുകാരണം ബാക്കിവരുന്ന മത്സ്യവും മാംസവും കേടുകൂടാതെയും വൃത്തിയായും സൂക്ഷിക്കാൻ കഴിയാത്ത സാഹചര്യമാണ്. അതുകൊണ്ടുതന്നെ വൃത്തിയില്ലാത്തതും അഴുകിയതുമായ മത്സ്യ മാംസം ഉപയോഗിക്കേണ്ടിവരികയും തന്മൂലം അതിസാരം പോലുള്ള രോഗങ്ങൾ പലപ്പോഴും പിടിപ്പെടുകയും ചെയ്യുന്നു.

പഞ്ചായത്തിൽ നിന്ന് 1995–96 വർഷത്തിൽ മാർക്കറ്റിലെ 16 സ്റ്റാളുകളിൽ നിന്നുമായി 28110 രൂപയും യാഡിൽ നിന്ന് 38250 രൂപയും ലഭിച്ചിട്ടുണ്ട്. മൊത്തത്തിൽ ഇപ്പോഴത്തെ മാർക്കറ്റ് കൊണ്ട് ജനങ്ങൾക്ക് ഗുണത്തേക്കാൾ എറെ ദോഷമാണ് ഉണ്ടാകുന്നത്. അതുകൊണ്ട് ഇപ്പോഴുള്ള മാർക്കറ്റ് മാറ്റി പുതിയ മാർക്കറ്റ് സ്ഥാപിക്കാനുള്ള പഞ്ചായത്തിന്റെ ശ്രമം എത്രയും പെട്ടന്ന് നടപ്പാക്കുകയും, പുതിയ മാർക്കറ്റ് നിർമ്മിക്കുമ്പോൾ മത്സ്യ-മാംസ മാർക്കറ്റുകൾക്ക് പുറമെ പച്ചക്കറി മാർക്കറ്റും, കോൾഡ് സ്റ്റോറേജും, സ്ലോട്ടർഹൗസും മാലിന്യ സംസ്ക്കരണ കേന്ദ്രവും സ്ഥാപിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

1. മത്സ്യ മാർക്കറ്റ് ജനസാന്ദ്രതയേറിയ സ്ഥലത്തു സ്ഥിതിചെയ്യുന്നത് ആ പ്രദേശത്തെ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

2. മത്സ്യ മാർക്കറ്റിലേക്ക് വരുന്ന വാഹനങ്ങളുടെ വർദ്ധിച്ച തിരക്ക് ആശുപത്രിറോഡിൽ ഗതാഗത തടസ്സം സൃഷ്ടിക്കുന്നു.
3. മാർക്കറ്റിൽ വില്ക്കുന്ന മത്സ്യ-മാംസാദികളുടെ ഗുണനിലവാരം പരിശോധിക്കാൻ സൗകര്യങ്ങളില്ല.
4. മാർക്കറ്റിലെ വിലനിലവാരം പരിശോധിക്കാനുള്ള സംവിധാനമില്ലാത്തത് ഉപഭോക്താക്കളിൽനിന്ന് അമിത വില ഈടാക്കുന്നതിന് കാരണമാകുന്നു.
5. പൊതു പച്ചക്കറി മാർക്കറ്റ് ഇല്ലാത്തത് സ്വകാര്യ പച്ചക്കറി മാർക്കറ്റിൽ വില വർദ്ധിക്കുന്നതിന് കാരണമാകുന്നു
6. പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ന്യായവില ലഭിക്കുന്നില്ല. വളരെ കുറഞ്ഞ വിലകൾ പച്ചക്കറി ഉൽപ്പാദകർക്ക് നൽകി ഉപഭോക്താക്കളിൽ നിന്ന് വർദ്ധിച്ച വില പച്ചക്കറികടക്കാർ ഈടാക്കുന്നു.
7. മാർക്കറ്റിൽ നിന്നും പുറംതള്ളുന്ന വസ്തുക്കൾ പരിസരമലിനീകരണത്തിനും ഒഴുകിവരുന്ന മലിനജലം ഭാരതപ്പുഴയിൽനിന്നും പമ്പുചെയ്യുന്ന ശുദ്ധജലത്തിൽ ചേരുന്നതുമൂലം ഉളവാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകുന്നു.

**സാദ്ധ്യതകൾ**

1. ഇപ്പോഴത്തെ മാർക്കറ്റ് ജനസാന്ദ്രത കുറഞ്ഞ നിർദ്ദിഷ്ട സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കേണ്ടതാണ്.
2. മാർക്കറ്റിൽ വില്ക്കുന്ന മത്സ്യമാംസാദികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തണം.
3. മാർക്കറ്റിൽ വിലനിലവാരം പ്രദർശിപ്പിക്കുകയും അമിത വില ഈടാക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും വേണം.
4. പൊതു പച്ചക്കറി മാർക്കറ്റ് പഞ്ചായത്ത് മത്സ്യ മാർക്കറ്റിനോട് ചേർന്നു സ്ഥാപിക്കുക.
5. വാർഡുകൾ തോറും ഉൽപ്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ ന്യായമായവിലക്ക് വിറ്റഴിക്കുന്നതിന് എല്ലാ വാർഡുകളിലും പച്ചക്കറി മാർക്കറ്റുകൾ സ്ഥാപിക്കുക. ഇത് കർഷകന് ന്യായമായ വില ലഭിക്കുന്നതിനും പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിനും സഹായിക്കും.
6. മാർക്കറ്റിൽ നിന്നും പുറം തള്ളുന്ന വസ്തുക്കൾ ഒരു സമൂഹ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് അതിൽ നിക്ഷേപിക്കുകയോ, ജനങ്ങൾക്ക് ദോഷകരമല്ലാത്ത രീതിയിൽ നശിപ്പിച്ചു കളയുകയോ ചെയ്യുക.
7. ആഴ്ച ചന്ത സ്ഥാപിച്ച് ആവശ്യകാർക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കനുള്ള സൗകര്യമുണ്ടാക്കിയാൽ പൊതു വിപണിയിലെ വിലനിലവാരം കുറയാനുള്ള സാദ്ധ്യതയുണ്ട്.



മാറാൻ വെമ്പുന്ന ബസ് സ്റ്റാൻറ്



മാർക്കറ്റ്

*തീരാശാപമായ ഗതാഗതക്കുരുക്ക്*

# വാർത്താ വിനിമയം

## ടെലഫോൺ സൗകര്യങ്ങൾ

വാർത്താവിനിമയ രംഗത്ത് നമ്മുടെ രാജ്യം വമ്പിച്ച പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇതിൻെറ നേട്ടങ്ങൾ കേരളത്തിന് പൊതുവിലും, നമ്മുടെ പഞ്ചായത്തിന് പ്രത്യേകിച്ചും ലഭ്യമായിട്ടുണ്ട്. പാലക്കാട് ജില്ലയിലെ വാണിജ്യപ്രാധാന്യമുള്ള ഈ വള്ളുവനാടൻ ഗ്രാമത്തിൽ മെച്ചപ്പെട്ട വാർത്താവിനിമയ സൗകര്യങ്ങൾ നിലവിലുണ്ട്. ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ഇലക്ട്രോണിക് യുഗത്തിലേക്ക് അതിവേഗം കുതിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ പഞ്ചായത്തിൽ എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയ ഒരു ഇലക്ട്രോണിക് ടെലഫോൺ എക്സ്ചേഞ്ച് പ്രവർത്തിക്കുന്നു. ഇതിൻെറ കീഴിൽ നിലവിൽ 1003 ജനറൽ ഫോൺ കണക്ഷനുകളും 21 S.T.D. ബൂത്തുകളും, രണ്ട് ഫാക്സ് സെൻററുകളും പ്രവർത്തിക്കുന്നു. ഈ മെച്ചപ്പെട്ട വാർത്താവിനിമയ സൗകര്യം ഉപയോഗിച്ച് നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് ലോകത്തിലെ എല്ലാ സ്ഥലങ്ങളുമായും അതിവേഗം ആശയവിനിമയം നടത്തുന്നതിന് സാധിക്കുന്നുണ്ട്. പ്രത്യേകിച്ച് ഗൾഫ് മേഖലയുമായി.

ഫോൺ സൗകര്യങ്ങളുടെ കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് വളരെ മുൻപന്തിയിലാണെങ്കിലും ഫോൺ കണക്ഷനുകൾക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ കൂട്ടത്തിൽ O.Y.T. വിഭാഗത്തിൽ 23-ഉം, ജനറൽ വിഭാഗത്തിൽ 828-ഉം അപേക്ഷകർക്ക് ഫോൺ കണക്ഷനുകൾ ഇനിയും ലഭിക്കേണ്ടതായിട്ടുണ്ട്. അതുപോലെ തന്നെ ഇന്ന് വാണിജ്യമേഖലയായി ഉയർന്നുകൊണ്ടിരിക്കുന്ന പട്ടാമ്പിക്ക് എല്ലാ ആധുനിക ടെലികോം സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് ഒരു ടെലികോം സെൻറർ അടിയന്തിര പ്രാധാന്യം നൽകി സ്ഥാപിക്കേണ്ടതാണ്.

**നിലവിലുള്ള ടെലിഫോൺ സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ**

**പട്ടിക 1**

| നിലവിലുള്ള ജനറൽ കണക്ഷൻസ് | S.T.D. | Fax | O.Y.T. വെയ്റ്റിങ്ങ് ലിസ്റ്റ് | ജനറൽ കണക്ഷൻ | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|
| 1003 | 21 | 2 | 23 | 828 | 1,2,6,7,8,9 എന്നീ വാർഡുകളിൽ പുതുതായി 6 S.T.D. ബൂത്തുകൾ അനുവദിക്കണം. |

(ടെലികോം ഡിപ്പാർട്ട്മെൻറിൽ നിന്നും ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)

N.B. *പട്ടാമ്പിയിൽ ഒരു ടെലികോം സെൻറർ സ്ഥാപിക്കണം. ഇതിനാവശ്യമായ സ്ഥലസൗകര്യങ്ങൾ ലഭ്യമാണ്.*

## പോസ്റ്റൽ സൗകര്യങ്ങൾ

വാർത്താവിനിമയ രംഗത്ത് ജനജീവിതവുമായി ഏറ്റവും ബന്ധപ്പെട്ടിരിക്കുന്നത് കമ്പിത്തപാൽ വകുപ്പിന്റെ സേവനമേഖലയാണ്. ഈ പഞ്ചായത്തിൽ പട്ടാമ്പി ടൗണിൽ നാലാം വാർഡിൽ ഒരു മെയിൻ പോസ്റ്റ് ഓഫീസും, പത്താം വാർഡിൽ ഗവ: സംസ്കൃത കോളേജ് ജംഗ്ഷനിൽ മേലേപട്ടാമ്പി സബ് പോസ്റ്റ് ഓഫീസും, ആറാം വാർഡിൽ ശങ്കരമംഗലത്തും, ഒമ്പതാം വാർഡിൽ കിഴായൂരും ഓരോ E.D. പോസ്റ്റ് ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. ഇവയെല്ലാം കൂടി ഒരു ദിവസം ആയിരക്കണക്കിന് തപാൽ ഉരുപ്പടികൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നു. ഇവയിൽ പട്ടാമ്പിയിലെ മെയിൻ പോസ്റ്റ് ഓഫീസിനു മാത്രമാണ് സ്വന്തമായി കെട്ടിട സൗകര്യമുള്ളത്. മറ്റുള്ളവ വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഈ പ്രദേശത്തെ ജനജീവിതത്തിന്റെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് പട്ടാമ്പി പോസ്റ്റ് ഓഫീസിനെ ഒരു ഹെഡ് പോസ്റ്റ് ഓഫീസായി ഉയർത്തുകയും, പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനസൗകര്യങ്ങൾ ലഭ്യമാക്കുകയും വേണം. നിലവിലുള്ള എല്ലാ E.D. പോസ്റ്റ് ഓഫീസുകളേയും സബ് പോസ്റ്റ് ഓഫീസാക്കി ഉയർത്തുകയും E.D. പോസ്റ്റ് ഓഫീസുകൾ ഇല്ലാത്ത 1,2,3,5,7,8 എന്നീ വാർഡുകളിൽ പുതുതായി E.D. പോസ്റ്റ് ഓഫീസ് സ്ഥാപിക്കുകയും, നിലവിൽ പോസ്റ്റ് ബോക്സുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ ആവശ്യമായ പുതിയ പോസ്റ്റ് ബോക്സുകൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്തിലെ തപാൽ സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ പട്ടിക 2-ൽ ചേർത്തിരിക്കുന്നു.

## സ്പീഡ് പോസ്റ്റ് സൗകര്യങ്ങൾ

സ്വകാര്യമേഖലയിൽ സ്പീഡ് പോസ്റ്റ് സൗകര്യങ്ങൾ നിലവിലുണ്ട്.

## പ്രശ്നങ്ങൾ

1. നിരവധി അപേക്ഷകർക്ക് ടെലിഫോൺ കണക്ഷൻ ലഭിക്കാത്തതായിട്ടുണ്ട്.
2. ടെലികോം സെൻറർ ഇനിയും സ്ഥാപിതമായിട്ടില്ല.
3. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും S.T.D സൗകര്യം എത്തിയിട്ടില്ല.
4. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പോസ്റ്റ് ഓഫീസ് സൗകര്യങ്ങൾ ലഭ്യമല്ല.
5. ടെലിഫോൺ ലൈനുകളും, വൈദ്യുത ലൈനുകളും പലയിടങ്ങളിലും കൂടിപ്പിണയുന്ന സ്ഥിതിവിശേഷമുണ്ട്. താഴ്ന്നു കിടക്കുന്ന ടെലിഫോൺ ലൈനുകൾ ഗതാഗത തടസ്സം ഉണ്ടാക്കുന്നു.
6. R.M.S. സൗകര്യം ഇല്ല.
7. ടെലിഫോൺ ബിൽ കെട്ടുന്നതിലെ കർക്കശമായ വ്യവസ്ഥകൾ ഉപയോക്താക്കൾക്ക് പ്രയാസം ഉണ്ടാക്കുന്നു.

## പട്ടാമ്പി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പോസ്റ്റ് ഓഫീസ് സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ

പട്ടിക 2

| വാർഡ് നമ്പർ | പോസ്റ്റ് ഓഫീസിന്റെ പേര് | കെട്ടിടം സ്വന്തം | വാടക കെട്ടിടം | മെച്ചപ്പെടുത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ | അഭിപ്രായ കുറിപ്പ് |
|---|---|---|---|---|---|
| 4 | പട്ടാമ്പി മെയിൻ പോസ്റ്റ് ഓഫീസ് 679303 | ഉണ്ട് | .... | ഹെഡ് പോസ്റ്റ് ഓഫീസ് ആയി ഉയർത്തുക. | പട്ടാമ്പി ടൗണിൽ പ്രവർത്തിക്കുന്നു |
| 6 | E.D. പോസ്റ്റ് ഓഫീസ് ശങ്കരമംഗലം | ഇല്ല | അതെ | സബ് പോസ്റ്റ് ഓഫീസായി ഉയർത്തുക. | ശങ്കരമംഗലം സെൻററിൽ പ്രവർത്തിക്കുന്നു. |
| 9 | E.D. പോസ്റ്റ് ഓഫീസ് കിഴായൂർ | ഇല്ല | അതെ | സബ് പോസ്റ്റ് ഓഫീസായി ഉയർത്തുക | കിഴായൂർ U.P.സ്കൂളിന് അടുത്ത് |
| 10 | മേലേ പട്ടാമ്പി സബ് പോസ്റ്റ് ഓഫീസ്. 679306 | ഇല്ല | അതെ | സ്വന്തം കെട്ടിടം ആവശ്യമാണ് | ഗവ. കോളേജ് ജംഗ്ഷനിൽ പ്രവർത്തിക്കുന്നു |

1,2,3,5,7,8 എന്നീ വാർഡുകളിൽ പുതുതായി E.D പോസ്റ്റ് ഓഫീസുകൾ സ്ഥാപിക്കുക.
നിലവിൽ പോസ്റ്റ് ബോക്സുകളില്ലാത്ത പ്രദേശങ്ങളിൽ പോസ്റ്റ് ബോക്സുകൾ സ്ഥാപിക്കണം.

### സാധ്യതകൾ

1. നിലവിലുള്ള എല്ലാ അപേക്ഷകർക്കും എത്രയും പെട്ടെന്ന് ടെലിഫോൺ കണക്ഷൻ ലഭ്യമാക്കണം.
2. എട്ടിൽ പരം ടെലിഫോൺ എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്ന പട്ടാമ്പി മേഖലയിൽ അടിയന്തിരമായും ഒരു ടെലികോം സെൻറർ സ്ഥാപിക്കണം.
3. പഞ്ചായത്തിലെ 1,2,6,7,8,9 എന്നീ വാർഡുകളിൽ S.T..D ബൂത്തുകൾ അനുവദിക്കുക.
4. പട്ടാമ്പി മെയിൻ പോസ്റ്റ് ഓഫീസിനെ ഹെഡ് പോസ്റ്റ് ഓഫീസാക്കി ഉയർത്തുക.
5. പുതിയ 6 E.D പോസ്റ്റ് ഓഫീസുകൾ സ്ഥാപിക്കുക.
6. R.M.S. സ്ഥാപിക്കണം.
7. സ്പീഡ് പോസ്റ്റ് സൗകര്യം വർദ്ധിപ്പിക്കണം.
8. ടെലിഫോൺ ബിൽ കെട്ടുന്നതിലെ കർക്കശ വ്യവസ്ഥകൾ ലഘൂകരിക്കുക.

# പാർപ്പിടം - സാമൂഹ്യക്ഷേമം

**പാർപ്പിടം** : വിദ്യാഭ്യാസപരമായും, സാംസ്കാരികമായും ഏറെ മുന്നേറ്റങ്ങൾ ഉണ്ടായിട്ടുള്ള ഈ പഞ്ചായത്തിൽ പാർപ്പിട രംഗത്ത് ഇനിയും വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല. ഇപ്പോൾ ഈ പഞ്ചായത്ത് പട്ടാമ്പി വില്ലേജിൽ മാത്രം ഉൾപ്പെട്ടിരിക്കുന്നു. ഗൾഫ് പണത്തിൻെറ സ്വാധീനം ഈ പഞ്ചായത്തിൻെറ സാമ്പത്തിക മേഖലയിലെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. ഇന്ന് ഉയർന്നു വരുന്ന കെട്ടിടങ്ങളിൽ അധികവും കോൺക്രീറ്റ് സൗധങ്ങളാണ്. താരതമ്യേന ഭൂരിഭാഗം ജനങ്ങളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്തിൻെറ യഥാർത്ഥ ചിത്രം പാർപ്പിട രംഗത്ത് പ്രകടമായി ദൃശ്യമാണ്. താഴ്ന്ന വരുമാനക്കാർ അധികമുള്ള ഈ പ്രദേശത്തെ ഭൂരിഭാഗം പാർപ്പിടങ്ങളും ഇടത്തരം വീടുകളാണ്. പട്ടാമ്പി ടൗണിൽ നിന്നും അകന്ന് സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണരംഗത്ത് വലിയ ഏറ്റക്കുറച്ചിലുകൾ കാണാവുന്നതാണ്. പഞ്ചായത്തിൽ മെച്ചപ്പെട്ട പാർപ്പിട സൗകര്യങ്ങൾ കൂടുതലുള്ളത് 4,5,10 വാർഡുകളിലാണ്.

ഈ പഞ്ചായത്തിൽ ഒട്ടാകെ 6852 കെട്ടിടങ്ങളുള്ളതിൽ 5375 എണ്ണം മാത്രമാണ് പാർപ്പിടമായി ഉപയോഗിക്കുന്നവ. ഇവയിൽ തന്നെ 1626 വാർപ്പ് കെട്ടിടങ്ങളും, 3263 ഓടിട്ട കെട്ടിടങ്ങളും, 486 പൂർണ്ണമായോ, ഭാഗികമായോ ഓലകെട്ടിയവയുമാണ്. വാർഡടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ വിവരങ്ങൾ പട്ടിക 1-ൽ ചേർത്തിരിക്കുന്നു.

**പട്ടിക 1**

**പട്ടാമ്പി ഗ്രാമപഞ്ചായത്തിലെ വീടുകളെ സംബന്ധിച്ച പൊതുവിവരണം വാർഡ് അടിസ്ഥാനത്തിൽ**

| വാർഡ് നമ്പർ | ഇനം | | | ആകെ |
|---|---|---|---|---|
| | വാർപ്പ് വീടുകൾ | ഓടിട്ട വീടുകൾ | ഓലപ്പുരകൾ | |
| 1. | 51 | 358 | 91 | 500 |
| 2. | 116 | 411 | 103 | 630 |
| 3. | 341 | 438 | 36 | 815 |
| 4. | 215 | 333 | 2 | 550 |
| 5. | 450 | 316 | 34 | 800 |
| 6. | 30 | 292 | 68 | 390 |
| 7. | 156 | 379 | 15 | 550 |
| 8. | 52 | 211 | 87 | 350 |
| 9. | 35 | 290 | 35 | 360 |
| 10. | 180 | 235 | 15 | 430 |
| ആകെ | 1626 | 3263 | 486 | 5375 |

കോൺക്രീറ്റ് കെട്ടിടങ്ങളിൽ 40 ശതമാനത്തോളവും, ഓടിട്ട കെട്ടിടങ്ങളിൽ 15 ശതമാനവും ഇരുനില കെട്ടിടങ്ങളാണ്. മൊത്തത്തിൽ കെട്ടിടങ്ങളുടെ ഗുണനിലവാരം മെച്ചമാണ് എങ്കിലും കുറ്റമറ്റതല്ല. നിലവിലുള്ള കെട്ടിടങ്ങളിൽ ദുർബല ജനവിഭാഗങ്ങളുടെ മുന്നൂറ്റമ്പതോളം കെട്ടിടങ്ങൾക്ക് റിപ്പെയർ ആവശ്യമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് മെച്ചപ്പെട്ട പാർപ്പിട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൻെറ ഭാഗമായി 376 വീടുകൾ പുതുതായി നിർമ്മിച്ച് നൽകേണ്ടതാണ്. പട്ടികജാതി വിഭാഗങ്ങളിൽ ദുർബലരായവർക്ക് ആവശ്യമായ പുതിയ പാർപ്പിടങ്ങളുടെ എണ്ണം 247 ആണ്. വിശദ വിവരങ്ങൾ പട്ടിക 2-ൽ.

### പട്ടിക 2

### പട്ടാമ്പി ഗ്രാമപഞ്ചായത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി വർഗ്ഗക്കാർക്കും പുതുതായി ആവശ്യ്യമായ പാർപ്പിടങ്ങളുടെ സ്ഥിതിവിവരങ്ങൾ - വാർഡടിസ്ഥാനത്തിൽ

| വാർഡ് നമ്പർ | ദുർബല വിഭാഗങ്ങൾ പട്ടിക ജാതിക്കാർ എന്നിവരുടെ വീടിന് അറ്റകുറ്റപ്പണികൾ | മറ്റ് സാമ്പത്തിക ദുർബല ജനവിഭാഗത്തിന് പുതുതായി വീട് നിർമ്മിച്ചു നൽകിയത് | പട്ടിക ജാതി കുടുംബങ്ങൾക്ക് പുതിയ വീടുകൾ |
|---|---|---|---|
| 1. | 70 | 76 | 10 |
| 2. | 36 | 56 | 48 |
| 3. | 20 | 25 | 36 |
| 4. | 25 | 50 | 10 |
| 5. | 20 | 10 | 20 |
| 6. | 30 | 24 | 15 |
| 7. | 37 | 26 | 13 |
| 8. | 40 | 44 | 40 |
| 9. | 28 | 21 | 43 |
| 10. | 44 | 44 | 12 |
| ആകെ | 350 | 376 | 247 |

പഞ്ചായത്തിൽ നിലവിലുള്ള 37 ശതമാനം വീടുകളും മെച്ചപ്പെട്ട നിലവാരം പുലർത്തുന്നതും, 30 ശതമാനം ഇടത്തരം നിലവാരം ഉള്ളവയും, 33 ശതമാനം തീരെ മോശപ്പെട്ടവയുമാണ്. ആകെ വീടുകളിൽ 30 ശതമാനത്തിലേറെ പ്രാഥമിക സൗകര്യങ്ങളായ കക്കൂസ്, കുളിമുറി എന്നിവ ഇല്ലാത്തതാണ്. കോൺക്രീറ്റ് കെട്ടിടങ്ങളിൽ 60 ശതമാനം മൊസയ്ക്ക് ഇട്ടതും, 3 ശതമാനം കടപ്പ, മാർബിൾ ഇട്ട് പൂർത്തിയാക്കിയതും, ശേഷിക്കുന്ന 37 ശതമാനം കാവിയിട്ട് ഫിനിഷ് ചെയ്തതും അല്ലാത്തവയുമാണ്. ആധുനിക കെട്ടിട നിർമ്മാണ രീതികളും, സൗകര്യങ്ങളും ഉപയോഗപ്പെടുത്തുന്ന പ്രവണത പൊതുവിൽ ദൃശ്യമാണ്.

ഈ പഞ്ചായത്തിൽ പാർപ്പിട കേന്ദ്രങ്ങളായി ഒറ്റപ്പെട്ട പൊതുകോളനികളും, ഗവ: അംഗീകരിച്ചതും അല്ലാത്തതുമായ 23 പട്ടികജാതി കോളനികളും, 4 ലക്ഷം വീട് കോളനികളും ഉണ്ട്. ഇവിടെയുള്ള അധികം പാർപ്പിടങ്ങളും അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ വളരെ പിന്നിലാണ്. ഇവ സംബന്ധിച്ച വിവരങ്ങൾ പട്ടിക 3-ൽ ചേർത്തിരിക്കുന്നു.

**പട്ടിക - 3**

**പട്ടാമ്പി ഗ്രാമപഞ്ചായത്ത്. ഗവ: അംഗീകരിച്ചതും, അല്ലാത്തതുമായ പൊതുകോളനികൾ - പട്ടികജാതി കോളനികൾ - ലക്ഷം വീട് കോളനികൾ സംബന്ധിച്ച പട്ടിക.**

| വാർഡ് നമ്പർ | ഗവ: അംഗീകരിച്ച പൊതു കോളനികൾ | അംഗീകരിക്കാത്ത പൊതു കോളനികൾ | ഗവ: അംഗീകരിച്ച പട്ടികജാതി കോളനികൾ | അംഗീകരിക്കാത്ത പട്ടികജാതി കോളനികൾ | ലക്ഷം വീട് കോളനികൾ |
|---|---|---|---|---|---|
| 1 | ഇല്ല | ഇല്ല | ഇല്ല | 1 | 1 |
| 2 | ഇല്ല | 2 | 1 | 3 | 1 |
| 3 | ഇല്ല | ഇല്ല | ഇല്ല | 4 | ഇല്ല |
| 4 | ഇല്ല | 2 | ഇല്ല | 1 | ഇല്ല |
| 5 | ഇല്ല | 1 | ഇല്ല | 1 | 1 |
| 6 | ഇല്ല | 1 | ഇല്ല | 1 | ഇല്ല |
| 7 | ഇല്ല | ഇല്ല | 1 | 1 | ഇല്ല |
| 8 | ഇല്ല | ഇല്ല | ഇല്ല | 3 | ഇല്ല |
| 9 | ഇല്ല | ഇല്ല | 1 | 4 | 1 |
| 10 | ഇല്ല | ഇല്ല | ഇല്ല | 1 | ഇല്ല |
| | ഇല്ല | 6 | 3 | 20 | 4 |

**അഭിപ്രായക്കുറിപ്പ്** : ഇരുപതോളം പട്ടികജാതി കോളനികളെ അംഗീകരിക്കപ്പെടേണ്ടതായിട്ടുണ്ട്.

വാർഡ് 2-ൽ പള്ളിപ്പാട് IHDP കോളനി
വാർഡ് 7-ൽ ചോരക്കുന്ന് IHDP കോളനി
വാർഡ് 9-ൽ തെക്കഞ്ചേരി IHDP കോളനി

വാർഡ് 1-ൽ പറക്കാട് ലക്ഷംവീട് കോളനി
വാർഡ് 2-ൽ മുണ്ടനാടു കുന്ന് ലക്ഷംവീട് കോളനി
**വാർഡ് 5-ൽ കോഴിക്കുന്ന് ലക്ഷംവീട് കോളനി**
വാർഡ് 9-ൽ കിഴായൂർ ലക്ഷംവീട് കോളനി

പത്ത് വാർഡുകളിലായി നിർമ്മിച്ചിരിക്കുന്ന വീടുകൾക്ക് ഏറെക്കുറെ തുല്യത ഉണ്ടെങ്കിലും പരമ്പരാഗതവും ആധുനികവുമായ കെട്ടിട നിർമ്മാണ വാസ്തു ശില്പ ശൈലികൾ സമ്മിശ്രമായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പൊതുവിൽ കോൺക്രീറ്റ് വീടുകളുടെ നിർമ്മാണച്ചെലവ് വളരെയധികം ഉയർന്നതും, ഒരു നേരിയ ശതമാനം ആർഭാടകരവുമാണ്. വലിയ വീടുകൾ അധികവും ടാറിട്ട റോഡിനു അഭിമുഖമായിട്ടാണ് നിർമ്മിച്ചു വരുന്നത്.

ഈ പഞ്ചായത്തിൽ കെട്ടിട നിർമ്മാണ സാമഗ്രികളുടെ ലഭ്യത പൊതുവിൽ കുറവാണ്. തടി, ഇഷ്ടിക, സിമൻറ്, ഓട്, കമ്പി തുടങ്ങിയ കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് അധികവും സമീപപ്രദേശങ്ങളെയാണ് ആശ്രയിക്കുന്നത്. അതുകൊണ്ടു തന്നെ കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലനിലവാരം വളരെ കൂടുതലാണ്. എന്നാൽ ഭാരതപ്പുഴയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന പ്രദേശമായതിനാൽ കെട്ടിട നിർമ്മാണത്തിനാവശ്യമായ മണൽ സുലഭമാണ്. കെട്ടിട നിർമ്മാണ മേഖലയിൽ മറ്റ് മേഖലകളുമായി താരതമ്യപ്പെടുത്തുമ്പോൾ കൂലി നിലവാരം ഉയർന്നതാണ്. വൈദഗ്ധ്യം ആവശ്യമില്ലാത്ത നിർമ്മാണ ജോലികൾക്ക് ശരാശരി പുരുഷന്മാർക്ക് 110 രൂപയും, സ്ത്രീകൾക്ക് 70 രൂപയും ലഭിക്കുന്നുണ്ട്. വൈദഗ്ധ്യം ആവശ്യമുള്ള മൊസയ്ക്ക്, ആശാരിപ്പണി തുടങ്ങിയ ജോലികൾക്ക് 125 മുതൽ 150 രൂപ വരെ കൂലി നിലവാരമുണ്ട്.

**സംഘാടനം** : കെട്ടിട നിർമ്മാണ സംഘാടനം സംബന്ധിച്ച് പരിശോധിക്കുമ്പോൾ പഞ്ചായത്തിൽ പൊതുവിൽ 62 ശതമാനം കുടുംബങ്ങളും കെട്ടിട നിർമ്മാണം സ്വയം നടത്തുന്നതായിട്ടാണ് കാണുന്നത്. എന്നാൽ താരതമ്യേന ഉയർന്ന നിലവാരവും, നിർമ്മാണ ചെലവും പ്രതീക്ഷിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ 39 ശതമാനം കുടുംബങ്ങൾ കോൺട്രാക്റ്റ് സമ്പ്രദായത്തെ ആശ്രയിക്കുന്നു. കെട്ടിട നിർമ്മാണ രംഗത്ത് പട്ടാമ്പി പഞ്ചായത്തിൽ 3-ാം വാർഡിൽ ബ്ലോക്കടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു ഭവന നിർമ്മാണ സഹകരണ സംഘം ഉണ്ട്. കേരള സംസ്ഥാന ഹൗസിംഗ് ഫെഡറേഷൻെറ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക സംഘമാണ് ഇത്. 20,000 രൂപ മുതൽ 3,00,000 രൂപ വരെ വായ്പ നൽകുന്ന വിവിധ പദ്ധതികൾ ഫെഡറേഷൻ നടപ്പാക്കി വരുന്നുണ്ട്. എൻ.ഐ.സി. ഹഡ്കോ തുടങ്ങിയ സ്ഥാപനങ്ങളാണ് ഫെഡറേഷന് സാമ്പത്തിക സഹായം നൽകി വരുന്നത്. ഏകദേശം 50 വീടുകൾക്ക് ഈയിനത്തിൽ സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്. ഇതിനു പുറമെ കാർഷിക ഭൂപണയ ബാങ്ക്, പി.ഡി.സി. ബാങ്ക്, എസ്.ബി.ടി, കാനറ, ക്യാൻ ഫിൻ ഹോംസ് തുടങ്ങിയ സ്ഥാപനങ്ങളുടെ ഭവന നിർമ്മാണ വായ്പാ പദ്ധതികൾ പ്രയോജനപ്പെടുത്തിയും അനവധി ആളുകൾക്ക് മെച്ചപ്പെട്ട പാർപ്പിടങ്ങൾ നിർമ്മിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനു പുറമേ പഞ്ചായത്തിൽ വിവിധ സർക്കാർ പദ്ധതികൾ പ്രകാരം 1992 നു ശേഷം 61 വീടുകൾ അനുവദിച്ചു എങ്കിലും 37 വീടുകളുടെ നിർമ്മാണം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. 24 വീടുകളുടെ നിർമ്മാണം ഇനിയും പൂർത്തീകരിക്കേണ്ടിയിരിക്കുന്നു. വാർഡടിസ്ഥാനത്തിലുള്ള വിവരങ്ങൾ പട്ടിക 4-ൽ ചേർത്തിരിക്കുന്നു.

വിവിധ സ്കീമുകളിലായി പഞ്ചായത്തിൽ ലഭ്യമാക്കിയ വീടുകൾ ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും, മറ്റ് പ്രതികൂല സാഹചര്യങ്ങളും കാരണം പൂർണ്ണമായി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഭവന നിർമ്മാണ ബോർഡ് വഴി ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളും വായ്പകളും കാലാനുസൃതമായി വില നിലവാരവുമായി ബന്ധപ്പെടുത്തി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. വർദ്ധിച്ചു വരുന്ന വിലക്കയറ്റവും ഉയർന്ന കൂലി നിരക്കും, ഭവനനിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവും പാവപ്പെട്ടവൻെറ സ്വന്തമായ ഒരു വീട് എന്ന സ്വപ്നം തകർക്കുന്നു.

## പട്ടിക - 4

### പട്ടാമ്പി ഗ്രാമപഞ്ചായത്ത്. 1992 നു ശേഷം IRDP സർവ്വെ പ്രകാരം ഭവന നിർമ്മാണം സംബന്ധിക്കുന്ന വിവരങ്ങൾ

| വാർഡ് നമ്പർ | വീട് ആവശ്യ മുള്ള കുടുംബ ങ്ങളുടെ എണ്ണം IRDP സർവ്വെ | വിവിധ പരിപാ ടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീ കരിച്ച വീടുകൾ | അനുവദിച്ച തിൽ ഇനിയും പൂർത്തീകരി ക്കാത്ത വീട് | ഇനിയും അനുവദി ക്കേണ്ട വീടു കളുടെ എണ്ണം |
|---|---|---|---|---|---|
| 1. | 22 | 6 | 4 | 2 | 16 |
| 2. | 34 | 9 | 6 | 3 | 25 |
| 3. | 24 | 7 | 5 | 2 | 17 |
| 4. | 22 | 4 | 1 | 3 | 18 |
| 5. | 42 | 2 | ... | 2 | 40 |
| 6. | 38 | 5 | 3 | 2 | 33 |
| 7. | 26 | 3 | ... | 3 | 23 |
| 8. | 48 | 14 | 10 | 4 | 34 |
| 9. | 44 | 11 | 8 | 3 | 33 |
| | 300 | 61 | 37 | 24 | 239 |

1991 മുതൽ 96 വരെ കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലയിലും, കൂലി നിലവാരത്തിലും വന്ന മാറ്റങ്ങൾ സൂചിപ്പിക്കുന്നതിന് പട്ടിക 5 ചേർത്തിരിക്കുന്നു.

പഞ്ചായത്തിൽ 673 പട്ടികജാതി കുടുംബങ്ങളിൽ 297 കുടുംബങ്ങൾക്കു മാത്രമാണ് പ്രാഥമിക സൗകര്യത്തോടു കൂടിയ പാർപ്പിട സൗകര്യം ഉള്ളത്. ഈ വിഭാഗത്തിനു മാത്രമായി 247 വീടുകൾ പുതുതായി നിർമ്മിക്കേണ്ടതായിട്ടുണ്ട്.

ഒമ്പതാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതിയായി അംഗീകരിക്കുകയും, ജനകീയാസൂത്രണത്തിന്റെ ഭാഗമായി വിളിച്ചു കൂട്ടിയ പത്ത് ഗ്രാമസഭാ യോഗങ്ങളിൽ വളരെ ഉയർന്ന പരിഗണനക്ക് നിർദ്ദേശിക്കപ്പെട്ടത് വീടില്ലാത്തവർക്ക് വീട് നിർമ്മിച്ചു കൊടുക്കണം എന്നാണ്. അതിനാൽ ഒമ്പതാം പദ്ധതി പൂർണ്ണമാകുമ്പോഴേക്കും നമ്മുടെ പഞ്ചായത്തിൽ സ്വന്തമായി വീടില്ലാത്തവരായി ഒരു കുടുംബവും അവശേഷിക്കാൻ പാടില്ലെന്നും, നിലവിലുള്ള ഓല കെട്ടിയ എല്ലാ വീടുകളും, ഓടു മേഞ്ഞവ ആക്കാനും, പ്രാഥമിക സൗകര്യങ്ങളായ കക്കൂസ്, കുടിവെള്ളം, വൈദ്യുതി എല്ലാ കുടുംബങ്ങൾക്കും എത്തിക്കാനും ലക്ഷ്യം ഇട്ടിരിക്കുന്നു.

*പട്ടിക 5 - അടുത്ത പേജിൽ..*

## പട്ടിക - 5

### കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലനിലവാരം / കൂലി നിരക്കിലെ വ്യതിയാനവും 1991 മുതൽ 1996 വരെ

| നമ്പർ | ഇനം | 1991 Rs. | 1992 Rs. | 1993 Rs. | 1994 Rs. | 1995 Rs. | 1996 Rs. |
|---|---|---|---|---|---|---|---|
| 1. | സിമൻറ് ഒരു ചാക്കിന് വില | 87.00 | 96.00 | 108.00 | 127.00 | 155.00 | 167.00 |
| 2. | കമ്പി ഒരു കിലോ | 12.80 | 14.00 | 13.30 | 14.80 | 17.60 | 16.40 |
| 3. | നാടൻ ഇഷ്ടിക 1000 എണ്ണം | 800.00 | 900.00 | 980.00 | 1000.00 | 1100.00 | 1250.00 |
| 4. | കമ്പനി ഇഷ്ടിക 1000 എണ്ണം | 1480.00 | 1500.00 | 1525.00 | 1600.00 | 1800.00 | 2000.00 |
| 5. | കരിങ്കല്ല് ലോഡിന് | 480.00 | 500.00 | 525.00 | 550.00 | 600.00 | 675.00 |
| 6. | മെറ്റൽ ഒരു യൂണിറ്റ് | 1100.00 | 1250.00 | 1325.00 | 1375.00 | 1450.00 | 1500.00 |
| 7. | മണൽ | 375.00 | 400.00 | 500.00 | 550.00 | 600.00 | 750.00 |
| 8. | തടി - സാധരണ ഇനം | 325.00 | 360.00 | 380.00 | 400.00 | 430.00 | 475.00 |
| 9. | ഓട്, ഒരെണ്ണത്തിന് -സാധാരണ ഇനം | 2.70 | 3.10 | 3.30 | 3.60 | 3.80 | 4.10 |
| 10. | ആശാരിക്കൂലി/മേസൻ | 90.00 | 100.00 | 110.00 | 115.00 | 120.00 | 135.00 |
| 11. | സാധാരണ തൊഴിൽ - സ്ത്രീ | 40.00 | 45.00 | 50.00 | 55.00 | 60.00 | 70.00 |
| | പുരുഷൻ | 75.00 | 80.00 | 80.00 | 90.00 | 100.00 | 110.00 |
| 12. | വെട്ടുകല്ല് - ഒന്നിന് | 4.50 | 5.25 | 5.60 | 5.80 | 6.00 | 6.50 |

### പ്രശ്നങ്ങൾ :

1. ആവശ്യമായ കെട്ടിട നിർമ്മാണ സാമഗ്രികളുടേയും, ഭൂമിയുടേയും ദൗർലഭ്യവും, വിലക്കയറ്റവും ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങൾ അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നമാണ്.
2. അർഹരായ മുഴുവൻ ആളുകൾക്കും വീടു കെട്ടുന്നതിനാവശ്യമായ വായ്പകൾ ലഭ്യമാക്കാൻ കഴിയുന്നില്ല.
3. ദുർബല ജനവിഭാഗങ്ങളിൽ, വീടുകൾ ആവശ്യമുള്ള ഭൂരഹിതരുടെ പ്രശ്നങ്ങൾ.
4. പട്ടികജാതി കോളനികളിൽ വേണ്ടത്ര പാർപ്പിട സൗകര്യങ്ങളില്ല.
5. കെട്ടിട നിർമ്മാണത്തിലെ ദുർവ്യയം ഒഴിവാക്കുന്നതിനാവശ്യമായ ബോധവൽക്കരണത്തിൻെറ അഭാവം.
6. നിലവിലുള്ള ഹൗസിംഗ് സൊസൈറ്റികളുടേയും, ബാങ്കുകളുടേയും വായ്പാ വിതരണ വ്യവസ്ഥകൾ ഉദാരമല്ലാത്തത്.
7. കെട്ടിട നിർമ്മാണ നിയമ വ്യവസ്ഥകൾ കർക്കശമായതിനാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ.

# പാർപ്പിട നിർമ്മാണ രംഗം നേരിടുന്ന പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കാൻ പരിഗണിക്കാവുന്ന നിർദ്ദേശങ്ങൾ.

1. പഞ്ചായത്ത് തലത്തിൽ ഒരു കെട്ടിട നിർമ്മാണ ഏജൻസി രൂപീകരിക്കുകയും, എല്ലാ വിധ വിദഗ്ധ-അവിദഗ്ധ തൊഴിലാളികളേയും, സാങ്കേതിക സഹായങ്ങളും ഈ ഏജൻസിയിലൂടെ സപ്ലൈ ചെയ്യുക. ഇതിനെ സർക്കാർ തലത്തിലുള്ള ഭവന നിർമ്മാണ പദ്ധതികൾ കരാറുകാരില്ലാതെ കുറഞ്ഞ ചെലവിലും ഗുണനിലവാരത്തിലും ഏറ്റെടുത്ത് നടപ്പാക്കുന്ന ഒരു ഏജൻസിയായും പ്രവർത്തിപ്പിക്കുക.

2. കെട്ടിട നിർമ്മാണ സാമഗ്രികൾ മിതമായ വിലക്ക് ലഭ്യമാക്കുന്നതിന് ഗവർമ്മെണ്ട് തലത്തിൽ വിതരണ ശൃംഘല രൂപീകരിക്കുക.

3. നിർമ്മാണച്ചെലവ് 5 ലക്ഷം രൂപക്കു മുകളിൽ വരുന്ന വീടുകൾക്ക് കർശനമായി പരിധി ഏർപ്പെടുത്തുക.

4. ഭവന നിർമ്മാണ പദ്ധതികൾ വഴി ലോണും, ഗ്രാൻറും ലഭിക്കുന്നതിനാവശ്യമായ അപേക്ഷകൾ ഗ്രാമപഞ്ചായത്തു വഴി വിതരണം ചെയ്യുക.

5. സർക്കാർ ലഭ്യമാക്കുന്ന ധനസഹായത്തിനും, വായ്പകൾക്കുമുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുക.

6. വീട് വെക്കുന്നതിന് ധനസഹായം ലഭിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുക.

7. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് കൂടി നൽകുക.

8. സർക്കാർ ഏജൻസികൾ വഴി നൽകുന്ന എല്ലാ ഭവനനിർമ്മാണ വായ്പകളുടേയും രേഖകളും വിവരങ്ങളും പഞ്ചായത്ത് തലത്തിൽ സൂക്ഷിക്കുകയും, സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കുകയും ചെയ്യുക.

9. കാര്യക്ഷമതയുള്ളതും, എന്നാൽ ചെലവ് കുറഞ്ഞതുമായ കെട്ടിടനിർമ്മാണ ശൈലിക്ക് പ്രചരണം നൽകുക.

10. സർക്കാർ നൽകുന്ന ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.

11. സർക്കാർ നൽകുന്ന ഭവന നിർമ്മാണ ഗ്രാൻറുകൾ വില നിലവാരവുമായി ബന്ധപ്പെടുത്തി വർദ്ധിപ്പിക്കുക.

12. ദുർബല ജനവിഭാഗങ്ങൾക്കും, പട്ടികജാതി വർഗ്ഗക്കാർക്കുമുള്ള വീടുകൾ പഞ്ചായത്ത് തലത്തിൽ സമിതികളുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ സമയബന്ധിതമായി പൂർത്തിയാക്കുക.

13. IAY, MWS, JRY, RLEGP എന്നിവ വഴി വീടുകൾക്ക് നൽകുന്ന ഗ്രാൻറുകൾ 15,800 രൂപയിൽ നിന്നും 40,000 രൂപയായി ഉയർത്തുക.

14. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയുടെ ധനസഹായം 50,000 രൂപയായി വർദ്ധിപ്പിക്കുക.

## സാധ്യതകൾ :

1. ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് പ്രാഥമികമായി സാമ്പത്തിക സഹായം ഗ്രാൻറുകളായും ലോണുകളായും ലഭ്യമാക്കണം, നിലവിലുള്ള ഏജൻസികളുടെ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ ഏകീകരിക്കാവുന്നതാണ്.

2. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സർക്കാർ വകയായും, മിച്ച ഭൂമിയായും സർക്കാർ പുറമ്പോക്ക് ആയും ഉള്ള സ്ഥലങ്ങൾ വീട് ആവശ്യമുള്ള ദുർബല ഭൂരഹിതർക്ക് അഞ്ച് സെൻറ് ഭൂമി വീതം സൗജന്യമായി നൽകുകയും, എൽ.ഐ.സി. തുടങ്ങിയ കേന്ദ്ര പൊതുസ്ഥാപനങ്ങളുടെ ഏറ്റവും ചുരുങ്ങിയ പലിശക്കുള്ള വായ്പ ലഭ്യമാക്കുകയും, വീടിൻെറ നിർമ്മാണം നിർമ്മിതി കേന്ദ്രം തുടങ്ങിയവ ഏജൻസികളെ കൊണ്ട് നടത്തിപ്പിക്കുകയും ചെയ്യുക.

3. ഭവനരഹിതരുടെ പാർപ്പിട പുനരധിവാസ പദ്ധതികളുടെ നടത്തിപ്പിനായി ഗുണഭോക്താക്കളുടേയും ബഹുജന സംഘടനകളുടേയും പരമാവധി മനുഷ്യാധ്വാനം ഉപയോഗപ്പെടുത്താനും കഴിയും. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള അധികാരം പൂർണ്ണമായും ഗ്രാമപഞ്ചായത്തുകൾക്ക് നൽകുകയും വേണം.

4. നിലവിലുള്ള ഹൗസിംഗ് സൊസൈറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും, വ്യാപിപ്പിക്കുകയും ചെയ്യാവുന്നതാണ്.

5. കെട്ടിട നിർമ്മാണ സാമഗ്രികളുടെ കുതിച്ചുയരുന്ന വില വർദ്ധന ഒരു പരിധി വരെ പിടിച്ചു നിർത്തുന്നതിന് ഹൗസിംഗ് ബോർഡ് മുഖേന കെട്ടിട നിർമ്മാണ സാമഗ്രികൾ ന്യായവിലക്ക് ദുർബല ജനവിഭാഗങ്ങൾക്ക് എങ്കിലും ലഭ്യമാക്കാവുന്നതാണ്.

6. ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സങ്കേതങ്ങൾ ഈ പഞ്ചായത്തിലും വ്യാപകമായി ഉപയോഗപ്പെടുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ നിർമ്മിതി കേന്ദ്രത്തിൻെറ സഹായസഹകരണത്തോടു കൂടി സെമിനാറുകൾ സംഘടിപ്പിച്ചും, മോഡൽ വീടുകൾ നിർമ്മിച്ചും പ്രചരണം നൽകാവുന്നതാണ്.

7. കെട്ടിട നിർമ്മാണ രംഗത്തെ വിവിധ മേഖലയിലെ തൊഴിലാളികൾക്ക് ചെലവ് കുറഞ്ഞതും, ഉറപ്പുള്ളതും, മറ്റ് തരത്തിൽ കാര്യക്ഷമതയുള്ളവയുമായ നിർമ്മാണ രീതികളിൽ വൈദഗ്ധ്യം നേടുന്നതിന് വിദഗ്ധന്മാരെ വരുത്തി പഞ്ചായത്ത് തലത്തിൽ പരിശീലനം നൽകണം.

8. കെട്ടിട നിർമ്മാണ രംഗത്ത് ഇന്ന് നില നില്ക്കുന്ന ലൈസൻസിംഗ് സമ്പ്രദായം കുറേക്കൂടി ലളിതവൽക്കരിക്കുകയും, സുതാര്യമാക്കുകയും ചെയ്യുക.

9. ഭൂരഹിതർക്കും, നിർദ്ധനർക്കും പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ തനതായ ഭവന നിർമ്മാണ പരിപാടി വാർഡ് അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുക.

10. അഞ്ച് ലക്ഷത്തിനു മേൽ മുടക്കു മുതലോടു കൂടി ഭവന നിർമ്മാണം നടത്തുന്നവരുടെ ദുർവ്യയം നിരുത്സാഹപ്പെടുത്തുന്നതിന് പുതിയ അഡീഷനൽ നികുതി ഏർപ്പെടുത്തുക.

11. പരമ്പരാഗത വാസ്തു ശില്പ മാതൃകകളുടെ സംരക്ഷണത്തിനും, പ്രചാരണത്തിനും ശില്പ ശാലകളും സെമിനാറുകളും പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുക.

12. കെട്ടിട നിർമ്മാണ രംഗത്ത് വൈദഗ്ധ്യം നേടിയിട്ടുള്ള തൊഴിലാളികളുടെ ഒരു ഏജൻസി പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുകയും, ഇവയെ കെട്ടിട മെയിൻറനൻസിനും പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും ഉപയോഗപ്പെടുത്തുകയും ചെയ്യുക.

13. ഭൂരഹിത ഭവനരഹിതർക്ക് ഫ്ളാറ്റ് സിസ്റ്റം നടപ്പാക്കുന്നത് സംബന്ധിച്ച സാദ്ധ്യതകൾ പഞ്ചായത്ത് തല വിദഗ്ധ സമിതി പരിശോധിച്ച് ആവശ്യമായ പദ്ധതികൾക്ക് രൂപം നൽകാവുന്നതാണ്.

# സാമൂഹ്യക്ഷേമം

കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ ആഭിമുഖ്യത്തിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളാണ് സാമൂഹ്യക്ഷേമ രംഗത്ത് ഇന്ന് നില നിൽക്കുന്നത്. പുറമെ സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളും നിലവിലുണ്ട്. സാമൂഹ്യക്ഷേമം മുൻനിർത്തി ഈ രംഗത്ത് നടപ്പാക്കി കൊണ്ടിരിക്കുന്ന പദ്ധതികളെ രണ്ടായി തിരിക്കാം. ഒന്ന് പൂർണ്ണമായും കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും, രണ്ടാമതായി തൊഴിലാളി-തൊഴിലുടമാ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കുന്നവയും. ഇതിനെല്ലാം ഉപരിയായി പട്ടികജാതി വിഭാഗങ്ങളുടെ വികസനവും, പുരോഗതിയും ലക്ഷ്യമിട്ട് പട്ടികജാതി വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങളും ഈ പഞ്ചായത്തിൽ നിലവിലുണ്ട്.

വനിതകളുടെ പുരോഗതിക്കായി വനിതാവികസന കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടെങ്കിലും കാര്യമായ പ്രവർത്തനം ഈ മേഖലയിൽ വ്യാപിച്ചിട്ടില്ല. ഈ പഞ്ചായത്തിൽ മുഖ്യമായും ലഭ്യമാകുന്നത് സർക്കാർ പദ്ധതികളുടെ ഭാഗമായി നടപ്പാക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളാണ്. മറ്റ് പദ്ധതികൾ വഴി നാമമാത്രമായ പ്രയോജനം മാത്രമേ ലഭിക്കുന്നുള്ളൂ. ഇപ്പോൾ നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. ഉള്ള പദ്ധതികളെക്കുറിച്ച് തന്നെ ജനങ്ങൾക്ക് കാര്യമായ അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് പദ്ധതികളുടെ പ്രയോജനം കിട്ടായ്ക, ഉദ്യോഗസ്ഥരുടെ ഇടയിലുള്ള വേണ്ടത്ര ബോധവൽക്കരണ കുറവ്, നൽകുന്ന സഹായങ്ങൾ ആവശ്യത്തിനും സമയത്തിനും കിട്ടാതെ വരിക, ഉപയോഗപ്പെടുത്തുന്ന പദ്ധതികൾക്കു തന്നെ നേരിടേണ്ടി വരുന്ന സങ്കീർണമായ സാങ്കേതിക കടമ്പകൾ എന്നിവ പ്രത്യേകം എടുത്തു പറയേണ്ടതായിരിക്കുന്നു.

സാമൂഹ്യക്ഷേമബോർഡിന്റെ ആസ്ഥാനം കോഴിക്കോട്ടു നിന്നും തിരുവനന്തപുരത്തേക്ക് മാറ്റുവാനുള്ള ശ്രമം നടക്കുന്നതായി കേൾക്കുന്നു. മലബാർ മേഖലക്ക് ദോഷം ചെയ്യുന്ന ഈ സംരംഭം ഉടൻ പിൻവലിക്കണം.

വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് പട്ടാമ്പി ഗവ: ആശുപത്രിയിൽ നിന്ന് ലഭിക്കുവാനുള്ള സൗകര്യം ഉണ്ടാവണം.

കെട്ടിടനിർമ്മാണ ക്ഷേമനിധിയിലൂടെ തൊഴിലാളികൾക്ക് കാലോചിതമായ ആനുകൂല്യങ്ങൾ നൽകുന്നതോടൊപ്പം അവരിൽ നിന്ന് കാര്യക്ഷമതയും, ആത്മാർത്ഥതയും, സമയനിഷ്ഠതയും പ്രതീക്ഷിക്കുവാൻ സമൂഹത്തിനവകാശമുണ്ട്.

തൊഴിലാളി - തൊഴിലുടമാ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനങ്ങൾ ഒന്നുംതന്നെ ഈ പ്രദേശത്ത് കാര്യക്ഷമമല്ല. ഉദാഹരണമായി നിർമ്മാണത്തൊഴിലാളി ക്ഷേമനിധി, കൈത്തൊഴിലാളി - വിദഗ്ദ തൊഴിലാളി ക്ഷേമനിധി, മദ്യ വ്യവസായ തൊഴിലാളി ക്ഷേമനിധി, വ്യാപാര വ്യവസായ തൊഴിലാളി ക്ഷേമനിധി. ഈ മേഖലയിൽ പെട്ട തൊഴിലാളികൾ ധാരാളം ഉണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. പട്ടികജാതി

വികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യം ചുരുക്കം ചിലർക്ക് ലഭിക്കുന്നുണ്ടെങ്കിലും ഇതിൻെറ ഓഫീസ് ജില്ലാ ആസ്ഥാനത്തായതിനാൽ സഹായം ലഭിക്കുന്നതിന് പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്.

വനിതാവികസന കോർപ്പറേഷൻ ആസ്ഥാനം തിരുവനന്തപുരത്തായതിനാൽ പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ഇതു വഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കാറില്ല. യഥാർത്ഥത്തിൽ പൊതുപ്രവർത്തകരായ സ്ത്രീകൾക്കു പോലും ഈ കോർപ്പറേഷൻെറ പ്രവർത്തനത്തെ പറ്റി കാര്യമായ വിവരമില്ല. ഇതിൻെറ പ്രവർത്തനം നമ്മുടെ പഞ്ചായത്തിലെ വനിതകളെ സംബന്ധിച്ചേടത്തോളം അന്യമാണ് എന്നു പറയേണ്ടിയിരിക്കുന്നു.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായി സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസിനു കീഴിൽ പട്ടാമ്പി വില്ലേജ് സർക്കിൾ വഴിയാണ്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വഴി നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ച് കൃത്യമായി വിലയിരുത്തപ്പെടണമെങ്കിൽ അവയുടെ ഗുണഭോക്താക്കളിൽ നിന്നു കൂടി വിവരങ്ങൾ ശേഖരിക്കപ്പെടേണ്ടതായിരിക്കുന്നു. ഇങ്ങനെ ലഭ്യമാക്കിയിട്ടുള്ള സഹായങ്ങളെ സംബന്ധിച്ചും, ദാരിദ്ര്യരേഖക്ക് താഴെയുള്ള ജനങ്ങളെ സംബന്ധിച്ചും വിശദമായ വിവരങ്ങൾ 1, 1-a, 2, 3, 4 പട്ടികകളിൽ ചേർത്തിരിക്കുന്നു.

ഈ പഞ്ചായത്തിൽ IRDP സർവ്വെ പ്രകാരം പത്ത് വാർഡുകളിലായി ആകെ 1,253 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 266 എണ്ണം പട്ടികജാതി കുടുംബങ്ങളാണ്. നാളിതു വരെ 145 കുടുംബങ്ങൾക്ക് ധനസഹായം ലഭിച്ചിട്ടുള്ളതിൽ 67 കുടുംബങ്ങൾ പട്ടികജാതിക്കാരാണ്. സർക്കാർ ധന സഹായം വഴി ഈ കാലയളവിൽ 87 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് മുകളിലെത്തിയതായും കണ്ടെത്തിയിട്ടുണ്ട്. അവശേഷിക്കുന്ന 1166 കുടുംബങ്ങൾ ഇപ്പോഴും ദാരിദ്ര്യരേഖക്ക് താഴെയാണ്. IRDP പദ്ധതിയെക്കുറിച്ചുള്ള സർക്കാറിൻെറ നിർവ്വചനം കാലോചിതമായ മാറ്റത്തിന് വിധേയമാക്കേണ്ടതും, ദാരിദ്ര്യരേഖയുടെ സാമ്പത്തികപരിധി 35,000 രൂപയാക്കി ഉയർത്തുകയും ചെയ്യേണ്ടതാണ്.

IRDP സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ദേശസാൽകൃത ബാങ്കുകൾ ഉദാസീനത കാണിക്കുന്നുണ്ട്. ഇതിന് പരിഹാരമായി സഹകരണമേഖലക്ക് കൂടുതൽ ഫണ്ട് അനുവദിച്ചുകൊണ്ട് സഹകരണ ബാങ്കുകൾ വഴി ഈ വിഭാഗത്തിലെ ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകൾ വഴി സർക്കാർ നടപടികൾ കൈക്കൊള്ളണം. ദേശസാൽകൃത ബാങ്കുകൾ ഗുണഭോക്താക്കളെ സഹായിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ജില്ലാതലത്തിൽ ജനപ്രതിനിധികൾ അടങ്ങുന്ന മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. അതോടൊപ്പം തന്നെ ഗുണഭോക്താക്കളെ കണ്ടെത്താൻ രണ്ട് വർഷം കൂടുമ്പോൾ IRDP സർവ്വേ നടത്തുന്നത് നന്നായിരിക്കും.

### ഗ്രാമീണ വനിതാ-ശിശുക്ഷേമ പദ്ധതി DWCRA

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനം ലക്ഷ്യമാക്കി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA പദ്ധതി. ഈ പദ്ധതി പ്രകാരം പഞ്ചായത്തിൽ

## പട്ടിക 1

## 1992 - 93 മുതൽ പട്ടാമ്പി ഗ്രാമപഞ്ചായത്ത് IRDP സർവ്വേ പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വെ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SCST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SCST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യ രേഖക്കു മുകളിൽ എത്തിയ കുടുംബങ്ങൾ. | ദാരിദ്ര്യരേഖക്ക് താഴയുള്ള ആകെ കുടുംബങ്ങൾ |
|---|---|---|---|---|---|---|
| 1. | 151 | 29 | 17 | 8 | 10 | 141 |
| 2. | 190 | 62 | 11 | 4 | 6 | 184 |
| 3. | 79 | 31 | 13 | 7 | 7 | 72 |
| 4. | 73 | 10 | 10 | 4 | 6 | 67 |
| 5. | 144 | 27 | 14 | 7 | 8 | 136 |
| 6. | 117 | 15 | 9 | 3 | 4 | 113 |
| 7. | 127 | 5 | 10 | 2 | 6 | 121 |
| 8. | 195 | 51 | 33 | 20 | 24 | 171 |
| 9. | 177 | 36 | 28 | 12 | 16 | 161 |

**അഭിപ്രായക്കുറിപ്പ് :** പുതിയ ഘടനയിൽ ഈ ഒൻപത് വാർഡുകൾ വിഭജിച്ച് 10 വാർഡുകൾ ആയിട്ടുണ്ട്.

## പട്ടിക 1-(a)

## IRDP വഴി ലഭിച്ച ലോണുകളുടെ വിവരം പട്ടാമ്പി ഗ്രാമപഞ്ചായത്ത് 1992 - 1996

| വർഷം | അനുവദിച്ച ലോണുകളുടെ എണ്ണം | അനുവദിച്ച ലോൺ സംഖ്യ | സബ്സിഡി സംഖ്യ |
|---|---|---|---|
| 1992 - 93 | 30 | 1,42,448 | 92,931 |
| 1993 - 94 | 36 | 1,51,665 | 16,465 |
| 1994 - 95 | 45 | 3,45,839 | 2,22,882 |
| 1995 - 96 | 32 | 3,35,116 | 1,51,332 |
| ആകെ | 143 | 9,75,068 | 4,83,610 |

### പട്ടിക 2

### പട്ടാമ്പി ഗ്രാമപഞ്ചായത്തിൽ IRDP സർവ്വെ പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ വിവരങ്ങൾ ഒറ്റ നോട്ടത്തിൽ

| | |
|---|---|
| ആകെ വാർഡുകൾ | 10 |
| ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങൾ | 1,253 |
| ഇതിൽ SC/ST | 266 |
| സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | 145 |
| ഇതിൽ SC/ST | 67 |
| സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖക്കു മുകളിലെത്തിയ കുടുംബങ്ങൾ | 87 |
| അവശേഷിക്കുന്ന ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങൾ | 1,166 |

പട്ടാമ്പി ബ്ലോക്ക് ഓഫീസിൽ നിന്നും ലഭ്യമായ വിവരങ്ങൾ വച്ച് തയാറാക്കിയത്.

### പട്ടിക 3

### IRDP സർവ്വെ പ്രകാരം പഞ്ചായത്തിൽ പൊതുവിൽ അനുവദിച്ചിട്ടുള്ള വീടുകളുടെ വിവരം

| | |
|---|---|
| ദാരിദ്ര്യരേഖക്ക് താഴെ വീട് ആവശ്യമുള്ളവരുടെ എണ്ണം | 300 |
| വിവിധ പരിപാടികളിലായി അനുവദിച്ച വീടുകളുടെ എണ്ണം | 61 |
| ഇതിനകം പൂർത്തീകരിച്ച വീടുകൾ | 37 |
| പൂർത്തീകരിക്കാനുള്ള വീടുകൾ | 24 |
| ഇനിയും അനുവദിക്കാനുള്ള വീടുകൾ | 239 |

### പട്ടിക 5

### DWCRA പദ്ധതി പ്രകാരം പഞ്ചായത്തിൽ ആരംഭിച്ച സ്ത്രീകൾക്കുവേണ്ടിയുള്ള സംരംഭങ്ങളുടെ വിവരം

| ആരംഭിച്ച വർഷം | വാർഡ് നമ്പർ | ആരംഭിച്ച സംരംഭത്തിൻെറ പേര് | പ്രവൃത്തി എടുക്കുന്ന അംഗങ്ങളുടെ എണ്ണം | ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ഇല്ലയോ. | പൊതു സ്ഥിതി |
|---|---|---|---|---|---|
| 1985-86 | 3 | റെഡിമെയ്ഡ് ഗാർമെൻറ് മേക്കിംഗ് യൂനിറ്റ് | 15 | പ്രവർത്തിക്കുന്നില്ല | ലാഭകരമല്ലാത്തതിനാൽ പൂട്ടി |
| 1987-88 | 1 | റെഡിമെയ്ഡ ഗാർമെൻറ്, റൈസ് പ്രോസസിങ്ങ് യൂണിറ്റ്. | 15 | പ്രവർത്തിക്കുന്നുണ്ട് | പ്രയോജനപ്രദം |
| 1995-96 | 7 | ജെല്ലി മേക്കിംഗ് യൂണിറ്റ് | 10 | പ്രവർത്തിക്കുന്നുണ്ട് | പ്രയോജനപ്രദം |

## പട്ടിക 4
## പട്ടാമ്പി ഗ്രാമപഞ്ചായത്ത് JRY - ൽ അനുവദിച്ച വീടുകളെ സംബന്ധിച്ച സംക്ഷിപ്ത വിവരം 1989-90 മുതൽ 1994-95 വരെ

| | 1989-90 | 1990-91 | 1991-92 | 1992-93 | 1993-94 | 1994-95 |
|---|---|---|---|---|---|---|
| വീട് അനുവദിക്കപ്പെട്ട ആകെ ഗുണഭോക്താക്കളുടെ എണ്ണം | 18 | ഇല്ല | ഇല്ല | 15 | 12 | 7 |
| അകെ അനുവദിച്ച സംഖ്യ | 129600 | ഇല്ല | ഇല്ല | 168000 | 168000 | 98000 |
| പൂർത്തിയാക്കിയ വീടുകളുടെ എണ്ണം | 18 | ഇല്ല | ഇല്ല | 15 | 1 | 7 |
| വിതരണം ചെയ്ത ആകെ തുക | 101750 + 4656 കി. അരി | ഇല്ല | ഇല്ല | 164300 | 162200 | 95000 |
| ബാക്കി നൽകാനുള്ള തുക | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5300 | 3000 |
| അഭിപ്രായക്കുറിപ്പ് | | 90-91ൽ ഈ പദ്ധതിയിൽ അലോട്ട്മെൻറ് ഇല്ല | | | രണ്ട് വീടുകൾക്ക് ബാക്കി തുക നൽകാനുണ്ട് | പൂർത്തിയാക്കിയിട്ടില്ല |

## പട്ടിക 6
## DWCRA സഹായലഭ്യതാ കണക്ക് (പട്ടാമ്പി വില്ലേജ്)

| | 1986 - 96 |
|---|---|
| സ്ത്രീകളുടെ എണ്ണം | 40 |
| ലഭ്യമായ സബ്സിഡി സംഖ്യ | 63314 |
| ലഭ്യമായ വായ്പ | 157475 |

അഭിപ്രായക്കുറിപ്പ് : ബ്ലോക്ക് ഓഫീസിൽ നിന്നുംലഭ്യമായ കണക്ക് 3 യൂണിറ്റുകൾക്ക് അനുവദിച്ച സംഖ്യ

1985 - 86 ൽ 3-ാം വാർഡിൽ 15 സ്ത്രീകൾ അംഗങ്ങളായി ഒരു റെഡിമെയ്ഡ് ഗാർമെൻറ് മേക്കിംഗ് യൂനിറ്റ് പ്രവർത്തനം ആരംഭിച്ചുവെങ്കിലും ലാഭകരമായി നടത്തിക്കൊണ്ട് പോകുവാൻ കഴിയാത്തതു മൂലം പ്രവർത്തിക്കുന്നില്ല.1987 - 88 ൽ ഒന്നാം വാർഡിൽ 15 വനിതാ അംഗങ്ങളോടു കൂടി റെഡിമെയ്ഡ് ഗാർമെൻറ് മേക്കിംഗും റൈസ് പ്രോസസിംഗ് യൂനിറ്റും ആരംഭിച്ചു. ഈ യൂനിറ്റ് നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. അതുപോലെ തന്നെ 1995 - 96 ൽ പത്ത് വനിതാ അംഗങ്ങളോടുകൂടി ഏഴാം വാർഡിൽ കരിങ്കൽ ജെല്ലി മേക്കിംഗ് യൂനിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈയിനത്തിൽ 1986 മുതൽ 96 വരെ മുകളിൽ പറഞ്ഞിരിക്കുന്ന 3 DWCRA യൂനിറ്റുകൾക്കും കൂടി മൊത്തം 1,57,475 രൂപ വായ്പയായും 63,314 രൂപ സബ്സിഡിയായും ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരങ്ങൾക്ക് പട്ടിക 5,6 ഉം നോക്കുക.

ഈ പദ്ധതികളുടെ സാധ്യതകളെ സംബന്ധിച്ച് നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾക്ക് വേണ്ടത്ര അറിവുള്ളതായി കാണുന്നില്ല. ICDS ൻെറ കീഴിൽ പ്രവർത്തിക്കുന്ന അംഗനവാടികളിലെ കുട്ടികൾക്ക് വർഷം തോറും നൽകി വരുന്ന കിറ്റുകൾ DWCRA യുടെ റെഡിമെയ്ഡ് ഗാർമെൻറ് യൂനിറ്റുകൾ വഴി നിർമ്മിച്ച് വിതരണം ചെയ്താൽ ഇത്തരം യൂനിറ്റുകളെ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ സാധിക്കും. DWCRA യൂനിറ്റുകൾ സ്ഥാപിച്ചിട്ടില്ലാത്ത എല്ലാ വാർഡുകളിലും ഓരോ യൂനിറ്റുകൾ സംഘടിപ്പിക്കുന്നത് നന്നായിരിക്കും. അതുവഴി പത്തോ അതിലധികമോ സ്ത്രീകൾക്ക് വരുമാനമാർഗ്ഗവും തൊഴിൽ സാദ്ധ്യതയുമുണ്ടാകും.

18 മുതൽ 35 വയസ്സു വരെയുള്ള യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം

1992 മുതൽ 1996 വരെ പട്ടാമ്പി പഞ്ചായത്തിൽ 19 പേർക്ക് വിവിധ മേഖലകളിൽ പരിശീലനം നൽകിയതായി കണക്കുകൾ വ്യക്തമാക്കുന്നു. വിശദവിവരങ്ങൾക്ക് പട്ടിക 7 നോക്കുക. 1,5,6,10 വാർഡുകളിൽ നിന്നും ആർക്കും തന്നെ ട്രൈസം തൊഴിൽ പരിശീലനം ലഭ്യമാക്കിയതായി കാണുന്നില്ല. തൊഴിൽ പരിശീലനം കിട്ടിയവർ തന്നെ ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നതായി കാണുന്നു. ഇവരിൽ 2 പേർ മാത്രമേ സ്വയം തൊഴിൽ കണ്ടെത്തിയതായി സൂചിപ്പിക്കുന്നുള്ളൂ. 8 പേർ എന്തു ചെയ്യുന്നു എന്നതിനെക്കുറിച്ചുള്ള വിവരങ്ങളും ലഭ്യമല്ല.

ഈ പദ്ധതിയിൻ കീഴിൽ പരിശീലനം ലഭ്യമായവർക്ക് സ്വന്തമായി തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് വായ്പ ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ പദ്ധതിയുടെ പോരായ്മയായി ബോദ്ധ്യപ്പെട്ടിട്ടുള്ളത് പരിശീലനം ലഭിക്കുന്നവർക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ല എന്നതാണ്. ഈ പഞ്ചായത്തിലെ തൊഴിൽരഹിതരായ യുവജനങ്ങളുടെ എണ്ണമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ ചുരുക്കം ചിലർക്കു മാത്രമേ ഈ പദ്ധതിയിലൂടെ പരിശീലനം ലഭിക്കുന്നുള്ളൂ. അതിനാൽ പരിശീലനം ലഭിക്കുന്നവരുടെ എണ്ണം വാർഡടിസ്ഥാനത്തിൽ തിട്ടപ്പെടുത്തി വർദ്ധിപ്പിക്കുകയും ഇവർക്ക് ഇപ്പോൾ നൽകുന്ന സ്റ്റൈപ്പൻറ് തുക കാലോചിതമായി കൂട്ടുകയും വേണം. ഈ പദ്ധതികൾക്ക് ഗുണഭോക്താക്കളെ കിട്ടുന്നില്ല എന്ന ഉദ്യോഗസ്ഥതലത്തിലെ പരാതി പരിഹരിക്കുന്നതിന് ഗ്രാമപഞ്ചാരയത്ത് ഗുണഭോക്താക്കളെ കണ്ടെത്തുകയും അവരെ ബോധവാന്മാരാക്കുന്നതിൽ യുവജനസന്നദ്ധ സംഘടനകളുടെ സഹായം സ്വീകരിക്കുകയും ചെയ്യുക.

## പട്ടിക 7
## പട്ടാമ്പി ഗ്രാമപഞ്ചായത്ത്, 1992 - 96
## ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലനം വിഷത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയ വരുടെ എണ്ണം | ഇതരതൊഴിലു കളിൽ ഏർ പ്പെട്ടിരിക്കുന്ന വർ | അവശേഷി ക്കുന്നവർ |
|---|---|---|---|---|---|
| 1. | | | | | |
| 2. | ഇലക്ട്രിക്കൽ റിപ്പെയർ | 3 | 1 | 2 | |
| | ഷീറ്റ്മെറ്റൽ വെൽഡിംഗ് | 1 | 1 | .. | |
| 3. | ആട്ടോ മെക്കാനിസം | 1 | ... | 1 | |
| 4. | നെയ്ത്ത് | 1 | ... | 1 | |
| | ബൈൻഡിംഗ്-കമ്പോസിങ്ങ് | 1 | ... | 1 | |
| | എയർകണ്ടീഷനിംഗ്-റഫ്രിജ. | 1 | ... | ... | 1 |
| 5. | | | | | |
| 6. | | | | | |
| 7. | പ്രിൻറിംഗ്-കമ്പോസിംഗ് | 1 | ... | 1 | |
| | ബൈൻഡിംഗ്-കമ്പോസിങ്ങ് | 1 | ... | 1 | |
| 8. | നെയ്ത്ത് | 6 | ... | 6 | |
| | പ്രിൻറിംഗ്-കമ്പോസിംഗ് | 2 | ... | 2 | |
| 9. | ഷീറ്റ്മെറ്റൽ വെൽഡിംഗ് | 1 | ... | ... | 1 |
| 10. | | | | | |
| | ആകെ. | 19 | 2 | 15 | 2 |

അഭിപ്രായക്കുറിപ്പ് : 1,5,6,10 എന്നീ വാർഡുകളിൽ നിന്നും ആർക്കും തന്നെ ട്രൈസം തൊഴിൽ പരിശീലനം ലഭിച്ചിട്ടില്ല.

## പട്ടിക 8
## 1992 നു ശേഷം ഗ്രാമീണ കൈത്തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി

| | |
|---|---|
| ആകെ വാർഡുകൾ | 10 |
| ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം | |
| ഗ്രാമീണ കൈത്തൊഴിലാളികളുടെ എണ്ണം | 76 |
| സഹായം ലഭിച്ചവരുടെ എണ്ണം | 17 |
| ആകെ തുക 1993-94, 94-95 | 40,800 |
| ഇനിയും സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | 56 |

അഭിപ്രായക്കുറിപ്പ് : പട്ടാമ്പി ബ്ലോക്കിൽ നിന്നും ലഭ്യമായ വിവരങ്ങൾ വെച്ച് തയ്യാറാക്കിയത്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ.

1992 നു ശേഷം ഗ്രാമീണ കൈത്തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി അനുസരിച്ച് 17 പേർക്ക് മാത്രമേ ഇതിനകം സഹായം ലഭിച്ചിട്ടുള്ളൂ. എന്നാൽ IRDP സർവ്വേ പ്രകാരം ഈ പഞ്ചായത്തിലെ കൈത്തൊഴിലുകാരുടെ എണ്ണം 76 ആണ്. ഈ അടിസ്ഥാനത്തിൽ ഇനിയും സഹായത്തിന് അർഹരായവരുടെ എണ്ണം 56 ആണ്. ഈ വിവരങ്ങൾക്ക് പട്ടിക 8 പരിശോധിക്കുക.

CRSP കക്കൂസുകൾ

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാനുള്ള പദ്ധതിയാണ് CRSP 1991-92 മുതൽ 1995-96 വരെയുള്ള കാലയളവിൽ ഈ പഞ്ചായത്തിൽ 22000 രൂപ പട്ടികജാതിക്കാർക്കു മാത്രമായി അനുവദിച്ച് 12 കക്കൂസുകൾ നിർമ്മിച്ചിട്ടുണ്ട്. മറ്റ് ദുർബല ദരിദ്ര വിഭാഗങ്ങൾക്ക് 25 കക്കൂസുകൾ അനുവദിച്ചിട്ടുണ്ട്. അതിനു ചെലവായ സംഖ്യയുടെ കൃത്യ വിവരം ലഭിച്ചിട്ടില്ല. ഏകദേശം 44500 രൂപ ഈയിനത്തിൽ ലഭ്യമായിട്ടുള്ളതായി കണക്കാക്കാം.

ക്ഷേമപദ്ധതികൾ

വില്ലേജ് ഓഫീസ് വഴി ഈ പഞ്ചായത്തിൽ സാമൂഹ്യക്ഷേമരംഗത്ത് റവന്യൂ വകുപ്പ് വഴി നിരവധി ധനസഹായങ്ങളും പെൻഷനുകളും ലഭ്യമാക്കുന്നുണ്ട്. അർഹരായ മുഴുവൻ പേർക്കും ആനുകൂല്യങ്ങൾ കിട്ടുന്നില്ലെങ്കിലും ഇത് ഒരു അളവു വരെ ആശ്വാസകരമാണ്. അനർഹരായ ചിലരെങ്കിലും ഈ ക്ഷേമപദ്ധതികളുടെ ആനുകൂല്യം കൈപ്പറ്റുന്നതായും ഈ ക്ഷേമപദ്ധതിയെ പറ്റി വിലയിരുത്തുമ്പോൾ ആക്ഷേപവും ഉണ്ട്. പൊതുവിൽ പറഞ്ഞാൽ തീരെ അവശരായ ഈ വിഭാഗങ്ങളിൽ പെടുന്ന ആളുകൾക്കുള്ള വളരെ തുച്ഛമായ ആനുകൂല്യങ്ങൾ കൃത്യമായി കിട്ടുന്നില്ല എന്നത് ഒരു തീരാശാപമായി നിലനില്ക്കുന്നു. ഇത് സംബന്ധിച്ച പരാതികൾ 10 വാർഡുകളുടേയും ഗ്രാമസഭകളിൽ പൊതുവായി ഉയർന്നു വന്നിട്ടുണ്ട്. അർഹരായ മുഴുവൻ ആളുകൾക്കും ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്.

## വിവിധതരം പെൻഷനുകൾ

**വിധവാ പെൻഷൻ** : ലഭ്യമായ കണക്കുകൾ പ്രകാരം ഈ പഞ്ചായത്തിൽ 202 പേർക്ക് വിധവാപെൻഷൻ ലഭിക്കുന്നുണ്ട്. നിലവിലുള്ള വ്യവസ്ഥ പ്രകാരം പ്രായപൂർത്തിയായ ആൺമക്കളുണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഈ വ്യവസ്ഥയിൽ അയവ് വരുത്തേണ്ടതാണ്. സ്വന്തം നിലയിൽ വരുമാനമുള്ളതും കുടുംബം നോക്കുന്നതുമായ ആൺകുട്ടികൾ മക്കളായുള്ളവർ ഒഴിച്ച് മറ്റ് എല്ലാ വിധവകൾക്കും ആനുകൂല്യം ലഭ്യമാക്കേണ്ടതാണ് എന്നാണ് പൊതുവിൽ ഗ്രാമസഭാതലത്തിൽ ഉയർന്നു വന്ന നിർദ്ദേശം.

**വികലാംഗ പെൻഷൻ** : ഈ വിഭാഗത്തിൽ പെൻഷൻ കിട്ടുന്നവരായി 113 പേർ ഉള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. പുതുതായി ഈ ആനുകൂല്യത്തിന് അർഹരായ നിരവധി പേർ ഉണ്ട് എന്ന് എല്ലാ വാർഡുകളിലേയും അന്വേഷണങ്ങളിൽ നിന്നും മനസ്സിലായിട്ടുണ്ട്. വികലാംഗത്വം തെളിയിക്കുവാനുള്ള സർട്ടിഫിക്കറ്റ് കിട്ടുന്നതിന് ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ സമിതിക്ക് ഈ സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം നൽകണം.

**കർഷക തൊഴിലാളി പെൻഷൻ** : അർഹരായ മുഴുവൻ തൊഴിലാളികൾക്കും ഈ ഇനത്തിൽ പെൻഷൻ ലഭിക്കുന്നില്ല. അനർഹരായ പലർക്കും ലഭിക്കുന്നതായി ഒറ്റപ്പെട്ട പരാതികൾ ഉയർന്നിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ .... ആളുകൾക്ക് മാത്രമാണ് കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നത്. അർഹതയുള്ളവരെ തിരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകണം. നിലവിൽ പറ്റുന്ന ആരെങ്കിലും അർഹരായിട്ടുണ്ടെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിച്ചിരിക്കണം. പഞ്ചായത്ത് തിരഞ്ഞെടുക്കുന്നവരുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയും, പരാതികൾ ഉണ്ടെങ്കിൽ പരിഹാരം കാണാൻ സമയം അനുവദിക്കുകയും വേണം.

**തൊഴിലില്ലായ്മാ വേതനം** : നമ്മുടെ പഞ്ചായത്തിൽ ഈ ഇനത്തിൽ 16 പേർ വേതനം പറ്റുന്നുണ്ട്. അർഹരായ പലർക്കും ഇനിയും തൊഴിലില്ലായ്മാ വേതനം അനുവദിക്കപ്പെടേണ്ടതാണ്. ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ഈ വേതനം പറ്റുന്ന എല്ലാവർക്കും തൊഴിൽ ലഭ്യമാക്കേണ്ടതാണ്. ഈയിനത്തിൽ സംസ്ഥാനത്തൊട്ടാകെ ചിലവഴിക്കുന്ന സംഖ്യ പ്രത്യുല്പാദന മേഖലകളിൽ ഉപയോഗപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികളെപ്പറ്റി ബന്ധപ്പെട്ടവർ ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

**വാർദ്ധക്യ പെൻഷൻ** : പഞ്ചായത്തിൽ വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നവരായി 118 പേർ ഉണ്ട്. ഈ വിഭാഗത്തിന്റെ പെൻഷൻ തുകകൾ കാലോചിതമായി വർദ്ധിപ്പിക്കുകയും, മുടക്കം കൂടാതെ നൽകുന്നതിന് സംവിധാനം ഉണ്ടാക്കുകയും വേണം. വിവിധ പെൻഷനുകൾ സംബന്ധിച്ച ലഭ്യവിവരങ്ങൾ അടങ്ങിയ പട്ടിക 10-ൽ ചേർക്കുന്നു.

**അംഗൺവാടികൾ** : ഈ പഞ്ചായത്തിൽ പത്ത് വാർഡുകളിലായി 21 അംഗനവാടികൾ പ്രവർത്തിക്കുന്നു. സാമൂഹ്യക്ഷേമ രംഗത്ത് മൗലികമായ പ്രവർത്തനം കാഴ്ച വെക്കുന്ന ഈ അങ്കൺവാടികൾ അവക്കാവശ്യമായ ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ വളരെയധികം വിഷമങ്ങൾ നേരിടുന്നുണ്ട്. ആയിരം ജനങ്ങൾക്ക് ഒരു അങ്കൺവാടി എന്നാണ് ICDC ലക്ഷ്യമെങ്കിലും ഇത് നമ്മുടെ പഞ്ചായത്തിൽ പൂർണ്ണമായും നിറവേറ്റപ്പെട്ടിട്ടില്ല എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളോട് അനുബന്ധമായി നഴ്സറി വിഭാഗം ക്ലാസ്സുകൾ ഉള്ളതുകൊണ്ട് IRDS)ന്റെ ആഭിമുഖ്യത്തിലുള്ള അങ്കൺവാടികളിൽ പൊതുവെ കുട്ടികൾ അനുവദിക്കപ്പെട്ടതിനേക്കാൾ വളരെ കുറവാണ്. നിലവിലുള്ള അങ്കൺവാടികളുടെ പ്രാഥമിക സൗകര്യങ്ങളുടെ കുറവ് കുട്ടികളിലും ജീവനക്കാരിലും രക്ഷിതാക്കളിലും പ്രയാസവും അതൃപ്തിയും ഉണ്ടാക്കുന്നുണ്ട്.

നിലവിലുള്ള 21 അങ്കൺവാടികളിൽ 5 എണ്ണത്തിന് മാത്രമാണ് സ്വന്തമായി സ്ഥലം ഉള്ളത്. 16 എണ്ണത്തിന് സ്ഥലം ഇനിയും ലഭ്യമായിട്ടില്ല. 4 അങ്കൺവാടികൾക്ക് കെട്ടിട സൗകര്യം ഉണ്ട്. ബാക്കി 19 എണ്ണത്തിന് കെട്ടിടവും പ്രാഥമിക സൗകര്യങ്ങളും ഇല്ല. കുറഞ്ഞ നിരക്കിൽ വാടകക്ക് കെട്ടിടങ്ങൾ ലഭ്യമല്ലാത്ത ഈ പഞ്ചായത്തിൽ വളരെ പ്രയാസപ്പെട്ടാണ് ഇവ നടത്തിക്കൊണ്ടു പോകുന്നത്. 21 അങ്കൺവാടികളിലും ആവശ്യമായ കളിക്കോപ്പുകൾ ലഭ്യമല്ല. ഈ അങ്കൺവാടികളെ പ്രവർത്തിപ്പിക്കുന്ന യുവതികളുടെ സ്ഥിതിയും ദയനീയം തന്നെയാണ്. വർക്കർ, ഹെൽപ്പർ എന്നീ രണ്ടു തസ്തികകളിലായി രണ്ട് സ്ത്രീകൾ രാവിലെ 9 മണി മുതൽ 3.30 വരെ അങ്കൺവാടികളിൽ ജോലി ചെയ്യുന്നു.

സാമൂഹ്യക്ഷേമം ലക്ഷ്യമാക്കി ICDS ൻെറ കീഴിലുള്ള വിവിധതരം സ്ഥിതിവിവരശേഖരണ സപ്ലൈകൾ ഉൾപ്പെടെ നിരവധി ജോലികൾ പ്രയാസം സഹിച്ച് നിർവ്വഹിക്കുന്ന ഇവരുടെ സേവന വേതന വ്യവസ്ഥകൾ തീരെ മോശമാണ്. ഇവരുടെ വേതനം വളരെ തുച്ഛമാണ്. ജീവിതനിലവാരവുമായി ബന്ധപ്പെടുത്തി കാലാനുസൃതമായി പ്രതിഫലം വർദ്ധിപ്പിക്കുകയും, ഇവരേയും സർക്കാരിൻെറ സ്ഥിരം ജീവനക്കാരായി ഉയർത്തേണ്ടതാണ്. എങ്കിൽ മാത്രമേ നാടിൻെറ ഉന്നമനത്തിന് വേണ്ടി ഇവർക്ക് ആത്മാർത്ഥമായി സേവനം അർപ്പിക്കാൻ ശക്തി ലഭിക്കുകയുള്ളൂ. അങ്കൺവാടികളുടെ ഭൗതിക സൗകര്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 11 ൽ ചേർത്തിരിക്കുന്നു.

പഞ്ചായത്തിൽ നിലവിലുള്ള എല്ലാ അങ്കൺവാടികൾക്കും സ്ഥലവും കെട്ടിടവും സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് വേണ്ട ധനസഹായം അനുവദിക്കണം എന്ന് ശക്തമായ ആവശ്യം പത്തു വാർഡുകളിലേയും ഗ്രാമസഭകളിൽ നിന്നും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അങ്കണവാടികളിൽ കുട്ടികൾക്ക് ഇരിക്കാനും കളിക്കാനും തീരെ സൗകര്യം ഇല്ല. മിക്ക അങ്കൺവാടികളും തീരെ സൗകര്യം ഇല്ലാത്ത വാടകകെട്ടിടങ്ങളിലോ ഓല ഷെഡുകളിലോ ആണ് പ്രവർത്തിക്കുന്നത്. വാടകയായി ഐ.സി.ഡി.എസ് അനുവദിക്കുന്ന തുച്ഛമായ തുക ഇപ്പോഴത്തെ സാഹചര്യങ്ങൾക്ക് തീരെ യോജിച്ചതല്ല. അങ്കൺവാടികൾക്ക് ഭക്ഷണം പാചകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ ലഭ്യമാക്കുകയും, കുട്ടികൾക്ക് ഭക്ഷണ സാധനങ്ങൾ കൃത്യമായി എത്തിക്കുകയും വേണം. പോഷകാഹാരക്കുറവുള്ള കുട്ടികളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് അങ്കൺവാടി വഴി പോഷകാഹാര വിതരണ പരിപാടി നടപ്പാക്കണം. സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമത്തിനായുള്ള ഒരു മിനി സാംസ്കാരിക കേന്ദ്രമായി ഇവയെ ഉയർത്തിക്കൊണ്ടു വരുന്ന കാര്യത്തിൽ ആവശ്യമായ എല്ലാ സഹായങ്ങളും പഞ്ചായത്തിൻെറ ഭാഗത്തുനിന്നും ലഭ്യമാക്കണം.

**അങ്കൺവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.**

1. പഞ്ചായത്തിലെ 10 വാർഡുകളിലും അങ്കൺവാടികൾക്ക് സ്വന്തമായി ഭൂമി ലഭ്യമാക്കുന്നതിനാവശ്യമായ പഞ്ചായത്ത് ലീസ് ഭൂമിയോ, സർക്കാർ പുറമ്പോക്കോ, മിച്ചഭൂമിയോ കണ്ടെത്തി ഐ.സി.ഡി.എസ് ൻെറ കെട്ടിടനിർമ്മാണ ഫണ്ട് ഉപയോഗിക്കുവാൻ സൗകര്യം ഉണ്ടാക്കണം.
2. മറ്റ് ഏതെങ്കിലും സാമ്പത്തിക ഏജൻസികളെ കൊണ്ടോ, ജെ.ആർ.വൈ ഫണ്ട് ഉപയോഗിച്ചോ അങ്കൺവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും, മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.
3. അങ്കൺവാടിയിലെ കുട്ടികൾക്ക് നൽകുന്ന പോഷകാഹാരച്ചിലവ് സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക.
4. ചിലവു കുറഞ്ഞ അടുപ്പുകൾ അങ്കൺവാടികളിൽ സ്ഥാപിക്കുക.
5. ശുചിത്വപരിപാലനത്തിൻെറ ഭാഗമായി അങ്കൺവാടികളിലെ പാഴ്വസ്തുക്കളും മലിന വസ്തുക്കളും നീക്കം ചെയ്യുവാൻ നടപടികൾ സ്വീകരിക്കുക.
6. അങ്കൺവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവനവേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുകയും ചെയ്യുക.
7. അങ്കൺവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ വർക്കർമാർക്കും ഹെൽപ്പർമാർക്കും പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

## പട്ടിക 9
## C.R.S.P. കക്കൂസുകൾ സംബന്ധിക്കുന്ന വിവരങ്ങൾ
### (ലഭ്യമായ കണക്കുകൾ പ്രകാരം)

| | 1992-93 | 1993-94 | 1994-95 | 1995-96 | ആകെ |
|---|---|---|---|---|---|
| അനുവദിച്ച എണ്ണം | ലഭ്യമല്ല | 15 | 9 | 13 | 37 |
| ഇവയിൽ SC/ST | ലഭ്യമല്ല | 4 | 4 | 4 | 12 |
| SC ക്കുള്ള തുക | ലഭ്യമല്ല | 6,000 | 8,000 | 8,000 | 22,000 |

അഭിപ്രായക്കുറിപ്പ് : മറ്റ് വിഭാഗങ്ങൾക്ക് അനുവദിച്ച തുക സംബന്ധിച്ച കണക്ക് ലഭ്യമല്ല

## പട്ടിക 10
## പട്ടാമ്പി ഗ്രാമപഞ്ചായത്തിൽ പെൻഷനുകൾ ധനസഹായം സംബന്ധിച്ച വിവരങ്ങൾ
### (1995 - 96 ൽ ലഭ്യമായ കണക്കുകൾ പ്രകാരം)

| പട്ടാമ്പി ഗ്രാമപഞ്ചായത്ത്, പട്ടാമ്പി വില്ലേജ് | | അഭിപ്രായക്കുറിപ്പ് |
|---|---|---|
| അഗതി പെൻഷൻ | ലഭ്യമല്ല | |
| വിധവാ പെൻഷൻ | 202 | |
| വികലാംഗ പെൻഷൻ | 113 | |
| വാർദ്ധക്യ പെൻഷൻ | 118 | |
| അവശകലാകാര/വാർദ്ധക്യകാല പെൻഷൻ | ഇല്ല | |
| അവശകായികതാര പെൻഷൻ | ഇല്ല | |
| ക്ഷയരോഗി പെൻഷൻ | ഇല്ല | |
| കുഷ്ഠരോഗി പെൻഷൻ | ലഭ്യമല്ല | |
| ക്യാൻസർ രോഗി പെൻഷൻ | ലഭ്യമല്ല | |
| കർഷകത്തൊഴിലാളി പെൻഷൻ | ലഭ്യമല്ല | |
| തൊഴിലില്ലായ്മാ വേതനം | 16 | |
| മറ്റ് പെൻഷനുകൾ | ഇല്ല | |

## പട്ടിക 11

## അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | അങ്കണ വാടി നമ്പർ | അനുവദിച്ച കുട്ടികൾ | നിലവിലുള്ള കുട്ടികൾ | സ്ഥലം | | കെട്ടിടം | | കളിക്കോപ്പുകൾ | | സ്ഥലമുണ്ടായിട്ടും കെട്ടിടമില്ലാത്തവ |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | ഉള്ളവ | ഇല്ലാത്തവ | ഉള്ളവ | ഇല്ലാത്തവ | ഉള്ളവ | ഇല്ലാത്തവ | |
| 1 | 1 | 42 | 28 | 12 | | ഇല്ല | | ഇല്ല | | ഇല്ല | |
| 2 | | 48 | 63 | 22 | | ഇല്ല | | ഇല്ല | | ഇല്ല | |
| 3 | | 51 | 25 | 15 | ഉണ്ട് | | ഉണ്ട് | | | ഇല്ല | |
| 4 | | 34 | 62 | 26 | | ഇല്ല | | ഇല്ല | | ഇല്ല | |
| 5 | 2 | 38 | 44 | 33 | | ഇല്ല | | ഇല്ല | | ഇല്ല | |
| 6 | | 52 | 57 | 26 | | ഇല്ല | | ഇല്ല | | ഇല്ല | |
| 7 | | 47 | 43 | 19 | | ഇല്ല | | ഇല്ല | | ഇല്ല | |
| 8 | 3 | 49 | 46 | 36 | ഉണ്ട് | | ഉണ്ട് | ഇല്ല | | ഇല്ല | |
| 9 | | 32 | 62 | 24 | | ഇല്ല | | ഇല്ല | | ഇല്ല | |
| 10 | 5 | 39 | 32 | 32 | | ഇല്ല | | ഇല്ല | | ഇല്ല | |
| 11 | | 35 | 22 | 22 | | ഇല്ല | | ഇല്ല | | ഇല്ല | |
| 12 | | 36 | 67 | 25 | | ഇല്ല | | ഇല്ല | | ഇല്ല | |
| 13 | 6 | 44 | 46 | 27 | | ഇല്ല | | ഇല്ല | | ഇല്ല | |
| 14 | 7 | 40 | 35 | 32 | ഉണ്ട് | | | ഇല്ല | | ഇല്ല | ഉണ്ട് 1 |
| 15 | | 33 | 72 | 35 | | ഇല്ല | | ഇല്ല | | ഇല്ല | |
| 16 | 8 | 43 | 26 | 27 | | ഇല്ല | | ഇല്ല | | ഇല്ല | |
| 17 | | 46 | 69 | 26 | | ഇല്ല | | ഇല്ല | | ഇല്ല | |
| 18 | | 37 | 41 | 22 | | ഇല്ല | | ഇല്ല | | ഇല്ല | |
| 19 | 9 | 45 | 30 | 30 | ഉണ്ട് | | ഉണ്ട് | | | ഇല്ല | |
| 20 | | 50 | 29 | 19 | ഉണ്ട് | | ഉണ്ട് | | | ഇല്ല | |
| 21 | 10 | 41 | 73 | 22 | | ഇല്ല | | ഇല്ല | | ഇല്ല | |
| | 10 | | 972 | 532 | 5 | 16 | 4 | 17 | | 21 | 1 |

അഭിപ്രായക്കുറിപ്പ് : പഞ്ചായത്തിലെ എല്ലാ അങ്കണവാടികൾക്കും സ്ഥലവും, കെട്ടിടവും, കളിക്കോപ്പുകളും ലഭ്യമാക്കേണ്ടതാണ്.

## ക്ഷേമനിധികൾ

**കെട്ടിട നിർമ്മാണ ക്ഷേമനിധി** : നമ്മുടെ പഞ്ചായത്തിൽ കെട്ടിട നിർമ്മാണ മേഖലയിൽ ധാരാളം പേർ തൊഴിൽ എടുക്കുന്നുണ്ട്. എന്നാൽ ഈ രംഗത്ത് മുഴുവൻ ആളുകളേയും ക്ഷേമനിധി അംഗങ്ങളാക്കിയിട്ടില്ല. ഉടമ വിഹിതം കാര്യക്ഷമമായി പിരിക്കുന്നില. കഠിനാദ്ധ്വാനം ചെയ്യുന്ന ഈ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ രംഗത്തു നിന്നും 55 വയസ്സാകുമ്പോഴേക്കും വിട്ടു നിൽക്കുവാൻ നിർബന്ധിക്കപ്പെടുകയാണ്. എല്ലാ തൊഴിലാളികളേയും ഈ ക്ഷേമനിധി യുടെ പരിധിയിൽ ഉൾപ്പെടുത്തുകയും, അവർക്കുള്ള ഭവന നിർമ്മാണ പദ്ധതി കാര്യക്ഷമമായി നടത്തുകയും ചെയ്യാം.

**കൈതൊഴിലാളി-വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി** : തയ്യൽ, ബാർബർ, വീട് തൊഴി ലാളികൾ, ഫോട്ടോഗ്രാഫർമാർ എന്നിവർക്കുള്ള ക്ഷേമനിധി ഉണ്ടെങ്കിലും, ഈ മേഖലയിലെ നാമമാത്രമായ തൊഴിലാളികൾ മാത്രമേ ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളൂ. ഈ മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ബോധവൽക്കരണം നൽ കുന്നതിനും, അർഹരായവർക്ക് സഹായങ്ങൾ ലഭ്യമാക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ഒരു സമിതി രൂപീകരിക്കുകയും, ഗ്രാമസഭാതലത്തിൽ ബോധവൽക്കരണ സെമിനാറുകൾ നടത്തു കയും, വിവിധ തരം സാമൂഹ്യക്ഷേമ പദ്ധതികളുടെ പ്രയോജനം അർഹതപ്പെട്ട എല്ലാവർക്കും ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും വേണം.

**വിവിധ ക്ഷേമപദ്ധതികൾ** : കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ ആഭിമുഖ്യത്തിൽ സാമൂഹി ക ക്ഷേമം ലക്ഷ്യമാക്കി ഈ പഞ്ചായത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂട്ടത്തിൽ പട്ടികജാതി വികസന വകുപ്പ് 1991 മുതൽ 1996 വരെ പട്ടാമ്പി ഗ്രാമപഞ്ചായത്തിൽ നടപ്പിലാ ക്കിയ ക്ഷേമപദ്ധതികളുടെ വിവരങ്ങൾ പട്ടിക 12-ൽ ചേർത്തിരിക്കുന്നു. ജെ.ആർ.വൈ. ആക്ഷൻ പ്ലാൻ അനുസരിച്ച് നടത്തിയ പണി സംബന്ധിച്ച വിവരങ്ങൾ പട്ടിക 13-ൽ ചേർത്തി രിക്കുന്നു. 1984 മുതൽ 96 വരെ CSS For SF/MF പരിപാടി അനുസരിച്ച് പട്ടാമ്പി ഗ്രാമപഞ്ചായത്തിൽ ഉണ്ടായ സമൂഹ ആസ്തികളുടെ വിവരം പട്ടിക 14-ൽ ചേർക്കുന്നു.

**പൊതുവിതരണം** : പഞ്ചായത്തിൽ ഒട്ടാകെ പത്ത് വാർഡുകൾക്ക് വേണ്ടി എട്ട് പൊതു വിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇവയിൽ എല്ലാം കൂടി 4147 കാർഡുകൾ ഉണ്ട്. സംസ്ഥാനത്ത് പൊതുവിതരണ ശൃംഖലയുടെ ഭാഗമായി ഈ പഞ്ചായത്തിലെ നാലാം വാർഡിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്.

മാവേലി സ്റ്റോർ വഴിയുള്ള പൊതുവിതരണം വേണ്ടത്ര കാര്യക്ഷമമല്ല. പൊതു വിപണി യിൽ വില കൂടുതലുള്ള അവശ്യവസ്തുക്കൾ മിക്കതും ഇവിടെ വേണ്ടത്ര അളവിൽ കൃത്യ സമയത്ത് വിതരണം ചെയ്യുന്നില്ല. കഴിഞ്ഞ ഓണക്കാലത്ത് ആവശ്യസാധനങ്ങളുടെ നേരിയ തോതിലുള്ള വിതരണം സാധാരണക്കാരന് ഒരു പരിധി വരെ ആശ്വാസകരമായിട്ടുണ്ട്. കഴിഞ്ഞ കാലഘട്ടങ്ങളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ സഹകരണ ബാങ്കുകളിലൂടെ ഓണക്കാ ലത്ത് നടത്തുന്ന ചന്തകൾ വഴിയുള്ള താൽക്കാലിക പൊതുവിതരണ സമ്പ്രദായങ്ങൾ പ്രശം സനീയമാണ്. ഈ പഞ്ചായത്തിൽ ഉപഭോക്തൃ സഹകരണസംഘം പ്രവർത്തിക്കുന്നില്ല. പൊ തുവിതരണകേന്ദ്രങ്ങളുടെ (റേഷൻ ഷോപ്പുകളുടെ) പ്രവർത്തനം വിലയിരുത്തുമ്പോൾ സാധാ രണക്കാരുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ നില നിൽക്കുന്നു.

## പട്ടിക 12

### പട്ടികജാതി വികസന വകുപ്പ് 1991-96 വരെ പട്ടാമ്പി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയപദ്ധതികൾ

(ലഭ്യമായ രേഖകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്)

| നമ്പർ | പദ്ധതിയുടെ പേര് | ഭൗതികം | സാമ്പത്തികം |
|---|---|---|---|
| 1. | സംയോജിത ഭവനനിർമ്മാണ പദ്ധതി | 4 | 48,000 |
| 2. | ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി | 3 | 51,000 |
| 3. | ഐ.എച്ച്.ഡി.പി. ഭവന നിർമ്മാണം | 6 | 72,000 |
| 4. | വൈദ്യുതീകരണം | 8 | 32,000 |
| 5. | ഓല മേച്ചിൽ സഹായ പദ്ധതി | 17 | 3,600 |
| 6. | മിശ്രവിവാഹ ധനസഹായം | 3 | 6,000 |
| 7. | ചികിത്സാ ധനസഹായം | 1 | 750 |
| 8. | വിവാഹ ധനസഹായം | 4 | 8,000 |
| 9. | ഓടുമേച്ചിൽ ധനസഹായം | 3 | 6,000 |

## പട്ടിക 13

### പട്ടാമ്പി ഗ്രാമപഞ്ചായത്ത് ജെ.ആർ.വൈ. പണി സംബന്ധിച്ച വിവരങ്ങൾ

### ജെ.ആർ.വൈ. ആക്ഷൻ പ്ലാൻ 1995 - 96

| പണിയുടെ പേര് | ജനറൽ സെക്ടർ തുക | SC/ST വിഭാഗം തുക | ആകെ |
|---|---|---|---|
| 1. സ്പിൽ ഓവർ വർക്സ് |  | 1,05,800 |  |
| () കുടുംബങ്ങൾക്ക് വീടു നിർമ്മാണം |  |  |  |
| 2. ശങ്കരമംഗലം, പെരിക്കാട്ടുകുളം റോഡ് റിപ്പെയർ | 25,000 |  |  |
| 3. നമ്പ്രം പട്ടികജാതി കോളനി റോഡ് നിർമ്മാണം | 41,726 |  |  |
| 4. കക്കാട്ടിരി പട്ടികജാതി കോളനി കിണർ നിർമ്മാണം |  | 35,000 |  |
| 5. പുതിയ വർക്കുകൾ പുതിയ ബസ് സ്റ്റാൻറ് യാർഡിന് റീട്ടെയ്നിംഗ് വാൾ നിർമ്മിക്കലും, ഫില്ലിംഗും. | 4,00,000 |  |  |
| 6. നിലവിലുള്ള ബസ് സ്റ്റാൻറ് യാർഡ് റീ ടാറിംഗ് | 1,22,088 |  |  |

റേഷൻഷോപ്പ് വഴിയുള്ള പൊതുവിതരണ സംവിധാനം കൂടുതൽ കാര്യക്ഷമവും, കുറ്റമറ്റതും ആക്കുന്നതിന്, അവയുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ടെങ്കിലും റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്തു തലത്തിൽ സ്വീകരിക്കാനും, അവക്ക് പരിഹാരം കാണുന്നതിനും നടപടികൾ സ്വീകരിക്കണം. പഞ്ചായത്തു ഭരണസമിതിയുടെ മേൽനോട്ടത്തിൽ വാർഡടിസ്ഥാനത്തിൽ നിലവിലുള്ള റേഷൻ കാർഡുകളെ സംബന്ധിച്ച് വസ്തുനിഷ്ഠമായ വിവര പരിശോധന നടത്തുകയും, അപാകതകൾ പരിഹരിച്ച് അർഹരായ എല്ലാ ആളുകൾക്കും റേഷൻ വിഹിതം ലഭ്യമാക്കുന്നതിനും, അനർഹരെ ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

റേഷൻ ഷോപ്പ് നടത്തുന്ന ലൈസൻസികളുടെ പ്രതിഫല വിഹിതം നടത്തിപ്പു ചെലവുമായി താരതമ്യപ്പെടുത്തി വർദ്ധിപ്പിച്ചാൽ മാത്രമേ ഈ മേഖലയിലെ അഴിമതി അവസാനിപ്പിക്കുകയും, സാധാരണ ജനങ്ങൾക്ക് നീതിപൂർവ്വകമായ റേഷൻ വിതരണം ഉറപ്പു വരുത്താൻ കഴിയുകയുള്ളൂ. നിലവിലുള്ള മാവേലി സ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിക്കുക. പഞ്ചായത്തിൽ ഉപഭോക്തൃ മേഖലയെ കുറ്റമറ്റതും കാര്യക്ഷമവും ആക്കുന്നതിന് ജനങ്ങൾക്ക് ബോധവൽക്കരണം നൽകാനും, ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

സാമൂഹ്യക്ഷേമ രംഗം ഒട്ടനവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ട്.

1. കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ ആഭിമുഖ്യത്തിലുള്ള ദാരിദ്ര്യ നിർമാർജ്ജന പദ്ധതികളുടെ പ്രയോജനം ഈ പഞ്ചായത്തിലെ കുറച്ച് കുടുംബങ്ങൾക്കേ ലഭിക്കുന്നുള്ളൂ.
2. ഐ.ആർ.ഡി.പി. ലിസ്റ്റ് രണ്ടു വർഷം കൂടുമ്പോൾ കൊടുക്കുന്നില്ല. അർഹരായ കുടുംബങ്ങൾ പലതും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. അനർഹർ കടന്നുകൂടുന്നു.
3. സാമൂഹ്യക്ഷേമ പദ്ധതികളുടെ നടത്തിപ്പിൽ പൊതുവിൽ വ്യാപകമായ അഴിമതി കണ്ടുവരുന്നുണ്ട്.
4. ക്ഷേമപദ്ധതികൾ നടപ്പാക്കുമ്പോൾ സാധാരണക്കാർ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും മുക്തമല്ല.
5. കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ സഹായം ലഭിക്കുന്ന ധാരാളം ക്ഷേമപദ്ധതികളെ സംബന്ധിച്ച് ഭൂരിഭാഗം ജനങ്ങൾക്കും വ്യക്തമായ അറിവില്ല. ആവശ്യമുള്ളവർക്ക് വിവരങ്ങൾ എത്തിക്കുന്നതിനുള്ള സംവിധാനം പരിമിതമാണ്.
6. പൊതുവായി ഈ രംഗം വിലയിരുത്തുമ്പോൾ, അനുവദിച്ചുകിട്ടുന്ന തുച്ഛമായ ആനുകൂല്യങ്ങൾ തന്നെ അർഹതയുള്ളവർക്ക് സമയത്തിനു കിട്ടുന്നില്ല. സർക്കാർ ആഫീസുകൾ വഴിയുള്ള കാലതാമസം തന്നെയാണ് മുഖ്യപ്രശ്നം.

## സാദ്ധ്യതകൾ

1. ഐ.ആർ.ഡി.പി. സർവ്വേ ലിസ്റ്റിൻെറ അടിസ്ഥാനത്തിൽ അർഹരായ മുഴുവൻ കുടുംബങ്ങൾക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള പരിപാടി ആവിഷ്കരിക്കുക.

2. വനിതകൾക്കായി രണ്ട്, നാല്, അഞ്ച്, ആറ്, എട്ട്, ഒമ്പത്, പത്ത് എന്നീ വാർഡുകളിൽ ഓരോ D.W.C.R.A. യൂണിറ്റുകൾ സ്ഥാപിക്കുക.

3. ട്രൈസം തൊഴിൽ പരിശീലന പരിപാടിയിൽ കൂടുതൽ പേർക്ക് പരിശീലനം നൽകുകയും, പരിശീലനം ലഭിക്കുന്ന മുഴുവൻ ആളുകൾക്കും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ആവശ്യമായ ബാങ്ക് വായ്പ ലഭ്യമാക്കാൻ പദ്ധതി.

4. സാമൂഹ്യക്ഷേമ പദ്ധതികൾ പ്രകാരം ധനസഹായത്തിനർഹരായവരെ തിരഞ്ഞെടുക്കുന്നതിനും, ആനുകൂല്യം ലഭ്യമാക്കുന്നതിനും, പഞ്ചായത്ത് തലത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അംഗങ്ങളും അടങ്ങിയ ഒരു സമിതിയെ ചുമതലപ്പെടുത്തുക.

5. വിവിധ ഇനങ്ങളിലായി ഇന്നു നൽകുന്ന പെൻഷനുകൾ ഏറ്റവും ചുരുങ്ങിയത് മുന്നൂറു രൂപയെങ്കിലും ആയി വർദ്ധിപ്പിക്കുക.

6. ദുർബലരായ സ്ത്രീകളുടേയും, കുട്ടികളുടേയും പൊതുവായ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ വാർഡ് അടിസ്ഥാനത്തിൽ പോഷകാഹാര വിതരണത്തിന് സംവിധാനം ഏർപ്പെടുത്തുക.

7. വിവിധതരം ക്ഷേമനിധികളെ സംബന്ധിച്ച് ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് അറിവു നൽകുന്നതിനും, ക്ഷേമനിധികൾ പ്രയോജനപ്പെടുത്തുന്നതിനും പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണ സെമിനാർ നടത്തുക.

8. സാമൂഹ്യക്ഷേമ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങളും, ധനസഹായങ്ങളും അർഹരായവർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക.

9. വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനു വേണ്ടി പഞ്ചായത്തിൽ ഒരു വൃദ്ധസദനം സ്ഥാപിക്കുക.



ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസ്, പട്ടാമ്പി.

# ആരോഗ്യം

1950 മുതൽ ആരോഗ്യ സേവന രംഗം ഈ പഞ്ചായത്തിൽ സജീവമാണ്. ആരോഗ്യപരിപാലനത്തിന്റെയും ശുചിത്വത്തിന്റെയും കാര്യത്തിൽ പഞ്ചായത്തിന്റെ സ്ഥാനം മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് മോശമല്ല. ഇവിടെ സ്ഥിരമായി അഴുക്ക് കെട്ടികിടക്കുന്ന ചതുപ്പ് പ്രദേശങ്ങളോ മലമ്പനി, മന്ത് തുടങ്ങിയ രോഗങ്ങളോ സാധാരണയല്ല. പഞ്ചായത്തിലെ V-ാം വാർഡിൽ ഒരു സർക്കാർ ആശുപത്രിയും, II,III,IX വാർഡുകളിലായി ഓരോ സബ് പ്രൈമറി ഹെൽത്ത് സെന്ററുകളും സർക്കാർ പൊതു സ്ഥാപനങ്ങളായി ഈ രംഗത്തു പ്രവർത്തിക്കുന്നു. സബ് PHC കൾ പഞ്ചായത്തിലെ പത്ത് വാർഡുകളേയും കവർചെയ്ത് പ്രവർത്തിക്കുന്നു. സർക്കാർ സ്ഥാപനങ്ങൾക്ക് പുറമേ സ്വകാര്യസ്ഥാപനങ്ങളായി V-ാം വാർഡിൽ ഒരു സ്വകാര്യ ആധുനിക ചികിത്സാ ആശുപത്രിയും നിരവധി ക്ലിനിക്കുകളും ആയുർവേദ ആശുപത്രികളും പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും മെച്ചപ്പെട്ട ആധുനിക ചികിത്സക്ക് അടുത്തുള്ള കൂടുതൽ സൗകര്യങ്ങളുള്ള ഒറ്റപ്പാലത്തും പെരിന്തൽമണ്ണയിലും തൃശൂരും ഉള്ള പ്രമുഖ സ്വകാര്യ ആശുപത്രികളെയാണ് ഇന്നും ആശ്രയിക്കുന്നത്. 5-ാം വാർഡിൽ ഇപ്പോഴുള്ള E.P. മെമ്മോറിയൽ സർക്കാർ ആശുപത്രിയെ ഒരു താലൂക്ക് ആശുപത്രിയായി ഉയർത്തുകയും മെച്ചപ്പെട്ട ആധുനിക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്താൽ മാത്രമേ ജനങ്ങളുടെ ദുരിതത്തിന് പരിഹാരമാവുകയുള്ളു. II,III,IX വാർഡുകളിലായി ഇപ്പോൾ പ്രവർത്തിക്കുന്ന Sub PHC കൾക്ക് ചികിത്സ സൗകര്യങ്ങൾ വളരെ പരിമിതമാണ്. അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. കൂടാതെ I,II, വാർഡുകളിൽ ഓരോ സബ് പ്രൈമറി സെന്ററുകൾ സ്ഥാപിക്കണമെന്നും നിലവിലുള്ള sub PHC കൾ Mini പ്രൈമറി ഹെൽത്ത് സെന്ററുകളായി ഉയർത്തി ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കണമെന്നും ആവശ്യം ഉയർത്തിയിട്ടുണ്ട്. I,IV, VII, VIII വാർഡുകളിൽ ഓരോ ആയുർവേദ ആശുപത്രി സ്ഥാപിക്കണമെന്നും ആവശ്യം ഉയർന്നിട്ടുണ്ട്.

പട്ടിക 1(a)

**പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ സംബന്ധിച്ച സംക്ഷിപ്ത വിവരങ്ങൾ.**

| ക്രമ നമ്പർ | വാർഡ് നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം | | | | 1 വർഷം സേവനം ലഭിക്കുന്നവരുടെ ശരാശരികണക്ക് | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|---|---|---|
| | | | | ഡോക്ടർ | നേഴ്സ് | മറ്റുള്ളവർ | ആകെ | | |
| 1 | V | E.P. അച്ചുതൻ നായർ മെമ്മോറിയൽ ഗവൺമെന്റ് ആശുപത്രി പട്ടാമ്പി | 1951 | 3 | 9 | 14 | 26 | 403731 | |
| 2 | II | Sub PHC ശങ്കരമംഗലം | 1984-'85 | | 1 (JPHN) | | 1 | 1473 | |
| 3 | IX | IPPS/C കിഴായൂർ | 1984-'85 | | 1 | | 1 | 2268 | |
| 4 | III | Sub PHC പന്തക്കൻ പറമ്പ് | 1984-'85 | | 1 | | 1 | 2476 | |

(സർക്കാർ ആശുപത്രികളിൽനിന്നും ലഭിച്ച സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)

## പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന സർക്കാർ വക ആരോഗ്യ സ്ഥാപനങ്ങളെപ്പറ്റിയുള്ള വിവരങ്ങളും പ്രവർത്തനത്തെപ്പറ്റിയുള്ള വിലയിരുത്തലും, നിർദ്ദേശങ്ങളും.

| ക്രമ നമ്പർ | വാർഡ് നമ്പർ | സ്ഥാപനം | പ്രവർത്തനത്തെപറ്റിയുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ | അഭിപ്രായ കുറിപ്പ് |
|---|---|---|---|---|---|
| 1 | V | അച്ചുതൻനായർ E.P മെമ്മോറിയൽ ഗവൺമെന്റ് ആശുപത്രി പട്ടാമ്പി (റെയിൽവേസ്റ്റേഷനു മുൻവശം) | ഈ സർക്കാർ ആശുപത്രിയിൽ 3 ഡോക്ടർമാരും നേഴ്സുമാരും മറ്റ് പാരാമെഡിക്കൽ സ്റ്റാഫും ഉണ്ട്. ഇവിടെ രോഗികളെ കിടത്തി ചികിത്സിക്കാൻ 25 ബെഡുകൾ ഉണ്ട്. 2 ജനറൽ വാർഡുകളുണ്ട്. M.P. ഫണ്ടിൽനിന്നും ലഭിച്ച തുകയുപയോഗിച്ച് പണിതീർത്ത പ്രസവമുറിയും വാർഡും മാത്രമേ സാങ്കേതികമായി രൂപവൽക്കരണം ചെയ്യപ്പെട്ടിട്ടുള്ള സ്ത്രീകൾക്കും പുരുഷൻമാർക്കും വെവ്വേറെ വാർഡുകളാണ്. 2 വാർഡുകളും മഴവന്നാൽ ചോർന്ന് ഒലിക്കുന്ന വയാണ്. മെച്ചപ്പെട്ട ആധുനിക ചികിത്സ സൗകര്യങ്ങൾ കുറവ്. ഓഫീസ് ജീവനക്കാരും ഉണ്ട്. | 1. താലൂക്കാശുപത്രിയായി ഉയർത്തുക.<br>2. മലിനജല നിർമാർജ്ജന ഒഴുക്ക് ചാലുകൾ ശാസ്ത്രീയമായി നിർമ്മിക്കണം<br>3. മരുന്ന്എല്ലാ സമയത്തും ലഭ്യമാക്കാൻ ഒരു റീജിയിണൽ സർക്കാർ മെഡിക്കൽ സ്റ്റോർ തുടങ്ങണം.<br>4. ജലവിതരണം കുറ്റമറ്റതാക്കണം<br>5. ജനറേറ്റർ സ്ഥാപിക്കണം<br>6. ഫോൺ ബന്ധം ഉറപ്പ് വരുത്തണം<br>7. ഒരു ആംബുലൻസും 2 ഡ്രൈവർമാരുടെ തസ്തികയും വേണം<br>8. എല്ലാസമയത്തും ഡോക്ടറുടെ എങ്കിലും സേവനം ഉണ്ടാക്കണം. | പ്രവർത്തനം മെച്ചപ്പെടുത്താൻ പൊതുവായ നിർദ്ദേശങ്ങൾ പ്രത്യേകം ചേർക്കണം |

**പട്ടിക 1 ബി.**

| ക്രമ നമ്പർ | വാർഡ് നമ്പർ | സ്ഥാപനം | പ്രവർത്തനത്തെപറ്റിയുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ | അഭിപ്രായ കുറിപ്പ് |
|---|---|---|---|---|---|
| 2 | II | Sub PHC ശങ്കരമംഗലം (I ഉം II ഉം വാർഡുകൾക്ക് പൊതുവായി) | ഒരു ജൂനിയർപബ്ളിക് നേഴ്സ്, എല്ലാ മരുന്നുകളും എത്തുന്നില്ല. OPT Triple വാക്സിൻ, പോളിയോ, BCG, Special Polio, മീസിൽസ് മറ്റ് കുത്തി വെയ്പ്പുകളും കുട്ടികൾക്കും ഗർഭിണികൾക്കും വിറ്റാമിൻ ഗുളികകളും മറ്റ് മരുന്നുകളും നൽകുന്നുണ്ട്. പേപ്പട്ടി വിഷത്തിന് എതിരെ കുത്തിവെയ്ക്കാൻ ഈ സെന്ററിന് കഴിയും എങ്കിലും മരുന്ന് സൂക്ഷിക്കാൻ ഫ്രിഡ്ജ്ഇല്ല. | ഈ Sub PHC ഒരു Mini PHC ആയി ഉയർത്തണം ഒരു ഡോക്ടറുടെ സേവനം അത്യാവശ്യമാണ് First Aid മരുന്നുകൾ ആവശ്യത്തിന് ലഭ്യമാക്കണം. ഒരു ഫ്രിഡ്ജ് അത്യാവശ്യമാണ് കുത്തിവെപ്പിനും മറ്റു മരുന്നുകളും വിറ്റാമിൻ പോഷക ഗുളിക കളും ആവശ്യത്തിന് ലഭ്യമാക്കണം. | |
| 3 | IX | IPPS/C കീഴായൂർ IV,VIII,IX വാർഡുകൾ ക്ക് പ്രയോജനം | ഈ സെന്ററിൽ ഒരു Junior Public Health Nurse ഉണ്ട്. ഇവിടെ കുട്ടികൾക്കും ഗർഭിണികൾക്കും അമ്മമാർക്കും ആവശ്യമായ കുത്തി വെയ്പ്പുകളും കുടുംബാസൂത്രണ പ്രവർത്തന ങ്ങളും വൈറ്റമിൻ ഗുളികകളുടെ വിതരണവും നടത്തുന്നു. | സ്ഥിരമായി ഒരു ഡോക്ടർ ആവശ്യമാണ്. ഒരു Mini PHC ആയി ഉയർത്തണം ആവശ്യത്തിനുള്ള മരുന്നു കൾ സമയാസമയത്തിന് എത്തിക്കണം മരുന്നുകൾ സൂക്ഷിക്കാൻ ഫ്രിഡ്ജ് വേണം. അറ്റകുറ്റപ്പണികൾ നടത്തണം കുടിവെള്ളം എത്തിക്കുന്നു കുഴൽ കിണർ [illegible] ആവശ്യത്തിന് എത്തിക്കണം. | |

## പട്ടിക 1 ബി.

| ക്രമ നമ്പർ | വാർഡ് നമ്പർ | സ്ഥാപനം | പ്രവർത്തനത്തെപറ്റിയുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ | അഭിപ്രായ കുറിപ്പ് |
|---|---|---|---|---|---|
| 4 | III | സബ് PHC പന്തക്കൻപറമ്പ് III,V വാർഡുകൾ ക്ക് പ്രയോജനം | ഒരു Junior Public Health Nurse ഉണ്ട്. കെട്ടിടം ഇല്ല. മഹിളാ സമാജത്തിന്റെ ഒരു ഭാഗത്ത് പ്രവർത്തിക്കുന്നു. പട്ടാമ്പി ഗവ: ആശുപത്രിയിൽ വെച്ച് കുത്തിവെപ്പുകളും വൈറ്റമിൻ ഗുളികകളും നൽകുന്നു. ഇപ്പോൾ ഇതിന്റെ പ്രവർത്തനം ഗവ: ആശുപത്രിയോടനുബന്ധിച്ച് തുടങ്ങുന്നതിനാൽ മെച്ചമാണ്. | PHC സ്വന്തമായി കെട്ടിടവും മരുന്ന് സൂക്ഷിക്കാൻ ഫ്രിഡ്ജ് ഉണ്ടായാൽ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻകഴിയും | |

പഞ്ചായത്തിൽ സ്വകാര്യ മേഖലയിലാണങ്കിലും സ്പെഷലിസ്റ്റ് ചികിത്സ സൗകര്യങ്ങളും ലഭ്യമാണ്, ഒരു X-ray ECG സൗകര്യങ്ങളും പോളിക്ലിനിക്കുകളും 2 ഡെന്റൽ ക്ലിനിക്കുകളും രണ്ട് നേത്രരോഗ ചികിത്സാക്ലിനിക്കുകളും, 2 ഇ എൻടി ക്ലിനിക്കുകളും സാമാന്യം മെച്ചപ്പെട്ട രീതിയിൽപ്രവർത്തിക്കുന്ന ആയുർവേദ ഫാർമസികളും ഒരു ആയുർവേദ നേഴ്സിംഗ് ഹോമും, ഒരു മർമ്മ ചികിത്സാലയവും, ഒരു യുനാനി ചികിത്സാ ക്ലിനിക്കും, ഒരു ഹോമിയോക്ലിനിക്കും, 3 മെഡിക്കൽലാബുകളും, 10 മെഡിക്കൽ സ്റ്റോറുകളും, 8 പ്രമുഖ ആയുർവേദ സ്ഥാപനങ്ങളും അംഗീകൃത ഏജൻസികളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

സർക്കാർ ഉടമയിലുള്ള പൊതുജനാരോഗ്യം സംബന്ധിച്ച വിവരങ്ങൾ പട്ടിക 3–ൽ ചേർത്തിരിക്കുന്നു

ജനന, മരണം

പട്ടാമ്പി പഞ്ചായത്തിൽ 1992 മുതൽ 1996 വരെയുള്ള കാലയളവിലെ ജനന മരണ നിരക്ക് പരിശോധിക്കുമ്പോൾ ജനന നിരക്ക് 1994ൽ നേരിയ വർദ്ധന കാണിക്കുന്നു എങ്കിലും ഏറക്കുറെ മാറ്റമില്ലാതെ തുടരുന്നു. 1995 –ലെ കണക്ക് വച്ച് നോക്കുമ്പോൾ ജനന നിരക്ക് 1000 ത്തിന് 32 എന്നാണത്. എന്ന സംസ്ഥാന നിരക്കിനേക്കാൾ കൂടുതൽ ആണ്. എന്നാൽ 1993 മുതൽ1996 വരെയുള്ള പഞ്ചായത്തിലെ മരണ നിരക്ക് സൂചിപ്പിക്കുന്നത് മരണനിരക്ക് കുറഞ്ഞുവരുന്നു എന്നതാണ്. ഇത് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളും ആരോഗ്യ നിലവാരത്തിലെ ഉയർച്ചയെയും സൂചിപ്പിക്കുന്നു. 1992 മുതൽ 1996 വരെ പഞ്ചായത്തിൽ ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ ജനനന മരണ നിരക്ക് സംബന്ധിച്ചവിവരങ്ങൾ പട്ടിക 4–ൽ ചേർക്കുന്നു.

ശിശുമരണ നിരക്ക്

ഈ പ്രദേശത്തെ ഏറ്റവും പഴക്കമുള്ള ആരോഗ്യസ്ഥാപനമാണ് ഇത്. മെച്ചപ്പെട്ട ആരോഗ്യ സേവനത്തിനു വേണ്ടിയുള്ള പരക്കം പാച്ചിലിൽ ഈ പ്രദേശത്തെ ജനങ്ങളും സർക്കാരും ഏറെക്കുറെ സ്ഥാപനത്തെ അവഗണിച്ചമട്ടാണ്. സൗകര്യങ്ങളുടെ കാര്യത്തിൽ ഇന്നും അപര്യാപ്തതയുണ്ട്. ഈ ആശുപത്രിയിലെ ആദ്യത്തെ ഡോക്ടർ ലക്ഷ്മീനാരായണയ്യർ ആയിരുന്നു. ശ്രീ M.E. അബ്ദുള്ളഹാജി സംഭാവനചെയ്ത ആശുപത്രികെട്ടിടം അന്നത്തെ ആരോഗ്യ മന്ത്രി എ.ആർ മേനോന്റെ സാന്നിദ്ധ്യത്തിൽ ഗവർണ്ണർ ബി. രാമകൃഷ്ണറാവു 1958ൽ ഉദ്ഘാടനംചെയ്തു. യശഃ ശരീരനായ E.P. അച്ചുതൻ നായർ സ്ഥാപിച്ച തീപ്പെട്ടികമ്പനിയുടെ പ്രവർത്തനം നിർത്തി അത്യാവശ്യമായ പരിഷ്കരണം നടത്തി ഏകദേശം ഒരു ഏക്ര സ്ഥലവും കെട്ടിടങ്ങളും ആസ്പത്രിക്ക്വേണ്ടി 1970 ൽ E.P ബ്രദേഴ്സ് സംഭാവനചെയ്ത പുതിയ കെട്ടിടത്തിലേക്ക് മാറ്റി. അതിന്റെ ഉദ്ഘാടനം അന്നത്തെ മുഖ്യമന്ത്രി അച്ചുത മേനോൻ നിർവ്വഹിച്ചു. ആഭ്യന്തരമന്ത്രി കെ കരുണാകരനായിരുന്നു അദ്ധ്യക്ഷൻ. E.P. Brothers ന് നന്ദി.

## പട്ടിക 3
## പൊതുജനാരോഗ്യം സംബന്ധിച്ച സൗകര്യങ്ങളുടെ വിവരങ്ങൾ.

| വാർഡ് നമ്പർ | ജനന മരണ പൊതുനില | | ആരോഗ്യ കേന്ദ്രങ്ങൾ (സർക്കാർ ഉടമയിൽ) | | സ്വകാര്യ കക്കൂസുകൾ | | പൊതു സ്മശാനം | | മലിന ജലദൂരീകരണ സെപ്റ്റിക് ടാങ്ക് | | വേസ്റ്റ് ബിൻ | | കുടുംബാസൂത്രണം | കുടുംബക്ഷേമം | ശിശുസംരക്ഷണം | അടിയന്തര ക്യാമ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ജനനം | മരണം | നിലവിലുള്ളവ | പുതിയ ആവശ്യം | നിലവിലുള്ളവ | ആവശ്യം | നിലവിലുള്ളവ | ആവശ്യം | നിലവിലുള്ളവ | പുതിയ ആവശ്യം | നിലവിലുള്ളവ | ആവശ്യം | | | | |
| I | 58 | 18 | ഇല്ല | Sub PHC ആയുർവേദ ആശുപത്രി | 254 | 104 | ഇല്ല | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | | | | |
| II | 91 | 19 | സബ് PHC | Mini PHC | 418 | 212 | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | | | | |
| III | 88 | 16 | ഇല്ല | ഇല്ല | 788 | 27 | ഇല്ല | ഇല്ല | ഇല്ല | 1 | 1 | 3 | | | | |
| IV | 90 | 13 | ഇല്ല | ഇല്ല | 500 | 50 | ഇല്ല | ഇല്ല | ഇല്ല | 2 | 4 | 2 | | | | |
| V | 97 | 12 | സ.ആശുപത്രി | താലൂക്ക് ആശുപത്രിയായി ഉയർത്തുക | 717 | 83 | ഇല്ല | 1 | ഇല്ല | 1 | 4 | 3 | വിവരങ്ങൾ ലഭ്യമല്ല | വിവരങ്ങൾ ലഭ്യമല്ല | | |
| VI | 63 | 16 | ഇല്ല | Sub PHC ആയുർവേദ ആശുപത്രി | 306 | 84 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | | | | |
| VII | 80 | 10 | ഇല്ല | ആയുർവേദ ആശുപത്രി | 470 | 80 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | | | | |
| VIII | 86 | 14 | ഇല്ല | ഇല്ല | 413 | 102 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | | | | |
| IX | 70 | 12 | സബ് PHC | ആയുർവേദ ആശുപത്രി | 260 | 119 | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | | | | |
| X | 57 | 13 | ഇല്ല | ഇല്ല | 380 | 50 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | 3 | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| Total | 780 | 143 | 3 | 7 | 4506 | 911 | 2 | 2 | ഇല്ല | 4 | 11 | 21 | | | 10 | |

## പട്ടിക 4

**പട്ടാമ്പി ഗ്രാമ പഞ്ചായത്തിൽ നടന്ന ജനന മരണ വിവരങ്ങൾ 1992 മുതൽ 96 വരെ**

| വർഷം | ജനനം | മരണം | അഭിപ്രായക്കുറിപ്പ് |
|---|---|---|---|
| 1 | 2 | 3 | 4 |
| 1993 | 739 | 192 | |
| 1994 | 808 | 134 | |
| 1995 | 794 | 139 | |
| 1996 | ലഭ്യമല്ല | 112 | പൂർണ്ണമല്ല |

(പഞ്ചായത്തിൽ ലഭ്യമായ കണക്കിന്റെ അടിസ്ഥാനത്തിൽ)

**പട്ടാമ്പി ഗവ:മെന്റ് ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തുക.**

പട്ടാമ്പിയിൽ നിലവിലുള്ള ഇ.പി മെമ്മോറിയൽ സർക്കാർ ആശുപത്രിയുടെ ഗ്രേഡിലേയ്ക്ക് ഉയർത്തണമെന്ന് ശക്തമായ ബഹുജനാവശ്യം നിലവിലുണ്ട്. ഒരു തീപ്പെട്ടികമ്പനിയായിരുന്ന കെട്ടിടങ്ങളിൽ തുടങ്ങിയ ആശുപത്രിയിൽ ഇന്നു വേണ്ടത്ര ആശുപത്രി കെട്ടിട സൗകര്യങ്ങളില്ല. അടുത്തകാലത്ത് M.P.യുടെ കോഴിവികസനഫണ്ടിൽ നിന്നും ലഭിച്ച ഫണ്ട് ഉപയോഗിച്ച് പ്രസവമുറിയും വാർഡും മാത്രമേ സാങ്കേതികമായി രൂപവൽക്കരണം ചെയ്യപ്പെട്ടിട്ടുള്ളൂ. മറ്റ് വാർഡുകൾ എല്ലാം മഴക്കാലത്ത് ചോർന്ന് ഒലിക്കുന്നവയാണ്. ഇവയുടെ സ്ഥാനത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ പണികഴിപ്പിക്കണം. കൂടാതെ താഴെപ്പറയുന്ന സൗകര്യങ്ങൾ ഈ ആശുപത്രിക്ക് വേണ്ടി ലഭ്യമാക്കിയാൽ മാത്രമേ ഈ പ്രദേശത്തെ സാധാരണക്കാരന്റെ ചികിത്സാസൗകര്യം മെച്ചപ്പെടുത്താൻ കഴിയുകയുള്ളു.

1. സിസേറിയൻ ഓപ്പറേഷൻ നടത്താനുള്ള സൗകര്യം ഏർപ്പെടുത്തണം. പഴയ ആശുപത്രി വളപ്പിൽ പുതിയ ബ്ലോക്ക് നിർമ്മിക്കുക. OP Block ഉം, അത്യാഹിത വിഭാഗവും, ഓഫീസ് വിഭാഗവും പുതുതായി നിർമ്മിക്കുന്ന ബ്ലോക്കിൽ പ്രവർത്തിക്കണം.
2. ഈ ആശുപത്രിയിലെ ജീവനക്കാർക്ക് വേണ്ടി പ്രത്യേകിച്ച് നേഴ്സ് വിഭാഗത്തിന്, ക്വാർട്ടേഴ്സുകൾ പണിയണം.
3. ആശുപത്രിയിലെ മലിനജലം ശുദ്ധീകരിച്ച് പുറത്തേയ്ക്ക് ഒഴുക്കുന്നതിന് ശുദ്ധീകരണ ഡ്രെയിനേജ് സംവിധാനം ശാസ്ത്രീയമായി നടപ്പാക്കണം.
4. ഈ ആശുപത്രിയിൽ ചികിത്സയ്ക്ക് എത്തുന്നത് സാധാരണക്കാർ ആയതുകൊണ്ട് അവർക്ക് ആവശ്യമായ എല്ലാ മരുന്നുകളും ആശുപത്രി എല്ലാ സമയത്തും ലഭ്യമാക്കാൻ സംവിധാനം ഉണ്ടാക്കണം. ഇതിന് സഹായകമാകത്തക്ക വിധം ഒരു റീജിയണൽ മെഡിക്കൽ സ്റ്റോർ തുടങ്ങുക.
5. ആശുപത്രിയിലെ ശുദ്ധജല വിതരണം കുറ്റമറ്റതാക്കണം. ഇതിനായി ആശുപത്രി വളപ്പിൽ ഒരു ടാങ്ക് നിർമ്മിച്ച് 24 മണിക്കൂറും വെള്ളം ലഭ്യമാക്കണം.
6. വൈദ്യുതി നിലയ്ക്കുമ്പോൾ ആശുപത്രിയിൽ അത്യാവശ്യ ചികിത്സയ്ക്ക് ഭംഗം വരുന്നു. ഇത് തടയുന്നതിനായി ഒരു ജനറേറ്റർ സ്ഥാപിക്കണം.
7. ആശുപത്രിയിൽ ഫോൺ സൗകര്യം സ്ഥാപിക്കണം.
8. ആശുപത്രിക്ക് സ്വന്തമായി ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുക.
9. ആശുപത്രിയിൽ ആധുനിക ചികിത്സയ്ക്ക് അത്യാവശ്യമായ യന്ത്രസംവിധാനങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തുക.
10. ആശുപത്രിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഓപ്പറേഷൻ തീയ്യറ്റർ സ്ഥാപിക്കുകയും സിസേറിയൻ ഓപ്പറേഷൻസൗകര്യം അത്യാവശ്യം ഏർപ്പെടുത്തുകയും ചെയ്യുക. ഒരു ഗൈനക്കോളജിസ്റ്റിന്റെ സേവനം സ്ഥിരമായി ലഭ്യമാക്കണം.

Sub PHC കൾ:- ഈ പഞ്ചായത്തിലെ ആരോഗ്യ രംഗത്ത് സേവനം നൽകുന്ന പ്രൈമറി ഹെൽത്തുസെന്ററുകളുടെ ഗ്രേഡ് ഉയർത്തുകയും ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും വേണം. III-ാം വാർഡിൽ പ്രവർത്തിക്കുന്ന ഇതിന് കെട്ടിടം ഇല്ലാത്തതിനാൽ ഗവ: ആശുപത്രിവഴിയാണ് സേവനം ലഭ്യമാക്കുന്നത്. ഈ സെന്ററുകൾ നൽകുന്ന വിവിധ ആരോഗ്യസേവനം സംബന്ധിച്ച വിശദവിവരങ്ങൾ പട്ടിക 5-ൽ ചേർക്കുന്നു.

**പട്ടിക-5**

**പ്രൈമറി ഹെൽത്ത്സെന്ററുകൾ വഴി പഞ്ചായത്തിൽ വിവിധവാർഡുകളിൽ വിതരണം ചെയ്ത മരുന്നുകളുടെയും സേവനങ്ങളുടെയും സംക്ഷിപ്ത വിവരങ്ങൾ**

| ക്രമ നമ്പർ | ഇനം മരുന്ന് വിവരം | Sub PHC ശങ്കരമംഗലം | IPPSIC കിഴായൂർ | Sub PHC പത്തക്കൽപറമ്പ് | ആകെ Total |
|---|---|---|---|---|---|
| 1 | ഒരു വയസ്സിനുതാഴെ OPT ട്രിപ്പിൾ വാക്സിൻ | 60 | 80 | 196 | 336 |
| 2 | പോളിയോ 1 വയസ്സിന് താഴെ | 60 | 95 | 228 | 375 |
| 3 | BCG 1 വയസ്സിനുതാഴെ | 48 | 75 | 298 | 421 |
| 4 | സ്പെഷൽ പോളിയോ (Pulse Polio) | 338 | 560 | 458 | 1356 |
| 5 | മീസിൽസ് | 41 | 45 | 152 | 238 |
| 6 | 1½ വയസ്സിന്റെ കുത്തിവെപ്പുകൾ | 35 | 215 | 128 | 378 |
| 7 | 4½ യ്ക്കും 5നും ഇടയ്ക്ക് DT കുത്തിവെപ്പ് | 30 | 350 | 128 | 508 |
| 8 | വൈറ്റമിൻ കൊടുത്ത കുട്ടികളുടെ എണ്ണം | 156 | 270 | 94 | 520 |
| 9 | Iron ഗുളിക കൊടുത്ത കുട്ടികളുടെ എണ്ണം | 360 | 380 | 84 | 824 |
| 10 | TT ഇഞ്ചക്ഷൻ 10 വയസ്സിനു എടുത്തവർ | 12 | 60 | 121 | 193 |
| 11 | TT 15 വയസ്സിന് | 15 | 75 | 128 | 218 |
| 12 | ഗർഭിണികൾക്ക് വിറ്റാമിൻ ഗുളിക TT ഇഞ്ചക്ഷൻ | 42 | 116 | 53 | 211 |

| ക്രമ നമ്പർ | ഇനം മരുന്ന് വിവരം | Sub PHC ശങ്കരമംഗലം | Sub PHC കിഴായൂർ | Sub PHC പന്തക്കൽപറമ്പ് | ആകെ Total |
|---|---|---|---|---|---|
| 13 | Iron ഫോളിക് ആസിഡ് ഗുളിക | 56 | 116 | 48 | 220 |
| 14 | മുലയൂട്ടുന്നവർക്ക് വിറ്റാമിൻ ഗുളിക | 50 | 65 | 4 | 119 |
| 15 | ORS വിതരണം ചെയ്തത് | 47 | 150 | 80 | 277 |
| 16 | താൽക്കാലിക കുടുംബാസൂത്രണം | 85 | 73 | 273 | 431 |
| 17 | കുടുംബാസൂത്രണം സ്ഥിരം | 38 | 23 | 3 | 64 |

പ്രൈമറി ഹെൽത്ത്സെന്ററുകളിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പ്രകാരം തയ്യാറാക്കിയത്

**സ്ഥായിയായി രോഗബാധിതർ:-** ലഭ്യമായ കണക്കുകൾ പരിശോധിക്കുമ്പോൾ പഞ്ചായത്തിൽ വിവിധ തരം സ്ഥായിയായ രോഗബാധിതർ 2426 പേരാണ്. ഈ കണക്ക് പൂർണ്ണമല്ല. കാരണം നിരവധി ആളുകൾ മറ്റ് പ്രദേശങ്ങളിൽ പോയി ചികിത്സ നടത്തുന്നു. ചിലരോഗങ്ങളും അവയുടെ ചികിത്സയും സംബന്ധിച്ച വിവരങ്ങൾ പരസ്യമാക്കാൻ ആഗ്രഹിക്കാത്തവർ ഉണ്ട്. ഇത്തരം രോഗബാധിതരിൽ രക്തസമ്മർദ്ദവും പ്രമേഹവും ബാധിച്ച രോഗികളാണ് അധികവും. ഹൃദ്രോഗ ചികിത്സയ്ക്ക് അത്യാവശ്യമായ സൗകര്യങ്ങളും I.C യൂണിറ്റും പഞ്ചായത്തിലെ ഏക സ്വകാര്യ ആശുപത്രിയിൽ ലഭ്യമാണ് എന്നത് ആശ്വാസകരമാണ്. പഞ്ചായത്തിലെ ഒരു ലെപ്രസ്സി ഹെൽത്ത് വർക്കറുടെ ഓഫീസ് പ്രവർത്തിച്ചിരുന്നത് ഇപ്പോൾ പ്രവർത്തനക്ഷമമല്ല. സ്ഥായിയായ രോഗബാധിതരെ സംബന്ധിച്ച ലഭ്യമായ വിവരങ്ങൾ അടങ്ങിയ പട്ടിക 6 ൽ

**പട്ടിക 6**

**പഞ്ചായത്തിൽ സ്ഥായിയായി രോഗബാധിതരുടെ വിവരങ്ങൾ**

| ക്രമനമ്പർ | രോഗ ഇനവിവരം | രോഗബാധിതരായവരുടെ എണ്ണം | അഭിപ്രായക്കുറിപ്പ് |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ഹൃദ്രോഗം | 87 | |
| 2 | രക്തസമ്മർദ്ദം | 1421 | |
| 3 | പ്രമേഹം | 825 | |
| 4. | ക്ഷയം | 56 | |
| 5. | കുഷ്ഠം | 6 | |
| 6. | മന്ത് | 4 | |
| 7. | ഭ്രാന്ത്/മാനസികരോഗങ്ങൾ | 27 | |
| | ആകെ | 2421 | |

ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്

**പകർച്ചവ്യാധികൾ:-** നമ്മുടെ പഞ്ചായത്തിലും പകർച്ചവ്യാധികൾ കണ്ടുവരുന്നുണ്ട്. എങ്കിലും സ്ഥിതി ഗുരുതരമല്ല. ഇവിടെ പൊതുവായി കണ്ടുവരുന്ന പകർച്ചവ്യാധികൾ അധികവും ജലജന്യരോഗങ്ങളും ആഹാരജന്യരോഗങ്ങളുമാണ്. ശുദ്ധജല മലിനീകരണം മഴക്കാലത്തും വേനൽക്കാലത്തും കോളറ, എൻടയിക്സ് എന്നീ രോഗങ്ങൾ നേരിയതോതിൽ പ്രത്യക്ഷപ്പെടാറുണ്ട്. എങ്കിലും വേഗത്തിൽ ചികിത്സാ സൗകര്യം ലഭ്യമാകുന്നതിനാൽ ഈ യിനത്തിൽ മരണറിപ്പോർട്ട് ചെയ്യപ്പെടുന്നില്ല. ജലജന്യരോഗങ്ങളായി ത്വക്ക് രോഗങ്ങൾ കണ്ടുവരുന്നുണ്ട്. ആഹാരജന്യരോഗങ്ങൾ അധികവും മത്സ്യ-മാംസാദികളിലൂടെയും ഹോട്ടലുകളിൽനിന്നും കഴിക്കുന്ന പഴക്കംചെന്നതും മായം ചേർത്തതുമായ ഭക്ഷണ പദാർത്ഥങ്ങൾ കഴിക്കുന്നവയിലൂടെയാണ്. ഈ പഞ്ചായത്തിൽ ലൈസൻസ് നൽകിയതും ആധുനിക പരിശോധനാ സൗകര്യങ്ങളും ഉള്ള അറവുശാല ഇല്ല. പട്ടാമ്പിയിലെ സമീപപ്രദേശങ്ങളിലേയ്ക്കുമുള്ള ടൺ കണക്കിന് മത്സ്യ മാംസങ്ങൾ ഇവിടെ കൈകാര്യം ചെയ്യപ്പെടുന്നുണ്ട്. ഇവിടെ ഈ രംഗത്ത് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ഒരു ഫുഡ് ഇൻസ്പെക്ടർ ഓഫീസുണ്ട്. ആഹാരജന്യരോഗങ്ങൾ തടയുന്നതിന് സംവിധാനം ഉണ്ടാക്കണം. ജലജന്യരോഗങ്ങൾ അധികവും മാലിന്യം കലർന്ന ജലം കുടിവെള്ളമായി ഉപയോഗിക്കുന്നതുമൂലമാണ്. പഞ്ചായത്തിൽ ഇപ്പോൾ നൽകിവരുന്ന വെള്ളം ശുദ്ധീകരിച്ചതല്ല. അതിന് സംവിധാനം സമഗ്രശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായി നടപ്പാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. പകർച്ചവ്യാധികളുടെ തോത് ശതമാന കണക്കിൽ വിലയിരുത്തിയത് 1992 മുതൽ 96 വരെ കാലയളവിലെ വിവരങ്ങൾ പട്ടിക -7 ൽ ചേർക്കുന്നു.

**പട്ടിക 7**

**പഞ്ചായത്തിലെ പകർച്ചവ്യാധികൾ പൊതു വിലയിരുത്തൽ**

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണി രോഗങ്ങൾ | ആഹാരജന്യ രോഗങ്ങൾ | പോഷകാഹാര കുറവുമൂലവും മറ്റുമുള്ളരോഗങ്ങൾ | അഭിപ്രായ കുറിപ്പ് |
|---|---|---|---|---|---|---|
| 1992-93 | 45% | 17% | 2.5% | 30% | 5.5% | പഞ്ചായത്തിൽ ഉണ്ടാകുന്ന മുഖ്യമായവ ജലജന്യവും ആഹാരജന്യവുമായ രോഗങ്ങളാണ് |
| 1993-94 | 40% | 21% | 3% | 32% | 4% | |
| 1994-95 | 46% | 14% | 2% | 35% | 3% | |
| 1995-96 | 43% | 13% | 2% | 35% | 3% | |

(ആരോഗ്യ സ്ഥാപനങ്ങളിൽനിന്നും ലഭ്യമായ വിവരങ്ങളും ദ്വിതീയ സ്ഥിതി വിവരകണക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)

## പട്ടിക 8

### പഞ്ചായത്തിലെ സാനിട്ടറി കക്കൂസുകളുടെ വിവരങ്ങൾ

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസ് സൗകര്യം ഉള്ള വീടുകൾ | സാനിട്ടറി കക്കൂസ് സൗകര്യം ഇല്ലാത്ത വീടുകൾ | വിവിധപദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകൾ | ഇനിയും ആവശ്യമായ സാനിട്ടറി കക്കൂസുകൾ | അഭിപ്രായകുറിപ്പ് |
|---|---|---|---|---|---|
| I | 254 | 112 | 8 | 104 | ആരോഗ്യ സംഖ്യയുടെയും, വാർഡ് തല അന്വേഷണത്തിന്റെയും ദ്വിതീയ സ്ഥിതി വിവരം കണക്കുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയത്. |
| II | 418 | 213 | 1 | 212 | |
| III | 788 | 32 | 5 | 27 | |
| IV | 500 | 50 | - | 50 | |
| V | 717 | 85 | 2 | 83 | |
| VI | 306 | 86 | 2 | 84 | |
| VII | 470 | 83 | 3 | 80 | |
| VIII | 413 | 117 | 15 | 102 | |
| IX | 260 | 130 | 11 | 119 | |
| X | 380 | 50 | - | 50 | |
| 10 | 4506 | 958 | 47 | 911 | |

ആകെ 911 കക്കൂസുകൾ പുതുതായി നിർമ്മിച്ച് നൽകുകയോ ധനസഹായം അനുവദിക്കുകയോ ചെയ്യേണ്ടതാണ്)

**കക്കൂസ്:-**

ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിൽ കുടിവെള്ളം പോലെ പ്രാധാന്യം അർഹിക്കുന്നവയാണ് ശുചിത്വം, പരിസരശുചിത്വം പാലിക്കാൻ പ്രാഥമികമായി വേണ്ടത് കക്കൂസ് സൗകര്യമാണ്. ഈ പഞ്ചായത്തിൽ 4506 വീടുകളിൽ മാത്രമാണ് കക്കൂസ് ഉള്ളത്. 911 വീടുകളിൽ ഇനിയും കക്കൂസ് സൗകര്യം ഇല്ല. കക്കൂസ് ഇല്ലാത്തവർ വെളിപ്രദേശങ്ങളിൽ മല, മൂത്ര വിസർജ്ജനം ചെയ്യുന്നതിനാൽ വിരശല്യവും വയറിളക്കരോഗങ്ങളും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന വൃത്തി ഹീനമായ ഒറ്റപ്പെട്ട പ്രദേശങ്ങളിലെ കുട്ടികളിൽ കണ്ടുവരുന്നുണ്ട്. ഗ്രാമസഭകളിൽ കക്കൂസ് നിർമ്മിച്ചുകൊടുക്കണമെന്ന് വ്യാപകമായി ആവശ്യം ഉയർന്നിട്ടുണ്ട്. നിലവിലുള്ളതും ഇനി ആവശ്യമായതുമായ സാനിറ്ററി കക്കൂസുകളെ സംബന്ധിച്ച വാർഡടിസ്ഥാനത്തിലുള്ള വിവരങ്ങൾ പട്ടിക 8ൽ

## രോഗ നിവാരണത്തിനുള്ള നിർദ്ദേശങ്ങൾ

പൊതു സ്ഥലങ്ങളിലും തുറസ്സായ സ്ഥലങ്ങളിലും മലമൂത്ര വിസ്സർജ്ജനം നടത്തുന്നത് കർശനമായി തടയുന്നതിന് എല്ലാ കുടുംബങ്ങൾക്കും കക്കൂസ് സൗകര്യം ഏർപ്പെടുത്തണം. കൂടാതെ III, IV, V, VIII,IX വാർഡുകളിൽ ഓരോ പൊതു കക്കൂസ് കെട്ടുകയും അവയുടെ സംരക്ഷണവും ശുചിത്വവും കോൺട്രാക്ട് അടിസ്ഥാനത്തിൽ സ്വകാര്യവ്യക്തികളെ കൊണ്ട് നടത്തിക്കുക. ഹോട്ടൽ, വീടുകൾ ഇവയിൽ നിന്നുള്ള അഴുക്ക് വെള്ളം ഡ്രെയിനേജ്ലേക്ക് വരാതിരിക്കാൻ തനത് സ്ഥലങ്ങളിൽ ഇതിനായി സേഫ്റ്റിടാങ്ക് കെട്ടണം. മത്സ്യമാംസമാർക്കറ്റിൽ നിന്ന് പുറത്തുവരുന്ന അഴുക്കുവെള്ളം പ്രത്യേകം ടാങ്ക് കെട്ടി ശുദ്ധീകരിച്ച് പുറത്തേയ്ക്ക് വിടുക. അനധികൃതമായി നടത്തുന്ന അറവുകൾ നിർത്തുകയും ഈ ആവശ്യത്തിന് ആധുനികരീതിയിലുള്ള ഒരു സ്ലോട്ടർ ഹൗസ് നിർമ്മിക്കുകയും ചെയ്യണം. പകർച്ചവ്യാധികൾ വരാതിരിക്കാൻ ശുദ്ധീകരിച്ച ജലം വിതരണം നടത്തുകയും പുറത്തു നിന്നു പകർച്ചവ്യാധികളുമായി എത്തുന്ന യാചകരെ ഒഴിവാക്കുന്നതിന് യാചക നിരോധിതമേഖലയായി പ്രഖ്യാപിച്ച് കർശനമായി നടപ്പാക്കണം. 2, 3, 4, 5, 10 വാർഡുകളിലെ റോഡുകളിൽ വേയ്സ്റ്റ് ബിൽസ്ഥാപിക്കണം. ചപ്പു ചവറുകളും മാലിന്യങ്ങളും ദിവസേന നീക്കം ചെയ്യുകയും അത് പഞ്ചായത്ത് നേരിട്ടോ, കോൺട്രാക്ട് മുഖേനയോ കമ്പോസ്റ്റ് വളമായി രൂപപ്പെടുത്താൻ സംവിധാനം ഉണ്ടാക്കുക. പ്രതിരോധകുത്തിവെപ്പുകൾ യഥാകാലം നടത്തിക്കുന്നതിന് ജനങ്ങൾക്ക് ബോധവൽക്കരണം നൽകുക.

**ശ്മശാനം:-** 2, 9 വാർഡുകളിൽ ഇപ്പോൾ 2 പൊതു ശ്മശാനം ഉണ്ട്. ഇവ രണ്ടും നവീകരിച്ച് ചുള സമ്പ്രദായപ്രകാരമുള്ള ശ്മശാനമായി മാറ്റണം. 2-ാം വാർഡിലെ ശ്മശാനം പരിസര മലിനീകരണം ഉണ്ടാക്കുന്നുണ്ട്. ഇപ്പോൾപഞ്ചായത്തിലെ ശുദ്ധീകരണ വിഭാഗംനീക്കം ചെയ്യുന്ന ചപ്പുചവറുകളും മാല്യന്യങ്ങളും ഈ ശ്മശാനത്തിലുള്ള കുഴികളിലാണ് നിക്ഷേപിക്കുന്നത്.

മാലിന്യം നിക്ഷേപിക്കുന്ന ഈ കുഴികളും ശ്മശാനവും വേർതിരിച്ച് മതിൽകെട്ടി സംരക്ഷിക്കണം., ശ്മശാനത്തിൽ എത്തിക്കുന്ന ശവങ്ങളെ അല്പ സമയം സൂക്ഷിക്കുന്നതിന് സ്ഥിര സ്വഭാവമുള്ള ഷെഡ് നിർമ്മിക്കണം. I-ാം വാർഡിൽ ചൂള സമ്പ്രദായത്തിലുള്ള ഒരു ശ്മശാനം വള്ളൂർ തോടിന്റെ വക്കത്തുള്ള പുറമ്പോക്ക് സ്ഥലത്ത് പുതുതായി നിർമ്മിക്കാൻ നിർദ്ദേശമുണ്ട്. VI-ാം വാർഡിലേയ്ക്കും ഒരു പൊതു ശ്മശാനം സ്ഥാപിക്കണം എന്ന ആവശ്യം ഉണ്ട്. പരിസ്ഥിതി മലിനീകരണം ഇല്ലാതാക്കാൻ ദഹിപ്പിക്കുന്ന തരത്തിലുള്ള ശ്മശാനത്തിന്റെ പങ്ക് ഏറ്റവും പ്രധാനപ്പെട്ടതാണ്.

## ആരോഗ്യ സംരക്ഷണത്തിനാവശ്യമായ മറ്റ് സൗകര്യങ്ങൾ

പഞ്ചായത്തിൽ കൂടുതൽ വാഹന ഗതാഗതമുള്ള റോഡ് പ്രദേശങ്ങളിൽ ആരോഗ്യ സംരക്ഷണത്തിനായി വേപ്പ്, ഉങ്ങ് മുതലായ മരങ്ങൾ നട്ടുവളർത്തി സംരക്ഷിക്കണം. പഞ്ചായത്തിൽ ഓരോ വാർഡിലും പൊതു സ്ഥലത്ത് കുട്ടികളുടെ ഒരു പാർക്കുവേണം. പഞ്ചായത്തിന് പൊതുവായി പുഴവക്കത്ത് ഒരു ആരോഗ്യ വിജ്ഞാന പാർക്ക് നിർമ്മിക്കുന്നത് അഭികാമ്യമാണ്. ആരോഗ്യ പരിപോക്ഷണത്തിന് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ജിംനേഷ്യം സ്ഥാപിക്കുകയും വ്യയാമം പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. പ്രഭാത സായാഹ്ന നടത്തം പ്രോത്സാഹിപ്പിക്കണം. സൈക്കിൾ ചവിട്ടുന്നത് ആരോഗ്യത്തിന് വളരെ നല്ലതാണ്. പാശ്ചാത്യ രാജ്യങ്ങളിൽ ധാരാളം ആളുകൾ സൈക്കിൾ ഉപയോഗിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിൽഇതിന്റെഉപയോഗം കുറഞ്ഞുവരുന്നത് ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കും. പുകവലി, മദ്യപാനം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ വ്യാപകമായ പ്രചാരണം നടത്തണം.

## പഞ്ചായത്തിൽ പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിന് ഉന്നയിച്ച ഗ്രാമസഭാ നിർദ്ദേശങ്ങൾ വാർഡുതിരിച്ച്

വാർഡ് 1 ഒരു PHC ആവശ്യമാണ്.

2. ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കണം.
3. കക്കൂസില്ലാത്ത എല്ലാവീടുകൾക്കും അത് സ്ഥാപിക്കാൻ ധനസഹായം നല്കണം.
4. ഒരു പൊതുശ്മശാനം ചൂള സമ്പ്രദായത്തിൽ ശവം ദഹിപ്പിക്കാവുന്നതും പരിസര മലിനീകരണം ഒഴിവാക്കാവുന്നതുമായ ഒരു ശ്മശാനത്തിന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. (പുറമ്പോക്കു സ്ഥലം ലഭ്യമാണ്.)
5. ശങ്കരമംഗലം പറക്കാട് റോഡിന്റെ ഇരുവശവുമുള്ള ചാലുകൾ കോൺക്രീറ്റ് ചെയ്ത് മലിനജലം ഒഴിഞ്ഞുപോകാൻ പറ്റിയതാക്കണം.

വാർഡ് 2

1. ഹെൽത്ത് സെന്ററിലെ ഒഴിവുള്ള ഹെൽത്ത് ഇൻസ്പെക്ടറുടെ തസ്തിക നികത്തണം.
2. മിനി ഹെൽത്ത് സെന്ററായി ഈ സബ്ബ് സെന്ററിനെ ഉയർത്തണം.
3. ഇവിടെ ആയുർവ്വേദ ഡിസ്പെൻസറിയും ഒരു ഹോമിയോ ഡിസ്പെൻസറിയും സ്ഥാപിക്കുക.
4. കള്ളിക്കാട് ശ്മശാനം 4 മീ. ഉയരത്തിൽ മതിൽകെട്ടി മേലെ കമ്പി വലകെട്ടി സംരക്ഷിക്കണം. ചപ്പുചവറുകൾ യഥാസമയം കത്തിച്ചു നീക്കം ചെയ്യണം. മാലിന്യങ്ങൾ കമ്പോസ്റ്റ് ആക്കിമാറ്റാൻ പറ്റുമോ എന്നു പരിശോധിക്കണം. അതിന് ഗേറ്റ് വെയ്ക്കണം, ശവം ദഹിപ്പിക്കാൻ ചൂള എർപ്പാടാക്കണം. അല്പസമയം ശവം വെയ്ക്കുന്നതിന് ഷെഡ് സൗകര്യം വേണം.
5. ശങ്കരമംഗലം സെന്ററിൽ നിന്നും കോഴിക്കോട്ടിരി റോഡിൽ 150 മീ. പുതിയ ഡൈനേജ് നിർമ്മിക്കണം.
6. ശങ്കരമംഗലം, തെക്കുമുറി ഭാഗങ്ങളിൽമൂന്ന് വേസ്റ്റ്ബിൻ സ്ഥാപിക്കണം.
7. തെക്കുമുറി സെന്റർ മുതൽ മലബാർകമ്പനിവരെ 120മീ. ഡ്രൈനേജ് നിർമ്മിക്കണം.
8. 5സെന്റ് കോളനി, കള്ളിക്കാട് കോളനി, ലക്ഷം വീട് കോളനി ഇവിടങ്ങളിൽ അഴുക്കുചാൽ നിർമ്മിക്കണം. കിണറുകളിൽ കൂടെ കൂടെ ക്ലോറിനേഷൻ നടത്തണം.

വാർഡ് 3

1. 3-ാം വാർഡിൽ ആയുർവേദ/ഹോമിയോ/പ്രൈമറി ഹെൽത്ത് സെന്റർ സ്ഥാപിക്കുക.
2. പട്ടാമ്പി ഗവ: ആശുപത്രിയിൽ R.M. O യെ നിർമ്മിച്ച് 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാക്കുക.
3. പട്ടാമ്പി ആശുപത്രി പരിസരം ശുചീകരിക്കാൻ ആവശ്യമായ ജീവനക്കാരെ നിയമിക്കുക.
4. ഈ ആശുപത്രിയിലെ x-ray lab പ്രവർത്തിപ്പിക്കുക.
5. ഈ ആശുപത്രിയിൽ മോർച്ചറി പ്രവർത്തിപ്പിക്കുക.
6. ആശുപത്രിയിൽ കേടുവന്ന ഫർണീച്ചറുകൾ മാറ്റുക.
7. ആശുപത്രിയിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക.
8. കക്കൂസില്ലാത്ത 32 ഓളം വീടുകളിൽ കക്കൂസ് നിർമ്മിക്കുക.
9. മേലേ പട്ടാമ്പി കുളപ്പുറം റോഡിൽ ചാലുകൾ നിർമ്മിച്ച് സ്ലാബിടുക.

വാർഡ് 4

1. പുഴയുടെ തീരത്തുള്ള അറവു കർശനമായി നിർത്തുക.

2. പുഴയിലേക്ക് മലിനജലം ഒഴുകുന്നത് തടയുക.
3. ആരോഗ്യ വകുപ്പിലെ ഫീൽഡ് സ്റ്റാഫിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക.
4. അഴുക്കുചാലുകൾ യഥാസമയങ്ങളിൽ വൃത്തിയാക്കുക.
5. പട്ടാമ്പി ഹോസ്പിറ്റലിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.
6. പേപ്പട്ടിശല്യം ഒഴിവാക്കാൻ അലഞ്ഞുതിരിഞ്ഞുനടക്കുന്ന പട്ടികളെ പിടിച്ച് കൊന്ന് കുഴിച്ചിടുക.
7. മത്സ്യ കച്ചവടം നിയോഗിച്ച സ്ഥലത്ത് മാത്രം നടത്തുക.

വാർഡ് 5

1. നിലവിലുള്ള ആശുപത്രികെട്ടിടം നവീകരിച്ച് ഇന്നത്തെ ശോച്യാവസ്ഥ പരിഹരിക്കുക.
2. ആശുപത്രിയിൽ ഒരു R.M.O യെ നിയമിക്കുക.
3. ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിതവിഭാഗവും, ആധുനിക സൗകര്യങ്ങളോടുകൂടിയ ഓപ്പറേഷൻ തീയ്യറ്റർ, ആംബുലൻസ് സൗകര്യം, രക്തബാങ്ക് എന്നിവയും ഉണ്ടാക്കുക.
4. ആശുപത്രിയിൽ കാന്റീൻ സ്ഥാപിക്കുക.
5. കൊതുകുനിവാരണത്തിന് അഴുക്കുചാൽ സ്ലാബിട്ടുമൂടുക.

വാർഡ് 6

1. വാർഡിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ സ്ഥാപിക്കുക.
2. ഇവിടെ മുഴുവൻസമയം പ്രവർത്തിക്കുന്ന ഒരു നേഴ്സിനേയും ആഴ്ചയിൽ മൂന്നുദിവസം സേവനം ലഭിക്കത്തക്ക വിധത്തിൽ ഡോക്ടറേയും നിയമിക്കുക.
3. വാർഡിൽ ഒരു ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കുക.

വാർഡ് 7.

1. പട്ടാമ്പി പഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലത്ത് നിർമ്മാണം പൂർത്തിയാക്കാതെ കിടക്കുന്ന നഴ്സറി കെട്ടിടം പൂർത്തിയാക്കി അതിനോടു ചേർന്ന് മാതൃ ശിശുക്ഷേമ കേന്ദ്രവും ആയുർവ്വേദ ഡിസ്പെൻസറിയും തുടങ്ങുക.
2. കക്കൂസ് ഇല്ലാത്ത 83 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുക.
3. 6,7, വാർഡുകൾക്ക് പൊതു ശ്മശാനം നിർമ്മിക്കുക.

വാർഡ് 8

1. എല്ലാ റോഡുകൾക്കും അഴുക്കുചാൽ നിർമ്മിക്കുക.
2. ആയുർവേദ ആശുപത്രിയും, ഹെൽത്ത് സെന്ററും സ്ഥാപിക്കുക.
3. കക്കൂസില്ലാത്ത വീടുകളിൽ കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുക.

വാർഡ്–9

1. ഈ വാർഡിലെ PHC യിൽ ഒരു ഡോക്ടറുടെ സ്ഥിരമായ സേവനം ലഭ്യമാക്കുക.
2. അത്യാവശ്യമായ മരുന്നുകൾ ലഭ്യമാക്കുക.
3. മലിനജലം, ചപ്പുചവറുകൾ എന്നിവ കുമിഞ്ഞുകൂടുന്നത് ഒഴിവാക്കാൻ വേണ്ട സൗകര്യം ചെയ്യുക.
4. ആയുർവ്വേദ ആശുപത്രി സ്ഥാപിക്കുക.

വാർഡ് 10

1. 10–ാം വാർഡിൽ ഒരു ആയുർവ്വേദ ആശുപത്രി തുടങ്ങണം.
2. അമ്മമാർക്കും കുട്ടികൾക്കും പോഷകാഹാരക്കുറവ് നികത്താനും രോഗങ്ങൾ കണ്ടുപിടിക്കാനും ക്യാമ്പുകൾ സംഘടിപ്പിക്കുക.
3. ഹോട്ടലുകളിൽനിന്നും, വീടുകളിൽനിന്നും പുറംതള്ളുന്ന അഴുക്കുജലം പൊതുസ്ഥലത്തു തുറന്നുവിടുന്നതു തടയുക.
4. അഴുക്കുചാലുകൾ നിർബന്ധമായും നിർമ്മിക്കുക.
5. ആവശ്യ സ്ഥലങ്ങളിൽ വേയ്സ്റ്റ് ബോക്സ് സ്ഥാപിക്കുകയും എടുത്തുമാറ്റുവാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.
6. ഇപ്പോഴത്തെ ശ്മശാനം വൈദ്യുത ശ്മശാനമാക്കുക.
7. ഒരു കുടുംബക്ഷേമ കേന്ദ്രം തുടങ്ങുക.

## പരിസരശുചിത്വം

പൊതുജനാരോഗ്യം വിലയിരുത്തുമ്പോൾ പരിസരശുചിത്വം വളരെ പ്രാധാന്യമർഹിക്കുന്ന പ്രശ്നമാണ്. വ്യവസായശാലകൾ താരതമ്യേന ഇല്ലാത്ത ഈ പഞ്ചായത്തിൽ പരിസരമലിനീകരണം വലിയ പ്രശ്നം സൃഷ്ടിക്കുന്നില്ല. പഞ്ചായത്തിൽ വളരെ ശക്തവും കാര്യക്ഷമവുമായ ശുചീകരണ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. അതിവേഗം വലിയ പട്ടണ മായി വളർന്നുകൊണ്ടിരിക്കുന്നതും ഭാവിയിൽ താലൂക്ക് തലസ്ഥാനമായി മാറാൻ സാധ്യതയുള്ളതുമായ ഈ പഞ്ചായത്തിൽ നഗരവൽക്കരണ പ്രവണതയും ജനസംഖ്യാ വർദ്ധനയും ഭാവിയിൽ വലിയ പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കാൻ സാദ്ധ്യതയുമുണ്ട്. പഞ്ചായത്തിന്റെ സിരാകേന്ദ്രമായ പട്ടാമ്പി ടൗണിന്റെ ഹൃദയഭാഗത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന മത്സ്യമാംസ മാർക്കറ്റ് പ്രതിദിനം ടൺകണക്കിന് മത്സ്യമാംസങ്ങൾ കൈകാര്യം ചെയ്യപ്പെടുന്നുണ്ട്. ഇതിന്റെ ഫലമായി ഉണ്ടാക്കുന്ന വേസ്റ്റുകളും മലിനജലവും ഓടകളിൽ കെട്ടികിടന്ന് പരിസരമലിനീകരണം സൃഷ്ടിക്കുന്നുണ്ട്. ഇതിനെതിരെ വ്യാപകമായ പരാതി ഉയർന്നിട്ടുണ്ട്. ഈ മാർക്കറ്റ് അധികം ജനവാസമില്ലാത്ത മറ്റൊരുസ്ഥലത്ത് മാറ്റി സ്ഥാപിക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എങ്കിലും വിവിധ കാരണങ്ങളാൽ എവിടേയും എത്തിയിട്ടില്ല. ഈ പ്രശ്നം മുന്തിയ പരിഗണന നൽകി പരിഹരിക്കപ്പെട്ടാൽ

മാത്രമേ പരിസരശുചിത്വം നിലനിർത്താൻ കഴിയുകയുള്ളൂ. അതുപോലതന്നെ പട്ടാമ്പി ഗവ: ആശുപത്രിയിൽ നിന്നും അഴുക്കുകൾ പരിസരമലിനീകരണം ഉണ്ടാക്കാൻ സാദ്ധ്യതയുള്ളത് ഒഴിവാക്കാൻ നടപടിവേണം. അംഗീകൃത അറവുശാലകൾ ഇല്ലാത്തതും പരിസരമലിനീകരണത്തിന് കാരണമാകുന്നു. പഞ്ചായത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ശാസ്ത്രീയമായി സംസ്ക്കരിക്കാതെ 2-ാം വാർഡിലെ പൊതു ശ്മശാന വളപ്പിലെ കുഴിയിൽ നിക്ഷേപിക്കുന്നതും പരിസര മലിനീകരണം ഉണ്ടാക്കുന്നു. കക്കൂസില്ലാത്ത ആളുകൾ മലമൂത്ര വിസർജ്ജനത്തിന് തുറസ്സായ സ്ഥലങ്ങൾ ഉപയോഗിക്കുന്നതും പരിസരമലിനീകരണത്തിനും കാരണമാകുന്നു. ഡ്രെയിനേജ് സൗകര്യമില്ലാത്തത് റോഡുകളും പരിസരം പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. വാഹനങ്ങളുടെ ബാഹുല്യം ടൗൺ പ്രദേശത്ത് ബഹിർഗമിപ്പിക്കുന്ന അനിയന്ത്രിതമായ പുകയും പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. അനിയന്ത്രിതമായ മണൽവാരുന്നത് ഭാരതപ്പുഴയുടെ ജലശേഷി പരിസ്ഥിതി സന്തുലിതാവസ്ഥ നശിപ്പിക്കുകയും ചെയ്യുന്നു. ടൗണിലേയും മാർക്കറ്റിലേയും അഴുക്ക് വെള്ളം പുഴയിലേക്ക് ഒഴുകുന്ന ഇന്നത്തെ രീതി ഗുരുതരമായ പരിസ്ഥിതി പ്രശ്നം ഉയർത്തുന്നുണ്ട്. വൃക്ഷങ്ങൾ അമിതമായി വെട്ടി നശിപ്പിക്കുന്ന പ്രവണത പഞ്ചായത്തിൽ കണ്ടുവരുന്നുണ്ട്. ഇത് നിരുത്സാഹപ്പെടുത്തുകയും പുതിയ ധാരാളം തണൽ വൃക്ഷങ്ങളും ഫലവൃക്ഷങ്ങളും സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി വെച്ച് പിടിപ്പിക്കാൻ ശ്രദ്ധപതിപ്പിക്കണം.

### പഞ്ചായത്തിലെ ആരോഗ്യ രംഗം നേരിടുന്ന പ്രശ്നങ്ങൾ

1. സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടത്ര ഭൗതിക സൗകര്യങ്ങളില്ല.
2. ആധുനിക ചികിത്സാ സങ്കേതങ്ങൾ ഗവ: ആശുപത്രിയിൽ ഏർപ്പെടുത്തിയിട്ടില്ല.
3. ആവശ്യമായ മരുന്നുകൾ യഥാസമയം ലഭിക്കുന്നില്ല.
4. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല.
5. വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങൾ നിലവിലില്ല.
6. പരിസരശുചിത്വം കാക്കുന്നതിന് എല്ലാവർക്കും സാനിട്ടറി കക്കൂസ് സൗകര്യം ഇല്ല.
7. ആരോഗ്യ വ്യായാമ കേന്ദ്രങ്ങളില്ല.
8. ആധുനിക ചികിത്സാ സമ്പ്രദായങ്ങൾ വളരെ ചെലവേറിയതായിരിക്കുന്നു.
9. പാരമ്പര്യ ചികിത്സാരംഗത്ത് ഗുണ നിലവാര തകർച്ച യന്ത്രവൽക്കരണത്തോടുകൂടി സംഭവിച്ചിരിക്കുന്നു.
10. പ്രകൃതി ചികിത്സാ സൗകര്യങ്ങൾ ഇല്ല.
11. ശുദ്ധീകരിച്ച കുടിവെള്ളം ലഭിക്കുന്നില്ല.
12. പോഷകാഹാരം വേണ്ടത്ര അളവിൽ സാധാരണക്കാർക്ക് ലഭ്യമല്ല.

## സാധ്യതകൾ

1. നിലവിലുള്ള സർക്കാർ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തുക.
2. Sub PHC കൾ Mini PHC കളായി ഉയർത്തുക.
3. പഞ്ചായത്തിൽ സർക്കാർ ഉടമയിൽ ആയുർവ്വേദ ആശുപത്രികൾ സ്ഥാപിക്കുക.
4. ഒരു സർക്കാർ ഹോമിയോ ആശുപത്രി സ്ഥാപിക്കുക.
5. സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കുക.
6. ഒരു പ്രകൃതി ചികിത്സാ കേന്ദ്രം സ്ഥാപിക്കുക.
7. മരുന്നുകൾ ലഭ്യമാക്കുന്നതിന് സർക്കാർ റീജിയണൽ മെഡിക്കൽ സ്റ്റോർ തുടങ്ങുക.
8. കുട്ടികൾക്ക് പാർക്ക് നിർമ്മിക്കുക.
9. ഭാരതപ്പുഴയുടെ തീരത്ത് ആരോഗ്യ വിനോദ വിജ്ഞാന പാർക്ക് സ്ഥാപിക്കുക.
10. കുടിവെള്ള ശുദ്ധീകരണത്തിന് പ്ലാന്റ് സൗകര്യം ഏർപ്പെടുത്തുക.
11. സർക്കാർ ആശുപത്രിക്കും പ്രൈമറി ഹെൽത്ത് സെന്ററുകൾക്ക് മരുന്ന്, ഫ്രിഡ്ജ്, ഫർണീച്ചറുകൾ എന്നിവ ലഭ്യമാക്കുന്നതിന് ജനകീയ പങ്കാളിത്തം സംഭാവന വഴി സമാഹരിച്ച് നടപ്പാക്കുക.
12. സർക്കാർ ആശുപത്രിയുടെ സേവനം ഉപയോഗപ്പെടുത്തുന്ന സാമ്പത്തിക ശേഷിയുള്ളവരിൽനിന്ന് ന്യായമായ ചാർജ് ഈടാക്കാൻ നടപടി.
13. പഞ്ചായത്ത് തലത്തിൽ ഒരു ആരോഗ്യ സംരക്ഷണ വികസന സമിതി രൂപീകരിക്കുക.

### ജനന നിരക്ക് (1000ത്തിൽ)പട്ടിക

| പഞ്ചായത്ത് (1995ൽ) | കേരളം | ഇന്ത്യ |
|---|---|---|
| 32 | 20 | 31 |

### മരണ നിരക്ക് (1000ത്തിൽ)പട്ടിക

| പഞ്ചായത്ത് (1995ൽ) | കേരളം | ഇന്ത്യ |
|---|---|---|
| 6 | 6 | 97 |

## ആയുർദൈർഘ്യം പട്ടിക

| പഞ്ചായത്ത് | കേരളം | ഇന്ത്യ | വികസിത നാടുകൾ |
|---|---|---|---|
| 69 | 70 | 60 | 76 |

## ആരോഗ്യ മേഖല പട്ടിക 1992ലെ കണക്ക്

| വിഷയം | കേരളം | ഇന്ത്യ | അവികസിതരാജ്യങ്ങൾ | അമേരിക്ക |
|---|---|---|---|---|
| സാക്ഷരത | 91% | 52% | 55% | 96% |
| ജീവിതദൈർഘ്യംM | 69 | 60 | 55 | 76 |
| W | 72 | | | |
| ശിശുമരണം | 17 | 85 | 91 | 9 |
| ജനനിരക്ക് | 20 | 31 | 38 | 16 |
| ആളോഹരി ബാദ്ധ്യത (ഡോളറിൽ) | 298 | 330 | 350 | 22240 |

## ആരോഗ്യ നിലവാരം പട്ടിക
## 1989–ലെ കണക്ക്

| നിരക്ക് | കേരളം | ഇന്ത്യ |
|---|---|---|
| മരണം 1000ത്തിൽ | 6 | 97 |
| ശിശുമരണം " | 17 | 85 |
| ജനനം ശതമാനത്തിൽ | 19.6 | 31.7 |
| ആയുർദൈർഘ്യം(കൊല്ലത്തിൽ) | 66.5 | 58.6 |
| വാർഷിക വളർച്ച % | 1.4 | 2.2 |
| പ്രതിശീർഷ വരുമാനം 1989 ൽ | 3387 രൂപ | 5670രൂപ |

# കുടിവെള്ളം

ഒരു രാഷ്ട്രത്തിന്റെ ശക്തിയും സമ്പത്തും ആരോഗ്യമുള്ള ജനതയാണ്. ജനങ്ങളുടെ ആരോഗ്യം കാത്തുസൂക്ഷിക്കുന്നതിൽ മുഖ്യപങ്ക് ശുദ്ധമായ കുടിവെള്ളത്തിനുണ്ട്. ശുദ്ധവായുവും ശുദ്ധമായ കുടിവെള്ളവും ശുചിത്വപൂർണ്ണമായ പാർപ്പിടങ്ങളും ജനതയുടെ ആരോഗ്യകരമായ വളർച്ചയെ കാര്യമായി സ്വാധീനിക്കുന്നു. പട്ടാമ്പിയിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം കുടിവെള്ളം ലഭ്യമാക്കുക എന്നത് അതി പ്രധാനമായ വിഷയമാണ്. ജലലഭ്യതയിൽ ഇന്ത്യയിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഉപയുക്തമായ 4300 ദശലക്ഷംകി.മീ ജലം ഒരോ വർഷവും നമ്മുടെ നദികളിലൂടെ ഒഴുകിയെത്തുന്നു. ഭൂഗർഭജലപോഷണത്തിന്റെ വാർഷിക നിരക്ക് 7900 ദശലക്ഷം കി.മീ. ഇത്രയൊക്കെയാണെങ്കിലും ജലസമ്പന്നമായ കേരളത്തിൽ വരൾച്ചയും കുടിവെള്ളക്ഷാമവും ഒരു പ്രശ്നമായിക്കഴിഞ്ഞിരിക്കുന്നു. കേരളത്തിലെ ജലലഭ്യതകുറവുള്ള ജില്ലകളിൽ ഒന്നായ പാലക്കാട് സ്ഥിതിചെയ്യുന്ന ഒറ്റപ്പാലം താലൂക്കിലെ പട്ടാമ്പി പഞ്ചായത്തിലും രൂക്ഷമായ കുടിവെള്ളക്ഷാമം വർഷത്തിൽ അഞ്ചു മാസത്തോളം നേരിടേണ്ടിവരുന്നുണ്ട്. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കിണറുകളും, കുളങ്ങളും ഏതാനും കൈത്തോടുകളും പഞ്ചായത്ത് അതിർത്തിയിൽ V, IX വാർഡുകളിൽ കൂടി ഏകദേശം 4 കിലോമീറ്ററിലേറെ നീളത്തിൽ കടന്നുപോകുന്ന ഭാരതപ്പുഴയും മാത്രമാണ് 70% ജനങ്ങൾ കുടിവെള്ളത്തിന് ആശ്രയിക്കുന്ന പരമ്പരാഗത ജലസ്രോതസ്സുകളായുള്ളത്. അനുയോജ്യമല്ലാത്ത ഭൂജലവിനിയോഗരീതി, പുഴയിലെ അനിയന്ത്രിതമായ മണൽഘനനം, ജനസംഖ്യാ വർദ്ധന, അനിയന്ത്രിതമായ പമ്പിംഗ്, വനനാശീകരണം, ജലഉപയോഗരീതിയിലെ അശാസ്ത്രീയത, തുടങ്ങിയ കാരണങ്ങളെല്ലാം ഈ പഞ്ചായത്തിലെ ജലസ്രോതസ്സുകളുടെ ജലശേഷി ഗണ്യമായി കുറച്ചിരിക്കുന്നു. ടൗൺ പ്രദേശങ്ങളിലും അതിനോട് ബന്ധപ്പെട്ടുകിടക്കുന്ന പ്രദേശങ്ങളിലും പൈപ്പ് വഴിയുള്ള ശുദ്ധ ജല വിതരണത്തിന് മുൻതൂക്കം നൽകപ്പെട്ടു. ജലസ്രോതസ്സുകളുടെ ശേഷിയേക്കാൾ കൂടുതൽ ജലം പമ്പ് ചെയ്ത് ജലസ്രോതസ്സുകളെ ക്ഷയിപ്പിക്കുകയും ജലസമ്പന്നമായിരുന്ന ഈ പ്രദേശം ജലലഭ്യതയിൽ കടുത്ത ക്ഷാമത്തിന്റെ കെടുതിയിൽ അകപ്പെടുകയും ചെയ്തു. ഇത് കുടിവെള്ളത്തിന്റെ സമഗ്രമായ ആസൂത്രണത്തിന്റെ ആവശ്യം വിളിച്ചറിയിക്കുന്നു.

ഭൂമിശാസ്ത്രപരമായി പശ്ചിമ ഘട്ടത്തോട് ചേർന്ന് കിടക്കുന്ന ഈ പ്രദേശത്തെ ഏറെകുറെ ചെരിവുള്ളതായതിനാൽ മഴവെള്ളംമുഴുവനും അതിവേഗം ഭാരതപ്പുഴയിലൂടെ ഒഴുകി കടലിൽ പോയി ലയിക്കുന്നതുകൊണ്ടാണ് നമ്മുടെ ജലസ്രോതസ്സുകൾ വറ്റിവരണ്ട് ജലക്ഷാമം ഉണ്ടാക്കുന്നത്. എന്നാൽ മറ്റ് ജില്ലയിലെ സമതലപ്രദേശങ്ങളിൽ മഴവെള്ളം വെള്ളപ്പൊക്കം സൃഷ്ടിക്കുകയും ആ വെള്ളം മാസങ്ങൾ നീണ്ടുനിൽക്കുന്ന ജലസ്രോതസ്സുകളായി മാറുന്നതിനാൽ വരൾച്ച ഉണ്ടാകുന്നില്ല. കേരളത്തിൽ പൊതുവിൽ വരൾച്ച കൂടുതൽ

അനുഭവപ്പെടുന്ന പ്രദേശമായ പട്ടാമ്പിയിലും കുടിവെള്ളത്തിന്റെ ലഭ്യത നന്നേകുറവാണ്. കാലവർഷ തുലാവർഷ കാലങ്ങളിൽ ഒഴിച്ച് ഏകദേശം 5 മാസങ്ങളോളം കുടിവെള്ളത്തിന് 90 ശതമാനം ജനങ്ങളും ബുദ്ധിമുട്ട് അനുഭവിക്കുന്നു. ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ ഈ അവസ്ഥ ഗുരുതരമാകുന്നു. അശാസ്ത്രീയമായ കൃഷിരീതികളും, മണ്ണൊലിപ്പ് ഫലപ്രദമായി തടയാത്തതും പ്രകൃതി ദത്തമായ ജലസ്രോതസ്സുകളിലേക്ക് മണ്ണൊലിച്ചിറങ്ങി കുളങ്ങളും കിണറുകളും തോടുകളും, ഉപ്പുഴികളും തൂരുന്നതും നിലവിലുള്ള ജലസ്രോതസ്സുകൾ ക്ഷയിക്കാനും ജലലഭ്യത ക്രമേണ കുറയാനും കാരണമായി. നികന്നുപോയ കുളങ്ങളും, തോടുകളും, കിണറുകളും കുഴിച്ച് ആഴം കൂട്ടിയാൽ കൂടുതൽ മഴവെള്ളം സംഭരിക്കപ്പെടുകയും നിലവിലുള്ള പരമ്പരാഗത സ്രോതസ്സുകൾ ശക്തിപ്പെടുകയും വർഷം മുഴുവൻ ജലം ലഭിക്കുകയും ചെയ്യും.

## ലഭ്യമായ ശുദ്ധജല സ്രോതസ്സുകൾ

പഞ്ചായത്തിൽ മുഖ്യമായ ശുദ്ധ ജലസ്രോതസ്സുകളായുള്ളത് കിണറുകളും, കുളങ്ങളും, ഭാരതപ്പുഴയും കൈത്തോടുകളും ഏതാനും ഉറവകളുമാണ്. ഇവയിൽ മുഖ്യമായവ കിണറുകളും ഭാരതപ്പുഴയുമാണ്.

**കിണറുകൾ:-** പഞ്ചായത്തിൽ 70% ജനങ്ങളും കുടിവെള്ളത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. 10 വാർഡുകളിലായി ഒട്ടാകെ 2071 സ്വകാര്യ കിണറുകളും 30 പൊതു കിണറുകളും ഉൾപ്പെടെ ഒട്ടാകെ 2101 കിണറുകളുമാണ്ട്. എന്ന് വാർഡ് അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയിരിക്കുന്നു. ഇവയിൽ 90%കിണറുകളിലും വർഷത്തിൽ 7മുതൽ 8മാസം വരെ മാത്രമേ ജലലഭ്യതയുള്ളൂ. ബാക്കി 10% കിണറുകളിൽ വർഷം മുഴുവൻ നേരിയ തോതിലാണെങ്കിലും ജലലഭ്യതയുണ്ട്. ഈ പ്രദേശത്തെ കിണറുകളുടെ പ്രത്യേകത അടിത്തട്ടിൽ പാറയാണ് എന്നുള്ളതാണ്. ഇത് കിണറുകളിലെ ഉറവുകളുടെ ശക്തി കുറയ്ക്കുന്നു. ആയതിനാൽ പഞ്ചായത്തിലെ 70 % പ്രദേശങ്ങളിലും കുടിവെള്ളത്തിന് രൂക്ഷമായ ക്ഷാമം അനുഭവപ്പെടുന്നു.

**കുളങ്ങൾ:-** ഈ പഞ്ചായത്തിൽ ശുദ്ധജല ആവശ്യത്തിന് ഉപയോഗപ്പെടുത്താവുന്ന 2 പൊതുകുളങ്ങളും 23 സ്വകാര്യകുളങ്ങളും ഉണ്ട്. ഇവയിൽ പൊതുവേ ജലലഭ്യത വർഷത്തിൽ 11 മാസവും ഉണ്ട്. പൊതുകുളങ്ങളിൽ 2ലും വർഷം മുഴുവനും ജലലഭ്യതയുണ്ട്. ഈ കുളങ്ങളെല്ലാം ആഴം കൂട്ടി വൃത്തിയാക്കി സംരക്ഷിക്കാൻ കഴിഞ്ഞാൽ കുടിവെള്ളമായികൂടി ഉപയോഗിക്കാൻ പറ്റിയ ശക്തമായ പ്രകൃതി ദത്ത ജലസ്രോതസ്സുകളാണ്. ഇവയിൽ എടുത്ത് പറയേണ്ടതായിരിക്കുന്നത് I-ാം വാർഡിലെ മേലേക്കുളവും VII-ാം വാർഡിലെ ആനങ്ങാട്ടുകുളവും ആണ്. പഞ്ചായത്തിലെ മുഴുവൻ കുളങ്ങളും നന്നാക്കി സംരക്ഷിക്കുകയാണെങ്കിൽ കുടിവെള്ളത്തിന് പുറമെ കൃഷിക്കും കന്നുകാലികളെ കഴുകാനും കുളിക്കാനും ഉപയോഗിക്കാം. ഇത് താരതമ്യേന ചെലവ് കുറഞ്ഞമാർഗ്ഗമാണ്.

**പുഴകൾ, തോടുകൾ:-** പഞ്ചായത്തിൽ V, IX വാർഡുകളുടെ അതിർത്തിയായ ഏകദേശം4 കിലോമീറ്റർ നീളത്തിൽ ഭാരതപ്പുഴ ഒഴുകുന്നുണ്ട് എന്നതൊഴിച്ചാൽ മറ്റ് പുഴകൾഇല്ല. സുമാർ 8 കിലോമീറ്റർ നീളത്തിൽ കൈവഴികളായി 4 ചെറു തോടുങ്ങൾ വിവിധ വാർഡുകളിലൂടെ ഒഴുകി ഭാരതപ്പുഴയിൽചേരുന്നു. I-ാം വാർഡിൽ ആരംഭിച്ച് മുതുതല പഞ്ചായത്തിൽ ചെന്ന് ചേരുന്ന വള്ളൂർതോടും II-ാം വാർഡിലൂടെ കടന്നുപോകുന്ന പുലിയിലതോടും, III ഉം V-ഉം വാർഡിലൂടെ ഭാരതപ്പുഴയിൽ ചേരുന്ന കണ്ടൻതോടുമാണ് ഇവയിൽ പ്രധാനപ്പെട്ടവ ഭാരതപ്പുഴയിൽ മാത്രമേ വർഷം മുഴുവൻ ജലലഭ്യതയുള്ളൂ. മഴക്കാലത്ത് മാത്രമാണ് പഞ്ചായത്തിലെ തോടുകളിൽ സുലഭമായി വെള്ളമുള്ളത്. പൊതുവിൽ 6 മാസക്കാലം മാത്രമാണ് ഈ തോടുകളിൽവെള്ളമുള്ളത്. ഈ ജലമധികവും കൃഷി ആവശ്യത്തിന് ഉപകരിക്കുന്നു. ഇവ സമീപപ്രദേശങ്ങളിലെ കിണറുകളിലെ ജല ലഭ്യതയും വർദ്ധിപ്പിക്കുന്നു. പ്രകൃതിയുടെ വരദാനമായ ഈ തോടുകളുടെ ഇരുകരകളും ഇടിഞ്ഞും കാടുപിടിച്ചും മണ്ണിടിഞ്ഞ് തൂർന്ന് പോകുന്നത് തടയുന്നതിന് ആഴം കൂട്ടി ഇരുകരങ്ങളും കെട്ടി വിവിധ പ്രദേശങ്ങളിൽ ചിറ്പ്പ് കെട്ടിയാൽ ഇവയിലെ ജലലഭ്യതയുടെ കാലയളവ് വർദ്ധിപ്പിക്കുകയും കിണറുകളുടെ ഉറവകളുടെ ശക്തി കൂട്ടുകയും ചെയ്യാവുന്നതാണ്.

**ഉറവകൾ:-** ജലസ്രോതസ്സുകൾ പരിശോധിക്കുമ്പോൾ കാര്യമായ ഉറവകൾ പഞ്ചായത്ത് പ്രദേശത്തില്ല. 2-ാം വാർഡിലെ ചോലയിൽ ഉറവ് മാത്രമാണ് പരിഗണിക്കാവുന്ന ശക്തമായ പ്രകൃതിദത്തമായ ഉറവ്. ഇത് സ്വകാര്യവ്യക്തിയുടേതാണ്. അവിടവിടെയായി ഏതാനും ഉപ്പുഴികളും ദൃശ്യമാണ്.

**കുഴൽകിണറുകൾ:-** പട്ടാമ്പി പഞ്ചായത്തിലെ നല്ലൊരു ഭാഗം ജനങ്ങൾ കുടിവെള്ളത്തിന് കുഴൽകിണറുകളെ ആശ്രയിക്കുന്നു. കുഴൽകിണറുകൾ കുടിവെള്ളക്ഷാമത്തിന് ഒരളവുവരെ വലിയ ആശ്വാസമാണ്. വർഷം മുഴുവനും ഈ കിണറുകളിൽനിന്നും ജലം ലഭ്യമാണ് എന്നത് എടുത്തു പറയേണ്ടതാണ്. കുടിവെള്ള ലഭ്യതക്കുറവ് കാര്യമായി കുറയ്ക്കുന്ന ഇത്തരം കുഴൽകിണറുകൾ പഞ്ചായത്തിൽ സ്വകാര്യവ്യക്തികളുടേതായി 119 ഉം പൊതുഉടമയിൽ 42ഉം അടക്കം ഒട്ടാകെ 161 എണ്ണമാണ്. ഇവയിൽ 90ശതമാനത്തിലും ഉയർന്ന തോതിലുള്ള ജലലഭ്യത 12മാസവും ഉണ്ട്. പൊതുകുഴൽ കിണറുകളിൽ അധികവും കൈപ്പമ്പുകളാണ് സ്ഥാപിച്ചിട്ടുള്ളത്. പലകുഴൽകിണറുകളിലും നിരന്തരം പമ്പ് ചെയ്താലും ജലലഭ്യതയുടെ തോത് കുറയാത്തവ ഉണ്ട്. ഗ്രാമസഭകളിൽ നിന്നും ഇനിയും ധാരാളം കുഴൽ കിണറുകൾ കുഴിച്ചുകിട്ടണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. പഞ്ചായത്തിലെ ജലസ്രോതസ്സുകൾ സംബന്ധിച്ച വിവരങ്ങൾ പട്ടിക 1 ൽ ചേർക്കുന്നു.

| ജലസ്രോതസ്സുകൾ | | | I | II | III | IV |
|---|---|---|---|---|---|---|
| കിണർ | സ്വകാര്യം | എണ്ണം | 200 | 205 | 215 | 102 |
| | | ലഭ്യത | 7–8 മാസം | 8 മാസം | 8 മാസം | 8 മാസം |
| | പൊതു | എണ്ണം | 2 | 5 | 1 | 2 |
| | | ലഭ്യത | 7–8 മാസം | 6–8 മാസം | 5 മാസം | 8 മാസം |
| കുളങ്ങൾ | സ്വകാര്യം | എണ്ണം | 2 | 2 | 4 | 3 |
| | | ലഭ്യത | 12 മാസം | 12 മാസം | 9 മാസം | 11 മാസം |
| | പൊതു | എണ്ണം | 1 | ഇല്ല | ഇല്ല | ഇല്ല |
| | | ലഭ്യത | 12 മാസം | — | — | — |
| കുഴൽ കിണർ | സ്വകാര്യം | എണ്ണം | 5 | 10 | 12 | 28 |
| | | ലഭ്യത | 12 മാസം | 12 മാസം | 12 മാസം | 12 മാസം |
| | പൊതു | എണ്ണം | 7 | 5 | 3 | ഇല്ല |
| | | ലഭ്യത | 12 മാസം | 12 മാസം | 12 മാസം | — |
| ഉറവുകൾ | സ്വകാര്യം | എണ്ണം | ഇല്ല | 1 | ഇല്ല | ഇല്ല |
| | | ലഭ്യത | — | 8–9 മാസം | — | — |
| | പൊതു | എണ്ണം | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| | | ലഭ്യത | — | — | — | — |
| പുഴകൾ | | പേര് എണ്ണം | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| | | ലഭ്യത | — | — | — | — |
| തോടുകൾ | | പേര് എണ്ണം | 1 വള്ളൂർ തോട് | 1പുലിയിലതോട് | ഉണ്ട് | ഇല്ല |
| | | ലഭ്യത | 4–6 മാസം | 8 മാസം | 7 മാസം | — |
| പൊതു ടാപ്പുകൾ | | എണ്ണം | ഇല്ല | 3 | 24 | 18 |
| | | ലഭ്യത | — | ഒന്നിരാടംരാത്രി | ഭാഗീകമായ | ഭാഗീകമായ |
| ജലലഭ്യത പൊതുവായി | | | 7മു.–8വ. മാസം | 8മു.–10വ.മാസം | 9 മാസം | 12 മാസം |
| ഗുണനിലവാരം | | | തൃപ്തികരം | മെച്ചപ്പെട്ടത് | തരക്കേടില്ല | മെച്ചപ്പെട്ടില്ല |
| പൊതുസ്ഥിതി | | | ജലക്ഷാമം ഉണ്ട് | ജലക്ഷാമം ഉണ്ട് | ജലക്ഷാമം ഉണ്ട് | തൃപ്തികരം |
| അഭിപ്രായക്കുറിപ്പ് | | | പുഴയിൽ 12 മാസവും വെള്ളം ലഭ്യമാണ്. കിണറുകൾ ഭൂരിഭാഗവും 8 മാസം കഴിഞ്ഞാൽ വറ്റുന്നു. കുളങ്ങളിൽ ജലലഭ്യത കുഴൽ കിണറുകളിൽ വർഷം മുഴുവൻ ജലലഭ്യത. തോടുകൾ വരളുന്നു. | | | |

| | | | V | VI | VII | VIII |
|---|---|---|---|---|---|---|
| ജലസ്രോതസ്സുകൾ — കിണർ | സ്വകാര്യം | എണ്ണം | 132 | 195 | 398 | 215 |
| | | ലഭ്യത | 8 മാസം | 8 മാസം | 7 മാസം | 8 മാസം |
| | പൊതു | എണ്ണം | 5 | 1 | 3 | 3 |
| | | ലഭ്യത | 8 മാസം | 8 മാസം | 7 മാസം | 8 മാസം |
| കുളങ്ങൾ | സ്വകാര്യം | എണ്ണം | 1 | 1 | 2 | 1 |
| | | ലഭ്യത | 12 മാസം | 8 മാസം | 8 മാസം | 11 മാസം |
| | പൊതു | എണ്ണം | ഇല്ല | 2 | 1 | ഇല്ല |
| | | ലഭ്യത | — | — | 12 മാസം | — |
| കുഴൽ കിണർ | സ്വകാര്യം | എണ്ണം | 15 | 7 | 25 | 11 |
| | | ലഭ്യത | 12 മാസം | 12 മാസം | 12 മാസം | 12 മാസം |
| | പൊതു | എണ്ണം | 2 | 5 | 6 | 6 |
| | | ലഭ്യത | 12 മാസം | 12 മാസം | 12 മാസം | 12 മാസം |
| ഉറവുകൾ | സ്വകാര്യം | എണ്ണം | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| | | ലഭ്യത | — | — | — | — |
| | പൊതു | എണ്ണം | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| | | ലഭ്യത | — | — | — | — |
| പുഴകൾ | | പേര് എണ്ണം | ഭാരതപ്പുഴ ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| | | ലഭ്യത | 12 മാസം | — | — | — |
| തോടുകൾ | | പേര് എണ്ണം | ഉണ്ട്കണ്ടംതോട് | ഇല്ല | ഇല്ല | ഇല്ല |
| | | ലഭ്യത | 7–8 മാസം | — | — | — |
| പൊതുടാപ്പുകൾ | | എണ്ണം | 15 | 2 | 14 | ഇല്ല |
| | | ലഭ്യത | ഭാഗീകമായി | ഭാഗീകമായി | ഭാഗീകമായി | — |
| ജലലഭ്യത പൊതുവായി | | | പുഴയിൽ 12 മാസം മററുള്ളവ 8 മാസം | 8 മാസം | 7–8 മാസം | 7–8 മാസം |
| ഗുണനിലവാരം | | | മെച്ചപ്പെട്ടത് | തൃപ്തികരമല്ല | തൃപ്തികരമല്ല | തൃപ്തികരമല്ല |
| പൊതുസ്ഥിതി | | | തൃപ്തികരം | രൂക്ഷമായജലക്ഷാമംഉണ്ട് | ജലക്ഷാമം ഉണ്ട് | ജലക്ഷാമം ഉണ്ട് |
| അഭിപ്രായക്കുറിപ്പ് | | | പുഴയിൽ 12 മാസവും വെള്ളം ലഭ്യമാണ്. കിണറുകൾ ഭൂരിഭാഗവും 8 മാസം കഴിഞ്ഞാൽ വററുന്നു. കുളങ്ങളിൽ ജലലഭ്യത കുഴൽ കിണറുകളിൽ വർഷം മുഴുവൻ ജലലഭ്യത. തോടുകൾ വരളുന്നു. | | | |

ജലസ്രോതസ്സുകൾ

| | കിണർ സ്വകാര്യം എണ്ണം | കിണർ സ്വകാര്യം ലഭ്യത | കിണർ പൊതു എണ്ണം | കിണർ പൊതു ലഭ്യത | കുളങ്ങൾ സ്വകാര്യം എണ്ണം | കുളങ്ങൾ സ്വകാര്യം ലഭ്യത | കുളങ്ങൾ പൊതു എണ്ണം | കുളങ്ങൾ പൊതു ലഭ്യത |
|---|---|---|---|---|---|---|---|---|
| IX | 249 | 7 മാസം | 6 | 7 മാസം | 2 | 11 മാസം | ഇല്ല | — |
| X | 160 | 8 മാസം | 1 | 8 മാസം | 3 | 11 മാസം | ഇല്ല | — |
| Total | 2071 | 7 –8 | 30 | 7 | 22 | 11 മാസം | 3 | 12 |

| | കുഴൽ കിണർ സ്വകാര്യം എണ്ണം | കുഴൽ കിണർ സ്വകാര്യം ലഭ്യത | കുഴൽ കിണർ പൊതു എണ്ണം | കുഴൽ കിണർ പൊതു ലഭ്യത | ഉറവുകൾ സ്വകാര്യം എണ്ണം | ഉറവുകൾ സ്വകാര്യം ലഭ്യത | ഉറവുകൾ പൊതു എണ്ണം | ഉറവുകൾ പൊതു ലഭ്യത |
|---|---|---|---|---|---|---|---|---|
| IX | 2 | 12 മാസം | 6 | 12 മാസം | ഇല്ല | — | ഇല്ല | — |
| X | 4 | 12 മാസം | 2 | 12 മാസം | ഇല്ല | — | ഇല്ല | — |
| Total | 119 | 12 | 42 | 12 | 1 | 8–9 | ഇല്ല | ഇല്ല |

| | പുഴകൾ പേര് എണ്ണം | പുഴകൾ ലഭ്യത | തോടുകൾ പേര് എണ്ണം | തോടുകൾ ലഭ്യത | പൊതുടാപ്പുകൾ എണ്ണം | പൊതുടാപ്പുകൾ ലഭ്യത | ജലലഭ്യത പൊതുവായി | ഗുണനിലവാരം | പൊതുസ്ഥിതി | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|---|---|---|---|
| IX | ഭാരതപ്പുഴ ഉണ്ട് | 12 മാസം | ഇല്ല | — | ഇല്ല | — | പുഴയിൽ 12 മാസം കിണർ 8–9 മാസം | തൃപ്തികരം | ജലക്ഷാമംഉണ്ട് | പുഴയിൽ 12 മാസവും വെള്ളം ലഭ്യമാണ്. കിണറുകൾ ഭൂരിഭാഗവും 8 മാസം കഴിഞ്ഞാൽ വറ്റുന്നു. കുളങ്ങളിൽ ജലലഭ്യത കുറവ് കിണറുകളിൽ വർഷം മുഴുവൻ ജലലഭ്യത. തോടുകൾ വരളുന്നു. |
| X | ഇല്ല | — | ഇല്ല | — | 12 | ഭാഗികമായി | 8–9 മാസം | തൃപ്തികരം | ജലക്ഷാമംഉണ്ട് | |
| Total | 1 ഭാരതപ്പുഴ | 12 | 3 | 7 | 88 | ഭാഗീകം | 8–9 | തൃപ്തികരം | രൂക്ഷമായജലക്ഷാമംഉണ്ട് | |

## നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ

പഞ്ചായത്തിൽ കേരളവാട്ടർ അതോറിറ്റിയുടെ കീഴിൽ LIC സഹായത്തോടുകൂടി 1976ൽ സ്ഥാപിച്ച ARWSS ശുദ്ധജല വിതരണ പദ്ധതിയും, പുതുക്കുളം കുഴൽകിണർ ശുദ്ധജലവിതരണ പദ്ധതിയും നിലവിലുണ്ട്. ഇതിൽ ഒന്നാമത്തെ പദ്ധതിക്കാവശ്യമായ വെള്ളം ഭാരതപ്പുഴയിലെ ഗാലറികിണറുകളിൽ നിന്നും പമ്പ് ചെയ്ത് PWD റസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ സ്ഥാപിച്ചിരിക്കുന്നു 90,000 ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കിലെയ്ക്ക് പമ്പ് ചെയ്ത് നിറച്ച് സപ്ലൈ ചെയ്യുന്നതാണ്. ഈ പദ്ധതിയുടെ പമ്പിംഗ് മെയിൽസംവിധാനം കാര്യക്ഷമമല്ലാത്തതിനാൽ പേരിട്ട് ലൈനിലേക്ക് പമ്പ് ചെയ്ത് വിവിധ പ്രദേശങ്ങളിൽ ഏതാനും മണിക്കൂർ വീതം മാത്രം ഭാഗീകമായി ജലവിതരണം നടത്തുന്നു. ഇത് ശുദ്ധീകരിക്കാത്ത. ഗുണനിലവാരം കുറഞ്ഞ കുടിവെള്ളമാണ്. ഈ പദ്ധതിവഴി 4860 ജനസംഖ്യയ്ക്ക് പ്രയോജനം ലക്ഷ്യമാക്കിയിരിക്കുന്നു. ഈ പഞ്ചായത്തിലെ 1996ലെ 24500 ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ ഒന്നുമാകുന്നില്ല. ഈ പദ്ധതി പ്രകാരം 88 പൊതു ടാപ്പുകളും 455 ഗാർഹികേതര കണക്ഷനുകളും 50 ഗാർഹികേതര കണക്ഷനുകളും നൽകിയിട്ടുണ്ട്. ഈ പഞ്ചായത്തിലെ കുടിവെള്ള ആവശ്യവുമായി തുലനം ചെയ്യുമ്പോൾ ഈ പദ്ധതിയുടെ വിശദവിവരങ്ങൾ പട്ടിക 2ൽ ചേർത്തിരിക്കുന്നു.

### പട്ടിക 2

### പട്ടാമ്പി പഞ്ചായത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിലുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ വിശദവിവരങ്ങൾ

| പദ്ധതിയുടെ പേര് | തരം | പദ്ധതിയുടെ ചിലവ് | വ്യാപ്തി ദശലക്ഷം ലിറ്ററിൽ | ഉറവിടം | നിർമ്മാണ പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | അവശേഷിക്കുന്ന ജനം | ദിവസശരാശരി വിതരണം | പൊതു ടാപ്പുകളുടെ എണ്ണം | മറ്റുകണക്ഷനുകൾ | | | പ്രവർത്തനക്ഷമമായ കൊല്ലം | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | ഗാർഹികം | ഗാർഹികേതരം | വ്യവസായികം | | |
| പട്ടാമ്പി പഞ്ചായത്ത് ഗ്രാമീണശുദ്ധജല വിതരണ പദ്ധതി | LIC സഹായത്തോടെ കൂടിയത് | 4.35 ലക്ഷം | 0.60 | ഭാരതപ്പുഴ | ഗാലറികിണറിൽനിന്ന് വെള്ളം പമ്പ്ചെയ്ത് ഉയർന്ന ടാങ്കിൽ സംഭരിച്ച് പൈപ്പ് വഴി വിതരണം ചെയ്യുകയും | 4860 | 19438 | 0.45 | 88 | 455 | 50 | ഇല്ല | 1976 | പട്ടാമ്പി പഞ്ചായത്തിലേക്ക് മാത്രമുള്ള ഈ പദ്ധതി നിലവിലുള്ള ഉപഭോഗവുമായി താരതമ്യപ്പെടുത്തുമ്പോൾ കാലഹരണപ്പെട്ടതാണ് |

പുതകുളം കുഴൽ കിണർ പദ്ധതിയുടെ ശേഷി ഒരു ദശലക്ഷം ആണ്. ഇതിന് ഗാർഹിക കണക്ഷൻ ഇല്ല. പൊതു ടാപ്പുവഴി ജലവിതരണം നടത്തുന്നു. ഇന്ന് പഞ്ചായത്തിലെ 20% ജനങ്ങൾക്കുപോലും ഈ പദ്ധതികൾ വഴി കുടിവെള്ളം എത്തിക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്.

**ജലജന്യരോഗങ്ങൾ:-** ഇത്രയധികം കുടിവെള്ളക്ഷാമം ഉണ്ടായിട്ടുണ്ടെങ്കിലും ജലജന്യരോഗനിരക്ക് മറ്റ് തീരപ്രദേശ ഗ്രാമങ്ങളെ അപേക്ഷിച്ച് കുറഞ്ഞിരിക്കുന്നത് ഈ പഞ്ചായത്തിലെ ജനങ്ങളുടെ ബോധവൽക്കരണ നിലവാരം ഉയർന്നതായതുകൊണ്ടാണ്. എന്നാലും ശുദ്ധജല ദൗർലഭ്യത്താൽ ജലജന്യരോഗങ്ങൾ ഈ പഞ്ചായത്തിലും ഉണ്ടാകാതിരിക്കുന്നതിന് ശുദ്ധജലലഭ്യത വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ 5 വർഷക്കാലത്തെ പഞ്ചായത്തിലെ ജലജന്യരോഗങ്ങൾ ബാധിച്ചതു സംബന്ധിച്ച വിവരങ്ങൾ പട്ടിക 3 ൽ ചേർക്കുന്നു.

പട്ടിക 3

പഞ്ചായത്തിൽ ജല ജന്യ രോഗങ്ങൾ ബാധിച്ചത് സംബന്ധിച്ച വിവരങ്ങൾ

<table>
<tr><th>വർഷം</th><th>ചികിത്സയ്ക്ക് റിപ്പോർട്ട് ചെയ്ത രോഗികളുടെ എണ്ണം</th><th>രോഗങ്ങൾ</th><th>അഭിപ്രായക്കുറിപ്പ്</th></tr>
<tr><td>1991-92</td><td>127</td><td rowspan="5">ഗ്യാസ്ട്രോ എൻടെറ്റിസ്, കോളറ തുടങ്ങിയ പകർച്ചവ്യാധികൾ</td><td rowspan="5">പട്ടാമ്പിയിലും പരിസര പ്രദേശങ്ങളിലും ചികിത്സ തേടിയെത്തിയ വരെ സംബന്ധിച്ച് രേഖപ്പെടുത്തിയ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്</td></tr>
<tr><td>1992-93</td><td>86</td></tr>
<tr><td>1993-94</td><td>140</td></tr>
<tr><td>1994-95</td><td>55</td></tr>
<tr><td>1995-96</td><td>80</td></tr>
<tr><td></td><td>488</td><td></td><td></td></tr>
</table>

## ആവശ്യമായ കിണറുകൾ/കുഴൽകിണറുകൾ/പൊതുടാപ്പുകൾ

പഞ്ചായത്തിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം ഉള്ള പ്രദേശങ്ങളിൽ വെള്ളം എത്തിക്കുന്നതിന് കിണറുകൾ കുഴിക്കുകയും പൊതു ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യണമെന്ന് വ്യപകമായ ആവശ്യം ഗ്രാമസഭകളിൽ ഉയർന്നിട്ടുണ്ട്. പഞ്ചായത്തിൽ ഒട്ടാകെ പുതുതായി 35 കുഴൽ കിണർ കുഴിക്കുകയും വേണം. 10 സ്ഥലങ്ങളിൽ ഓപ്പൺകിണറുകൾ കുഴിക്കണം. നിലവിലുള്ള ജലവിതരണ പൈപ്പ്ലൈൻ കൂടാതെ പുതുതായി 10 വാർഡുകളിൽ ഒട്ടാകെ 51500 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കണമെന്നും അവയിൽ 301 സ്പോട്ടുകളിൽ പൊതു ടാപ്പുകൾ സ്ഥാപിക്കണമെന്നും തിട്ടപ്പെടുത്തിയ ആവശ്യം ഉയർന്നിട്ടുണ്ട്. ഇതു സംബന്ധിച്ച് വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയതിന്റെ വിവരങ്ങൾ പട്ടിക 4 ൽ ചേർത്തിരിക്കുന്നു.

## പട്ടിക 4

### കുടിവെള്ളം എത്തിക്കുന്നതിന് പുതുതായി കുഴിക്കേണ്ട കുഴൽക്കിണറുകൾ, സാധാരണക്കിണറുകൾ, പൊതു ടാപ്പുകൾ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ

| വാർഡ് നമ്പർ | പുതുതായി നിർമ്മിക്കേണ്ട കുഴൽകിണർ | പുതുതായി പമ്പുസെററു വയ്ക്കേണ്ടവ | പുതുതായി പൈപ്പുലൈൻ നീട്ടേണ്ടവ | പുതുതായി കുഴിക്കേണ്ട പൊതു കിണറുകൾ(open) | പുതുതായി സ്ഥാപിക്കേണ്ട പൊതു ടാപ്പുകൾ | അഭിപ്രായ കുറിപ്പുകൾ |
|---|---|---|---|---|---|---|
| I | 8 | 2 | 8000 മീ. | 2 | 40 | പുതുതായി കുഴൽകിണറുകൾ കുഴിക്കേണ്ട സ്പോട്ടുകളും കിണർ കുഴിക്കേണ്ട സ്ഥലങ്ങളും പൈപ്പ്ലൈൻ നീട്ടേണ്ട പ്രദേശങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഗ്രാമസഭ നിർദ്ദേശങ്ങളിൽ ചേർത്തിയിട്ടുണ്ട്. |
| II | 4 | 3 | 5500 " | 3 | 56 | |
| III | 6 | 1 | 8000 " | ഇല്ല | 40 | |
| IV | 2 | ഇല്ല | 1500 " | ഇല്ല | 15 | |
| V | 2 | ഇല്ല | 1500 " | 2 | 10 | |
| VI | 4 | 1 | 5000 " | 2 | 30 | |
| VII | 4 | 1 | 4000 " | 2 | 25 | |
| VIII | 4 | 2 | 8500 " | 2 | 40 | |
| IX | 4 | 2 | 6000 " | 2 | 35 | |
| X | 2 | 2 | 4000 " | ഇല്ല | 25 | |
| **Total** | **38** | **14** | **51500 "** | **11** | **301** | |

## കുടിവെള്ളപ്രശ്നങ്ങളും താൽകാലികവും ശാശ്വതവുമായ പരിഹാരമാർഗ്ഗങ്ങളും

9-ാം പദ്ധതി ജനകീയ ആസൂത്രണ പദ്ധതിയായി പ്രഖ്യാപിക്കുകയും വിശേഷാൽ ഗ്രാമസഭകൾ ചേരുകയും ചെയ്ത് ജനങ്ങളിൽ കുടിവെള്ളപ്രശ്നപരിഹാരം സംബന്ധിച്ച് നേരിയ പ്രതീക്ഷ ഉയർത്തിയിട്ടുണ്ട്. 10 വാർഡുകളുടെയും ഗ്രാമസഭകളിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ടു വിഷയം കുടിവെള്ള പ്രശ്നമാണ്. വാർഡ് അടിസ്ഥാനത്തിൽ ഉയർന്നുവന്ന ഈ ജീവൽപ്രശ്നത്തിന്റെ വ്യാപ്തി മനസ്സിലാക്കണമെങ്കിൽ ഗ്രാമസഭാ റിപ്പോർട്ടുകളുടെ ഒരു അവലോകനം ഒഴിച്ചു കൂടാൻ പാടില്ലാത്തതാണ്. നിലവിലുള്ള ജലസ്രോതസ്സുകൾ മെച്ചപ്പെടുത്തുന്നതിന് പൊതുവിൽ ഉയർന്ന നിർദ്ദേശം കിണറുകളും കുളങ്ങളും ആഴം കൂട്ടി നന്നാക്കുകയും, കുഴൽകിണറുകൾ കൂടുതലായി കുഴിക്കുകയും, പൈപ്പ്ലൈൻ നീട്ടുകയും, ഭാരതപ്പുഴയിൽ തടയണ കെട്ടണമെന്നും ഉള്ള താല്ക്കാലിക പരിഹാരനിർദ്ദേശങ്ങളാണ് എന്നാൽ പഞ്ചായത്തിന്റെ കുടിവെള്ളക്ഷാമ ശാശ്വതമായി പരിഹരിക്കുന്നതിന് പൊതുവായി നിർദ്ദേശിച്ചിരിക്കുന്നത ഒരു പുതിയ സമഗ്ര ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുക എന്നതാണ്.

10 വാർഡുകളിലും ജനങ്ങൾ നേരിടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വിവിധ പരിഹാരനിർദ്ദേശങ്ങൾ ഗ്രാമസഭയിൽ ഉന്നയിച്ചിട്ടുണ്ട്. വിവിധവാർഡുകളുടെ സാഹചര്യങ്ങളും ആവശ്യങ്ങളും സ്രോതസ്സുകളും വിഭിന്നങ്ങളാകയാൽ അവയുടെ സംക്ഷിപ്ത രൂപം വാർഡ് തിരിച്ച് താഴെ ചേർക്കുന്നു.

**വാർഡ് 1:-** പഞ്ചായത്തിൽ ഏറ്റവു കൂടുതൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഒരു പ്രദേശമാണ്. ഒന്നാം വാർഡിൽ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം എന്നനിലയിൽ നിർദ്ദിഷ്ട സമഗ്ര ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കുമ്പോൾ ഈ വാർഡിനെ മൊത്തത്തിൽ ഉൾപ്പെടുത്തി ഏകദേശം 8500മീറ്റർ പൈപ്പ് ലൈൻ പഞ്ചായത്ത് റോഡ് ശൃംഖലയിൽ നീട്ടി സ്ഥാപിക്കുകയും 200 മീറ്റർ ഇടവിട്ട് പൊതു ടാപ്പുകൾ സ്ഥാപിക്കുകയും സുമാർ 250 വീടുകൾക്ക് ഹൗസ് കണക്ഷൻ നൽകുകയും, ചെയ്യുക. വാർഡിലെ കിണറുകളിലെ ജലലഭ്യത വർഷം മുഴുവൻ നിലനിർത്തുന്നതിന് ഭാരതപ്പുഴയിൽ ഒരു തടയണ നിർമ്മിക്കണം. താല്ക്കാലിക പരിഹാരമായി, രണ്ടാംമൈൽ ഓപ്പൺ കിണറിന് സമീപവും മന്നത്ത് പറമ്പ് പുതിയ പറമ്പ് മഹിളാസമാജത്തിന് സമീപം പള്ളിക്ക് സമീപം, വാരിയത്തൊടി പടിക്ക് സമീപം, ഗുരുതിയൻകാവിന് സമീപം, കൊഴിഞ്ഞി പള്ളിയാൽ എന്നീ 8 ഇടങ്ങളിൽ കുഴൽകിണറുകൾ കുഴിക്കുക. മേലേക്കുളവും പെരുന്നാരക്കുളവും നന്നാക്കുക.

**വാർഡ് 2:-** പട്ടാമ്പി പഞ്ചായത്തിലെ നിർദ്ദിഷ്ട വാട്ടർ സപ്ലൈ സ്ക്കീമിൽ ഈ വാർഡിനെ ഉൾപ്പെടുത്തി ഏകദേശം 5500 മീറ്റർ പൈപ്പ് ലൈനും 56 പൊതുടാപ്പുകളും സ്ഥാപിച്ച് ഏകദേശം 200 ഓളം കുടുംബങ്ങൾക്ക്. ഹൗസ്കണക്ഷൻ കൊടുക്കുകയും ചെയ്താൽ വാർഡിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരമായി ഭാരതപ്പുഴയിൽ തടയണ

നിർമ്മിക്കേണ്ടതത്യാവശ്യമാണ്. താല്ക്കാലിക പരിഹാരമാർഗ്ഗങ്ങളായി ഈ വാർഡിലെ 5 പൊതു കിണറുകളും ആഴം കൂട്ടി ജലലഭ്യത കൂടിയാൽ 50 കുടുബങ്ങൾക്ക് പ്രയോജനപ്പെടും. കുന്നക്കാട്ട് പറമ്പ് പ്രദേശത്ത് ഒരു ഓപ്പൺ കിണർ കുഴിക്കുക. മഞ്ഞാംകുഴി റഷീദ് പടിക്കലുള്ള കുഴൽകിണറിലും ലക്ഷം വീട് കുഴൽ കിണറിലും മോട്ടോർസ്ഥാപിച്ച് തോട്ടുങ്ങൽ സിറ്റി മനേക്കതൊടി ഭാഗത്തേയ്ക്കും അമ്മകുന്നത്ത് വാരിയൻ പടിഭാഗത്തേയ്ക്കും ഏകദേശം 700 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ച് 10 ടാപ്പുകൾ സ്ഥാപിച്ച് 150 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാം. പള്ളിപ്പാട് അംഗനവാടി ലൈനിൽ നിന്ന് 5സെന്റ് കോളനി ഭാഗത്തേയ്ക്കും 520 മീറ്റർ പൈപ്പ്ലൈൻ നീട്ടി 4 ടാപ്പ് ഇടുക. 60 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും. അവിടെ നിന്നും കോട്ടുക്കാട്ടു കമ്മുപ്പടിക്കലുള്ള ലൈനിൽനിന്നും പള്ളിപ്പാട് ചാമിയുടെ വീടുവരെ 350 മീറ്റർ നീട്ടി 2 ടാപ്പുകൾ സ്ഥാപിക്കുക. കിളായി കിണർ നന്നാക്കി പമ്പ് സെറ്റും ടാങ്കും സ്ഥാപിച്ച് പെരിന്തൽമണ്ണ റോഡിലേയ്ക്ക് കണക്ട് ചെയ്ത് ശങ്കരമംഗലം സെന്റർ തോട്ടങ്ങൾ സിറ്റിവഴി പള്ളിപ്പാട് കോളനി വഴി അങ്കണ വാടി പ്രദേശവും 5 സെന്റ് കോളനിയ്ക്കും വെള്ളം വിതരണം ചെയ്യാൻ കഴിയും. ഏകദേശം 900 മീറ്റർ ലൈൻ നീട്ടുകയും 8 പൊതു ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക. 250 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും. തെക്കുമുറി മദ്രസ്സ കള്ളിക്കാട് റോഡിൽ പുതുക്കുളം വാട്ടർ സപ്ലൈ സിവിൽനിന്ന് 100 മീറ്റർ നീട്ടി 2 ടാപ്പ് സ്ഥാപിച്ചാൽ 45 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും. രണ്ടാം മൈലിലുള്ള കുഴൽ കിണറിൽ മോട്ടോർ സ്ഥാപിച്ച് ടാങ്ക് കെട്ടി 1400 മീറ്റർ ഹെൽത്ത് സെന്റർ റോഡിൽ ചോലെ ജംഗ്ഷൻവരെ ഏകദേശം 8 ഓളം ടാപ്പ് സ്ഥാപിക്കുക. മേലൂർ തൊടി റോഡിലേയ്ക്ക് 50 മീറ്റർ നീട്ടി പൊതു ടാപ്പ് സ്ഥാപിക്കുക. ഇത് 30 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും.

**കണ്ടംതോട്:-** ശങ്കരമംഗലം വാട്ടർ പദ്ധതികളിൽ നിന്നും ശങ്കരമംഗലം സെന്റർ വഴി പള്ളിപ്പാട്ട് കോളനി, കാശാപ്പ് കുന്ന് 5സെന്റ് കോളനി കുന്നക്കാട്ടു പറമ്പ്- തോട്ടുങ്ങൽ സിറ്റി മുതൽ നരിയൻതൊടി ആലി വീടുവരെ- ശങ്കരമംഗലം സെന്ററിൽ നിന്നും രണ്ടാം മൈൽ ഭാഗത്തേക്കും ലൈൻ നീട്ടി ടാപ്പിടുക, കുടിവെള്ളം എത്തിക്കുക. പുതുതായി പണിയുന്ന കണ്ടംതോട് ശങ്കരമംഗലം വാട്ടർ സ്ക്കീമിൽ നിന്നും ശങ്കരമംഗലം സെന്റർവഴി പള്ളിപ്പാട് കോളനി കശാപ്പ് കുന്ന് കോളനി. തോട്ടുങ്ങൽ സിറ്റി- കുന്നക്കാട്ട് പറമ്പ് രണ്ടാംമൈൽ പ്രദേശങ്ങളിലേക്ക് ലൈൻ നീട്ടി ടാപ്പിട്ടു കുടിവെള്ളം ലഭ്യമാക്കുക.

**വാർഡ് 3 :-** പട്ടാമ്പി പഞ്ചായത്തിന്റെ നിർദ്ദിഷ്ട സമഗ്ര ശുദ്ധജല വിതരണ സ്ക്കീമിൽ ഈ വാർഡിന്റെ എല്ലാ പ്രദേശങ്ങളേയും ഉൾപ്പെടുത്തി 8000 മീറ്റർ പൈപ്പ് ലൈൻ വാർഡിന്റെ വിവിധഭാഗങ്ങളിലേക്ക് പുതുതായി സ്ഥാപിച്ച് 200 മീറ്റർ ഇടവിട്ട് പൊതുടാപ്പ് സ്ഥാപിക്കണം. ആവശ്യക്കാർക്ക് വീട്ടുകണക്ഷൻ കൊടുത്താൽ ഈ വാർഡിന്റെ കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരമായി. ഈ ആവശ്യത്തിനായി ഭാരതപ്പുഴയിൽ തടയണ നിർമ്മിക്കുക. താൽക്കാലിക പരിഹാര മാർഗ്ഗമെന്ന നിലയിൽ വടക്കുമുറിയിൽ പത്തായപ്പുര ഭാഗത്ത്

കിണർ കുഴിച്ച് മോട്ടോർ സ്ഥാപിച്ച് പൈപ്പ്ലൈൻ ഇടുക. ഇതിൽ ലൈൻ ഒന്ന് പത്തായപ്പുര, പ്ലക്കാട്ട്, മേലൂട്ട്, കൊള്ളിത്തൊടി മക്കരലൈനിൽ 4 ടാപ്പുകൾ സ്ഥാപിക്കുക. ലൈൻ 2ൽ പത്തായപ്പുര(വിക്കരാത്ത്) എക്സൈസ് വിജയന്റെ വീട് പുല്ലാനികുളങ്ങര പഞ്ചായത്ത് കിണർ ഭാഗം എഴുത്ത് പള്ളിയാൽ ലെനിൽ 3 ടാപ്പുകളും ലൈൻ ഒന്നിൽനിന്ന് ട്രാൻസ്ഫോർമർ ഭാഗത്തുകൂടി തെക്കോട്ട് കുണ്ടുതൊടി ഭാഗത്ത് ഒരു ടാപ്പ്. പപ്പാൻ ചായക്കടയുടെ അടുത്തുള്ള പൈപ്പ്ലൈൻ കുളപ്പുറം ഭാഗത്തേയ്ക്ക് 1500 മീറ്റർ നീട്ടി മൂന്ന് ടാപ്പുകൾ സ്ഥാപിക്കുക. പന്തയ്ക്കൻ അമ്പലം ഭാഗത്തുള്ള വാട്ടർ സപ്ലൈ ലൈൻ ദുർഗാ സ്ട്രീറ്റ് ഞാണുമ്പത്തൊടി ഭാഗത്തേയക്ക് നീട്ടി 2 ടാപ്പുകൾ സ്ഥാപിക്കുക. പെരിന്തൽമണ്ണ റോഡിൽ നിന്ന് ബാലഗോപാലൻ പടിവഴി ഹൈസ്ക്കൂൾ ഗ്രൗണ്ട് ട്രാൻസ്ഫോർമറിന് സമീപം പൈപ്പ് ലൈൻനീട്ടി 2 ടാപ്പുകൾ സ്ഥാപിക്കുക. കണ്ടം തോടിനടുത്തുള്ള കുഴൽ കിണറിൽ മോട്ടോർ സ്ഥാപിച്ച് RWSS പെപ്പ് ലൈനിലേയ്ക്ക് കണക്റ്റ് ചെയ്യുക. മൂർക്കാട്ട്പറമ്പ്, ഹാർവണി സ്ട്രീറ്റ്, വീരമണി കോളനി, കുളപ്പുറംതോട്ടം എന്നീ പ്രദേശങ്ങളിൽ ഓരോന്ന് വീതവും വടക്കും മുറിയിൽ 3 ഉം കുഴൽകിണറുകൾ കുഴിക്കുക.

**വാർഡ് 4:-** പട്ടാമ്പി പഞ്ചായത്തിന്റെ നിർദ്ദിഷ്ട സമഗ്ര ശുദ്ധജലവിതരണ പദ്ധതിയിൽ ഈ വാർഡിനെ മൊത്തമായി ഉൾപ്പെടുത്തുകയും 1500 മീറ്റർ പൈപ്പ് ലൈൻ വാർഡിന്റെ വിവിധഭാഗങ്ങളിലേയ്ക്ക് നീട്ടി 200 മീറ്റർ ഇടവിട്ട് പൊതു ടാപ്പുകൾ സ്ഥാപിക്കുകയും 400 ഹൗസ് കണക്ഷനുകൾ നൽകുകയും ചെയ്താൽ ഈ വാർഡിന്റെ കുടിവെള്ളക്ഷാമത്തിന്റെ ശാശ്വതപരിഹാരമായി. ഈ ആവശ്യത്തിനായി ഭാരതപ്പുഴയിൽ തടയണ നിർമ്മിക്കേണ്ടതാണ്. താല്ക്കാലിക പരിഹാരമാർഗ്ഗം എന്ന നിലയിൽ നിലവിലുള്ള പൈപ്പ് ലൈനിന്റെസ്ഥാനത്ത് വ്യാസം കൂടിയ പൈപ്പ് ഇടണം. ഉമിക്കുന്ന്, ചോലപറമ്പ് പ്രദേശത്ത് കുഴൽ കിണർകുഴിക്കുക. നിലവിലുള്ള ശുദ്ധജലപദ്ധതിക്ക് പമ്പിങ്ങ്ലൈൻ സ്ഥാപിക്കുക. കൃത്യമായ വിതരണ സമയം ഓരോ പ്രദേശത്തേയും ജനങ്ങളെ മുൻകൂട്ടി അറിയിക്കുക.

**വാർഡ് 5:-** നിരവത്ത് പാടത്ത് കുഴൽകിണർകുഴിച്ച് മോട്ടോർ സ്ഥാപിച്ച് നിലവിലുള്ള RWSS ലൈനിലേയ്ക്ക് കണക്ട് ചെയ്യുക. വാർഡിന്റെ വിവിധഭാഗങ്ങളിലേയ്ക്ക് 1500 മീറ്റർ പുതിയ പൈപ്പ് ലൈൻ ഇട്ട് പൊതു ടാപ്പുകൾ സ്ഥാപിക്കുകയും 300 വീടുകൾക്ക് പുതുതായി ഹൗസ് കണക്ഷൻ കൊടുക്കുകയും ചെയ്യുക. ശാശ്വത പരിഹാരം എന്ന നിലയിൽ നിർദ്ദിഷ്ട സമഗ്ര ശുദ്ധജല പദ്ധതിയിൽ വാർഡിന്റെ എല്ലാപ്രദേശങ്ങളേയും ഉൾപ്പെടുത്തുക. ഭാരതപ്പുഴയിൽ തടയണ നിർമ്മിക്കുക.

**വാർഡ് 6 :-** പഞ്ചായത്തിന് പൊതുവായി സമഗ്ര വിതരണ പദ്ധതി നടപ്പാക്കുക. താൽക്കാലിക പരിഹാരം എന്ന നിലയിൽ പുതുതായി പണിയുന്ന കണ്ടംതോട് ശങ്കരമംഗലം സ്ക്കുൾപടിവഴി മറുകര ഭാഗത്തേയ്ക്ക് ലൈൻ നീട്ടി സ്ക്കൂൾ പടി മറുകര ജംഗ്ഷൻ എന്നിവിടങ്ങളിൽ ടാപ്പ്

സ്ഥാപിക്കുക. മഞ്ഞാംകുഴി ജംഗ്ഷനിൽ ഒരു ടാപ്പ് സ്ഥാപിക്കുക. MLA റോഡിൽ പൂഴിക്കുന്ന് പനംകുറ്റിപടി എന്നിവിടങ്ങളിൽ ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കുക. പുതുക്കുളം സ്ക്കീമിൽ പെട്ട ചോരക്കുന്ന് ജംഗ്ഷനിൽ നിന്ന് പടിഞ്ഞാറുഭാഗത്തേയ്ക്ക് 400 മീറ്റർ പൈപ്പ് ലൈൻ നീട്ടി 2 ടാപ്പ് സ്ഥാപിക്കുക. ചേതനയുടെ അടുത്ത് നിന്നും CKM കോളനിയിലേക്ക് 150 മീറ്റർ ലൈൻ നീട്ടി 2 ടാപ്പ് സ്ഥാപിക്കുക. ഇതേ സ്ക്കീമിൽ നിന്ന് നെടിയൻ കുന്ന് റോഡിൽ സ്ഥാപിച്ചിരിക്കുന്ന ലൈൻ നീട്ടി പതിയിൽ കോളനിയിലേക്ക് 3 ടാപ്പ് സ്ഥാപിക്കുക. കൊടലൂർ സെന്ററിൽ നിന്നും MLA റോഡിൽ സൊയബി പടി വരെ ലൈൻനീട്ടി രണ്ട് ടാപ്പ് സ്ഥാപിക്കുക. കൊടലൂർ പള്ളിക്ക് സമീപം കുഴൽകിണർ കുഴിച്ച് കളപ്പാറകുന്നിൽ ടാങ്ക് കെട്ടി ഹെൽത്ത് സെന്റർ റോഡ് പതിയിൽ കോളനി പെരിക്കാട്ടുകുളം, സൊയബി പടി ഭാഗം എന്നിവിടങ്ങളിലേയ്ക്ക് ലൈൻ സ്ഥാപിച്ച് 200 മീറ്റർ ഇടവിട്ട് പൊതുടാപ്പ് സ്ഥാപിക്കുക. കൊട്ടാരം പടി ഭാഗത്തോ, റേഷൻ ഷാപ്പ് ഭാഗത്തോ, കുഴൽകിണർ കുഴിച്ച് കൊട്ടാരം പടി പടിഞ്ഞാറു ഭാഗത്തുള്ള കുന്നിൻമുകളിൽ ടാങ്ക് കെട്ടി റേഷൻഷാപ്പ് സൊയബി പടി MLA റോഡിലും MLA റോഡിൽ വിജയന്റെ വീടിന് സമീപത്ത് നിന്ന് കൊട്ടാരം പടി ജംഗ്ഷനിലേയ്ക്ക് പോകുന്ന ലിങ്ക് റോഡിലും, തങ്ങൾ പടിറോഡിലും, വാരിയത്ത് പടി പട്ടിക ജാതി കോളനിക്കും പൈപ്പ്ലൈൻ സ്ഥാപിച്ച് പൊതു ടാപ്പുകൾ സ്ഥാപിക്കുക.

**വാർഡ് 7:-** ശാശ്വത പരിഹാരമായി പഞ്ചായത്തിന് പൊതുവായുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി. താല്ക്കാലിക പരിഹാരമായി ജയനിവാസിന് സമീപമുള്ള കിണർ മണ്ണ് എഴുത്ത് ആഴം കൂട്ടി ടാങ്ക് കെട്ടി ലൈനിട്ട് ടാപ്പിടുക. നിലവിലുള്ള ചേരക്കുന്ന് ടാങ്കിന്റെ സംഭരണ ശേഷി വർദ്ധിപ്പിക്കുക. ഈ സ്ക്കീമിൽ നിന്നും മനയ്ക്കൽ പടി, ഭഗവതി പറമ്പ്, കൊടലൂർ സ്ക്കൂൾ എന്നിവിടങ്ങളിലേയ്ക്ക് ലൈൻ നീട്ടുക. ഹൗസ് കണക്ഷൻ ആവശ്യക്കാർക്ക് കൊടുക്കുക. കോളേജ് ഭാഗത്ത് കുഴൽ കിണർ കുഴിച്ച ടാങ്ക് കെട്ടി പാങ്കുത്ത് ഭാഗത്തേയും MLA റോഡിൽ കൂടി റേഷൻ ഷാപ്പ് ഭാഗത്തേയ്ക്ക് പൈപ്പ്ലൈൻ നീട്ടി പൊതു ടാപ്പ് സ്ഥാപിച്ച് ഈ പ്രദേശത്തെ കുടി വെള്ളക്ഷാമം പരിഹരിക്കുക.

**വാർഡ് 8:-** മറ്റ് വാർഡുകളെപ്പോലെ ശാശ്വത പരിഹാരമായി പുതിയ സമഗ്ര പദ്ധതിയെ നിർദ്ദേശിക്കുന്നു. ഈ വാർഡിൽ 8500 മീറ്റർ പെപ്പ്ലൈൻ പുതുതായി സ്ഥാപിക്കണം. ഭാരതപ്പുഴയിൽ തടയണ നിർമ്മിക്കണം. താൽക്കാലിക പരിഹാരം എന്ന നിലയിൽ ആനങ്ങാട്ട് കുളത്തിൽ കുഴൽകിണർ കുഴിച്ച് മോട്ടോർ വച്ച് ചെറുളിപ്പറമ്പ് ഫുട്ബോൾ ഗ്രൗണ്ട് വഴി ആന്തൂർ പള്ളി വഴി പൈപ്പ്ലൈൻ നീട്ടി പൊതു ടാപ്പുകൾ 200 മീറ്റർ ഇടവിട്ട് സ്ഥാപിക്കുക. ഇതിൽ നിന്നുതന്നെ വാർഡിന്റെ ഇതരഭാഗങ്ങളിലേക്കും പൈപ്പ്ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുക. ആക്കുന്നിൻ ടാങ്ക് കെട്ടി പൈപ്പ്ലൈൻ സ്ഥാപിച്ച് കുന്നിലും പരിസരത്തും ജലവിതരണം നടത്തുക. ഈ ആവശ്യത്തിന് ആന്തൂർ പള്ളിയാലിൽ കുഴൽ കിണർ കുഴിക്കുക. മേലെ പട്ടാമ്പിയിൽ വന്നു നിൽക്കുന്ന ലൈനിന്റെ തെക്കെ അറ്റം വരെ റോഡ് വഴി പൈപ്പ്

ലൈൻ നീട്ടുകയാണെങ്കിൽ പൊതു ടാപ്പുകൾ 200 മീറ്ററിന് സ്ഥാപിക്കാവുന്നതാണ്. ഇത് ഏകദേശം 500 മീറ്റർ നീളം വരും. മേലെ പട്ടാമ്പിയിൽ നിന്നും പൈപ്പ്ലൈൻനീട്ടി ഹിദായത്ത് നഗർവഴി കൊരട്ടിപ്പടി വരെ വിവിധഭാഗങ്ങളിൽ ടാപ്പ് സ്ഥാപിക്കുക. വാർഡിലെ ഫുട്ബാൾ ഗ്രൗണ്ട് വഴി കുമാരി കയറ്റം വരെ പൈപ്പ്ലൈൻ നീട്ടുകയും പൊതു ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക. ഏകദേശം 300 മീറ്റർ കോളർ കുന്ന് കോളനിയിൽ 300 മീറ്റർ പൈപ്പ് ലൈൻ നീട്ടി പൊതു ടാപ്പ് സ്ഥാപിക്കുക. ഇതിന്റെ ലിങ്ക് റോഡിലും 100 മീറ്റർ പൈപ്പ്ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കുക. കാട്ടൂർകാവിൽറോഡ് ഇതിന്റെലിങ്ക് റോഡ് റേഷൻകട വഴി പൈപ്പ്ലൈൻ നീട്ടി വേണ്ടതായ ഭാഗങ്ങളിൽ ടാപ്പ് സ്ഥാപിക്കുക. ഈയിനത്തിൽ 600 മീറ്റർ പൈപ്പ്ലൈൻ സ്ഥാപിക്കണം. ലിങ്ക്റോഡ് 100 മീറ്റർ കുമാരി കയറ്റംമുതൽ അങ്കണവാടി വരെ 250 മീറ്റർ പൈപ്പ്ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കുക. ഗോപിമേനോൻപടി റോഡിൽ 350 മീറ്റർ നീളത്തിൽ ലൈൻനീട്ടി പൊതു ടാപ്പിടണം. ഇതിന്റെ ലിങ്ക് റോഡ് ആയ ആക്കുന്നിന്റെ മുകളിലേയ്ക്ക് പെപ്പപ്പ് ലൈൻ നീട്ടി പൊതു ടാപ്പുകൾ സ്ഥാപിക്കുക.

**വാർഡ് 9:–** പട്ടാമ്പി പഞ്ചായത്തിന് നിർദ്ദിഷ്ട സമഗ്ര പദ്ധതി നടപ്പാക്കുക. ഈ ഇനത്തിൽ 6000 മീറ്റർ പുതിയ പൈപ്പ്ലൈൻ ഇട്ട് 35 പൊതു ടാപ്പുകളും 270 ഹൗസ് കണക്ഷനുകളും നൽകുക. ഭാരതപ്പുഴയിൽ തടയണ കെട്ടുക. താല്ക്കാലിക പരിഹാരം എന്നനിലയിൽ ഉപയോഗ ശൂന്യമായ ഏല്ലാ കിണറുകളും നന്നാക്കുക. പുതുതായി 2 കുഴൽ കിണർ കുഴിക്കുക. അതിൽ പമ്പ്സെറ്റും സ്ഥാപിക്കുക. സ്വകാര്യകുളങ്ങൾ നന്നാക്കി പൊതു ജനാവശ്യത്തിന് കൂടി ലഭിക്കുക.

**വാർഡ് 10:–** സമഗ്ര പദ്ധതി നടപ്പാക്കുമ്പോൾ 4000മീറ്റർ നീളത്തിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിച്ച് 25 പൊതു ടാപ്പുകൾ സ്ഥാപിക്കുകയും 270 ൽ പരം കുടുംബങ്ങൾക്ക് ഹൗസ് കണക്ഷൻ നൽകുകയും ചെയ്താൽ ഈ വാർഡിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമായി. ഭാരതപ്പുഴയിൽ തടയണ നിർമ്മിക്കണം. താൽക്കാലിക പരിഹാരം എന്ന നിലയിൽ 8–ാം വാർഡിലെ ആനങ്ങാട്ട് കുളം ആഴം കൂട്ടി വൃത്തിയാക്കി അതിനുസമീപത്തുള്ള കുന്നിൽ ടാങ്ക് കെട്ടി വെള്ളം പമ്പ് ചെയ്ത് 8,10 വാർഡുകളിലേയ്ക്ക് ജലവിതരണം നടത്താവുന്നതാണ്. കല്പക സ്ട്രീറ്റിന്റെ വടക്കുഭാഗത്തുള്ള തോടിന്റെ സമീപം കുഴൽകിണർകുഴിക്കുക. നിലവിലുള്ള വ്യാസം കുറഞ്ഞ പൈപ്പ്ലൈൻ വഴി തൽസ്ഥാനത്ത് വ്യസം കൂടിയ പൈപ്പ് ലൈൻഇട്ട് ഹൗസ് കണക്ഷൻ നൽകുക. കൈത്തളി ശിവക്ഷേത്രത്തിന്റെ ഭാഗത്തേയ്ക്ക് 150 മീറ്റർ ലൈൻ നീട്ടി പൊതു ടാപ്പുകൾ സ്ഥാപിക്കുക. കൈത്തളി ക്ഷേത്രത്തിന് സമീപമുള്ള കുളം നന്നാക്കി ചെറിയ ടാങ്ക് കെട്ടി അതിൽ വെള്ളം പമ്പ് ചെയ്ത് പരിസരപ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാം. നിലവിലുള്ള സ്ക്കീമിന്റെ വിവിധ പ്രദേശങ്ങളിലെ ജലവിതരണ സമയം ജനങ്ങളെ കൃത്യമായി അറിയിക്കുക. കേടുവന്ന ടാപ്പുകളും പൈപ്പ്ലൈനും നന്നാക്കാൻ സംവിധാനം ഏർപ്പെടുത്തുക.

## ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ

താൽക്കാലിക പരിഹാരമാർഗ്ഗമായി മിക്കവാർഡുകളിൽ നിന്നും ചെറുകിട ജലവിതരണ പദ്ധതികൾ നിർദേശിക്കുകയുണ്ടായി. 2-ാം വാർഡിൽ നിന്നും ധാരാളം ജലലഭ്യതയുള്ള മഞ്ഞാംകുഴി റഷീദ് വീട്ടുപടിക്കലുള്ള കുഴൽകിണറിൽ മോട്ടോർസ്ഥാപിച്ച് വെള്ളം പമ്പ്ചെയ്ത് ടാങ്കിലേയ്ക്ക് നിറച്ച് പൈപ്പ് വഴി വിതരണം ചെയ്താൽ 180ൽ പരം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും. കിളായ് കിണർ നന്നാക്കി മോട്ടോർ വച്ച് ടാങ്കുകെട്ടി ജലം പമ്പുചെയ്ത് നിറച്ച് വിതരണം നടത്തിയാൽ 250ൽ പരം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും. 1-ാംവാർഡിൽ മേലേക്കുളം നന്നാക്കി മോട്ടോർ വച്ച് ടാങ്ക് കെട്ടി പമ്പ്ചെയ്ത് ജലവിതരണം നടത്തിയാൽ 100ൽ അധികം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും. 8-ാം വാർഡിലെ ആനങ്ങാട്ടുകുളം ആഴം കൂട്ടി ബലപ്പെടുത്തി കുന്നിൻ മുകളിൽ ടാങ്ക് കെട്ടി മോട്ടോർവച്ച് വെള്ളം പമ്പ് ചെയ്ത് എത്തിച്ച് 8,10 വാർഡുകളിലെ മിക്ക പ്രദേശങ്ങളിലും ശുദ്ധജല വിതരണം നടത്താൻ കഴിയും. 6-ാം വാർഡിൽ കൊടലൂർ പള്ളിക്കു സമീപമുള്ള കുഴൽക്കിണർ തൂർന്നത് കുഴിച്ച് കളപ്പാറ ക്കുന്നിൽ ടാങ്ക് കെട്ടി വെള്ളം പമ്പ് ചെയ്ത് വിതരണം ചെയ്യുന്ന പുതുക്കുളം പദ്ധതിക്ക് സമാന പദ്ധതിയാക്കി മാറ്റുക.

## പഞ്ചായത്തുതല പദ്ധതി

താല്ക്കാലിക പരിഹാരമായി നിലവിലുള്ള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള 1976 ൽ സ്ഥാപിച്ചിട്ടുള്ള ജലവിതരണപദ്ധതിയുടെ അറ്റകുറ്റപണികൾ നടത്തുകയും ടാങ്കിലെ പുതിയ പമ്പിങ്ങ് മെയിൻ സ്ഥാപിക്കുകയും നിലവിലുള്ള പൈപ്പ് ലൈൻ നീട്ടുകയും മോട്ടോറിന്റെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം തന്നെ പുതിയ ഗാലറികിണറുകൾ കുഴിക്കുക, ഇപ്പോൾ കേടായി കിടക്കുന്ന ഗാലറികിണറുകൾ നന്നാക്കിയാലും ജലം ശുദ്ധീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചും ഇപ്പോൾ മരവിപ്പിച്ചു നിർത്തിയിരിക്കുന്ന ഗാർഹിക കണക്ഷനുകൾ കൊടുക്കാൻ, പുതിയതായി പൊതു ടാപ്പുകൾ സ്ഥാപിക്കാനും കഴിയും. എന്നാൽ ഇത് പട്ടാമ്പി പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങൾ നേരിടുന്ന അതിരൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരമാവുന്നില്ല. ഈ സാഹചര്യത്തിൽ പട്ടാമ്പി ഗ്രാമപഞ്ചായത്തിന്റെ തനതായ പദ്ധതിയായി ഒരു സമഗ്രശുദ്ധജല വിതരണ പദ്ധതി ആവിഷ്ക്കരിക്കുകയും (നടപ്പാക്കുന്നതിന് നെതർലാന്റ് സർക്കാർ സഹായപദ്ധതി II ൽ ഉൾപ്പെടുത്താൻ സമർപ്പിച്ചിട്ടുണ്ട്). ഈ പദ്ധതി നടപ്പാക്കുന്നതോടുകൂടി ഈ പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലേയും 90 ശതമാനം ജനങ്ങൾക്കും ശുദ്ധജലം ലഭ്യമാകും. പഞ്ചായത്ത് ആവിഷ്ക്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ സമഗ്ര പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ.

## പട്ടാമ്പി പഞ്ചായത്ത് ഗ്രാമീണ സമഗ്ര ശുദ്ധജല വിതരണ പദ്ധതി (NAP IIൽ സമർപ്പിച്ചിട്ടുള്ളത്)

ഈ പദ്ധതി പ്രകാരം പഞ്ചായത്തിന്റെ 2018 ൽ ഉദ്ദേശിക്കപ്പെടുന്ന ജനസംഖ്യ 33.250 ആളുകൾക്ക് ഒരു ദിവസം ശരാശരി 40 ലിറ്റർ വെള്ളം നൽകുന്നതിന് ലക്ഷ്യമാക്കി ഭാരതപ്പുഴയിൽ തോട്ടുവക്ക് പ്രദേശത്ത് ഗാലറി കിണറുകൾ വഴി വെള്ളംപമ്പ് ചെയ്ത് PWD റസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ സ്ഥാപിക്കുന്ന 2.50 mld കപ്പാ സിറ്റിയിലുള്ള ശുദ്ധീകരണ പ്ലാന്റിൽ എത്തിച്ച് ശുദ്ധീകരിച്ച് വീണ്ടും പമ്പ് ചെയ്ത് Wrd IV PWD റസ്റ്റ് ഹൗസ് കോമ്പൗണ്ടിലുള്ള നിലവിലുള്ള 90,000 ലിറ്റർ സംഭരണശേഷിയുള്ള ഓവർഹെഡ് ടാങ്കിലും ഉമിക്കുന്ന് പ്രദേശത്ത് (വാർഡ് 4) പുതുതായി സ്ഥാപിക്കുന്ന 1,45,000 ലിററർ സംഭരണശേഷിയുള്ള ഓവർഹെഡ് ടാങ്കിലും ഉണ്ണിഭ്രാന്തൻ കാവ് കുന്നിലെ (വാർഡ് 6) 3,30,000 ലിറ്റർ സംഭരണശേഷിയുള്ള ഓവർഹെഡ് ടാങ്കിലും ആയി 3 സോണുകളിൽ എത്തിച്ച് 1-ാം സോണിൽ നിലവിലുള്ള 6045ഉം പുതിയ 3725ഉം ഉൾപ്പെടെ 9770 മീറ്റർ പൈപ്പ് ലൈൻ വഴിയും 2-ാം സോണിൽ നിലവിലുള്ള 720ഉം പുതിയ 8570ഉം ഉൾപ്പെടെ 9290 മീററർ പൈപ്പ് ലൈൻ വഴിയും 3-ാം സോണിൽ നിലവിലുള്ള 3500ഉം പുതുതായി 32,465ഉം ഉൾപ്പെടെ 35965 മീറ്റർ പൈപ്പ്ലൈൻ വഴിയും ജലവിതരണം നടത്താൻ ലക്ഷ്യം ഇട്ടിരിക്കുന്നത് പൊതു ടാപ്പുകൾ വഴിയും ഗാർഹിക

കണക്ഷനുകൾ നൽകിയുമാണ്. ശരാശരി ഒരു വാർഡിൽ ഏറ്റവും ചുരുങ്ങിയത് 250 ഗാർഹിക കണക്ഷനുകൾ നൽകാൻകഴിയും. 200 മീറ്ററിന് പൊതു സ്ട്രീറ്റ് ടാപ്പ് ഇടുക എന്നത് കുറയ്ക്കാൻ കഴിയും. പുതുതായി സ്ഥാപിക്കുന്ന സമഗ്രശുദ്ധജലവിതരണ പദ്ധതിക്ക് 1996 – ലെ വിലനിലവാരമനുസരിച്ച് ആകെ 366.5 ലക്ഷം രൂപ മതിപ്പ് ചെലവ് കണക്കാക്കിയിരിക്കുന്നു. ഈ പദ്ധതിയുടെ ആളോഹരി ചെലവ് 790 രൂപയും ഡിസൈൻചെലവ് 1102.25 രൂപയുമാണ്. 10,000 ലിറ്റർ വെള്ളത്തിന്റെ ഉല്പാദനചെലവ് 1 രൂപ 8പൈസയാണ്. ഈ സമഗ്ര പദ്ധതിയുടെ ആകെ ചെലവിന്റെ 85% നെതർലന്റ് ഗവൺമെന്റിന്റെ കുടിവെള്ളത്തിനുള്ള സഹായ പദ്ധതിയായ NAP II പ്രോഗ്രാമിൽ നിന്ന് പ്രതീക്ഷിക്കുന്നു. ബാക്കി 15% തുക ഈ പദ്ധതിയുടെ സ്വകാര്യ ഗുണഭോക്താക്കളിൽനിന്ന് അഡ്വാൻസായും പൊതു ജനങ്ങളിൽനിന്ന് സംഭാവനവഴിയും പഞ്ചായത്തിന്റെ തനത് ഫണ്ടുകളിൽ നിന്നും സന്നദ്ധ പ്രവർത്തനത്തിലൂടെ മനുഷ്യാദ്ധ്വാനമായും സമാഹരിച്ച് നടപ്പാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. പദ്ധതിക്ക് ആവശ്യമായ ഫണ്ട് NAP II ൽ നിന്ന് സമയത്തിന് ലഭിക്കുകയാണെങ്കിൽ 3 വർഷത്തെ കാലയളവിൽ യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതിയുടെ 3 ഘട്ടങ്ങളും ഒരേ സമയം പണി ആരംഭിച്ച് പൂർത്തിയാക്കാനുള്ള പ്രവൃത്തി പഞ്ചായത്ത് തലത്തിൽ ഏറ്റെടുത്ത് ജനകീയാടിസ്ഥാനത്തിൽ നടപ്പാക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. 1976ൽ സ്ഥാപിച്ച നിലവിലുള്ള പദ്ധതിയുടെ സ്ഥാനത്ത് പുതിയ സമഗ്ര പദ്ധതി നിലവിൽ വരുന്നതോടുകൂടി ഈ പദ്ധതിയുടെ നടത്തിപ്പിന്റെയും അറ്റകുറ്റപണികളുടെയും ചെലവ് പൂർണ്ണമായും പഞ്ചായത്ത് വഹിക്കുന്നതായിരിക്കും. ഈ പദ്ധതി നടപ്പിലായാൽ ഈ പഞ്ചായത്തിൽ ശുദ്ധീകരിച്ച ജലവിതരണം സാദ്ധ്യമാകും. കുടിവെള്ളക്ഷാമം നേരിടുന്ന 95% ജനങ്ങൾക്കും ശുദ്ധജലം എത്തിക്കാൻ കഴിയും. ഭാരതപ്പുഴയിൽ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും ഒരു തടയണ നിർമ്മിക്കുന്നതിനും ലക്ഷ്യമിട്ടിരിക്കുന്നു. പട്ടിക 5 നോക്കുക.

**പട്ടിക 5**

## പട്ടാമ്പി പഞ്ചായത്തിൽ നെതർലാന്റ് സർക്കാർ സഹായ പദ്ധതിയിൽപെടുത്തി നടപ്പാക്കാനുദ്ദേശിക്കുന്നു.

**സമഗ്ര ജലവിതരണ പദ്ധതിയുടെ വിവരങ്ങൾ**

| ക്രമനമ്പർ | ജില്ലയുടെ പേര് | സ്കീമിന്റെ പേര് | ഗുണം ലഭിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ പേര് | ആകെ ജനസംഖ്യ 1991ൽ | 2018 ആകുമ്പോഴേക്കുള്ള ജനസംഖ്യ | പദ്ധതിയുടെ മൊത്തം ചിലവ് സംഖ്യ രൂപ ലക്ഷത്തിൽ | പദ്ധതിയുടെ ആളോഹരി ചെലവ് 2018 ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|---|---|
| 1 | പാലക്കാട് | പട്ടാമ്പി ഗ്രാമീണ സമഗ്ര ശുദ്ധജല വിതരണ പദ്ധതി. | പട്ടാമ്പി ഗ്രാമപഞ്ചായത്ത് | 22108 | 33250 | 366.5 | 1103.5 | പട്ടാമ്പി ഗ്രാമപഞ്ചായത്ത് ജനകീയ സമിതികളുടെ നേതൃത്വത്തിൽ പദ്ധതി സമയ ബന്ധിതമായി നടപ്പാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. |

### ഭാരതപ്പുഴയിൽ തടയണ

വരൾച്ചാമാസങ്ങളിൽ പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സായ ഭാരതപ്പുഴയിൽ തടയണ കെട്ടി ജലം വാർന്നുപോകുന്നത് ഒരു പരിധിവരെ തടയാൻ കഴിഞ്ഞാൽ പഞ്ചായത്തിലെ മിക്ക വാർഡുകളുടെയും പ്രദേശങ്ങളിലുള്ള എല്ലാകിണറുകളിലും കുളങ്ങളിലും വർഷം മുഴുവൻ

ജലലഭ്യത വർദ്ധിപ്പിക്കാൻ കഴിയും എന്നതുകൊണ്ടാണ് 10 വാർഡുകളുടെയും ഗ്രാമസഭായോഗങ്ങളിൽ ഭാരതപ്പുഴയിൽ ഒരു തടയണ കെട്ടണമെന്ന പൊതുവായ ആവശ്യം ശക്തമായി ഉയർന്നിട്ടുണ്ട്. അതിനാൽ പഞ്ചായത്തിന്റ നേതൃത്വത്തിൽ ഭാരതപ്പുഴയിൽ തടയണ M.P യുടെ ഒരു കോടി പദ്ധതിയിൽ, MLA പദ്ധതി, മറ്റ് ഗവ: പഞ്ചായത്ത് ഫണ്ടുകൾ, ഉപയോഗപ്പെടുത്തി കെട്ടണം എന്നത് ഏറ്റവും മുന്തിയ പരിഗണന അർഹിക്കുന്നു.

ഭാരതപ്പുഴയുടെ സംരക്ഷണം. പഞ്ചായത്തിന് അനുഗ്രഹമായി. ലഭ്യമായ ഭാരതപ്പുഴയിലെ ജലസ്രോതസ്സ് സംരക്ഷിക്കേണ്ട ബാധ്യത എല്ലാവർക്കും ഉണ്ട്. ഭാരതപ്പുഴയിൽനിന്ന് അമിതമായി മണൽ വാരുന്നത് നിരുത്സാഹപ്പെടുത്തുകയും ഭാരതപ്പുഴയിലേക്ക് മാർക്കറ്റിൽ നിന്നും മറ്റും വന്നു ചേരുന്ന അഴുക്കു വെള്ളം വഴി മലിനമാകുന്നതും തടയാൻ പദ്ധതികൾ ആവിഷ്കരിക്കുന്നു.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിൽ ഭൂരിഭാഗം പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
2. പഞ്ചായത്തിൽ ഭൂരിഭാഗം പ്രദേശങ്ങളിലും പൈപ്പുലൈൻ എത്തിയിട്ടില്ല.
3. നിലവിലുള്ള പൈപ്പു ലൈനിൽനിന്നും കൃത്യമായി കുടിവെള്ളം ലഭിക്കുന്നില്ല.
4. കേടുവന്ന പൊതു ടാപ്പുകളുടെയും പൊട്ടിയൊലിക്കുന്ന പൈപ്പ്ലൈനുകളുടെയും അറ്റകുറ്റപണികൾ യഥാസമയങ്ങളിൽ നടത്തുന്നില്ല.
5. നിലവിലുള്ള ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്യുന്നില്ല.
6. കൃത്യമായി വാൾവുകൾ ഓപ്പറേറ്റ് ചെയ്യുന്നില്ല.
7. യഥാസമയങ്ങളിൽ ഗാലറികളിൽ (പുഴയിലെ കിണറുകൾ) നിന്ന് മണ്ണ് നീക്കം ചെയ്യുന്നില്ല.
8. വാട്ടർ അതോറിറ്റി ജീവനക്കാരുടെ സേവനം കാര്യക്ഷമമല്ല.
9. മീറ്റർറീഡിങ്ങ് എടുക്കുന്നില്ല.
10. അനധികൃത വാട്ടർ കണക്ഷനുകൾ

സാധ്യതകൾ

1. പഞ്ചായത്തിലെ എല്ലാ പ്രദേശത്തും ശുദ്ധജലം ലഭിക്കുന്നതിന് പുതിയൊരു സമഗ്രമായ ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കുക.
2. നിശ്ചിത സമയങ്ങളിൽ തന്നെ വാൾവ് ഓപ്പറേറ്റ് ചെയ്യുകയും സമയങ്ങൾ ജനങ്ങളെ അറിയിക്കുകയും ചെയ്യുക.
3. നിലവിലുള്ള പൈപ്പു ലൈനുകൾ മാറ്റി വ്യാസം കൂടിയ പൈപ്പുകൾ സ്ഥാപിക്കുക.
4. കേടുവന്ന പൊതു ടാപ്പുകളുടെയും പൈപ്പ് ലൈനുകളുടെയും അറ്റകുറ്റപണികൾ യഥാസമയങ്ങളിൽ നടത്തുക.
5. നിലവിലുള്ള ടാങ്കിലേക്ക് പമ്പിങ്ങ് ലൈൻ സ്ഥാപിക്കുക.
6. കുഴൽകിണറുകളും ഓപ്പൺ കിണറുകളും ആവശ്യമായ സ്ഥലങ്ങളിൽ കുഴിക്കുക.
7. പൊതു ടാപ്പുകളിൽ തുണിയലക്കുന്നതും വാഹനം കഴുകുന്നതും കർശനമായി തടയുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
8. പ്രവർത്തനം വിലയിരുത്തുന്നതിനും മേൽനോട്ടം വഹിക്കാനും ജനകീയ കമ്മിറ്റികളെ അധികാരപ്പെടുത്തുക.
9. കൃത്യമായി മീറ്റർ റീഡിങ്ങ് നടത്തി ബില്ലുനൽകുകയും അശാസ്ത്രീയമായ സ്ലേബ് സിസ്റ്റം അവസാനിപ്പിക്കുകയും ചെയ്യുക.
10. അനധികൃതമായി വാട്ടർ കണക്ഷൻ എടുത്തവരെയും കൊടുത്തവരെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരികയും, ആ കണക്ഷനുകൾ വിച്ഛേദിച്ച് കെട്ടികിടക്കുന്ന അപേക്ഷകർക്ക് മുൻഗണനാക്രമത്തിൽ കൊടുക്കുകയും ചെയ്യുക.

# സംസ്കാരം

മനുഷ്യരാശിയുടെ ഒത്തുചേരലിൽ നിന്നുളവായ നന്മകൾ നില നിർത്താനുള്ള ശ്രമങ്ങളിലൂടെ നേടിയ സിദ്ധികളുടെ സത്താണ് സംസ്കാരം.

ലണ്ടനിലെ പോലീസുകാരും, ജപ്പാനിലെ ജനാവലിയും, നേപ്പാളിലെ ഗൂർഖാ പടയും അവരുടെ സാംസ്കാരിക പൈതൃകം ഗുണപരത ചോർന്നു പോകാതെ സംരക്ഷിച്ചു കൊണ്ടാണ് ലോകത്തിൻെറ ആദരവ് നേടിയത്.

ഭാരതീയ സംസ്കാരം ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കഥകളിയുടേയും, കളരിപ്പയറ്റിൻേറയും നാടായ കേരളത്തിനും തനതായ സാംസ്കാരിക പാരമ്പര്യമുണ്ട്.

മാമാങ്ക മഹോത്സവവും, കവി സദസ്സുകളും, കലാ മത്സരങ്ങളും, സാംസ്കാരിക സംഗമങ്ങളും നമ്മുടെ നാടിനെ കർമ്മ നിരതമാക്കിയ ഒരു കാലമുണ്ടായിരുന്നു. അന്നും പട്ടാമ്പിയുടെ പേർ പരക്കെ അറിയപ്പെട്ടിരുന്നു.

വള്ളൂർ, കൊടലൂർ, കിഴായൂർ എന്നീ മൂന്ന് ഊരുകളും നേതിരിമംഗലം, ശങ്കരമംഗലം എന്നീ മംഗലങ്ങളും ചേർന്ന പ്രദേശമാണ് പട്ടാമ്പി ഗ്രാമപഞ്ചായത്ത്.

തളിയാതിരി ഭരണക്രമത്തിൻെറ സ്മരണകൾ നില നിർത്തുന്ന കൈത്തളി ക്ഷേത്രവും, വള്ളൂർ ഭഗവതി ക്ഷേത്രത്തിലെ പൂരാഘോഷങ്ങളുടെ സമാപന സ്വാധീനത്തിൻെറ സ്ഥലമായ ഉണ്ണിഭ്രാന്തൻ കാവും നമ്മുടെ പഞ്ചായത്തിലെ ചരിത്ര സ്മാരകങ്ങളാണ്. ഒറ്റക്കല്ലിൽ തീർത്ത തളി ക്ഷേത്രം പുരാവസ്തു വകുപ്പ് ഏറ്റെടുത്തിരിക്കുന്നു.

ടിപ്പു സുൽത്താൻെറ സൈനിക സങ്കേതമായിരുന്ന രാമഗിരി കോട്ട നമ്മുടെ പഞ്ചായത്തിൻെറ അതിർത്തിയിലാണ്.

രാജഭരണത്തിൻെറ സംഭാവനയായിരുന്നു പട്ടാമ്പി ഊട്ടുപുര. യാത്രക്കാർക്ക് കുളിക്കാനും, ഉണ്ണാനും, ഉറങ്ങാനും വേണ്ടി ഏർപ്പെടുത്തിയ ഈ വഴിയോര സത്രം പിൻകാലത്ത് പല സാംസ്കാരിക സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുണ്ട്. പട്ടാമ്പിയിലെ ആദ്യത്തെ ഹൈസ്കൂളും, കോളേജും പ്രവർത്തനം തുടങ്ങിയ സ്ഥലമെന്ന ഖ്യാതിയും ഊട്ടുപുരക്കുണ്ട്.

സംസ്കൃത ഭാഷയുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി പുന്നശ്ശേരി നമ്പി ശ്രീ നീലകണ്ഠ ശർമ്മ സ്ഥാപിച്ച വിദ്യാലയവും, അച്ചുകൂടവും ഒരു കാലത്ത് പട്ടാമ്പിയുടെ ആകർഷണ കേന്ദ്രമായിരുന്നു.

എല്ലാവരുടേയും ഗുരുനാഥനായിരുന്ന നമ്പിയുടെ സരസ്വതീ ക്ഷേത്രത്തിൻെറ തുടർച്ചയെന്ന നിലയിൽ വികസിച്ചു വന്ന സ്ഥാപനമാണ് പട്ടാമ്പി സംസ്കൃത കോളേജ്.

നെല്ലും, അരിയും, മലഞ്ചരക്കുകളുമായി പൊന്നാനിയിലേക്കു പോയിരുന്ന പായ് വഞ്ചികൾ തിരിച്ചു പോരുമ്പോൾ ഉപ്പും, വെളിച്ചെണ്ണയും കയറ്റിയിരുന്നു. മലഞ്ചരക്കുകൾ വൻ തോതിൽ സംഭരിച്ചു വെക്കാനും, ജലഗതാഗതത്തിൻെറ സിരാകേന്ദ്രമായി വർത്തിക്കാനും നമുക്ക് സാധിച്ചിരുന്നു.

സ്വാതന്ത്ര്യസമര സേനാനികളായിരുന്ന തടത്തിലകത്ത് യൂസഫ്, പാലത്തിങ്കൽ രായിൻ, തൈക്കാട്ടു പള്ളിയാലിൽ മായിൻ, പൊന്നത്താഴത്ത് മമ്മിക്കുട്ടി തുടങ്ങിയവർ പട്ടാമ്പിയുടെ സാമൂഹ്യ സാംസ്കാരിക മേഖലയിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ചവരാണ്.

മലയാള സാഹിത്യത്തിന്റെ വ്യത്യസ്ഥ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച കുട്ടികൃഷ്ണ മാരാർ, സി.എസ്. നായർ, ജി.കെ.എൻ. കെഎൻ. എഴുത്തച്ഛൻ, പുലാക്കാട്ട് രവീന്ദ്രൻ, ചെറുകാട് എന്നിവരുടെ കർമ്മ വേദിയായി പ്രവർത്തിക്കാനുള്ള ഭാഗ്യം വിവിധ കാലഘട്ടങ്ങളിലായി നമ്മുടെ പ്രദേശത്തിന് ലഭിച്ചിട്ടുണ്ട്. കവികളും കലാകാരന്മാരും സാംസ്കാരിക സംവാദത്തിനു വേണ്ടി ഒത്തു ചേരാൻ തിരഞ്ഞെടുത്ത സ്ഥലവും ഇതായിരുന്നു.

ബാലസാഹിത്യകാരൻ അബു ഷഫത്ത് എന്ന തൂലികാ നാമത്തിൽ അറിയപ്പെട്ടിരുന്ന അസീസ് പട്ടാമ്പി അറബി ഭാഷാ പണ്ഡിതനും എഴുത്തുകാരനുമായിരുന്ന പ്രൊഫ: വി. മുഹമ്മദലി എന്നിവരും നമ്മുടെ പഞ്ചായത്തിലെ സാംസ്കാരിക പ്രവർത്തകരായിരുന്നു. നല്ലൊരു അഭിനേതാവായിരുന്നു സൈൻ ശങ്കരമംഗലം. വിശ്വമാനവനും ജ്ഞാനപീഠ പുരസ്കാരം ലഭിച്ച സാഹിത്യനായകനുമായ എം.ടി. വാസുദേവൻ നായർ പട്ടാമ്പി ഹൈസ്കൂളിലെ അദ്ധ്യാപകനായി അല്പകാലം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കവിയും എഴുത്തുകാരനുമായ പി.ജി. പട്ടാമ്പിയും നമ്മുടെ പഞ്ചായത്തിൽ ദീർഘകാലം ജോലി ചെയ്തുട്ടുണ്ട്.

കഥാകാരനായ പി.ആർ. നാഥൻ, സിനിമാ നടൻ ശിവജി, മിമിക്രി ആർട്ടിസ്റ്റ് മണികൺഠ മോഹനൻ, നാടക നടനും, ടെലി ഫിലിം നിർമ്മാതാവുമായ ബിജു വർമ്മ, പ്രസിദ്ധ നടി പട്ടാമ്പി പുഷ്പ, പുള്ളുവൻ പാട്ടിലൂടെ ജനഹൃദയങ്ങളിൽ സ്ഥിരവാസം ഉറപ്പിച്ച കാമിനി, നാടക സംവിധായകൻ പ്രൊഫ: ഗംഗാധരൻ, പ്രസിദ്ധ ചിത്രകാരനായ പാലത്തിങ്കൽ അബൂബക്കർ തുടങ്ങി നിരവധി പ്രശസ്ത വ്യക്തികളിലൂടെ പുറം നാടുകളിൽ അറിയപ്പെടാനുള്ള സൗഭാഗ്യവും നമ്മുടെ പഞ്ചായത്തിന് സിദ്ധിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 55 ശതമാനം ഹിന്ദുക്കളും, 44 ശതമാനം ഇസ്ലാം മതവിശ്വാസികളും, ഒരു ശതമാനം ക്രിസ്തു മതാനുയായികളുമാണ്.

## ആരാധനാലയങ്ങൾ

ശിവക്ഷേത്രങ്ങളും, ഭഗവതി കാവുകളും, കോവിലുകളും, നമസ്കാര പള്ളികളും, ജുമാ മസ്ജിദുകളും, ചർച്ചുകളും തോളുരുമ്മി നിൽക്കുന്ന പ്രദേശമാണ് നമ്മുടേത്.

ഹൈന്ദവ ക്ഷേത്രങ്ങളിൽ സ്ഥാനം കൊണ്ടും, ആഘോഷങ്ങളുടെ വൈപുല്യം കൊണ്ടും, ആരാധനാ ക്രമങ്ങളുടെ ചിട്ടകൾ കൊണ്ടും മുന്നിൽ നിൽക്കുന്നത് പട്ടാമ്പി ഗുരുവായൂർ ക്ഷേത്രമാണ്. പട്ടാമ്പി ക്ഷേത്രോത്സവം പ്രധാനപ്പെട്ട ഒരു ആഘോഷമായി വളർന്നിട്ടുണ്ട്.

ശബരിമല തീർത്ഥാടകരുടേയും, ഗുരുവായൂർ ദർശനത്തിനു പോകുന്നവരുടേയും ഇടത്താവളമെന്ന നിലയിലും ഈ ക്ഷേത്രം പ്രസിദ്ധമാണ്. ധാരാളം വിവാഹങ്ങളും, സദ്യകളും ഈ ക്ഷേത്രത്തിൽ നടന്നുവരുന്നുണ്ട്. പന്തക്കൽ, മുല്ലക്കൽ, കുളത്തിങ്ങൽ എന്നീ ഭഗവതി കാവുകളിൽ പൂരത്തിന് പൂതൻ, തിറ, കാള എന്നീ അനുഷ്ഠാന കലാരൂപങ്ങൾ അരങ്ങേറാറുണ്ട്. വള്ളൂർ വിഷ്ണു ക്ഷേത്രത്തിലെ അഷ്ടമി രോഹിണി ആഘോഷങ്ങൾ പ്രസിദ്ധമാണ്.

പന്തക്കൽ താലപ്പൊലിയും, വള്ളൂരിലെ കുംഭ ഭരണിവേലയും, മുല്ലക്കൽ മകര ഭരണി നാളിൽ നടത്തുന്ന പൂരവും, സുബ്രഹ്മണ്യൻ കോവിൽ ഉത്സവവും പ്രസിദ്ധമാണ്.

പട്ടാമ്പി ബസ് സ്റ്റാൻറ് പരിസരം, ടൗൺ, മേലേ പട്ടാമ്പി, ചെർപ്പുളശ്ശേരി റോഡ് ജംഗ്ഷൻ, കൊടലൂർ, ശങ്കരമംഗലം, വള്ളൂർ എന്നിവിടങ്ങളിൽ ജുമാ അത്ത് പള്ളികളും, പത്തിലധികം നമസ്കാര പള്ളികളും നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ട്.

പട്ടാമ്പി നേർച്ച ഒരു ദേശീയ ആഘോഷമായി മാറിയിരിക്കുന്നു.

പന്തക്കൽ, കിഴായൂർ, ശങ്കരമംഗലം എന്നീ സ്ഥലങ്ങളിൽ ഗംഭീര അയ്യപ്പൻ വിളക്കുകൾ നടന്നു വരുന്നു. വള്ളൂർ, ശങ്കരമംഗലം, കൊടലൂർ, കിഴായൂർ, കൈത്തളി എന്നീ ശിവക്ഷേത്രങ്ങളും, കിഴായൂർ, ശങ്കരമംഗലം, വള്ളൂർ എന്നിവിടങ്ങളിലെ സുബ്രഹ്മണ്യൻ കോവിലുകളും പ്രധാനപ്പെട്ട സ്ഥാപനങ്ങളാണ്.

രണ്ടു കൃസ്ത്യൻ ചർച്ചുകളും നമ്മുടെ പഞ്ചായത്തിലുണ്ട്.

## കലാസാംസ്കാരിക സ്ഥാപനങ്ങൾ

ഒട്ടേറെ വായനശാലകളും, സ്പോർട്സ് ക്ലബ്ബുകളും, കലാ സമിതികളും നമ്മുടെ പഞ്ചായത്തിൽ വിവിധ വാർഡുകളിലായി പ്രവർത്തിച്ചു വരുന്നുണ്ട്.

കൊടലൂർ ചേതന, വള്ളൂർ സമന്വയ, കിഴായൂർ അപ്സര, ശങ്കരമംഗലം തരംഗിണി, പട്ടാമ്പി ലക്കി സ്റ്റാർ, തെക്കുംമുറി ഭാവന എന്നിവയാണ് പഞ്ചായത്തിലെ പ്രമുഖ കലാസാംസ്കാരിക സ്ഥാപനങ്ങൾ.

S.S.R.C. പട്ടാമ്പി ജേസീസ്, ഫൈവ് സ്റ്റാർ, ജുവനൈൽ എന്നിവയും നമ്മുടെ സാംസ്കാരിക സേവന മേഖലയിൽ സജീവമായി പ്രവർത്തിച്ചിട്ടുണ്ട്.

കേരളോത്സവ പരിപാടികളിൽ പങ്കെടുക്കുകയും, വിവിധ തലങ്ങളിൽ വിജയികളാവുകയും ചെയ്യുന്ന അഭിമാനാർഹമായ ചരിത്രമാണ് ലക്കി സ്റ്റാറിനുള്ളത്. സ്വന്തമായി സ്ഥലം ഉണ്ടെങ്കിലും കെട്ടിടം കെട്ടാൻ വിഷമിക്കുന്ന അവസ്ഥയിലാണ് ഇന്ന് ലക്കി സ്റ്റാർ.

സ്വന്തമായി സ്ഥലവും, കെട്ടിടവും, സ്ഥിരമായ പ്രവർത്തന പദ്ധതികളുമുള്ള സ്ഥാപനമാണ് കൊടലൂർ ചേതന.

വള്ളൂർ സമന്വയയും, സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്.

പഞ്ചായത്തിലെ ഇരുപത് ശതമാനം വീടുകളിലും ടി.വി. സെറ്റുകളുണ്ട്. ചോരക്കുന്ന്, കക്കാട്ടിരി, തെക്കഞ്ചേരി എന്നീ പട്ടികജാതി കോളനികളിൽ പഞ്ചായത്ത് ടി.വി. കാണാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

കൊടലൂർ ചേതനയിൽ സർക്കാർ നൽകിയ ടി.വി. ഉപയോഗപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിൽ രണ്ട് സിനിമാ ശാലകളുണ്ട്.

നൃത്തം, സംഗീതം, ചിത്രം വര, മേജിക്ക് എന്നിവ പഠിപ്പിക്കുന്ന ''ശില്പചിത്ര'' എന്നൊരു സ്ഥാപനവും ഈ പഞ്ചായത്തിലുണ്ട്.

പട്ടാമ്പി കോളേജിലെ മലയാളം ഡിപ്പാർട്ടുമെൻറും, ഭാരതപ്പുഴ സംരക്ഷണ സമിതിയും സംയുക്തമായി സംഘടിപ്പിച്ച നിളാ കാവ്യോത്സവം ഒരു പുത്തൻ പരിപാടി എന്ന നിലയിൽ ശ്രദ്ധേയമായിരുന്നു. നിളാ സംരക്ഷണ സമിതി പഞ്ചായത്തിൽ വിവിധ സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

സ്ഥാപനങ്ങളെ സംബന്ധിച്ച ചില കണക്കുകൾ താഴെ കൊടുക്കുന്ന പട്ടികകളിൽ കാണാം.

**പട്ടിക സി - 1**

**കലാ സാംസ്കാരിക സ്ഥാപനങ്ങൾ**

| | പേര് | വാർഡ് | പ്രവർത്തനം |
|---|---|---|---|
| 1. | ലക്കി സ്റ്റാർ, പട്ടാമ്പി | 3 | നാടകം, മിമിക്രി |
| 2. | ചേതന, കൊടലൂർ | 6 | നാടകം, നൃത്തം |
| 3. | തരംഗിണി, ശങ്കരമംഗലം | 2 | മിമിക്രി, നാടകം |
| 4. | സമന്വയ, വള്ളൂർ | 1 | നാടകം, ലളിതഗാനം |
| 5. | അപ്സര, കിഴായൂർ | 9 | നാടകം |
| 6. | ഭാവന, തെക്കുംമുറി | 2 | നാടകം |
| 7. | ശോഭന ആർട്സ് ക്ലബ്ബ് | 3 | നാടകം |
| 8. | ദർശന, വള്ളൂർ | 1 | നാടകം |
| 9. | സർഗ്ഗചേതന | 4 | മിമിക്രി |
| 10. | കോസ്മോപോളിറ്റൻ | 3 | നാടകം |
| 11. | പ്രണവം, കിഴായൂർ | 9 | നാടകം, കഥാപ്രസംഗം |
| 12. | ആർ.വി. ആർട്സ്, വള്ളൂർ | 1 | നാടകം |
| 13. | നവശക്തി, വടക്കുംമുറി | 3 | നാടകം |

**പട്ടിക സി - 2**

**വായനശാലകൾ**

| | | | |
|---|---|---|---|
| 1. | ചേതന, കൊടലൂർ | 6 | ലൈബ്രറി, വായനശാല |
| 2. | ഗ്രാമബന്ധു, കൊടലൂർ | 7 | വായനശാല |
| 3. | ഭാവന, തെക്കുംമുറി | 2 | വായനശാല |
| 4. | അപ്സര, കിഴായൂർ | 9 | വായനശാല |
| 5. | ഗ്രാമീണവായനശാല, ശങ്കരമംഗലം | 2 | വായനശാല |
| 6. | മഹിളാസമാജം, വള്ളൂർ | 1 | മഹിളാസമാജം |
| 7. | ദർശന ആർട്സ് & സ്പോർട്സ്, വള്ളൂർ | 1 | വായനശാല, ക്ലബ്ബ് |
| 8. | കലാസമിതി, കിഴായൂർ | 9 | കലാസമിതി വായനശാല |
| 9. | മഹിളാസമാജം, കിഴായൂർ | 9 | മഹിളാസമാജം |
| 10. | സി.എച്ച്.മെമ്മോറിയൽ, മേലേപട്ടാമ്പി | 10 | വായനശാല |

## പട്ടിക സി - 3
## സന്നദ്ധസംഘടനകൾ

| | പേര് | പ്രവർത്തനം |
|---|---|---|
| 1. | ജേസീസ്, പട്ടാമ്പി | ജീവകാരുണ്യ പ്രവർത്തനങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും |
| 2. | ലയൺസ് | ഇപ്പോൾ സജീവമല്ല |
| 3. | തനഹ തനഹ | വിദ്യാഭ്യാസ രംഗം |
| 4. | ജുവനൈൽ, പട്ടാമ്പി | ജീവകാരുണ്യപ്രവർത്തനങ്ങൾ |
| 5. | ചേതന, കൊടലൂർ | രക്തദാനം |
| 6. | തരംഗിണി, ശങ്കരമംഗലം | രക്തദാനം, സൗജന്യ ട്യൂഷൻ |

നല്ല നിലയിൽ പ്രവർത്തിക്കുന്ന മൂന്നു മഹിളാ സമാജങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

ദിനംപ്രതി നൂറു മുതൽ എണ്ണൂറു വരെ കോപ്പികൾ വിതരണം ചെയ്യുന്ന മാധ്യമ ശൃംഖല നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ട്. മാതൃഭൂമി, മലയാള മനോരമ, ദേശാഭിമാനി, കേരള കൗമുദി, ചന്ദ്രിക, മാധ്യമം, മംഗളം, എക്സ്പ്രസ്, ജന്മഭൂമി, ജനയുഗം എന്നിവയാണ് പ്രചാരത്തിലുള്ള മലയാള പത്രങ്ങൾ. ഇൻഡ്യൻ എക്സ്പ്രസ്, ഹിന്ദു തുടങ്ങിയ ഇംഗ്ലീഷ് പത്രങ്ങളും ഈ പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്.

സിനിമാ മാസികകളും, കുട്ടികളുടെ വാരികകളും, ചിത്രകഥാ പുസ്തകങ്ങളു, മംഗളം, മലയാള മനോരമ, കേരളശബ്ദം, മാതൃഭൂമി, കേസരി, ചിന്ത, ചന്ദ്രിക, ദേശാഭിമാനി, മഹിളാ ചന്ദ്രിക തുടങ്ങിയ പ്രസിദ്ധീകരണങ്ങളും വനിതാ മാസികകളും ധാരാളം വായനക്കാരെ ആകർഷിക്കുന്നുണ്ട്.

പത്രലേഖകരും, പ്രതിനിധികളും ചേർന്ന് രൂപീകരിച്ച ഒരു നല്ല പ്രസ്സ് കൗൺസിലും നമ്മുടെ പ്രദേശത്തിൻെറ സംസ്കാര സംരക്ഷകരായി രംഗത്തുണ്ട്.

പൊതുപരിപാടികൾ നടത്താൻ പറ്റിയ ഒരു കമ്മ്യൂണിറ്റി ഹാൾ ഇല്ലാത്തതുമൂലം നമ്മുടെ പഞ്ചായത്തിൻെറ സാംസ്കാരിക രംഗം മുരടിച്ചു നില്ക്കുകയാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് തുടങ്ങിവെച്ച പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ മുന്നോട്ടു നീക്കേണ്ടതാണ്.

സ്വന്തമായി സ്ഥലവും, കെട്ടിടവും ഉള്ള ചേതനാ കലാസമിതി ഈ പഞ്ചായത്തിലെ ഒരു പ്രമുഖ സാംസ്കാരിക സ്ഥാപനമാണ്. ഈ സ്ഥാപനത്തെ ഒരു റഫറൻസ് ഗ്രന്ഥശാലയായി ഉയർത്തേണ്ടതാണ്.

നാടൻ കലാപ്രവർത്തനത്തിന് ആവശ്യമായ വാദ്യോപകരണങ്ങൾ, വേഷവിധാനങ്ങൾ എന്നിവ നിർമ്മിക്കുവാൻ പരിചയമുള്ളവർക്ക് സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിശോധനാർഹമാണ്. പൂതൻ,തിറ, ചവിട്ടുകളി, കോൽക്കളി എന്നീ അനുഷ്ടാന കലാരൂപങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഓരോ വാർഡിലും ഓരോ മിനി സാംസ്കാരിക നിലയം സ്ഥാപിക്കേണ്ടതാണ്.

## സോഷ്യൽ റിക്രിയേഷൻ ക്ലബ്ബ് SRC

മാതൃകാപരമായ കലാസാംസ്കാരിക പ്രവർത്തനങ്ങൾ നടത്തി വന്നിരുന്ന ഒരു സ്ഥാപനമാണ് പട്ടാമ്പി SRC പ്രൊഫഷണൽ കലാസംഘങ്ങളുടെ പരിപാടികൾ മാസം തോറും നടത്താൻ SRC പ്രത്യേകം താൽപ്പര്യമെടുത്തിരുന്നു. പട്ടാമ്പിയിലെ പൗര പ്രമുഖർ ഈ ക്ലബ്ബിൻെറ ആഭിമുഖ്യത്തിൽ മാസത്തിലൊരിക്കലെങ്കിലും ഒത്തുചേരുകയും സാംസ്കാരിക സംവാദങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു.

കാലക്രമത്തിൽ ക്ലബ്ബിൻെറ പ്രവർത്തനം മന്ദീഭവിക്കുകയും, വാടകക്കെട്ടിടം ഒഴിഞ്ഞുകൊടുക്കേണ്ടി വരികയും ചെയ്തു.

## ശാരദാ സമാജം

പട്ടാമ്പിയുടെ ഹൃദയഭാഗത്ത് വിശാലമായ സ്ഥലവും അത്യാവശ്യ സൗകര്യങ്ങളോടു കൂടിയ കെട്ടിടവും ഉള്ള സ്ഥാപനമാണ് ശാരദാസമാജം. വെങ്ങാലിൽ കൃഷ്ണമേനോൻ എന്ന മഹാമനസ്കനാണ് ഈ സ്ഥാപനം കെട്ടിപ്പടുക്കാൻ യത്നിച്ചതും പൊതുജനങ്ങൾക്ക് ചില ഉപാധികളോടെ ഏല്പിച്ചു കൊടുത്തതും.

പഞ്ചായത്ത് ഓഫീസും, ഗ്രാമക്കോടതിയും സമാജത്തിൻെറ കെട്ടിടത്തിൽ കുറേക്കാലം പ്രവർത്തിച്ചിട്ടുണ്ട്. സ്ഥാപകാംഗങ്ങളിൽ പലരും കാലയവനികയിൽ മറയുകയും, മറ്റു ചിലർ ജീവിതവൃത്തിയന്വേഷിച്ച് സ്ഥലം വിടുകയും ചെയ്തപ്പോൾ ശാരദാസമാജത്തിൻെറ പ്രവർത്തനവും മന്ദഗതിയിലായി.

SRC യിലേയും, ശാരദാസമാജത്തിലേയും തുല്യദു:ഖിതരായ അംഗങ്ങൾ ഭാവിയെപ്പറ്റി ആലോചിക്കാൻ ഒന്നിലധികം തവണ ഒത്തുകൂടി. അവർ രണ്ടു സ്ഥാപനങ്ങളും കൂടി ഒന്നാക്കി മാറ്റാൻ തീരുമാനിച്ചു. അങ്ങനെ '' ശാരദാ സമാജം സോഷ്യൽ റിക്രിയേഷൻ ക്ലബ്ബ് '' SSRC എന്ന പേരും സ്വീകരിച്ചു. കുറേക്കാലം SSRC യുടെ പ്രവർത്തനം ഉഷാറായി നടന്നു. ഇപ്പോൾ വീണ്ടും ക്ലബ്ബിന് കഷ്ടകാലം ബാധിച്ചിരിക്കുന്നു.

കലാ പ്രദർശനങ്ങളോ, പൊതുസമ്മേളനങ്ങളോ നടത്താൻ പറ്റിയ സൗകര്യമുള്ള ഒരു സ്ഥലം ഇല്ലെന്നുള്ളതാണ് ഈ പിന്നോക്കം പോവലിൻെറ മുഖ്യഹേതു. സമാജത്തിൻെറ സ്ഥലം സർക്കാറിനെ ഏൽപ്പിക്കുകയോ, സൗജന്യമായി പഞ്ചായത്തിനു വിട്ടു കൊടുക്കുകയോ ചെയ്താൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു കമ്മ്യൂണിറ്റി ഹാൾ അവിടെ ഉയർന്നു വരുമെന്ന കാര്യത്തിൽ സംശയത്തിന് അവകാശമില്ല.

SSRC യുടെ സാംസ്കാരിക പ്രവർത്തനങ്ങൾ നിലച്ചപ്പോൾ എന്തെങ്കിലും ചിലതു ചെയ്യണമെന്ന മോഹത്തോടെ ഗംഗാധരൻ നായ്ക്കത്തിൻെറ നേതൃത്വത്തിൽ കുറേപ്പേർ മുന്നോട്ടു വരികയും ''രംഗം'' എന്ന പേരിൽ ഒരു സ്ഥാപനം സംഘടിപ്പിക്കുകയും ചെയ്തു. മാസം തോറും കലാപ്രദർശനങ്ങൾ നടത്തുക തന്നെയാണ് രംഗവും ചെയ്തത്. പ്രദർശന വേദി തന്നെയാണ് രംഗത്തേയും വിഷമിപ്പിച്ച പ്രധാന പ്രശ്നം.

നിമിഷകവിയെന്ന പേരിൽ പരക്കെ അറിയപ്പെട്ടിരുന്ന വ്യക്തിയാണ് പരേതനായ മേനോത്തുവളപ്പിൽ അബ്ദുൾ ഖാദർ എന്ന കുഞ്ഞാൻ. കരിങ്കല്ലിൽ കമനീയ വിഗ്രഹങ്ങൾ സൃഷ്ടിക്കുന്ന അനുഗൃഹീത കലാകാരനാണ് കൊടലൂർ പ്രേമനാഥൻ.

പട്ടാമ്പിയിലെ എല്ലാ സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളുടെയും മുൻ നിരയിൽ നിന്നിരുന്ന സഹൃദയനാണ് ആർ.കാശിവിശ്വനാഥൻ.

സ്ഥായിയായ പ്രവർത്തനങ്ങൾ കൊണ്ട് സാംസ്കാരിക രംഗം സമ്പന്നമാക്കാനുള്ള പരിശ്രമം നിർ ഭാഗ്യവശാൽ നമ്മുടെ പഞ്ചായത്തിൽ ഒരു ഭാഗത്തും കാണുന്നില്ല. ഒരു കമ്മ്യൂണിറ്റി ഹാളിന്റെ അഭാവമാണ് ഈ നിശ്ചലതക്കും, നിർജ്ജീവതക്കും മൂലകാരണമായി ചൂണ്ടിക്കാണിക്കുവാനുള്ളത്.

നാടകസംവിധാനവുമായി ബന്ധപ്പെട്ട് ഒട്ടേറെ വേദികളിൽ പ്രാഗത്ഭ്യം തെളിയിച്ച വ്യക്തികളാണ് പ്രൊഫ: ഗംഗാധരനും, ബിജു വർമ്മയും. സാംസ്കാരിക പ്രവർത്തനങ്ങളിൽ സജീവ പങ്കു വഹിച്ചിരുന്ന ടി.പി. മുഹമ്മദ്കുട്ടിയെ ഓർക്കാത്തവർ നമ്മുടെ പഞ്ചായത്തിൽ ഉണ്ടാവുകയില്ല.

സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ കാർട്ടൂൺ രചനാ മത്സരത്തിന് ഒന്നാം സ്ഥാനം നേടിയ യുവ പ്രതിഭയാണ് പട്ടാമ്പി ഹൈസ്കൂളിലെ വിദ്യാർത്ഥിയായിരുന്ന പി.എം. റോജൻ. വീഡിയോ ഗ്രാഫി, ഫോട്ടോ ഗ്രാഫി തുടങ്ങിയ കലാമേഖലയിൽ അസാമാന്യ കൈവിരുത് പ്രകടമാക്കിയ ഒരു സാംസ്കാരിക പ്രവർത്തകനാണ് നമ്മുടെ പഞ്ചായത്തിലെ വി. ഉബൈദ്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ :

ഒന്നാം വാർഡ് : നിലവിലുള്ള സ്ഥാപനങ്ങൾക്ക് സഹായം നൽകണം.

രണ്ടാം വാർഡ് : വായനശാലയും, സാംസ്കാരിക നിലയവും പണിയണം. പഞ്ചായത്ത് സ്റ്റേഡിയത്തിന് ചുറ്റു മതിൽ കെട്ടണം. സ്റ്റേജ് വേണം, ബോർഡ് വെക്കണം, റോഡ് നന്നാക്കണം.

മൂന്നാം വാർഡ് : ലക്കി സ്റ്റാർ ക്ലബ്ബിന് കെട്ടിട നിർമ്മാണ സഹായം ലഭിക്കണം.

നാലാം വാർഡ് : കമ്മ്യൂണിറ്റി ഹാൾ, ഉമിക്കുന്നിൽ ഒരു പൊതു ലൈബ്രറി, വിനോദ കേന്ദ്രം, കുട്ടികളുടെ പാർക്ക് എന്നിവ സ്ഥാപിക്കണം.

ആറാം വാർഡ് : വാർഡിന്റെ കിഴക്കും പടിഞ്ഞാറും അറ്റങ്ങളിൽ ഓരോ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുകയും, ടി.വി. കാണാനുള്ള സൗകര്യം ഉണ്ടാക്കുകയും ചെയ്യുക. ചേതന വായനശാലയെ പഞ്ചായത്തിലെ റഫറൻസ് ലൈബ്രറിയാക്കേണ്ടതാണ്.

ഏഴാം വാർഡ് : ഗ്രാമ ബന്ധു വായനശാലക്ക് സ്ഥലവും കെട്ടിടവും ഉണ്ടാക്കണം. മിനി സ്റ്റേഡിയം സ്ഥാപിക്കണം. ചേതന വായനശാലയുടെ സേവനം ഈ വാർഡിലേക്കു കൂടി വ്യാപിപ്പിക്കണം.

എട്ടാം വാർഡ് : കമ്മ്യൂണിറ്റി ഹാൾ, സാംസ്കാരിക കേന്ദ്രം, സാംസ്കാരിക കേന്ദ്രം വായനശാല, കുട്ടികളുടെ പാർക്ക് എന്നിവ സ്ഥാപിക്കണം.

ഒമ്പതാം വാർഡ് : നിലവിലുള്ള വായനശാല വിപുലീകരിക്കണം, സാംസ്കാരിക കേന്ദ്രം സ്ഥാപിക്കണം.

പത്താം വാർഡ് : കമ്മ്യൂണിറ്റി ഹാൾ, സാംസ്കാരിക കേന്ദ്രം, ഗ്രൗണ്ട് എന്നിവ സ്ഥാപിക്കണം.

## പ്രശ്നങ്ങൾ

1. ഒരു കമ്മ്യൂണിറ്റി ഹാളിന്റെ കുറവാണ് സാംസ്കാരിക പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്ന അടിയന്തിര പ്രശ്നം.

2. സുരക്ഷിതമായ സ്ഥലത്ത് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി കുട്ടികൾക്ക് പാർക്കുകൾ നിർമ്മിച്ച് കൊടുക്കേണ്ടതാണ്.

3. കലാപ്രതിഭകളെ സമൂഹം അർഹിക്കുന്ന രീതിയിൽ അംഗീകരിക്കുന്നില്ല.

4. ജന്മവാസനകൾ പരിപോഷിപ്പിക്കുവാനുള്ള പരിശീലന കേന്ദ്രങ്ങൾ കുറവാണ്.

5. കേരളോത്സവ മത്സര പരിപാടികളിൽ വേണ്ടത്ര പങ്കാളിത്തം ഉറപ്പു വരുത്താൻ ഗ്രാമീണ ജനത താൽപ്പര്യം കാണിക്കുന്നില്ല.

6. ഇലക്ട്രോണിക് മാധ്യമങ്ങളുടെ സ്വാധീനം തനതു കലാ പ്രകടനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

7. നാടൻ കലാ പ്രകടനങ്ങൾ കൂടുതൽ പണം ചിലവുള്ളതായി മാറുകയാൽ ഈ രംഗം നാശത്തിന്റെ വക്കിലെത്തിയിരിക്കുന്നു.

8. സാമ്പത്തിക കാരണങ്ങളാൽ പ്രാദേശിക കലാസാംസ്കാരിക സ്ഥാപനങ്ങൾക്ക് സ്ഥായിയായുള്ള പ്രവർത്തനം തുടർന്നു കൊണ്ടു പോകുവാൻ സാധിക്കുന്നില്ല.

9. പ്രാദേശികമായി സ്ഥിരം പ്രദർശന വേദികൾ ഇല്ലാത്തത് കലാ സമിതികളെ പ്രവർത്തനരഹിതമാക്കും.

## സാദ്ധ്യതകൾ

1. നഗരത്തിന്റെ കേന്ദ്ര ഭാഗത്ത് അത്യന്താധുനിക സൗകര്യങ്ങളോടു കൂടിയ ഒരു കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കുന്ന കാര്യം സജീവമായി പരിഗണിക്കാവുന്നതാണ്.

2. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഓരോ മിനി പാർക്കുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുകയും, ടൗണിൽ ഒരു നല്ല പാർക്ക് നിർമ്മിക്കുകയും ചെയ്യേണ്ടതാണ്.

3. വിദ്യാലയങ്ങളിൽ കലാപഠനത്തിന് പ്രത്യേക സമയവും, വിദഗ്ധ സേവനവും അനുവദിക്കേണ്ടതാണ്. കഴിവുകൾ അംഗീകരിക്കുവാനും, പ്രതിഭകളെ ആദരിക്കുവാനും സമൂഹം കൂടുതൽ താൽപ്പര്യം കാണിക്കണം.

4. സ്കൂൾ യുവജനോത്സവം, കേരളോത്സവം എന്നിവ ഒരുക്കുന്ന മത്സരവേദികളിൽ താൽപ്പര്യമുള്ളവർക്ക് സാമ്പത്തിക സഹായം ചെയ്യുന്ന കാര്യം ജന പ്രതിനിധികളും, സന്നദ്ധ സംഘടനകളും, സമൂഹവും ഗൗരവമായി കണക്കിലെടുക്കണം.

5. ഇലക്ട്രോണിക് മാധ്യമങ്ങളിൽ കാണാൻ കഴിയുന്ന കലാ പ്രകടനങ്ങളേക്കാൾ പ്രത്യക്ഷാവതരണത്തിന് ആസ്വാദ്യത കൂടുമെന്ന ബോധം വളർത്താൻ ശ്രമിക്കേണ്ടതാണ്.

6. നാടൻ കലകൾക്കുള്ള വാദ്യോപകരണങ്ങളും, അനുഷ്ഠാന കലാ വേഷവിധാനങ്ങളും നിർമ്മിക്കുവാൻ സഹായധനം നൽകേണ്ടതാണ്.

7. കലാസാംസ്കാരികപ്രവർത്തനം നടത്തുന്ന പ്രാദേശികസംഘങ്ങൾക്ക് വർഷം തോറും ധനസഹായം

നൽകുന്ന കാര്യം ആലോചിക്കേണ്ടതാണ്.

8. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സ്ഥിരം സ്റ്റേജുകൾ നിർമ്മിച്ച് പ്രാദേശികമായി പരിപാടികൾ നടത്താനുള്ള സൗകര്യം ഉണ്ടാക്കാവുന്നതാണ്.

9. പഞ്ചായത്ത് ഭരണസമിതിയുടെ ആഭിമുഖ്യത്തിൽ കലാകായിക സാംസ്കാരിക കാര്യങ്ങളെപ്പറ്റി ഉപദേശം നൽകുവാൻ ഒരു വിദഗ്ധ സമിതി രൂപീകരിക്കാവുന്നതാണ്.

പഴയ മലബാറിലെ സാംസ്കാരിക മേഖലയായിരുന്ന വള്ളുവനാടിൻെറ ഉൾത്തുടിപ്പുകൾക്ക് രൂപഭാവങ്ങൾ നൽകുന്നതിൽ ഫലപ്രദമായ പങ്കു വഹിച്ച പട്ടാമ്പിയുടെ ഇന്നത്തെ സ്ഥിതി ഒട്ടും ആശാവഹമാണെന്ന് പറഞ്ഞുകൂടാ. കാലത്തിൻെറ അനുസ്യൂത പ്രവാഹത്തിൽ പഴയ സങ്കേതങ്ങൾ അപ്രത്യക്ഷമാവുകയും, പുതിയ സാദ്ധ്യതകൾ രൂപപ്പെട്ടു വരുകയും ചെയ്യുന്ന പ്രക്രിയ ചരിത്രത്തിൻെറ സ്ഥിരം വിനോദ പരിപാടികളുടെ ഭാഗമായി കാണുകയും, നാടിനെ സ്നേഹിക്കുന്ന - സത്യവും സമത്വവും നില നിന്നു കാണണമെന്ന് ആഗ്രഹിക്കുന്ന - ജനങ്ങളുടെ കൂട്ടായ്മകളിലൂടെ ഒരു പുത്തൻ മാനവ സംസ്കാരം വളർത്തിയെടുക്കാനുള്ള പരിശ്രമത്തിൽ നമുക്കും പങ്കാളികളാവാം.



പട്ടാമ്പി ഗവ: സംസ്കൃത കോളേജ് ഓഡിറ്റോറിയം

# കായികരംഗം

ശരീരശേഷി വർദ്ധിപ്പിക്കാനും, ആത്മവിശ്വാസവും അച്ചടക്ക ബോധവും വളർത്താനും, ആരോഗ്യം നിലനിർത്താനും, എളിമ, പ്രവർത്തന ക്ഷമത, ചിട്ട തുടങ്ങിയ സ്വഭാവ വൈശിഷ്ട്യങ്ങൾ സ്വായത്തമാക്കാനും സഹായിക്കുന്ന പ്രവർത്തനമാണ് കായികാഭ്യാസം.

കളരിപ്പയറ്റിൻേറയും, ഓണത്തല്ലിൻേറയും, വള്ളം കളിയുടേയും ആവേശകരമായ അനുഭവകഥകൾ അയവിറക്കുമ്പോൾ അവയുടെ പിന്നിൽ ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിക്കുന്ന കായികപരിശീലകരെ അറിയാനും ആദരിക്കാനും സമൂഹം കൂടുതൽ ശുഷ്കാന്തി കാണിക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ കായികരംഗത്തു പ്രവർത്തിക്കുന്ന സംഘടനകളുടെ ഒരു പട്ടിക താഴെ കൊടുക്കുന്നു.

| നമ്പർ | പേര് | വാർഡ് | പ്രവർത്തന മേഖല |
|---|---|---|---|
| 1 | ലക്കിസ്റ്റാർ ക്ലബ്ബ്, പട്ടാമ്പി | 3 | ഫുട്ബാൾ, ഷട്ടിൽ, ബാസ്കറ്റ് |
| 2 | ചേതന സ്പോർട്സ് ക്ലബ്ബ്, കൊടലൂർ | 6 | വോളി ബാൾ, ഷട്ടിൽ, കാരംസ് |
| 3 | തരംഗിണി, ശങ്കരമംഗലം | 2 | ഫുട്ബാൾ, വോളിബാൾ,കാരംസ് ഷട്ടിൽ, ചെസ്സ് |
| 4 | അപ്സര, കിഴായൂർ | 9 | വോളിബാൾ |
| 5 | സമന്വയ, വള്ളൂർ | 1 | വോളിബാൾ, കാരംസ് |
| 6 | കാസിനോ, ഉമിക്കുന്ന് | 4 | ഫുട്ബാൾ |
| 7 | ദർശന, വള്ളൂർ | 1 | ഫുട്ബാൾ |
| 8 | ശോഭന, വടക്കുംമുറി | 3 | ഫുട്ബാൾ, സ്പോർട്സ് |
| 9 | വട്ടക്കാവ് സ്പോർട്സ് ക്ലബ്ബ് | 3 | സ്പോർട്സ് |
| 10 | ഒയാസിസ് ലിബർട്ടി | 3 | സ്പോർട്സ് |
| 11 | ഫൈവ് സ്റ്റാർ | 10 | ഫുട്ബാൾ |
| 12 | ഭാവന തെക്കുംമുറി | 2 | വോളിബോൾ |
| 13 | ബാസ്ക്കറ്റേഴ്സ് ലിബർട്ടി | 3 | ബാസ്ക്കറ്റ് ബാൾ |
| 14 | യംഗ് ഫൈറ്റേഴ്സ് കിഴായൂർ | 5 | ഫുട്ബാൾ |
| 15 | ഫൻറാസ്റ്റിക് പുതുകുളം | 2 | സ്പോർട്സ് |

ഈ മേഖലയെ പരിപോഷിപ്പിക്കാൻ നിരന്തരം പ്രവർത്തിച്ച നിരവധി വ്യക്തികൾ നമ്മുടെ സ്മരണയിൽ തെളിഞ്ഞു വരുന്നുണ്ട്. പ്രാതസ്മരണീയമായ ഒരു പേരാണ് പട്ടാമ്പി ഹൈസ്കൂളിലെ കായികാദ്ധ്യാപകനായിരുന്ന ഉതുപ്പുരു മാസ്റ്ററുടേത്. ബാസ്ക്കറ്റ് ബാളിന് പട്ടാമ്പിയുടെ മണ്ണിൽ വേരൂന്നി വളരാൻ അദ്ദേഹത്തിൻെറ പ്രയത്നമാണ് പ്രേരകമായി ഭവിച്ചത്. ബാസ്ക്കറ്റ് ബാൾ കളിക്ക് ഈ പഞ്ചായത്തിൽ അടിത്തറ പാകിയ പരേതനായ എ.വി. ഹംസയെ ഇന്നാട്ടുകാർ എന്നും ഓർമ്മിക്കും.

പഞ്ചായത്തിൽ രണ്ടു പൊതു കളിസ്ഥലങ്ങൾ ഉണ്ടെങ്കിലും, പോരായ്മയുടെ നീണ്ട പട്ടികകളാണ് അവയെപ്പറ്റി പറയാനുള്ളത്. പ്രധാനപ്പെട്ട കളിസ്ഥലം ശങ്കരമംഗലത്തെ പഞ്ചായത്ത് സ്റ്റേഡിയമാണ്. ഉറപ്പുള്ള ചുറ്റു മതിൽ കെട്ടുകയും, പ്രവേശന കവാടം മോടി പിടിപ്പിക്കുകയും, റോഡു വക്കിൽ ബോർഡു വെക്കുകയും ചെയ്യേണ്ടതാണ്. ഗ്രൗണ്ടിൻെറ പടിഞ്ഞാറു ഭാഗത്ത് ഒരു സ്ഥിരം വേദി കെട്ടിയുയർത്തേണ്ടതാണ്. കിഴായൂരുള്ള ചെറുളി പറമ്പ് മൈതാനവും നല്ല നിലയിൽ സംരക്ഷിക്കേണ്ടതാണ്.

കേരളോത്സവത്തിൽ സ്പോട്സിലും ഗയിംസിലും മാത്രമല്ല കലാ സാംസ്കാരിക മത്സരങ്ങളിലും തിളങ്ങി നിന്നിരുന്ന സ്ഥാപനമാണ് ലക്കി സ്റ്റാർ ആർട്സ് ആൻറ് സ്പോട്സ് ക്ലബ്ബ്. ലക്കി സ്റ്റാറിൻെറ ആഭിമുഖ്യത്തിൽ കൊല്ലം തോറും കേരളാടിസ്ഥാനത്തിലുള്ള ഫുട്ബാൾ ടൂർണ്ണമെൻറ് നടത്തി വരാറുണ്ട്.

പ്രാദേശിക ക്ലബ്ബുകളെ ഉൾപ്പെടുത്തി കൊണ്ട് ചെറിയ ടൂർണ്ണമെൻറുകൾ സംഘടിപ്പിക്കുന്ന കാര്യത്തിൽ ശങ്കരമംഗലം തരംഗിണി മാതൃകാപരമായ പ്രവർത്തനം കാഴ്ച വെച്ചിട്ടുണ്ട്. 1970 മുതൽ നാടകാവതരണത്തിലും സാംസ്കാരിക പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തിരുന്ന സംഘടനയാണ് ശങ്കരമംഗലം രാഗം ക്ലബ്ബ്. കൂടാതെ അഡ്വ. മാധവമേനോൻ മെമ്മോറിയൽ വോളിബാൾ ടൂർണ്ണമെൻറും നടത്തി വരാറുണ്ടായിരുന്ന ഈ സംഘടനയുടെ സജീവാംഗമായിരുന്നു പരേതനായ സെയിൻ ശങ്കരമംഗലം.

പട്ടാമ്പിയുടെ ഫുട്ബാൾ ചരിത്രത്തിൽ സ്വന്തം കഴിവുകളിലൂടെയും, സംഘടനാ പാടവത്തോടെയും വ്യക്തിമുദ്ര പതിപ്പിച്ച കായികതാരവും, വ്യാപാര പ്രമുഖനും, പൊതു പ്രവർത്തകനുമാണ് ശ്രീ. കെ.ടി. ഉമ്മർ. അദ്ദേഹം കെ.പി. തങ്ങൾ മെമ്മോറിയൽ അഖിലേന്ത്യാ സെവൻസ് ഫുട്ബാൾ ടൂർണ്ണമെൻറ് ദേശീയ താരങ്ങളെ വരെ പങ്കെടുപ്പിച്ചു കൊണ്ട് പട്ടാമ്പിയിൽ നടത്തിയിട്ടുണ്ട്. ശ്രീമാന്മാർ ടി.പി. മുസ്തഫ, സി.വി. സൈതാലിക്കുട്ടി എന്നിവരും ഈ രംഗത്ത് മാതൃകാപരമായ സേവനം അർപ്പിച്ചിട്ടുള്ളവരാണ്. പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനും, സാമൂഹ്യ സേവക അംഗമായ ഡോ. കെ.പി. അബൂബക്കർ കായിക രംഗത്ത് ഏറെ അറിയപ്പെടുന്ന ആളാണ്.

സ്പോട്സിനും ഗെയിംസിനും വേണ്ടി തൻെറ ജീവിതം തന്നെ ഉഴിഞ്ഞു വെച്ച മാന്യ വ്യക്തിയാണ് എസ്.എം. മുഹമ്മദ് ഇസ്മായിൽ ഹാജി.

ലക്കി സ്റ്റാറിൻെറ സ്ഥാപകാംഗവും സജീവ പ്രവർത്തകനുമായ യു.ഉമ്മർ സ്പോട്സ് ഗെയിംസ് മത്സരങ്ങളിൽ ഒട്ടേറെ സമ്മാനങ്ങൾ നേടിയിട്ടുണ്ട്. വളർന്നു വരുന്ന ഒരു നല്ല റഫറിയാണ് കെ. അക്ബർ.

പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിലെ മിക്ക വിദ്യാലയങ്ങളിലും കളി സ്ഥലമില്ലാത്തതു കൊണ്ട് കായികരംഗത്തെ വളർച്ച മുരടിച്ചിട്ടുണ്ട്.

2. പഞ്ചായത്തിൻെറ ഉടമസ്ഥതയിൽ രണ്ടു കളി സ്ഥലങ്ങൾ ഉണ്ടെങ്കിലും അവ മുഴുവൻ പേരെയും ഉൾക്കൊള്ളാൻ അപര്യാപ്തമാണ്.

3. വിദ്യാലയങ്ങളിൽ അപ്പർ പ്രൈമറി തലം മുതൽക്കെങ്കിലും അവ മുഴുവൻ പേരേയും ഉൾകൊള്ളാൻ അപര്യാപ്തമാണ്.

4. പ്രാദേശിക സ്പോർട്സ് സംഘടനകൾ സാമ്പത്തികപരാധീനത മൂലം പ്രവർത്തനം നിർത്തിവെക്കുന്ന പ്രവണത കാണുന്നുണ്ട്.

5. സ്പോർട്സ് പരിപാടികൾക്ക് മേൽനോട്ടം വഹിക്കാനുള്ള ഒരു ഏജൻസി ഈ പഞ്ചായത്തിലില്ല.

6. പഴയ തലമുറയിലെ പ്രകത്ഭരെ ഓർമ്മിക്കാനുള്ള അവസരങ്ങൾ കുറവാണ്.

7. കായിക ക്ഷമത വർദ്ധിപ്പിക്കാൻ ഒരു ജിംനേഷ്യവും നീന്തൽക്കുളവും വേണം.

## സാദ്ധ്യതകൾ

1. നിലവിലുള്ള ഗ്രൗണ്ടുകൾ സുരക്ഷിതമാക്കുന്നതോടൊപ്പം രണ്ടോ മൂന്നോ വാർഡുകൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ മിനി സ്റ്റേഡിയങ്ങൾ സ്ഥാപിക്കാവുന്നതാണ്.

2. വിദ്യാലയങ്ങളിൽ കായികപഠന സൗകര്യങ്ങൾ ഏർപ്പെടുത്താൻ സർക്കാറിൽ സമ്മർദ്ദം ചെലുത്താവുന്നതാണ്.

3. പഴയകാല പ്രതിഭകളെ ആദരിക്കാനുള്ള പ്രത്യേക അവസരങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്.

4. പ്രാദേശിക സംഘടനകൾക്ക് പഞ്ചായത്ത് സാമ്പത്തിക സഹായം നൽകേണ്ടതുണ്ട്.

5. കായികരംഗത്തെ മൊത്തം പ്രവർത്തനങ്ങൾ വിലയിരുത്താൻ പഞ്ചായത്ത് ഭരണസമിതിയുടെ ആഭിമുഖ്യത്തിൽ ഒരു ഉപദേശക സമിതി രൂപീകരിക്കാവുന്നതാണ്.

6. ഒരു പൊതു നീന്തൽക്കുളവും ജിംനേഷ്യവും നിർമ്മിക്കുകയും കരാറടിസ്ഥാനത്തിൽ നടത്താൻ കൊടുക്കുകയും ചെയ്യാവുന്നതാണ്.

കായികരംഗത്ത് വളരെ ഉയർന്ന നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടില്ലാത്ത് പ്രദേശമാണ് നമ്മുടേത്. സംഘടിത രൂപത്തിൽ കായികമത്സരങ്ങളിലും കളികളിലും ഏർപ്പെടുകയും തുടർന്ന് തുടർച്ചയായി ടൂർണമെൻറുകൾ സംഘടിപ്പിക്കുകയും, കേരളോത്സവത്തിൽ താൽപ്പര്യപൂർവ്വം പങ്കെടുക്കുകയും ജില്ലാതല നേട്ടങ്ങൾ വാരിക്കൂട്ടുകയും ചെയ്ത ലക്കി സ്റ്റാർ ക്ലബ്ബ് എല്ലാവരുടേയും അഭിനന്ദനം അർഹിക്കുന്നു.സ്വന്തം സ്ഥലമുള്ള ക്ലബ്ബിന് കെട്ടിടം കെട്ടാനുള്ള സഹായം നൽകേണ്ടത് അത്യാവശ്യമാണ്.

സാമ്പത്തികമായും, സംഘടനാപരമായും ചെയ്യാവുന്ന പരമാവധി സഹായങ്ങൾ പഞ്ചായത്തിൻെറ ഭാഗത്തു നിന്നും ചെയ്തു കൊടുക്കാൻ സന്നദ്ധത കാണിക്കുമെന്നും വിശ്വസിക്കാം.

# വിനോദസഞ്ചാരം

അറിവു നേടാനും, ആഹ്ലാദിക്കാനും, സാഹസികകൃത്യങ്ങളിലേർപ്പെടാനും, സുന്ദരദൃശ്യങ്ങൾ കണ്ടു രസിക്കാനും ആഗ്രഹിച്ച മനുഷ്യന്റെ യാത്രകളുടേയും, അന്വേഷണങ്ങളുടേയും, നിഗമനങ്ങളുടേയും ഗുണഫലങ്ങളാണ് നാം അനുഭവിക്കുന്ന സുഖസൗകര്യങ്ങൾ.

തിരക്കേറിയ ദിനചര്യകളും, മാനസികസംഘർഷങ്ങളും ജീവിതത്തിന്റെ മുഖമുദ്രയായി മാറിയിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. അൽപ്പം സ്വസ്ഥതയും, സമാധാനവും പ്രദാനം ചെയ്യുന്ന സന്ദർശന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും വിനോദയാത്രാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ആലോചിക്കാത്തവർ കുറവാണിന്ന്.

സിന്ദ്ബാദിന്റെ സാഹസിക സഞ്ചാരകഥകളും വാസ്കോഡഗാമയുടെ ദേശാന്തര യാത്രാ വിവരണങ്ങളും കേട്ടു രസിച്ചാൽ മാത്രം പോരെന്നും, വ്യവസ്ഥാപിതമായ ഒരു വിനോദസഞ്ചാര പദ്ധതി നിലവിൽ വരണമെന്നും ജനങ്ങൾ ആഗ്രഹിച്ചു. അങ്ങിനെ വിനോദസഞ്ചാരമെന്ന ഒരു പുതിയ വ്യവസായ ശാഖ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വളർന്നു വന്നു. ഇന്ന് ഈ വ്യവസായം പല രാഷ്ട്രങ്ങൾക്കും പ്രധാന ധനാഗമ മാർഗ്ഗമാണ്. കേരളവും ഇക്കാര്യത്തിൽ ഏറെക്കുറെ സമ്പന്നമാണ്.

പേരും പെരുമയുമുള്ള പട്ടാമ്പിയിൽ പ്രധാന സന്ദർശന കേന്ദ്രങ്ങളൊന്നുമില്ല. എന്നാൽ ഭാരതപ്പുഴയുടെ തീര പ്രദേശങ്ങളും, പട്ടാമ്പി ഗുരുവായൂർ ക്ഷേത്രത്തിലെ തലയെടുപ്പുള്ള ഗോപുരവും, കാർഷിക ഗവേഷണ കേന്ദ്രവും, പാണ്ഡിത്യത്തിന്റെ നിറകുടമായിരുന്ന പുന്നശ്ശേരി നമ്പിയുടെ സ്മരണകളുണർത്തുന്ന സംസ്കൃത കോളേജും, ഒറ്റക്കല്ലിൽ തീർത്ത തളി ക്ഷേത്രവും, അപൂർവ്വ വൃക്ഷങ്ങൾ തിങ്ങി വളരുന്ന ഉണ്ണി ഭ്രാന്തൻ കാവും നമ്മുടെ പഞ്ചായത്തിലെ മനോഹര ദൃശ്യങ്ങളിൽ ചിലതാണ്.

അയൽപ്രദേശങ്ങളിലെ രാമഗിരി കോട്ടയും, രായിരനെല്ലൂർ മലയും നാറാണത്തു ഭ്രാന്തന്റെ ദീർഘകായ പ്രതിമയും, മീനച്ചൂടിലും മേനി വിയർക്കാത്ത മുത്തശ്ശിയാർക്കാവും, തിരുമിറ്റക്കോട്, ഞാങ്ങാട്ടിരി ക്ഷേത്രങ്ങളും, പുത്തൻപള്ളിയും, കലാമണ്ഡലവും സന്ദർശനയോഗ്യമായ സ്ഥലങ്ങളാണ്.

പട്ടാമ്പിയെ കൂടുതൽ ആകർഷകമാക്കാനുള്ള സമഗ്രപദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല. ഈ സ്ഥിതി ഇനിയും തുടർന്നു കൂടെന്ന അഭിപ്രായത്തിൽ നിന്നുരുത്തിരിഞ്ഞു വന്ന ഒരു പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

## നിളാതീര വാസകേന്ദ്രം

പട്ടാമ്പിയുടെ പടിഞ്ഞാറേ അതിർത്തിയിൽ നിളാനദിക്കൊരു അടിയണയും തടയണയും പണിത് ജലവിതാനം ഉയർത്തുക.

പാലം മുതൽ പഴയകടവ് വരെ പത്തു മീറ്റർ വീതിയിൽ ഒരു തീരറോഡ് പണിയുക.

പഴയകടവിനോടു ചേർന്ന് കിട്ടാവുന്നത്ര സ്ഥലം വിലക്കെടുത്ത് ആധുനിക രീതിയിൽ ഒരുദ്യാനവും വിശ്രമസങ്കേതവും പണിയുക. കുട്ടികൾക്ക് ഒരു പാർക്ക് നിർമ്മിക്കുക. പാത വക്കത്ത് രണ്ടോ മൂന്നോ സ്നാനഘട്ടങ്ങൾ പണിയുക. സ്നാനഘട്ടങ്ങളോടു ചേർന്ന് ഒരു ബോട്ടു ജെട്ടിയുണ്ടാക്കുക. തിരുമിറ്റക്കോട് ഞാങ്ങാട്ടിരി ഭാഗത്തേക്ക് ജലയാത്രക്ക് സൗകര്യമേർപ്പെടുത്തുക. കളിവണ്ടികളും ജലധാരാ യന്ത്രങ്ങളും ഏർപ്പെടുത്തുക. വിശ്രമ വേദികളും ഭക്ഷണശാലകളും ഉണ്ടാക്കുക.

സുഖവാസത്തിനു പറ്റിയ കോട്ടേജുകൾ കെട്ടുക. കൗതുക വസ്തുക്കളും, അലങ്കാര സാമഗ്രികളും, അത്യാവശ്യ സാധനങ്ങളും ലഭിക്കുന്ന വ്യാപാര കേന്ദ്രങ്ങൾ സ്ഥാപിക്കുക. ഒരു ഓപ്പൺ എയർ തിയേറ്റർ സ്ഥാപിക്കുക. ഒരു നീന്തൽക്കുളം നിർമ്മിക്കുക.

അയൽപ്രദേശങ്ങളിലേക്ക് വിനോദയാത്രകൾ സംഘടിപ്പിക്കുന്ന ട്രാവൽ ഏജൻസികളും വഴികാട്ടികളുമായി ധാരാളം പേർക്ക് തൊഴിൽ ലഭിക്കാൻ ഈ പദ്ധതി സഹായിക്കും.

പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശമായ കളപ്പാറക്കുന്നിൽ ഉണ്ണിഭ്രാന്തൻ കാവിൻെറ സമീപ പ്രദേശത്തായി ഒരു ''ബൊട്ടാണിക്കൽ ഗാർഡൻ'' സ്ഥാപിക്കാനുള്ള സാദ്ധ്യതകളുണ്ട്. പെരുമ്പ്രക്കോട്ട, രാമഗിരിക്കോട്ട എന്നിവിടങ്ങളിലേക്ക് ഈ ഉദ്യാനം വ്യാപിപ്പിക്കാനും, ഒരു ഭാഗം ഔഷധ സസ്യത്തോട്ടമാക്കി മാറ്റാനും പറ്റുന്ന രീതിയിലാണ് ഈ പ്രദേശം സ്ഥിതി ചെയ്യുന്നത്. ജലവൈദ്യുതിയുടെ കാര്യത്തിൽ വമ്പിച്ച സാദ്ധ്യതകളാണ് നിലവിലുള്ളത്.

**പട്ടിക - 1**

**വിജ്ഞാന-വിനോദ തീർത്ഥാടന കേന്ദ്രങ്ങൾ, പട്ടാമ്പി ഗ്രാമപഞ്ചായത്ത്**

| നമ്പർ | സ്ഥലപ്പേര് | വാർഡ് | റിമാർക്സ് |
|---|---|---|---|
| 1. | ഗുരുവായൂരപ്പൻ ക്ഷേത്രവും ഗോപുരവും | 7 | |
| 2. | കൃഷി പരീക്ഷണത്തോട്ടം | 10 | |
| 3. | തളി ക്ഷേത്രം | 10 | |
| 4. | ഉണ്ണിഭ്രാന്തൻ കാവ് | 6 | |
| 5. | സംസ്കൃത കോളേജ് | 10 | |
| 6. | ശില്പചിത്ര | 10 | |

**പട്ടിക - 2**

| | | ദൂരം | |
|---|---|---|---|
| 1. | രാമഗിരി കോട്ട | 5 കി.മീ | ഓങ്ങല്ലൂർ പഞ്ചായത്ത് |
| 2. | രായിരനെല്ലൂർ മല, പ്രതിമ | 13 കി.മീ | തിരുവേഗപ്പുറ പഞ്ചായത്ത് |
| 3. | മുത്തശ്ശ്യാർ കാവ് | 7 കി.മീ | മുതുതല പഞ്ചായത്ത് |
| 4. | തിരുമിറ്റക്കോട് ക്ഷേത്രം | 8 കി.മീ | തിരുമിറ്റക്കോട് പഞ്ചായത്ത് |
| 5. | ഞാങ്ങാട്ടിരി ക്ഷേത്രം | 3 കി.മീ | തൃത്താല പഞ്ചായത്ത് |
| 6. | കേരള കലാമണ്ഡലം | 20 കി.മീ | ചെറുതുരുത്തി പഞ്ചായത്ത് |
| 7. | അണ്ടലാടി മന | 5 കി.മീ | ഓങ്ങല്ലൂർ പഞ്ചായത്ത് |
| 8. | പുത്തൻ പള്ളി | 30 കി.മീ | |
| 9. | കട്ടിൽ മാടം | 7 കി.മീ | തൃത്താല പഞ്ചായത്ത് |
| 10. | കേരളീയ ആയുർവേദ സമാജം | 14 കി.മീ | ഷൊർണൂർ മുനിസിപ്പാലിറ്റി |
| 11. | വൈദ്യമഠം | 8 കി.മീ | തൃത്താല പഞ്ചായത്ത് |
| 12. | പുന്നശ്ശേരി ഇല്ലം | 2 കി.മീ | മുതുതല പഞ്ചായത്ത് |
| 13. | തിരുവേഗപ്പുറ മഹാക്ഷേത്രം | 16 കി.മീ | തിരുവേഗപ്പുറ പഞ്ചായത്ത് |
| 14. | ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രം | 32 കി.മീ | |

# വനിതാ ക്ഷേമം

ഈ നൂറ്റാണ്ടിൻെറ ആദ്യ ദശകങ്ങളിൽ തന്നെ പട്ടാമ്പിയിലെ വനിതകൾ വിദ്യാഭ്യാസം നേടുകയും, അദ്ധ്യാപന ജോലിയിൽ ഏർപ്പെടുകയും ചെയ്തിരുന്നു. വള്ളുവനാട് താലൂക്ക് ബോർഡിൻെറ കീഴിലായിരുന്ന പട്ടാമ്പി സ്കൂൾ ആയിരുന്നു ഈ പ്രദേശത്ത് വിദ്യാർത്ഥികൾക്ക് ആകെയുള്ള ആശ്രയം.

എട്ടാം തരത്തിൽ പൊതു പരീക്ഷ നടത്തുന്ന സമ്പ്രദായം അന്നു നില നിന്നിരുന്നു. ഈ പരീക്ഷ പാസ്സായാൽ അദ്ധ്യാപക പരിശീലനത്തിനു ചേരാനുള്ള അർഹത ഉണ്ടായിരുന്നു. എട്ടാം തരം പാസ്സായി കോഴിക്കോട് ട്രെയിനിംഗ് സ്കൂളിൽ നിന്ന് പരിശീലനം ലഭിച്ച അദ്ധ്യാപികയായിരുന്ന മാങ്കോട്ടിൽ ഇട്ടി മാധവി അമ്മയും, തിരൂരിന്നടുത്തുള്ള വെട്ടത്ത് പുതിയങ്ങാടി ട്രെയിനിംഗ് സ്കൂളിൽ നിന്ന് പരിശീലനം ലഭിച്ച മേലേപ്പാട്ട് സൈനബ ടീച്ചറും പട്ടാമ്പിയിലെ ആദ്യകാല അദ്ധ്യാപികമാരായിരുന്നു.

1940 നു ശേഷം പട്ടാമ്പിയിൽ ഹൈസ്കൂൾ ആരംഭിച്ചപ്പോൾ പെൺകുട്ടികളുടെ ഉപരി വിദ്യാഭ്യാസത്തിനുള്ള സൗകര്യം വർദ്ധിച്ചു. കല്ലന്മാർതൊടിയിൽ സാവിത്രി അമ്മ, കാലമ്പറ്റ രുഗ്മിണി അമ്മ, പാറുകുട്ടി അമ്മ തുടങ്ങിയവർ അക്കാലത്ത് ഹൈസ്കൂൾ വിദ്യാഭ്യാസം നേടിയവരാണ്.

ഈ പ്രദേശത്തു നിന്ന് കോളേജിൽ ചേർന്ന ആദ്യവനിതകളിൽ ഒരാളാണ് മാങ്കോട്ടിൽ ജാനകി അമ്മ. അവർ പാലക്കാട് വിക്ടോറിയ കോളേജിലെ അക്കാലത്തെ ഏക വിദ്യാർത്ഥിനിയായിരുന്നു.

സാമൂഹ്യ പ്രവർത്തകയായിരുന്ന ആര്യ പള്ളത്തിൻെറ ആഭിമുഖ്യത്തിൽ അയിത്തം മുതലായ അനാചാരങ്ങൾക്കെതിരെ പട്ടാമ്പി കേന്ദ്രീകരിച്ച് നടത്തിയിരുന്ന പ്രവർത്തനങ്ങളിൽ മാങ്കോട്ടിൽ ഇട്ടി മാധവി അമ്മ സജീവമായി പങ്കു കൊണ്ടിരുന്നു. പന്തക്കൽ പറമ്പിലുള്ള ഇവരുടെ വീട്ടിൽ കേരള ഗാന്ധി എന്നറിയപ്പെട്ടിരുന്ന ''കേളപ്പജി'' പലപ്പോഴും വരുകയും, സാമൂഹ്യപ്രവർത്തനങ്ങൾക്ക് പ്രേരണ നൽകുകയും ചെയ്തിരുന്നു. 1930 കാലത്താണ് ഈ വീട്ടിൽ വെച്ച് മിശ്രഭോജന പരിപാടി നടത്തിയത്

പട്ടിക - 1

സ്ത്രീ വിദ്യാഭ്യാസം

| നമ്പർ | തലം | വിദ്യാഭ്യാസ ശതമാനം | |
|---|---|---|---|
| | | സ്ത്രീ | പുരുഷൻ |
| 1. | പ്രൈമറി തലം | 50% | 50% |
| 2. | സെക്കൻററി തലം | 25% | 30% |
| 3. | കോളേജ് തലം | 5% | 5% |
| 4. | തയ്യൽ, കമ്പ്യൂട്ടർ മേഖലകൾ | 10% | 10% |
| 5. | അനൗപചാരിക വിദ്യാഭ്യാസം | 10% | 5% |

വിദ്യാഭ്യാസം ലഭിച്ച ഏതാനും വനിതകൾ ഉദ്യോഗസ്ഥകളാവുകയും, അല്പം ചിലർ സാമൂഹ്യ പ്രവർത്തനം നടത്തുവാൻ മുന്നോട്ടു വരുകയും ചെയ്തെങ്കിലും ബഹു ഭൂരിപക്ഷം സ്ത്രീകളും നിരക്ഷരരായിരുന്നു.

1950 കളിൽ പഞ്ചായത്തിൻെറ പല ഭാഗത്തും പുതിയ പ്രാഥമിക വിദ്യാലയങ്ങൾ സ്ഥാപിതമായി. വിദ്യാഭ്യാസം സാർവ്വത്രികവും, അധികം പണച്ചിലവില്ലാതെ നടത്താവുന്നതും ആയപ്പോൾ ധാരാളം പെൺകുട്ടികൾ വിദ്യാലയങ്ങളിലേക്ക് പ്രവഹിക്കുവാൻ തുടങ്ങി. ഇപ്പോൾ പട്ടാമ്പിയിൽ ബിരുദവും, ബിരുദാനന്തര ബിരുദവും സാങ്കേതിക യോഗ്യതകളും നേടിയ നിരവധി സ്ത്രീകൾ ഉദ്യോഗസ്ഥകളായും മറ്റും ജീവിക്കുന്നുണ്ട്. ബിരുദവും മെഡിക്കൽ ബിരുദവും നേടിയവർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. പഞ്ചായത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസ സ്ഥിതി പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.

കൃഷി, കൈ തൊഴിൽ, വീടു പണി എന്നീ ജോലികളാണ് ആദ്യകാലത്ത് സ്ത്രീകൾ ചെയ്തിരുന്നത്. മരപ്പണികൾ, സ്വർണ്ണപ്പണി, നെയ്ത്ത്, എണ്ണ ആട്ടൽ, അലക്ക് തുടങ്ങിയ പരമ്പരാഗത ജോലികളിൽ ഏർപ്പെട്ടിരുന്ന വീടുകളിലെ സ്ത്രീകൾ പുരുഷന്മാരെ കഴിവിനൊത്ത് സഹായിച്ചിരുന്നു. എന്നാൽ ഇന്ന് ഈ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്.

കാർഷിക മേഖലയിലെ മുരടിപ്പുകാരണം തൊഴിൽ നഷ്ടപ്പെട്ട സ്ത്രീകളും ഉണ്ട്. വീട്ടു പണിക്ക് പോവുവാൻ സ്ത്രീകൾക്ക് താൽപ്പര്യം കുറവാണ്. ഈ ജോലിക്ക് താരതമ്യേന പ്രതിഫലം കുറവായതും ആശ്രിതത്വത്തിൻെറ സ്വഭാവമുള്ളതും ഈ ജോലിയോടുള്ള താൽപ്പര്യക്കുറവിന് കാരണമായി പറയാം.

കെട്ടിട നിർമ്മാണ രംഗത്ത് ധാരാളം സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്. തയ്യൽ, കൊട്ട നെയ്ത്ത് തുടങ്ങിയ ജോലികളിലും കുറേ പേർ ഏർപ്പെട്ടിരിക്കുന്നു. എന്നാലും 68 ശതമാനം സ്ത്രീകളും വീട്ടമ്മമാരായി കഴിയുകയാണ്. പാചകവും, പരിചരണവുമാണ് ഇവരുടെ പ്രധാന ജോലികൾ.

ആടുമാടുകളേയും, കോഴികളേയും വളർത്തി വരുമാനം ഉണ്ടാക്കുന്ന വനിതകളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

അദ്ധ്യാപന രംഗത്ത് പുരുഷന്മാരേക്കാൾ അധികം സ്ത്രീകളാണ് ജോലി ചെയ്യുന്നത്. എന്നാൽ മറ്റു സേവന മേഖലകളിൽ സ്ഥിതി ഇതല്ല.

തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം പട്ടിക 2-ൽ ചേർത്തിരിക്കുന്നു.

സ്ത്രീകൾ തൊഴിൽ എടുക്കുന്ന സ്ഥാപനങ്ങളുടെ നടത്തിപ്പിൽ പങ്കു വഹിക്കുവാൻ സ്ത്രീകൾക്ക സാധിക്കുന്നില്ല. സ്ത്രീകളുടേതായ സ്വയം തൊഴിൽ സംരംഭങ്ങൾ പഞ്ചായത്തിൽ കുറവാണ്. എന്നാൽ അടുത്ത കാലത്ത് കൊടലൂരിൽ കരിങ്കല്ല് ജെല്ലി ഉണ്ടാക്കുന്ന യൂണിറ്റ് DWCRA യുടെ കീഴിൽ സ്ഥാപിച്ചിട്ടുണ്ട്.

കാർഷികമേഖലയിലും, നിർമ്മാണ മേഖലയിലും ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പുരുഷന്മാരേക്കാൾ കുറഞ്ഞ കൂലിയാണ് ലഭിക്കുന്നത്. ഈ വസ്തുതകൾ വ്യക്തമാക്കുന്ന വിവരങ്ങൾ പട്ടിക - 3 ൽ കൊടുത്തിരിക്കുന്നു.

## പട്ടിക 2
## തൊഴിൽമേഖലയിലെ സ്ത്രീ പങ്കാളിത്തം

| നമ്പർ | തൊഴിൽ മേഖല | പങ്കാളിത്തം | |
|---|---|---|---|
| | | സ്ത്രീ | പുരുഷൻ |
| 1. | കാർഷിക മേഖല | 6% | 4% |
| 2. | നിർമ്മാണ മേഖല | 9% | 12% |
| 3. | സർക്കാർ-അർദ്ധ സർക്കാർ | 2% | 3% |
| 4. | ചെറുകിട വ്യവസായം | 8% | 30% |
| 5. | കുടിൽ വ്യവസായം | 4% | 15% |
| 6. | വ്യാപാരം | 2% | 30% |
| 7. | മറ്റു ജോലികൾ | 1% | 6% |
| 8. | വീട്ടമ്മമാർ | 68% | .... |

## പട്ടിക 3
## തൊഴിലും കൂലിനിരക്കും

| നമ്പർ | മേഖല | കൂലിനിരക്ക് | |
|---|---|---|---|
| | | സ്ത്രീ | പുരുഷൻ |
| 1. | കാർഷിക മേഖല | 50 - 75 | 80 - 125 |
| 2. | നിർമ്മാണ മേഖല | 60 - 90 | 125 - 150 |

സ്ത്രീകളുടെ കൂലി നിരക്ക് എല്ലാ മേഖലയിലും കുറവാണ്. തീപ്പെട്ടി കമ്പനി, ഇഷ്ടിക കമ്പനി തുടങ്ങിയ സ്ഥാപനങ്ങളിലും ഇതു തന്നെയാണ് സ്ഥിതി. സ്ത്രീകൾ മാത്രം ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലും കൂലി നിരക്ക് തീരെ അപര്യാപ്തമാണ്. ഖാദി നെയ്ത്തു കേന്ദ്രം ഇതിനുദാഹരണമാണ്.

പട്ടാമ്പിയിൽ നാല് മഹിളാ സമാജങ്ങളുണ്ട്. പന്തക്കൽ പറമ്പിലുള്ള പട്ടാമ്പി മഹിളാസമാജം സ്ഥാപിക്കുവാനും, നില നിർത്തുവാനും പന്തല്ലൂർ അമ്മുക്കുട്ടി അമ്മ വഹിച്ച പങ്ക് വളരെ വലുതാണ്. സ്ത്രീകളെ സംഘടിപ്പിക്കുവാനും, സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കാനും സമാജത്തിൻെറ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനും സദാ ജാഗരൂഗരായിരുന്നു അവർ.

ഈ സമാജത്തിനു സ്വന്തമായി സ്ഥലവും, കെട്ടിടവും ഉണ്ട്. ഒരു അങ്കണവാടിയും, ബാലവാടിയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. സ്ഥിരമായി ഡാൻസ് ക്ലാസ്സ് നടത്തുവാനും സമാജത്തിനു സാധിക്കുന്നു. കിഴായൂരും, വള്ളൂരും, വടക്കുംമുറിയിലും നല്ല നിലയിൽ പ്രവർത്തിക്കുന്ന ഓരോ മഹിളാ സമാജങ്ങളുണ്ട്. വനിതകളുടെ അഭ്യുന്നതിക്കു വേണ്ടി നിരന്തരമായി പ്രവർത്തിക്കുന്ന മഹതിയാണ് വള്ളൂർ പെരുമ്പിലാവിൽ മാധവിക്കുട്ടി അമ്മ. മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അടുത്ത പേജിൽ ചേർത്തിരിക്കുന്നു.

വള്ളൂർ മഹിളാ സമാജം (വാർഡ് 1) : അങ്കണവാടി സമാജത്തിലാണ് നടത്തുന്നത്. കൊപ്പം പി.എച്ച്.സി.യുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ, മാതൃശിശു സംരക്ഷണ പരിപാടികളും കുത്തിവെപ്പുകളും നടത്തുന്നുണ്ട്. പോഷകാഹാര വിതരണവും നടത്താറുണ്ട്.

പട്ടാമ്പി മഹിളാ സമാജം (വാർഡ് 3) : അങ്കണവാടിയും, ബാലവാടിയും പ്രവർത്തിക്കുന്നു. ഡാൻസ് ക്ലാസ്സും നടത്തുന്നുണ്ട്, ബോധവൽക്കരണ ക്ലാസ്സുകളും, മാതൃ-ശിശു സംരക്ഷണ പരിപാടികളും നടത്തുന്നുണ്ട്. കുത്തിവെപ്പുകളും, പോഷകാഹാര വിതരണവും ഉണ്ട്. ഒരു ഡേ കെയർ സെൻററും വനിതാ ഹോസ്റ്റലും നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

കിഴായൂർ മഹിളാ സമാജം (വാർഡ് 9) : അങ്കണവാടി നടത്തുന്നുണ്ട്. രോഗപരിശോധനാ ക്യാമ്പുകളും, ബോധവൽക്കരണ ക്ലാസ്സുകളും നടത്താറുണ്ട്. കുത്തിവെപ്പ്, മരുന്നു വിതരണം, പോഷകാഹാരം നൽകൽ എന്നിവയും നടത്താറുണ്ട്.

പ്രിയദർശിനി മഹിളാ സമാജം വടക്കുംമുറി (വാർഡ് 3) : അടുത്തകാലത്താണ് ഈ സമാജം രൂപീകരിച്ചത്. അങ്കണവാടി നടത്തുന്നുണ്ട്. സൗകര്യങ്ങൾ കുറവാണ്. ഒരു തയ്യൽ ക്ലാസ്സ് തുടങ്ങാൻ ഉദ്ദേശിക്കുന്നു.

പഞ്ചായത്തിലെ മൂന്ന് വാർഡുകളിൽ മാത്രമാണ് മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നത്. ഈ സമാജങ്ങൾ വളരെ വിഷമിച്ചാണ് ദൈനംദിന പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നത്. സ്ത്രീകൾ നേരിടുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും അവർക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാനുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി കൊടുക്കുവാനും സർക്കാറിൽ നിന്നു കിട്ടുന്ന ആനുകൂല്യങ്ങൾ തക്ക സമയത്ത് പ്രയോജനപ്പെടുത്താനോ ഈ സമാജങ്ങൾക്ക് പലപ്പോഴും സാധിക്കാറില്ല.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും രണ്ട് മഹിളാസമാജങ്ങൾ വീതം സ്ഥാപിക്കുകയും, അവയുടെ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിക്കുകയും ചെയ്താൽ ഈ മേഖലയിൽ പല പുതിയ പദ്ധതികളും ആവിഷ്കരിച്ചു നടപ്പാക്കാൻ സാധിക്കുന്നതാണ്.

പഞ്ചായത്തിൽ ഐ.സി.ഡി.എസ്. ൻെറ കീഴിൽ 21 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ കിഴായൂരിലെ നമ്പ്രത്തുള്ള അങ്കണവാടിക്ക് സ്വന്തമായി മൂന്ന് സെൻറ് സ്ഥലമുണ്ട്. കൊടലൂരിലെ ചോരക്കുന്നിലും സുമാർ മൂന്ന് സെൻറ് സ്ഥലം അങ്കണവാടിക്കു വേണ്ടി നാട്ടുകാർ സംഭാവന ചെയ്തിട്ടുണ്ട്. ബാക്കിയുള്ള അങ്കണവാടികൾക്ക് സ്ഥലമോ കെട്ടിടമോ ഇല്ല. ഒരു എണ്ണം പഞ്ചായത്ത് ഓഫീസിലും, രണ്ടെണ്ണം പഞ്ചായത്ത് കെട്ടിക്കൊടുത്ത ഷെഡ്ഡുകളിലും പ്രവർത്തിച്ചു വരുന്നു. പലതും വാടകകെട്ടിടങ്ങളിലാണ് നടത്തുന്നത്. വാടകക്കു പോലും സ്ഥലം കിട്ടാതെ വീടുകളുടെ പിൻവശത്തും, പീടികക്കോലായകളിലും ക്ലാസ്സ് നടത്തേണ്ട സ്ഥിതിയും നിലവിലുണ്ട്. അടിസ്ഥാന സൗകര്യങ്ങളോ, സുരക്ഷിതത്വമോ ഇല്ലാത്ത ഇത്തരം സ്ഥാപനങ്ങൾ നടത്തിയതുകൊണ്ട് പ്രത്യേക ഗുണമൊന്നും ഉണ്ടാകാനിടയില്ല. അതിനാൽ അടിയന്തിരമായും സ്ഥലം വാങ്ങുവാനും, കെട്ടിടം നിർമ്മിക്കുവാനും ആവശ്യമായ ധനസഹായം ലഭ്യമാക്കേണ്ടതുണ്ട്.

മഹിളാസമാജങ്ങളും അങ്കണവാടികളും മുഖേന കൊപ്പം പി.എച്ച്.സി.യുടെ ആഭിമുഖ്യത്തിൽ ആരോഗ്യസംരക്ഷണപരിപാടികളും, ബോധവൽക്കരണ സെമിനാറുകളും നടത്താറുണ്ട്. ഇതിൽ സ്ത്രീകൾ സജീവമായി പങ്കെടുക്കുന്നു.

സ്ത്രീകൾ പൊതുവിൽ ആരോഗ്യകാര്യങ്ങളിൽ ശ്രദ്ധാലുക്കളും ശുചിത്വബോധം ഉള്ളവരുമാണ്. ലഭ്യമായ ചികിത്സാ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ സ്ത്രീകൾ ശ്രമിക്കാറുണ്ട്. എന്നാൽ വിദഗ്ധ ചികിത്സക്കുള്ള സൗകര്യങ്ങൾ താരതമ്യേന കുറവാണ്.

പ്രസവസംബന്ധമായ ഓപ്പറേഷൻ നടത്തണമെങ്കിൽ സ്വകാര്യ ആശുപത്രിയെ ആശ്രയിക്കേണ്ടേ സ്ഥിതിയാണ് ഉള്ളത്. പാവപ്പെട്ടവർക്ക് ഇക്കാര്യത്തിൽ വളരെ വിഷമം അനുഭവിക്കേണ്ടി വരുന്നു. സർക്കാർ ആശുപത്രിയിൽ ആധുനിക രീതിയിലുള്ള ഓപ്പറേഷൻ തിയേറ്ററും സ്ഥിരമായ സ്ത്രീ രോഗ വിദഗ്ധയും ഉണ്ടായാൽ മാത്രമേ താഴ്ന്ന വരുമാനക്കാർക്ക് രോഗവിമുക്തി നേടാൻ സാധിക്കുകയുള്ളൂ.

കുടുംബക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ സ്ത്രീകൾ പൊതുവേ സന്നദ്ധരാണ്. പ്രതിരോധ കുത്തിവെപ്പുകൾ കൃത്യസമയത്ത് നടത്താനും, കുട്ടികളുടെ ആരോഗ്യകാര്യങ്ങളിൽ ശ്രദ്ധവെക്കാനും കൂടുതൽ താൽപ്പര്യം കാണിക്കുന്നത് സ്ത്രീകളാണ്.

നിയമം മൂലം നിരോധിച്ചിട്ടുണ്ടെങ്കിലും സ്ത്രീധന സമ്പ്രദായം ഇന്നും നിലനിൽക്കുന്നുണ്ട്. സ്ത്രീധനപ്രശ്നം കൊണ്ട് മുടങ്ങുന്ന വിവാഹങ്ങളും, തകരുന്ന ബന്ധങ്ങളും, അനുഭവിക്കേണ്ടി വരുന്ന പീഡനങ്ങളും നമ്മുടെ നാട്ടിൽ വിരളമല്ല. ഒരു കുടുംബകാര്യം എന്ന നിലയിൽ ഈ പ്രശ്നം പലപ്പോഴും പരസ്യമാവാറില്ല. ബാല്യവിവാഹം പെൺകുട്ടികളുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നു.

പൊതുരംഗത്ത് പ്രവർത്തിക്കുന്ന വനിതകൾ കുറവാണ്. അഖലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ, മഹിളാ കോൺഗ്രസ്, വനിതാ ലീഗ് എന്നീ സംഘടനകൾക്ക് ഈ പഞ്ചായത്തിൽ യൂനിറ്റുകളുണ്ട്. മറ്റ് വർഗ്ഗ സംഘടനകളിലും സ്ത്രീകൾക്ക് അംഗത്വമുണ്ട്. എന്നാൽ നേതൃനിരയിലേക്ക് ആരും ഉയർന്നു വരുന്നില്ല. പട്ടാമ്പി പഞ്ചായത്തിൻെറ പ്രഥമ വനിതാ വൈസ് പ്രസിഡൻറായിരുന്ന ശ്രീമതി. പി.കെ. വിജയലക്ഷ്മി, പട്ടാമ്പരി ഹൈസ്കൂളിൽ നിന്നു റിട്ടയർ ചെയ്ത മുരളി ടീച്ചർ കൊപ്പത്ത് 'അഭയം' എന്ന സേവന സംഘടനയുടെ ട്രസ്റ്റി ബോർഡ് അദ്ധ്യക്ഷയാണ്. പെൻഷനേഴ്സ് യൂനിയൻ, ശാസ്ത്ര സാഹിത്യ പരിഷത്ത്, മഹിളാ അസോസിയേഷൻ, എന്നിവയുടെ പ്രവർത്തനങ്ങളിൽ ടീച്ചർ സജീവമായി പങ്ക് വഹിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

*1. നിലവിലുള്ള തൊഴിൽ അവസരങ്ങൾ കുറച്ചു പേർക്കേ ലഭ്യമാകുന്നുള്ളൂ.*
*2. സാമ്പത്തിക വിഷമങ്ങളും, സാങ്കേതിക ജ്ഞാനത്തിൻെറ കുറവും മൂലം പുതിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ സാധിക്കുന്നില്ല.*
*3. കുടുംബജോലികളും, കുട്ടികളെ നോക്കലും, തൊഴിലെടുക്കാനുള്ള സൗകര്യം ഇല്ലാതാക്കുന്നു.*
*4. കാർഷിക മേഖലയിലെ മുരടിപ്പ് തൊഴിലവസരങ്ങൾ കുറക്കുന്നു.*
*5. തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല.*
*6. ദാരിദ്ര്യനിർമ്മാർജ്ജന പരിപാടിയുടെ ആനുകൂല്യങ്ങൾ അജ്ഞത മൂലം ലഭിക്കുന്നില്ല.*
*7. സംഘടനകളിൽ അംഗത്വമുണ്ടെങ്കിലും പ്രവർത്തന രംഗത്തേക്ക് വരാൻ മടിക്കുന്നു.*
*8. നേതൃത്വ പരിശീലനം ലഭിക്കുന്നില്ല.*
*9. സ്ത്രീധന സമ്പ്രദായത്തിൻെറ പ്രശ്നങ്ങൾ.*
*10. ബാല്യവിവാഹം കൊണ്ടുള്ള ആരോഗ്യ പ്രശ്നങ്ങൾ.*
*11. തൊഴിൽ നിയമങ്ങളെക്കുറിച്ചുള്ള അജ്ഞത.*
*12. അവകാശ ബോധത്തിൻെറ കുറവ്.*

13. സ്ത്രീ സംരക്ഷണ നിയമങ്ങളെക്കുറിച്ചുള്ള അറിവു കേടും, കാര്യങ്ങൾ പുറത്തു പറയാനുള്ള ധൈര്യക്കുറവും.

## സാദ്ധ്യതകൾ

1. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ എല്ലാ വാർഡിലും ആവശ്യമാണ്.
2. റെഡിമെയ്ഡ് ഗാർമെൻറ്സ്, കരകൗശല വസ്തുക്കൾ, അച്ചാറുകൾ എന്നിവ നിർമ്മിക്കാനും, കോഴി വളർത്തൽ തുടങ്ങാനും എല്ലാ യൂണിറ്റുകൾ ഉണ്ടാക്കണം.
3. അച്ചടിശാലകൾ, നോട്ടുപുസ്തക നിർമ്മാണം, ബുക്ക് ബൈൻറിംഗ്, ടൈപ്പ് റൈറ്റിംഗ്, കമ്പ്യൂട്ടർ പഠനം, ഭക്ഷ്യവസ്തുക്കളുടെ പേക്കിംഗ്, കറി പൗഡർ, ജാം എന്നിവ പഠിപ്പിക്കാനും യൂണിറ്റുകൾ തുടങ്ങി, സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കാനും ആവശ്യമായ കാര്യങ്ങൾ ചെയ്യേണ്ടതാണ്.
4. വനിതാ സൊസൈറ്റികൾ ഉണ്ടാക്കി, അടുക്കള തോട്ട നിർമ്മാണം പ്രോത്സാഹിപ്പിക്കണം.
5. പപ്പട നിർമ്മാണ യൂണിറ്റുകൾ തുടങ്ങണം.
6. കളിക്കോപ്പു നിർമ്മാണം, കൊട്ട നെയ്ത്ത്, പായ നെയ്ത്ത് എന്നിവക്ക് യൂണിറ്റുകൾ തുടങ്ങണം.
7. തൊഴിൽ ശാലകളിൽ ക്രഷ് സൗകര്യം ഏർപ്പെടുത്തണം.
8. പട്ടാമ്പി മഹിളാസമാജം ആരംഭിക്കാനുദ്ദേശിക്കുന്ന ഡേ കെയർ സെൻററിന് സഹായധനം അനുവദിക്കണം.
9. പട്ടാമ്പി മഹിളാ സമാജത്തിന് വർക്കിംഗ് വുമൺസ് ഹോസ്റ്റൽ അനുവദിച്ചു കിട്ടാൻ നടപടികളെടുക്കണം.
10. മദ്യ നിരോധനം പൂർണ്ണമായും നടപ്പിലാക്കണം.
11. സ്ത്രീധന സമ്പ്രദായം അവസാനിപ്പിക്കണം.
12. അങ്കണവാടികൾക്ക് കെട്ടിടവും, സ്ഥലവും, കളിക്കോപ്പുകളും ലഭ്യമാക്കണം.
13. ഓരോ വാർഡിലും ഈരണ്ടു മഹിളാ സമാജങ്ങൾ ആവശ്യമാണ്. ഇവക്ക് സ്ഥലവും കെട്ടിടവും ലഭ്യമാക്കേണ്ടതാണ്.
14. കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹ ഗ്രാൻറ് അനുവദിക്കണം.
15. അശ്ലീല പോസ്റ്ററുകൾ നിരോധിക്കണം.
16. ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ ഓരോ വാർഡിലും സ്ഥാപിക്കണം.
17. ഓരോ വാർഡിലും കുട്ടികളുടെ പാർക്കും, അങ്കണവാടികൾക്ക് കളിസ്ഥലവും വേണം.
18. പ്ലേ സ്കൂളുകൾ എല്ലാ വാർഡിലും തുടങ്ങണം.
19. വനിതകൾക്ക് കായിക പരിശീലന കേന്ദ്രങ്ങളേർപ്പെടുത്തുകയും, പഞ്ചായത്തു തല മേള സംഘടിപ്പിക്കുകയും വേണം.
20. പഞ്ചായത്തിൽ ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കണം.
21. പെൺകുട്ടികൾക്ക് വേണ്ടി കലാപഠന കേന്ദ്രങ്ങൾ ആരംഭിക്കണം.
22. സ്ത്രീകൾക്ക് വേണ്ടി ഒരു ലീഗൽ സെൽ ആരംഭിക്കണം.
23. നേതൃത്വ പരിശീലന ക്യാമ്പുകളും, സ്ത്രീധനം, മദ്യപാനം എന്നിവക്കെതിരായി ബോധവൽക്കരണ പ്രചരണ പരിപാടികളും സംഘടിപ്പിക്കണം.
24. സ്ത്രീകളെ അമ്മമാരായി കാണുന്ന ഭാരതീയ സങ്കല്പത്തെ സത്യസന്ധമായി ഉൾക്കൊള്ളാനുള്ള മൂല്യബോധം സൃഷ്ടിക്കണം.

സാമൂഹ്യസവന രംഗത്ത് സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

" ഒരു പുരുഷനെ പരിശീലിപ്പിച്ചാൽ
ഒരു വ്യക്തിയെ വാർത്തെടുക്കാം
ഒരു സ്ത്രീയെ പരിശീലിപ്പിച്ചാൽ
ഒരു രാഷ്ട്രം കെട്ടിപ്പടുക്കാം "

# ദാരിദ്ര്യ നിർമ്മാർജ്ജനം

പാവപ്പെട്ടവർക്കു മാത്രം പ്രയോജനം ലഭിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുകയും, അവരെ സമൂഹത്തിൻെറ അവിഭാജ്യഘടകമാക്കി മാറ്റുകയും ചെയ്തെങ്കിൽ മാത്രമേ ഇന്നു കാണുന്ന പല അസമത്വങ്ങളും അവസാനിക്കുകയുള്ളു.

മനുഷ്യൻെറ പ്രാഥമികാവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, വസ്ത്രം, വിദ്യാഭ്യാസം, വൈദ്യ സഹായം എന്നിവ എല്ലാവർക്കും ലഭ്യമാകുന്ന സ്ഥിതി സൃഷ്ടിക്കലാണ് വികസന സങ്കല്പത്തിൻെറ വിശാല ലക്ഷ്യം. തൊഴിലില്ലായ്മയും, ദാരിദ്ര്യവും ആസൂത്രണത്തിൻെറ പ്രധാന വെല്ലുവിളികളാണിന്നും.

ദാരിദ്ര്യരേഖക്ക് താഴെയുള്ള ജനലക്ഷങ്ങളെ ഉയർത്തിക്കൊണ്ടു വരാനുള്ള പദ്ധതികളാണ് IRDP, DWCRA തുടങ്ങിയ പ്രത്യേക പരിപാടികളിലൂടെ നടപ്പാക്കി കൊണ്ടിരിക്കുന്നത്. JRY, IAY, MWS തുടങ്ങിയ പദ്ധതികളും ഇതേ ലക്ഷ്യത്തോടു കൂടി നടപ്പാക്കേണ്ടവയാണ്. ഈ പദ്ധതികളുടെ മൊത്തത്തിലുള്ള സ്വഭാവം തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ സഹായിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നുള്ളതാണ്.

പട്ടികജാതിയിൽ ഒരു ചെറിയ ശതമാനം ഒഴിച്ച് ബാക്കിയുള്ളവരെല്ലാം ദാരിദ്ര്യരേഖക്ക് താഴെയാണ്. അവരിൽ നല്ലൊരു വിഭാഗം ചെറിയ കുടികിടപ്പുകൾ മാത്രം സ്വന്തമായുള്ളവരാണ്. അതും പലതായി വീതിച്ച് ഞെങ്ങി ഞെരുങ്ങി ജീവിക്കുന്നവരും കുറവല്ല. പട്ടിക വർഗ്ഗക്കാരുടെ സ്ഥിതിയും വ്യത്യസ്ഥമല്ല. പരമ്പരാഗത കൈ തൊഴിലിൽ ഏർപ്പെട്ടവർ, കർഷക തൊഴിലാളികൾ, കൂലിപ്പണിക്കാർ തുടങ്ങി ഈ വിഭാഗത്തിൽ പെടുന്ന ഒട്ടേറെ പേർ വേറെയുമുണ്ട്.

ഈ ജനസഞ്ചയത്തെ പരാശ്രയത്തിൽ നിന്നും പട്ടിണിയിൽ നിന്നും രക്ഷിക്കാനുള്ള മാർഗ്ഗങ്ങൾ ജനകീയാസൂത്രണത്തിൻെറ ഭാഗമായി കണ്ടെത്തേണ്ടതുണ്ട്.

ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളുടെ സാമാന്യ സമീപനം താഴെ പറയുന്ന രീതിയിലായിരിക്കണം.

1. വരുമാനം ഉറപ്പു നൽകുന്ന സ്വയം തൊഴിൽ.
2. ഒരുമിച്ചു നടത്താവുന്ന തൊഴിലുകൾ.
3. വിദഗ്ധ പരിശീലനം ലഭിക്കൽ.
4. നിർമ്മാണ പ്രവർത്തനങ്ങളിലൂടെ ലഭിക്കുന്ന തൊഴിലവസരങ്ങൾ.
5. പാവപ്പെട്ടവരുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാനുതകുന്ന ക്ഷേമപദ്ധതികൾ.
6. സൗജന്യ സഹായ പദ്ധതികൾ.

വരുമാനം ഉറപ്പുള്ളതും, സാങ്കേതിക വൈദഗ്ധ്യം ആവശ്യമില്ലാത്തതുമായ തൊഴിലുകൾ ഒറ്റക്കും, കൂട്ടായും ചെയ്യാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് അവരെ മുഖ്യധാരയിലേക്ക് കൈ പിടിച്ചുയർത്താൻ നടത്തുന്ന പരിശ്രമത്തിലൂടെ മാത്രമേ ദാരിദ്ര്യ നിർമ്മാർജ്ജനമെന്ന ലക്ഷ്യം നേടാനാവുകയുള്ളു.

നമ്മുടെ പഞ്ചായത്തിൽ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കിയതിന്റെ വിശദ വിവരങ്ങൾ ഈ റിപ്പോർട്ടിന്റെ മറ്റു ഭാഗങ്ങളിൽ കൊടുത്തിട്ടുണ്ട്.

ദാരിദ്ര്യരേഖക്കു താഴെ കഴിയുന്ന പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ട എല്ലാവർക്കും അമ്പതു വയസ്സു കഴിഞ്ഞാൽ ഒരു നിശ്ചിത സംഖ്യ പ്രതിമാസ പെൻഷനായി കൊടുക്കേണ്ടതാണ്. ഈ ആനുകൂല്യം വരുമാന അടിസ്ഥാനത്തിൽ മറ്റു സമുദായക്കാർക്കും അനുവദിക്കാവുന്നതാണ്.

ഏതെങ്കിലും പ്രത്യേകാവശ്യത്തിനു വേണ്ടി അനുവദിക്കുന്ന വായ്പകൾ വഴി മാറി പോവാതിരിക്കാനുള്ള തുടർ പ്രവർത്തനങ്ങൾ ബന്ധപ്പെട്ടവർ നടത്തിയേ തീരൂ. അല്ലെങ്കിൽ കാര്യം മുടങ്ങുകയും, കടം ബാക്കിയാവുകയും ചെയ്യും.

ലഭിക്കുന്ന വായ്പകൾ വരുമാനം ഉറപ്പുള്ള കാര്യങ്ങൾക്കു മാത്രം ചിലവാക്കുന്ന ശീലം വാങ്ങുന്നവർക്കും ഉണ്ടായിരിക്കണം.

കടം വാങ്ങി മുടിയാനല്ല, നേടാനാണ് എല്ലാവരും ശ്രമിക്കേണ്ടത്.

ഒമ്പതാം പദ്ധതിയിൽ അടിത്തട്ടിലുള്ളവരുടെ ഉന്നമനത്തിനു വേണ്ടി കൂടുതൽ തുക വകയിരുത്തേണ്ടത് ഒരു ബാദ്ധ്യതയായി ബന്ധപ്പെട്ടവർ അംഗീകരിക്കേണ്ടതാണ്.

# സഹകരണം

1920 കളിൽ ഐക്യനാണയ സംഘങ്ങളും, കൈത്തറി നെയ്ത്തു സംഘങ്ങളുമാണ് മലബാർ പ്രദേശത്ത് സഹകരണ സന്ദേശം എത്തിച്ച ആദ്യ സംരംഭങ്ങൾ.

നമ്മുടെ അയൽ പ്രദേശങ്ങളെ മുഴുവൻ ഉൾക്കൊണ്ടു കൊണ്ട് പ്രവർത്തനം നടത്തിയിരുന്ന ഒരു ഐക്യനാണയ സംഘം നില നിന്നിരുന്നു. പേരു പോലെത്തന്നെ നാണയത്തിൻെറ ഇടപാടുകൾ മാത്രമാണ് അത്തരം സംഘങ്ങൾക്ക് ഉണ്ടായിരുന്നത്. നാട്ടിലെ ഭേദപ്പെട്ട ചിലരുടെ നേതൃത്വവും, സാധാരണക്കാരുടെ അംഗത്വവും ക്ലിപ്തപ്പെടുത്താത്ത ബാദ്ധ്യതകളും വെച്ചുകൊണ്ട് പ്രവർത്തിച്ചിരുന്ന ഈ സംഘങ്ങൾ പലർക്കും ഗുണത്തേക്കാളേറെ ദോഷം വരുത്തിവെച്ചിരുന്നു.

അറിയാതെ ചെന്നു ചാടിയ കടക്കെണിയിൽ നിന്ന് കരകയറുവാൻ കഴിയാതെ ഉള്ളതു മുഴുവൻ നഷ്ടപ്പെട്ട സംഭവങ്ങൾ അന്നു സർവ്വ സാധാരണമായിരുന്നു.

അംഗങ്ങളോടൊപ്പം സംഘങ്ങളും നാശത്തിൻെറ മാർഗ്ഗത്തിലേക്ക് നീങ്ങുകയും, ചില കൂട്ടിച്ചേർക്കലുകളിലൂടെ പുതുജീവൻ നൽകുവാനുള്ള ശ്രമം ആരംഭിക്കുകയും ഉണ്ടായി.

രണ്ടാം ലോകമഹായുദ്ധത്തിൻെറ അനിവാര്യഫലങ്ങളായ ഭക്ഷ്യക്ഷാമത്തേയും, പട്ടിണിയേയും ഒരു പരിധി വരെയെങ്കിലും തടയുവാനുള്ള മാർഗ്ഗമെന്ന നിലയിൽ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കാനും, വിതരണം ചെയ്യാനും, സർക്കാർ ചില പരിപാടികൾ ആവിഷ്കരിച്ചു.

ആദ്യഘട്ടത്തിൽ സ്വകാര്യവ്യക്തികൾ ഈ ചുമതല ഏറ്റെടുത്തെങ്കിലും പ്രതീക്ഷിച്ച ഫലം സിദ്ധിക്കാതെ വന്നപ്പോൾ സഹകരണ മേഖലയെ പരീക്ഷണം എന്ന നിലയിൽ ഈ ബാദ്ധ്യത ഏൽപ്പിക്കുവാൻ ഭരണകൂടം മുന്നോട്ടു വന്നു. അങ്ങിനെ പല ഐക്യനാണയ സംഘങ്ങളും പി.സി.സി. സൊസൈറ്റികളായി ഉയിർത്തെഴുന്നേറ്റു. കൃഷിക്കാരിൽ നിന്ന് അധികൃതർ നിശ്ചയിച്ചിരുന്ന അധിക ധാന്യം ''ലെവി'' എന്ന പേരിൽ സംഭരിക്കലായിരുന്നു ഈ സംഘങ്ങളുടെ ജോലി. സമൂഹത്തിന് മൊത്തത്തിൽ കുറെ ആസ്തികൾ ഈ സംരംഭം മൂലം ഉണ്ടാക്കാൻ കഴിഞ്ഞു.

സഹകരണ മേഖലയിൽ തന്നെ കടം കൊടുക്കലിനു മാത്രമായി പുതിയ ക്രെഡിറ്റ് സൊസൈറ്റികൾ സ്ഥാപിതമായതും അനുഭവ പാഠങ്ങളുടെ പ്രേരണ കൊണ്ടായിരുന്നു.

സഹകരണ മേഖലയുടെ സവിശേഷതയും, കാര്യക്ഷമതയും അറിഞ്ഞുകൊണ്ടാവാം കൃഷി പരീക്ഷണ കേന്ദ്രത്തിൽ അവർക്കു മാത്രമായി 1929 ൽ ഒരു വായ്പാ സംഘം സ്ഥാപിക്കുകയുണ്ടായി.

പട്ടാമ്പി ഗ്രാമപഞ്ചായത്തിൽ മൊത്തം പത്തു സഹകരണ സ്ഥാപനങ്ങളുണ്ട്. ഈ സ്ഥാപനങ്ങളുടെ ഗുണഭോക്താക്കൾ പട്ടാമ്പി, മുതുതല, കൊപ്പം, ഓങ്ങല്ലൂർ തുടങ്ങിയ പഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്നു.

ഈ പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളുടെ തരം തിരിച്ച പട്ടിക താഴെ കൊടുക്കുന്നു.

**പട്ടിക 1**

**സഹകരണസംഘങ്ങൾ**

| നമ്പർ | പേര് |
|---|---|
| 1. | പട്ടാമ്പി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്. |
| 2. | പട്ടാമ്പി ബ്ലോക്ക് ഭവന നിർമ്മാണ സഹകരണ സംഘം. |
| 3. | ഗവ: എംപ്ലോയീസ് സൊസൈറ്റി. |
| 4. | ആർ.എ.ആർ.എസ്.ഇ. കോ-ഓപ്പറേറ്റീവ് സൊസൈറ്റി. |
| 5. | ഗവ: ഹൈസ്കൂൾ പട്ടാമ്പി സൊസൈറ്റി. |
| 6. | പാലക്കാട് ജില്ലാ സഹകരണ ബാങ്ക് (ശാഖ) |
| 7. | പട്ടാമ്പി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (സായാഹ്ന ശാഖ) |
| 8. | ജി.യു.പി.എസ്. സൊസൈറ്റി. |
| 9. | ഒറ്റപ്പാലം കാർഷിക വികസന ബാങ്ക്. (ശാഖ) |
| 10. | എസ്.എൻ.ജി.എസ്. കോ-ഓപ്പറേറ്റീവ് സൊസൈറ്റി. |
| 11. | പട്ടാമ്പി പഞ്ചായത്ത് ലേബർ കോൺട്രാക്റ്റ് സൊസൈറ്റി. |
| 12. | സഹകരണ മാവേലി സ്റ്റോർ. |

**വിശകലനം** : ഈ മേഖലയിലെ പ്രവർത്തനങ്ങളിൽ പ്രമുഖ സ്ഥാനം വഹിക്കുന്നത് പട്ടാമ്പി സർവ്വീസ് സഹകരണ ബാങ്കാണ്. ടൗണിൽ പ്രവർത്തിക്കുന്ന ബാങ്കിൻെറ സായാഹ്നശാഖ സാധാരണക്കാർക്ക് വളരെയധികം പ്രയോജനം ചെയ്യുന്നുണ്ട്. കർഷകർക്ക് ഹ്രസ്വകാല വായ്പയും, സ്വർണ്ണപ്പണ്ടത്തിൻമേൽ നൽകുന്ന അഡ്വാൻസും, വളം, കീടനാശിനി എന്നിവയുടെ വിതരണവും, ഓണച്ചന്തകളും ഈ ബാങ്കിൻെറ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിൽ പെട്ടവയാണ്. പ്രവർത്തന മേഖല മറ്റു പഞ്ചായത്തുകളിലേക്കു കൂടി വ്യാപിപ്പിക്കേണ്ടി വരുന്നതിനാൽ ഈ പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾ ഫലപ്രദമായി നിർവ്വഹിക്കുവാൻ കഴിയാതെ വരുന്ന അവസ്ഥ ചിലപ്പോഴെങ്കിലും അനുഭവപ്പെടാറുണ്ട്.

പട്ടാമ്പി ബ്ലോക്കിൽ മുഴുവൻ പ്രവർത്തനം നടത്തേണ്ട ഭവന നിർമ്മാണ സഹകരണ സംഘം വേണ്ടത്ര അപേക്ഷകരില്ലാത്തതിനാൽ മന്ദഗതിയിലാണ് മുന്നോട്ടു നീങ്ങുന്നത്. സംഘത്തിന്ന് സാമ്പത്തിക സഹായം നൽകുന്ന ധനകാര്യ സ്ഥാപനങ്ങളുടെ നിബന്ധനകൾ അതേപടി നിറവേറ്റാൻ ആവശ്യക്കാർക്ക് സാധിക്കാതെ വരുന്നതു കൊണ്ടാണ് അപേക്ഷകർ കുറയുന്നത്. കൃത്യ വരുമാനം ഇല്ലാത്തവർക്ക് ബന്ധപ്പെട്ടവരിൽ നിന്ന് വരുമാന സർട്ടിഫിക്കറ്റ് ലഭിക്കുവാൻ പലപ്പോഴും പ്രയാസം അനുഭവപ്പെടാറുണ്ട്. നിർമ്മിക്കാനുദ്ദേശിക്കുന്ന വീടും, സ്ഥലവും മാത്രം ജാമ്യമായി സ്വീകരിച്ച് വായ്പ അനുവദിക്കുവാനുള്ള സംവിധാനം ഉണ്ടായാൽ ഈ സംഘം ധാരാളം പേർക്ക് സഹായം ചെയ്യുന്ന സ്ഥാപനമായി മാറും.

സർക്കാർ ഉദ്യോഗസ്ഥന്മാരുടെ വായ്പ നൽകലും, ചിട്ടി നടത്തലും, ഓണക്കാലത്ത് ചന്തകൾ സംഘടിപ്പിക്കലുമായി ഈ രംഗത്തു പ്രവർത്തിക്കുന്ന സ്ഥാപനമാണ് പട്ടാമ്പി ഗവ: എംപ്ലോയീസ്

സൊസൈറ്റി. സർക്കാരിൽ നിന്നും ശമ്പളം പറ്റുന്ന സ്വകാര്യ സ്കൂൾ അദ്ധ്യാപകരേക്കൂടി ഈ സംഘത്തിൽ അംഗത്വം നൽകാനാവശ്യമായ ഭേദഗതി നിയമാവലിയിൽ ഉൾക്കൊള്ളിച്ചാൽ കൂടുതൽ പേരെ സഹായിക്കാൻ സാധിക്കും.

പട്ടാമ്പി നെല്ലു ഗവേഷണ കേന്ദ്രത്തിലെ ജീവനക്കാർക്കു വായ്പകൾ നൽകുവാനും, നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുവാനുമായി ഒരു സഹകരണ സംഘം പ്രവർത്തിച്ചു വരുന്നുണ്ട്. ഈ പഞ്ചായത്തിലും അടുത്ത പ്രദേശങ്ങളിലും നിവസിക്കുന്ന ജീവനക്കാർക്ക് സംഘത്തിന്റെ സഹായം ലഭ്യമാകുന്നുണ്ട്.

പാലക്കാട് ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയാണ് ഈ മേഖലയിലെ മറ്റൊരു പ്രധാന സ്ഥാപനം. ഭവന നിർമ്മാണത്തിനും, വിവാഹത്തിനും, ഗൃഹോപകരണങ്ങൾ, വാഹനങ്ങൾ വാങ്ങുന്നതിനും ബാങ്ക് വായ്പ അനുവദിക്കുന്നുണ്ട്. സർക്കാർ ജീവനക്കാരുടെ ജാമ്യവ്യവസ്ഥയിൽ വ്യക്തികൾക്ക് നിശ്ചിത സംഖ്യ അനുവദിക്കുന്ന പദ്ധതിയും ബാങ്കിനുണ്ട്. നടപടി ക്രമങ്ങൾ അൽപ്പം കൂടി ലഘൂകരിച്ച് കൂടുതൽ പേരെ ആകർഷിക്കുവാൻ പറ്റിയ പദ്ധതികൾ നടപ്പാക്കുന്ന കാര്യം ബന്ധപ്പെട്ടവർ ആലോചിക്കേണ്ടതാണ്.

ഒറ്റപ്പാലം കാർഷിക വികസന ബാങ്കിന്റെ ശാഖയും ഈ രംഗത്ത് സ്തുത്യർഹമായ സേവനമാണ് കാഴ്ച വെക്കുന്നത്. ഈ സ്ഥാപനത്തിന്റെ സങ്കീർണ്ണമായ നടപടി ക്രമങ്ങൾ കുറേക്കൂടി ലഘൂകരിക്കേണ്ടതാണ്.

പട്ടാമ്പിയിലെ 25-ഓളം തൊഴിലാളികളും മറ്റും ചേർന്ന് രൂപീകരിച്ച് പ്രവർത്തനം നടത്തുന്ന ഒരു സ്ഥാപനമാണ് പട്ടാമ്പി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി. പഞ്ചായത്ത് ബസ് സ്റ്റാൻറ് നിർമ്മാണ പ്രവർത്തനം ഏറ്റെടുക്കുകയും, ചുരുങ്ങിയ കാലം കൊണ്ട് പൂർത്തീകരിക്കുകയും ചെയ്യാൻ ഈ സംഘത്തിന് കഴിഞ്ഞിട്ടുണ്ട്.

ഗവർമ്മെണ്ട് സംസ്കൃത കോളേജിലും, ഹൈസ്കൂളിലും നല്ല നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്റ്റോറുകൾ ഉണ്ട്. സമീപസ്ഥ വിദ്യാലയങ്ങൾക്ക് പാഠ പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനു വേണ്ടി സ്ഥാപിച്ച ഒരു സൊസൈറ്റി പട്ടാമ്പി ഗവ: യു.പി. സ്കൂളിലും പ്രവർത്തിച്ചു വരുന്നുണ്ട്.

പട്ടിക 2, സംഘങ്ങളുടെ തരം തിരിവ്

| നമ്പർ | ക്രെഡിറ്റ്, സേവന സംഘങ്ങൾ | നമ്പർ | നോൺ ക്രെഡിറ്റ് സംഘങ്ങൾ |
|---|---|---|---|
| 1. | പട്ടാമ്പി ബ്ലോക്ക് ഭവന നിർമ്മാണ സഹകരണ സംഘം | 1. | പട്ടാമ്പി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി |
| 2. | പട്ടാമ്പി ഗവ: എംപ്ലോയീസ് സൊസൈറ്റി | 2. | സംസ്കൃത കോളേജ് സഹ. സ്റ്റോർ |
| 3. | പട്ടാമ്പി അഗ്രി. റിസർച്ച് സ്റ്റേഷൻ എംപ്ലോയീസ് കോ.ഓപ് സൊസൈറ്റി | 3. | പട്ടാമ്പി ഹൈസ്കൂൾ വിദ്യാർത്ഥി സഹകരണ സ്റ്റോർ |
| 4. | പട്ടാമ്പി സർവ്വീസ് കൊ.ഓപ് ബാങ്ക് | 4. | ഗവ: യു.പി. സ്കൂൾ സൊസൈറ്റി |
| 5. | പാലക്കാട് ജില്ലാ സഹ. ബാങ്ക് (ശാഖ) | 5. | സഹകരണ മാവേലി സ്റ്റോർ |
| 6. | ഒറ്റപ്പാലം കാർഷിക വികസന ശാഖ | | |

## പട്ടിക 3
## സഹകരണ സംഘങ്ങളുടെ റിപ്പോർട്ട്

| നമ്പർ | സ്ഥാപനത്തിൻെറ പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേൺഓവർ | ലാഭം/ |
|---|---|---|---|---|---|---|---|
| 1. | പട്ടാമ്പി സർവ്വീസ് കോ-ഓപ്. ബാങ്ക് | 1956 | 9766 | 20 | 1224296 | 1 കോടി | ലാഭം |
| 2. | പട്ടാമ്പി ബ്ലോക്ക് ഭവന നിർമ്മാണ സംഘം | 1980 | 237 | 1 | 500,000 | | നഷ്ടം |
| 3. | ഗവ: എംപ്ലോയീസ് സൊസൈറ്റി | 1973 | 1000 | 3 | 583952 | 320000 | ലാഭം |
| 4. | പട്ടാമ്പി അഗ്രി. റിസർച്ച് സ്റ്റേഷൻ എംപ്ലോയീസ് സൊസൈറ്റി | 1929 | 180 | 1 | 92420 | 750,000 | ലാഭം |
| 5. | ലേബർ കോൺട്രാക്റ്റ് സൊസൈറ്റി | 1994 | 25 | ... | ... | ... | ലാഭം |
| 6. | ഗവ: ഹൈസ്കൂൾ വിദ്യാർത്ഥി സഹ. സംഘം | 1956 | ... | ... | ... | ... | ... |
| 7. | ഗവ: യു.പി. സ്കൂൾ വിദ്യാർത്ഥി സഹ. സംഘം | 1976 | ... | ... | ... | ... | ... |
| 8. | ഗവ: സംസ്കൃത കോളേജ് സ്റ്റുഡൻറ്സ് സൊസൈറ്റി | 1957 | ... | ... | ... | ... | ... |
| 9. | സർവ്വീസ് സഹ. ബാങ്ക് സായാഹ്ന ശാഖ | 1988 | ... | ... | ... | ... | ... |
| 10. | പാലക്കാട് ജില്ലാ സഹ. ബാങ്ക്. ശാഖ. | 1971 | ... | ... | ... | ... | ... |
| 11. | ഒറ്റപ്പാലം കാർഷിക വികസന ബാങ്ക് ശാഖ | 1988 | ... | ... | ... | ... | ... |

## സഹകരണമേഖല പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിതിർത്തിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് വിപുലമായ പ്രവർത്തന പരിധിയായതിനാൽ ഈ പഞ്ചായത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുന്നില്ല.
2. കൈതൊഴിൽകാർക്ക് സംഘടിത രൂപത്തിൽ പ്രവർത്തിക്കാൻ സഹായകമായ രൂപത്തിലുള്ള സഹകരണ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല.
3. ക്ഷീരോൽപാദന രംഗത്ത് വളരെ സാദ്ധ്യതകളുള്ള ഈ പ്രദേശത്തെ ആകെ അവഗണിച്ചിരിക്കുകയാണ്.
4. കൃഷിക്കാരുടെ ആവശ്യങ്ങൾ തക്ക സമയത്ത് കണ്ടറിയാനും, അവയെ ഫലപ്രദമായി നേരിടാനും ആവശ്യക്കാർക്കെല്ലാം വായ്പ നൽകാനും നിലവിലുള്ള സംഘങ്ങൾക്ക് കഴിയുന്നില്ല.
5. വനിതാ സഹകരണ സംഘങ്ങൾക്ക് തീരെ വേരോട്ടം ലഭിച്ചിട്ടില്ല.
6. കൈത്തറി മേഖലയെ സഹകരണ രംഗം തീരെ അവഗണിച്ചിരിക്കയാണ്
7. ഭക്ഷ്യവസ്തുക്കൾ സംഭരിക്കാനും, കേടുകൂടാതെ സൂക്ഷിക്കാനും, വിപണനം നടത്താനും ഈ പഞ്ചായത്തിൽ സ്ഥാപനങ്ങളില്ല.
8. കൈത്തറി നെയ്ത്തു തൊഴിലാളികളെ സംഘടിപ്പിക്കാനും, സഹകരണ രംഗത്തേക്കാകർഷിക്കാനും, ഫലപ്രദമായ പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല.
9. ഉദ്യോഗസ്ഥന്മാർക്ക് മാത്രമായി സഹകരണ സംഘം ഉണ്ടെങ്കിലും, മുഴുവൻ ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തിയിട്ടില്ല.
10. വ്യാവസായിക മേഖലയിൽ സഹകരണ സംഘങ്ങളുടെ പങ്കാളിത്തം കുറവാണ്. സ്കൂൾ സഹകരണ സ്റ്റോറുകളിൽ നിന്ന് വിദ്യാർത്ഥികൾക്കാവശ്യമായ എല്ലാ സാധനങ്ങളും ലഭിക്കുന്നില്ല.

## സഹകരണമേഖല സാദ്ധ്യതകൾ

1. ക്ഷീരോൽപാദന-വിപണന രംഗത്ത് രണ്ടു വാർഡുകൾക്ക് ഒന്ന് എന്ന തോതിൽ 5 ക്ഷീരോൽപാദന സഹകരണ സംഘങ്ങൾ ആരംഭിച്ച് മിൽമയുമായി അഫിലിയേറ്റ് ചെയ്യുക.
2. പച്ചക്കറി - ഭക്ഷ്യസംസ്കരണ സംഭരണ - വിപണനത്തിനായി പഞ്ചായത്തിൽ ഒരു കേന്ദ്ര സംഘവും, അതിന്റെ കീഴിൽ 10 വാർഡിലും സംഭരണ-വിപണന യൂനിറ്റുകളും തുടങ്ങുക.
3. ബാഗ്, ചെരുപ്പ്, പെട്ടി എന്നിവ നിർമ്മിക്കുന്നതിന് ഒരു തുകൽ സഹകരണ സംഘം രൂപീകരിക്കുക.
4. പ്ലാസ്റ്റിക്, റബ്ബർ അധിഷ്ഠിത കളിക്കോപ്പുകളും കൗതുകവസ്തുക്കളും നിർമ്മിക്കുന്ന ഒരു സഹകരണ സംഘം രൂപീകരിക്കുക.
5. റെഡിമെയ്ഡ്, കൈത്തറി വസ്ത്ര നിർമ്മാണം, വിതരണം നടത്തുന്നതിന് ഒരു കേന്ദ്ര സംഘവും, അതിനു കീഴിൽ എല്ലാ വാർഡിലും നിർമ്മാണ യൂനിറ്റും രൂപീകരിക്കുക.
6. ചന്ദനത്തിരി, സോപ്പ്, മെഴുകുതിരി എന്നിവ നിർമ്മിച്ച് വിതരണം ചെയ്യാൻ സഹകരണ സംഘം രൂപീകരിക്കുകയും വാർഡുകളിൽ നിർമ്മാണ യൂണിറ്റുകൾ ഉണ്ടാക്കുകയും ചെയ്യേണ്ടതാണ്.
7. സഹകരണ സ്പിന്നിംഗ് മിൽ സ്ഥാപിക്കുക.
8. സ്റ്റീൽ, ഇരുമ്പ് സംസ്കരണ-നിത്യോപയോഗ സാധനങ്ങൾ നിർമ്മാണ ഫാക്ടറികൾ സഹകരണ മേഖലയിൽ സ്ഥാപിക്കുക.
9. നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് സഹകരണസംഘം രൂപീകരിക്കുക.
10. കോഴി വളർത്തൽ, പന്നി വളർത്തൽ, കുറ്റിമുല്ല കൃഷി എന്നിവക്ക് സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
11. പട്ടികജാതി-വർഗ്ഗ സഹകരണ സംഘങ്ങൾ രൂപീകരിക്കുക. (മോട്ടോർ വർക്ക് ഷോപ്പ്)

12. പാചകവാതക ഗ്യാസ് വിതരണത്തിനായി ഒരു സഹകരണസംഘം രൂപീകരിക്കുക. ഹിന്ദുസ്ഥാൻ പെട്രോളിയം, ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ, ഭാരത് പെട്രോളിയം എന്നിവയുടെ ഏജൻസി നൽകുകയും ചെയ്യുക.
13. ആശാരിപ്പണി ചെയ്യുന്നവരുടെ സഹകരണസംഘം രൂപീകരിക്കുക.
14. കരിങ്കൽത്തൊഴിലാളികളുടെ സഹകരണ സംഘം രൂപീകരിക്കുക.
15. എല്ലാ വാർഡിലും നിർമ്മാണ തൊഴിലാളികളുടെ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും, സർക്കാർ തലത്തിലുള്ള ജോലികൾ ഈ സംഘങ്ങളെ ഏൽപ്പിക്കുകയും ചെയ്യുക.
16. () വനിതാ സഹകരണസംഘം രൂപീകരിക്കുക.
17. സഹകരണ മേഖലയിൽ ഒരു കാലിതീറ്റ ഉൽപാദന സംഘം രൂപീകരിക്കുക.
18. സഹകരണ മേഖലയിൽ ഒരു ഓഫ്സെറ്റ് പ്രിൻറിംഗ് പ്രസ്സ് സ്ഥാപിക്കുക.
19. സഹകരണ മേഖലയിൽ ഒരു ഓയിൽ മിൽ സ്ഥാപിക്കുക.
20. ബാംബൂ പ്ലൈ നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക.
21. ചൂരൽ, കൊട്ട, പരമ്പ് നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക.
22. വനിതാ കോ-ഓപ്പറേറ്റീവ് സ്റ്റോർ തുടങ്ങുക.
23. പട്ടാമ്പി ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയുടെ സേവനം സ്വകാര്യവ്യക്തികൾക്കും ലഭിക്കുവാൻ സൗകര്യം ഉണ്ടാവേണ്ടതാണ്. പഞ്ചായത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾ ഈ സംഘത്തെ ഏൽപ്പിച്ച് ഫലപ്രദമായി ചെയ്തു തീർക്കുവാൻ പരിശ്രമിക്കേണ്ടതാണ്.
24. സ്കൂൾ, കോളേജ് സഹ. സ്റ്റോറുകളിൽ നിന്നും വിദ്യാർത്ഥികൾക്കാവശ്യമായ പഠനോപകരണങ്ങൾക്കു പുറമെ എല്ലാ സ്റ്റേഷനറി സാധനങ്ങളും വിതരണം ചെയ്യുവാൻ കഴിയേണ്ടതാണ്.

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സംഘങ്ങളും ഈ പഞ്ചായത്തിനെ സംബന്ധിച്ചേടത്തോളം നല്ല പ്രവർത്തനമാണ് കാഴ്ച വെച്ചിട്ടുള്ളത്. എന്നാൽ ഇനിയും ഒട്ടേറെ കാര്യങ്ങൾ ഈ മേഖലയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ആത്മാർത്ഥതയും, സത്യസന്ധതയും, അർപ്പണ ബോധവും, സേവന സന്നദ്ധതയുമുള്ള ഒരു തലമുറ ഈ രംഗം നിയന്ത്രിക്കുവാൻ യുവജനങ്ങളെ ഈ രംഗത്തേക്ക് ആകർഷിക്കാൻ ശ്രമിക്കേണ്ടതാണ്.

ഈ മേഖലയെ സമർത്ഥമായും, ഫലപ്രദമായും ഉപയോഗിക്കുവാൻ സാധിച്ചാൽ നമ്മുടെ നാട്ടിലെ പട്ടിണിയും ദാരിദ്ര്യവും തൊഴിലില്ലായ്മയും കുറച്ചെങ്കിലും പരിഹരിക്കുവാൻ സാധിക്കുന്നതാണ്.

സഹകരണരംഗത്തിൻെറ അനന്യ സാദ്ധ്യതകളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കാൻ കഴിയുമാറ് വാർഡ് തലത്തിൽ ചർച്ചാ ക്ലാസ്സുകളും, സെമിനാറുകളും സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ മുൻ കൈ എടുക്കേണ്ടതുണ്ട്. വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ സേവനവും ഇതിലേക്ക് ലഭ്യമാക്കേണ്ടതാണ്. സന്നദ്ധതയും, സന്മനസ്സുമുള്ളവർക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി കൊടുത്താൽ ഈ രംഗത്ത് ഒട്ടേറെ നൂതന സംരംഭങ്ങൾ രൂപപ്പെട്ടു വരാനുള്ള സാദ്ധ്യതകൾ നിലവിലുണ്ട്.

# പട്ടികജാതി - പട്ടിക വർഗ്ഗ ക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 20.2 ശതമാനം പട്ടികജാതി വിഭാഗങ്ങളുണ്ട്. 1991-ലെ സെൻസസ് കണക്ക് അടിസ്ഥാനമാക്കി 2.5 ശതമാനം വാർഷിക വർദ്ധന എന്ന അനുപാതത്തിൽ കണക്കാക്കി 96-ലെ പട്ടാമ്പി പഞ്ചായത്തിലെ മൊത്തം പട്ടികജാതിക്കാരുടെ എണ്ണം 3,337 ആണ്. ഇവരിൽ 1611 പുരുഷന്മാരും, 1726 സ്ത്രീകളും ഉൾപ്പെടും. ഇവർക്ക് പുറമേ 3 അംഗങ്ങളുള്ള ഒരു പട്ടികവർഗ്ഗ കുടുംബവും അടക്കം മൊത്തം 673 പട്ടികജാതി കുടുംബങ്ങളും, ഒരു പട്ടികവർഗ്ഗ കുടുംബവും ഇവിടെ താമസിച്ചു വരുന്നു. മൂന്ന് അംഗീകൃത കോളനികളിലായി 104 കുടുംബങ്ങളും, അംഗീകരിക്കപ്പെടേണ്ടതായ 20 കോളനികളിലായി 444 കുടുംബങ്ങളും ഇവർക്ക് പുറമെ 125 കുടുംബങ്ങൾ മറ്റു ജനവിഭാഗങ്ങളുമായി ഇടകലർന്നാണ് ജീവിക്കുന്നത്.

വിവിധ വിദ്യാഭ്യാസ സാമൂഹ്യ മേഖലകളിൽ പഞ്ചായത്തിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അതിനനുസൃതമായി ഈ വിഭാഗങ്ങൾക്ക് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക രംഗത്ത് പഞ്ചായത്തിലെ മറ്റ് ജനവിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കാര്യമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ വിദ്യാഭ്യാസം, തൊഴിൽ, സാമൂഹ്യമേഖലകളിൽ ഈ വിഭാഗത്തിന് ചില ഒറ്റപ്പെട്ട നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ചരിത്രപരമായി സാമൂഹിക സാമ്പത്തിക സാംസ്കാരിക രംഗത്ത് ദീർഘകാലമായി ചൂഷണത്തിന് വിധേയമായിരുന്ന ഈ ജനവിഭാഗത്തിന് ഭൂപരിഷ്കരണ നടപടികളുടെ ഭാഗമായി ലഭിച്ച കുടികിടപ്പ് അവകാശവും, മിച്ചഭൂമി ലഭ്യതയും ഒരളവു വരെ സാമൂഹിക പുരോഗതി കൈവരിക്കുവാൻ സഹായകമായിട്ടുണ്ട്. കഴിഞ്ഞ കാലഘട്ടങ്ങളിൽ ഈ വിഭാഗം ജനങ്ങൾ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും ഏറെക്കുറെ മോചനം നേടാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട് എങ്കിലും ഇപ്പോഴും ഒറ്റപ്പെട്ട വിവേചനങ്ങൾ അനുഭവപ്പെടാറുണ്ട്.

ജാതിമത വ്യത്യാസങ്ങൾക്ക് അതീതമായി എല്ലാത്തരം ചട്ടങ്ങളിലും പട്ടികജാതി വിഭാഗക്കാരെ പങ്കെടുപ്പിക്കുകയും, എല്ലാ പൊതു പരിപാടികളിലും മാന്യമായ പരിഗണന ലഭിക്കുകയും ചെയ്തു വരുന്നുണ്ട്.

പട്ടികജാതി വിഭാഗത്തിൻെറ ഉന്നമനത്തിനു വേണ്ടി കാലാകാലങ്ങളായി സർക്കാർ ഒട്ടനവധി പരിപാടികൾ നടപ്പാക്കി വരുന്നുണ്ടെങ്കിലും, അവയെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തതു കൊണ്ടും, പദ്ധതികളുടെ വളരെ കർശനമായ നിബന്ധനകൾ കൊണ്ടും മിക്ക പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. ഈ വിഭാഗക്കാരുടെ പശ്ചാത്തല സൗകര്യങ്ങളും, അടിസ്ഥാന ആവശ്യങ്ങളും കണക്കിലെടുക്കാതെ മുകളിൽ നിന്നും നിർദ്ദേശിക്കപ്പെടുന്ന പദ്ധതികളുടെ നടത്തിപ്പിൽ പങ്കാളികളാകുന്ന വകുപ്പുകളുടേയും, ഇടത്തട്ടുകാരുടേയും സംഘടിതമായ ചൂഷണം സർക്കാർ പദ്ധതികളുടെ പ്രയോജനം ഫലത്തിൽ ഇവർക്ക് പൂർണ്ണമായും ലഭിക്കാറില്ല. എന്നാൽ കഴിഞ്ഞ കാലങ്ങളിൽ സർക്കാർ നൽകിയിട്ടുള്ള നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായ നേട്ടം കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. കൂടുതൽ നേട്ടം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുള്ളത് അംഗീകൃത കോളനികൾക്കാണ്. എന്നാൽ അവയുടെ തന്നെ ഒട്ടനവധി പ്രശ്നൾ ഇനിയും പരിഹരിക്കപ്പെടാതെ ബാക്കി നിൽക്കുന്നു. കോളനികളായി അംഗീകരിക്കപ്പെട്ടാൽ മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ലഭ്യമാകും.

എന്ന സാമാന്യ ധാരണയുടെ അടിസ്ഥാനത്തിൽ പത്തിലധികം പട്ടികജാതി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന ഇരുപതോളം പ്രദേശങ്ങൾ പുതുതായി കോളനികളായി അംഗീകരിക്കപ്പെടേണ്ടതായി ശക്തമായ ആവശ്യം നിലവിലുണ്ട്. കോളനികൾ സംബന്ധിച്ച വിവരങ്ങൾ പട്ടിക 1-ൽ ചേർക്കുന്നു

പട്ടിക 1

**പഞ്ചായത്തിലെ പട്ടികജാതി കോളനികളേയും കുടുംബങ്ങളേയും സംബന്ധിക്കുന്ന വിവരം.**

| വാർഡ് നമ്പർ | നിലവിൽ അംഗീകരിച്ച കോളനികൾ | ആകെ നമ്പർ | അംഗീകരിക്കേണ്ട കോളനികൾ | ആകെ നമ്പർ | ആകെ കുടുംബങ്ങളുടെ എണ്ണം വാർഡടിസ്ഥാനത്തിൽ |
|---|---|---|---|---|---|
| 1. | ഇല്ല | 0 | ഗുരുതിയൻകാവ് കോളനി | 1 | 54 |
| 2. | പള്ളിപ്പാട് IHDP | 1 | 1. കല്ലൂപറമ്പ് കോളനി<br>2. ചക്യാവ് കോളനി<br>3. കൊമ്മംകോട് | 3 | 128 |
| 3. | ഇല്ല | | 1. മൂർക്കാട്ട് പറമ്പ്<br>2. ഞാണുമ്പത്തൊടി<br>3. കൂമ്പാള പറമ്പ്<br>4. കുളപ്പുറം തോട്ടം | 4 | 85 |
| 4. | ഇല്ല | 0 | 1. ചോലപ്പറമ്പിൽ | 1 | 30 |
| 5. | ഇല്ല | 0 | 1. കീഴേടത്ത് പടി<br>2. തോട്ടം കോളണി | 2 | 36 |
| 6. | ഇല്ല | 0 | 1.വാരൃത്തുപടി കോളനി | | 30 |
| 7. | ചോരക്കുന്ന് IHDP | 1 | 1. പാങ്കൂത്ത് | 1 | 43 |
| 8. | ഇല്ല | 0 | 1. കുറവൻ തൊടി<br>2. ആന്തൂർ പള്ളിയാൽ<br>3. കുളേർ കുന്ന്<br>4. ചരളിപ്പറമ്പ് | 4 | 127 |
| 9. | തെക്കഞ്ചേരി കുന്ന് കോളനി IHDP | 1 | 1. കുലവർ കുന്ന്<br>2. തോട്ടിങ്ങൽ<br>3. നമ്പ്രം കോളനി | 3 | 125 |
| 10. | കക്കാട്ടിരി | 1 | | | 15 |
| | | 4 | | 19 | 673 |

## വിദ്യാഭ്യാസം

മറ്റ് ജനവിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. നിരക്ഷരർ പൊതുവെ കുറവാണെങ്കിലും പഞ്ചായത്തിലെ വിവിധ വാർഡുകളിൽ എഴുത്തും വായനയും അറിയാത്ത പലരും ഈ വിഭാഗങ്ങളിലുണ്ട്. പ്രാഥമിക വിദ്യാഭ്യാസം കഴിയുന്നതോടു കൂടി ഗാർഹിക ചുറ്റുപാടുകൾ അനുകൂലമല്ലാത്തതിനാൽ നല്ലൊരു ഭാഗം കുട്ടികൾ പഠനം തുടരാതെ കൊഴിഞ്ഞു പോകുന്നുണ്ട്. ഈ വിഭാഗത്തിൽ SSLC ക്കു ശേഷം തുടർന്നു പഠിക്കുന്ന കുട്ടികളുടെ എണ്ണം നന്നേ കുറവാണ്. രക്ഷിതാക്കളുടെ വേണ്ടത്ര ശ്രദ്ധ ഈ കാര്യത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. കുടുംബ ബാദ്ധ്യതകൾ കാരണം പഠനം നിർത്തേണ്ടി വരുന്ന സാഹചര്യവും ഉണ്ട്. ഇവരുടെ സാമൂഹിക പുരോഗതിക്ക് വിദ്യാഭ്യാസ രംഗത്തെ മുന്നേറ്റം അനിവാര്യമാണെന്ന് ബോദ്ധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ, പ്രത്യേകിച്ച് ഇവരുടെ ഇടയിൽ നിന്നുള്ളവരെ വളരെ ശക്തമായ ബോധവൽക്കരണ പരിപാടി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്.

95-96 അദ്ധ്യയന വർഷത്തിൽ മൊത്തം 838 വിദ്യാർത്ഥികളാണ് പഠനം നടത്തിയിരുന്നത്. ഇതിൽ എൽ.പി. വിഭാഗത്തിൽ 412 ഉം, യു.പി. വിഭാഗത്തിലും ഹൈസ്കൂളിലും കൂടി 426 കുട്ടികളും പഠനം നടത്തിയിരുന്നു. അതുപോലെത്തന്നെ 95-96 അദ്ധ്യയന വർഷത്തിൽ SSLC ക്ക് 71 കുട്ടികൾ പരീക്ഷ എഴുതിയതിൽ 8 കുട്ടികൾ മാത്രമാണ് പാസ്സായത്. 63 കുട്ടികൾ പരാജയപ്പെടുകയും ചെയ്തിട്ടുണ്ട്. ഇവരിൽ 3 പേർ ഫസ്റ്റ് ക്ലാസ്സിലും, 3 പേർ സെക്കൻറ് ക്ലാസ്സിലും, 2 പേർ തേഡ് ക്ലാസ്സോടെയും പാസ്സായി. അതിൽ ഒരു വിദ്യാർത്ഥി 446 മാർക്ക് കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്.

SSLC ക്ക് പരാജയപ്പെടുന്നവരിൽ ഭൂരിഭാഗവും തുടർന്ന് പരീക്ഷ എഴുതി വിജയിക്കാൻ ശ്രമിക്കുന്നതായി കാണുന്നില്ല. SSLC ക്ക് മുകളിൽ ഉപരിവിദ്യാഭ്യാസമുള്ളവരുടെ എണ്ണം 478 ആണ്. ഇവരിൽ 8 ഡോക്ടർമാർ, 3 എഞ്ചിനീയർമാർ, 4 കോളേജ് അദ്ധ്യാപകർ, 20 സ്കൂൾ അദ്ധ്യാപകർ, 15 ടെക്നിക്കൽ യോഗ്യതയുള്ളവർ, ഒരു വക്കീൽ എന്നിങ്ങനെയാണ്. മറ്റ് ജനവിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ സ്ഥിതി മെച്ചമല്ല.

## തൊഴിൽ മേഖലയിൽ പട്ടികജാതി പങ്കാളിത്തം

പട്ടികജാതി കുടുംബങ്ങൾ ഭൂരിപക്ഷവും കാർഷികമേഖലയുമായി ബന്ധപ്പെട്ടു തൊഴിലുകളിൽ ഏർപ്പെട്ട് ഉപജീവനം കഴിച്ച് വന്നിരുന്നവരാണ്. എന്നാൽ കാർഷിക മേഖലയുടെ തകർച്ച ഈ വിഭാഗങ്ങളുടെ ഭൂരിപക്ഷത്തിൻേറയും തൊഴിൽ നഷ്ടപ്പെടുത്തുകയും, ജീവിക്കാൻ വേണ്ടി മറ്റ് തൊഴിൽ മേഖലകളെ ആശ്രയിക്കാൻ നിർബന്ധിതരാവുകയും ചെയ്തു. ഇവരിൽ ഭൂരിഭാഗവും കെട്ടിട നിർമ്മാണ രംഗത്താണ് തൊഴിൽ ചെയ്തു വരുന്നത്. ഈ മേഖലയിൽ സ്ത്രീക്ക് 70 രൂപയും, പുരുഷന് 100 രൂപയും കൂലി ലഭിക്കുന്നുണ്ട്. എന്നാൽ ഉത്പാദന രംഗങ്ങളിലെ മാന്ദ്യം നിർമ്മാണരംഗത്തെ തൊഴിൽ സാദ്ധ്യതകൾക്ക് മങ്ങലേൽപ്പിച്ചിട്ടുണ്ട്. സാമാന്യം തൃപ്തികരമായ കൂലി ലഭിക്കുന്നതിനാൽ പുതിയ തലമുറയിലെ തൊഴിലാളികൾ സ്ത്രീ പുരുഷ ഭേദമന്യേ കാർഷിക മേഖലയിൽ നിന്നും നിർമ്മാണ രംഗത്തേക്ക് നീങ്ങുന്നുണ്ട്. കാർഷിക മേഖലയിൽ താരതമ്യേന കൂലിക്കുറവ് ഉള്ളതിനാൽ സ്ത്രീകൾ മാത്രം ചെയ്തിരുന്ന നടീൽ, കളയെടുക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് സ്ത്രീ തൊഴിലാളികളെ പണിക്ക് ലഭിക്കാൻ പ്രയാസമാണ്. കാർഷികമേഖലയിലെ

## ഇവരുടെ പാർപ്പിട സൗകര്യങ്ങൾ

ഈ വിഭാഗങ്ങളിലെ കുടുംബങ്ങളുടെ പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ല. സർക്കാർ ഡിപ്പാർട്ട്മെൻറുകൾ നടപ്പാക്കി വരുന്ന പദ്ധതികൾ വഴി കുറച്ചു കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പ്രാഥമിക ജീവിതസൗകര്യങ്ങളുടെ കാര്യത്തിൽ മറ്റു വിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ പിന്നിലാണ്. പഞ്ചായത്തിൽ നിലവിൽ ഈ വിഭാഗത്തിൽ 673 കുടുംബങ്ങൾ ഉള്ളതിൽ 297 കുടുംബങ്ങൾക്ക് മാത്രമാണ് പ്രാഥമിക ജീവിത സൗകര്യങ്ങളുള്ളത്. മൊത്തം കുടംബങ്ങളിൽ വൈദ്യുതീകരിച്ച വീടുകൾ 278 മാത്രമാണ്. ഇനിയും 395 വീടുകൾ വൈദ്യുതീകരിക്കേണ്ടതായിട്ടുണ്ട്. 234 കുടുംബങ്ങൾക്ക് പുതുതായി വീട് ആവശ്യമുണ്ട്. നിലവിലുള്ള വീടുകളിൽ 155 എണ്ണത്തിന് കാര്യമായ അറ്റകുറ്റപ്പണികൾ ആവശ്യമുണ്ട്. 376 കുടുംബങ്ങൾക്ക് പുതുതായി കക്കൂസ് സൗകര്യം ഏർപ്പെടുത്തി കൊടുക്കേണ്ടതായിട്ടുണ്ട്. കുടിവെള്ളം ലഭ്യമാക്കുന്നതിന് 155 കുടുംബങ്ങൾക്ക് പുതിയ കിണർ നിർമ്മിച്ചു കൊടുക്കേണ്ടതുണ്ട്. (പട്ടിക 2 നോക്കുക)

നിലവിലുള്ള അംഗീകൃത കോളനികളിൽ തന്നെ ജീവിത സൗകര്യങ്ങൾ പരിമിതമാണ്. ചോരകുന്ന് IHDP കോളനികളിൽ 10 കുടുംബങ്ങളെ കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. വിവിധ സർക്കാർ ഏജൻസികൾ നടപ്പാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികൾ വഴി വീടുകൾ കെട്ടുന്നതിനും മറ്റും വായ്പ എടുത്ത പല കുടുംബങ്ങളും കട ഭാരത്താൽ വീർപ്പ് മുട്ടുന്ന അവസ്ഥയുണ്ട്. സർക്കാർ സൗജന്യമായി വീടു നിർമ്മാണത്തിന് അനുവദിക്കുന്ന തുക തീരെ അപര്യാപ്തമാണ്. ഈ പദ്ധതി ധനസഹായം ഏറ്റവും ചുരുങ്ങിയത് 40,000 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്. പല കുടുംബങ്ങളുടേയും വീടുകൾ പണി പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. വീടു വെക്കാൻ സ്ഥലമില്ലാത്ത 88 കുടുംബങ്ങൾക്ക് പുതിയ വീടു വെക്കുന്നതിനു ആവശ്യമായ സ്ഥലവും, ധനസഹായവും അനുവദിച്ചു കൊടുക്കേണ്ടതായിട്ടുണ്ട്. (പട്ടിക 6)

ലക്ഷംവീട് കോളനികളിൽ താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്ക് മെച്ചപ്പെട്ട പ്രാഥമിക സൗകര്യങ്ങൾ ഇനിയും ലഭ്യമായിട്ടില്ല. ഗ്രാമസഭകളിൽ ഉയർന്നു വന്ന ആവശ്യ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 167 കുടുംബങ്ങൾക്ക് പുതുതായി പണി ആയുധങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. അതുപോലെ തന്നെ 176 കുടുംബങ്ങൾക്ക് പുതുതായി IRDP ലോൺ സൗകര്യങ്ങളും ആവശ്യമായിട്ടുണ്ട്. പഞ്ചായത്തിലെ അംഗീകരിച്ചതും, അംഗീകരിക്കപ്പെടേണ്ടതുമായ പട്ടികജാതി കോളനികളിൽ ഓരോ ടി.വി. സെറ്റുകളും, സാസ്കാരിക ബോധവൽക്കരണ കേന്ദ്രങ്ങളും സ്ഥാപിക്കേണ്ടതുണ്ട്. (പട്ടിക 4 നോക്കുക)

ഈ വിഭാഗങ്ങളിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് വിവിധ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന ആവശ്യങ്ങൾ മുഖ്യമായും തുന്നൽ പരിശീലനവും, പരമ്പരാഗത തൊഴിൽ സംരംഭങ്ങൾ, റെഡിമെയ്ഡ് ഗാർമെൻറ്സ്, മറ്റ് വ്യവസായ യൂണിറ്റുകൾ, ട്യൂഷൻ സൗകര്യങ്ങൾ, വിദ്യാഭ്യാസ സഹായം വർദ്ധിപ്പിക്കൽ, സഹകരണ അടിസ്ഥാനത്തിലുള്ള തൊഴിൽ സംരംഭങ്ങൾ, കാർഷിക മേഖലയിലെ കൂലി വർദ്ധന, വിവാഹ ധനസഹായം, വിവിധയിനം പെൻഷനുകൾ, ബാങ്ക് വായ്പ എഴുതി തള്ളൽ, കറൻറു ചാർജ് എഴുതി തള്ളൽ.

പട്ടികജാതി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന വിവിധ കോളനി പ്രദേശങ്ങളിൽ മതിയായ ഗതാഗത സൗകര്യങ്ങളോ, കക്കൂസ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല. ഈ സ്ഥിതിക്ക് അടിയന്തിരമായി മാറ്റം വരേണ്ടതുണ്ട്. വിവിധ കോളനികളിലെ റോഡുകൾ, വൈദ്യുതി, കുടിവെള്ളം, പൊതു കക്കൂസ് ഇവയുടെ ലഭ്യത സംബന്ധിച്ചോ ഗ്രാമസഭയിൽ നിന്നും വാർഡ് തലത്തിൽ മെമ്പർമാരിൽ നിന്നും നേരിട്ടും ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പട്ടിക 7 ൽ ചേർത്തിരിക്കുന്നു.

താലൂക്കിലെ മറ്റു പ്രദേശങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, പഞ്ചായത്തിലെ പട്ടികജാതി വിഭാഗങ്ങളുടെ പൊതു സ്ഥിതികളിൽ കാര്യമായ മാറ്റങ്ങൾ വന്നിട്ടുണ്ട് എങ്കിലും ഇനിയും മെച്ചപ്പെടേണ്ടതായിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി പാർപ്പിടങ്ങൾ ഇല്ല.
2. ഭൂരിഭാഗം വീടുകളിലും കക്കൂസ് സൗകര്യം ഇല്ല.
3. കോളനികളിൽ ആവശ്യത്തിന് കുടിവെള്ളം ലഭ്യമല്ല.
4. വൈദ്യുതീകരിക്കാത്ത വീടുകൾ.
5. ആരോഗ്യ സംരക്ഷണ സംവിധാനം കുറ്റമറ്റതല്ല.
6. വിദ്യാഭ്യാസ രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
7. നിരക്ഷരത ഉണ്ട്.
8. പല ഘട്ടങ്ങളിലും വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നു.
9. കാർഷിക മേഖലയിലെ തൊഴിലവസരങ്ങൾ കുറഞ്ഞു വരുന്നു.
10. പരമ്പരാഗത കൈ തൊഴിൽ രംഗങ്ങൾ പ്രതിസന്ധിയിൽ.
11. വീട് നിർമ്മിക്കാൻ ലഭിക്കുന്ന ധനസഹായങ്ങൾ കൊണ്ട് വീട് പണി പൂർത്തിയാക്കാൻ കഴിയാതെ വരുന്നു.
12. കൈവശ ഭൂമിക്ക് എല്ലാവർക്കും പട്ടയം ലഭിച്ചിട്ടില്ല.
13. നിർദ്ധന കുടുംബങ്ങളിലെ അംഗങ്ങളുടെ പെൺകുട്ടികളുടെ വിവാഹത്തിനു ധനസഹായം ലഭിക്കുന്നില്ല.
14. സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിക്കുന്നത് കുറഞ്ഞു വരുന്നു.
15. ഐ.ആർ.ഡി.പി. തുടങ്ങിയ സഹായ പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
16. തൊഴിൽ പരിശീലനങ്ങൾ വേണ്ടത്ര ലഭ്യമല്ല.
17. പട്ടികജാതി വികസന കോർപ്പറേഷനും, പട്ടികജാതി ക്ഷേമ വകുപ്പും അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും, ധനസഹായവും കർക്കശമായ വ്യവസ്ഥകളും, നിയന്ത്രണങ്ങളും നില നിൽക്കുന്നതു കാരണം ലക്ഷ്യം നേടുന്നില്ല.
18. കർഷക തൊഴിലാളി, വാർദ്ധക്യകാല, അഗതി തുടങ്ങിയ പെൻഷനുകൾ യഥാസമയം അർഹരായ എല്ലാവർക്കും ലഭിക്കുന്നില്ല.
19. മിക്ക കുടുംബങ്ങളും ബാങ്ക് വായ്പ സമയത്ത് തിരിച്ചടക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്നു.
20. പോഷകാഹാരക്കുറവ്.

21. വീടുവെക്കാൻ സ്ഥലമില്ല. എല്ലാവർക്കും വീടില്ല.
22. കാർഷികപണി അറിയുന്നവർക്ക് കൃഷി ചെയ്യാൻ ഭൂമിയില്ല.
23. സഹകരണ മേഖല കാര്യക്ഷമമല്ല.
24. വ്യവസായ യൂണിറ്റുകളില്ല.
25. പരസ്യകലകൾ, നാടൻ കലകൾ സംരക്ഷിക്കാൻ സംവിധാനമില്ല.

## സാദ്ധ്യതകൾ

നിലവിലുള്ള റോഡുകൾ വീതി കൂട്ടി, ടാറിട്ട് ഗതാഗതയോഗ്യമാക്കാവുന്നതാണ്. നിലവിൽ വൈദ്യുതി ലൈൻ എത്തിയിട്ടുള്ള കോളനി പ്രദേശങ്ങളിൽ ലൈൻ നീട്ടി വൈദ്യുതീകരിക്കാത്ത 395-ൽ പരം കുടുംബങ്ങളുടെ വീടുകൾക്ക് വൈദ്യുതീകരണം നടത്താവുന്നതാണ്. പഞ്ചായത്ത് ചിലവിൽ വയറിംഗ് നടത്തി വൈദ്യുതി കണക്ഷനുവേണ്ടി കാത്തിരിക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും കണക്ഷൻ ലഭ്യമാക്കാവുന്നതാണ്. പഞ്ചായത്തിന്റെ ചിലവിൽ സൗജന്യമായി സൗജന്യമായി എത്തിച്ചു കൊടുക്കുന്ന പദ്ധതിയിൽ ഇനിയും വൈദ്യുതി ലഭിച്ചിട്ടില്ലാത്ത 65-ൽ പരം കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാനുള്ള പ്രവർത്തനം ത്വരിതഗതിയിൽ നടന്നു വരുന്നുണ്ട്. മറ്റു കോളനി പ്രദേശങ്ങൾ വൈദ്യുതീകരിക്കാൻ ആവശ്യമായ രൂപം നൽകണം.

പട്ടികജാതി കോളനികളിൽ കുടിവെള്ള പ്രശ്നം വളരെ രൂക്ഷമാണ്. ഇതിന് പരിഹാരം കാണുന്നതിനു വേണ്ടി കിണറുകളും, കുഴൽ കിണറുകളും പല സ്ഥലങ്ങളിലും സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും ഉപയോഗശൂന്യമാണ്. പുതുതായി കിണറുകൾ കുഴിച്ചും, നിലവിലുള്ളവ ആഴം കൂട്ടിയും പുതിയ കുഴൽ കിണറുകൾ കുഴിച്ചും പരിഹാരം കാണാവുന്നതാണ്. പഞ്ചായത്തിൽ പൊതുവായ ജലവിതരണ ശൃംഘലക്ക് പുതിയ പദ്ധതികൾ കണ്ടെത്തണം.

രണ്ടാം വാർഡിൽ നിലവിലുള്ള പൊതുജനാരോഗ്യ സബ് സെൻറർ, പ്രൈമറി ഹെൽത്ത് സെൻറർ ആയി ഉയർത്തുകയും, പുതുതായി ഒരു ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കുകയും നിലവിലുള്ള പട്ടാമ്പി ഗവ: ആശുപത്രിയിൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുക വഴി പട്ടാമ്പി പഞ്ചായത്തിലെ മിക്ക വാർഡുകളിലേയും കോളനി നിവാസികൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാകും.

പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച ചില നിർദ്ദേശങ്ങൾ താഴെ പറയുന്നു.

1. നിലവിൽ വീടുകളില്ലാത്ത 234 കുടുംബങ്ങൾക്ക് പുതിയ വീടു നിർമ്മിച്ച് നൽകുകയോ, നിർമ്മിക്കാനാവശ്യമായ സാമ്പത്തിക സഹായം നൽകുകയോ ചെയ്യുക.
2. 376 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുക.
3. നിലവിലുള്ള വീടുകളിൽ 155 എണ്ണത്തിന് അറ്റകുറ്റപ്പണികൾ നടത്താനാവശ്യമായ ധനസഹായം അനുവദിക്കുക.
4. വൈദ്യുതീകരിക്കാത്ത 395 വീടുകൾക്ക് വൈദ്യുതീകരണം നടത്തുക.
5. കിണർ ഇല്ലാത്ത 155 കുടുംബങ്ങൾക്ക് സ്വന്തമായി കിണർ കുഴിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുക.

6. നിലവിലുള്ള കിണറുകളിൽ 140 എണ്ണത്തിന് മെച്ചപ്പെടുത്തുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുക.
7. വീടു വെക്കാൻ സ്ഥലമില്ലാത്ത 88 കുടുംബങ്ങൾക്ക് 5 സെൻറ് വീതം സ്ഥലം അനുവദിക്കുക.
8. 167 കുടുംബങ്ങൾക്ക് പണിയായുധങ്ങൾ സൗജന്യമായി നൽകുക.
9. അർഹതപ്പെട്ട എല്ലാ കുടുംബങ്ങൾക്ക് ഐ.ആർ.ഡി.പി. ലോൺ അനുവദിക്കുക.
10. കോളനി പ്രദേശങ്ങളിൽ ടി.വി.സെറ്റുകളും, സാംസ്കാരിക കേന്ദ്രങ്ങളും സ്ഥാപിക്കുക.
11. കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.
12. കുട്ട, വട്ടി, മുറം, പരമ്പ് എന്നിവ ബാംബു പ്ലൈ എന്നിവയുടെ നിർമ്മാണം വ്യാവസായിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
13. പഞ്ചായത്ത് തലത്തിൽ കോളനികളിലെ പെൺകുട്ടികൾക്ക് കൈ തൊഴിൽ പരിശീലനം നൽകുകയും അവയുടെ സഹകരണസംഘം രൂപീകരിക്കുകയും എല്ലാ വിധ സഹായവും നൽകുക.
14. വിവിധ ഡിപ്പാർട്ട്മെൻറ് വഴി നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളെ കുറിച്ച് അറിവുണ്ടാകുന്നതിന് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
15. ക്ഷേമ പദ്ധതികളുടെ സഹായം ലഭിക്കുന്നതിന് ആവശ്യമായ നിബന്ധനകൾ ലളിതമാക്കുക.
16. കുടിവെള്ള പ്രശ്നം യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കുക.
17. സഹകരണ മേഖലയിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക.
18. വ്യവസായ പരിശീലനം നൽകുകയും, പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പ പൂർണ്ണമായി അനുവദിക്കുകയും, അങ്ങിനെ അനുവദിക്കുന്ന വായ്പ ഉദ്ദേശിക്കുന്ന കാര്യത്തിന് ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.
19. പട്ടികജാതി സർവ്വീസ് സഹകരണ സംഘം അനുവദിക്കുക.
20. വായ്പ എഴുതിത്തള്ളുക.
21. പട്ടികജാതിക്കാർക്ക് അനുവദിക്കുന്ന വീടിൻെറ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഉപഭോക്താക്കൾക്ക് അനുവാദം കൊടുക്കുക.
22. ലക്ഷംവീടു കോളനിയിലെ ഇരട്ട വീട് സമ്പ്രദായം ഒഴിവാക്കി, കുറേ വീടാക്കി മാറ്റുന്നതിന് ധനസഹായം അനുവദിക്കുക.
23. പത്തിൽ അധികം പട്ടികജാതി കുടുംബങ്ങൾ കൂട്ടായി പാർക്കുന്ന പഞ്ചായത്തിലെ 20 പ്രദേശങ്ങളെ ഐ.എച്ച്.ഡി.പി. കോളനികളായി അംഗീകരിച്ച് അടിസ്ഥാന ജീവിത സൗകര്യം ലഭ്യമാക്കുക.
24. കോളനികളിലെ പുരയിടങ്ങളിലെ മണ്ണൊലിപ്പ് തടയുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുക.
25. നിലവിലുള്ള ഭാഗികമായോ പൂർണ്ണമായോ ഓലമേഞ്ഞ എല്ലാ വീടുകളും ഓടാക്കി മാറ്റുന്നതിന് ആവശ്യമായ ധനസഹായം അനുവദിക്കുക.
26. പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ട്യൂഷൻ സൗകര്യം ഏർപ്പെടുത്തുക.
27. കോളനികളിൽ വായനശാല സ്ഥാപിക്കുക.
28. കുടുംബത്തിലെ പ്രാരാബ്ധം കാരണം പഠനം അവസാനിപ്പിക്കേണ്ടി വരുന്ന കുട്ടികളെ കണ്ടെത്തി, പഠനം തുടരുന്നതിനാവശ്യമായ സംവിധാനം പഞ്ചായത്ത് ഏർപ്പെടുത്തുക.

29. ഇവരുടെ ഇടയിലെ അഭ്യസ്തവിദ്യരായവരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.

30. നിലവിലുള്ള വിദ്യാഭ്യാസ സഹായങ്ങൾ വർദ്ധിപ്പിക്കുക.

31. കോളനികളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പുതിയ റോഡുകൾ നിർമ്മിക്കുകയും, നിലവിലുള്ളവ മെച്ചപ്പെടുത്തുകയും ചെയ്യുക.

### പട്ടിക 2

### 1995-96-ൽ പട്ടാമ്പി ഹൈസ്കൂളിൽ SSLC പരീക്ഷ എഴുതിയ പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിജയ വിവരങ്ങൾ

| | | |
|---|---|---|
| ആകെ പരീക്ഷ എഴുതിയവർ | : | 71 |
| ജയിച്ചവർ | : | 8 |
| ഡിസ്റ്റിംഗ്ഷൻ | : | .... |
| ഫസ്റ്റ് ക്ലാസ്സ് | : | 3 |
| സെക്കൻറ് ക്ലാസ്സ് | : | 2 |
| തേഡ് ക്ലാസ്സ് | : | 3 |
| തോറ്റവർ | : | 63 |

### പട്ടിക 3

### പട്ടികജാതി-കുടുംബങ്ങളുടെ പാർപ്പിട പ്രശ്നം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | പുതുതായി വീട് ആവശ്യമുള്ള കുടുംബങ്ങൾ | നിലവിലുള്ള വീട് റിപ്പെയർ ചെയ്യേണ്ടവ | പുതുതായി വൈദ്യുതീകരിക്കേണ്ടവ | കക്കൂസ് ആവശ്യമായവ | കിണർ ആവശ്യമായവ |
|---|---|---|---|---|---|
| 1. | 10 | 5 | 54 | 35 | 12 |
| 2. | 36 | 28 | 41 | 84 | 42 |
| 3. | 10 | 20 | 36 | 28 | 15 |
| 4. | 10 | 15 | 10 | 10 | 3 |
| 5. | 6 | 14 | 3 | 8 | 2 |
| 6. | 22 | 5 | 22 | 24 | 18 |
| 7. | 13 | 13 | 10 | 11 | 11 |
| 8. | 40 | 17 | 89 | 87 | 25 |
| 9. | 50 | 24 | 50 | 75 | 25 |
| 10. | 12 | 14 | 1 | 14 | 2 |
| | 209 | 155 | 395 | 376 | 155 |

## പട്ടിക 4
## പട്ടികജാതി കുടുംബങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള മറ്റ് ആവശ്യങ്ങളുടെ പട്ടിക

| വാർഡ് നമ്പർ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | |
|---|---|---|---|---|---|---|---|---|---|---|---|
| സ്ഥലം ആവശ്യമുള്ള കുടുംബങ്ങൾ | 5 | 18 | 4 | 5 | 3 | 5 | 5 | 10 | 25 | 8 | 88 |
| പണി ആയുധങ്ങൾ ആവശ്യമുള്ള കുടുംബങ്ങൾ | 16 | 40 | 15 | 15 | 5 | 10 | 10 | 28 | 50 | 13 | 167 |
| ഐ.ആർ.ഡി.പി. ലോൺ ആവശ്യമുള്ളവർ | 25 | 40 | 15 | 15 | 25 | 10 | 10 | 28 | 15 | 13 | 176 |
| ടി.വി. സെറ്റുകൾ | 1 | 3 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 12 |

## പട്ടിക 5 - പട്ടികജാതി കുടുംബങ്ങളുടെ
## ജീവിത നിലവാരം മെച്ചപ്പെടുത്താൻആവശ്യമായ സൗകര്യങ്ങൾ സംബന്ധിച്ച പട്ടിക

| വാർഡ് നമ്പർ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | ക്രമം |
|---|---|---|---|---|---|---|---|---|---|---|---|
| തുന്നൽ പരിശീലനം | | ● | ● | ● | ● | ● | | ● | ● | | 07 |
| സ്വയം തൊഴിൽ സംരംഭങ്ങൾ പരമ്പരാഗത തൊഴിൽ | ● | ● | | | | ● | ● | ● | | ● | 05 |
| റെഡിമെയ്ഡ് ഗാർമെൻറ്സ് | ● | ● | | ● | ● | | | ● | | ● | 06 |
| ട്യൂഷൻ സൗകര്യം | | ● | ● | | | | | ● | | ● | 04 |
| വിദ്യാഭ്യാസ സഹായം വർദ്ധിപ്പിക്കൽ | ● | ● | ● | ● | ● | ● | ● | ● | ● | ● | 03 |
| സഹകരണ സംഘങ്ങൾ | | ● | ● | ● | | | ● | ● | | ● | 10 |
| കാർഷിക മേഖലയിലെ കൂലി വർദ്ധന | ● | ● | ● | ● | ● | ● | ● | ● | ● | ● | 02 |
| വിവാഹ ധനസഹായം | ● | ● | ● | ● | ● | ● | ● | ● | ● | ● | 08 |
| വിവിധയിനം പെൻഷനുകൾ | ● | ● | ● | ● | ● | ● | ● | ● | ● | ● | 09 |
| ബാങ്ക് വായ്പ എഴുതിതള്ളൽ | ● | ● | ● | ● | ● | ● | ● | ● | ● | ● | 01 |
| കറൻറ് ചാർജ് ഇളവുകൾ | ● | ● | ● | ● | ● | ● | ● | ● | ● | ● | 11 |

## പട്ടിക 6
## പട്ടികജാതി വികസന വകുപ്പ് 1991 - 96 വരെ പട്ടാമ്പി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

(ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)

| നമ്പർ | പദ്ധതിയുടെ പേര് | ഭൗതികം | സാമ്പത്തികം |
|---|---|---|---|
| 1. | സംയോജിത ഭവന നിർമ്മാണ പദ്ധതി | 4 | 48,000 |
| 2. | ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതി | 3 | 51,000 |
| 3. | ഐ.എച്ച്.ഡി.പി. ഭവന നിർമ്മാണം | 6 | 72,000 |
| 4. | വൈദ്യുതീകരണം | 8 | 3,200 |
| 5. | ഓല മേച്ചിൽ ഗ്രാൻറ് | 17 | 3,600 |
| 6. | മിശ്രവിവാഹ ധനസഹായം | 3 | 6,000 |
| 7. | ചികിത്സാ ധനസഹായം | 1 | 750 |
| 8. | വിവാഹ ധനസഹായം | 4 | 8,000 |
| 9. | ഓടുമേച്ചിൽ സഹായം | 3 | 6,000 |

## പട്ടിക 7
## അംഗീകാരം ലഭിച്ചതും അല്ലാത്തതുമായ പട്ടികജാതി കോളനികളിലെ റോഡുകൾ, വൈദ്യുതി, കുടിവെള്ളം, പൊതുകക്കൂസ് എന്നിവയുടെ സ്ഥിതി വിവരണം

| ക്രമ നമ്പർ | കോളനികളുടെ പേര് | റോഡുകൾ | വൈദ്യുതി | കുടിവെള്ളം | |
|---|---|---|---|---|---|
| | | | | കിണർ | ടാപ്പ് |
| 1. | ഗുരുതിയൻകാവ് കോളനി | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 2. | പള്ളിപ്പാട് IHDP | ഭാഗികം | ഭാഗികം | ഇല്ല | ഇല്ല |
| 3. | കല്ലൂപറമ്പ് | ഉണ്ട് | ഭാഗികം | ഇല്ല | ഇല്ല |
| 4. | ചക്യാവ് കോളനി | ഇല്ല | ഭാഗികം | ഇല്ല | ഇല്ല |
| 5. | കൊമ്മംകൊട് | ഇല്ല | ഭാഗികം | ഇല്ല | ഇല്ല |
| 6. | മൂർക്കാട്ട് പറമ്പ് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 7. | ഞാണുമ്പത്തൊടി | ഭാഗികം | ഇല്ല | ഇല്ല | ഇല്ല |
| 8. | കൂമ്പാളപറമ്പ് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 9. | കൊളപ്പുറം തോട്ടം | ഉണ്ട് | ഭാഗികം | ഉണ്ട് | ഇല്ല |
| 10. | ചോലപ്പറമ്പിൽ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 11. | കീഴേടത്തുപടി | ഭാഗികം | ഉണ്ട് | ഇല്ല | ഉണ്ട് |
| 12. | തോട്ടം കോളനി | ഭാഗികം | ഉണ്ട് | ഇല്ല | ഇല്ല |
| 13. | വാരിയത്ത്പടി കോളനി | ഉണ്ട് | ഭാഗികം | ഇല്ല | ഇല്ല |
| 14. | ചോരക്കുന്ന് കോളനി IHDP | ഭാഗികം | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 15. | കുറവൻതൊടി | ഭാഗികം | ഭാഗികം | ഇല്ല | ഇല്ല |
| 16. | ആന്തൂർ പള്ള്യാൽ | ഭാഗികം | ഭാഗികം | ഇല്ല | ഇല്ല |
| 17. | കുളോർക്കുന്ന് | ഉണ്ട് | ഭാഗികം | ഇല്ല | ഇല്ല |
| 18. | ചരളിപ്പറമ്പ് | ഉണ്ട് | ഭാഗികം | ഉണ്ട് | ഇല്ല |
| 19. | കുലവർകുന്ന് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 20. | തോട്ടിങ്ങൽ കോളനി | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 21. | നമ്പ്രം കോളനി | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 22. | കക്കാട്ടിരി കോളനി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 23. | പാക്കുന്ന് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 24. | തെക്കഞ്ചേരി കോളനി | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |

# വിഭവസമാഹരണം

ഉൽപാദനത്തിൽ ഊന്നിനിന്നുകൊണ്ടുള്ള വികസന പ്രക്രിയ നിർവിഘ്നം തുടർന്ന് പോവണമെങ്കിൽ വർദ്ധിച്ച തോതിൽ വിഭവങ്ങൾ ലഭിച്ച് കൊണ്ടിരിക്കണം. സർക്കാരിൻെറ പദ്ധതി വിഹിതത്തേയോ പഞ്ചായത്തിൻെറ സ്വന്തം വരുമാനത്തേയോ ആശ്രയിച്ച് വികസന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുവാൻ പ്രയാസമാണ് .

ധനകാര്യ സ്ഥാപനങ്ങൾ ഉദാരവും സഹകരണാത്മവുമായ നിലപാട് സ്വീകരിച്ചാൽ മാത്രമെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കേന്ദ്ര- സംസ്ഥാന സർക്കാരുകൾക്ക് സാധിക്കുകയുള്ളൂ .

നമ്മുടെ പഞ്ചായത്തിൽ വിവിധ മേഖലയിൽ പ്രവർത്തിക്കുന്ന 9 ബാങ്കിംങ്ങ് സൗകര്യങ്ങളും പണമിടപാട് നടത്തുന്ന ധാരാളം സ്വകാര്യ ഏജൻസികളും പ്രവർത്തിച്ച് വരുന്നുണ്ട്.

കർഷകനും, വ്യവസായിയും, ഉദ്യോഗസ്ഥരും , സാധാരണക്കാരും, പൊതുമേഖലയിലൊ ,സഹകരണമേഖലയിലോ ഒതുങ്ങി നിൽക്കാതെ സ്വകാര്യ സ്ഥാപനങ്ങളെ അമിതമായി ആശ്രയിക്കുന്ന സ്ഥിതിവിശേഷം വളർന്ന് വരുന്നുണ്ട്. ഈ പ്രവണത ഒരു ക്ഷേമ രാഷ്ട്ര സങ്കൽപ്പത്തിന് യോജിച്ചതാണെന്ന് തോന്നുന്നില്ല.

പൊതു സഹകരണ മെഖലകളുടെ പരിമിതികളാണ് ഈ പ്രതിഭാസത്തിന് കളമൊരുക്കുന്നത്. ബാങ്കിംങ്ങ് സ്ഥാപനങ്ങൾ നിക്ഷേപതുകയുടെ നിശ്ചിത ശതമാനം അതാതു സ്റ്റേറ്റുകളിൽ ഉപയോഗിക്കണമെന്ന നിർബന്ധം ബന്ധപ്പെട്ടവരുടെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടിയിരിക്കുന്നു.

**വിഭവസമാഹരണം**

നിക്ഷേപവും അഡ്വാൻസും പട്ടിക R.1.

| നിക്ഷേപം | അഡ്വാൻസ് | |
|---|---|---|
| | ഇന്ത്യ | കേരളം |
| ബാങ്കുകൾ | 45% | 35% |

പലവിധ നികുതികളിലൂടെ സമാഹരിക്കുന്ന സംഖ്യകളാണ് പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗം. ഘടനാപരമായ മാറ്റങ്ങളിലൂടെ നികുതി വരുമാനം വർദ്ധിപ്പിക്കുവാനുള്ള സാദ്ധ്യത ആരായേണ്ട ചുമതല പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതാണ്.

ആദായം വർദ്ധിപ്പിക്കുന്നതോടൊപ്പം നികുതി കൊടുക്കാനുള്ള സൻമനസ്സും നമ്മുടെ നാട്ടിലെ ജനങ്ങൾ കാണിക്കേണ്ട കാലം വന്നുചേർന്നിരിക്കുന്നു. ഇന്ന് വിഭവങ്ങൾ സമൂഹത്തിന്റെ പൊതു ആസസ്തിയാണ് എന്ന ബോധം നമുക്ക് ഓരോരുത്തർക്കും ഉണ്ടായേ മതിയാകു. സമൂഹം നമുക്ക് നൽകുന്ന ആനുകൂല്യങ്ങൾ സ്വീകരിക്കുമ്പോൾ തന്നെ തിരിച്ച് എന്ത് കൊടുക്കാൻ കഴിയുമെന്ന് ചിന്തിക്കുവാൻകൂടി നാം ബാദ്ധ്യസ്ഥരാണ് നാം തിരിച്ച് നൽകുന്ന വിഭവങ്ങൾ വിദഗ്ദമായി സമാഹരിച്ച്കൊണ്ട് വികസന പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുവാൻ സാധിക്കണം. ഒരു രംഗത്തും വിഭവങ്ങൾ ദുരുപയോഗപ്പെടുന്നില്ല എന്ന വസ്തുത സമൂഹത്തെ ബോധ്യപ്പെടുത്താനും ശ്രമിക്കേണ്ടതുണ്ട്. വികസന രംഗത്തെ മുടക്കുമുതൽ വഴിമാറിപോകാതിരിക്കാനുള്ള മുൻകരുതലുകളും നിതാന്ത ജാഗ്രതയും ഇച്ഛാശക്തിയും പ്രകടമാക്കുന്ന സമീപനത്തിലൂടെ മാത്രമെ വിഭവസമാഹരണമെന്ന വിശാല ലക്ഷ്യത്തിൽ എത്തുവാൻ സമൂഹത്തിന് സാധിക്കുകയുള്ളൂ.

പഞ്ചായത്തിന്റെ പെതു സാമ്പത്തികസ്ഥിതി ഏതാണ്ട് ഇങ്ങനെ പട്ടികപ്പെടുത്താം

| | നികുതി | പ്രതീക്ഷിച്ച് | പിരിച്ചത് | വ്യത്യാസം |
|---|---|---|---|---|
| 1 | തൊഴിൽ നികുതി | 5,11,530.00 | 3,45,028.00 | |
| 2 | കെട്ടിട നികുതി | 4,68,586.00 | 3,45,789.00 | |
| 3 | വിനോദ നികുതി | 3,28,484.00 | 3,28,484.00 | |
| 4 | അഡീഷണൽ വിനോദ നികുതി | 1,98,000.00 | 1,98,000.00 | |
| 5 | വസ്തു കൈമാറ്റ നികുതി 25% | 2,21,201.00 | 2,21,201.00 | |
| 6 | വസ്തു കൈമാറ്റ നികുതി 75% | 1,00,000.00 | 1,00,000.00 | |
| 7 | മറ്റു നികുതികൾ | 6437.00 | 6437.00 | |

തൊഴിൽനികുതി, കെട്ടിടനികുതി എന്നിവയിൽ യഥാക്രമം 67%ഉം 74ഉം മാത്രമെ പിരിച്ച് എടുക്കുവാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 71 സ്ഥാപനങ്ങളിലായി 1341 ജോലിക്കാർ തൊഴിൽ ചെയ്യുന്നുണ്ട്.

പഞ്ചായത്തിൽ 2009 കോൺക്രീറ്റ് കെട്ടിടങ്ങളും, 3895 ഓടിട്ട പുരകളും, 826 ഓലമേഞ്ഞപുരകളും, 122 മറ്റു കെട്ടിടങ്ങളും അടക്കം മൊത്തം 6852 കെട്ടിടങ്ങളുണ്ട്.

വിനോദ നികുതി, വസ്തു കൈമാറ്റ നികുതി, പ്രദർശന നികുതി എന്നിവ മുഴുവനും പിരിച്ചെടുത്തിട്ടുണ്ട്.

പഞ്ചായത്തിൻെറ നികുതിയേതര വരുമാനം താഴെ കൊടുത്ത പട്ടികയിൽ ചേർത്തിരിക്കുന്നു.

**നികുതിയേതര വരുമാനം**

| | ഇനം | പ്രതീക്ഷിച്ചത് | പരിഞ്ഞു കിട്ടാനുള്ളത് |
|---|---|---|---|
| 1 | സർവ്വീസ് ചാർജ് | 108200.00 | 77436.00 |
| 2 | മാർക്കറ്റ് വരവ് | 59975.00 | 59975.00 |
| 3 | ലൈസൻസ് ഫീ | 9330.00 | 9330.00 |
| 4 | ഡെപ്പോസിറ്റ് | | 830520.00 |
| 5 | മാർക്കറ്റ് ലേലം | | 37000.00 |
| 6 | സ്റ്റാൾ ലേലം | | 25050.00 |
| 6 | ഷോപ്പിങ്ങ് കേപ്ലക്സ് | | 96384.00 |

**ഇതിൽ സർവ്വീസ് ചാർജ് മാത്രം. പ്രതീക്ഷിച്ച തോതിൽ പിരിഞ്ഞു കിട്ടിയിട്ടില്ല**

**മറ്റു വകുപ്പുകൾ**

| നമ്പ്ര് | വകുപ്പ് | സംഖ്യ |
|---|---|---|
| 1 | കൃഷി | 160920.00 |
| 2 | ഹരിജനക്ഷേമം | 4006.00 |
| 3 | മററു വകുപ്പുകൾ | 2300.00 |
| | ആകെ | 167226.00 |

**സർക്കാർ സഹായം**

| നമ്പ്ര് | വകവിവരം | സംഖ്യ |
|---|---|---|
| 1 | റോഡ് നിർമ്മാണം | 3,00,000.00 |

| | | |
|---|---|---|
| 2 | പലവക | 80576.00 |
| 3 | തോട് | 975 |
| 3 | കെട്ടിടം | 137535.00 |
| | ആകെ | 519086.00 |

പഞ്ചായത്തിൻെറ ചെലവുകൾ കാണിക്കുന്നതാണ് അടുത്ത പട്ടിക

ചെലവുകൾ

| നമ്പർ | ഇനം | സംഖ്യ |
|---|---|---|
| 1 | സ്ഥാപനത്തിൻെറ ചിലവ് | 1113614.00 |
| 2 | പൊതുമരാമത്ത് | 969149.00 |
| 3 | വിദ്യാഭ്യാസം | 47082.00 |
| 4 | ജലവിതരണം, പൊതുജനാരോഗ്യം | 159464.00 |
| 5 | തെരുവുവിളക്ക് | 136270.00 |
| 6 | മറ്റുള്ളവ | 542417.00 |
| | ആകെ | 2967996.00 |

സ്ഥാപന വിവരങ്ങൾ കാണിക്കുന ഏതാനും പട്ടികകൾ അനുബന്ധമായി ചേർക്കുന്നു.

പട്ടിക R.7

| നമ്പർ | പേര് | റിമാർക്ക് |
|---|---|---|
| 1 | SBT | ശാഖ |
| 2 | കനറാബാങ്ക് | ,, |
| 3 | കാത്തലിക് സിറിയൻ ബാങ്ക് | ,, |
| 4 | നെടുങ്ങാടി ബാങ്ക് | ,, |
| 5 | ധനലക്ഷ്മി ബാങ്ക് | ,, |
| 6 | ഓറിയൻറൽ ഇൻഷ്യൂറൻസ് കമ്പനി | ,, |
| 7 | നാഷണൽ ഇൻഷൂറൻസ് കമ്പനി | ,, |
| 8 | കെ.എസ്.എഫ്.ഇ. | ,, |

## സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ പട്ടിക ആർ. 8

| നമ്പർ | പേര് | സ്ഥലം, പ്രവർത്തനം | റിമാർക്സ് |
|---|---|---|---|
| 1 | പട്ടാമ്പി ഇൻവെസ്റ്റ്മെൻറസ് | പട്ടാമ്പി, പണ്ടം പണയം, കടംകൊടുക്കൽ | |
| 2 | ഹരിശ്രീ ഫിനാൻസ്യേർസ് | മേലെ പട്ടാമ്പി. പണ്ടം പണയം, കടം കൊടുക്കൽ | |
| 3 | വി.ടെൻ. കോർപ്പറേഷൻ | പണ്ടം പണയം, കടം കൊടുക്കൽ | |
| 4 | സ്റ്റാർ ഫൈനാൻസ് | പണ്ടം പണയം, കടം കൊടുക്കൽ | |

## ധനകാര്യ സ്ഥാപനങ്ങൾ

| നമ്പർ | പേര് | മേഖല | | | റിമാർക്ക് |
|---|---|---|---|---|---|
| | | പൊതുമേഖല | സഹകരണം | സ്വകാര്യം | |
| 1 | SBT | ,, | | | |
| 2 | കനറാബാങ്ക് | ,, | | | |
| 3 | കാത്തലിക് സിറിയൻ ബാങ്ക് | | | ,, | |
| 4 | നെടുങ്ങാടി ബാങ്ക് | | | ,, | |
| 5 | ധനലക്ഷ്മി ബാങ്ക് | | | ,, | |
| 6 | പട്ടാമ്പി സർവ്വീസ് സഹ. ബാങ്ക് | | ,, | | |
| 7 | കാർഷിക സഹ. ബാങ്ക് ശാഖ | | ,, | | |
| 8 | കെ.എസ്.എഫ്.സി. | ,, | | | |
| 9 | പാലക്കാട് ജില്ലാ സഹ. ബാങ്ക് ശാഖ | | ,, | | |
| 10 | ഭവന നിർമ്മാണ സഹ. സംഘം | | ,, | | |

| | | | | | |
|---|---|---|---|---|---|
| 11 | സർക്കാർ ജിവനക്കാരുടെ സഹ. സംഘം | | ,, | | |
| 12 | കാർഷിക കേന്ദ്രത്തിലെ സഹ. സംഖം | | ,, | | |
| 13 | സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ | | | ,, | |

## ധനകാര്യ സ്ഥാപനങ്ങൾ

**1. സഹകരണം**

സഹകരണ സ്ഥാപനങ്ങൾ കാർഷിക വ്യാവസായിക ആവഷ്യങ്ങൾക്ക് പുറമെ പാർപ്പിട മേഖലയിലും ധാരാളം പണം ലഭ്യമാക്കുന്നുണ്ട്. പഞ്ചായത്തിൻെറ വികസന പദ്ധതികൾ നടപ്പാക്കാൻ ഇവയുടെ സഹകരണം തേടാവുന്നതാണ്.

**2. ബാങ്കുകൾ.**

ദേശസാൽകൃത ബാങ്കുകളുടെ രണ്ട് ശാഖകൾ ഈ പഞ്ചായത്തിൽ പ്രവൃത്തിച്ചുവരുന്നുണ്ട്. വ്യവസായ സംരഭങ്ങൾക്ക് ചുരുങ്ങിയ പലിശയിൽ പണം നൽകാനുള്ള പദ്ധതി ഈ സ്ഥാപനങ്ങൾക്കുണ്ട്. കാർഷികമേഖലയിൽ കനറാ ബാങ്കിൻെറ സഹായം എടുത്തു കാണിക്കാവുന്നതാണ്. മറ്റു ബാങ്കുകളും പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. PMRY, IRDP തുടങ്ങിയ വായ്പ പദ്ധതികളും ബാങ്കുകളുടെ സഹായത്തോടെ നടത്തപ്പെടുന്നുണ്ട്. എന്നാൽ നിക്ഷേപത്തിൻെറ 30% ൽ കുറവു മാത്രമെ ഈ പ്രദേശങ്ങളിൽ വായ്പയായി അനുവദിക്കപ്പെടുന്നുള്ളൂ. ഈ പ്രവണത മാറ്റിയെടുക്കേണ്ടത് വികസന പരമായ ഒരാവശ്യമാണ്.

**3. പൊതുമേഖലാ സ്ഥാപനം.**

പട്ടാമ്പിയിൽ അടുത്ത കാലത്ത് ആരംഭിച്ച KSFE യുടെ ശാഖ ഈ പ്രദേശത്തിന് നല്ലൊരു മുതൽകൂട്ടായി മാറുമെന്ന് ന്യായമായും പ്രതീക്ഷിക്കാം.

**4. സ്വകാര്യ സ്ഥാപനങ്ങൾ.**

പലിശ കൂടുതലാണെങ്കിലും ലളിതമായ നടപടി ക്രമങ്ങളും ലഭ്യത കൂടുതലും ഈ രംഗത്തേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നുണ്ട്. സാമ്പത്തിക വളർച്ചയിലും ഇവരുടെ സേവനം സ്വാധീനം ചെലുത്തുന്നുണ്ടെങ്കിലും സാധാരണക്കാരനെ സംബന്ധിച്ചെടുത്തോളം ഈ സംരഭങ്ങൾ സഹായകരമായ നിലയിൽ പ്രവർത്തിക്കുന്നുവെന്ന് പറയാൻ വിഷമമാണ്.

5.

5. ഗൾഫ് വരുമാനം.

ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവർ ഈ പഞ്ചായത്തിൽ ധാരാളമുണ്ട്. 2, 4, 5, 6, 8, 10 എന്നീ വാർഡുകളിലാണ് ഗൾഫ് ജോലിക്കാരുടെ എണ്ണം കൂടുതലാണ്. അവരുടെ അധിക വരുമാനം സമാഹരിക്കാനും വ്യാവസായിക സംരഭങ്ങൾ തുടങ്ങാനുമുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി കൊടുക്കുവാനും മുൻകൈ എടുക്കാവുന്നതാണ്.

6. സന്നദ്ധ സംഘടനകൾ.

ജനസേവനപരമായ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിവരുന്ന ചില സന്നദ്ധ സംഘടനകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അവയെ സമർത്ഥമായി പ്രവർത്തിക്കുന്ന കാര്യങ്ങൾ പഞ്ചായത്തിന്റെ മുൻകൈ ഉണ്ടായിരിക്കേണ്ടതാണ്.. സംഘടനകളുടെ പട്ടിക താഴെ കൊടുക്കുന്നു.

| നമ്പർ | പേര് | പ്രവർത്തനം |
|---|---|---|
| 1 | ജേസീസ് | നിർമ്മാണ പ്രവർത്തനങ്ങൾ, സഹായങ്ങൾ |
| 2 | ലയൺസ് | സേവന പ്രവർത്തനങ്ങൾ |
| 3 | തനഹ തനഹ | ജീവകാരുണ്യ പ്രവർത്തനങ്ങൾ |
| 4 | ജുവനയിൽ | ജീവകാരുണ്യ പ്രവർത്തനങ്ങൾ |
| 5 | ചേതന കൊടല്ലൂർ | രക്തദാനം |

വിഭവ സമാഹരണ സംരഭവുമായി ബന്ധപ്പെട്ട് സ്ഥാപിക്കാവുന്ന ഒരു സംഘടന രൂപത്തെപറ്റി ഏതാനും കാര്യങ്ങൾ താഴെ കൊടുക്കുന്നു.

ഓരോ വാർഡിലും 50 അംഗങ്ങൾ വീതമുള്ള ഓരോ കർമ്മ സേന രൂപികരിക്കുക. 18നും 40നും ഇടക്ക് പ്രായമുള്ള യുവാക്കളായിരിക്കണം ഈ സേനയിലെ അംഗങ്ങൾ. തൊഴിലുള്ളവർക്കും ഇല്ലാത്തവർക്കും വിദഗ്ദ അവിഗ്ദർക്കും ഇതിൽ ചേരാവുന്നതാണ്. സേവനവും ശ്രമദാനവുമായിരിക്കണം സംഘത്തിന്റെ പ്രവർത്തനപരിപാടികളെ നിയന്ത്രിക്കുന്ന മുഖ്യ ഘടകങ്ങൾ. ഓരോ വാർഡിനും ഒരോ കൺവീനർമാർ പഞ്ചായത്ത് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഒരു ജനറൽ കൺവീനറെ തിരഞ്ഞെടുക്കുകയും വേണം. പഞ്ചായത്ത് തലത്തിൽ പ്രസിഡണ്ട് വാർഡ് തലത്തിൽ ഭരണ സമിതി അംഗങ്ങളും ഈ കർമ്മ സേനകളുടെ എക്സ്-ഒഫീക്ഷ്യോ ചെയർമാൻമാരായിരിക്കണം.

50 രൂപ അംഗത്വഫീസ് പിരിച്ച് ഓഹരി മൂലധനം സ്വരൂപിക്കയും സൊസൈറ്റീസ് ആക്ട് പ്രകാരം സംഘം രജിസ്റ്റർ ചെയ്യുകയും വേണം. ഈ സംഘം അതാത് വാർഡുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം. പഞ്ചായത്തിലെ വികസന പദ്ധതികൾ ഏറ്റെടുത്ത് നടത്താൻ സംഘത്തിന് കഴിയണം.

ധനകാര്യ സ്ഥാപനങ്ങളുടേയും ഉദാരമതികളായ വ്യക്തികളുടേയും സഹായത്തോടെ സംഘത്തിന് ഒരു പ്രവർത്തന നിധി സംഭരിക്കാവുന്നതാണ്.

പഞ്ചായത്തിലെ മറ്റു മേഖലകളിൽ പ്രവർത്തിക്കുന്ന വികസന സമിതികളിലെ ഉത്തരവാദപ്പെട്ട ഭാരവാഹികൾക്കും ഈ സംഘത്തിൻെറ യോഗങ്ങളിൽ ക്ഷണിക്കപ്പെടുന്ന വ്യക്തികളെന്ന നിലയിൽ പങ്കെടുക്കാൻ അവസരം നൽകേണ്ടതാണ്.

'പട്ടാമ്പി പഞ്ചായത്ത് സന്നദ്ധസേവനസംഘം' എന്നായിരിക്കണം ഈ സഥാപനത്തിൻെറ പേർ.

സംഘങ്ങൾക്ക് സ്വന്തം നിലയിൽ ജോലിചെയ്യാൻ ധനം സമ്പാദിക്കാനും അവകാശമുണ്ടായിരിക്കേണ്ടാതാണ്. സംഘത്തിൻെറ നേതൃത്വത്തിൽ പ്രവർത്തന രംഗത്തിറങ്ങുമ്പോൾ പൊതു താൽപര്യമെന്ന ലക്ഷ്യമായിരിക്കണം അവരെ നിയന്ത്രിക്കേണ്ടത്. സൗജന്യമായോ, ഭക്ഷണംമാത്രം സ്വീകരിച്ചോ, കുറഞ്ഞകൂലി വാങ്ങിയോ സേവനത്തിലേർപ്പെടാൻ അംഗങ്ങൾ ബാദ്ധ്യസ്ഥരായിരിക്കും.

ഇത്തരമൊരു സംഘം പ്രവർത്തനരംഗത്തുണ്ടെങ്കിൽ പഞ്ചായത്തിൽ ലക്ഷകണക്കിന് തുകയുടെ വിഭവംസമാഹരിക്കാനും ആസ്തികൾ വർദ്ധിപ്പിക്കാനും സാധിക്കുന്നതാണ്.

## പ്രശ്നങ്ങൾ

1. പൊതുമരാമത്ത് പ്രവർത്തികൾക്കു വേണ്ടി മുടക്കുന്ന സംഖ്യ.യിൽ നല്ലൊരു ഭാഗം മറ്റു വഴികളിലൂടെ നഷ്ടപ്പെടുന്നു.

2. കിട്ടാനുള്ള നികുതി മുഴുവൻ പിരിച്ചെടുക്കാൻ പലപ്പോഴും സാധിക്കാതെ വരുന്നു.

3. ഭരണ ചെലവ് ക്രമാതീതമായി വർദ്ധിക്കുന്നു.

4. സന്നദ്ധസംഘടനകൾ സജീവമായി രംഗത്തില്ല.

5. ധനകാര്യസ്ഥാപനങ്ങളുടെ നിക്ഷേപ വായ്പാതോതിലുള്ള അന്തരം അവസാനിപ്പിക്കാൻ സാധിക്കുന്നില്ല.

6. ഗൾഫ് വരുമാനമോ സ്വകാര്യ വ്യക്തികളുടെ കഴിവുകളോ ഉപയോഗിച്ചുകൊണ്ട് പഞ്ചായത്തിൻെറ മൊത്തം അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുവാനുള്ള സാധ്യത വേണ്ടത്ര ഉപയോഗപ്പെടുത്തുന്നില്ല.

7. നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ വേണ്ടത്ര നടപ്പാക്കാൻ സാധിക്കുന്നില്ല.

# സാധ്യതകൾ

1. പൊതുമരാമത്ത് പ്രവർത്തകൾ ലേബർ കോൺട്രക്റ്റ് സൊസൈറ്റി, ജനകീയ കമ്മറ്റികൾ എന്നിവ വഴിയായി നടത്താനുള്ള സാധ്യത ആരായേണ്ടതാണ്.

2. നികുതികൾ മുഴുവനായും പിരിച്ചെടുക്കുക, ന്യായമായനിലയിൽ നികുതി വർദ്ധിപ്പിക്കാനുള്ള സാധ്യതകൾ ശ്രമിക്കാവുന്നതാണ്.

3. തൊഴിൽ നികുതിയുടെ വ്യാപ്തി വർദ്ധിപ്പിക്കുകയും വരുമാനമുള്ള എല്ലാവരെയും ഇതിൻെറ പരിധിയിൽ ഉൾപ്പെടുത്താൻ ശ്രമിക്കാവുന്നതാണ്.

4. വഴിവിളക്കുകൾ കത്തിക്കുന്നതിന് മീറ്റർ റീഡിംഗ് അടിസ്ഥാനത്തിൽ മാത്രം ചാർജ് കൊടുക്കാനുള്ള മാർഗ്ഗങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

5. ധനകാര്യ സ്ഥാപനങ്ങൾ നിക്ഷേപത്തിൻെറ 60 ശതമാനമെങ്കിലും അതത് പ്രദേശത്തിൻെറ വികസനത്തിന് വേണ്ടി വിനിയോഗിക്കേണ്ടതാണ്.

6. പഞ്ചായത്തിൽ നിലവിലുള്ള സന്നദ്ധ സംഘടനകൾക്ക് അംഗീകാരം നൽകുകയും പുതിയ ഒരു സേവന സംഘം രജിസ്റ്റർ ചെയ്യാനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതാണ്.

7. വികസന പ്രവർത്തനങ്ങളിൽ മനുഷ്യ വിഭവശേഷി സമാഹരിച്ച് ഉപയോഗിക്കാൻ ശ്രമിക്കാവുന്നതാണ്.

8. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ പഞ്ചായത്ത് അടിസഥാനത്തിൽ ഒരു വിദഗ്ദസമിതി രൂപികരിക്കാവുന്നതാണ്.

9. പഞ്ചായത്തിൻെറ കൈവശമുള്ള സ്ഥലങ്ങളിൽ ഷോപ്പിംഗ് കോപ്ലസുകൾ കെട്ടി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. റോഡരികിലുള്ള പുറമ്പോക്കുകൾ പഞ്ചായത്തുകളെ ഏല്പിക്കേണ്ടതാണ്. വിഭവസമാഹരണം വികസനപ്രവർത്തനങ്ങൾക്ക് ഒഴിച്ചു കൂടാനാവാത്ത ഒന്നാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ ശ്രമിക്കുക.

കൂട്ടായ പ്രവർത്തനത്തിലൂടെ നേട്ടങ്ങളുണ്ടാക്കുവാനുള്ള പരിശ്രമങ്ങൾ സംഘടിപ്പിക്കുകയും അവയക്ക് പ്രചാരം നൽകുകയും ചെയ്യാവുന്നതാണ്.

NCC, NSS. എന്നീ സേവന സംഘടനകളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായങ്ങളും പ്രചോദനവും നൽകാൻ പഞ്ചായത്ത് ഭരണസമിതിക്ക് സാധിക്കേണ്ടതാണ്.

# ഉപസംഹാരം

*ഈ പഞ്ചായത്തിലെ പരമപ്രധാനമായ വികസന പ്രശ്നങ്ങൾ കണ്ടെത്താനും, പരിഹാര മാർഗ്ഗങ്ങൾ ആരായാനുമുള്ള ആഗ്രഹമാണ് ഞങ്ങൾ ഈ റിപ്പോർട്ടിലൂടെ പ്രകടിപ്പിക്കാൻ ശ്രമിച്ചിട്ടുള്ളത്. സമഗ്രമോ, സമ്പൂർണ്ണമോ ആണെന്നവകാശപ്പെടുന്നില്ലെങ്കിലും ഒട്ടേറെ കാര്യങ്ങൾ ഇതിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെന്നാണ് ഞങ്ങളുടെ വിശ്വാസം.*

*ഈ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങളിൽ നിരവധി പേർ ത്യാഗപൂർണ്ണമായ സേവനമർപ്പിച്ചിട്ടുണ്ടെന്ന വസ്തുത രേഖപ്പെടുത്തുന്നതോടൊപ്പം അവരുടെ സഹകരണം ഇനിയും ഉണ്ടാകണമെന്നഭ്യർത്ഥിക്കുകയും ചെയ്യുന്നു.*

*ബഹുജനപങ്കാളിത്തത്തോടും, മുൻഗണനാ ക്രമത്തിലും റിപ്പോർട്ടിലെ വികസന നിർദ്ദേശങ്ങൾ അഴിമതിരഹിതവും, സുതാര്യവുമായ നടപടിക്രമങ്ങളിലൂടെ പ്രാവർത്തികമാക്കാൻ പരമാവധി പരിശ്രമിക്കുമെന്നുറപ്പു നൽകിക്കൊണ്ട് ഈ രേഖ ഇവിടെ ഉപസംഹരിക്കട്ടെ. ജയ് ഹിന്ദ്.*

*ഭരണസമിതിക്കു വേണ്ടി,*

K.S.B.A. തങ്ങൾ,
പ്രസിഡണ്ട്,
പട്ടാമ്പി ഗ്രാമ പഞ്ചായത്ത്.




Printed at Bismi Offset, Pattambi, Ph: 612165